# സ്വപ്നഭൂമിയിൽ

മോൺ. തോമസ് പഴേപറമ്പിൽ

A. S. Thomas
'Sanchia'
Ravichen Rd.

# സ്വപ്നഭൂമിയിൽ

# സ്വപ്നഭൂമിയിൽ

(മലബാർ കുടിയേററചരിത്രം)

മോൺ. തോമസ് പഴേപറമ്പിൽ

SWAPNABHUMIYIL

By Msgr. Thomas Pazheparampil

First Published December 1978

Printed at Mar Mathews Press, Muvattupuzha

Price Rs. 12.00

Copy right

Msgr. Thomas Pazheparampil

Published by the Author

Cover - Baby Joseph

## സമർപ്പണം

മണ്ണിനോടും മലമ്പനിയോടും

മദയാനയോടും മല്ലടിച്ച്

മലബാറിന്റെ മലയോരങ്ങളിൽ മരിച്ചുവീണ

ആദ്യകാലകുടിയേറ്റക്കാർക്ക്

# അവതാരിക

മലബാർ കുടിയേററത്തെപ്പററി പല ഗ്രന്ഥങ്ങളും ഇതിനകം വിരചിതമായിട്ടുണ്ട്. 1948-ൽ എസ്. കെ. പൊററക്കാട്ട് പ്രസിദ്ധപ്പെടുത്തിയ ''വിഷകന്യക'' മുതൽ 1977-ൽ കുറവിലങ്ങാട്ട ജോസഫ് എഴുതിയ ''ചുള്ളി'' വരെ. അതിനിടയിൽ ജോസഫ് മററത്തിൻെറ ''കറുത്ത പൊന്നും'' (1964) കാനത്തിൻെറ ''കാമുകിയും'' (1971) തോമസ് വർക്കിയുടെ ''ചുരവും'' (1974) പുറത്തുവന്നു. ഗ്രന്ഥകാരന്മാരുടെ കഴിവും വിഷയത്തിൻെറ വൈപുല്യവും വെളിവാക്കുന്ന വിശിഷ്ട ഗ്രന്ഥങ്ങൾ. കുടിയേററക്കാർ സഹിച്ച യാതനകളുടെ വ്യക്തമായ ചിത്രം ഈ ഗ്രന്ഥങ്ങളിലെല്ലാം ദർശിക്കുവാൻ സാധിക്കും.

ഇവയിൽനിന്നൊക്കെ വ്യത്യസ്തമായ ഒരു ഗ്രന്ഥമാണ് മോൺ. തോമസ് പഴേപറമ്പിൽ സഹൃദയസമക്ഷം സമർപ്പിക്കുന്ന ''സ്വപ്നഭൂമിയിൽ''. ഇതു് നോവലല്ല, കഥയല്ല; ചരിത്രസംഭവങ്ങളുടെ ഒരു സമാഹാരമാണ്. കുടിയേററത്തിൻെറ ആദ്യകാലത്തെ തിക്താനുഭവങ്ങൾ. കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലം മലബാറിൻെറ മലയോരങ്ങളിൽ പല പ്രാവശ്യം കയറിയിറങ്ങി ആദ്യകാലകുടിയേററക്കാരിൽനിന്നു ശേഖരിച്ചിട്ടുള്ള വിവരങ്ങൾ. നോവലിൻെറ ആസ്വാദ്യതയും യക്ഷികഥകളുടെ അസംഭാവ്യതയും ആഖ്യായികയുടെ ഗാംഭീര്യവും നിറഞ്ഞുനില്ക്കുന്ന സംഭവകഥകൾ. സപ്തതി കഴിഞ്ഞിട്ടും യുവത്വം തുളുമ്പുന്ന ഗ്രന്ഥകാരൻെറ അദ്ധ്വാനശീലവും സ്ഥിരോത്സാഹവും സൂക്ഷ്മബുദ്ധിയും വെളിവാക്കുന്ന ഒരു ശാശ്വതോപഹാരം.

മലബാർ കുടിയേററം ആരംഭിച്ചിട്ട് അൻപതുവർഷമായി. തലശ്ശേരിരൂപത സ്ഥാപിതമായിട്ട് ഇരുപത്തിയഞ്ചും. കുടിയേററക്കാരുടെ വിഷമതകൾ കഴിഞ്ഞ കാൽനൂററാണ്ടുകാലം നേരിട്ടറിഞ്ഞനുഭവിച്ചിട്ടുള്ള ആളാണ് ഗ്രന്ഥകാരൻ. രൂപതാചരിത്രത്തിലെ ഏററവും ക്ലേശകരമായിരുന്ന ആദ്യത്തെ വ്യാഴ

വട്ടക്കാലം വികാരിജനറാഠം എന്ന നിലയിലും അനന്തരം പല ഇടവകകളിലേയും ആരംഭപ്രവത്തകൻ എന്ന നിലയിലും കുടിയേററക്കാരുമായി അടുത്തു പരിചയിക്കുവാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചിട്ടുണ്ടു്. അവരുടെ പ്രശ്നങ്ങഠം പഠിച്ചിട്ടുണ്ടു്. ക്ലേശങ്ങഠം പങ്കുവച്ചിട്ടുണ്ടു്. അവർക്കുവേണ്ടി ജീവൻ അപകടത്തിലാക്കുകവരെ ചെയ്തിട്ടുണ്ടു്. ഇതുപോലെ ഒരു ഗ്രന്ഥം രചിക്കുവാൻ മററാരെയുംകാഠം അർഹത അദ്ദേഹത്തിനുണ്ടു്.

പുറകോട്ടു തിരിഞ്ഞുനോക്കുമ്പോഠം അത്ഭുതവും ആനന്ദവും അതേസമയം വേദനയും തോന്നാറുണ്ടു്. ഇന്നു് കാണുന്ന പുരോഗതിയിലുള്ള സന്തോഷം. പക്ഷേ ഇതിനു കൊടുക്കേണ്ടിവന്ന വിലയെപ്പററി ചിന്തിക്കുമ്പോഴാണു് വേദന തോന്നുക. വിലപ്പെട്ട എത്ര ജീവിതങ്ങളാണു് മലബാറിൻെറ മലയോരങ്ങളിൽ ആഹുതിചെയ്യപ്പെട്ടിട്ടുള്ളതു്. കണ്ണുനീരിൻെറയും കഷ്ടപ്പാടിൻെറയും കാലം ഏറെക്കുറെ മാറി. കുടിയേററക്കാർ പുരോഗതിയുടെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണു്. പക്ഷേ ഇതായിരുന്നില്ല 25 കൊല്ലങ്ങഠംക്കു മുമ്പുള്ള സ്ഥിതി. ഇന്നത്തെ യുവതലമുറ ആ ത്യാഗത്തിൻെറ കഥ മറന്നുതുടങ്ങിയിരിക്കുകയത്രേ. അതു് പഴയതലമുറയോടു കാണിക്കുന്ന കൃതഘ്നതയത്രേ. മാത്രമല്ല, ആത്മഹത്യാപരവുമാണു്. പഴയതലമുറയെ അനുസ്മരിക്കുവാനും അവരുടെ യാതനകഠം മറക്കാതിരിക്കുവാനും അവരുടെ വിജയരഹസ്യം എന്തെന്നറിയുവാനും അതിൽനിന്നു പ്രചോദനം ഉഠംക്കൊള്ളുവാനും ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണു് "സ്വപ്നഭൂമിയിൽ".

കൊട്ടിയൂരും പുൽപ്പള്ളിയും ഗുഡല്ലൂരും ഷിമോഗായുമൊക്കെ ഇന്നു് പുരാണകഥകളാണു്. ഓരോന്നിനെപ്പററിയും ഓരോ മഹാഗ്രന്ഥംതന്നെ എഴുതുവാൻ കഴിയും. കൊട്ടിയൂർപ്രദേശത്തുനിന്നു് പതിനായിരത്തോളം കുടിയേററക്കാരെ ഒന്നടങ്കം ഇറക്കിവിടുവാനുള്ള പദ്ധതികഠം വിദഗ്ദ്ധമായി ആവിഷ്ക്കരിക്കപ്പെട്ടതായിരുന്നു. പത്തും ഇരുപതും കൊല്ലമായി ഭൂമി കൈവശം വച്ചു് കൃഷിചെയ്തു ജീവിക്കുന്ന പാവപ്പെട്ടവരോടു രേഖയില്ലെന്നുള്ളതിൻെറ പേരിൽ കടുംകൈ ഒന്നും പ്രവത്തിക്കരുതെന്നുള്ള അപേക്ഷയ്ക്കു കിട്ടിയ മറുപടി "കേരളത്തിലെ ക്രിസ്ത്യാനികളെല്ലാം കൊട്ടിയൂരല്ലല്ലോ താമസിക്കുന്നതു്" എന്നായിരുന്നു. പക്ഷേ അവസാനം സത്യം ജയിച്ചു. ആരെയും ഇറക്കിവിടാൻ

സാധിച്ചില്ല. ഇന്നു് പതിനയ്യായിരത്തോളം ജനങ്ങരം സുഖമായി അവിടെ താമസിക്കുന്നു. ദൈവം പാവപ്പെട്ടവരുടെ ഭാഗത്തുണ്ടായിരുന്നു.

വയനാട്ടിലെ ''ദ്വാരക''യുടെ കഥ ഇതിലും നാടകീയമാണു്. ഇവിടെയും പാണ്ഡവന്മാരും കൗരവന്മാരും ശ്രീകൃഷ്ണനും അജ്ജ്ജുനനുമൊക്കെ ഉണ്ടായിരുന്നു. എട്ടുകൊല്ലം ദീഘിച്ച ഒരു മഹായുദ്ധംതന്നെ അവിടെ നടന്നു. എതിർപക്ഷത്തു ചേരുവാൻ ധാരാളം പേരുണ്ടായി. കൊട്ടിയൂരിലെ പരാജയത്തിനു പകരംവീട്ടാൻ ദ്വാരകയിൽ അവർ ഒന്നിച്ചുകൂടി. അറിയാവുന്ന എല്ലാ അടവുകളും പയററിനോക്കി. പക്ഷേ ദൈവം നമ്മോടുകൂടി ഉണ്ടെങ്കിൽ ആക്കു് നമ്മെ പരാജയപ്പെടുത്താൻ സാധിക്കും എന്നുള്ള വിശുദ്ധ പൗലോസിൻെറ വാക്യം അവിടെയും അന്വത്ഥമായി.

തമിഴ്നാട്ട്സർക്കാരിൻെറ മലയാളിവിദ്വേഷം മുഴവൻ ഗൂഡല്ലൂരിൽ കുടിയേററക്കാർക്കെതിരായി ഉജ്ജ്വലിച്ചു. പലരെയും അടിച്ചിറക്കി. കിടപ്പാടങ്ങരം തീവച്ചു നശിപ്പിക്കപ്പെട്ടു. ലാത്തിയടിയേററ് പല:രും ആശുപത്രിയിലും കുറെപ്പേർ ജയിലിലും പോകേണ്ടിവന്നു. പക്ഷേ പാവപ്പെട്ടവരുടെ നിലവിളി ദൈവം കേട്ടു. അവരെയെല്ലാം കുടിയിറക്കപ്പെട്ട ഭൂമിയിൽതന്നെ പുനരധിവസിപ്പിക്കുവാൻ സാധിച്ചു. അവിടെയും ദൈവം അവരോടുകൂടി ഉണ്ടായിരുന്നു.

ഷിമോഗായിൽ വഗ്ഗീയശക്തികളും കണ്ണ്ണാടകസക്കാരും കുടിയേററക്കാർക്കെതിരായി അണിനിരന്നു. ഒരു വ്യാഴവട്ടക്കാലത്തിലധികം കഠിനമായി അദ്ധ്വാനിച്ചു് കാടിനെ നാടാക്കിയ രണ്ടായിരത്തിലധികം കുടിയേററക്കാരെ സക്കാർ വെറുംകയ്യോടെ ഇറക്കിവിട്ടു. പള്ളിയും വൈദികമന്ദിരവും മററുമെല്ലാം നശിപ്പിക്കപ്പെട്ടു. പകരം വേറെ ഭൂമി കൊടുക്കാമെന്നുള്ള മുഖ്യമന്ത്രി (നിജലിംഗപ്പ) യുടെ വാക്കു വിശ്വസിച്ചു് രണ്ടരമാസത്തോളം അവർ കൂടാരങ്ങളിൽ കഴിച്ചുകൂട്ടി. എല്ലാ രാഷ്ട്രീയപാർട്ടികളും സ്ഥലത്തെത്തി ഗംഭീരമായ വാചകക്കസത്തുകരം നടത്തി. അവസാനം പാവപ്പെട്ട കുടിയേററക്കാർ വെറുംകയ്യോടെ കേരളത്തിലേയ്ക്കു മടങ്ങേണ്ടിവന്നു. അവർക്കു് ചന്ദനക്കാംപാറയിൽ – ഷിമോഗാകോളനിയിൽ – കിടപ്പാടമുണ്ടായി. കണ്ണ്ണാടകസർക്കാരും രാഷ്ട്രീയപാർട്ടികളും അവരെ കൈവെടിഞ്ഞെങ്കിലും ദൈവം അവരോടുകൂടി ഉണ്ടായിരുന്നു.

ഈജിപ്തിൽനിന്നു പുറപ്പെട്ടിട്ട നാല്പതു സംവത്സരത്തോളം ഇസ്രായേൽജനം മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നു. അതിനുശേഷമാണ് അവർ കാനാൻദേശത്ത് എത്തിയത്. ഏതാണ്ട് ഇതുപോലെതന്നെയാണ് മലബാറിലെ കുടിയേററക്കാരുടെ കഥയും. നാല്പതുകൊല്ലംതന്നെ വേണ്ടിവന്നു ഇവിടെ കാര്യങ്ങളൊക്കെ ഒരു വിധം നേരെയാകുവാൻ. അങ്ങനെ നാല്പതുകൊല്ലക്കാലത്തെ പ്രവാസത്തിനുശേഷം കഴിഞ്ഞ പത്തുകൊല്ലമായി അവർ ഒരു വിധം സമാധാനത്തിലും ഐശ്വര്യത്തിലും കഴിയുന്നു. ദീർഘമായ ആ പ്രവാസകാലത്തും നല്ലവനായ ദൈവം അവരോടുകൂടി ഉണ്ടായിരുന്നു.

ജനസംഖ്യ വർദ്ധിക്കുന്നുവെന്നും അതുകൊണ്ട് എന്തു മാർഗ്ഗം സ്വീകരിച്ചും – ഗർഭഛിദ്രംവഴി നിഷ്ഠൂരമായ കൊലപാതകം നടത്തിയാണെങ്കിലും – ജനസംഖ്യ കുറയ്ക്കണമെന്ന് വാദിക്കുന്നവർ മലബാറിലെ മലയോരങ്ങളിൽവന്നു നോക്കട്ടെ. ആരും തിരിഞ്ഞുനോക്കാൻ ധൈര്യപ്പെടാതെ, മലമ്പനിയുടെയും കാട്ടുമൃഗങ്ങളുടെയും സങ്കേതമായിരുന്ന ഈ പ്രദേശങ്ങൾ തെങ്ങും കമുകും കുരുമുളകും റബ്ബറും നെല്ലും കപ്പയും കാപ്പിയും തേയിലയും സമൃദ്ധമായി വളരുന്ന മനോഹരതോട്ടങ്ങളായി മാറിയിരിക്കുന്നു. അവിടെയെല്ലാം അദ്ധ്വാനിക്കുന്ന ജനങ്ങളെയും അവർ പടുത്തുയർത്തിയ സ്ഥാപനങ്ങളും കാണാം. ദേവാലയങ്ങളും വിദ്യാലയങ്ങളും കന്യകാമഠങ്ങളും ആശുപത്രികളും, അനാഥമന്ദിരങ്ങളും ബാലമന്ദിരങ്ങളും വിവിധ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളും പാലങ്ങളും അവർ തീർത്തിട്ടുണ്ട്. ഉത്സാഹപൂർവ്വം അദ്ധ്വാനിക്കുകയും അദ്ധ്വാനത്തിൻെറ ഫലം അനുഭവിക്കുകയും ചെയ്യുന്ന പതിനായിരക്കണക്കിനാളുകൾ! നെററിയിലെ വിയർപ്പുകൊണ്ടു ജീവിക്കുന്നവരെ ദൈവം ഒരിക്കലും കൈവെടിയുകയില്ല.

സംഭവബഹുലമായ ഈ കഥയാണ് ഗ്രന്ഥകാരൻ തൻെറ ലളിതസുന്ദരവും മൂർച്ചയേറിയതുമായ ശൈലിയിൽ വശ്യമായി വിവരിക്കുന്നത്.

തൻെറ പൗരോഹിത്യസ്വീകരണത്തിൻെറയും മലബാർ കുടിയേററത്തിൻെറയും സുവർണ്ണജൂബിലി സ്മാരകമായിട്ടാണ് അദ്ദേഹം ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നത്.

ഗ്രന്ഥകാരന് എൻെറ അനുമോദനങ്ങളും ആശംസകളും.

† മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

തലശ്ശേരി
8–12–1978

# മുഖവുര

കുടിയേററം ഒരു സാധാരണ പ്രക്രിയയാണ്. ചെറിയ തോതിലും വലിയ തോതിലും അതു നടക്കാറുണ്ട്. സംഘടനകളും ഗവണ്മെൻറും പ്രോത്സാഹനവും നേതൃത്വവും നൽകുകയും സംരക്ഷണച്ചുമതലകൾ ഏറ്റെടുക്കുകയും ആണ് പതിവ്. ഇവയൊന്നുംകൂടാതെ രണ്ടും മൂന്നും കുടുംബങ്ങൾ വീതമുള്ള ചെറിയ സംഘങ്ങളുടെ ഒരു സംരംഭമായിരുന്നു മലബാർകുടിയേററം. ഇതാണ് ഈ കുടിയേററത്തിൻെറ പ്രത്യേകത. ഇതുകൊണ്ടു തന്നെയത്രേ പല പരാജയങ്ങളും നിരവധി അകാലമരണങ്ങളും സംഭവിക്കുവാൻ ഇടയായതും. സ്വമനസ്സാ പുറപ്പെട്ടു. സ്വമനസ്സാ വന്നുകയറി. ആയുസ്സും ആരോഗ്യവും നഷ്ടപ്പെടുത്തി. ആരെയും പഴിക്കുവാനില്ല.

സ്വന്തം വീടും പുരയിടവും വിററ് പണവുമായി പോന്നവരെ സംബന്ധിച്ചിടത്തോളം ഒന്നുമില്ലാതെ വെറുംകയ്യോടെ വീണ്ടും നാട്ടിലേയ്ക്കു് മടങ്ങിച്ചെല്ലുവാൻ അഭിമാനം സമ്മതിച്ചില്ല. മലബാർ അപരിചിതമായ സ്ഥലം. അപരിചിതരായ ആളുകൾ. അതായിരിക്കില്ല നാട്ടിലെത്തിയാൽ. അവർ മടങ്ങിപ്പോകാതെ, നിരാശപ്പെടാതെ ലഭിച്ച സാഹചര്യങ്ങളുപയോഗിച്ചു പ്രയത്നിച്ചു. അവർ ഈശ്വരനിൽ ശരണം വച്ചു. അവരുടെമേൽ വിജയകിരണങ്ങൾ വീശി. അവരുടെ പാദങ്ങൾക്കു് ചവുട്ടിനിൽക്കുവാൻ നേട്ടത്തിൻെറ ഉറപ്പുള്ള പടികൾ ലഭിച്ചു. അപജയങ്ങളിൽ പതിക്കാതെ ആത്മവിശ്വാസത്തോടെ ഉയർന്ന പടികളിലേയ്ക്കു് അവർ പദംവച്ചു കയറി. ഇങ്ങനെ കരേറിയവരും അവരുടെ സന്താനങ്ങളുമാണ് നാമിപ്പോൾ കാണുന്ന മലബാർകുടിയേററക്കാർ.

ഈ മലബാർകുടിയേററക്കാരുമൊത്ത് ഞാൻ ജീവിക്കുവാൻ തുടങ്ങിയിട്ട് കാൽനൂററാണ്ടു കാലമായി. എല്ലാ കോളനികളും സന്ദർശിക്കുകയും അവിടത്തെ ജനങ്ങളുമായി ഇടപഴകുകയും ചെയ്തിട്ടുണ്ട്. അവരിൽനിന്നു ലഭിച്ച വിവരങ്ങളും

സംഭവങ്ങളും ഒട്ടും മായംചേക്കാതെ ചിലതു മാത്രം എഴുതിയിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജീവിതസൗകര്യങ്ങളും സുഭിക്ഷതയും എത്രയെത്ര യാതനകളുടെ ഫലമാണെന്നു പുതിയ തലമുറ അറിഞ്ഞിരിക്കേണ്ടതാവശ്യമത്രേ. ഇതു കരുതിയാണ് അവയിൽ ഏതാനും ചിലതു രേഖപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതു്. യുവജനങ്ങൾക്കും പിൽക്കാലകുടിയേററക്കാക്കും മലബാറിലെ പൂർവ്വികനിവാസികളിൽതന്നെ ബഹുഭൂരിപക്ഷംപേക്കും ഈ ചരിത്രം അജ്ഞാതമാണ്.

എനിക്കു പല സംഭവങ്ങളുടെയും വിവരങ്ങളും പലതിന്റെയും കണക്കുകളും നൽകി എന്നെ പ്രോത്സാഹിപ്പിക്കുകയും ഏററവും വിലയേറിയ ഒരു അവതാരിക ഈ പുസ്തകത്തിനെഴുതിത്തരുകയും ചെയ്തു, കുടിയേററക്കാരുടെ സാരഥിയായ തലശ്ശേരിബിഷപ്പ് (മാർ) സെബാസ്റ്റ്യൻ വള്ളോപ്പിള്ളിത്തിരുമേനിയോടുള്ള എന്റെ കടപ്പാടും കൃതജ്ഞതയും അപാരമാണ്. ഭാഷാപരമായും മററും വേണ്ട തിരുത്തലുകൾ ചെയ്തു് എന്നെ സഹായിച്ചവർ പലരുണ്ട്. സുപ്രസിദ്ധ കഥാകൃത്തായ ഫാ. ജീ. സി. ടീലാർ, കോളേജ് ലെക്ചററായ ടി. പി. സുകുമാരൻ, ഫാ. ജിയോ പുളിക്കൽ, ശ്രീ മാത്യു കൊച്ചുപറമ്പിൽ എന്നിവരാണ് മുൻപന്തിയിൽ നില്ക്കുന്നതു്. ഇവർ സ്വന്തം എന്നപോലെ ഇതിന്റെ കയ്യെഴുത്തുപ്രതി നോക്കി വേണ്ട നിർദ്ദേശങ്ങൾ നൽകി എന്നെ സഹായിച്ചു. എല്ലാവരും തിരക്കിട്ട ജോലിക്കാർ. കൃത്യന്തരബാഹുല്യങ്ങളുടെ ഇടയിൽ സമയം കണ്ടുപിടിച്ചു് എന്നെ സഹായിക്കുന്നതിൽ അവർ കാണിച്ച മഹാമനസ്കതയെ ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. എന്റെ ചോദ്യാവലിക്ക് ഉത്തരം എഴുതിയയച്ചുതരുവാൻ ബുദ്ധിമുട്ടിയ എല്ലാ വൈദികസുഹൃത്തുക്കളോടും എന്റെ കുറിപ്പുകൾ പകത്തിത്തരുകയും മറേറാരോ വിധത്തിൽ എന്നെ സഹായിക്കുകയും ചെയ്ത വൈദികവിദ്യാത്ഥികളോടും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടുമുള്ള എന്റെ കൃതജ്ഞതയും അറിയിച്ചുകൊള്ളട്ടെ. ഭംഗിയായി അച്ചടിവേലകൾ ചെയ്തുതന്ന മൂവാററുപുഴ മാർ മാത്യൂസ് പ്രസ്സുകാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

മോൺ. തോമസ് പഴേപറമ്പിൽ

തലശ്ശേരി
8-12-1978

# ഉള്ളടക്കം

| | Pages |
|---|---|
| ശാദ്വലഭൂമികൾ തേടി | 1 |
| ഒരു തീർത്ഥയാത്രയുടെ ആരംഭം | 10 |
| പ്രതീക്ഷകൾ തകരുന്നു | 21 |
| കീഴടങ്ങുന്ന വനഭൂമി | 30 |
| കുററിയാടിപ്പുഴയുടെ തീരത്തു് | 47 |
| വൈതൽമലയുടെ താഴ്വാരങ്ങളിൽ | 55 |
| മഞ്ഞുപെയ്യും മലമുകളിലേയ്ക്കു് | 67 |
| നിലയ്ക്കാത്ത പ്രവാഹം | 78 |
| സംഘടിത മുന്നേററം | 89 |
| രക്തരക്ഷസ്സു് | 98 |
| കാററും തീയും കാട്ടുമൃഗങ്ങളും | 108 |
| നീരാളിയുടെ പിടിയിൽ | 125 |
| സംഘർഷങ്ങൾ, സംഘട്ടനങ്ങൾ | 133 |
| ഒരു നിയമവും കുറെ പ്രശ്നങ്ങളും | 143 |
| കണ്ണീരിൽ കുതിർന്ന പ്രതീക്ഷകൾ | 147 |
| അഗ്നിസ്തംഭവും മേഘത്തൂണും | 154 |

| | |
|---|---|
| പുത്തൻപുലരിയുദിക്കുന്നു | 163 |
| തേരു തെളിക്കും തേരാളി | 177 |
| ഉണരുന്ന ഗ്രാമങ്ങൾ | 189 |
| പ്രകാശത്തിൻെറ പാതയിൽ | 203 |
| പുഴയുടെ സംഗീതം | 213 |
| ഇവിടെ സ്വപ്നങ്ങൾ വിരിയുന്നു | 220 |
| നഗരങ്ങൾ പണിയുന്നവർ | 226 |
| മലകളിൽ മലർവാടികൾ | 244 |
| അകലങ്ങളിലേയ്ക്ക് | 257 |
| വഴിവിളക്കുകൾ | 266 |
| പുതിയ ആകാശം, പുതിയ ഭൂമി | 270 |

# ശാദ്വലഭൂമികൾ തേടി

ഇന്ത്യയുടെ ഏററം തെക്കേ അററത്തുള്ള കേരളത്തിലെ ജന
ങ്ങളിൽ ഭൂരിഭാഗവും കൃഷികൊണ്ടു് മാത്രം ഉപജീവനം കഴി
ക്കുന്നവരാണു്. മററു സ്റ്റേററുകളെ അപേക്ഷിച്ചു് ജനസാന്ദ്രതയും
അവിടെ വളരെ കൂടുതലത്രേ. ഇന്ത്യയിലെ ക്രൈസ്തവരിൽ
നല്ല ശതമാനവും കേരളത്തിലാണു്. അവരിൽ ഭൂരിപക്ഷവും
മദ്ധ്യതിരുവിതാംകൂറിലെ കോട്ടയം ഡിസ്ട്രിക്ടിൽ നിവസി
ക്കുന്നു. കാർഷികവൃത്തിയാണു് അവരുടെ തൊഴിൽ. ഒരിഞ്ചു
ഭൂമിപോലും ബാക്കി ഇടാതെ അവർ ഫലഭൂയിഷ്ഠമാക്കുന്നു.
മദ്ധ്യതിരുവിതാംകൂറിൽ കൃഷിചെയ്യുവാൻ വേണ്ടത്ര സ്ഥലമി
ല്ലാതെവന്നപ്പോൾ വടക്കുകിഴക്കുള്ള മലംപ്രദേശങ്ങളായ അറ
ക്കുളം, മൂലമററം, വെള്ളിയാമററം, ഉടുമ്പന്നൂർ മുതലായ സ്ഥല
ങ്ങളിലേയ്ക്കും അതുപോലെതന്നെ തെക്കുകിഴക്കുള്ള മലംപ്രദേ
ശങ്ങളായ മുണ്ടക്കയം, പീരുമേടു്, ഉപ്പുതറ, വണ്ടൻമേടു്, കട്ട
പ്പന, കാഞ്ചിയാർ, കുമളി മുതലായ സ്ഥലങ്ങളിലേയ്ക്കും അവർ
കുടിയേറി, ആ പ്രദേശങ്ങളെല്ലാം വിളഭൂമികളാക്കി മാററി.
ഏതാനും വർഷം കഴിഞ്ഞപ്പോൾ അവർക്കു് കൃഷിചെയ്തു താമ
സിക്കുവാൻ തിരുക്കൊച്ചിയിൽ സ്ഥലമില്ലാതായി. യൂറോ
പ്യൻമാരുടെ വൻതോട്ടങ്ങളും സർക്കാർവക റിസർവ്വ്ഫോറസ്റ്റും
കൂടി സ്റ്റേററിൻെറ നല്ല ശതമാനം സ്ഥലം ഗ്രസിച്ചുകളഞ്ഞു.
തിരുക്കൊച്ചിയുടെ പടിഞ്ഞാറുവശം അറേബ്യൻസമുദ്രമാണു്.
അതിനോടു ചേർന്നുകിടക്കുന്ന വേമ്പനാട്ടുകായലിൽ വൻചിറ
കൾകെട്ടി വെള്ളംവററിച്ചു് നെൽകൃഷിയും തെങ്ങുകൃഷിയും
അവർ നടത്തി. കൃഷിക്കാർക്കു് വേണ്ടിടത്തോളം കൃഷിഭൂമി
കൊടുക്കുവാൻ നോക്കെത്താത്ത വേമ്പനാടനും സാധിച്ചില്ല.
ഗത്യന്തരമില്ലാതെ കൃഷിക്കാർ അടുത്ത സ്റ്റേററുകളായ തമിഴ്
നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും കടന്നു. അവിടത്തെ ഭൂവുടമ
1 കളിൽനിന്നു് സ്ഥലം വിലകൊടുത്തു വാങ്ങി. കാടുവെട്ടി

ത്തെളിച്ച് അവിടെ താമസമാക്കി കൃഷികരം ചെയ്തു. ഭക്ഷ്യ നാണ്യ വിഭവങ്ങരം വിളയിച്ചു. ജനസാന്ദ്രതയിലും ഭക്ഷ്യക്കമ്മിയിലും കഴിഞ്ഞിരുന്ന കോട്ടയം ഡിസ്ട്രിക്ററിലെ കൃഷിക്കാർക്കു കുടിയേററത്തിനു് ഒരു രംഗം തുറന്നുകിട്ടി. തിരുക്കൊച്ചിക്കു സമീപമുള്ള മലബാർപ്രദേശം. അതു് അന്നത്തെ മദ്രാസ്സ്റ്റേററിൽപ്പെട്ടതായിരുന്നു. 1956–ൽ മലബാർ തിരുക്കൊച്ചിയോടു ചേർക്കപ്പെട്ടപ്പോരം അങ്ങോട്ടുള്ള കുടിയേററം കൂടുതൽ സുഗമമായി.

മലബാർ കുടിയേററം ഒരു ചെറിയ പ്രസ്ഥാനമല്ല. നാലഞ്ചുലക്ഷത്തിൽപ്പരം ആളുകളുടെ ഒരു പ്രവാഹമാണു്. അതിൽ സ്ത്രീപുരുഷന്മാരുണ്ടു്, വയോവൃദ്ധരുണ്ടു്, യുവജനങ്ങളുണ്ടു്, ബാലികാബാലന്മാരും ശിശുക്കളുമുണ്ടു്. എൺപതിനായിരത്തിൽപ്പരം കുടുംബങ്ങരം. ഈജിപ്തിൽനിന്നു് പലസ്തീനിലേയ്ക്കുള്ള പൂർവ്വകാലത്തെ ഇസ്രായേലികളുടെ യാത്രപോലെ. പക്ഷേ, അവക്കൊരു നേതാവുണ്ടായിരുന്നു. മോസ്സസ്സ്. മലബാർ കുടിയേററത്തിനു് അങ്ങനെ ആരും ഉണ്ടായിരുന്നില്ല. ഒരു സർക്കാരോ മതാധികാരിയോ സമൂഹമോ സംഘടിപ്പിച്ച ഒന്നല്ല മലബാർ കുടിയേററം. എല്ലാവരും യാത്രപുറപ്പെടുന്നതിനു മുൻപ് ദേവാലയങ്ങളിൽചെന്നു് ആരാധന നടത്തി. ഈശ്വരാനുഗ്രഹം അവർ അഭ്യർത്ഥിച്ചു. അർഹിച്ചവക്കു് അനുഗ്ഗ്രഹമായി അതു ലഭിച്ചു. ഇസ്രായേല്യരെ അവരുടെ യാത്രയിൽ പകൽസമയത്തു മേഘസ്തംഭവും രാത്രിയിൽ പ്രകാശഗോളവും നയിച്ചിരുന്നതുപോലെ മലബാർ കുടിയേററക്കാരെ ദൈവാനുഗ്രഹം നയിച്ചിരുന്നു. മന്നായ്ക്കു പകരം നെല്ലും കപ്പയും മററു കൃഷിവിഭവങ്ങളുമാണു്, ലോഭമില്ലാതെ അവക്കു ലഭിച്ചിരുന്നതെന്നു മാത്രം. ഇക്കഴിഞ്ഞ അൻപതുകൊല്ലത്തിനിടകൊണ്ടു് ഒന്നും രണ്ടും കുടുംബങ്ങളായി അഞ്ചുലക്ഷത്തോളം തിരുവിതാംകൂർകാർ മലബാറിലെ മലയോരങ്ങളിൽവന്നു താമസമാക്കി. ഇതു് ഒരു അസാധാരണ സംഭവംതന്നെ. യാതൊരു സംഘടനയുടേയും സഹായവും സംരക്ഷണവും ഇല്ലായിരുന്നുവെന്നതു് കൂടുതൽ ശ്രദ്ധയർഹിക്കുന്നു. പക്ഷേ ഈ സ്വാശ്രയസംരംഭത്തിൻെറ അനിഷ്ടഫലങ്ങരം അതിദാരുണങ്ങളായിരുന്നു. അതു മറക്കാനാവില്ല.

കോട്ടയംരൂപതയിൽനിന്നു ബിഷപ്പ് അലക്സാണ്ടർ ചൂളപ്പറമ്പിലും ഷെവലിയർ വി. ജെ. ജോസഫും കുടിച്ചേന്റു് ആ

ദ്രുപതയിലെ ആളുകൾക്കായി മലബാറിൽ കാഞ്ഞങ്ങാട്ട്, രാജപുരം, മാലക്കല്ല് കോളനികളും തളിപ്പറമ്പിൽ മടമ്പം, പയ്യാവൂർ കോളനികളും സ്ഥാപിച്ചു. അതുപോലെതന്നെ ചങ്ങനാശ്ശേരി നായർ സർവ്വീസ് സൊസൈററി അധികൃതർ 1951-ൽ കാഞ്ഞങ്ങാട്ട പനത്തടിയിൽ അയ്യായിരം ഏക്കർ സ്ഥലംവാങ്ങി. തിരുക്കൊച്ചിയിൽനിന്നു നായർകുടുംബങ്ങളെ അവിടെ കൊണ്ടുവന്നു താമസിപ്പിച്ചു. സംഘടിതമായ ഈ രണ്ടു കുടിയേററങ്ങൾക്കും ചരിത്രത്തിൽ പ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. പക്ഷേ ഈ രണ്ടു സാമൂഹിക കുടിയേററങ്ങളും ലക്ഷക്കണക്കിനു നടന്ന വ്യക്തിപരമായ കുടിയേററത്തോട് തട്ടിച്ചു നോക്കുമ്പോൾ വളരെ നിസ്സാരം മാത്രം.

ഒന്നോ രണ്ടോ അയൽക്കാർചേർന്നു തനിച്ചുതനിച്ചു നടത്തിയ ഒരു സംരംഭമാണു മലബാർകുടിയേററം എന്നു പറഞ്ഞുവല്ലോ. ഓരോരുത്തർക്കും ഏതെങ്കിലും കാരണം അപ്പഴപ്പോൾ ഉണ്ടായി. തങ്ങളുടെ മാതൃഭവനവും സ്ഥലവും വിൽക്കുവാനും തങ്ങളുടെ പ്രവർത്തനരംഗം മാറിയെടുക്കുവാനും അവർ തീരുമാനിച്ചു. കൂടുതൽ മെച്ചപ്പെട്ട ഭാവി പ്രതീക്ഷിച്ചുകൊണ്ടുള്ള കാൽവയ്പാണിവയെല്ലാമെന്നു പൊതുവായി പറയാം.

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലം. ബർമ്മയിൽനിന്ന് അരി വരുന്നില്ല. ഭക്ഷ്യക്ഷാമം എല്ലായിടത്തും രൂക്ഷമായി. പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിൽ. റേഷൻവിഭവങ്ങൾ തികച്ചും അപര്യാപ്തം. ബജറായോ മറേറാ വാങ്ങണം, അല്പം അരിയുടെ കൂട്ടത്തിൽ. കിട്ടുന്ന അരിയുടെ ചോറു ദുർഗ്ഗന്ധം വമിക്കുന്നതു്. അറുപതുകഴിഞ്ഞ അവുതച്ചേട്ടൻ പറഞ്ഞു: ''എടാ പിള്ളേരേ, നമുക്കു മലബാറിലേയ്ക്കെങ്ങാനും പോയാലോ? അല്പം നല്ല കഞ്ഞി കുടിച്ചിട്ടു മരിക്കാമല്ലോ. ഔതച്ചേട്ടനും മക്കളും വയനാട്ടിൽ പയ്യംപള്ളി (മാനന്തവാടി) ഭാഗത്തുവന്നു വയൽ പാട്ടത്തിനെടുത്തു. കരഭൂമി വാങ്ങുവാനും തീരുമാനിച്ചു. ധാരാളം നെല്ലും കപ്പയും കുരുമുളകും കൃഷി ചെയ്തു.

തിരുവിതാംകൂറിൽ സർ. സി. പി. രാമസ്വാമി അയ്യരുടെ ദിവാൻഭരണം. ഏകാധിപത്യം. കുഞ്ഞാഗസ്തി നല്ല കൃഷിക്കാരനാണ്. പക്ഷേ, നെല്ലും അരിയുമില്ല. തൻെറ തെങ്ങിൻതോപ്പിൽ അര ഏക്കർ സ്ഥലത്തു കുറെ നെല്ലുവിതച്ചു, അരിക്ഷാമം കുറയ്ക്കുവാൻ. വളമിട്ടു ശുശ്രൂഷിച്ചു. നല്ല വിളവു

ണ്ടായി. അര ഏക്കർ സ്ഥലം മാത്രമായതിനാൽ സർക്കാരിൽ വിഹിതം അളക്കേണ്ടതില്ല. നെല്ലുകൊയ്തുണക്കി പത്തായത്തിലാക്കി. മീനച്ചിൽ പാർവ്വത്യാരും തഹസീൽദാരും കോപിച്ചു. അവർക്കു കോഴ കിട്ടിയില്ല. തങ്ങളെ തൃപ്തിപ്പെടുത്താതെ ആഗസ്തിമാപ്പിള നെല്ലുകുത്തി ചോറുണ്ണുന്നോ? എല്ലാവരും തങ്ങൾക്കു കൈമടക്കു തരുന്നു. ആഗസ്തിമാപ്പിള അത്ര കേമനാകേണ്ട. ഒരു സായാഹ്നത്തിൽ മാപ്പിളയുടെ നെല്ലുപത്തായം പോലീസ് മുദ്രവച്ചു. ആഗസ്തിയെ അറസ്റ്റുചെയ്തു. സ്വന്തം പറമ്പിൽ പണിയെടുത്തു കുറച്ചെങ്കിലും നെല്ലുണ്ടാക്കിയതിന്റെ സമ്മാനം. കുറച്ചേ ഉണ്ടായിരുന്നുള്ളുവെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാർവന്നു മുഴുവൻനെല്ലും വാരിക്കൊണ്ടു പോയി. ആഗസ്തി കേസുകൊടുത്തു, സർക്കാരിനെ പ്രതിയാക്കി. നെല്ലിന്റെ റേഷൻവില തൊണ്ണൂറുരൂപാ കിട്ടി. പക്ഷേ മൂന്നു വർഷവും ഏഴായിരം രൂപായും കേസ്സിനു ചിലവാക്കേണ്ടിവന്നു. അക്കാലത്തെ കൃഷിപ്പണികളൊന്നും ചെയ്യാൻ സാധിച്ചില്ല. എന്നാൽ ആ തഹസീൽദാർക്കും ഉദ്യോഗസ്ഥന്മാർക്കും കൂടുതൽ കോഴ ലഭിക്കുകയാണുണ്ടായതു്. അവർ കൊഴുത്തു കുബേരന്മാരായി. അവരുടെ അഹങ്കാരവും ധിക്കാരവും ശതഗുണീഭവിച്ചു. എല്ലാ ഉദ്യോഗസ്ഥന്മാരും, പ്രത്യേകിച്ചു നെല്ലെടുപ്പുദ്യോഗസ്ഥന്മാർ, ജനങ്ങളെ കുത്തിപ്പിഴിയുന്നതിൽ പരസ്പരം മത്സരിച്ചു. ദിവാൻ സി. പി. ഉൾപ്പെടെ മേലധികാരിവർഗ്ഗങ്ങൾ പാവപ്പെട്ട കൃഷിക്കാരെ, വിശേഷിച്ചും ക്രിസ്ത്യാനികളെ, ഞെരുക്കുന്നതിൽ കൂട്ടുനിന്നു. ഗത്യന്തരമില്ലാതെ ജനങ്ങൾ ഇരുട്ടടി നടത്തി. കിടങ്ങൂർവെച്ചു് ഒരു കുപ്രസിദ്ധ കോഴക്കാരൻ തഹസീൽദാരെ പിടിച്ചു തീയിലിട്ടു് ചുട്ടു ദഹിപ്പിക്കുകപോലും ചെയ്തു. തിരുവിതാംകൂർസർക്കാർ ജനരോഷം ഗ്രഹിച്ചെങ്കിലും കഠിനഹൃദയനായ സർ. സി. പി. മർദ്ദനമുറകൾ വർദ്ധിപ്പിച്ചതേയുള്ളൂ. ജനങ്ങൾ, പ്രത്യേകിച്ചു്, കൃഷിക്കാർ രാജ്യംവിടുവാൻ തുടങ്ങി. ചുരുക്കം ചിലർ തിരുവിതാംകൂർവിട്ടു് കൊച്ചിരാജ്യത്തിലേക്കു കടന്നു. ബഹുഭൂരിപക്ഷം പോയതു ബ്രിട്ടീഷ് ഭരണത്തിലായിരുന്ന മലബാർ ഭാഗത്തേയ്ക്കാണു്. തിരുവിതാംകൂറിലെ ഭീകരഭരണത്തിനും മർദ്ദനങ്ങൾക്കും എതിരായി ജനങ്ങൾ സ്റ്റേററ് കോൺഗ്രസ് എന്ന പേരിൽ ഒരു രാഷ്ട്രീയസംഘടനയുണ്ടാക്കി. ജനകീയ പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു. പല നേതാക്കളും അറസ്റ്റിലായി. പിടികൊടുക്കാതിരിക്കുവാൻ വളരെപ്പേർ കൊച്ചി

യിലേയ്ക്കും പിന്നീട മലബാറിലേയ്ക്കും കടന്നു. കൃഷിപ്പണിക്കാരായി കടിയേറിയവരും കുറച്ചായിരുന്നില്ല. അവർ സ്ഥലംവാങ്ങി കൃഷികളാരംഭിച്ചു. സ്വാതന്ത്ര്യരായി നിവർന്നു നടക്കുവാനും കൃഷിചെയ്തു തങ്ങൾക്കും അയൽക്കാർക്കും രാജ്യത്തിനും ഉപകാരം ചെയ്യുവാനും സാധിക്കുമെല്ലോ എന്ന് അവർ കരുതി.

മലബാറിലെ ചെമ്പേരിയിലും (ശ്രീകണ്ഠാപുരം) കണ്ണോത്തും (താമരശ്ശേരി) നേരത്തേവന്നു താമസമാക്കിയിരുന്ന മന്തിരീങ്ങാട്ടുകുന്നേൽ ചാക്കോയും പൊട്ടനാനിയിൽ തോമസും തേവടിയിൽ അപ്രേമും മൂന്നുനാലു കൊല്ലം കഴിഞ്ഞ് അവരുടെ പൂർവ്വ ഇടവകകളായ തിടനാട്ടും ആനിക്കാട്ടും വന്നു. അവരുടെ വീട്ടുകാരും നാട്ടുകാരും ചുററുംകൂടി. അവർ ചോദിച്ച നൂറുനൂറു ചോദ്യങ്ങൾക്കു മലബാർകാർ കൊടുത്ത ഉത്തരങ്ങൾ കേൾവിക്കാരെ തൃപ്തിപ്പെടുത്തി. അവരുടെ വേഷവും ആരോഗ്യവും പെരുമാററവും സുഭിക്ഷതയുടെ ലക്ഷണങ്ങൾ പ്രകടമാക്കി. ചിലർ അവരെ പ്രത്യേകം ക്ഷണിച്ചു വീട്ടിൽകൊണ്ടുപോയി, അതതു സ്ഥലങ്ങളിലെ കൃഷിയെപ്പററിയും മണ്ണിൻെറ ഗുണഗണങ്ങളെപ്പററിയും കുട്ടികളെ പഠിപ്പിക്കുന്നതിനും പള്ളിയിൽ പോകുന്നതിനുമുള്ള സൗകര്യങ്ങളെപ്പററിയും വിശദമായി അന്വേഷിച്ചു. ചാക്കോയും അപ്രേമും മടങ്ങിപ്പോയപ്പോൾ മലബാറിൽ സ്ഥലം കാണുവാനും വാങ്ങുവാനുമായി ഒന്നുരണ്ടു പേർ കൂട്ടത്തിൽപ്പോയി. അവർക്കു തൃപ്തിപ്പെട്ടു. സ്ഥലം വാങ്ങി. എല്ലാവരും സുഭിക്ഷതയും ഭേദപ്പെട്ട ജീവിതവുമാണ് ആഗ്രഹിക്കുന്നതു്. മലബാർമലയോരങ്ങൾ അതിനു സഹായിക്കുമെന്ന് അവർ പ്രതീക്ഷിച്ചു.

രാമപുരംകാരൻ വർക്കിച്ചേട്ടനു പതിമൂന്നു മക്കളുണ്ട്. ചെറിയ ഒരു പുരയിടമേയുള്ളു. ഒന്നര ഏക്കർ മാത്രം. മക്കളിൽ മൂന്നുപേർ വിവാഹം കഴിച്ചു. മൂത്തമകനു രണ്ടു കുട്ടികൾ ഉണ്ട്. അവൻ താമസിക്കുന്നതു് അയൽക്കാരനായ കേശവപ്പിള്ളയുടെ പുരയിടത്തിലാണ്. വിവാഹം കഴിച്ച രണ്ടാമത്തെ മകൻ സ്വന്തം പുരയിടത്തിൻെറ ഒരു കോണിൽ ചെറിയ ഒരു വീടുണ്ടാക്കി താമസിക്കുന്നു. വിവാഹിതനായ മൂന്നാമത്തെ മകനും വേറേ എവിടെയെങ്കിലും മാറിത്താമസിക്കണമെന്നുണ്ട്. പക്ഷേ സ്ഥലമുടമസ്ഥർ അനുവദിക്കാത്തതിനാൽ അയാൾ കൂട്ടത്തിൽത്തന്നെ കഴിഞ്ഞുകൂടുന്നു. വർക്കി ഒരു ദിവസം അത്താഴം കഴിഞ്ഞു ഭാര്യയോടും മക്കളോടും പതിവുപോലെ

പലതും പറഞ്ഞശേഷം ഒരു പ്രത്യേക വിഷയവും ചർച്ചക്കെടു ത്തിട്ടു. മൂത്തമക്കളും ഹാജരുണ്ടായിരുന്നു.

വർക്കി: നമുക്കു പണിയെടുക്കുവാൻ കഴിവും ആളും ഉണ്ട്. എന്നാൽ ഭൂമിയില്ല. നമുക്കു മലബാറിനു പോയാലെന്താ? കുററ്യാടിപ്രദേശം നല്ല മണ്ണാണ്. തെങ്ങു നല്ലതുപോലെ പിടിക്കും. നമുക്കുപോയി കുറച്ചു സ്ഥലംവാങ്ങി പണിയെ ടുക്കാം.

വർക്കിയുടെ ഭാര്യ റോസമ്മ എത്തിത്തു. പതിനാലാമത്തെ ശിശുവിനെ ഗർഭം ധരിച്ചിരിക്കയാണു റോസമ്മ. അവരു ധീരയും അരഡസൻ കുട്ടികളെക്കൂടി പ്രസവിക്കുവാൻവേണ്ട ആരോഗ്യമുള്ളവളുമാണ്. മലബാറിൽപ്പോയി പനിപിടിച്ച് എല്ലാം നശിച്ചിട്ടുള്ള ചിലരുടെ കഥകരു റോസമ്മ കേട്ടിട്ടുണ്ട്.

റോസമ്മ: മലബാറിൽപ്പോയി മലമ്പനിപിടിച്ചു മരിക്കുവാൻ എൻെറ പിള്ളേരെ ഞാൻ അറിഞ്ഞുകൊണ്ടു വിടുകയില്ല.

പാപ്പച്ചൻ: (നാലാമത്തെ മകൻ. എസ്. എസ്. എൽ. സി. ക്കാരൻ) പോകുന്നതു നല്ലതാമ്മച്ചീ. മലമ്പനിക്കു മലേറിയാ ഗുളികയുണ്ട്. അതു കഴിച്ചാൽ മതി. പലരും അങ്ങനെ വിജയിക്കുന്നു. ഇങ്ങനെ പേടിച്ചിരുന്നാൽ നമ്മരു ഇവിടെ പട്ടിണികിടക്കേണ്ടിവരും. അമ്മച്ചി വലിയ ധീരയാണെന്നു പറയാറുണ്ടല്ലോ.

റോസമ്മ: എടാ, നിനക്കെന്തറിയാം. ഒരു പഠിത്തക്കാരൻ വക്കാലത്തു പറയുന്നു. എടാ, നിൻെറ മൂത്തതല്ലേടാ എൽസി. അവളെ ഈ ആണ്ടോ അടുത്തയാണ്ടോ കെട്ടിച്ചുവിടണം. മല ബാറിൽചെന്നു കാക്കാമാരെക്കൊണ്ടു കെട്ടിക്കുമോടാ. നിങ്ങ ളുടെ ഒക്കെ ബോധം!

പാപ്പച്ചൻ: എൻറമ്മച്ചീ! മലബാറിലേയ്ക്കു നമ്മുടെ ഈ ദേശ ത്തുനിന്നുതന്നെ ധാരാളംപേർ പോയിട്ടുണ്ട്. ഇപ്പോരു പോ യിക്കൊണ്ടുമിരിക്കുന്നു. അക്കൂട്ടത്തിൽ ചെറുക്കന്മാരും പെണ്ണു ങ്ങളുമുണ്ട്. ധീരതയുള്ളവരാ ഇങ്ങനെ പോകുന്നത്. അതു കൊണ്ട് എത്സിച്ചേച്ചിക്ക് അവളെപ്പോലെ ചുണയുള്ള പുരുഷ ന്മാരെ കിട്ടാനെളുപ്പം മലബാറിലാണമ്മച്ചീ.

എത്സി: പാപ്പച്ചനു പഠിത്തക്കാരിപ്പെണ്ണിനെ മലബാറിൽ കിട്ടുമോ എന്നു ചോദിക്കമ്മെച്ചീ.

പാപ്പച്ചൻ: എനിക്കു പഠിത്തക്കാരിയെ വേണ്ടാമ്മച്ചീ. ചുണയും ആരോഗ്യവുമുള്ള പെണ്ണുമതി.

മൂത്തമക്കൾ എല്ലാവരും പോകുന്നതിനു് അനുകൂലമാണു്.

കുഞ്ഞുമക്കൾ: ഞങ്ങളുടെ പള്ളിക്കൂടത്തിൽപോക്കു മുടങ്ങുമല്ലോ ഇച്ചാച്ചാ.

വക്കി: നിങ്ങൾ വിഷമിക്കേണ്ട. അവിടെച്ചെന്നു നമുക്കു പള്ളിക്കൂടം ഉണ്ടാക്കാം.

റോസമ്മ: എല്ലാവർക്കും പോകുവാനിഷ്ടമാണെങ്കിൽ ഞാൻ എതിർക്കയില്ല. ഞാൻ മുമ്പിലിറങ്ങും. കുടുംബത്തിന്റെ എല്ലാവിധ സൗകര്യങ്ങളും നോക്കണമെന്നേയുള്ളൂ.

കപ്യാർ പാപ്പൻ ഒരു മിടുക്കൻ കൊച്ചൻ. നല്ലതുപോലെ സംസാരിക്കും. ഏതു വേഷവും തരംപോലെ എടുക്കും. ചെറുപ്പംമുതലേ പള്ളിയിലും പരിസരങ്ങളിലും പ്രവർത്തിച്ചു പഠിച്ചിട്ടുണ്ടു്. ആരോടും പൈസ "പിടുങ്ങു"വാൻ നല്ല വശമാണു്. പള്ളിയേയും പുരോഹിതരേയും ചൂഷണം ചെയ്താണു പാപ്പൻ ഇരുപത്തിരണ്ടുവയസ്സുവരെ വളർന്നതു്. സിഗരറ്റ വലിക്കും. എന്നും കുടിക്കണം. കള്ളും റാക്കും പോരാ. അതു കുറച്ചിലാണു്. ഫോറിൻ വിസ്കിവേണം. അതിനുള്ള വക പാപ്പൻ ആരെയെങ്കിലും വളച്ചുണ്ടാക്കും. പററിയില്ലെങ്കിൽ എവിടെനിന്നെങ്കിലും മോഷ്ടിക്കും. പാപ്പൻ മേരിയെ വിവാഹം കഴിച്ചു. നല്ല ഒരു പെണ്ണു്. പാപ്പനെ നന്നാക്കിയെടുക്കാൻ മേരി പലവിധത്തിൽ നോക്കി. ഇപ്പോഴും നോക്കുന്നു. മൂന്നുനാലു കുട്ടികളുണ്ടായി. മേരിതന്നെ ഭർത്താവിനും കുട്ടികൾക്കും ചിലവിനുണ്ടാക്കണം. കൂടാതെ എന്നും ചീത്തയും തെറിയും അടിയും ഇടിയും. പാപ്പന്റെ അക്രമം വദ്ധിച്ചു. മോഷണങ്ങൾ പലതു തെളിയിക്കപ്പെട്ടു. കപ്യാർജോലിയിൽനിന്നു പാപ്പനെ ഡിസ്മിസ്സ് ചെയ്തു. ആളുകൾ അവനെ വെറുത്തു. തന്റെ വിജയത്തിനു രംഗം ഒന്നു മാറേണ്ടതാവശ്യമാണെന്നു് അവൻ മനസ്സിലാക്കി. പാപ്പനും കുടുംബവും മലബാറിലേക്കു കുടിയേറി.

തോമ്മാ മണിമല പഴയപള്ളി ഇടവകക്കാരനാണു്. സാമാന്യം ഭേദപ്പെട്ട ഒരു വീട്ടിലെ ഒരംഗം. തോമ്മാ വിവാഹം കഴിച്ചു ഭാര്യയുടെ വീട്ടിൽ ദത്തുനിന്നു. വിധവയായ

അമ്മയും തന്റെ ഭാര്യയും മാത്രം. സുഖമായി ജീവിക്കുവാൻ എല്ലാ സൗകര്യവുമുള്ള ഒരു കുടുംബം. പക്ഷേ ഒരു കുഴപ്പം. അമ്മായിയമ്മ ഒരു രാക്ഷസിയാണ്. ഏകാധിപതി. അവരുടെ ആജ്ഞ ശിരസ്സാവഹിച്ചുകൊള്ളണം. മാസങ്ങൾ പലതു കഴിഞ്ഞു. ഈ അടിമത്തത്തിനു് ഒരു മയവും വന്നില്ല. തന്റെ വീട്ടിലേയ്ക്കു വരുവാൻ തോമ്മാ ഭാര്യ മറിയാമ്മയോടാവശ്യപ്പെട്ടു. അമ്മയുടെ സമ്മതംകൂടാതെ, അമ്മയെ തനിച്ചാക്കിയിട്ടു മറിയാമ്മ തോമ്മായുടെകൂടെ പോകുവാൻ സമ്മതിച്ചില്ല. അവൻ ഭാര്യാവീടുവിട്ടു തന്റെ സ്വന്തം വീട്ടിലേയ്ക്കു പോന്നു. ഒരു കൊല്ലക്കാലം അങ്ങനെ താമസിച്ചു. ഇതിനിടയിൽ അടുത്തുള്ള വേറൊരു സ്ത്രീയുമായി – അക്കാമ്മയുമായി – അവിഹിതബന്ധത്തിൽ കുടുങ്ങി. ക്രിസ്തീയനിയമത്തിനും നടപടിക്കും എതിരായ ഈ ജീവിതം തനിക്കും തന്റെ വീട്ടുകാർക്കും അപമാനകരമാകയാൽ ഒരു ദിവസം തോമ്മാ അക്കാമ്മയുമായി മലബാറിലേയ്ക്കു് ഒളിച്ചോടിപ്പോന്നു. ഭാര്യാഭർത്താക്കന്മാരെപ്പോലെ അവർ വയനാട്ടിൽവന്നു താമസമാക്കി.

വിളക്കുമാടത്തു് (പാലാ) കള്ളവയലിൽ ബ്രദേഴ്സും ഇടമററത്തു് (പാലാ) കുരുവിനാക്കുന്നേൽ ബ്രദേഴ്സും കുബേരന്മാരാണ്. കൃഷിരാജാക്കന്മാരാണ്. കൃഷിക്കാർക്കു മാതൃകയും സഹായവും നല്കുന്നവരും. മലബാറിൽ നിസ്സാരവിലയ്ക്കു ഭൂമി വാങ്ങാമെന്നു് അവർ മനസ്സിലാക്കി. തോട്ടം വയ്ക്കാം. ബാക്കി ചെറിയ ബ്ലോക്കുകളായി ആവശ്യക്കാർക്കു വില്ക്കാം. കുറെ സ്ഥലം സാധുക്കൾക്കു ദാനം ചെയ്യാം. കുററ്യാടിഭാഗത്തും പേരാമ്പ്രഭാഗത്തും മലവാരങ്ങൾ അവർ വാങ്ങി. കുറവിലങ്ങാട്ടുകാരൻ ഡോ. പി. ജെ. തോമസും പൂഞ്ഞാററിക്കാരൻ ശ്രീ പി. ആർ. രാമവമ്മരാജായും വെള്ളാട്, ആലക്കോട്ടുഭാഗങ്ങളിൽ ഇതേ ഉദ്ദേശ്യത്തോടെ സ്ഥലംവാങ്ങി. കാഞ്ഞിരപ്പള്ളിയിൽനിന്നു കരിപ്പാപ്പറമ്പിൽക്കാർ, പള്ളിവാതുക്കൽക്കാർ, ആനത്താനംകാർ, കോട്ടയത്തുനിന്നു് ഏ. വി. ജോർജ്ജ് കമ്പനി, പോളച്ചിറ കൊച്ചിപ്പത്തരകൻ, പാലായിൽനിന്നു കൊട്ടുകാപ്പിള്ളി, കയ്യാലക്കകം, കുടക്കച്ചിറ, ജോസ് മാട്ടേൽ, ചാലക്കുടി ഓ. സി. ജോസ്, മുതൽ പേരും മലബാറിൽ വന്നു വൻതോതിൽ സ്ഥലംവാങ്ങി. കാപ്പി, റബ്ബർ, ഏലം, തെങ്ങ്, കമുക്, മുളകുകൊടി മുതലായവ തോട്ടങ്ങളായി വച്ചുപിടിപ്പിച്ചു. നല്ല ആദായം ഉണ്ടാക്കുക. അതോടൊപ്പം സാധുക്കളായ സ്ഥലവാസികൾക്കു ജോലികൊടുക്കുക, രാജ്യ

ത്തിൻെറ വിഭവങ്ങൾ വർദ്ധിപ്പിക്കുക, ഇതായിരുന്നു ഇവരുടെ ഉദ്ദേശ്യം.

ചിറക്കടവുകാരൻ ശ്രീ ഉലഹന്നൻ B. Sc., B. Ed. ഉം മണിമലക്കാരൻ ശ്രീ ആൻറണി T. T. C. യും പാസ്സായിട്ട് ഒരു കൊല്ലമായി. സ്വദേശത്തും അടുത്തദേശത്തും ഒരു ജോലിക്കു ശ്രമിച്ചുനോക്കി. ഒന്നും കിട്ടുന്നില്ല. അവർ തങ്ങളുടെ മാതാപിതാക്കന്മാരോടു പറഞ്ഞു: "നമുക്കെല്ലാംകൂടെ മലബാറിനു പോകാം. അവിടെ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നുണ്ട്. അവിടെച്ചെന്നാൽ എളുപ്പത്തിൽ ജോലികിട്ടും. നമുക്ക് അവിടെങ്ങാനും കുറച്ചു സ്ഥലവും വാങ്ങാം". ഈ ആശയത്തെ എല്ലാവരും സ്വാഗതം ചെയ്തു.

മേൽപ്പറഞ്ഞതും അതുപോലുള്ളതുമായ കാരണങ്ങളാൽ തിരുക്കൊച്ചിയിൽനിന്ന് ആളുകൾ 1928 മുതൽ മലബാറിലേയ്ക്കു വന്നുകൊണ്ടിരുന്നു. ആദ്യമെല്ലാം വിനോദസഞ്ചാരികളായിട്ട്; പിന്നീടു സ്ഥലങ്ങൾ കണ്ടു ഗുണദോഷങ്ങൾ പഠിക്കുവാനും സൗകര്യപ്രദമായവ തിരഞ്ഞെടുക്കുവാനുംവേണ്ടി.

1928 മുതൽ മലബാർകുടിയേററം തുടങ്ങിയെങ്കിലും മുമ്പോട്ടുള്ള എല്ലാക്കൊല്ലവും അതു തുടർച്ചയായി നടന്നില്ല. ഇരുപതോളം കുടുംബങ്ങളും രണ്ടുമൂന്ന് എസ്റ്റേററുകാരും മാത്രമേ മലബാർമലയോരങ്ങളിൽ വന്നു താമസമാക്കിയിരുന്നുള്ളു. 1930 മുതൽ 1935 വരെ കുടിയേററം വളരെ മന്ദഗതിയിലായിരുന്നു. 1935 മുതൽ 1945 വരെ അതു ത്വരിതഗതിയിലായി. 1945 മുതൽ 1955 വരെയുള്ള കാലഘട്ടത്തിലാണ് ഏററം കൂടുതൽ കുടിയേററം നടന്നത്. 1955 മുതൽ 1960 വരെയുള്ള കാലത്തായിരുന്നു കുടിയേററം അതിൻെറ ഉച്ചകോടിയിലെത്തിയത്. 1960 മുതൽ 1975 വരെയുള്ള കാലങ്ങളിൽ കുടിയേററം വളരെ കുറഞ്ഞു. പക്ഷേ ഇക്കാലത്തെ കുടിയേററക്കാർ പണക്കാരും ആദായവും സൗകര്യവും നോക്കി വന്നവരുമായിരുന്നു.

# ഒരു തീർത്ഥയാത്രയുടെ ആരംഭം

ഒരു വലിയ കുടുംബത്തിൻെറ നാഥനാണ് ഔസേപ്പ്. അൻപത്തിനാലു വയസ്സ് പ്രായം. ഭാര്യ അന്നമ്മയ്ക്കു് അൻപതു വയസ്സ്. മൂത്തമക്കരം കുഞ്ഞുവക്കിയും തോമസും. ഇരുവരും വിവാഹിതർ. ഭാര്യയും മക്കളുമുണ്ടു് അവക്കും. വേറെ വീടില്ലാത്തതിനാൽ എല്ലാവരുംകൂടെ ഒന്നിച്ചാണ് താമസം. വൈക്കത്തിനടുത്തു് അയ്മനമാണ് സ്വദേശം. വൈക്കത്തു് എല്ലാവക്കുംതന്നെ ഓരോ ജോലിയുണ്ടു്. കഷ്ടിച്ചു ചിലവു കഴിഞ്ഞുപോകാം. ഒന്നും ബാക്കിവയ്ക്കുവാൻ സാധിക്കുന്നില്ല. ഇതിൽ ഇച്ഛാഭംഗത്തോടെ ഇരിക്കുമ്പോഴാണ് പാലാ പുത്തൻ പള്ളി കപ്യാർജോലിക്കുള്ള ക്ഷണം കിട്ടുന്നതു്. കിഴക്കൻ ദിക്കിലുള്ള പള്ളിജോലി കിട്ടിയതിൽ ഔസേപ്പ് സന്തോഷിച്ചു. ഭക്ഷ്യസാധനങ്ങരം കൃഷിചെയ്തുണ്ടാക്കാം, ശമ്പളം കിട്ടുന്നതു് ബാക്കി വരുത്താം, എന്നയാരം വിചാരിച്ചു. എന്നാൽ മറിച്ചായിരുന്നു അനുഭവം. പാലായിൽ താമസിക്കുവാൻ കിട്ടിയ സ്ഥലം കൃഷിപ്പണിക്കു് പററിയതല്ലായിരുന്നു. മാത്രമല്ല, അയ്മനത്തെപ്പോലെ എല്ലാവക്കും എന്നും തൊഴിൽ ലഭിച്ചിരുന്നുമില്ല. ഏതാനും മാസം കഴിഞ്ഞപ്പോരം അടുത്തു് ളാലംപള്ളി കപ്യാർജോലിയും മകൻ കുഞ്ഞുവക്കിക്കു് ലഭിച്ചതു് സഹായമായി.

എന്നിരുന്നാലും, ഔസേപ്പും മക്കളും ഉദ്ദേശിച്ചതുപോലെ ഒരു വരുമാനം ബാക്കിയുണ്ടാക്കുവാൻ പററുന്നില്ല. ഔസേപ്പിൻെറ കനിഷ്ഠപുത്രൻ കുഞ്ഞുവക്കി അപ്പൻെറ തനി ആശയക്കാരനാണ്. അവൻ എല്ലാവരോടുമായി ഒരു ദിവസം പറഞ്ഞു: "നമ്മരം പാലായിൽ വന്നിട്ടു് ഒരു കൊല്ലം കഴിഞ്ഞു. രണ്ടു പള്ളികളുടെ കപ്യാർജോലി നമുക്കുണ്ടു്. പ്രതിദിനം രാവിലെ രണ്ടു മണിക്കൂർനേരത്തെ പണിമാത്രം. ഇതിനു കൂടുതൽ ശമ്പളമൊന്നും നാം പ്രതീക്ഷിക്കുകയും വേണ്ട. കൂടുതൽ അഭി

വൃദ്ധിക്കു സൗകര്യങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയോടെയാണല്ലോ നാം കിഴക്കൻ പ്രദേശത്തേയ്ക്കു പോന്നതു്. കുട്ടികളെ ഒഴിച്ചാൽ നമ്മൾ എട്ടുപേരുണ്ടു്. പതിനാറു കരങ്ങൾ പണിയെടുക്കുവാൻ. ഇവിടെ ഭൂമിക്കു് മികച്ച വില. നമുക്കു് എവിടെയെങ്കിലും പോയി കുറെ മണ്ണുവാങ്ങി പണിയെടുക്കാം. അടുത്ത വീട്ടിലെ റബർമരം ടാപ്പുചെയ്യുന്നതു് ഒരു മലപ്പുറംകാരനാണു്, കാസ്സിം കാക്കാ. അയാൾ പറഞ്ഞു, മലബാറിൽ വളരെ നിസ്സാരവിലയ്ക്കു് ഭൂമി കിട്ടുമെന്നു്. ഈ പാലായിലെപ്പോലെ വിലയില്ലെന്നു്. നമുക്കങ്ങോട്ടുപോയാലെന്താ?''

ഔസേപ്പു്: കുഞ്ഞുവക്കിയുടെ ആശയം എനിക്കു നേരത്തേ തോന്നിയതാണു്. പക്ഷേ, കഷ്ടപ്പാടുകൾ വളരെയുണ്ടാകും. അതുകൊണ്ടു ഞാൻ നിങ്ങളോടു പറഞ്ഞില്ലന്നേയുള്ളൂ.

അന്നമ്മ (ഔസേപ്പിൻെറ ഭാര്യ): കഷ്ടത സഹിക്കാതെ വയറു നിറയ്ക്കുവാനും പറമ്പു വാങ്ങുവാനും സാദ്ധ്യമോ?

ഔസേപ്പു്: ഇപ്പോളെനിക്കു് ധൈര്യമായി. അന്നമ്മ വിസമ്മതിച്ചേക്കുമെന്നു് എനിക്കു് ആശങ്കയുണ്ടായിരുന്നു. ഇപ്പോൾ സന്തോഷമായി.

അന്നമ്മ: പ്രായമായ നമ്മുടെ സുഖമല്ല നാം നോക്കേണ്ടതു്. നമ്മുടെ മക്കളുടേയും അവരുടെ മക്കളുടേയും അഭിവൃദ്ധിയും ഐശ്വര്യവും നാം കണക്കിലെടുക്കണം. നാം അവക്കുവേണ്ടിയാണു് ജീവിക്കുന്നതു്. അന്നമ്മയുടെ ധീരതയും വിശാലവീക്ഷണവും ത്യാഗസന്നദ്ധതയും പ്രകടമാക്കുന്ന ഈ വാക്കുകൾ വക്കിയും തോമസും അവരുടെ ഭാര്യമാരും താൽപര്യപൂർവ്വം ശ്രദ്ധിച്ചു.

അധികം താമസിയാതെതന്നെ മലബാറിനു പോകുവാൻ ഔസേപ്പു തീരുമാനിച്ചു. കാസ്സിം കാക്കായെ കണ്ടു് ആലോചിച്ചു. മലപ്പുറം ടൗണിൽ സ്ഥലം കിട്ടുവാൻ വിഷമം. തെങ്ങിനും മററു കൃഷികൾക്കും ഏററവും പററിയ സ്ഥലം കുററിയാടിയാണെന്നു് കാസ്സിമിൽനിന്നു മനസ്സിലാക്കി. മലബാറിനെപ്പററിയും കുററിയാടിയെപ്പററിയും കൂടുതൽ അറിയുവാൻ ഔസേപ്പു് പലരോടും അന്വേഷിച്ചു. പക്ഷേ ആക്കും കൂടുതൽ വിവരങ്ങൾ കൊടുക്കുവാൻ പററിയില്ല. കാസ്സിം വഴിയെല്ലാം പറഞ്ഞുകൊടുത്തിട്ടുണ്ടു്. ഔസേപ്പു് മലബാറിനു് തനിച്ചു പോകുവാൻ തയ്യാറായി. ഭാര്യ അന്നമ്മ പറഞ്ഞു: ‘‘നീണ്ട യാത്രയല്ലേ? തനിച്ചു പോകണ്ടാ. കുഞ്ഞുവക്കിക്കൂടെ

പോരട്ടെ. അവരല്ലേ സ്ഥലം അനുഭവിക്കേണ്ടവർ. അവരും കൂടെ കണ്ടു് തൃപ്തിപ്പെടട്ടെ. പരിചയമില്ലാത്ത സ്ഥലത്തേയ്ക്കല്ലേ പോകുന്നതും". ഒരു നല്ല ഭാര്യയുടെ ഔചിത്യബോധം!

അന്നമ്മയുടെ അഭിപ്രായം സ്വീകരിച്ച് ഔസേപ്പും കുഞ്ഞുവക്കിയുംകൂടെ പുറപ്പെട്ടു. എറണാകുളത്തുചെന്നു് തീവണ്ടിവഴി വടകരെ ഇറങ്ങി. ഏതോ ഒരു വാഹനംവഴി വൈകുന്നേരമായപ്പോഠം കുററിയാടിയിൽ എത്തി. കാസ്സിം പറഞ്ഞുകൊടുത്തിരുന്ന ആളിനെ–മൊയ്തുവിനെ–കണ്ടുപിടിച്ചു, പിററന്നാഠം. വഴിയില്ല. തെങ്ങിൻതോട്ടങ്ങളിൽക്കൂടിയാണു് അവർ തൊട്ടിൽപ്പാലത്തേയ്ക്കും മററും പോയതു്. പല പ്രായത്തിലുള്ള തെങ്ങുകഠം. തിങ്ങിനില്ക്കുന്ന കുലകഠം. കണ്ടിട്ടും കണ്ടിട്ടും കൊതി തീരുന്നില്ല. ആ തോട്ടങ്ങഠക്കടുത്തു് സ്ഥലം കിട്ടുമോ എന്നു് അന്വേഷിച്ചു. അതിനടുത്തു കിട്ടുകയില്ല. ഒരു മൈൽകൂടെ കഴിഞ്ഞു് വേറൊരു മുതലാളിയുടെ സ്ഥലമുണ്ടു്. അതു വാങ്ങാം. മൂന്നാംകൈ ഭാഗത്തുതന്നെ. കാട്ടിൽക്കൂടെ നടന്നുചെന്നു് ആ ഭാഗം കണ്ടു. കുന്നുകളാണു്, എങ്കിലും നല്ല ഫലപുഷ്ടിയുള്ള മണ്ണു്. അടുത്തുകണ്ടതുപോലെയുള്ള തെങ്ങിനു പററിയതു്. സന്തോഷവും സംതൃപ്തിയും. മടങ്ങിപ്പോന്നു. കുററിയാടിയിൽനിന്നു് ആറേഴ മൈൽ അകലമുണ്ടു്. അടുത്തായി മരം വലിച്ചിരുന്ന കൂപ്പുറോഡുണ്ടു്. അതു തിരിച്ചറിയാം. അതാണു് നടപ്പാത. കുററിയാടിയിൽ എത്തുന്നതുവരെ മനുഷ്യരോ വീടുകളോ ഒന്നുമില്ല. കാടുതന്നെ. കുററിയാടിക്കു് കിഴക്കു് ഏകദേശം രണ്ടുമൈൽ കഴിയുമ്പോഠം കാവിലുംപാറ എന്ന സ്ഥലമുണ്ടു്. അവിടെ രണ്ടുമൂന്നു വീടുകഠം കാണാം. അത്രമാത്രം.

അവർ കണ്ട സ്ഥലമുടമസ്ഥൻ നാദാപുരത്താകയാൽ അദ്ദേഹത്തെ പോയിക്കണ്ടു. കുററിയാടിയിൽനിന്നു് ആറു മൈൽ പടിഞ്ഞാറു്. മുഴുവൻ ദൂരവും നടന്നു. ഏക്കറിനു് രണ്ടു രൂപാ മാത്രം വില. എത്ര ഏക്കർ വേണമെങ്കിലും കിട്ടും. അഡ്വാൻസ് ചോദിച്ചു. ഒരു ചെറിയ സംഖ്യ കൊടുത്തു, അഡ്വാൻസായി. മൊയ്തീൻ കൂട്ടത്തിലുണ്ടായിരുന്നതിനാൽ അധികം വിഷമിക്കാതെ സ്ഥലങ്ങഠം കാണുവാനും ഭക്ഷണം കഴിക്കുവാനും സാധിച്ചു.

ഒരാഴ്ച കഴിഞ്ഞാണു് അവർ പാലായിൽ മടങ്ങിയെത്തിയതു്. വിവരങ്ങഠം എല്ലാം അറിഞ്ഞപ്പോഠം അന്നമ്മയ്ക്കും മററും

സന്തോഷമായി. അവർ കുററിയാടിക്കു പുറപ്പെടുവാനുള്ള ഒരു ക്കങ്ങൾ തുടങ്ങി. അന്നമ്മ കൂടുതൽ സന്തുഷ്ടയായി, മലബാറിൽ ഭൂമി ഏക്കറിനു് രണ്ടുരൂപാസ്സു കിട്ടുമെന്നു് അറിഞ്ഞപ്പോൾ. അവൾ പറഞ്ഞു: "പത്തു് ഏക്കർ അല്ല, അൻപതു് ഏക്കർ എങ്കിലും വാങ്ങണം. മക്കൾക്കു് പത്തു് ഏക്കർവീതം എടുക്കാമല്ലോ. അങ്ങനെ ദാരിദ്ര്യം നീങ്ങട്ടെ. പരാശ്രയം കൂടാതെ നിവൎന്നു് നടന്നു് ജീവിതം അവസാനിപ്പിക്കണം." പാവം അന്നമ്മ! അവളുണ്ടോ കാണുന്നു, മലബാറിൽ പതിയിരിക്കുന്ന ശത്രുക്കളെ.

1926-മെയ്മാസാരംഭത്തിൽ പത്തു് അംഗങ്ങളുള്ള ആ കുടുംബം കുററിയാടിയിൽ എത്തി. ഒരു ദിവസം അവർ അവിടെ താമസിച്ചു് ക്ഷീണം തീൎത്തു. പിറേറദിവസം അവർ ഇടപാടുചെയ്ത മൂന്നാംകയ്യിലെ സ്ഥലത്തു വന്നു. ഒരു ദിവസം ഒരു വൃക്ഷത്തണലിൽ കാപ്പിയും കഞ്ഞിയും ഉണ്ടാക്കി കഴിച്ചു. ഉറങ്ങിയതും അവിടെത്തന്നെ. ഉണക്കവിറകുകൾ കൂട്ടിവച്ചു് വലിയ തീ കത്തിച്ചു, കാട്ടുമൃഗങ്ങളെ അകററുവാൻ. പിറേറദിവസം മുതൽ അവർ എല്ലാവരുംകൂടി ഉത്സാഹിച്ചു പണുതു. ഒരു ആലയുണ്ടാക്കി. ഒരു രണ്ടുനിലക്കെട്ടിടം. പാചകത്തിനും സാമാനങ്ങൾ സൂക്ഷിക്കുവാനും ഒന്നാംനില. വിശ്രമിക്കുവാനും ഉറങ്ങുവാനും മൃഗങ്ങളെ കാവൽകാക്കുവാനും രണ്ടാംനില. ഓടപൊട്ടിച്ചു് ഇടഭിത്തിയുണ്ടാക്കി മൂന്നു മുറികളാക്കി തിരിച്ചു.

കരുത്തുള്ള ഒരു വൃക്ഷക്കവെരയിൽ, ആനയിൽനിന്നു രക്ഷപെടുവാൻ, വേറൊരു ചെറിയ കെട്ടിടവും നിൎമ്മിച്ചു. മുളയും ഓടയും ചൂരലും അടുത്തുതന്നെ ധാരാളമുണ്ടായിരുന്നതിനാൽ രണ്ടുമൂന്നു ദിവസങ്ങൾകൊണ്ടു് അവയെല്ലാം ശരിപ്പെടുത്തി. കട്ടിലും മേശയും ബഞ്ചും സ്ററൂളും അവർ സൃഷ്ടിച്ചു എന്നു പറയാം. തോമസിനു് ഈ പണികളിൽ നല്ല വാസനയുണ്ടായിരുന്നു. തോമസിൻെറ ഉളിയും പണിയായുധങ്ങളും അവൻ ഉപേക്ഷിച്ചല്ല പോന്നതു്. മൊയ്തുവും നവാഗതരെ എല്ലാക്കാൎയ്യങ്ങളിലും സഹായിക്കുവാൻ സന്നദ്ധത കാണിച്ചു.

ഭക്ഷ്യവിളകൾക്കായി കുറെ സ്ഥലം കിളച്ചൊരുക്കി; ആദ്യമഴയ്ക്കു് വിത്തിടണം; എങ്കിലേ നല്ല വിളവുണ്ടാകൂ എന്നു് അവൎക്കറിയാം. നെല്ലു വിതച്ചു. വാഴയും ചേമ്പും ചേനയും പയറും വെണ്ടയുമെല്ലാം നട്ടു. കപ്പനടുവാൻ തണ്ടു കിട്ടിയില്ല. മലബാറിൽ കപ്പയ്ക്കു പേരു് "പൂള" എന്നാണു്.

പൂളയും പൂളയുടെ ഉപയോഗവും അവിടെയില്ല. പൂളത്തണ്ട കിട്ടാനുമില്ല. അതിൻെറ കൃഷിയുമില്ല. ഇനി നാട്ടിനു പോകുമ്പോഠം രണ്ടുമൂന്നു തണ്ട കൊണ്ടുവരണമെന്ന് അവർ കരുതി. എട്ടുപത്തു തെങ്ങിൻതൈകളും നട്ടു. സസ്യങ്ങഠം മുളച്ചുവന്നു. പയറും മററും പടൎന്നുകയറി. ഓരോ ദിവസത്തേയും വളർച്ച കാണാമായിരുന്നു. അവ സമൃദ്ധിയായി കായ്ച്ചു. ശ്രീ. ചങ്ങമ്പുഴയുടെ വാഴക്കുലയ്ക്കു ചുററുംനിന്ന് മലയപ്പുലയൻെറ മക്കഠം രസിച്ചതുപോലെ ഔസേപ്പും അന്നമ്മയും മക്കളും, അവർ നട്ടുപിടിപ്പിച്ച സസ്യങ്ങളുടെ വളർച്ച കണ്ടു സന്തോഷിച്ചുരസിച്ചു. അവർ വെണ്ടക്കായും പയറും കറിവച്ചുതിന്നു. നെല്ല് ആനകേറി നശിപ്പിച്ചില്ല. മലാനും പന്നിയും കുറേ നഷ്ടപ്പെടുത്തി. ബാക്കി കൃഷിക്കാരനു വിട്ടുകൊടുത്തു. മൂന്നു നാലുമാസത്തെ ചിലവിനുള്ള നെല്ലുകിട്ടി.

തോമസ് കെട്ടിയുണ്ടാക്കിയ പടക്കംകടിച്ച ഒരു കാട്ടുപന്നിയെ അവർക്കു കിട്ടി. അന്നു പുത്തരി ഊണും ഒരുത്സവവുമായി അവർ കൊണ്ടാടി. അവർ സാമാനംവാങ്ങുന്ന കുററിയാടിയിലെ ഒരു കച്ചവടക്കാരനെയും മൊയ്തുവിനെയും ക്ഷണിച്ചു. പക്ഷേ അതിഥികഠം പന്നിയിറച്ചി തിന്നില്ല. മുസ്ലീങ്ങഠംക്ക് അതു നിഷിദ്ധമാണ്. അടുത്തുള്ള ചെറിയ പുഴയിൽനിന്നു ധാരാളം മീൻ കിട്ടിയിരുന്നു. അവക്കു മീൻകറി വളരെ ഇഷ്ടപ്പെട്ടു. തോമസ് കെട്ടിയെടുത്ത വലകൊണ്ട് എന്നും മീൻപിടിച്ചിരുന്നു. പക്ഷേ പന്നിയെ കിട്ടിയതു പുത്തരിത്തിരുന്നാളിനുമാത്രം. പള്ളിയിൽച്ചെന്നു ദിവ്യബലിയിൽസംബന്ധിച്ചു ദൈവത്തിനു നന്ദി പറയണമെന്ന് ആ കുടുംബം ആഗ്രഹിച്ചു. പക്ഷേ കുററിയാടിപ്രദേശത്തെങ്ങും പള്ളിയില്ല. വടകരവരെ ചെല്ലണം ഒരു ക്രിസ്ത്യൻപള്ളിയും വൈദികനേയും കാണണമെങ്കിൽ. ആത്മനാ ദൈവത്തെ ദശിച്ചുകൊണ്ട് ആ ജഗത്പിതാവിനു നന്ദിപറഞ്ഞു, എല്ലാ നന്മകഠംക്കുമായി.

തോമസ്, താൻ കെട്ടിയെടുത്ത വലയുമായി എന്നും തോട്ടിൽ മീൻപിടിക്കുവാൻ പോയിരുന്നു. ഉണ്ടക്കല്ലുകഠം കുറേ പെറുക്കിനീക്കേണ്ടിവന്നു, ആദ്യം. മോളിയേയും ടെസ്സിയേയും കൊണ്ടുപോയി, സഹായത്തിന്. അരമണിക്കൂർ കൊണ്ടു ധാരാളം മീൻകിട്ടി. സന്തോഷമായി. കൊണ്ടുപോയ കൊട്ട നിറഞ്ഞപ്പോഠം അവർ മടങ്ങിപ്പോന്നു. മോളിയും

ടെസ്സിയും ഇതൊരു വിനോദമായും ആദായമാഗ്ഗ്മായും കരുതി, എന്നും മീൻ പിടിക്കുമായിരുന്നു.

ദിവസങ്ങൾ ഭംഗിയായി മുൻപോട്ടു് നീങ്ങി. എല്ലാവക്കും സന്തോഷം. നല്ല ഭക്ഷണം. എന്നും മത്സ്യവും പച്ചക്കറികളും ഒരു ലോഭവുമില്ലാതെയുണ്ടു്. ഒരു ദിവസം രാവിലെ അന്നമ്മ പറമ്പിൽ നോക്കിയശേഷം പറഞ്ഞു: "മലാൻകേറി എൻെറ വെണ്ടയും പയറും തിന്നിരിക്കുന്നു". മോളിയും ടെസ്സിയും പറഞ്ഞു: "ഞങ്ങളുടെ മത്തയും കുമ്പളവും ചീനിയും തിന്നു നശിപ്പിച്ചു. ചാച്ചൻെറ തെങ്ങിൻതൈകളും തിന്നു". സസ്യങ്ങൾ സംരക്ഷിക്കുവാൻ അവർ കാട്ടുകമ്പുകൊണ്ടു വേലി കെട്ടി. പക്ഷേ ഈച്ച, കൊതുകു്, അട്ട, പുഴ, മുതലായ ചെറു പ്രാണികളിൽനിന്നു മനുഷ്യക്കുണ്ടാകുന്ന ഉപദ്രവങ്ങളും ശല്യങ്ങളുമാണു് അതിദുസ്സഹം.

മലബാറിൽ മൂന്നാംകയ്യിൽവന്നു താമസമാക്കിയിട്ടു് അഞ്ചു മാസമായി. കുഞ്ഞുവക്കിയുടെ രണ്ടു കുട്ടികൾക്കും പനി ബാധിച്ചു. ഒരാഴ്ചകൊണ്ടു രണ്ടു കുട്ടികളും മരിച്ചു. തലേദിവസവും പിറെറ ദിവസവും. ഒരു ദിവസം അവർ കരഞ്ഞുകരഞ്ഞു കഴിച്ചുകൂട്ടി. അയൽക്കാർ ആരുമില്ല, അനുശോചിക്കുവാനും ആശ്വസിപ്പിക്കുവാനും. പള്ളിയില്ല, സിമിത്തേരിയില്ല, വൈദികനില്ല. കുഴി വെട്ടി സംസ്കരിക്കുവാനും വേറെ ആരുമില്ല. അപ്പനും അമ്മയും തന്നെ ഇതെല്ലാം ചെയ്യണം. അവർ ഇവയെല്ലാം ചെയ്തു. എല്ലാം സഹിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മരിച്ചുപോയ കുട്ടികളുടെ അമ്മ – കുഞ്ഞുവർക്കിയുടെ ഭാര്യ – മറിയാമ്മയ്ക്കു പനിയും അസുഖങ്ങളും തുടങ്ങി. നേരത്തെ തന്നെ വേണ്ട ചികിത്സക്കായി മറിയാമ്മയെ കുററിയാടി ആശുപത്രിയിൽ കൊണ്ടുപോയി. ഏതോ മരുന്നു കൊടുത്തു വിട്ടു. മറിയാമ്മ വീട്ടിലേക്കു പകുതിവഴിയോളം നടന്നു. അല്പം കഴിഞ്ഞപ്പോൾ ഒട്ടും നടക്കുവാൻ പാടില്ലെന്നായി. അവർ വൃക്ഷത്തണലിൽ ഇരുന്നു. നടക്കുവാൻ വയ്യാ. കുറെ ആശ്വസിച്ചശേഷം കുഞ്ഞുവക്കിയുടെ തോളിൽ പിടിച്ചു കുറച്ചുകൂടെ നടന്നു. അല്പം കഴിഞ്ഞപ്പോൾ ഒട്ടും നടക്കുവാൻ പാടില്ലെന്നായി. രണ്ടുപേരും കുറെ വിശ്രമിച്ചശേഷം കുഞ്ഞുവക്കി മറിയാമ്മയെ എടുത്തു. ഇങ്ങനെ കുറേ മുമ്പോട്ടുനീങ്ങി. കുഞ്ഞുവർക്കി മടുത്തു. സഹായത്തിനാരുമില്ല. മറിയാമ്മയെ ഒരു തണലുള്ള വൃക്ഷച്ചുവട്ടിൽ ഇലകളുടെ മുകളിൽ കിടത്തി. താൻ

വീട്ടിൽച്ചെന്നു് അനുജൻ തോമസിനെയുംകൂടി വിളിച്ചുകൊണ്ടു വരാമെന്നുംപറഞ്ഞു പോയി. ഒരു മണിക്കൂർ കഴിഞ്ഞു് അവർ വന്നു. ചൂരൽവള്ളികൊണ്ടു മഞ്ചൽപോലെ ഒരു ചാക്കു കെട്ടി തയ്യാറാക്കി അതിൽ മറിയാമ്മയെ കിടത്തി കുഞ്ഞുവർക്കിയും തോമസുംകൂടെ എടുത്തു വീട്ടിൽ എത്തിച്ചു. രണ്ടുദിവസം കഴിഞ്ഞു മറിയാമ്മയുടെ രോഗം വർദ്ധിച്ചു. നാട്ടിലുള്ള അവളുടെ അപ്പനേയും അമ്മയേയും കാണുവാൻ അവൾ ആഗ്രഹിച്ചു. ഭർത്താവായ കുഞ്ഞുവർക്കിയെ വിളിച്ചു കരങ്ങൾപിടിച്ചു ചുംബിച്ചുകൊണ്ടു യാത്രപറഞ്ഞു: "ഞാൻ പോകയാണു്. നമ്മുടെ കുഞ്ഞുങ്ങളുടെ അടുത്തു്, സ്വർഗ്ഗത്തിലേക്കാണു് ഞാൻ പോകുന്നതു്. എല്ലാററിനും ഞാൻ നന്ദി പറയുന്നു. എന്തെങ്കിലും പോരായ്മ എന്നിൽനിന്നും വന്നിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കണം. എന്നെ എൻെറ കുഞ്ഞുങ്ങളുടെ അടുത്തു് അടക്കിയാൽ മതി. ശരീരം എവിടെ കിടന്നാലെന്താ, ആത്മാവു മോക്ഷത്തിൽ ആകണമെന്നല്ലേയുള്ളൂ. ഞാൻ പോകട്ടെ".

അവൾ കുഞ്ഞുവർക്കിയുടെ കവിളും കരങ്ങളും ചുംബിച്ചു. അവൾ എല്ലാവരേയും അടുക്കൽ വിളിച്ചു യാത്രപറഞ്ഞു. ഏകദേശം മേൽപറഞ്ഞ പ്രകാരം യാത്രപറച്ചിൽ കഴിഞ്ഞു് അവൾ ഒരു മണിക്കൂറിൽ കൂടുതൽ ജീവിച്ചില്ല. പ്രാർത്ഥനാസമയത്തു് എന്നും പാടിയിരുന്ന ഈശ്വരസ്തോത്രഗാനം അവൾ മന്ദസ്വരത്തിൽ പാടി. ഈശോ, ഈശോ എന്നു സാവധാനം പറഞ്ഞുകൊണ്ടു് അവൾ അന്ത്യശ്വാസം വലിച്ചു. എല്ലാവരും നോക്കിയിരുന്നു. ഒരു രാത്രിയും ഒരു പകലും മുഴുവൻ കരഞ്ഞു. അവരെ ആശ്വസിപ്പിക്കുവാൻ ആരുമില്ല. മറിയാമ്മയുടെ മക്കളെ അടക്കിയതിനടുത്തു് അവളേയും സംസ്കരിച്ചു. ഔസേപ്പുചേട്ടൻ നീണ്ടകാലം കപ്യാരായി ജോലിനോക്കിയിട്ടുണ്ടു്. പലരുടേയും മരണം കണ്ടിട്ടുണ്ടു്. പക്ഷേ ഇത്രയും ശാന്തമായ മരണം കണ്ടിട്ടില്ലത്രേ. അയാൾ പറഞ്ഞു: "മറിയാമ്മ, ഒരു പക്വതയുള്ള പെണ്ണായിരുന്നു. നമ്മുടെ കുടുംബത്തിൻെറ ദീപമായിരുന്നു അവൾ".

ഒരാഴ്ച കഴിഞ്ഞതേയുള്ളു. ഔസേപ്പുചേട്ടൻ കിടപ്പിലായി. ശക്തിയായ പനിയും വിറയലും. മലേറിയാ. കുഞ്ഞുവർക്കി കുററിയാടിയിൽച്ചെന്നു മരുന്നുവാങ്ങിക്കൊണ്ടുവന്നു കൊടുത്തു. നാലുനേരം കഴിച്ചപ്പോൾ പനിയും വിഷമങ്ങളും മാറി. മററുള്ളവരോടു ചേർന്നു പണികളിലും ഏർപ്പെട്ടു. എന്നാൽ മൂന്നു

നാലുദിവസം കഴിഞ്ഞപ്പോഠം ഔസേപ്പുചേട്ടനെ വീണ്ടും പനി ബാധിച്ചു. മരുന്നുവാങ്ങി കഴിച്ചു. പനി മാറിയെങ്കിലും ക്ഷീണം മാറുന്നില്ല. എങ്കിലും അയാഠം ചെറിയ പണികഠം ചെയ്യുന്നു. ഇടയ്ക്കിടയ്ക്കു പനിയോടും മല്ലിടണമെന്നേയുള്ളു. പനി പതിവുകാരനായി.

നൂറിൽപ്പരം വാഴയുണ്ടു് അവർക്കു്. എല്ലാം നല്ല വാഴകഠം. പലതും കുലച്ചു. എല്ലാററിനും തൂണ നാട്ടികെട്ടി, കാററൊടിക്കാതെ. കുറെ പണമുണ്ടാക്കുവാനുള്ള ഏകമാർഗ്ഗം. നേന്ത്രവാഴയും മൈസൂർ പൂവനും. വലിയ കുലകഠം. ഒരു നല്ല സംഖ്യ ഉണ്ടാക്കാം. എല്ലാവരും സന്തോഷിച്ചു. പക്ഷേ ഏതാനും ദിവസം കഴിഞ്ഞപ്പോഠം ഒരു രാത്രിയിൽ വാഴത്തോട്ടത്തിൽ ആനകേറി പകുതിയോളം നശിപ്പിച്ചു. അവരുടെ പ്രതീക്ഷകഠം കാററിൽ പറത്തപ്പെട്ടു. അവർ രാത്രിയിൽ കാവൽകാത്തു. പിറെറന്നാളും ആനവന്നു. കാവൽക്കാർ സ്വരമുണ്ടാക്കി. കല്ലുകൊണ്ടും പന്തംകൊണ്ടും എറിഞ്ഞോടിച്ചു. ആനവരവു് തുടങ്ങിയപ്പോഠം മുതൽ എല്ലാവരും താമസം ആലയിൽനിന്നു് ഏററുമാടത്തിലാക്കി. ഒരാഴ്ച കഴിഞ്ഞു് ആന വീണ്ടും വന്നു. വാഴയും പച്ചക്കറികളും സകല കൃഷികളും നശിപ്പിച്ചു. മാത്രമല്ല, അവരുടെ ആലയും ആന തള്ളിയിട്ടു. മുഴവനും നിലംപരിശാക്കിയില്ലെന്നു മാത്രം. അതുകൊണ്ടു് ഏററുമാടത്തിൽ തന്നെ ഭക്ഷണം പാകംചെയ്തുപോന്നു. ചാക്കിൽ നെല്ലും പുഴയിൽ മീനുമുണ്ടായിരുന്നതിനാൽ അവർ അധികം വിഷമിക്കാതെ മുമ്പോട്ടു നീങ്ങി. പക്ഷേ പണിയെടുക്കുവാൻ ആക്കും താത്പര്യമില്ല. എന്തെങ്കിലും നട്ടുപിടിപ്പിച്ചു വളത്തിയാൽ അവ ആനയും കാട്ടുമൃഗങ്ങളും തിന്നുകളയും. ആനയെ വേലി കെട്ടി നിത്തുവാൻ പററുമോ? പണം ധാരാളമുണ്ടായിരുന്നെങ്കിൽ പറമ്പിനു ചുററും ആനകേറാക്കൊത്തളങ്ങഠം ഉണ്ടാക്കി സംരക്ഷിക്കാമായിരുന്നു.

ഇങ്ങനെയിരിക്കേ വേറൊരു ദുരദൃഷ്ടം! തികച്ചും അപ്രതീക്ഷിതം. മോളിയേയും ടെസ്സിയേയും വലകൊണ്ടു മീൻ പിടിക്കുവാൻ തോമസ് പഠിപ്പിച്ചിരുന്നു. അവർ എന്നും തോട്ടിൽ പോയി മീൻ പിടിക്കും. അവക്കൊരു സന്തോഷവും ഉല്ലാസവുമായിരുന്നു ഈ ജോലി. ചിലപ്പോഠം ധാരാളം മീൻ കിട്ടും. നല്ല ഭക്ഷണസാധനമാകയാൽ ഉണക്കിയും മീൻ സൂക്ഷിച്ചിരുന്നു. ഒരു ദിവസം ചെറിയ മഴ പെയ്തു. തോട്ടിലെ വെള്ളം

അല്പം കലങ്ങി. മോളിയും ടെസ്സിയും ഊഹിച്ചു, മീൻകേറമു ണ്ടാകുമെന്നു്. അവർ വലയുമായി തോട്ടിൽപ്പോയി. വലവച്ചു യുടനെ മീൻ കിട്ടുവാൻ തുടങ്ങി. ധാരാളം മത്സ്യങ്ങൾ. അവ രുടെ മീൻകൂട നിറഞ്ഞു. മോളി പറഞ്ഞു: ''ടെസ്സി, നീ ഈ മീൻ വീട്ടിൽ കൊണ്ടുവച്ചിട്ടു വേറെ ഒരു മുഴുത്ത പാത്രം കൊ ണ്ടുവാ''. പറഞ്ഞപ്രകാരം ടെസ്സി ഒരു വല്ലവുമായി വന്നു.

മോളി: നീ പോയേപ്പിന്നെ കിട്ടിയ മീനെല്ലാം ഞാൻ കര യിലേക്കെറിഞ്ഞിട്ടുണ്ടു്. നല്ല കിട്ടലാണു്. കുറുവയാണധി കവും. അവ പെറുക്കി ആ വല്ലത്തിലിടുക.

ടെസ്സി: ചേച്ചി തണുത്തു മരസ്സുന്നില്ലേ? ഇനി ഞാൻ പി ടിക്കാം. ചേച്ചി തീ കത്തിച്ചു കാഞ്ഞോ.

മോളി: ശരി, നീ വാ.

ടെസ്സി തോട്ടിലിറങ്ങി വല പിടിച്ചു. മീൻ ധാരാളം കിട്ടുന്നുണ്ടു്. വെള്ളവും പൊങ്ങിവരുന്നു.

മോളി: എടീ ടെസ്സി, ദൂരെനിന്നും ഒരു വലിയ സ്വരം കേൾ ക്കുന്നു. ആന കാട്ടിൽക്കൂടെ വരുന്നതായിരിക്കും. നമുക്കുപോ കാം. വേഗം വാ. അവർ കരയിലേയ്ക്കു കയറുവാൻ തുടങ്ങി. മലവെള്ളം. എവിടെയോ ഉരുളുപൊട്ടി വരുന്ന വെള്ളം. കല്ലും മണ്ണും അതിശക്തിയിൽ ഉരുട്ടി പാഞ്ഞുവരുന്ന വെള്ളം. മോ ളിയും ടെസ്സിയും ഈ ഒഴുക്കിൽപ്പെട്ടു് ഒലിച്ചുപോയി. വഴി ക്കുള്ള സകലതിനേയും അവ ഗ്രസിച്ചു് തൂത്തുവാരിക്കൊണ്ടു പോയി, വലിയ പുഴയിലേയ്ക്കു്. പാവം കുട്ടികൾ. ചെറുതും വലുതുമായ കല്ലുകളുടെ കൂട്ടത്തിൽ അവരും വിഴുങ്ങപ്പെട്ടു. ചത ഞ്ഞരഞ്ഞു് ആ യുവതികളുടെ രക്തവും മാംസവും അസ്ഥിയും മലബാറിലെ മലവെള്ളത്തിൽ ലയിച്ചു. ഗാന്ധിജിയുടേയും നെഹ്രുവിൻേറയും ചിതാഭസ്മം ഗംഗയിലും പമ്പയിലും കാവേ രിയിലും നിമജ്ജനം ചെയ്തതുപോലെ.

മലവെള്ളപ്പാച്ചിലിൻെറ സ്വരം അപ്പനും അമ്മയും സഹോ ദരങ്ങളും കേട്ടിരുന്നു. അവർ മീൻ പിടിക്കുവാൻ പോയവരെ അന്വേഷിച്ചു് ഓടി. തോടു് കരകവിഞ്ഞൊഴുകുന്നു. ഗർജ്ജിച്ചു പായുന്നു. വഴിക്കുള്ള വൃക്ഷങ്ങൾ പിഴുതും കല്ലുകൾ മറിച്ചും നാശംചെയ്തുകൊണ്ടാണു് തുള്ളിച്ചാടി പോകുന്നതു്. ഇങ്ങനെ കുലംകുത്തിപ്പായുന്നു. ചെമ്മണ്ണുനിറത്തിലുള്ള വെള്ളം നോക്കി

അവർ ക്ഷണനേരം നിന്നുപോയി. മോളിയും ടെസ്സിയും കുന്നിൻപുറത്തെവിടെയെങ്കിലുമോ മരത്തിൻെറ കവരയിലോ കാണുമെന്ന് ആ രക്ഷിതാക്കൾ വിചാരിച്ചു. അരമണിക്കൂർ കൊണ്ടു് വെള്ളപ്പാച്ചിൽ ശമിച്ചു. അവർ പരിസരങ്ങളെല്ലാം നോക്കി. ഉച്ചത്തിൽ മോളിയേയും ടെസ്സിയേയും വിളിച്ചു. വീണ്ടും വീണ്ടും വിളിച്ചു. ആ വിളികൾ മലയിൽ തട്ടി പ്രതിധ്വനിച്ചു് വിളിച്ചവരുടെ കാതുകളിൽ മടങ്ങിയെത്തിയ തല്ലാതെ കാണാതായ മക്കളുടെ പ്രത്യുത്തരമൊന്നും അവക്കു ലഭിച്ചില്ല. കുഞ്ഞുവക്കിയും തോമസും തോടിൻെറ ഇരുവശങ്ങളിൽക്കൂടെയും താഴേയ്ക്കു നടന്നു് തെരഞ്ഞു, തങ്ങളുടെ അനിയത്തിമാരുടെ മൃതശരീരമെങ്കിലും കണ്ടുപിടിക്കുവാൻവേണ്ടി. എല്ലാം നിഷ്ഫലം!

ആ കുടുംബത്തിൻെറ പിന്നീടുള്ള ജീവിതം വേദന കടിച്ചിറക്കിക്കൊണ്ടുള്ളതായിരുന്നു. ഭക്ഷണം കഴിക്കുവാനും പണിയെടുക്കുവാനും ആക്കും ഉന്മേഷം ഉണ്ടായിരുന്നില്ല. ഉണക്കി വച്ചിരുന്ന മീനും പച്ചക്കറിത്തോട്ടവും കാണുമ്പോൾ മോളിയുടേയും ടെസ്സിയുടേയും ഓമ്മയിൽ എല്ലാവരും കണ്ണീർ പൊഴിച്ചിരുന്നു.

ഇങ്ങനെ ഒന്നുരണ്ടു മാസം മുൻപോട്ടു നീങ്ങി. അന്നമ്മയ്ക്കും തോമസിൻെറ ഭാര്യ റോസിക്കും പനി ബാധിച്ചു. ശക്തിയായ പനി. രണ്ടുപേക്കും ബോധമില്ലാതെയായി. കുററിയാടിയിൽച്ചെന്നു് മരുന്നു വാങ്ങിക്കൊടുത്തു. പക്ഷേ ഒന്നും ഫലിച്ചില്ല. രണ്ടുപേരും ഒരു ദിവസംതന്നെ മരിച്ചു. മുൻപു് മരിച്ച മറിയാമ്മയുടേയും കുട്ടികളുടേയും അടുത്തു് ഇവരെയും സംസ്കരിച്ചു. ഈ വേർപാടു് ബാക്കിയുള്ള അംഗങ്ങളെ തളത്തിക്കളഞ്ഞു. ഇനി മൂന്നുപേരേ ബാക്കിയുള്ളൂ. അവക്കും ഏതെങ്കിലും അപകടം വരാം. അങ്ങനെ കുടുംബം ഇല്ലെന്നാകുന്നതിനുമുൻപു് തോൽവി സമ്മതിച്ചു് നാട്ടിലേയ്ക്കു മടങ്ങിപ്പോകുന്നതാണു നല്ലതെന്നു് അവർ തീരുമാനിച്ചു. കൃഷിയായുധങ്ങളും പാത്രങ്ങളും കുററിയാടിയിൽ കൊണ്ടുവന്നു കിട്ടിയ വിലയ്ക്കു കൊടുത്തു. ബസ്സുവഴി വടകര എത്തി. തീവണ്ടി കേറി എറണാകുളത്തിറങ്ങി. അവിടെനിന്നു് ബോട്ടുവഴി അവരുടെ സ്വദേശമായ അയ്മനത്തു് വന്നു. അവക്കു് സ്വന്തമായി വീടും പുരയിടവും ഉണ്ടായിരുന്നില്ല. ആരുടെയോ കുളപ്പുരയിൽ താമസിച്ചുകൊണ്ടു് കുഞ്ഞുവക്കിയും തോമസ്സും

എന്നും ജോലിക്കു പോകും. അപ്പൻ ഔസേപ്പിനേയും അവർ താൽപര്യപൂർവ്വം സംരക്ഷിച്ചുപോന്നു. ഇടയ്ക്കിടയ്ക്ക് മലമ്പനി അയാളെ പിടികൂടാതിരുന്നില്ല. അയാൾ വൈക്കത്തും പാലായിലും കപ്യാർജോലി ചെയ്തിരുന്നതിനാൽ അവിടങ്ങളി ലെ ഓരോ കുടുംബത്തെപ്പററിയും നല്ല അറിവുണ്ടായിരുന്നു. അതിനാൽ അയാൾ വിവാഹദല്ലാൾ ജോലിയിൽ ഏർപ്പെടു വാൻ തുടങ്ങി. ഇതിൽ വിജയവും ആദായവും ഉണ്ടായി. വിവാഹബ്രോക്കറായി അയ്മനം ഔസേപ്പിനെ പാലായിൽ പലയിടത്തുവച്ചും കാണാമായിരുന്നു. തൻെറ മലബാർകുടി യേററാനുഭവങ്ങൾ വിവരിച്ചുപറയുവാൻ അയാൾ ഒട്ടും വൈമന സ്യം കാണിച്ചിരുന്നില്ല.

# പ്രതീക്ഷകൾ തകരുന്നു

1927–നും 1930–നും ഇടയ്ക്കുള്ള കാലയളവിൽ പതിനാറു വീട്ടുകാർ കുററിയാടിയിൽ മൂന്നാംകയ്യിലും സമീപപ്രദേശങ്ങളിലുമായി വന്നു താമസം തുടങ്ങി. പരസ്പരം കണ്ടുമുട്ടി ആലോചിച്ചല്ല അവർ മലബാറിലേയ്ക്കു പുറപ്പെട്ടതും കുററിയാടിപ്രദേശത്തു വന്നതും. കുടുംബസഹിതമാണ് അവരെല്ലാവരും എത്തിയതു്. ആർക്കും ബന്ധുക്കളോ ചാർച്ചക്കാരോ സ്നേഹിതന്മാരോ അവിടെങ്ങും ഉണ്ടായിരുന്നില്ല. കുററിയാടിയിലെ കേരവൃക്ഷങ്ങളെപ്പററി എല്ലാവരും കേട്ടിരുന്നു. ചിലരെല്ലാം നേരത്തേവന്നു സ്ഥലംകണ്ടിരുന്നു. അവിടെ കുറേ സ്ഥലംവാങ്ങി കൃഷിനടത്തണമെന്നു കൃഷിക്കാരായ അവരെല്ലാം ആഗ്രഹിച്ചു. അങ്ങനെ ഇറങ്ങിപ്പുറപ്പെട്ടു. അനന്തരഫലത്തെപ്പററി ഒന്നും ചിന്തിച്ചില്ല. ഒന്നുരണ്ടുകൊല്ലംകൊണ്ടാണ് അത്രയുംപേർ മൂന്നാംകയ്യിൽവന്നു താമസമാക്കിയതു്.

വെട്ടുകല്ലേൽ അമ്മാൻ (ഇടമററം, പാലാ), ചേലക്കണ്ടത്തിൽ ഔത (തൊടുപുഴ), ശ്രാട്ടേൽ ആശാൻ (പ്രവിത്താനം–പാലാ), പള്ളത്തു മത്തായിവാദ്ധ്യാർ, കാനംകുന്നേൽ വർക്കി (വാഴക്കുളം), കുന്നത്തു കുര്യാക്കോസ് (കുളത്തൂർ), ഏറാത്തയിൽ ജോസഫ് (ഇടമററം) എന്നിവരുടെ പേരുകൾമാത്രമേ ആ പതിനാറു കുടുംബങ്ങളിൽ ഇപ്പോൾ അറിയപ്പെടുന്നുള്ളു. മററുള്ളവരുടെ പേരുകൾ ആരും ഓർക്കുന്നില്ല.

എല്ലാവരും ഏററുമാടങ്ങൾ കെട്ടിയുണ്ടാക്കി. കൃഷിപ്പണികൾ ചെയ്തു; ചെയ്യിച്ചു. അടുത്തു താമസമാക്കിയവർ തമ്മിൽ പരിചയപ്പെട്ടു. പരസ്പരം സഹായിച്ചു. ഇവരിൽ കുറച്ചു പ്രാബല്യവും കഴിവുമുണ്ടായിരുന്ന വ്യക്തിയാണു ശ്രാട്ടേലാശാൻ. അറക്കുളം, മൂലമററം, കലയന്താനി, വെള്ളിയാമററം, മുതലായ കുടിയേററസ്ഥലങ്ങളുടെ പടിവാതിലായ തൊടുപുഴപ്പട്ടണത്തിൽ അദ്ദേഹം ഒരു കച്ചവടം നടത്തിയിരുന്നു.

തൻെറ കടയിൽ ഇരുന്നു പലരും മലബാറിനെപ്പററിയും കുററിയാടിത്തെങ്ങിനെപ്പററിയും പറയുന്നതു കേട്ടിട്ടുണ്ട്. ഒന്നു പോയിക്കണ്ടാൽ കൊള്ളാമെന്നു വലിയ ആഗ്രഹം. അങ്ങനെ ഇരിക്കുമ്പോഴാണു തൻെറ സ്നേഹിതൻ ചേലക്കണ്ടത്തിൽ ഔത അടുത്തദിവസം മലബാറിനു പോവുകയാണെന്ന് അറിഞ്ഞതു്. താനുംകൂടെ വരാമെന്ന് ആശാൻ അറിയിച്ചു. രണ്ടുപേരുംകൂടെ പോയി. ഔത കുററിയാടിഭാഗത്തു് 1500 ഏക്കർ സ്ഥലം നേരത്തേ വാങ്ങിയിരുന്നു. ആശാൻ നാലുദിവസം കഴിഞ്ഞു മടങ്ങിയെത്തി. അദ്ദേഹം മക്കളോടും ഭാര്യയോടും പറഞ്ഞു: "ഞാൻ കുറെ സ്ഥലം ഇടപാടുചെയ്തു. കുററിയാടിയിലെ കേരവൃക്ഷങ്ങളും കൃഷികളും കാണേണ്ടതാണ്. നിങ്ങടം നാലു് ആണുങ്ങളല്ലേ ഉള്ളതു്. നമുക്കും അവിടെപ്പോയി കൃഷി നടത്താം. ഈ കച്ചവടത്തെക്കാടം നല്ല അഭിവൃദ്ധിയുണ്ടാകും". മക്കാംക്കു നല്ല തൃപ്തി ഉണ്ടായിരുന്നില്ല. എങ്കിലും 1927-ൽ കാവിലുംപാറ അടുത്തു മൂന്നാംകയ്യിൽവന്നു് അയാാം സകുടുംബം താമസമാക്കി. വീട്ടുസാമാനങ്ങളും കച്ചവടപ്പീടികയിലെ കുറേ സ്റ്റേഷനറിസാമാനങ്ങളും ഒരു ലോറിയിൽ ആലുവാവരെ കൊണ്ടുപോന്നു. അവിടന്നു തീവണ്ടിവഴി വടകര എത്തി. പിന്നെ കുററിയാടിവരെ ബസ്സിനുപോന്നു. അന്നും കുററിയാടിവരെ വളരെ ചുരുക്കമായെങ്കിലും ബസ്സ് ഉണ്ടായിരുന്നു.

ആശാൻ മൂന്നാംകയ്യിൽ കുറെ സ്ഥലവും, വളവംകോട്ടമലയുടെ അടുത്തു പത്തു് ഏക്കർ സ്ഥലവുമാണു വാങ്ങിയതു്. വളവംകോട്ടസ്ഥലം റോഡുസൈഡിലും ആ നാട്ടുകാരുടെ പറമ്പുകളുടെ സമീപത്തുമായിരുന്നു. ഏതാനും മാസം കഴിഞ്ഞശേഷമാണു ബാക്കി പതിന്നാലു വീട്ടുകാർ ഓരോരുത്തരായി വന്നു താമസം തുടങ്ങിയതു്. എല്ലാവരും തെങ്ങുവച്ചു. മററു കൃഷികളും നടത്തി. എന്നാൽ എല്ലാവരും മലമ്പനിയുടെ ആക്രമണത്തിനിരയായി. പനികൊണ്ടു പലക്കും പണിയെടുക്കാൻ സാധിക്കാതെവന്നു. തന്മൂലം കൂലിക്കാരെക്കൊണ്ടാണു പണി നടത്തിയിരുന്നതു്. അഞ്ചാറുകൊല്ലം നോക്കിയിരിക്കണമല്ലൊ തെങ്ങിൻെറ ഫലം ലഭിക്കുവാൻ. ദീർഘദൃഷ്ടിയുള്ള ആശാൻ ആദ്യകൊല്ലംതന്നെ 500 തെങ്ങു നട്ടു. രണ്ടുമൂന്നു ദിവസംകൊണ്ടു് അതെല്ലാം മലാൻ പറിച്ചുതിന്നു. മററുള്ളവരുടെ തെങ്ങുകൃഷിയും കാട്ടുമൃഗങ്ങടം നശിപ്പിച്ചു. ചേന, ചേമ്പ്, വാഴ ഇവയെല്ലാം പന്നിയും മററു മൃഗങ്ങളും തിന്നു. മലമ്പനി

എല്ലാവരേയും ബാധിച്ചു എന്നു പറഞ്ഞല്ലോ. കുററിയാടിയിലെ സക്കാർവക ഡിസ്പൻസറിയിൽ നല്ല ഔഷധങ്ങളൊന്നുമില്ല. അതിനടുത്ത ഒരു കടയിൽനിന്നു പൈസകൊടുത്തു വാങ്ങണം. അങ്ങനെ വാങ്ങികഴിച്ചു. എന്നിട്ടും രോഗം മാറാതെ പലരും മരിച്ചു. കുനംകുന്നേൽ വർക്കി വന്നു് ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഈ സ്ഥിതിഗതികൾ കണ്ടു കോളയാട്ടിനുപോയി. പിന്നെയും മരണം സംഭവിച്ചു. പലരും കൊണ്ടുവന്ന പണം മരുന്നു വാങ്ങിയും പണിക്കാക്കു കൂലികൊടുത്തും തീൎന്നുതുടങ്ങി. പണിയെടുക്കുന്നതിനും എടുപ്പിക്കുന്നതിനും ഉന്മേഷമില്ലെന്നായി. രണ്ടുകൊല്ലം തികയുന്നതിനുമുമ്പ് ഓരോരുത്തരും ഉള്ള ജീവനുംകൊണ്ടു നാട്ടിലേയ്ക്കു പുറപ്പെട്ടു. മലബാറിലെ മലമ്പനിയും അവരെ അനുഗമിച്ചിരുന്നു. അവരെല്ലാവരും നാട്ടിലെത്തിയോ എന്നറിഞ്ഞുകൂടാ.

ശ്രാട്ടേലാശാൻ പിടിച്ചുനിന്നു. ബുദ്ധിമാനായ അദ്ദേഹം ഉള്ളനാട്ട് ഇടവകക്കാരനും വാസനാസമ്പന്നനായ ഒരു പാട്ടുകാരനും ദേവാലയഗായകസംഘം നേതാവുമായിരുന്നു. സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാനും അദ്ദേഹത്തിനു വശമായിരുന്നു. ഇതെല്ലാം അദ്ദേഹം മററുള്ളവരെ പഠിപ്പിച്ചു. ശിഷ്യന്മാർ വിളിക്കുന്നതു കേട്ട് എല്ലാവരും അദ്ദേഹത്തെ ആശാൻ എന്നു വിളിച്ചുപോന്നു. അക്കാലത്തു് അദ്ധ്യാപകരെ ആശാൻ എന്നായിരുന്നല്ലോ വിളിച്ചിരുന്നതു്.

ആശാനു കുറെ സാമ്പത്തികശക്തിയുണ്ടായിരുന്നു. നട്ട തെങ്ങെല്ലാം മലാൻ പറിച്ചുതിന്നെങ്കിലും അതേ കുഴിയിൽ വീണ്ടും തെങ്ങുവെച്ചു. കാട്ടുമൃഗങ്ങൾ കേറാതെ വേലികെട്ടി. പറമ്പിൽ ഒരു മാടം കെട്ടിയുണ്ടാക്കി, രാത്രിയിൽ കാവലിരുന്നു. അങ്ങനെ തെങ്ങും കമുകും മുളകുകൊടിയും വാഴയും നെല്ലും കപ്പയും എല്ലാ പച്ചക്കറികളും ധാരാളമായി വിളയിച്ചു. ഭക്ഷ്യവിഭവങ്ങൾ സുഭിക്ഷം. പക്ഷേ, കുററിയാടിയിൽ ബസ്സു വരുന്നിടത്തു് എത്തിച്ചെങ്കിലേ ഇവയ്ക്കു് എന്തെങ്കിലും വില കിട്ടുകയുള്ളൂ. ചുമട്ടുകൂലി കൊടുക്കുന്നതിനുള്ളവക കൃഷിക്കാരനു കിട്ടുകയില്ല. പട്ടിണിയില്ലാതെ സുഭിക്ഷമായി ഭക്ഷണം കഴിച്ചു ജീവിക്കുവാൻ സാധിച്ചതുമാത്രം ലാഭം.

ജന്മിയുടെവക ഒരു പീടികക്കെട്ടിടം വാടകക്കെടുത്തു് അതിൽ ആരംഭംമുതൽതന്നെ അവർ താമസവും കച്ചവടവും നടത്തിപ്പോന്നു. തൊട്ടുപുഴയിൽനിന്നു കൊണ്ടുപോന്ന സ്റ്റേഷ

നറിസാമാനങ്ങളും മററും അതിനുപകരിച്ചു. ജന്മിക്കു മരത്തിൻെറ ബിസ്സിനസ്സുണ്ടു്. ആനയും പണിക്കാരും നിരവധി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ തൻെറ പണിക്കാർക്കും മററുംവേണ്ട അരിസാമാനങ്ങൾക്കൂടി പീടികയിൽനിന്നു കൊടുത്തുകൊള്ളുവാൻ ജന്മി പറഞ്ഞു. കച്ചവടം നല്ല ഉഷാറായി. ധാരാളം ചെലവുണ്ടായി. ആശാൻ പുരപണി ആരംഭിച്ചു, പത്തു് ഏക്കറിൽ. അതു നാട്ടുകാരുടെ പുരയിടത്തിനു് അടുത്താണു്. ഒരു ആല ഉണ്ടാക്കി. കുറേ മരം അറപ്പിച്ചു് ഉരുപ്പടികൾ ആ ആലയിൽ അടുക്കിവച്ചു. തല്ക്കാലം താമസവും അവിടെയാക്കി. ഒരു രാത്രി ഒരു സംഭവമുണ്ടായി. ആശാൻെറ കനിഷ്ഠപുത്രൻ കൊച്ചു് ഉരുപ്പടികളുടെ പുറത്തു കിടന്നുറങ്ങുകയായിരുന്നു. നല്ല ഉറക്കം. നേരം പാതിരാത്രി കഴിഞ്ഞുകാണും. തൻെറ കാലിൽ ഉപ്പൂററിക്കു് എന്തോ കടിക്കുന്നു. കടിച്ചുവലിക്കുന്നു. കൊച്ചു് രണ്ടുകൈകൊണ്ടും തടിയിൽ മുറുകെപ്പിടിച്ചു തലയ്ക്കലേയ്ക്കു വലിച്ചു. പാതിരാനേരത്തു് ഒരു വടംവലി. തന്നെ ആരോ കടിച്ചുവലിച്ചുകൊണ്ടുപോകുന്നുവെന്നു കൊച്ചു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. കാൽഭാഗത്തുള്ളവനാണു ജയം. പിടിച്ചിരിക്കുന്ന മരത്തോടുകൂടി കൊച്ചു് കടിച്ചവൻെറ വശത്തേയ്ക്കു രണ്ടുമൂന്നടിയോളം നീങ്ങി. കൊച്ചു വിട്ടുകൊടുത്തില്ല. അവൻ ഇളകാത്ത ഈടുള്ള മരത്തിൽ കടന്നു പിടിച്ചു. കനത്ത വടംവലി. ബാലൻസുചെയ്യുന്ന മത്സരം. മാത്രമല്ല, കൊച്ചു് തന്നെ കടിക്കുന്നവൻെറ തലക്കിട്ടു് ഇടത്തു കാൽകൊണ്ടു ചവിട്ടി. ഉപ്പൂററിയുടെ കട്ടിയുള്ള തോൽ പറിഞ്ഞു. പിടിവിട്ടു. വിളക്കു കത്തി. വീണ്ടും കടിക്കുവാൻ ശത്രുവിനു് ഇടകിട്ടിയില്ല. ഇര ഉപേക്ഷിച്ചു വാലും ചുഴററിക്കൊണ്ടു കടുവാച്ചേട്ടൻ മുററത്തിനപ്പുറത്തു ചാടി ഓടിപ്പോയി. കടുവായ്ക്കു് പാദത്തിൻെറ എല്ലുകൂട്ടി കടിക്കുവാൻ പററിയില്ല. അതുകൊണ്ടു് അവൻെറ ഇര നഷ്ടപ്പെട്ടു. കാലിനു ശാശ്വതമായ ക്ഷതമൊന്നും ഉണ്ടായില്ല. എങ്കിലും ഉപ്പൂററിയുടെ തോൽ ചീന്തിപ്പറിഞ്ഞുപോയി. എട്ടൊമ്പതുമാസം ചികിത്സയിൽ കഴിയേണ്ടിവന്നു.

മാസങ്ങൾ കഴിഞ്ഞു. ജന്മി പീടികയിൽനിന്നു് സാമാനങ്ങൾ പതിവായി പററുന്നു. ആശാൻെറ കൈവശമുണ്ടായിരുന്ന പണമെല്ലാം തീൻ്നു. ജന്മിയുടെ അടുക്കൽച്ചെന്നു് പണം ചോദിച്ചു. നാളെയാകട്ടെ, വൈകുന്നേരമാകട്ടെ എന്നു് അവധിപറഞ്ഞു വിടുകയാണു്. അവധിപറച്ചിൽ തുടങ്ങിയിട്ടു് മാസങ്ങളായി. പണക്കാരൻെറ പടി കാത്തുകാത്തു് ആശാൻ

മടുത്തു. പന്തീരായിരം രൂപ കിട്ടാനുണ്ട്. തന്റെ വീടും പുരയിടവും വിററുകൊണ്ടുവന്ന പണം! കച്ചവടം മുമ്പോട്ടു കൊണ്ടുപോകുവാൻ പററുന്നില്ല. ഈ അവധിപറച്ചിൽ തന്നെ മനഃപൂർവ്വം തോല്പിക്കാനാണെന്നു ബോദ്ധ്യമായി. കച്ചവടം നിന്നു. സഹായത്തിനാരുമില്ല. പിണങ്ങിയാലും തനിക്കായിരിക്കും കൂടുതൽ ദോഷം. എല്ലാവരും പഞ്ചപുച്ഛമടക്കിനിന്നാദരിക്കുന്ന ഭയങ്കരനായ കുബേരൻ. താൻ നട്ടുപിടിപ്പിച്ച മുളകുവള്ളി കായ്ച്ചുതുടങ്ങി. കമുകും തെങ്ങും രണ്ടുമൂന്നു കൊല്ലംകൂടി കഴിഞ്ഞാൽ കായ്ക്കും. പിന്നീട് ഇവിടെ ജീവിക്കാൻ തന്നെ അനുവദിക്കുകയില്ല. എവിടെയെങ്കിലും പൊയ്ക്കൊള്ളുയാം. എങ്ങോട്ടാണ് പോകേണ്ടതു്. ആശാൻ ചിന്തിച്ചു. മാനന്തവാടിയിൽ കത്തോലിക്കാപ്പള്ളിയും വൈദികനും ഉണ്ടെന്നു കേട്ടിട്ടുണ്ട്. മാനന്തവാടി കത്തോലിക്കാപ്പള്ളി വികാരിക്കു് ഒരു കത്തെഴുതി. കുററിയാടിയിൽ പതിനാറു വീട്ടുകാർ തിരുവിതാംകൂറിൽനിന്നും വന്നു താമസിച്ചിരുന്നു. ജീവിതവിഷമങ്ങളാൽ പതിനഞ്ചു വീട്ടുകാരും എവിടേക്കെല്ലാമോ പോയി. ഇപ്പോൾ ഞങ്ങൾ ഒരു വീട്ടുകാർ മാത്രം. ഒരു കൊല്ലമായി ഇവിടെ കഴിയുന്നു. ജീവിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഞങ്ങളെ സഹായിക്കണം. മാനന്തവാടിക്കുപോരാൻ ആഗ്രഹിക്കുന്നു. ഇതായിരുന്നു കത്തിന്റെ ഉള്ളടക്കം. ഉടൻ പള്ളിവികാരി ഫാദർ ലംബർഡീനി എസ്. ജെ. യുടെ മറുപടി കിട്ടി. "കുടുംബസഹിതം വന്നുകൊള്ളുക. എല്ലാ സഹായങ്ങളും ചെയ്തു തരാം. തിരുവിതാംകൂർകാരൻ കുടക്കച്ചിറ കുട്ടി ഇവിടെ അടുത്തു താമസമാക്കിയിട്ടുണ്ട്." ആശാനു് ആശ്വാസമായി. ദൈവത്തെ സ്തുതിച്ചു.

ആശാൻ ജന്മിയെ സമീപിച്ച് മാനന്തവാടിക്കു പോകുവാനുള്ള തീരുമാനത്തെപ്പററി പറഞ്ഞു. സ്ഥലവും കൃഷികളും മുതലാളിതന്നെ എടുത്തുകൊണ്ട് പ്രയത്നത്തിന്റെ വില തന്നു് തന്നെ അയയ്ക്കണമെന്നാവശ്യപ്പെട്ടു. ആർക്കെങ്കിലും കൊടുത്തു കൊള്ളുക; തനിക്കു വേണ്ടാ എന്നായിരുന്നു ജന്മിയുടെ മറുപടി. മാനന്തവാടിയിൽ എത്തുവാനുള്ള വഴിച്ചിലവെങ്കിലും തരണമെന്നപേക്ഷിച്ചിട്ട് കൊടുത്തില്ല. ഒടുവിൽ 50 രൂപ മുതൽ കുട്ടികൾക്കു് ചായ കുടിക്കുവാൻ ഒരു രൂപാവരെ ചോദിച്ചിട്ടും യാതൊന്നും കൊടുക്കാതെ വിട്ടു. ആശാന്റെ നിസ്സഹായത കണ്ടു് അയാൾക്കു് പണിയെടുത്തിരുന്നവർ വീട്ടുസാമാനങ്ങൾ കാളവണ്ടിവരുന്നിടംവരെ—മട്ടിലംവരെ—കൂലികൂടാതെ ചുമന്നു

കൊണ്ടുപോയി കൊടുത്തു. അതുപോലെ പരിചിതരായിരുന്ന കുഞ്ഞോംകാരൻ ഒരു മാപ്പിള അയാളുടെ കാളവണ്ടിയിൽ സാമാനങ്ങളെല്ലാം കൂലികൂടാതെ മാനന്തവാടിയിൽ എത്തിച്ചു കൊടുത്തു.

1932–ൽ മാനന്തവാടിയിൽ എത്തിയ ആശാനും കുടുംബവും ലോനപ്പൻ മേസ്തിരിയുടെ വീട്ടിൽ ഒരു മാസത്തോളം താമസിച്ചു. വികാരി ഫാ. ലെംബർഡിനി അച്ചൻ വേണ്ട ഒത്താശകഠം ചെയ്തിരുന്നു. പിന്നീട് എരുമത്തെരുവിൽ കൊണ്ടപ്പച്ചെട്ടിയാരുടെ ഒരു പീടിക വാടകക്കെടുത്തു് അതിൽ താമസിച്ചു. ചില വീട്ടുസാമാനങ്ങഠം വിററു് ആറുമാസക്കാലം ചായക്കച്ചവടംചെയ്തു് ഒരുവിധം അനുദിനച്ചിലവുകഠം നടത്തിപ്പോന്നു. ക്രമേണ ആശാനും മൂന്നു മക്കഠംക്കും ജെസ്സി എസ്റ്റേററിലും മററും ജോലി കിട്ടി. 1933–ൽ മാനന്തവാടിയിൽ തഹസീൽദാരായിരുന്ന മി. സെക്യൂറാ, ഏതോ നികുതി കുടിശ്ശികയ്ക്കുവേണ്ടി ആറേക്കർ സ്ഥലം ലേലംചെയ്തു. ആശാൻെറ പേരിൽ ലേലം ഉറപ്പിച്ചു് പട്ടയം കൊടുത്തു. ആശാൻെറ പെരുമാററമര്യാദയും ആ കുടുംബത്തിൻെറ നിസ്സഹായതയുംകണ്ടു് മി. സെക്യൂറായും വില്ലേജ് അധികാരിയുമാണു് ആശാനുവേണ്ടി ലേലസംഖ്യ കെട്ടിവെച്ചതു്. അവർ ആ സ്ഥലം കൃഷിചെയ്തു് ആദായകരമാക്കി. ക്രമേണ അവക്കു് എല്ലാത്തരത്തിലും പുരോഗതിയുണ്ടായി. കൂടുതൽ സ്ഥലം വാങ്ങി. അവർ മാനമായും സൗഭാഗ്യപൂർണ്ണമായും ജീവിച്ചു. ആശാൻ 1943–ലും ആശാൻെറ ഭാര്യ 1945–ലും മൃതിയടഞ്ഞു.

പണക്കാരനായ പോളച്ചിറ (മാവേലിക്കര) കൊച്ചീപ്പത്തരകൻ കുററിയാടി ഭാഗത്തു് 1929–ൽ ''കുന്നശ്ശേരി'' മുതൽ ''കൂവപ്പൊയിൽ''വരെയുള്ള കുറേ ഏക്കർ സ്ഥലം കുത്താളി നായരോടു വാങ്ങി. വിവിധതരത്തിലുള്ള കൃഷിത്തോട്ടം വയ്ക്കുവാൻ നിശ്ചയിച്ചു. മക്കളും റൈട്ടർമാരും സൂപ്രണ്ടന്മാരും സ്ഥലത്തുവന്നു. ധാരാളം കൂലിക്കാരെ–പുരുഷന്മാരേയും സ്ത്രീകളേയും–ജോലിയിൽ ഏർപ്പെടുത്തി. തെങ്ങു്, അടയ്ക്കാ, റബ്ബർ എന്നിവയുടെ നഴ്സറികഠം നിർമ്മിച്ചു. വലിയ തോതിലുള്ള കൃഷികഠംക്കു് തുടക്കമിട്ടു. നെല്ലു വിതച്ചു. അപ്രതീക്ഷിതമായ നല്ല വിളവു്. എല്ലായിടത്തും ആനന്ദവും ആഹ്ലാദവും. എന്നാൽ ഉദ്യോഗസ്ഥന്മാരുടെ ജീവിതം മാതൃകാപരമായിരുന്നില്ല. അവർ സ്ത്രീകളുടെ വശീകരണങ്ങളിൽപ്പെട്ടു് മുതലാളിയുടെ പണമെല്ലാം ധൂർത്തടിച്ചു. തരകൻെറ പുത്ര

ന്മാക്കു് ഇതു് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഏതോ കാരണം പറഞ്ഞു ജന്മിയായ നായരുടെ കാര്യസ്ഥന്മാർവന്നു് വിളഞ്ഞു കിടന്നിരുന്ന നെല്ലെല്ലാം കൊയ്തുകൊണ്ടുപോയി. അഭിമാന ഭഞ്ജിതനായ തരകൻ എല്ലാം ഉപേക്ഷിച്ചു് നാട്ടിലേയ്ക്കു മടങ്ങി പ്പോരുവാൻ മക്കളോടു് ആജ്ഞാപിച്ചു. അങ്ങനെ മലബാറിനു്, നല്ല ഒരു നേതാവിൻേറയും വൻതോതിലുള്ള ഒരു കൃഷിക്കാരൻേറയും സേവനങ്ങൾ നഷ്ടപ്പെട്ടു.

ചാലക്കുടിക്കാരൻ ഓ.സി. ജോസ് ഒരു ചെറിയ മുതലാളിയാണു്. 1931–1935–ൽ കുററിയാടിയിൽ വന്നു. ശ്രീ ജോസ് യാദൃച്ഛികമായിട്ടാണു് മലബാറിൽ വരുവാൻ ഇടയായതു്. മലബാറിലേയ്ക്കു് പോരുന്ന കല്ലൂർ ഔതയെ കോട്ടയം–എറണാകുളം ബോട്ടിൽവെച്ചു കണ്ടുമുട്ടി. പരസ്പരം സംസാരിച്ചു. പരിചയപ്പെട്ടു. ജോസും കൂട്ടത്തിൽ മലബാറിലേയ്ക്കു പോന്നു. ജോസ്, ചെറുപ്പക്കാരനും ഉയന്ന അഭിലാഷങ്ങളുള്ളവനും സാഹസികനും ശുഭപ്രതീക്ഷയോടുകൂടിയവനുമായിരുന്നു. ഏതെങ്കിലും ഒരു നല്ല പ്രസ്ഥാനത്തിൽ ഇടപെട്ടു് പ്രവത്തിക്കണമെന്നു് അയാൾ ആഗ്രഹിച്ചു. കൃഷിയാണെങ്കിൽ രാജ്യത്തിൻെറ ഭക്ഷ്യനാണ്യവിഭവങ്ങൾ വർദ്ധിപ്പിക്കാം. തൊഴിലില്ലാത്ത സാധുക്കൾക്കു് തൊഴിൽ കൊടുക്കാം. കുത്താളി നായർ കുടുംബത്തിൽനിന്നു് കുറേ സ്ഥലം വാങ്ങി. അതിൽ മുന്നൂറു് ഏക്കർ തെളിച്ചു് റബർ കൃഷിചെയ്തു. കൂടാതെ കമുകും മുളകുകൊടിത്തോട്ടങ്ങളും വച്ചുപിടിപ്പിച്ചു. വാച്ചാപറമ്പിൽ കുഞ്ചെറിയാച്ചൻെറ അകലിപ്പുഴ സ്ഥലവും നെൽപ്പാടവുംകൂടി വിലയ്ക്കു വാങ്ങി. അങ്ങനെ അദ്ദേഹം ഒരു വലിയ സംഖ്യ മലബാറിൽ മുടക്കി, നിഷ്ക്കർഷയോടെ പണിയെടുപ്പിച്ചു. കാത്തലിക് ബാങ്കിൽനിന്നു് (മാറാട്ടുകുളം–ചങ്ങനാശ്ശേരി) കടമെടുത്തതായിരുന്നു മുടക്കുസംഖ്യയിൽ നല്ലഭാഗം. ജോസ് എടുത്ത കടസംഖ്യ ഈടാക്കുവാൻ സാധാരണ മാർഗ്ഗത്തിൽക്കൂടി സാധിക്കുകയില്ലെന്നു ബാങ്കുകാർ മനസ്സിലാക്കി. അവർ ജോസിനെ സ്വാധീനിച്ചു വടകരെ കൊണ്ടുപോയി ശ്രീ ജോസ് കള്ളവേലിയേയും മററും മദ്ധ്യസ്ഥരാക്കിനിത്തി ക്കൊണ്ടു് ഓ.സി. ജോസിൻെറ തോട്ടങ്ങളും സ്ഥലങ്ങളുമെല്ലാം തങ്ങളുടെ പേരിലേയ്ക്കു് ഒരുതരത്തിൽ എഴുതിവാങ്ങി. ശ്രീ ഓ. സി. ജോസ് ഇപ്പോഴും മാനമായി ജീവിക്കുന്നു. എങ്കിലും പ്രതീക്ഷകൾ മുഴുവനുമെന്നല്ല, ഒരംശംപോലും പൂത്തിയാക്കുവാൻ സാധിച്ചില്ല.

വാച്ചാപറമ്പിൽ ശ്രീ കുഞ്ചെറിയാച്ചൻ (പുളിങ്കുന്ന്) 1933-34-ൽ കായൽപോലെ കിടന്നിരുന്ന അകലിപ്പുഴസ്ഥലം (പയ്യോളി) എഴുതിവാങ്ങി. അദ്ദേഹം മലബാറുകാർ കണ്ടിട്ടില്ലാത്ത ഒരു സംരംഭം നടത്തി. കുട്ടനാടൻ കായലിൽ ചിറകെട്ടി, പമ്പുവച്ച് വെള്ളം വററിക്കുന്നതുപോലെ അകലിപ്പുഴയിലുംചെയ്തു. അങ്ങിനെ അവിടെ നെൽകൃഷി നടത്തി. നല്ല വിളവുണ്ടായി. ചിറയിൽ തെങ്ങുവച്ചുപിടിപ്പിച്ചു. നെല്ലുകൊണ്ടുതന്നെ നല്ല ആദായമുണ്ടായി. രണ്ടാമത്തെ കൃഷിക്ക് ഏതോ തകരാർ സംഭവിച്ചു. കുഞ്ചെറിയാച്ചന് പുളിങ്കുന്നിലേയ്ക്കു പോകേണ്ട ആവശ്യംവന്നു. അദ്ദേഹം ശ്രീ ഓ. സി. ജോസിന് തൻെറ സ്വത്തുക്കൾ വിററശേഷം സ്ഥലംവിട്ടു.

ഇങ്ങനെ മുൻപറഞ്ഞ കുടിയേററ മുന്നണികൾക്കെല്ലാം പരാജയമാണു വന്നുഭവിച്ചത്. കാരണങ്ങൾ പലതായിരുന്നു. കാട്ടുപ്രദേശത്തെ ജീവിതത്തെപ്പററി വേണ്ട മുന്നറിവുണ്ടായിരുന്നില്ല. കാട്ടുമൃഗങ്ങളുടേയും ക്ഷുദ്രജീവികളുടേയും ശല്യങ്ങൾ നിസ്സാരമായി ഗണിച്ചിരുന്നു. ആളും പണവും ആവശ്യാനുസരണം ഉണ്ടായിരുന്നില്ല. കൃഷിചെയ്തും ചെയ്യിച്ചും അനുഭവപാഠങ്ങൾ കുറവായിരുന്നു. പള്ളിക്കപ്യാക്കും ചായക്കടക്കാരനും ഇതെങ്ങനെ ലഭിക്കും! അടുത്തെങ്ങും ഉററവരില്ല; ഉടയവരില്ല; മനുഷ്യരുമില്ല. പ്രസിദ്ധ മലയാളം ആഖ്യായികാകർത്താവായ സി. വി. രാമൻപിള്ളയുടെ ഭാഷയിൽ "ഝില്ലീഝങ്കാരനാദ മണ്ഡിതവും സിംഹവ്യാഘ്രശല്യാദിമൃഗഗണനിവേശിതവും ആയ ഘോരവിപനങ്ങളിലേയ്ക്കുള്ള" കുടിതാമസമായിരുന്നു ഈ പ്രസ്ഥാനമെന്നു പറഞ്ഞാൽ അതിൽ അധികം അതിശയോക്തിയില്ല. ആനയുടേയും കടുവായുടേയും അലർച്ചയല്ലാതെ ഒരു മനുഷ്യസ്വരം കേൾക്കുവാനോ ആവശ്യങ്ങളും ആശയങ്ങളും അറിയിക്കുവാനോ മാർഗ്ഗമില്ല. പലരും വിചാരിക്കുന്നതുപോലെ ഒരു നിസ്സാരകാര്യമല്ല ഇത്. ഡേവിഡ്ലിവിംഗ്സ്റ്റനെപ്പററി കേൾക്കാത്തവരില്ല. ആഫ്രിക്കൻ വനഗഹനതയിലേയ്ക്കുള്ള അദ്ദേഹത്തിൻെറ പര്യന്വേഷണങ്ങൾ ഒരിതിഹാസംതന്നെ സൃഷ്ടിക്കയുണ്ടായി. അതുപോലെ മലബാർകുടിയേററവും. ഗൗരവമായി പഠിച്ചു തയ്യാറെടുക്കേണ്ട ഒരു സംരംഭമായിരുന്നു മലബാർകുടിയേററം. ആരും കാലുകുത്തിയിട്ടില്ലാത്ത ഹിമാലയത്തിൻെറ ഒരു കൊടുമുടിയിലേയ്ക്ക്, ഭക്ഷണസാധനങ്ങളില്ലാതെ, ഔഷധങ്ങളില്ലാതെ, കമ്പിളിയും കയറുമില്ലാതെ ആരെങ്കിലും പുറപ്പെട്ട

മോ? കാട്ടിൽ താമസിച്ചുള്ള പരിചയം, കൃഷിപ്പണികളെപ്പ
ററിയുള്ള പ്രായോഗികജ്ഞാനം, ഇതൊന്നുമില്ലാത്തവർ മല
ബാറിലെ വൻകാടുകളിൽ കുടുംബസഹിതം താമസിക്കുവാൻ
ചെന്നാൽ വിജയിക്കയില്ല. മുൻകരുതൽ ഉള്ളവർപോലും
തോററുപോകുന്ന ചുററുപാടുകൾ!

ആദ്യംവന്നവർ പററെ തകർന്നുപോയി. മററുള്ളവരുടെ
തോൽവി അത്ര ദയനീയമായിരുന്നില്ല. പ്രതീക്ഷിച്ചത്ര വി
ജയം അവർക്കുണ്ടായില്ലെന്നേയുള്ളു. മേൽനോട്ടത്തിൽവന്ന
അപാകതകളും എല്ലാം പെട്ടെന്നു നേടിക്കളയാമെന്ന അതി
മോഹവുമായിരുന്നു അവരുടെ അപജയത്തിനു കാരണം.

## കീഴടങ്ങുന്ന വനഭൂമി

പാലായിലെ പ്രശസ്ത കുടക്കച്ചിറ കുടുംബാംഗമായ ശ്രീ കെ. പി. മാത്യു വിദ്യാസമ്പന്നനാണ്. ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കും. ഇംഗ്ലീഷ് പുസ്തകങ്ങൾ പതിവായി വായിക്കും. യാത്രചെയ്യുവാൻ ഇഷ്ടമാണ്. ഭാരതത്തിൻെറ പല ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്. നല്ല കൃഷിക്കാരനുമാണ്. തോട്ടം ഉടമകളും സുപ്രണ്ടന്മാരുമായ ബന്ധുക്കളും ചാർച്ചക്കാരും സതീർത്ഥ്യരായ ഗവമ്മേൻറുദ്യോഗസ്ഥന്മാരും അദ്ദേഹത്തിനു സുലഭമായുള്ളതിനാൽ യാത്രയ്ക്കു പലപ്പോഴും കാരണങ്ങളുണ്ടാകും. കരിപ്പാപ്പറമ്പിക്കാർ മാത്യുവിൻെറ ചാർച്ചക്കാരാണ്. മണ്ണാർകാട്ട് അവരുടെ എസ്റ്റേററിലേയ്ക്ക് അവർ മാത്യുവിനെ ക്ഷണിച്ചു. 1927-ൽ മാത്യു മണ്ണാർക്കാട്ടു വന്നു. കുറെ സ്ഥലമെടുക്കുവാൻ അവർ നിർബന്ധിച്ചു. അവിടത്തെ സ്ഥലം കൃഷിക്കുപററിയതാണെന്നു മാത്യുവിനു മനസ്സിലായി. പക്ഷേ ഒരു പോരായ്മ. അടുത്തെങ്ങും കത്തോലിക്കാദേവാലയമില്ല. ഇരുപതുമൈൽ ദൂരെ പാലക്കാട്ടു പോകണം, ഒരു പള്ളിയുടേയും വൈദികൻേറയും സേവനം ലഭിക്കാൻ. ആകയാൽ സ്ഥലത്തിന് ഇടപാടൊന്നും ചെയ്യാതെ മി. മാത്യു കോഴിക്കോട്ടേയ്ക്കു പോന്നു. കൈവശം പണമുള്ളതിനാൽ ഹോട്ടലിൽ താമസിക്കുവാൻ അദ്ദേഹം ഭയപ്പെട്ടു. സ്ഥലത്തെ കത്തീഡ്രൽ പള്ളിയിൽ എത്തി. രാത്രി അതിക്രമിച്ചിരുന്നതിനാൽ ഗെയ്ററു പൂട്ടിപ്പോയിരുന്നു. എങ്കിലും ബ. അച്ചനെ വിളിച്ച് അകത്തുകടന്നു. യൂറോപ്യനച്ചൻ. മുൻകൂട്ടി അറിയിക്കാതെ അസ്സമയത്തു വന്നതുകൊണ്ട് അദ്ദേഹത്തിന് അല്പം നീരസമുണ്ടായി. എങ്കിലും മാത്യുവിൻെറ മര്യാദയായ പെരുമാററവും ഭംഗിയായ ഇംഗ്ലീഷ് സംസാരവും ആഗമനോദ്ദേശ്യവും ഗ്രഹിച്ചപ്പോൾ അദ്ദേഹം ശാന്തനായി, സുഹൃത്തായി. പണം സൂക്ഷിക്കുവാനേററു. ഉറങ്ങുവാൻ സൗകര്യങ്ങളും നല്കി. കൂടാതെ ധാരാളം സംസാരിക്കുകയുംചെയ്തു. കൃഷിക്കു സ്ഥലം വാങ്ങുന്നതിനു കോളയാട്ടുപോയി ഫാ. പോൾ ഫെർണാണ്ടസിനെ

കാണുന്നതിന്‌ അദ്ദേഹം ഉപദേശിച്ചു. വഴിയും പറഞ്ഞു കൊടുത്തു. കത്തീഡ്രൽ പള്ളിവികാരിയായ ഫാ. ബെറേറാ എസ്‌. ജെ. യുടെ ഉപദേശപ്രകാരം മാത്യു കോഴിക്കോട്ടുനിന്നു് തലശ്ശേരിയിൽ വന്നു. ഏതോ ഒരു ബസ്സിനു കൂത്തുപറമ്പി ലെത്തി. എല്ലാ ദിവസങ്ങളിലും പേരാവൂക്കു ബസ്സില്ല. ഭാഗ്യത്തിനു് അന്നു് ബസ്സുണ്ടായിരുന്നു. പെരുമാറം ബസ്സ്‌. എട്ടു സീററ്‌ ബസ്സാണെങ്കിലും അൻപതു് ആളുകളും അവരുടെ മാക്കറ്റുസാമാനങ്ങളും അതിൽ കയററും. ഷർട്ടും ബനിയനും ബ്ലൗസുമില്ലാത്തവരായിരുന്നു ഭൂരിപക്ഷം യാത്രക്കാരും. മാത്യുവിനു പുതുമയും അരോചകത്വവും തോന്നി. തിങ്ങി ഞെരുങ്ങി ഇരുന്നും കുനിഞ്ഞുനിന്നും ഒരുവിധത്തിൽ കോളയാട്ടെത്തി. ബസ്സിറങ്ങിയിട്ടു രണ്ടുമൂന്നു ഫർലോംഗ്‌ നടക്കണം പള്ളിയിലേയ്ക്കു്. ഇടതൂർന്നു വളരുന്ന വൃക്ഷങ്ങടംനിറഞ്ഞ വനത്തിൽക്കൂടെ പോകണം. ആന മുതലായ കാട്ടുമൃഗങ്ങളുടെ സങ്കേതസ്ഥാനങ്ങളാണ്‌. എല്ലാവശവും നോക്കിക്കൊണ്ടു് അതിശ്രദ്ധയോടെ വേഗത്തിൽ നടന്നു പള്ളിയിലെത്തി. ബ. ഫെർണാണ്ടസ്‌ അച്ചൻ അവിടെ ഉണ്ടു്. പേടിയും കിതപ്പും ഒട്ടു ശാന്തമായതു് അപ്പോഴാണ്‌.

ഫാ. പോറം റൊസ്സാരിയോ ഫെർണാണ്ടസ്‌ മംഗലാപുരം കാരനാണ്‌. ഒരു വലിയ മിഷനറി. അദ്ദേഹമാണ്‌ ആദ്യമായി കോളയാട്ടു് മിഷൻപ്രവത്തനങ്ങടം ആരംഭിച്ചതു്. 1923-ൽ സമാരംഭിച്ചു. യാതൊരു ജീവിതസൗകര്യങ്ങളുമില്ലാത്ത സ്ഥലം. കാട്ടുമൃഗങ്ങടം നിറഞ്ഞ വനപ്രദേശം. എന്നാൽ ഈ കാട്ടിൽ മൃഗങ്ങടം മാത്രമല്ല അമർത്യമായ ആത്മാവോടു കൂടിയ മനുഷ്യരുമുണ്ടു്. ആദിവാസികളായ കുറിച്ച്യരും പണിയരും. അവക്കു വിദ്യാഭ്യാസമില്ല. ചികിത്സാസൗകര്യങ്ങളില്ല. സ്രഷ്ടാവായ ദൈവത്തെപ്പററി ശരിയായ ജ്ഞാനമില്ല. ക്രിസ്തുവിനെപ്പററിയോ അവിടുത്തെ രക്ഷാകരപ്രവത്തനങ്ങളെപ്പററിയോ കേട്ടിട്ടേയില്ല. ഈ സാധുക്കളെ സഹായിക്കണമെന്നു ഫാ. ഫെർണാണ്ടസ്‌ നിശ്ചയിച്ചു. അവരുടെ ഇടയിൽ വന്നു താമസിക്കണം. അദ്ദേഹം 1923-ൽ കോളയാട്ടു വന്നു് കുറെ സ്ഥലം വാങ്ങി. ഒരു കെട്ടിടമുണ്ടാക്കി താമസവും തുടങ്ങി. അവരുടെ കുട്ടികടംക്കായി 1927-ൽ ഒരു സ്കൂറം ആരംഭിച്ചു. പലരും അദ്ദേഹത്തിൽ ക്രിസ്തുവിനെ ദശിച്ചു. മുപ്പതിൽപരം കുടുംബങ്ങടം ക്രിസ്തുമതം സ്വീകരിച്ചു. എല്ലാവരും സാധുക്കടം. യാതൊരു സംസ്കാരവും ഇല്ലാത്തവർ.

ആദ്ധ്യാത്മികമായി ചിന്തിക്കുവാൻ അവക്കു കഴിവില്ല. അവർ സംസാരിക്കുന്നതു് മലയാളമാണെങ്കിലും അതു മനസ്സിലാക്കു വാൻ വിഷമം. ഒരു പ്രാകൃതരൂപത്തിലുള്ള സംസാരം. ഇവരുമായി ബ. അച്ചൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണു് ശ്രീ. മാത്യു കയറിച്ചെന്നതു്. ബ. അച്ചനേയും ഇത്രയും ആളുകളേയും കണ്ടപ്പോഠം മാത്യുവിനാശ്വാസമായി. സന്തോഷമായി. ആഗമനോദ്ദേശ്യമറിഞ്ഞപ്പോഠം ഫാ. ഫെർണാണ്ടസ് വെള്ളം കണ്ട വേഴാമ്പൽപോലെ സന്തോഷിച്ചു. സംസ്കാരമുള്ള ഒരു മനുഷ്യൻ. നല്ല ക്രിസ്ത്യാനി. അവിടെ സ്ഥലം വാങ്ങി തോട്ടം വയ്ക്കുവാൻ ഉദ്ദേശിക്കുന്ന ഒരു കൃഷിക്കാരൻ. നല്ല ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു സ്നേഹിതൻ. ബ. അച്ചൻ ദൈവത്തെ സ്തുതിച്ചു. എല്ലാ ഒത്താശകളും വാഗ്ദാനംചെയ്തു. ഒന്നു രണ്ടു ദിവസം അവിടെ താമസിക്കുവാൻ അച്ചൻ നിബ്ബന്ധിച്ചു. സ്ഥലവും പരിസരങ്ങളും മാത്യു നടന്നു കണ്ടു. തരക്കേടില്ല. പള്ളിയും വൈദികനും അടുത്തുണ്ടു്. തനിക്കായി കുറെ സ്ഥലം വാങ്ങിക്കുവാൻ ബ. അച്ചന്റെ പക്കൽ പണം കൊടുത്തേല്പിച്ചു. അവിടെ അദ്ദേഹത്തിനു് അഞ്ചാറുകൊല്ലത്തെ പരിചയമുണ്ടായിരുന്നതിനാൽ അതു വിഷമമായിരുന്നില്ല. കൂടാതെ തനിക്കു് ഒരു ഇടവകക്കാരനെ കിട്ടിയതിൽ അദ്ദേഹം അതീവ സന്തുഷ്ടനമായിരുന്നു. കൂടുതൽ ദിവസങ്ങഠം തന്റെകൂടെ താമസിക്കുവാൻ മാത്യുവിനെ ബ. അച്ചൻ നിർബന്ധിച്ചെങ്കിലും രണ്ടു ദിവസം കഴിഞ്ഞു മി. മാത്യു പാലായ്ക്കു മടങ്ങി. കൂത്തുപറമ്പുവരെ നടക്കേണ്ടിവന്നു. വഴിദൈർഘ്യം സാരമായി തോന്നിയില്ല. ആനക്കാട്ടിൽക്കൂടെയുള്ള യാത്രയുടെ അപകടശങ്ക ഭീകരമായിരുന്നു. അപകടമൊന്നും സംഭവിക്കാതെ മി. മാത്യു പാലായിൽ വന്നു് വിവരങ്ങളെല്ലാം വീട്ടുകാരോടും ബന്ധുക്കളോടും പറഞ്ഞു. മലബാറിനു് പോകുവാൻ വേണ്ട ഒരുക്കങ്ങഠം ചെയ്തുതുടങ്ങി.

ഇക്കാലത്തു പാലായിൽ കട്ടക്കയം മാത്തച്ചൻ—സുപ്രസിദ്ധരായ ബ. വലിയ ചാണ്ടിയച്ചന്റേയും മഹാകവി ചെറിയാൻ മാപ്പിളയുടേയും ജ്യേഷ്ഠസഹോദരപുത്രനും ബ. കൊച്ചുചാണ്ടി അച്ചന്റെ സഹോദരനും—മലബാറിൽ പോയി കുറെ സ്ഥലം വാങ്ങി കൃഷി നടത്തുവാൻ പററിയ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കയാണു്. മാത്തച്ചന്റെ ജ്യേഷ്ഠൻ തോമ്മാച്ചൻ പാലാ അങ്ങാടിയിൽ ഒരു ജൗളിക്കട നടത്തി. അതു് നടത്തിക്കൊണ്ടിരിക്കെ ടൈഫോയിഡ് ബാധിച്ചു് അദ്ദേഹം

മരിച്ചു. ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി മുതലായ സ്ഥലങ്ങളിൽനിന്നാണ് അദ്ദേഹം ചരക്കെടുത്തുകൊണ്ടിരുന്നതു്. ചരക്കുവാങ്ങിയ വകയിൽ വലിയ സംഖ്യ കടം വീട്ടുവാനുണ്ടായിരുന്നു. അനുജനായ മാത്തച്ചൻ കച്ചവടം തുടൎന്നു നടത്തിനോക്കിയെങ്കിലും വിജയിക്കുവാൻ പററിയില്ല. മാത്തച്ചൻ സത്യസന്ധനാണ്. പലരുടേയും എതിർപ്പുകൾ അവഗണിച്ചുകൊണ്ടു് അദ്ദേഹം കുടുംബസ്വത്തു് വിററു് കടമെല്ലാം വീട്ടി. കൃഷിപ്പണിയിലേയ്ക്കു് തിരിയാമെന്നു മാത്തച്ചൻ കരുതി. ജൗളിച്ചരക്കെടുക്കുവാൻ കോഴിക്കോട്ടും തലശ്ശേരിയിലും പോകുമ്പോൾ കടകളിൽ കുരുമുളകും കൊപ്രായും വില്പനയ്ക്കു വരുന്നതു കണ്ടിട്ടുണ്ടു്. അതിനാൽ അടുത്തൊക്കെ കൃഷിഭൂമിയും കൃഷിയും ഉണ്ടായിരിക്കണമെന്നു് അദ്ദേഹം അനുമാനിച്ചു. മലബാറിൽതന്നെ സ്ഥലം എടുത്തുകളയാമെന്നും കരുതി. ടൗണിൽ ചുരുക്കമായി കണ്ട തെങ്ങും മററു വൃക്ഷങ്ങളും നല്ല ഫലങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇങ്ങനെ ഇരിക്കെ തൻെറ മരുമകൻ ശ്രീ കെ. പി. മാത്യു കുടക്കച്ചിറ, മലബാറിൽ സ്ഥലം വാങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന കാര്യമറിഞ്ഞു. മാത്യു ധാരാളം യാത്രചെയ്തു് സ്ഥലത്തിൻെറ ഗുണദോഷങ്ങൾ മനസ്സിലാക്കിയിട്ടുള്ള ആളാണെന്നറിയാം. അതുകൊണ്ടു് അദ്ദേഹത്തെ അനുഗമിക്കാമെന്നു കരുതി. ശ്രീ മാത്യുവിനെ വീട്ടിൽ പോയി കണ്ടു. രണ്ടു പേൎക്കും സന്തോഷമായി. മലബാറിനു പുറപ്പെടുവാനുള്ള തീയതിയും നിശ്ചയിച്ചു. അതനുസരിച്ചു രണ്ടുപേരുംകൂടെ കോളയാട്ടു് ബ. ഫെർണാണ്ടസ്സച്ചൻെറ പക്കൽ വന്നു. അദ്ദേഹം മാത്തച്ചനേക്കൂടെ കണ്ടപ്പോൾ കൂടുതൽ സന്തുഷ്ടനായി. തൻെറ ഇടവകയിൽ അറിവും ഭക്തിയുമുള്ളവർ വൎദ്ധിച്ചുവരുന്നതിൽ, പുതിയ ക്രിസ്ത്യാനികൾക്കു മാതൃകയാകുവാൻ പററിയ ആളുകളെ ലഭിക്കുന്നതിൽ അദ്ദേഹം ആഹ്ലാദിച്ചു. അച്ചൻ മാത്യുവിനു നൂറു് ഏക്കർ സ്ഥലം പള്ളിക്കടുത്തു് ഇടപാടു ചെയ്തിട്ടുണ്ടായിരുന്നു. ശ്രീ മാത്തച്ചനു് താഴെ കോളയാട്ടു് മൈലാടിപ്പാറക്കുന്നിൻെറ ചെരുവിൽ ബ. അച്ചൻ സ്ഥലം ഇടപാടുചെയ്തുകൊടുത്തു. മാത്തച്ചൻെറ സ്ഥലത്തു് ഒരു ചെറിയ കളപ്പുരയുണ്ടായിരുന്നതിനാൽ ഉടനെ വന്നു് കുടുംബസമേതം താമസിക്കുവാൻ സൗകര്യംകിട്ടി.

മലമ്പനിയും മാപ്പിള ലഹളയുമുള്ള മലബാറിലേക്കു പോകരുതെന്നു രണ്ടുപേരേയും അവരുടെ സ്വന്തപ്പെട്ടവരും ഗുണകാംക്ഷികളും ഉപദേശിച്ചു. കട്ടക്കയം ജോൺ എക്സ്.എം.എൽ.എ.

പറഞ്ഞു: "നിങ്ങൾ എന്തിനു നാടുവിട്ടു പോകുന്നു? എന്റെ അറക്കുളത്തെ സ്ഥലത്തിൽ ഇരുപത്തഞ്ച് ഏക്കർ വീതം എടുത്ത് കൃഷിചെയ്തുകൊള്ളുക; വിലവേണ്ട." ആലപ്പുഴക്കാരൻ സേട്ടു പറഞ്ഞു: "മാത്തച്ചൻ സ്ഥലംവിട്ടു പോകരുത്. പതിനായിരം രൂപയ്ക്കുള്ള ചരക്കുകൊണ്ടു പൊയ്ക്കൊള്ളുക. എനിക്ക് അവ വിററ വിലമാത്രം സാവകാശം തന്നാൽ മതി" എന്ന്. പക്ഷേ അഭിമാനികളും സാഹസികരുമായ അവരെ ഇതൊന്നും പിടിച്ചുനിർത്തിയില്ല. കെ. പി. മാത്യുവിന്റെ മൂന്നാമത്തെ കോളയാടുയാത്രയിൽ കുടക്കച്ചിറ മത്തായി ചെറിയാൻ (അരീക്കൽ)–ശ്രീ കെ. സി. കുര്യന്റേയും ഫാ. ഫിലിപ്പിന്റേയും മററും പിതാവ്—കൂടെ ഉണ്ടായിരുന്നു. ബ. ഫെർണാണ്ടസ് അച്ചൻ നൂറ് ഏക്കർ സ്ഥലം അദ്ദേഹത്തിനും ഇടപാടുചെയ്തു കൊടുത്തു. ഇതുപോലെ ജോസഫ് വടക്കയും (അമ്പാറ) കോളയാട്ടുവന്നു സ്ഥലം വാങ്ങി. അതിനുശേഷം വന്നവരായ ചാരംതൊട്ടിയിൽ ഉലഹന്നൻ– ജോൺ തോട്ടം –പാലാ–പാലക്കാട്ടുകുന്നേൻ തോമ്മാച്ചൻ (എടപ്പാടി) കുടക്കച്ചിറ ജോസഫ് ജോസഫ് തുടങ്ങിയവർ കോളയാട്ടുനിന്ന് അഞ്ചാറുമൈൽ അകലെ പേരാവൂർ ഭാഗത്തുവന്നാണ് സ്ഥലമെടുത്തു താമസമാക്കിയത്. ജോൺ തോട്ടം 1929-ൽ സ്ഥലമെടുത്തു. 1930-ൽ പേരാവൂരിൽ താമസം തുടങ്ങി. ആ ഭാഗത്തേയ്ക്കു തുടർച്ചയായി ആളുകൾ കുടിയേറിക്കൊണ്ടിരുന്നു. വടക്കേ മുളഞ്ഞനാൽ, മനക്കപ്പടി, വട്ടമററം, എളംതുരുത്തി, പാലക്കാട്ടുകുന്നേൽ, കുന്നത്തുമററത്തിൽ, മടപ്പാംതോട്, കൊച്ചുവീട്ടിൽ, ഒഴുകയിൽ, കിഴക്കേൽ എന്നീ വീട്ടുകാരാണ് അക്കാലത്തു വന്നവർ.

പേരാവൂർ, കുററിയാടി, പേരാമ്പ്ര (കുളത്തുവയൽ), ആലക്കോട്, തോമാപുരം (ചിററാരിക്കാൻ), ചെമ്പേരി, വയനാട്, തിരുവാമ്പാടി ഇവയൊക്കെയാണു പ്രധാന കുടിയേററ കേന്ദ്രങ്ങൾ. ഇതിൽ പേരാവൂരായിരുന്നു കൂടുതൽ സൗകര്യപ്രദം. തീവണ്ടിസ്റ്റേഷനോടും തീരപ്രദേശറോഡിനോടും ഏററം അടുത്ത കുടിയേററകോളനി. പേരാവൂർ ഒരു ഗ്രാമകേന്ദ്രമാണ്. ഒരു ചെറിയ ടൗൺ. തലശ്ശേരിയിൽനിന്നു നാല്പത്തഞ്ചു കിലോമീററർ അകലമേയുള്ളൂ. കുടിയേററക്കാലത്തിനുമുമ്പുമുതലേ പേരാവൂക്കു ബസ്സും മോട്ടോർവാനും ഓടുന്നുണ്ടായിരുന്നു. അവിടംമുതൽ കിഴക്കോട്ട് കൊട്ടിയൂർവരെ തെളിഞ്ഞ നടപ്പാതയുണ്ട്. പ്രസിദ്ധവും പുരാതനവുമായ ഒരു ക്ഷേത്രമുണ്ടു കൊട്ടിയൂരിൽ. പ്രതിവത്സരം ബഹുസഹസ്രം ഭക്ത

ജനങ്ങരം സന്ദശിക്കുന്ന ഒരു മഹാക്ഷേത്രം. ഒരു കുല കരിക്കും പശുവിൻ നെയ്യും തോളിലേന്തി ഭക്തകീത്തനങ്ങരം ഉരുവിട്ടു കൊണ്ടുള്ള ആഘോഷമായ തീർത്ഥാടനം അവിടത്തെ ഒരു പ്രത്യേകതയാണു്. കൊട്ടിയൂർ ദേവസ്വം ഓഫീസ്സും ഊരാള ന്മാരുടെ വീടുകളും പേരാവൂരത്രെ.

ദൈവാലയവും വിദ്യാലയവുമുള്ള സ്ഥലങ്ങരംക്കു ക്രൈസ്തവ കുടിയേററക്കാർ കൂടുതൽ പ്രാധാന്യം നൽകുന്നു. കുടിയേററക്കാരിൽ തൊണ്ണൂറു ശതമാനവും ക്രിസ്ത്യാനികളാണല്ലോ. പേരാവൂരിൻെറ പടിഞ്ഞാറു കോളയാട്ടുള്ള കത്തോലിക്കാദേവാലയം 1923-ൽ രൂപംകൊണ്ടതാണു്. അവിടത്തെ വികാരിയായ ഫാ. ഫെർണാണ്ടസ് കുടിയേററക്കാക്ക് എല്ലാത്തരത്തിലുമുള്ള പ്രോത്സാഹനങ്ങരം നല്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു. കോളയാട്ടു സ്ഥലം തീന്നുപോയപ്പോരം കിഴക്കു പേരാവൂർ ഭാഗത്തേയ്ക്കു് കുടിയേററക്കാരെ നയിച്ചതും അദ്ദേഹംതന്നെ. അവിടെ എട്ടുപത്തു വീടുകളായപ്പോരം അദ്ദേഹം ആ വീടുകളിൽചെന്നു കുബ്ബാനയും കൂദാശകളും നടത്തിക്കൊടുത്തു. വീടുകരം വർദ്ധിച്ചപ്പോരം സൗകര്യപ്രദമായ ഒരു സ്ഥലത്തു ഷെഡ്ഡു് കെട്ടിയുണ്ടാക്കി പതിവായി മതകമ്മങ്ങരം നടത്തിയിരുന്നു. 1927-ൽ കോളയാട്ടിൽ അദ്ദേഹം ഒരു എൽ. പി. സ്കൂളും ആരംഭിച്ചു. ആ സ്കൂളാണു കാലാന്തരത്തിൽ യു. പി. ആയും ഹൈസ്കൂളായും ഉയർന്നതു്. അങ്ങനെ പേരാവൂരിൽ വൈദികസഹായവും വിദ്യാഭ്യാസ സൗകര്യവും ആരംഭകാലംമുതൽ ലഭിച്ചിരുന്നു.

കൊട്ടിയൂർ ദേവസ്വംവക വളരെയേറെ വനഭൂമി നീണ്ടുനിവർന്നു വയനാട്ടു് അതിർത്തിവരെ വിസ്തീണ്ണമായി കിടപ്പുണ്ടു്. ഈ ഭൂമിയുടെ വിരിമാറിൽക്കൂടെ ഒഴുകുന്ന കാഞ്ഞിരപ്പുഴയുടെ ഇരുവശങ്ങളും നല്ല ഫലപുഷ്ടിയുള്ള സ്ഥലങ്ങളാണു്. ദേവസ്വം ഊരാളന്മാർ ഇതു വിററു പണം വാങ്ങുവാൻ ഔത്സുക്യം കാണിച്ചു. ഈ വാത്ത തിരുവിതാംകൂറിൽ പരന്നു. കുടിയേററക്കാർ പേരാവൂരിലേയ്ക്കൊഴുകി. അവർ ചെറിയ ചെറിയ ബ്ളോക്കുകളായി ദേവസ്വം ഊരാളന്മാരോടു സ്ഥലം വാങ്ങി. മണത്തനയിലെ (പേരാവൂരിൻെറ പരിസരത്തുള്ള ഒരു സ്ഥലം) ഊരാളന്മാക്കും സിൽബന്ധികരംക്കും പണം സമ്പാദിക്കുവാൻ ഈ ഭൂമിവില്പനപോലെ വേറൊരു എളുപ്പമാഗ്ഗം ഉണ്ടായിരുന്നില്ല. അവർ ഈ സ്ഥലംവില്പനയിൽ ഒരു മത്സരംതന്നെ നടത്തിയെന്നു പറയാം. അധികൃതമായും അനധികൃതമായും

അവർ ഭൂമി ചാർത്തിക്കൊടുത്തു പണംവാങ്ങി. വേറൊരു വൻ ജന്മിയായ പാറപ്രവൻ മമ്മുഹാജിയും അദ്ദേഹത്തിൻെറ ഭൂമി വില്പനയിൽ ഉദാരനായിരുന്നു. ഇങ്ങനെ എട്ടുപത്തുകൊല്ലം കൊണ്ടു പേരാവൂരിൻേറയും ഇരിട്ടിയുടേയും ചുററുമുള്ള വനപ്രദേശങ്ങൾ തിരുവിതാംകൂർ കുടിയേററക്കാരെക്കൊണ്ടു നിറഞ്ഞു.

ഫാ. ഫെർണാണ്ടസ്സിനേപ്പോലെ കുടിയേററക്കാരെ എല്ലാവിധത്തിലും സഹായിച്ചിരുന്ന് ഒരു മഹാമനസ്സൻ കോളയാട്ടുണ്ടായിരുന്നു. റാവുസാഹിബ് ജെ. സി. സെകേരാ. അദ്ദേഹവും മംഗലാപുരംകാരനാണ്. ഉത്തമ കത്തോലിക്കൻ. ഒരു തഹസീൽദാരായിരുന്നു. അദ്ദേഹത്തിൻെറ കൃത്യബോധത്തേയും കാര്യക്ഷമതയേയും പരിഗണിച്ചു ഗവണ്മേൻറു നൽകിയ സ്ഥാനമാണു റാവുസാഹിബ് പദവി. അദ്ദേഹം റിട്ടയർ ചെയ്തു ശേഷം കോളയാട്ടു കുറെ സ്ഥലമെടുത്തു കൃഷിചെയ്തു താമസിക്കുകയാണ്. മലബാറിലെ കുടിയേററക്കാരുടെ സ്ഥിതിഗതികളും വിഷമങ്ങളുമെല്ലാം അദ്ദേഹത്തിനറിയാം. പകമായ നിർദ്ദേശങ്ങൾ നല്കി, ഉപദേശങ്ങൾകൊടുത്തു കുടിയേററക്കാരെ അവരുടെ ദുർഘടങ്ങളിൽ അദ്ദേഹം സഹായിച്ചിരുന്നു. കോളയാട്ട് ഇന്നും പ്രശസ്തമായും ഫലപ്രദമായും പ്രവർത്തിച്ചുവരുന്ന സഹകരണബാങ്ക് തുടങ്ങിയതും അതിനെ ബാല്യദശയിൽ വളർത്തിക്കൊണ്ടുപോന്നതും അദ്ദേഹമായിരുന്നു.

പുളിങ്കുന്നുകാരൻ മി. ഇട്ടിവക്കീൽ എം. എ.; എൽ. എൽ. ബി. കോളയാട്ടുവന്നു് 1926–ലോ 27–ലോ കുറെ സ്ഥലം വിലയ്ക്കുവാങ്ങി. കാടുവെട്ടിത്തെളിച്ചു പപ്പായാ (കപ്പളം) കൃഷിതുടങ്ങി. തോട്ടമായി കപ്പളമരം നട്ടുപിടിപ്പിച്ചു. അതിൻെറ കറയെടുത്തു് ഏതോ ദൂരദേശത്തേയ്ക്കു് അയച്ചുകൊടുക്കുവാനായിരുന്നു അദ്ദേഹത്തിൻെറ പ്ലാൻ. പക്ഷേ അയയ്ക്കുവാനുള്ള ഏതോ സാങ്കേതിക അസൗകര്യങ്ങളാൽ ആ പ്രസ്ഥാനം ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ അദ്ദേഹം നിരാശപ്പെട്ടില്ല. മുടക്കിയസംഖ്യ ഏതാനും മാസങ്ങൾകൊണ്ടു ശരിപ്പെടുത്തിയെടുക്കുവാൻ അയാൾക്കറിയാം. കോട്ടയംഭാഗത്തുനിന്നും കുറെ കപ്പത്തണ്ടുകൊണ്ടുവന്നു. വെട്ടി ഒടിച്ചു മണ്ണിൽ നട്ടു. നല്ല വളച്ച്, നല്ല വിളവ്. കപ്പക്കൃഷിക്കും കപ്പളക്കൃഷിക്കും മുടക്കിയ സംഖ്യയും, സ്ഥലത്തിനു മുടക്കിയ സംഖ്യയുമെല്ലാം കഴിഞ്ഞു തനിക്കു കൊഴുത്ത ലാഭം കിട്ടുമെന്നു വക്കീൽസാർ അനുമാനിച്ചു. ഓരോ മൂട കപ്പയ്ക്കും രണ്ടുംമൂന്നും തുലാംവീതം വിളവുണ്ടു്. ഒരു തുലാത്തിനു കോട്ടയത്തു്, ഇന്നവില. വക്കീൽസാർ നിയ

മാനുസൃതം കണക്കുകൂട്ടി. തന്റെ പപ്പായകൃഷി വിജയിച്ചി ല്ലെങ്കിലെന്താണ്? ഈ കപ്പ മതിയല്ലോ. അദ്ദേഹം മനസ്സിൽ സന്തോഷിച്ചു.

കപ്പ വിളഞ്ഞു. പറിക്കാറായി. സ്ഥലവാസികളോടു പറഞ്ഞു, കപ്പ വില്പനയ്ക്കുണ്ടെന്ന്. ആർക്കും ആവശ്യമില്ല. വക്കീൽ ലേശം അമർഷത്തോടെ പറഞ്ഞു, താൻ തലശ്ശേരിപ്പ ട്ടണത്തിൽ കൊണ്ടുപോയി കൊടുക്കും. അതു് ഈ കോളയാട്ടു കാർക്കു നഷ്ടമായിരിക്കും. എന്നിട്ടും നാട്ടുകാർ ആരും കപ്പ വാങ്ങിയില്ല. ഇട്ടിവക്കീൽ ഒരു കുസലും കാണിക്കാതെ ഒരു ലോറി വാടകയ്ക്കെടുത്തു. കപ്പപറിച്ചു നിറയെ കയററി തല ശ്ശേരി ടൗണിൽ എത്തിച്ചു. വില്പനക്കായിവെച്ചു. യാതൊരു കോളുകാരുമില്ല. ആർക്കും വേണ്ടാ. കപ്പയുടെ ഉപയോഗം പോലും ആക്കും അറിഞ്ഞുകൂടാ. വിഷക്കിഴങ്ങായിട്ടാണു നാട്ടു കാർ അതിനെ കണക്കാക്കുന്നതു്. പാവം വക്കീൽസാർ! ലോറിക്കൂലിയും പറിക്കൽകൂലിയും കയററിയിറക്കുകൂലിയും മാക്കററുതറവാടകയും എല്ലാംകൂടി ഒരു നല്ലസംഖ്യ കൈയിൽ നിന്നു മുടക്കേണ്ടിവന്നു. എല്ലാം ഉപേക്ഷിച്ച്, ഒരു പാഠം പഠിച്ചുകൊണ്ടു് ഇട്ടിവക്കീൽ നാട്ടിലേയ്ക്കു മടങ്ങി. അദ്ദേഹ ത്തിന്റെ വീട്ടുകാർ പണക്കാരായിരുന്നതിനാൽ സാമ്പത്തിക മായി ഒരു തകരാറും അദ്ദേഹത്തിനുണ്ടായില്ല.

മലബാർകുടിയേററത്തിന്റെ ആരംഭകാലത്തു് ഇതുപോ ലുള്ള അബദ്ധം ഇട്ടിവക്കീലിനു മാത്രമല്ല പലക്കും പററുകയു ണ്ടായി. നെല്ലും കപ്പയും പെട്ടെന്നു വിളവെടുക്കാവുന്ന കൃഷി കളാണല്ലോ. സാമാന്യക്കാർ പുതിയസ്ഥലം വാങ്ങിക്കഴി ഞ്ഞുടനെ കാടുതെളിച്ചു് അവയാണു കൃഷിചെയ്യുന്നതു്. കാട്ടു മൃഗങ്ങളായ ആനയും പന്നിയും മ്ലാവും നെല്ലുതിന്നു നശിപ്പിക്കും. അവക്കു് അവ തിന്നു പരിചയമുണ്ടു്. കാട്ടിൽ വസിക്കുന്ന കുറിച്യരും പണിയരും ഏതു കാട്ടിലും ഓരോ കൊല്ലവും മാറി മാറി നെൽകൃഷി നടത്തും. എന്നാൽ കള എടുക്കുകയോ മൃഗ ങ്ങളാം നശിപ്പിക്കാതെ സൂക്ഷിക്കുകയോ ചെയ്യുകയില്ല. വിള വാകുമ്പോറം ശേഷിച്ചതു കൊയ്തെടുക്കും. കിട്ടുന്നതു മതി എന്നാണു് അവരുടെ ഭാവം. മിക്കപ്പോഴും വിതച്ച വിത്തി നോളം നെല്ലു കിട്ടിയെന്നുവരില്ല. അക്കാലത്തു കപ്പയുടെ കാര്യം അങ്ങനെ ആയിരുന്നില്ല. മലബാറിൽ ഒരു പുതിയ അതിഥിയാണു കപ്പ. തിരുവിതാംകൂറിൽനിന്നും ചേട്ടന്മാ രുടെ കൂട്ടത്തിൽ വന്നവനാണു്. അവനേപ്പററി മലബാറിലെ

മനുഷ്യക്കെന്നപോലെ കാട്ടുമൃഗങ്ങൾക്കും—പന്നിക്കും ആനയ്ക്കും—അറിഞ്ഞുകൂടാ. അതുകൊണ്ടു യാതൊരു ശല്യവും കൂടാതെ അക്കാലത്ത് ഇവിടെ കപ്പ സമൃദ്ധമായി വളർന്നു. പന്നി അതിന്റെ രുചി അനുഭവിച്ചറിഞ്ഞിട്ടില്ല. ഇപ്പോഴാണെങ്കിൽ അവരിൽനിന്നു കപ്പയെ രക്ഷിച്ചെടുക്കാൻ രാപകൽ പണിപ്പെടണം. കപ്പ തഴച്ചുവളരുന്നതു കണ്ടു് അന്നത്തെ കുടിയേററക്കാർ ഇട്ടിവക്കീലിനെപ്പോലെ സന്തോഷിച്ചു. വെണ്ണപോലെ വേകുന്ന കപ്പ – പൂള – അവർ നേരത്തെ പറിച്ചു തിന്നുവാൻ തുടങ്ങി. ഒരു ചുവടു പറിച്ചാൽ ഒരു വലിയ കുടുംബത്തിനു രണ്ടുദിവസത്തേയ്ക്കുണ്ടു്. നല്ലവിലയ്ക്കു വിൽക്കാമെന്നു് അവർ കരുതി. പക്ഷേ ആർക്കും പൂള ആവശ്യമില്ല. പുച്ഛവും ഭയവുമാണു് അതിനോടു്. ഏതോ വിഷക്കിഴങ്ങായിട്ടാണു കപ്പയെ പരിഗണിക്കുന്നതു്. അതു തിന്നുന്നവരേയും പുച്ഛം. "പൂളച്ചേട്ടന്മാർ" എന്നു വിളിച്ചു നാട്ടുകാർ കുടിയേററക്കാരെ പരിഹസിച്ചിരുന്നു. പലരും കൂലികൊടുത്തു പണിയിച്ചുണ്ടാക്കിയ കപ്പ പറിച്ചതേയില്ല. വടക്കേ മുളഞ്ഞനാൽ കുരുവിള പറഞ്ഞു: "ഞങ്ങൾ നാട്ടിൽനിന്നും പോന്നപ്പോൾ അഞ്ചാറു കപ്പത്തണ്ടുകൂടെ കൊണ്ടുപോന്നു. അതു് വെട്ടി ഒടിച്ചു നട്ടു. അത്ഭുതപ്പെടുത്തുന്ന വിളവു്. പക്ഷേ ഞങ്ങൾക്കു് ഒരു ചുവടു പറിച്ചാൽ ഒരാഴ്ചത്തേയ്ക്കുണ്ടു്. ആർക്കും കപ്പ ആവശ്യമില്ല. സ്ഥലം മിനക്കെടുത്താതിരിക്കുവാൻ എല്ലാം പറിച്ചു പുഴയിലേക്കു് എറിഞ്ഞുകളഞ്ഞു, മീനെങ്കിലുംതിന്നു വളരട്ടെയെന്നു കരുതി. ഇപ്പോൾ സ്ഥിതിയെല്ലാം മാറി. ചേട്ടന്മാരുടെ പൂളലോറി വരുന്നതു് നോക്കിയിരിക്കയാണു പട്ടണത്തിലെ ആളുകൾ. പറിച്ചുപോയ തോട്ടങ്ങളിലെ പൊടിക്കപ്പ പെറുക്കുവാൻ പാവങ്ങൾ കാത്തുനില്ക്കുന്നു. ചേട്ടന്മാർ നാട്ടുകാരെ കപ്പയുടെ ഉപയോഗം പഠിപ്പിച്ചു. നേരത്തെ പഠിച്ചിരുന്നെങ്കിൽ ഭംഗിയായിരുന്നേനേ.

ശ്രീ കെ. പി. മാത്യുവാണു് ആദ്യം കോളയാട്ടു വന്നതെങ്കിലും അവിടെ ആദ്യമായി കുടുംബസഹിതം താമസം തുടങ്ങിയതു കട്ടക്കയം മാത്തച്ചനാണു്. 1928 ഓഗസ്റ്റിൽ പാലായിൽ അദ്ദേഹത്തിന്റെ വീട്ടിൽനിന്നു കുടുംബാംഗങ്ങൾ എല്ലാവരും—ഭാര്യ അന്നമ്മയും ആറുമക്കളും—കൂടി ഒരു കെട്ടുവള്ളത്തിൽ പുറപ്പെട്ടു. അത്യാവശ്യമുള്ള വീട്ടുസാമാനങ്ങളും വള്ളത്തിൽ കയററിയിട്ടുണ്ടു്. പാറപ്പള്ളിൽ അവരുടെ സ്വന്തം ആററുകടവിൽ നിന്നാണു പുറപ്പെട്ടതു്. പുറപ്പെടുമ്പോൾ വീട്ടുകാരും കൂട്ടുകാരും

അയൽക്കാരും വന്നിരുന്നു, യാത്ര അയയ്ക്കുവാൻ. എല്ലാവരും വികാരഭരിതരായി, മൂകരായി, നോക്കിനിൽക്കുന്നു. ആരും സംസാരിക്കുന്നില്ല. ചിലരുടെ നയനങ്ങളിൽനിന്നു ചുടുബാഷ്പകണങ്ങൾ അറിയാതെ പൊഴിയുന്നുണ്ട്. ചിലർ പതുങ്ങിയ സ്വരത്തിൽ പറഞ്ഞു: ''ഒരു മാന്യകുടുംബം, ഒരു പ്രിയപ്പെട്ട കുടുംബം, പലക്കും താങ്ങും തണലുമായി വർത്തിച്ചിരുന്ന കുടുംബം, ഇതാ സ്ഥലംവിടുന്നു''. അടുത്ത ചാർച്ചക്കാരനായ കട്ടക്കയത്തിൽ ശ്രീ ജോൺ വിഷമിച്ചു പറഞ്ഞു: ''മാത്തച്ചാ, നീ പരാശ്രയംകൂടാതെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവനാണ്, അഭിമാനിയാണ്. ആകട്ടെ നിങ്ങൾ പോകുവിൻ. നിങ്ങൾക്കു ശുഭം ഭവിക്കട്ടെ''. അദ്ദേഹം കൂടുതലൊന്നും പറഞ്ഞില്ല. പുറപ്പെടുന്ന രംഗം കണ്ടുനില്ക്കുവാൻ സാധിക്കയില്ലെന്നു മനസ്സിലാക്കി, അദ്ദേഹം കണ്ണുനീരൊഴുക്കിക്കൊണ്ടു സ്ഥലംവിട്ടു. മാത്തച്ചൻ വീടിൻെറ മുററത്തേയ്ക്കിറങ്ങി. തിരിഞ്ഞുനിന്നു താൻ പിറന്നതും വളർന്നതുമായ വീടിനെ ഒന്നുകൂടെ നോക്കി. പറമ്പിനേയും താൻ നട്ടുവളർത്തിയ വൃക്ഷങ്ങളേയും ഒന്നുകൂടെ വീക്ഷിച്ചു. ആററുകടവിലേയ്ക്കു നടന്നുചെന്നു നടയിൽ നിന്നുകൊണ്ടു തൊഴുകൈയോടെ എല്ലാവരേയും നോക്കി കുനിഞ്ഞാദരിച്ചു. പലതും പറയണമെന്നുണ്ടെങ്കിലും ഒന്നും ശബ്ദിക്കുവാൻ പററുന്നില്ല. നിശബ്ദനായി, വള്ളത്തിനകത്തേയ്ക്കു കയറി. വള്ളംവിടുവാൻ ഊന്നുകാരനു് ആംഗ്യംകാണിച്ചു. വള്ളം നീങ്ങി. കരയ്ക്കുനിന്ന എല്ലാവരുംതന്നെ, ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടിരുന്നു. അകത്തിരുന്നവരും കരഞ്ഞു. കരയ്ക്കുനിന്ന ഒരു സ്ത്രീ ബോധംകെട്ടു വീണു. വേറെ രണ്ടുപേരെ താങ്ങിപ്പിടിച്ചുകൊണ്ടാണു് അവരുടെ വീടുകളിൽ എത്തിച്ചതു്. അന്നു മലബാറിനുപോകുകയെന്നതു മരിക്കുവാൻപോകുന്നതിനു തുല്യമായിരുന്നു. ഒരു മദ്ധ്യവയസ്കൻ പറഞ്ഞു: ''മാത്തച്ചൻെറ മണ്ടത്തരമാണു വീടും പുരയിടവും വിററശേഷം ഈ പിഞ്ചുകുഞ്ഞുങ്ങളേയുംകൊണ്ടു നാടുവിടുന്നതു്''. അപരൻ മറുപടി നല്കി: ''മണ്ടത്തരമല്ല, മാത്തച്ചൻെറ നീതിബോധവും സത്യസന്ധതയുമാണു് ഇതു പ്രകടമാക്കുന്നതു്. കടം വീട്ടി ബാക്കിയുള്ളതുംകൊണ്ടു് അയാൾക്കു് എവിടെയെങ്കിലുംപോയി സ്വതന്ത്രമായി ജീവിക്കാമല്ലോ. ആരുടെ മുമ്പിലും കുനിഞ്ഞുകൊടുക്കാതെ നട്ടെല്ലുനിവർത്തി നടക്കാമല്ലോ''. ഈ സ്വാതന്ത്ര്യചിന്തയായിരിക്കണം, ചിററപ്പൻ ജോൺ എക്സ്. എം. എൽ. എ. യും കൂട്ടരും ആലപ്പുഴസേട്ടുവും വാഗ്ദാനംചെയ്ത സഹായങ്ങൾ

നിരസിക്കുവാൻ മാത്തച്ചനെ പ്രേരിപ്പിച്ചതിൻെറ കാരണവും. മാത്തച്ചൻെറ ഈ സ്വാശ്രയബോധവും ആജ്ജവതവും അയാറംക്കും മക്കറംക്കും ഒരു ദോഷവും വരുത്തിയില്ല.

വള്ളം പുഴയിൽക്കൂടെ താഴേയ്ക്കുവിട്ടു. പാലായിൽ സ്വന്തം ഇടവകപ്പള്ളിക്കടവിൽ അടുപ്പിച്ചു. പള്ളിയിൽ കയറി പുതിയസംരംഭത്തിൽ തങ്ങളെ അനുഗ്രഹിക്കണമേയെന്നു വി. കുർബാനയുടെ മുമ്പിൽ മുട്ടുകുത്തിനിന്നു് എല്ലാവരുംകൂടി പ്രാർത്ഥിച്ചു. അവിടത്തെ വികാരിയും തങ്ങളുടെ ഒരു കാരണവരുമായിരുന്ന കട്ടക്കയത്തിൽ (കുമരകം) ബ. കൊച്ചുചാക്കോച്ചനെ കണ്ടു. അദ്ദേഹം എല്ലാവർക്കും സുഭിക്ഷമായ കാപ്പിയും പലഹാരവും കൊടുത്തു. എല്ലാവരേയും നിർബന്ധിച്ചു തീററി. മാത്തച്ചൻെറ ഭാര്യ അന്നമ്മയുടെ വീടായ പുതുമനയിലും കയറി എല്ലാവരേയും കണ്ടു. വഴിക്കു വൈക്കത്തുവന്നപ്പോറം പെങ്ങളുടെ വീടായ മാണിക്കനാംപറമ്പിൽ കയറി പെങ്ങളേയും മററും കണ്ടു യാത്രപറഞ്ഞു. അവർ എറണാകുളത്തുവന്നു തീവണ്ടിവഴി തലശ്ശേരിയിലെത്തി. ബ. ഫെർണാണ്ടസ് അച്ചൻ ആവശ്യപ്പെട്ടതനുസരിച്ചു പെരുമാറം ബസ്സ് ഇവരെ പ്രതീക്ഷിച്ചു കിടപ്പുണ്ടായിരുന്നു. കോളയാട്ടു ബ. ഫെർണാണ്ടസ്സച്ചൻെറ പക്കലെത്തിയപ്പോറം അദ്ദേഹത്തിൻെറ സന്തോഷം അനിതരസാധാരണമായിരുന്നു. സ്വന്തം മക്കളെപ്പോലെ അദ്ദേഹം അവരെ സ്വീകരിച്ചു. അവിടെ അടുത്തു് ഒരാശുപത്രിക്കായി ബ. അച്ചൻ പണിയിച്ച കെട്ടിടത്തിൽ മാത്തച്ചനേയും കുടുംബാംഗങ്ങളേയും താമസിപ്പിച്ചു. ഇങ്ങനെ ഒരു നല്ല വീടു കിട്ടിയതിനാലും കുറെ വീട്ടുസാമാനങ്ങറം കൊണ്ടുവന്നിരുന്നതിനാലും അച്ചൻെറ സ്നേഹവാത്സല്യപൂർവ്വകമായ പെരുമാററത്താലും വീടുമാറലിൻേറയും നാടുമാറലിൻേറയും പ്രാരംഭവിഷമങ്ങളൊന്നും അവക്കു് അനുഭവിക്കേണ്ടിവന്നില്ല. അയാളുടെ സ്വഭാവശുദ്ധി മനസ്സിലാക്കിയ ഫെർണാണ്ടസ്സച്ചൻ അവക്കു വേണ്ടതെല്ലാം ചെയ്തുകൊടുത്തു. മക്കളെ എല്ലാവരേയും പഠിപ്പിക്കുവാൻ സൗകര്യങ്ങളുമുണ്ടാക്കിക്കൊടുത്തു. ആൺമക്കറം നാലുപേരുടേയും പഠനംകഴിഞ്ഞപ്പോറം അവരുടെ വാസനയനുസരിച്ചു് ഓരോ ഗവണ്മെൻറുദ്യോഗത്തിൽ അച്ചൻ പ്രവേശിപ്പിച്ചു. പ്രഥമപുത്രൻ തൊമ്മച്ചനെ ഫോറസ്റ്റുഗാർഡു ജോലിയിലാക്കി. പെൺമക്കറം രണ്ടുപേരും എ. സി. കോൺവെൻറ് അംഗങ്ങളായിചേർന്നു സന്തോഷമായി കഴിയുന്നു. രണ്ടുപേരും അദ്ധ്യാപകവൃത്തിയിലാണു്. പുത്രന്മാരിൽ ഒരാറം

സ്കൂറാംമാസ്റ്ററായും അപരൻ ബസ് കണ്ടക്ടറായും ജോലിചെയ്യുന്നു. മാത്തച്ചൻ 1966–വരെയും ഭാര്യ അന്നമ്മ 1946–വരെയും ജീവിച്ചിരുന്നു. കാര്യമായ ബദ്ധപ്പാടുകൾ ഇവരിൽ ആർക്കുംതന്നെ ഉണ്ടായിട്ടില്ല. എല്ലാവരും കോളയാടിന്റെ പരിസരങ്ങളിൽ മാനമായും മര്യാദയായും ജീവിക്കുന്നു.

കെ. പി. മാത്യുവിനേയും കുട്ടിക്കയേം മാത്തച്ചനേയും അനുഗമിച്ചുകൊണ്ടു കെ. സി. കുര്യൻ (കുടക്കച്ചിറ), ജോസഫ് വടക്കേൽ, ജോൺ തോട്ടം, എൻ. സി. പീററർ, കുടക്കച്ചിറ ജോസഫ് മുതൽ പേർ വന്നു. ആരംഭകാലത്തു കുർബാനയ്ക്കും കൂദാശകൾക്കുമായി എല്ലാവരും കോളയാട്ടുപള്ളിയിൽ പൊയ്ക്കൊണ്ടിരുന്നു. പേരാവൂരിൽ എട്ടുപത്തു വീടായപ്പോൾ ഫെർണാണ്ടസ്സച്ചൻ ശ്രീ കുടക്കച്ചിറ ജോസഫിന്റെ വീട്ടുമുററത്തുണ്ടാക്കിയ പന്തലിൽ കുർബാന അർപ്പിച്ചു. ഇതായിരുന്നു പേരാവൂരിലെ ആദ്യത്തെ ദിവ്യബലി. ഏതാനുംമാസം കഴിഞ്ഞപ്പോൾ നാടികുന്നേൽകാർ വിജയാറാംകമ്പനിയുടെ പേരാവൂർ ടൗണിലുള്ള മോട്ടോർഷെഡ്ഡ് വിലയ്ക്കുവാങ്ങി. പേരാവൂരിലെ രണ്ടാമത്തെ കുർബാന സൗകര്യാർത്ഥം ഫെർണാണ്ടസ്സച്ചൻ ആ ഷെഡ്ഡിൽ അർപ്പിച്ചു. കുടിയേററകുടുംബങ്ങളുടെ എണ്ണം ഇരുപതു് ഇരുപത്തഞ്ചു് ആയി. തൊണ്ടിയിൽ, കാഞ്ഞിരപ്പുഴയുടെ കിഴക്കേക്കരെയ്ക്കു കുർബാനയർപ്പിക്കുന്നതിനായി ഒരു ഷെഡ്ഡുണ്ടാക്കി. അടുത്തകാലത്തു (1978) പണി പൂർത്തിയാക്കിയ പുതിയ ഫൊറോനാപ്പള്ളിയുടെ അടുത്തായിരുന്നു അതു്. ഫെർണാണ്ടസ്സച്ചൻ എല്ലാ ഞായറാഴ്ചയും തൊണ്ടിയിൽവന്നു കുർബാന സമർപ്പിക്കയും മററു കർമ്മങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തന്റെ പുതിയ ഇടവകക്കാരുടെ ആവശ്യങ്ങളും സുഖദുഃഖങ്ങളും അദ്ദേഹം അന്വേഷിച്ചിരുന്നു. ഈ സൗകര്യങ്ങളെല്ലാം കാണിച്ചു ശ്രീ കെ. പി. മാത്യുവും മററു കുടിയേററക്കാരും നാട്ടിലേയ്ക്കും തങ്ങളുടെ സ്വന്തപ്പെട്ടവർക്കും എഴുതി. മലബാറിനുപോരുവാൻ ആഗ്രഹിച്ചിരുന്നവർക്കു് ഒരു ഉത്തേജനമായിരുന്നു ഈ വാർത്ത. പേരാവൂരിലേയ്ക്കുള്ള കുടിയേററം വർദ്ധിച്ചു. ഒന്നുരണ്ടുമാസംകൂടി കഴിഞ്ഞപ്പോൾ വീടുകൾ മുപ്പതായി. ഒരു "ആത്മച്ചിട്ടി" സംഘടിപ്പിച്ചു് അതിന്റെ ആദായംകൊണ്ടു ഷെഡ്ഡിനടുത്തു് ഒരു സ്ഥിരം പള്ളിക്കെട്ടിടം ഉണ്ടാക്കുവാനും തീരുമാനിച്ചു. ഇതിനിടയിൽ ഇടവക സന്ദർശനത്തിനായി കോഴിക്കോടുബിഷപ്പ് ഡോ. പീററർ പിസ്സാനി കോളയാട്ടുവന്നു. പേരാവൂരിൽനിന്നു് ഏഴെട്ടുപേർ

അദ്ദേഹത്തെ കാണുവാനും ആവശ്യങ്ങൾ അറിയിക്കുവാനുമായി പോയി. തങ്ങൾക്കു് ഒരു പള്ളി പേരാവൂരിൽ ഉണ്ടാക്കിത്തരണമെന്നും ഭയാനകമായ വനത്തിൽക്കൂടി ആറേഴുമൈൽ നടന്നു കോളയാട്ടുപള്ളിയിലേയ്ക്കുള്ള യാത്ര ദുർഘടവും ആപൽക്കരവുമാണെന്നും, എല്ലാവരേയും പ്രതിനിധീകരിച്ചുകൊണ്ടു കെ. പി. മാത്യു വിശദമാക്കി. തങ്ങൾക്കു സ്വന്തമായി ഒരു വൈദികനെ നൽകണമെന്നു് അവർ ആവശ്യപ്പെട്ടു. തിരുമേനി ആശയം അംഗീകരിച്ചു. അദ്ദേഹം അടുത്തനാളിൽ റോമിനു പോകയാണെന്നു പറഞ്ഞു. മടങ്ങിവന്നപ്പോൾ ആയിരംരൂപാ പേരാവൂർപ്പള്ളിക്കായി ബ. ഫെർണാണ്ടസ്സച്ചനെ ഏല്പിച്ചു. അദ്ദേഹം ഒരു പള്ളിക്കെട്ടിടം പണിയുവാൻ ആരംഭിച്ചു. വി. യൗസേപ്പിനെയാണു് ഇടവകയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി തിരഞ്ഞെടുത്തതു്. ആ വിശുദ്ധൻ കുടിയേററത്തിൻേറയും തൊഴിൽജീവിതത്തിൻേറയും ദാരിദ്ര്യത്തിൻേറയും ക്ലേശങ്ങൾ അനുഭവിച്ചറിഞ്ഞവനാണു്. എല്ലാ കുടിയേററക്കാൎക്കും അദ്ദേഹത്തോടു നിസ്സീമമായ ഭക്തിയുമുണ്ടു്. അതുകൊണ്ടാണു് കുടിയേററക്കാരുടെ രൂപതയായ തലശ്ശേരിയെ വി. യൗസേപ്പിനു പ്രതിഷ്ഠിച്ചിരിക്കുന്നതു്. അവരുടെ കത്തീഡ്രൽപ്പള്ളിയും സെമിനാരിയും വി. യൗസേപ്പിൻെറ നാമത്തിൽ തന്നെ. മലബാർകുടിയേററക്കാരുടെ ആദ്യകോളനിയും ഇടവകപ്പള്ളിയുമാണു പേരാവൂർ. അതുകൊണ്ടു വി. യൗസേപ്പിനെ ഇടവകയുടെ മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തതു് ഏററം സമുചിതമായി. ആ പ്രതിഷ്ഠയെ വിശുദ്ധൻ സ്വീകരിക്കുകയും അത്ഭുതം പ്രവൎത്തിച്ചുപോലും പേരാവൂരുകാരെ സഹായിച്ചുതുടങ്ങുകയും ചെയ്തു. ആവിലായിലെ വി. ത്രേസ്യാമ്മ നൽകിയതുപോലെതന്നെയുള്ള അത്ഭുതസഹായം.

പേരാവൂരിലെ ആദ്യത്തെ പള്ളിക്കെട്ടിടത്തിൻെറ പണികൾ നടക്കുകയാണു്. ഇടവകക്കാർ അവരുടെ കഴിവിൻെറ പരമാവധി സംഭാവനചെയ്തുകഴിഞ്ഞു. അവർ ശ്രമദാനവും നടത്തുന്നുണ്ടു്. കൽപ്പണിക്കാർക്കും മരപ്പണിക്കാർക്കും കൂലി കൊടുക്കണം. ഫെർണാണ്ടസച്ചൻ വിഷമിക്കുകയാണു പണമില്ലാതെ. ആരുടെ പക്കലും പൈസയില്ല. പണി നിൎത്തേണ്ടിവരുമോ? അടുത്തുകൂടി ഒഴുകുന്ന കാഞ്ഞിരപ്പുഴയിൽനിന്നും കുമ്മായത്തിൽ ചേൎക്കുവാൻ മണൽ വാരുകയാണു് കുറേപ്പേർ. പുതുതായി കോരിയിട്ട മണലിൽ അതാ ചിലതെല്ലാം തിളങ്ങുന്നു. പരിശോധിച്ചപ്പോൾ നാണയങ്ങൾ – വെള്ളിയും

ചെമ്പും തുട്ടുകളും. അച്ചനെ വിവരമറിയിച്ചു. അച്ചൻ ഓടി യെത്തി. സ്തംഭിച്ചുനിന്നുപോയി അദ്ദേഹം അതേഭാഗത്തു മണൽ കുഴിച്ചുനോക്കി. കുറെ നാണയങ്ങൾകൂടെ കിട്ടി. സന്തോഷമായി. ഉന്മേഷമായി. എല്ലാവരും ദൈവത്തേയും വി. യൗസേപ്പിനേയും സ്തുതിച്ചു. കെ. പി. മാത്യു അന്നു പാലായ്ക്കു പോയിരിക്കയായിരുന്നു. ഫെർണാണ്ടസ്സച്ചൻ പുഴ യിൽനിന്നും പണം കിട്ടിയതും മദ്ധ്യസ്ഥനായ വി. യൗസേപ്പ് പേരാവൂർകാർക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ചുതുടങ്ങിയിരിക്കു ന്നതും മററും മാത്യുവിനെ കത്തുവഴി അറിയിച്ചു. കൂടാതെ പാലാക്കാരിൽനിന്നും പേരാവൂർ പള്ളിപണിക്കായി ഒരു പിരിവുനടത്തി, സംഖ്യ ഉടനെ അയച്ചുകൊടുക്കുകയോ നേരിട്ടു കൊണ്ടുവരികയോ ചെയ്യണമെന്നും ആവശ്യപ്പെട്ടു. സാമ്പ ത്തികാധഃപതനകാലമായിരുന്നിട്ടുപോലും മാത്യുവിനു പാലാ യിൽനിന്നും പേരാവൂർപള്ളിക്കുവേണ്ടി ഉദാരമായ സംഭാവന ലഭിക്കുവാൻ ഈ സംഭവം സഹായിച്ചുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

കുടക്കച്ചിറ ജോസഫ് തൊണ്ടിയിൽ കാഞ്ഞിരപ്പുഴയുടെ തീരത്തുവന്നു പുഴയുടെ ഇരുവശങ്ങളിലുമുള്ള സ്ഥലംവാങ്ങി. കൃഷിക്കും പൊതുസ്ഥാപനങ്ങൾക്കും പററിയ നല്ല നിരപ്പായ സ്ഥലം. പേരാവൂരിൻെറ ഹൃദയമായിത്തീർന്നു ആ ഭാഗം. അവിടം പടിപടിയായി വികസിച്ചു. പേരാവൂരിൽ ആദ്യം സമർപ്പിച്ച ദിവ്യബലി അവിടെ ശ്രീ ജോസഫിൻെറ വീട്ടു മുററത്തുണ്ടാക്കിയ പൂപ്പന്തലിൽവച്ചായിരുന്നുവല്ലോ. പിന്നെ ഷെഡ്ഡും പള്ളിയും പണുതതും പുഴയുടെ കിഴക്കേത്തീരത്ത് അവർ ദാനംചെയ്ത സ്ഥലത്തുതന്നെ. സ്കൂൾ, റോഡ്, ആശു പത്രി, പാലം, കച്ചവടപ്പീടികകൾ, എന്നുവേണ്ട തൊണ്ടി യിൽ ടൗൺ മുഴുവൻതന്നെയും കുടക്കച്ചിറക്കാരുടെ സ്ഥലത്തു നിന്നും വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. പേരാവൂർ ഇടവക യിലെ ആദ്യത്തെ വൈദികൻ കുടക്കച്ചിറ ബ. കര്യാക്കോസ ച്ചനായിരുന്നു. പ്രഗത്ഭനും പണ്ഡിതനുമായിരുന്ന അദ്ദേഹം 1967–ൽ അകാലചരമം പ്രാപിച്ചതു പേരാവൂരിൻെറയും മല ബാറിൻെറതന്നേയും ഒരു വലിയ നഷ്ടമാണെന്നു പറയണം.

ചാരംതൊട്ടിയിൽ ശ്രീ ജോൺ തോട്ടവും മററും കുറേക്കൂടെ കിഴക്കോട്ടുമാറിയാണു സ്ഥലമെടുത്തത്. ചെള്ളും കാട്ടുമൃഗ ങ്ങളും അവരുടെ കൃഷികളെ, പ്രത്യേകം തെങ്ങിനെ, നശിപ്പി ക്കുന്നതിൽനിന്നും രക്ഷിക്കുവാൻ അവക്കു സാധിച്ചു. പണം

മുടക്കുവാൻ വിഷമം ഉണ്ടായിരുന്നില്ല. അവർ കൃഷികാര്യങ്ങളിൽ നിഷ്കർഷയും ശ്രദ്ധയും കാണിച്ചിരുന്നു. പേരാവൂരിൽ ഏററം കൂടുതൽ നാളികേരമുള്ളതു ചാരംതൊട്ടിയിൽകാർക്കാണെന്നു പറയാം.

നാടികുന്നേൽ പീററും സഹോദരങ്ങളും 1929-ൽ പേരാവൂരിൽ കുടിയേറിയതാണ്. ധാരാളം പണവുമായിട്ടാണു വന്നതു്. പോരുംവഴിക്കു നാലുമാസം പ്രായമായ ഒരു കൈക്കുഞ്ഞു മരിച്ചു. കുറേ വേദന അനുഭവിക്കേണ്ടിവന്നു. രാജോചിതമായ ആഢംബരങ്ങളോടുകൂടി തലശ്ശേരി ലത്തീൻപ്പള്ളി സിമിത്തേരിയിൽ (Holy Rosary Church) മൃതദേഹം സംസ്കരിച്ചു. പേരാവൂരിൽ വാങ്ങുവാൻ ഇടപാടുചെയ്തിരുന്ന സ്ഥലത്തുവന്നപ്പോഠം ഒരു പ്രശ്നം. പ്രശസ്തിയാർജ്ജിച്ച കോട്ടയം രാജകുടുംബത്തിലെ ഒരു തമ്പുരാൻെറ വകയായിരുന്നു മുരിങ്ങോടി പ്രദേശം. ഭരണവും ആദായവും പ്രതാപവും പൊയ്പ്പോയതിനാൽ സ്ഥലം ആവശ്യക്കാർക്കു വിററുപോന്നു. നാടികുന്നേൽകാക്കുവേണ്ടി നൂറേക്കർ സ്ഥലത്തിനു തമ്പുരാൻെറ കാര്യസ്ഥനുമായി തോട്ടത്തിൽ ജോൺ ഇടപാടു ചെയ്തിരുന്നു. അഡ്വാൻസായി കുറെ പണവും കൊടുത്തിരുന്നു. എന്നാൽ പറഞ്ഞിരുന്നതുപോലെ ഒരു മാസംകഴിഞ്ഞു് നാടികുന്നേൽക്കാർ കുടുംബസഹിതം വന്നപ്പോഠം സ്ഥലം കൊടുക്കുകയില്ല.

കാര്യസ്ഥൻ: ഇനി സ്ഥലം വിൽക്കേണ്ടാ എന്നാണു തിരുമേനി കല്പിച്ചിരിക്കുന്നതു്.

തോട്ടത്തിൽ ജോൺ: നേരത്തേ ഞങ്ങളോടു വാക്കു പറഞ്ഞതാണല്ലോ. സ്ഥലം ഞങ്ങഠംക്കു തരണം. ഞങ്ങളോട്ട് അഡ്വാൻസും പററിയതാണു്.

കാര്യസ്ഥൻ: അഡ്വാൻസ് പററിയതു മടക്കികൊടുക്കുവാനും തിരുമേനി കല്പിച്ചിട്ടുണ്ടു്.

എൻ. സി. പീററർ: അയ്യോ അങ്ങനെ പറയല്ലെ. ഞങ്ങഠം നാട്ടിൽ ഉള്ളതെല്ലാം വിററു ഭാര്യയും കുഞ്ഞുങ്ങളുമായി വന്നിരിക്കയാണു്. ഞങ്ങഠംക്കു വേറെ ഒരിടവുമില്ല. രണ്ടു ദിവസമായി ഞങ്ങഠം വൃക്ഷച്ചുവട്ടിൽ കഴിച്ചുകൂട്ടുവാൻ തുടങ്ങിയിട്ടു്.

കാര്യസ്ഥൻ: ഞാനെന്തു ചെയ്യണം? ക്രിസ്ത്യാനികഠംക്കു് ഇനി സ്ഥലം കൊടുക്കേണ്ട എന്നാണു തിരുമേനി കല്പിച്ചിരിക്കുന്നതു്.

ജോൺ: ഞങ്ങറം വലിയ ദുർഘടാവസ്ഥയിൽ എത്തിയിരിക്കുന്നു. തിരുമേനിയെ നേരിൽകണ്ടു വിവരം ഉണർത്തിച്ചാൽ തിരുമേനി തീർച്ചയായും ഞങ്ങളെ ഉപേക്ഷിക്കയില്ല. അവിടുത്തെ ഒന്നു മുഖം കാണിക്കുവാൻ അനുവദിക്കാമോ?

കാര്യസ്ഥൻ: കൊട്ടാരംപടിക്കൽചെന്നു കാവൽനില്ക്കുന്ന പാറാവുകാരനോടു പറയുക. അവർ (ജോണും, നാടികുന്നേൽ സഹോദരങ്ങളുംകൂടെ) പാറാവുകാരൻെറ അടുക്കൽച്ചെന്നു് ആദരവോടെ വിവരമറിയിച്ചു.

പാറാവുകാരൻ: ഇനി അര മണിക്കൂർകൂടെ കഴിയണം. മൂന്നര മണിക്കാണു തിരുമേനി പുറത്തുള്ളവരെ കാണുന്നതു്.

ജോൺ: ഞങ്ങറം പാത്തുനില്ക്കാം.

പാറാവുകാരൻ: ഒരു കാര്യംകൂടെ നിങ്ങറം ചെയ്യണം. കുപ്പായവും ധരിച്ചുകൊണ്ടല്ല തിരുമുമ്പിൽ ചെല്ലേണ്ടതു്. കുപ്പായം ഊരി മടക്കി കക്ഷത്തിൽവെച്ചുകൊണ്ടു് ഓച്ഛാനിച്ചു നില്ക്കണം.

പീററർ: രാജാവു് ഒരു മനുഷ്യനല്ലേടോ? ഞങ്ങളും മനുഷ്യരാ–മൃഗങ്ങളല്ല.

ജോൺ: (പതുക്കെ) മിണ്ടാതിരിക്കുവിൻ. നമുക്കു കാര്യം നേടണം. (ഉച്ചത്തിൽ) അങ്ങനെ ചെയ്യാം സാറെ.

എൻ. സി. വർഗീസ്: കുപ്പായം മാത്രം മാററിയാൽ മതിയോ? മുണ്ടും കോണകവുംകൂടെ അഴിച്ചു മാററണമോടോ? കുറെക്കഴിഞ്ഞു തമ്പുരാൻ ഹാളിൽ വന്നു. സന്ദർശകർ തൊഴുതു കുനിഞ്ഞു് ആദരവോടെ നിന്നു.

ജോൺ: ഇവരുടെ കിടപ്പാടമെല്ലാം വിററു കുഞ്ഞുകുട്ടി പരാധീനത്തോടെ വന്നിട്ടു രണ്ടുദിവസമായി. ഇപ്പോറം വൃക്ഷച്ചുവട്ടിൽ കിടക്കുന്നു. അവിടത്തെ സ്ഥലം കിട്ടുമെന്നുള്ള ഉറപ്പിൽ പോന്നതാണു്. ഇപ്പോറം അവർ വിഷമിക്കുന്നു. തിരുമേനിയുടെ സ്ഥലത്തിൽ ഏതെങ്കിലുമൊരുഭാഗത്തു നൂറേക്കർ സ്ഥലം കൊടുക്കണം. നേരത്തെ സമ്മതിച്ചു് അഡ്വാൻസ് പററിയതാണു്.

തമ്പുരാൻ: ശരി, ഇനി സ്ഥലം വിൽക്കേണ്ടാ എന്നു വച്ചിരിക്കയാണു്.

ജോൺ: തിരുമേനി–! ഇതു നീതിയല്ല. ഞങ്ങൾ നേരത്തെ ഇടപാടു ചെയ്തിരുന്നതാണ്. അഡ്വാൻസും തന്നിട്ടുള്ളതത്രെ.

തമ്പുരാൻ: നമ്മോടു വാദിക്കുവാൻ നിങ്ങൾ ആരാണ്? നിങ്ങളുടെ അഡ്വാൻസ് തിരികെത്തരാം. അതു പററിക്കൊള്ളുക.

പീററർ: അവിടുത്തെ സ്ഥലത്തിൽ ഏതെങ്കിലും ഒരു ഭാഗത്തു പത്തേക്കർ സ്ഥലമെങ്കിലും ഞങ്ങൾക്കു തരണം. ഞങ്ങൾ തല ചായിച്ചു കിടക്കട്ടെ.

തമ്പുരാൻ: നാം പറഞ്ഞതു കേട്ടില്ലേ. കൊടുക്കുന്നില്ലെന്നു തീരുമാനമെടുത്തു.

ദൃഢസ്വരത്തിലുള്ള ഈ സംസാരം കേട്ടപ്പോൾ ജോണിൻെറയും എൻ. സി. ബ്രദേഴ്സിൻെറയും ആത്മാഭിമാനം ജ്വലിച്ചു. രക്തം തിളച്ചു. സ്വരം ഉയർന്നു. അവർ പറഞ്ഞു: ഇതെന്തു നീതി – ഇതാണോ രാജാവ്, രാജനീതി ഇതാണോ? ഞങ്ങളുടെ നാട്ടിൽ ഇത്തരം രാജാക്കന്മാരെ വച്ചുവാഴിക്കയില്ല. ഇയാളുടെ മുമ്പിൽ ഇങ്ങനെ നഗ്നരായി കുനിഞ്ഞുനിന്നതു കഷ്ടമായിപ്പോയി. അവർ അദ്ദേഹത്തിൻെറ മുമ്പിൽവച്ചുതന്നെ ഷർട്ടു ധരിച്ചു. അഡ്വാൻസ് തന്നതു താനെടുത്തുകൊള്ളൂ. തനിക്കു ഭിക്ഷയായി തന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു വെറുപ്പോടെ ഇറങ്ങിപ്പോയി. രാജാവും കൂട്ടരും വിറച്ച് സ്തംഭിച്ചു നിന്നുപോയി. തിരുവായിക്കെതിർവായില്ലാതെ വർത്തിച്ചു പരിചയിച്ച തിരുമേനിക്ക് ഇതു പുത്തരിയായിരുന്നു.

തിരുമേനി പറഞ്ഞു: "കണ്ടില്ലേ ആ ക്രിസ്ത്യാനികളുടെ ധിക്കാരം. നമ്മെ അവർ ചോദ്യംചെയ്യുന്നു. ഭീഷണിപ്പെടുത്തുന്നു. ഇവരുടെ കൂട്ടർക്ക് നേരത്തെ സ്ഥലം കൊടുത്തതു തെററായിപ്പോയി". യഥാർത്ഥത്തിൽ ഈ രാജാക്കന്മാരും പ്രഭുക്കന്മാരും ഇതുവരെ ആശ്രിതരുടെയും ആദിവാസികളുടെയും ആരാധനാപാത്രങ്ങളായി കഴിയുകയായിരുന്നു. ഈ വാഴ്ചയ്ക്കു ഭംഗംവരുമെന്നു കരുതി ആയിരിക്കണം കുടിയേററക്കാർക്കു മേലാൽ സ്ഥലംകൊടുക്കേണ്ടാ എന്നു കോട്ടയം തമ്പുരാൻ തീരുമാനിച്ചതു്.

ജോണും എൻ. സി. ബ്രദേഴ്സും മണത്തനയിൽവന്നു കൊട്ടിയൂർദേവസ്വത്തിൻെറ ഒരു ഊരാളനെക്കണ്ടു കരികിലക്കണ്ടത്തിൽ നൂറേക്കർ സ്ഥലം ഇടപാടുചെയ്തു.

# കുററിയാടിപ്പുഴയുടെ തീരത്തു്

പേരാവൂരിലെ ആദ്യകുടിയേററക്കാരെല്ലാം ഫാ. ഫെർണാണ്ടസ്സുവഴിയും അദ്ദേഹത്തിൻെറ ഉപദേശപ്രകാരവുമാണ സ്ഥലം വാങ്ങിയതു്. സ്ഥലവാസികളുടെയും ജന്മികളുടെയും ഗവൺമെൻറുദ്യോഗസ്ഥന്മാരുടെയും ഇടയിൽ ഫാ. ഫെർണാണ്ടസ്സിൻെറ സ്വാധീനം വലുതായിരുന്നു. കുററിയാടിയിലേയ്ക്കുള്ള ആദ്യകുടിയേററക്കാർക്കു് അതുപോലുള്ള ഒരു സംരക്ഷകൻെറ സഹായം ലഭിച്ചിരുന്നില്ല. അവക്കു് ഒരു വൈദികനെ കാണണമെങ്കിൽത്തന്നെ ഇരുപതുമൈൽ അകലെ വടകര പ്പള്ളിയിൽ പോകണമായിരുന്നു. ഇതാണ കുററിയാടിയിലേയ്ക്കുള്ള ആദ്യകുടിയേററമുന്നണികളെല്ലാം പരാജയമടയുവാനുള്ള ഒരു പ്രധാന കാരണം.

കുററിയാടിയിലേയ്ക്കുള്ള നാലാംമുന്നണി നേതാക്കളാണ ശ്രീ പുരയിടത്തിൽ തോമസ്സും (കുഞ്ഞു്) പുല്ലാട്ടു ജോസഫും (കുഞ്ഞേപ്പു്). ഇവർ രണ്ടുപേരും കൂട്ടുകാരത്രേ. സമവയസ്സർ. കൃഷിക്കാരും കൃഷിക്കാരുടെ മക്കളും. പൂവരണിയിൽ പുരയിടത്തിൽ എന്ന പ്രശസ്തകുടുംബത്തിലെ അംഗങ്ങളാണു് ഇരുവരും. കുടുംബത്തിൻെറ പൊതുപ്പണികഠം കൂടാതെ സ്വന്തമായും അവർ ചില കൃഷികഠം ചെയ്തു് ആദായമുണ്ടാക്കും. ആ പണം അവർ വിനോദയാത്രയ്ക്കാണ ചിലവാക്കുന്നതു്. ദേശങ്ങളും പട്ടണങ്ങളും പോയിക്കാണുന്നതു് അവക്കിഷ്ടമാണു്. എല്ലാക്കൊല്ലവും അവർ എവിടെയെങ്കിലും പോകും. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കൊച്ചി മുതലായ സ്ഥലങ്ങളെല്ലാം പോയിക്കണ്ടിട്ടുണ്ടു്. ഒരിക്കൽ അവരുടെ ഒരു സ്നേഹിതൻ പറഞ്ഞു: "നിങ്ങഠംക്കു് കൃഷിയോടു താല്പര്യമുണ്ടല്ലോ, ഇക്കൊല്ലം കോഴിക്കോടും പരിസരങ്ങളും പോയിക്കാണുക. രോഗം ബാധിക്കാത്ത നല്ല ആരോഗ്യമുള്ള തെങ്ങുകഠം അവിടെ വളരുന്നു". കുഞ്ഞും കുഞ്ഞേപ്പുംകൂടി കോഴി

ക്കോട്ട പോയിക്കണ്ടു. മടങ്ങിവന്നു. വിശേഷങ്ങൾ അന്വേഷിച്ചവരോട്ട് അവർ അഭിപ്രായം പറഞ്ഞു. 1924-ൽ ഒരു ഞായറാഴ്ച മതകർമ്മങ്ങൾ കഴിഞ്ഞിറങ്ങിയപ്പോൾ വാഴൂർപ്പള്ളി മുററത്തുവച്ചാണു പറയുന്നതു്. (വാഴൂരിൽ കുഞ്ഞിനും കുഞ്ഞേപ്പിനും ദേഹണ്ഡസ്ഥലങ്ങളുണ്ടു്. അക്കാലത്തു് അവർ താമസിച്ചിരുന്നതും അവിടെയായിരുന്നു.) തിരുവനന്തപുരംപോലെ നല്ല പട്ടണമല്ല കോഴിക്കോട്ട്. ഇടുങ്ങിയ റോഡുകൾ. സർവ്വത്ര വൃത്തികേട്ട്. മലയാളമാണു സംസാരിക്കുന്നതെങ്കിലും എളുപ്പം തിരിയുകയില്ല. എന്നാൽ അവിടത്തെ കൃഷികൾ, പ്രത്യേകിച്ചു തെങ്ങു വളരെ മെച്ചമാണു്. കൊഴുത്തു വളരുന്നു. ഒരു രോഗവുമില്ല. നിറച്ചു തേങ്ങായും. എളങ്ങോയിക്കാരൻ വടക്കേടത്തു കുര്യാക്കോയും ഈ സംസാരം കേട്ടുകൊണ്ടു നില്പുണ്ടായിരുന്നു. അയാൾ പറഞ്ഞു: കോഴിക്കോട്ടെക്കാൾ നല്ല തെങ്ങു കുററിയാടിയിലുണ്ടെന്നും അതു കണ്ടാൽ നാം അങ്ങോട്ടു താമസം മാററുമെന്നും മററും മററും. കുര്യാക്കോ പറഞ്ഞതിൽ അധികം അതിശയോക്തിയില്ല. തൊട്ടിൽപ്പാലം പ്രദേശത്തെ തെങ്ങിൻതോട്ടം കണ്ടിട്ടുള്ള മീനച്ചിൽക്കാരായ പലരും ഇവിടെ ഒരഞ്ചേക്കർ സ്ഥലമെങ്കിലും കിട്ടിയാൽ മതിയായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടു്. ആദ്യത്തെ കുടിയേററപ്പാർട്ടികൾ കുററിയാടിഭാഗത്തേയ്ക്കു പോകുവാൻ കാരണവും മറെറാന്നല്ല. കുര്യാക്കോയുടെ പരാമർശം കുഞ്ഞിനേയും കുഞ്ഞേപ്പിനേയും മററു പലരേയും ഹരംപിടിപ്പിച്ചു. മലബാറിനുപോയി സ്ഥലങ്ങൾ നേരിട്ടു കാണുവാൻ അവർ ആഗ്രഹിച്ചു. കുര്യാക്കോയ്ക്കും സന്തോഷമായി. അവർ പരസ്പരം സമ്പക്കം പുലത്തിക്കൊണ്ടിരുന്നു. വാഴൂർപ്പള്ളിയിൽവച്ചു തമ്മിൽ കാണുവാനും സംസാരിക്കുവാനും സൗകര്യമുണ്ടു്.

1929 സെപ്ററംബറിൽ വടക്കേടത്തു കുര്യാക്കോയുടെയും പൊങ്ങമ്പാറ അപ്പച്ചിയുടെയുംകൂടെ കുഞ്ഞും കുഞ്ഞേപ്പും മലബാറിനു പുറപ്പെട്ടു. വഴിക്കുവെച്ചു കൊല്ലരിക്കൽ സ്കറിയായെ കണ്ടുമുട്ടി. അയാളും മലബാറിലാണു്. എല്ലാവക്കും വലിയ സന്തോഷം തോന്നി. സ്കറിയ ഒരു കൊല്ലംമുമ്പേ സ്ഥലമെടുത്തു താമസം തുടങ്ങിയതാണു്. അതു പേരാവൂർഭാഗത്താണു്. കൊട്ടിയൂർദേവസ്വംവക സ്ഥലം. സ്കറിയ തൻെറ കൂട്ടത്തിൽ പേരാവൂക്ക് പോകുവാൻ അവരെ നിർബന്ധിച്ചു. അവിടവും കാണാമല്ലോ എന്നു കരുതി അവർ സമ്മതിച്ചു. കോളയാട്ടു വരെ ബസ്സുണ്ടു്. പിന്നെ നടക്കണം. കാട്ടിലൂടെയാണു യാത്ര.

നടന്നുനടന്നു സ്കറിയായുടെ താമസസ്ഥലത്തെത്തി. ഒരു ദിവസം അവിടെ താമസിച്ചു. സ്ഥലവും ചുററുപാടുകളും കണ്ടു. നല്ല സ്ഥലം. അവക്ക് ഇഷ്ടപ്പെട്ടു. അയൽപക്കം കിട്ടുവാൻ അവരെക്കൊണ്ടു് അവിടെ സ്ഥലം എടുപ്പിക്കണമെന്നു സ്കറിയായ്ക്കു നിർബന്ധം. വടക്കേടത്തു കുര്യാക്കോ പറഞ്ഞു: "നമുക്കു കുററിയാടികൂടി പോയികാണാം. അതുകഴിഞ്ഞിട്ടു സ്ഥലമെടുക്കേണ്ടതെവിടെയെന്നു നിശ്ചയിക്കാം". അടുത്തദിവസം അവർ വടകരയെത്തി. ഒരു എട്ടു സീററുള്ള വാനുണ്ടു്. എൺപതുപേരെ കേററിയെന്നും വരും. ഒരുവിധത്തിൽ കുററിയാടിയിൽ എത്തി. കൊട്ടിയൂർ ദേവസ്വത്തിന്റെ പ്രധാന കാര്യസ്ഥൻ മൊയാരത്തു നാരായണൻ നമ്പ്യാരാണു്. അയാളുടെ കീഴിൽ മരുതോങ്കര—മുള്ളംകുന്നുഭാഗത്തെ കാര്യങ്ങൾ അന്വേഷിക്കുന്ന തോട്ടത്താംകണ്ടി അപ്പുനമ്പ്യാരുടെ വീട്ടിൽച്ചെന്നു താമസിച്ചു. അയാൾ അവരോടു സ്നേഹവും താല്പര്യവും കാണിച്ചു. അവർ രണ്ടു ദിവസം അവിടെ കഴിച്ചുകൂട്ടി. പരിസരങ്ങൾ നടന്നുകണ്ടു. കനകക്കുടങ്ങൾ വഹിക്കുന്ന കേരവൃക്ഷങ്ങൾ; പവിഴമുത്തുകൾപോലെയുള്ള അടയ്ക്കാക്കുലകൾ നിറഞ്ഞുനില്ക്കുന്ന കമുകിൻനിരകൾ; തഴച്ചുവളരുന്ന കുരുമുളകുവള്ളികൾ; ഇതെല്ലാം അവരെ ആകർഷിച്ചു. അവർ സംതൃപ്തരായി. പേരാവൂരെക്കാൾ മെച്ചപ്പെട്ട സ്ഥലം. കുറെ സ്ഥലം വാങ്ങണമെന്നു് അവർ തീരുമാനിച്ചു. അപ്പുനമ്പ്യാർ കുററിയാടിയിലെ ചെറിയ പുഴകടന്നു മരുതോങ്കരമലയോരം (കുററിയാടിടൗണിൽനിന്നും നാലഞ്ചുമൈൽ കിഴക്കു പഴയപള്ളിയും ഇപ്പോഴത്തെ സെമിത്തേരിയും ഇരിക്കുന്നഭാഗം.) അവരെ കൊണ്ടുപോയി കാണിച്ചു. വലിയ കാടു്. സ്ഥലം എത്ര വേണമെങ്കിലും തരും. വിലയും നിസ്സാരം. ഏക്കറിനു രണ്ടുരൂപാ പ്രകാരം ലഭിക്കുമെന്നു കേട്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. കച്ചവടം ചെയ്യാമെന്നുതന്നെ തീരുമാനിച്ചുകൊണ്ടു നാട്ടിലേയ്ക്കു മടങ്ങിപ്പോയി. അവർ വീടുകളിലെത്തി കാരണവന്മാരേയും വീട്ടുകാരേയും കണ്ടു വിവരങ്ങൾ പറഞ്ഞു; അവരുടെ സാഹസികസംരംഭത്തെ കാരണവന്മാരടക്കം പലരും പ്രതികൂലിച്ചു. അനുഭാവികൾ പറഞ്ഞു: "കിഴക്കു മുണ്ടക്കയം, പെരുവന്താനം, കുമളി, ഉപ്പുതറ, വടക്കു് അറക്കുളം, കുടയത്തൂർ, മൂലമററം, വെള്ളിയാമററം മുതലായ സ്ഥലങ്ങൾ നമ്മുടെ ആളുകൾ കുടിയേറി വികസിപ്പിച്ചതാണു്. അവയെല്ലാം പട്ടണങ്ങളായി. ആദ്യം കുടിയേറിയവർ പ്രഭുക്കന്മാരുമായി. ആളും

അത്ഥവുമുള്ളവർ പോകുന്നതു നല്ലതാണ്''. ''നിങ്ങളും നിങ്ങളുടെ മക്കളും ആദ്യം മലബാറിനു പോകട്ടെ. നിങ്ങൾക്ക പ്രബുക്കന്മാരാകാം'' എന്നു സ്വന്തപ്പെട്ടവർ തിരിച്ചടിച്ചു. എങ്കിലും ഒരുവിധത്തിൽ അവർ കാരണവന്മാരുടെ അനുവാദം നേടിയെടുത്തു. സ്ഥലം വാങ്ങുവാനും പണി എടുപ്പിക്കുവാനും പണമുണ്ടാക്കി. എല്ലാവരോടും യാത്രപറഞ്ഞു പുറപ്പെടുവാൻ തയ്യാറായി പള്ളിയിൽച്ചെന്നു കർബാന സമർപ്പിച്ചു. മരിച്ചുപോയ കാരണവന്മാരെ ഓർത്തു. പക്ഷേ ഒരു കൊല്ലമെടുത്തു ഇങ്ങനെയെല്ലാം തയ്യാറാകുന്നതിനു്.

1931–ഒക്ടോബറിൽ ഭാര്യയും കുട്ടികളും കുറെ സാമാനങ്ങളുമായി അവർ കുററിയാടിയിൽ എത്തി. ആ നാലു കുടുംബങ്ങളുംകൂടി 400 ഏക്കർ സ്ഥലം എഴുതിവാങ്ങി. മരക്കമ്പുകൾ കൊണ്ടു് ഒരു ഷെഡ്ഡുണ്ടാക്കി. പുല്ലുകൊണ്ടു മേഞ്ഞു. നാലഞ്ചു മുറികളായി തിരിച്ച് ഓരോ കുടുംബവും ഓരോന്നിൽ താമസിച്ചു. കുറെ സ്ഥലം വെട്ടിത്തെളിച്ചു ചെറുകൃഷികൾചെയ്തു. നെല്ലു വിതച്ചു. പക്ഷേ വിളവു നല്ലതായിരുന്നില്ല. കാട്ടുപന്നി കുറെ നഷ്ടപ്പെടുത്തി. വേറെ ഉപദ്രവങ്ങൾ അത്തവണ ഉണ്ടായില്ല. ഏകദേശം മൂന്നു മാസത്തോളം വലിയ വിഷമങ്ങൾ കൂടാതെ കടന്നുപോയി. പിന്നെ ഓരോരുത്തരെ പനി ബാധിക്കുവാൻ തുടങ്ങി. ആരംഭത്തിൽത്തന്നെ കുററിയാടിയിൽച്ചെന്നു ഡോ. ഭട്ട് എം. ബി. ബി. എസ്. ൻെറ മരുന്നു വാങ്ങിക്കൊടുത്തുകൊണ്ടിരുന്നതിനാൽ ആരും അപകടനിലയിൽ എത്തിയില്ല. ഭട്ട് ഒരു നല്ല ഡോക്ടറായിരുന്നു. അവർ അയാളുടെ തൃപ്തി സമ്പാദിച്ചു.

ഏഴെട്ടുമാസം കഴിഞ്ഞപ്പോൾ ആനിക്കാട്ടുനിന്നും പള്ളിക്കത്തൊഴത്തുകാർ, എഴുപതുവയസ്സു പ്രായമായ തള്ളയും അവരുടെ ഒൻപതുമക്കളും മക്കളുടെ മക്കളുമായി എഴുപത്തിനാലു് അംഗങ്ങളുള്ള ഒരു വലിയ കുടുംബം കുററിയാടിയിൽ വന്നു. തിരുവിതാംകൂർകാർ മരുതോങ്കരയുണ്ടെന്നു കേട്ട് അവർ സന്തോഷിച്ചു. കുറേ തിരുവിതാംകൂർകാർ ടൗണിൽ എത്തിയിട്ടുണ്ടെന്നു് ആരോ പറഞ്ഞു് കുഞ്ഞേപ്പും കൂട്ടരും അറിഞ്ഞു. അവരെ സ്വാഗതംചെയ്യാനും സഹായിക്കാനുമായി അവർ പണിക്കാരോടുകൂടി ടൗണിൽ പോയി. പരസ്പരം കാണുകയും തിരുവിതാംകൂർഭാഷയിലുള്ള സംസാരം കേൾക്കുകയും ചെയ്തപ്പോൾ പുതിയ കുടിയേററക്കാർ ആനന്ദാശ്രുക്കൾ പൊഴിച്ചു. കുഞ്ഞേപ്പും കൂട്ടരും അവരെ കൂട്ടിക്കൊണ്ടുവന്നു ഷെഡ്ഡിൽ താമ

സിപ്പിച്ചു. അവർക്കു വേണ്ടതെല്ലാം ചെയ്തുകൊടുത്തു. കുറെ ആഴ്ചകൾ ഇങ്ങനെ ഒന്നിച്ചു താമസിച്ചു. ഈ ദിവസങ്ങൾ ഉത്സവക്കാലങ്ങളായി എല്ലാവർക്കും അനുഭവപ്പെട്ടു. കുഞ്ഞേപ്പിന്റെയും മററും അടുത്തായിരുന്നു അവർ വാങ്ങിയ സ്ഥലവും. ആഴ്ചകളും മാസങ്ങളും ഇങ്ങനെ നീങ്ങി. ഓരോ കുടുംബവും കുറെ കാടു വെട്ടിത്തെളിച്ചു സ്ഥിരം കൃഷിക്കൊരുങ്ങി. പൊങ്ങമ്പാറ അപ്പച്ചി വടക്കുഭാഗത്തേയ്ക്കു മാറി കുറെ പുതിയ സ്ഥലമെടുത്തു. അവിടമാണു കുറച്ചുകൂടി മെച്ചപ്പെട്ടതെന്ന് അദ്ദേഹത്തിനു തോന്നി. താമസവും പണിയും അവിടെയാക്കി. വടക്കേടത്തു കുര്യാക്കോയും അടുത്തൊരു ഭാഗത്തേയ്ക്കു നീങ്ങി. കുഞ്ഞും കുഞ്ഞേപ്പും പഴയ സ്ഥാനത്തുതന്നെ താമസിച്ചു. എന്നാൽ കുന്നും മലയും കുറവുള്ളതും ഫലപുഷ്ടിയിൽ മേന്മയുള്ളതുമായ കുറെ സ്ഥലം എടുത്താൽ കൊള്ളാമെന്ന് അവരും അഭിലഷിച്ചു. കുററിയാടിപ്പുഴയ്ക്കു തെക്കേക്കരെ പടത്തുകടവിൽ സ്ഥലംകിട്ടുമെന്ന് ആരോ പറഞ്ഞു. കൊച്ചീപ്പത്തരകൻ ഉപേക്ഷിച്ചുപോയ സ്ഥലം പുഴയുടെ അരികിലാണ്. അതു നിരപ്പുള്ളതുമാണ്. കോട്ടയത്തുപോയി തരകന്റെ മകൻ കോശിത്തരകനെ കണ്ടു. അദ്ദേഹത്തെ പേരാമ്പ്ര കൊണ്ടുവന്നു പതിനാറ് ഏക്കർ സ്ഥലം എഴുതിവാങ്ങി. മുഴുവൻ സ്ഥലവും വാങ്ങുവാൻ അദ്ദേഹം നിർബന്ധിച്ചു. അവർ വഴിപ്പെട്ടില്ല. പുതുതായി വാങ്ങിയ സ്ഥലത്തു പണിനടത്തുന്നതിലേയ്ക്ക് അവരുടെ ശ്രദ്ധ തിരിഞ്ഞു. രാവിലെ പണിക്കാരുമായി അങ്ങോട്ടു പോകും. വൈകുന്നേരം മടങ്ങും. അങ്ങനെ ഒരു കൊല്ലക്കാലം കഴിച്ചുകൂട്ടി. ഈ പോക്കുവരവും പുഴകടക്കലും പലവിധത്തിൽ നഷ്ടം. കാട്ടുമൃഗങ്ങളുടെ മദ്ധ്യത്തിൽ കൃഷികൾ രക്ഷിച്ചെടുക്കണമെങ്കിൽ കൃഷിസ്ഥലത്തുതന്നെ താമസവും ആക്കാതെ നിവൃത്തിയില്ലെന്നായി. അങ്ങനെ അവർ പടത്തുകടവിൽ താമസമാക്കി.

കേരവൃക്ഷങ്ങളുടെ പറുദീസായാണു കുററ്യാടി. അവിടെ കുറെ സ്ഥലം കിട്ടിയാൽ നേട്ടമായി. ഈ വാർത്ത കാതുകളിൽ മുഴങ്ങി. ഹൃദയത്തിൽ പ്രതിധ്വനിച്ചു. ഇതിന്റെ ഫലമായിട്ടാണു മലബാറിലെ പ്രഥമ കുടിയേററ മുന്നണികൾ അങ്ങോട്ടു തിരിച്ചതു്. കരുതി പ്രവർത്തിച്ചാൽ കുടിയേററം വിജയിപ്പിക്കാമെന്നു പുരയിടത്തിൽ തോമസ്സിന്റെയും പുല്ലാട്ടു ജോസഫിന്റെയും പൊങ്ങമ്പാറ വർക്കിയുടെയും വടക്കേടത്തു കുര്യാക്കോയുടെയും കുടിയേററചരിത്രം തെളിയിച്ചു. എങ്കിലും

1935 വരെ പ്രതിമാസം ഒന്നും രണ്ടും കുടുംബങ്ങൾ മാത്രമേ കുടിയേറിക്കൊണ്ടിരുന്നുള്ളൂ. 1940-ൽ ധനാഢ്യരും കൃഷിരാജന്മാരും എല്ലാപ്രകാരത്തിലും സ്വാധീനമുള്ളവരുമായ ജോസ് കള്ളവേലിയും മൈക്കിൾ ജോർജ്ജ് കള്ളവേലിയും ചേർന്നു ചെമ്പനോടയിൽ മൂവായിരം ഏക്കർ സ്ഥലം വാങ്ങി വലിയ തോതിൽ തോട്ടംവയ്ക്കുവാൻ തുടങ്ങി. അവർ ചെറിയ ബ്ളോക്കുകളായി തിരിച്ചു ചെറുകൃഷിക്കാർക്കു സ്ഥലം വില്ക്കുകയും ചെയ്തു. കുററ്യാടിഭാഗത്തേയ്ക്കുള്ള കുടിയേററം വർദ്ധിച്ചു. ആയിരക്കണക്കിനാളുകൾ കുടിയേറി. പാലാക്കാരായ കുട്ടക്കയം മാത്യുവക്കീലും എലവനാൽ വർക്കിയും വയലിൽക്കാരും ചാത്തൽകോട്ടുനട ഭാഗത്തുവന്നു. 1939-ൽ സ്ഥലംവാങ്ങി 1948 മുതൽ താമസിച്ചു കൃഷികളാരംഭിച്ചു. 1940 മുതൽ കടളിക്കാട്ടിൽ ചെറിയാനും മക്കളും കുണ്ടുതോട്ടിൽ സ്ഥലംവാങ്ങി താമസമാക്കി. 1942-ൽ ചമ്പക്കുളംകാരൻ മാപ്പിളശ്ശേരിയിൽ കുര്യാച്ചനും (ഡോ. കെ. ററി. കുര്യൻ) അദ്ദേഹത്തിൻെറ അനുജൻ അപ്പച്ചനും മാന്നാനംകാരൻ തോപ്പൂത്തല കുട്ടിയുംകൂടി 250 ഏക്കർ സ്ഥലം വിലങ്ങാട്ടു മഞ്ഞക്കുന്നുമലയുടെ ഒരു ഭാഗത്തു വാങ്ങി. തോട്ടം വയ്ക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. കുട്ടി സ്ഥലത്തുതാമസിച്ചു പണികൾ നടത്തിക്കൊണ്ടിരുന്നു. 1947-ൽ അയാൾ രോഗബാധിതനായി മരിച്ചു. കുട്ടിയുടെ കൂട്ടത്തിൽ താമസിച്ചുകൊണ്ടിരുന്ന മാന്നാനംകാരൻ പുത്തൻപുരയ്ക്കൽ ദേവസ്യാ തോട്ടം റൈട്ടറായി 1960 വരെ കൃഷിജോലികൾ തുടർന്നു നടത്തിപ്പോന്നു. അകലംകൊണ്ടും യാത്രയുടെ അസൗകര്യങ്ങൾകൊണ്ടും മാപ്പിളശ്ശേരിക്കാർക്ക് തോട്ടം അന്വേഷിക്കുവാൻ ഒട്ടും സൗകര്യങ്ങളുണ്ടായിരുന്നില്ല. ആകയാൽ അവർ പലർക്കായി കിട്ടിയ വിലയ്ക്കു സ്ഥലം വിററു നാട്ടിലേയ്ക്കു മടങ്ങിപ്പോയി.

1945-ൽ തമ്പലക്കാട്ടുകാരൻ എടാട്ടു പാപ്പച്ചനും എളങ്ങുളംകാരൻ ചൂരപ്പൊയ്കയിൽ തോമസും കുന്നുംപുറത്തു ജോസഫും കൂടി വിലങ്ങാട്ടുപ്രദേശങ്ങൾ വാങ്ങി താമസിച്ചു കൃഷിചെയ്യുവാൻ തുടങ്ങി. അവർ പിറകെ വന്നവർക്കു വില്ക്കുകയും ചെയ്തു. ഇങ്ങനെ കുററ്യാടി ടൗണിനു ചുററുമുള്ള മലകളെല്ലാം തിരുവിതാംകൂർ കുടിയേററക്കാരെക്കൊണ്ടു നിറഞ്ഞു. എന്നാൽ കുററിയാടിമേഖലയിലെ ഈ കുടിയേററക്കാരിൽ വളരെപ്പേർ ശത്രുക്കളോടുള്ള — മലമ്പനി, കാട്ടുമൃഗങ്ങൾ, മുതലായവയോടുള്ള — സമരത്തിൽ മുറിവേററു നാട്ടിലേയ്ക്കു മടങ്ങിപ്പോയി. നല്ല ഒരു

ഭാഗം "യുദ്ധഭൂമിയിൽ" മരിച്ചുവീണു. സമരത്തിൽ പിന്മാറാതെ, തോല്ക്കാതെ പിടിച്ചുനിന്നവരും അവരുടെ പിൻഗാമികളും മരുതോങ്കരയിലും മറേറാരോ സ്ഥലങ്ങളിലും കേന്ദ്രീകരിച്ചു.

കുററ്യാടിയിലെ ആദ്യത്തെ ദിവ്യബലി മരുതോങ്കരയിൽ വടക്കേടത്തു കുര്യാക്കോയുടെ വീട്ടിൽവച്ചു 1932-ൽ നടത്തി. വടകരയിൽനിന്നും അപ്പഴപ്പോൾ വന്നിരുന്ന ബ. വൈദികർ ആദ്യം മരുതോങ്കരയും അവിടെനിന്നും സൗകര്യംപോലെ മറേറാരോ സ്ഥലങ്ങളും സന്ദർശിക്കുകയും അതാതു കേന്ദ്രങ്ങളിൽ ദിവ്യകർമ്മങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തുപോന്നു. അങ്ങനെ കാലക്രമത്തിൽ പടത്തുകടവ്, ചെമ്പനോട, ചാപ്പൻതോട്ടം, വിലങ്ങാട്ട്, കുണ്ടുതോട്ട്, പൂതംപാറ, പൂഴിത്തോട്ട്, കരിങ്ങാട്ട് മുതലായ സ്ഥലങ്ങൾ കുടിയേററക്കാരുടെ കേന്ദ്രങ്ങളായി ഉയൎന്നുവന്നു. ബ. വൈദികർ ഈ കേന്ദ്രങ്ങൾ സന്ദർശിച്ചു മതകർമ്മങ്ങൾ നടത്തിക്കൊടുക്കുക മാത്രമല്ല ചെയ്തിരുന്നതു്. ജനങ്ങളുടെ ആരോഗ്യപരവും സാമൂഹ്യവും സാമ്പത്തികവുമായ കാര്യങ്ങളിലും അവരെ സഹായിക്കുകയും ഉപദേശം നല്കുകയും ചെയ്തിരുന്നു. പരസ്പരം സഹായിക്കാനും പൊതുക്കാര്യങ്ങളിൽ ഒന്നിച്ചു പ്രവൎത്തിക്കാനും അവരോടാവശ്യപ്പെട്ടു. കുട്ടികളുടെ വിദ്യാഭ്യാസത്തിനു സ്കൂളുകളും വയോജനവിദ്യാഭ്യാസത്തിനു വായനശാലകളും നിശാക്ലാസ്സുകളും സ്ഥാപിക്കുവാൻ സഹായിച്ചു. ഗതാഗതസൗകര്യങ്ങൾക്കായി ശ്രമദാനത്താൽ റോഡുകളും പുഴകൾക്കു താല്ക്കാലിക പാലങ്ങളും ഉണ്ടാക്കുവാൻ നേതൃത്വംകൊടുത്തു.

ശ്രീ വടക്കേടത്തു കുര്യാക്കോ മരുതോങ്കരയിൽ എട്ടേക്കർ സ്ഥലം പള്ളിസ്ഥാപിക്കുവാൻവേണ്ടി സംഭാവനചെയ്തു. ഫാ. സിയാറോ എസ്. ജെ. അവിടെ ഒരു പള്ളിഷെഡ്ഡുണ്ടാക്കി. ഒരു പ്രൈമറിസ്കൂളും ആരംഭിച്ചു. അതിനു ഗവണ്മേൻറിൻെറ അനുവാദവും വാങ്ങി. കുടിയേററക്കാർ അനുദിനം വർദ്ധിച്ചു. മുള്ളൻകുന്നായിരുന്നു ആളുകൾക്കു വന്നുചേരുവാൻ കൂടുതൽ സൗകര്യം. വടകരയിൽനിന്നു വന്ന ഫാ. ജോസഫ് പീടികേക്കൽ സ്ഥിതിഗതികൾ മനസ്സിലാക്കി. മുള്ളൻകുന്നിൽ ഇയ്യാലിൽ ജോസഫും കിഴക്കയിൽ മത്തായിയുംകൂടി സംഭാവനചെയ്ത സ്ഥലത്തേയ്ക്കു പള്ളിയും സ്കൂളും മാററിസ്ഥാപിച്ചു. മരുതോങ്കരയിലെ ഷെഡ്ഡ് തീപിടിച്ചു നശിച്ചതു് ഈ മാററത്തിനു സഹായകവുമായി.

കുററ്യാടിപ്രദേശത്തു പല കേന്ദ്രങ്ങളിലായി കുടിയേററക്കാർ വർദ്ധിച്ചതിനാൽ ഒരു വികാരി സ്ഥിരമായി അവരുടെ ഇടയിൽ താമസിക്കേണ്ടതാവശ്യമാണെന്നു വൈദികാധികൃതക്കു ബോദ്ധ്യമായി. 1946-ൽ ഫാ. ജോസഫ് ചുങ്കത്തിനെ വികാരിയായി നിയമിച്ചു. അദ്ദേഹം 1951 വരെ കുററിയാടി കുടിയേററക്കാക്കുവേണ്ടി നിരന്തരം ജോലിചെയ്തു. മരുതോങ്കര താമസിച്ചുകൊണ്ടു കുടിയേററകേന്ദ്രങ്ങളെല്ലാം സന്ദശിച്ചു. പള്ളികറം സ്ഥാപിച്ചു. സ്കൂളും പോസ്റ്റോഫീസും തുടങ്ങി. പല സ്ഥലത്തേയ്ക്കും റോഡുകറം വെട്ടിത്തുറന്നു. മരുതോങ്കരയിൽ പള്ളിക്കെട്ടിടം പണി തുടങ്ങി. അനന്തരഗാമിയായി വന്ന ഫാ. ജോസഫ് കിഴക്കേഭാഗം പള്ളിക്കെട്ടിടം പൂത്തിയാക്കി. പുതിയ ഒരു പള്ളിമേട പണിയിപ്പിച്ചു. എൽ. പി. സ്കൂറം യു. പി. സ്കൂളാക്കി ഉയർത്തി. അദ്ദേഹം പടത്തുകടവ്, വിലങ്ങാട്ട്, ആനക്കുളം (ചാപ്പൻതോട്ടം) മുതലായ കേന്ദ്രങ്ങളെല്ലാം വികസിപ്പിക്കുവാൻ അത്യദ്ധ്വാനം ചെയ്തു. ആനക്കുളത്തുവച്ച് അവിടത്തെ സ്കൂളിനുവേണ്ടിയുള്ള വസ്തുതക്കത്തിൽ പോലീസിനാൽ അറസ്ററുചെയ്യപ്പെടുവാനും ഇടയായി.

1949 മുതൽ വികാരിമാർ പടത്തുകടവിൽ താമസിക്കുവാൻതുടങ്ങി. പടത്തുകടവുപള്ളിക്കെട്ടിടം പണിയിപ്പിച്ചു, പുരയിടത്തിൽ തോമസും പുല്ലാട്ടു ജോസഫും സംഭാവനചെയ്ത സ്ഥലത്ത്. 1949-ൽ ചൂരപ്പൊയ്ക തോമസിൻെറ വീട്ടിൽ വിലങ്ങാട്ടിലെ പ്രഥമ ദിവ്യബലിയർപ്പിച്ചു. വിലങ്ങാട്ടിൽ ചൂരപ്പൊയ്കയിൽ തോമസും എടാട്ടു തോമസും സംഭാവനചെയ്ത സ്ഥലത്തു ഷെഡ്ഡുുണ്ടാക്കി കുർബാനയും മററു കൂദാശകളും നടത്തിയിരുന്നു. പടത്തുകടവിലും വിലങ്ങാട്ടിലും എൽ. പി. സ്കൂളുകളും ആരംഭിച്ചു. 1954-ൽ തലശ്ശേരിരൂപത തുടങ്ങിയപ്പോറം കോഴിക്കോട്ടുരൂപതയിൽപ്പെട്ടിരുന്ന ഈ വൈദികർ അങ്ങോട്ടു മടങ്ങിപ്പോയി.

# വൈതൽമലയുടെ താഴ്‌വാരങ്ങളിൽ

കുറവിലങ്ങാടിനടുത്തുള്ള കുറുപ്പംതറക്കാരൻ ഏലക്കാട്ടുപറമ്പിൽ ഔത സാമാന്യം നല്ല ഒരു കൃഷിക്കാരനാണ്. പ്രസിദ്ധമായ പാലിയിൽ കുടുംബത്തിൻെറ ഒരു ശാഖയത്രേ ഏലക്കാട്ടുപറമ്പ്. കുറുപ്പംതറപ്പട്ടണത്തിൽ ഔത ഒരു പലചരക്കു കച്ചവടവും നടത്തിക്കൊണ്ടിരുന്നു. ഔതയുടെ ജീവിതവും പെരുമാററവും അദ്ദേഹത്തെ പൊതുജനങ്ങളുടെ ബഹുമാനത്തിനു് അർഹനാക്കി.

അങ്ങനെയിരിക്കേ അനുജനുമായി അവരുടെ കുടുംബസ്വത്തുക്കൾ വിഭജിച്ചു. എല്ലാം സൗമ്യമായി നടന്നു. പക്ഷേ നെൽപ്പാടത്തിൻെറ വരമ്പുവെച്ചപ്പോൾ അനുജൻ അതൃപ്തി കാണിച്ചു. പണിക്കാരെ തല്ലിയോടിച്ചു. ജ്യേഷ്ഠനായ ഔതയേയും ദേഹോപദ്രവമേൽപ്പിച്ചു. ഔത എതിർത്തില്ല. പകരം വീട്ടിയുമില്ല. സിവിൽക്കേസ്‌വഴി വിജയിക്കാമെന്നു് ധൈര്യമുണ്ടായിരുന്നിട്ടും, കേസ് നടത്തുവാൻ പണമുണ്ടായിരുന്നിട്ടും അതിനു പോയില്ല. രമ്യതയില്ലാതെയും കലഹിച്ചും അവിടെ ജീവിക്കുന്നതു് ഉചിതമല്ലെന്നയാൾ കരുതി. ദൂരെ എവിടെയെങ്കിലും പോയി താമസിക്കാമെന്നു് തീരുമാനിച്ചു.

ഒരു ദിവസം കോട്ടയത്തുവച്ചു് കണ്ണൂർ ഡിസ്ട്രിക്ററിലെ നടുവിൽ അംശത്തിൻെറ അധികാരിയെ(പ്രവൃത്തിയാരെ) ആകസ്മികമായി ഔത കണ്ടുമുട്ടി. ഒരു മദ്ധ്യവയസ്ക്കൻ. അദ്ദേഹത്തിൻെറ മുത്തച്ഛൻ ചങ്ങനാശ്ശേരിക്കാരനായിരുന്നു. ഏതോ കാരണത്താൽ മലബാറിലെ നടുവിൽ എന്ന സ്ഥലത്തുപോയി താമസമാക്കി. ഇപ്പോഴും ആ കുടുംബം അവിടെത്തന്നെയാണു് താമസിക്കുന്നതു്. നടുവിൽ അംശത്തിൻെറ അധികാരി എന്ന ഉദ്യോഗവും അയാൾക്കു ലഭിച്ചു. ചില ബന്ധുക്കളെ കാണുവാൻ നാട്ടിൽ വന്നതാണത്രേ അദ്ദേഹം. കൃഷിഭൂമിയെപ്പററിയുള്ള ഔതയുടെ അന്വേഷണങ്ങൾക്കു് വളരെ തൃപ്തികരമായ മറുപടിയാണു് ലഭിച്ചതു്. മണിയാൽ ഇല്ലക്കാർക്കു് ധാരാളം ഭൂമി

യുണ്ടെന്നും വെറും നിസ്സാരവിലയ്ക്കു് അതു വാങ്ങാമെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ അദ്ദേഹം ആ ഭൂമിയുടെ ഒരു വില്പന ഏജൻറുകൂടിയാണെന്നുള്ള വസ്തുതയും ധരിപ്പിച്ചു. സ്ഥലം ചെന്നു കാണുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. എത്തിച്ചേരുവാനുള്ള വഴിയും പറഞ്ഞുകൊടുത്തു.

ഔതയുടെ അയൽസ്ഥലമായ കോതനെല്ലൂരിലെ ഒരു പ്രമുഖനാണു് വെള്ളാപ്പിള്ളി എമ്മാനുവൽ. അയാറം ഒരു പൊതുക്കാര്യപ്രസക്തനും വലിയ അഭിമാനിയുമത്രേ. അയാളും ഈ അടുത്തകാലത്തു് ഒരു പ്രതിസന്ധിയിൽ വന്നു പതിച്ചിരിക്കുകയാണു്. തൻെറ പ്രബലനായ മാതുലൻ പാലാക്കുന്നേൽ വക്കീലിനെ പ്രതിയാക്കി സിവിൽക്കേസ് കൊടുത്തു, എമ്മാനുവൽ. കടുത്ത വാശിയോടെ പലകൊല്ലം കേസ് നടത്തി. വളരെയേറെ പണം ചിലവാക്കിയെങ്കിലും കേസ് തോററു പോയി. ഇതിനും പുറമെ വേറൊരു ഇച്ഛാഭംഗംകൂടെ. അയാളുടെ തറവാട്ടിൽ പണിയിപ്പിച്ച പുതിയ പുരയും കെട്ടിടങ്ങളും സഹോദരങ്ങറം തമ്മിൽ സ്വത്തു വിഭജിച്ചപ്പോറം തനിക്കു് കിട്ടിയില്ല. അനുജൻ ആ ഭാഗം എടുത്തു. ജ്യേഷ്ഠനും പ്രമാണിയുമായ തനിക്കു് കേന്ദ്രഭാഗങ്ങറം വിട്ടുതരുമെന്നു് അയാറം പ്രതീക്ഷിച്ചിരുന്നു. തൻെറ പ്രതാപത്തിനു് ക്ഷതം ഭവിച്ചതുപോലെ അയാറംക്കു തോന്നി. അഭിമാനിയായ എമ്മാനുവൽ തനിക്കു കിട്ടിയ ഭാഗത്തു് കൂടുതൽ വലുപ്പവും പ്രൗഢിയുമുള്ള ഒരു കെട്ടിടം പണികഴിപ്പിച്ചു.

കേസ് നടത്തിപ്പിനും കെട്ടിടംപണിക്കും വേണ്ടിവന്ന പണം മുഴുവൻ കടം വാങ്ങിയതായിരുന്നു. വലിയ ഒരു സംഖ്യ. അഭിമാനം നഷ്ടപ്പെടുത്താതെ തൻെറ സ്വത്തെല്ലാം വിററു കടംവീട്ടിയശേഷം തന്നെ അറിയാത്ത ഏതെങ്കിലും ദേശത്തേയ്ക്കു് താമസംമാററണമെന്നു് എമ്മാനുവൽ തീരുമാനിച്ചു. സ്വത്തു വിററിട്ടു് കാര്യമായ സംഖ്യ ബാക്കിവന്നില്ല. ഇതിൻെറ പ്രതികരണം കനത്തതും കയ്പുനിറഞ്ഞതുമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. തെക്കൻ തിരുവിതാംകൂറിൽ പല സ്ഥലങ്ങളും പോയി നോക്കി. ഏലക്കാട്ടുപറമ്പിൽ ഔത മലബാറിനു പോകുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നറിഞ്ഞു് അയാളുമായി സമ്പക്കത്തിൽ ഏർപ്പെട്ടു. രണ്ടുപേക്കും സന്തോഷമായി. ഇരുവരുംകൂടെ നടുവിൽ അംശം അധികാരി പറഞ്ഞതനുസരിച്ചു മലബാറിൽച്ചെന്നു് അദ്ദേഹത്തെ കണ്ടു. അദ്ദേഹം നിരപ്പുള്ളതും തളിപ്പറമ്പു് ടൗണിനോടു് അധികം

അകലെ അല്ലാത്തതുമായ ഒരു ഭാഗം കൊണ്ടുപോയി കാണിക്കു വാൻ പരിചയക്കാരെ കൂട്ടിവിട്ടു. ആലക്കോട്ട് മേഖലയിൽ പ്പെട്ട വായാട്ടുപറമ്പുഭാഗം ഔതസ്സും എമ്മാനുവലിനും ഇഷ്ട പ്പെട്ടു. വളക്കൂറുള്ള മണ്ണ്. മനോഹരമായ പ്രദേശം. മുമ്പിൽ നെററിപ്പട്ടംകെട്ടിയ ഗജവീരനെപ്പോലെ ശിരസ്സുയർത്തി നി ല്ക്കുന്ന വൈതൽമല. വടക്കേ മലബാറിൻെറ തൊടുകുറി. മല മടക്കുകളിലൂടെ തെന്നിത്തെന്നി ഒഴുകിവരുന്ന കൊച്ചരുവികരം. ഇത്ര മനോഹരമായ സ്ഥലം വിട്ടുപോകുവാൻ അവക്കു മനസ്സു വന്നില്ല. ഔതയുടെ സ്നേഹിതൻ കല്ലോലിയേയുംകൂടെ കമ്പ നികൂട്ടി 400 ഏക്കർ സ്ഥലം വാങ്ങുവാൻ ഇടപാടുചെയ്തു. വേണ്ട ഒരുക്കങ്ങരം എല്ലാം ചെയ്ത് കുടുംബസമേതം യാത്രപുറ പ്പെട്ടു. അത്യാവശ്യവീട്ടുസാമാനങ്ങളും എടുത്തിട്ടുണ്ട്. എറ ണാകുളംവരെ എത്തുവാൻ ഒരു കെട്ടുവള്ളം ഔത ഇടപാടുചെയ്തു. എറണാകുളത്തുചെന്ന് തീവണ്ടിമാഗ്ഗം മലബാറിലേക്കു പുറ പ്പെട്ടു. ഇതു് 1928 ഡിസംബർ മാസത്തിലായിരുന്നു. രണ്ടു വീട്ടുകാരുടെയും ബന്ധുക്കളും അയല്ക്കാരും സ്നേഹിതരും എത്തി യിരുന്നു യാത്രയയയ്ക്കുവാൻ. എല്ലാവരും കണ്ണീർപൊഴിച്ചു കൊണ്ടാണ് അവരെ യാത്രയാക്കിയതു്.

പിറെറന്നാരം രാവിലെ തളിപ്പറമ്പ്റോഡ് സ്റ്റേഷനിൽ അവർ ഇറങ്ങി (അക്കാലത്തു പാപ്പിനശ്ശേരി സ്റ്റേഷനെ അങ്ങനെയാണു വിളിച്ചിരുന്നതു്). കൊണ്ടുപോന്ന സാമാന ങ്ങരം കാളവണ്ടിമാഗ്ഗവും ആളുകരം ബസ്സിനും തളിപ്പറമ്പിൽ വന്നുചേന്നു. സ്ഥലത്തെപ്പററിയും സ്ഥലവാസികളെപ്പററിയും കുറെയെല്ലാം ഗ്രഹിക്കുവാൻവേണ്ടി ഒരു വീടു വാടകയ്ക്കെടുത്ത് അവിടെ താമസിച്ചു, മൂന്നാഴ്ചക്കാലം. അവിടെനിന്നു കാള വണ്ടിമാഗ്ഗം കൊപ്പത്തുവന്നു. കൊപ്പത്തുനിന്നു വള്ളംവഴി ചപ്പാരപ്പടവിൽ എത്തി. അവിടെനിന്നു തലച്ചുവടിനു സാ മാനങ്ങരം നടുവിൽ എന്ന സ്ഥലത്ത് കൊണ്ടുവന്നു. ഒരു വീടു വാടകയ്ക്കെടുത്ത് അവിടെ താമസിച്ചു. ജോസഫും മററും വാ ങ്ങിയ സ്ഥലത്തിന് ഏററം അടുത്ത ഗ്രാമകേന്ദ്രമാണു നടുവിൽ. അവിടെ താമസിച്ചുകൊണ്ട് അവർ വാങ്ങിയ സ്ഥലത്തുവന്നു വീടുവെയ്ക്കുകയും കൃഷിപ്പണികരം ചെയ്യുകയും ചെയ്തു. കൂലിക്കു പണിചെയ്യുവാനായി നമ്പ്യാന്മാരും നായന്മാരും മാപ്പിള മാരും ധാരാളം ഉണ്ടായിരുന്നു. കൂടാതെ കാടുകളിൽ താമസി ക്കുന്ന ആദിവാസികളായ കരിമ്പാലരേയും പണികളിൽ ഏർ പ്പെടുത്തുവാൻ വിഷമമുണ്ടായിരുന്നില്ല. ഏകദേശം രണ്ടുമാസ

ക്കാലം അവർ നട്ടവിൽ താമസിച്ചുകൊണ്ടു വായാട്ടുപറമ്പിൽ വന്നു് (ഏകദേശം രണ്ടു മൈൽ അകലം) കൃഷിപ്പണികൾ നടത്തി. പുരയും മററു സൗകര്യങ്ങളുമായപ്പോൾ അവർ വായാട്ടു പറമ്പിൽ തങ്ങളുടെ കൃഷിസ്ഥലത്തേയ്ക്കു താമസം മാററി. കാട്ടുമൃഗങ്ങളിൽനിന്നും കൃഷി രക്ഷിച്ചെടുക്കുവാൻ അതു് അത്യാവശ്യവുമായിരുന്നു.

മലബാറിൽ ധാരാളം കൃഷിഭൂമിയുണ്ടെന്നും അവ നിസ്സാര വിലയ്ക്കു വാങ്ങുവാൻ സാധിക്കുമെന്നുമറിഞ്ഞപ്പോൾ അങ്ങോട്ടു പോകുവാൻ ആളുകൾ താത്പര്യം കാണിച്ചുതുടങ്ങി. 1929–ൽ ഡോ. പി. എ. മാത്യുവും അദ്ദേഹത്തിൻെറ സഹോദരൻ പൊറുങ്ങനാൽ ജോസഫും സ്യാലൻ മാന്നംകരി തോമ്മായും ഏലക്കാട്ടുപറമ്പിൽ ഔതയുടെ അടുത്തു് സ്ഥലമെടുത്തു. മരങ്ങാട്ടു പള്ളിക്കാരൻ പള്ളിത്തറ ലൂക്കാ ആയിരുന്നു പിന്നീടു വന്നതു്. കാവനാടി വക്കി, മുട്ടത്തിൽ ഔസേപ്പ്, പട്ടാളം വക്കി മുതൽ പേരും കുടുംബാംഗങ്ങളും ലൂക്കായേയും കുടുംബത്തേയും അനുഗമിച്ചു. നേരത്തെ വന്ന വെള്ളാപ്പള്ളി എമ്മാനുവലിനോടാണു ലൂക്കായും വേറെ ചിലരും സ്ഥലം വാങ്ങിയതു്. മററുള്ളവർ പി. എ. മാത്യുവിനോടും പൊറങ്ങനാൽ ജോസഫിനോടും വാങ്ങി. ഡോ. മാത്യു ആദ്യം വാങ്ങിയ 413 ഏക്കറിനു പുറമേ 1000 ഏക്കർ വേറേയും വാങ്ങിയിരുന്നു. എമ്മാനുവൽ സമർത്ഥനും നയജ്ഞനുമായിരുന്നതിനാൽ അദ്ദേഹത്തിൻെറ ഷെയറിലുള്ള 133 ഏക്കറും നല്ല വിലയ്ക്കു വില്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇപ്പോൾ പണം ധാരാളമായി എങ്കിലും ആഡംബരചിലവുകൾ കാരണം കൃഷിപ്പണികൾ അവതാളത്തിലായി. മൂന്നുനാലുകൊല്ലം കഴിഞ്ഞിട്ടും കൃഷിയിൽനിന്നു കാര്യമായ നേട്ടം ഉണ്ടാക്കുവാൻ സാധിച്ചില്ല. റേഷൻ വാങ്ങി ചിലവു കഴിക്കണം. വയലുള്ള താമരശ്ശേരിക്കു് പോകാമെന്നു കരുതി കോഴിക്കോട്ടു മലാപ്പറമ്പിൽ ഒരു വാടകവീട്ടിൽ പോയി കുടുംബസഹിതം താമസിച്ചു. എമ്മാനുവൽ അവിടെവെച്ചു രോഗബാധിതനായി. 1958–ൽ ഇഹലോകം വെടിഞ്ഞു. രണ്ടു പുത്രിമാരിൽ ഒരാളെ ഏലക്കാട്ടുപറമ്പിലും മറെറയാളെ പള്ളിത്തറയിലും വിവാഹം കഴിച്ചു കൊടുത്തിരുന്നു. എമ്മാനുവലിൻെറ ഭാര്യ മകളുടെകൂടെ ഏലക്കാട്ടുപറമ്പിൽ താമസിക്കവേ 1974–ൽ മരിച്ചു വായാട്ടുപറമ്പിൽ സംസ്കരിക്കപ്പെട്ടു. ആൺമക്കൾ രണ്ടുപേരും പട്ടാളസേവനത്തിനു പോയി. ജ്യേഷ്ഠൻ കുഞ്ഞു്–കുര്യാക്കോസ്–മടങ്ങിവന്നു് അവരുടെ പഴയ

സ്ഥലത്തിൽനിന്നു് ആറേക്കർ തേവരോലിക്കൽ സെബാസ്റ്റ്യ നോട്ട വാങ്ങി ഇപ്പോഠം അവിടെ താമസിക്കുന്നു.

ഏലക്കാട്ടുപറമ്പിൽക്കാർ വളരെ അംഗങ്ങളുള്ള ഒരു കുടുംബമാണു്. അവർ വേറെ ആൎക്കും സ്ഥലം വിററില്ല. വായാട്ടുപറമ്പിൽ ഒരു പള്ളിക്കായി പതിനഞ്ചു് ഏക്കർ സ്ഥലം വികാരി ഫാ. കൈറോണി എസ്. ജെ. ആവശ്യപ്പെട്ടതനുസരിച്ചു് ഏലക്കാട്ടുപറമ്പിൽ ഔത ദാനംചെയ്തു. തൻെറ പൗത്രനും മകൻ പൈലിയുടെ പുത്രനുമായ ജോസഫിനെയാണു് വായാട്ടുപറമ്പിലെ പുതിയ പള്ളിയിൽ ആദ്യമായി മാമ്മോദീസാമുക്കിയതു്. അപ്പോഠം ജോസഫിനു് ഒന്നര വയസ്സു പ്രായമുണ്ടായിരുന്നു. ഔത 1935-ൽ ആസ്മാരോഗത്താൽ ഇഹലോകവാസം വെടിഞ്ഞു. വായാട്ടുപറമ്പുപള്ളി സിമിറററിയിലെ ആദ്യത്തെ ശവസംസ്കാരവും ഏലക്കാട്ടുപറമ്പിൽ ഔതയുടേതായിരുന്നുവത്രേ.

അതിരംപുഴ ഇടവകക്കാരനായ പുല്ലാട്ടു് ഔതയും അനുജൻ വക്കനും 1926 മുതൽതന്നെ എവിടെയെങ്കിലും കുറെ നല്ല ഭൂമി വാങ്ങി കൃഷി നടത്തുവാൻ പററിയ സ്ഥലം അന്വേഷിക്കുകയാണു്. അവർ തെക്കൻ തിരുവിതാംകൂറിലെ നെയ്യാററിൻ കരയിലും ഹൈറേഞ്ചിലുമെല്ലാം പോയി സ്ഥലങ്ങഠം കണ്ടു. അങ്ങനെ ഇരിക്കേ, വെമ്പള്ളിക്കാരൻ ഒരു കൈമഠം പറഞ്ഞു, മലബാറിൽ കണ്ണൂർ ഡിസ്ട്രിക്ററിൽ തളിപ്പറമ്പിനടുത്തുള്ള മണിയാൽ കോക്കുന്നത്തു് മഹേശ്വരസ്വാമി അവരുടെ ഇല്ലം വക ധാരാളം സ്ഥലം വളരെ തുച്ഛമായ വിലയ്ക്കു് വിൽക്കുന്നുണ്ടെന്നു്. പുല്ലാട്ടുകാർ കൈമളേയും കൂട്ടി തളിപ്പറമ്പിൽ വന്നു് വേണ്ടപ്പെട്ടവരെക്കണ്ടു് കാര്യങ്ങഠം മനസ്സിലാക്കി. വില വളരെ നിസ്സാരമെങ്കിലും അഞ്ഞൂറും ആയിരവും പതിനായിരവും ഏക്കർവീതം വൻതോതിലുള്ള കച്ചവടം. കുറെ ഷെയറുകാരെ കൂട്ടുവാൻ അവർ നാട്ടിലേയ്ക്കു് മടങ്ങിപ്പോയി.

ഇങ്ങനെയിരിക്കേ കൂടല്ലൂർക്കാരൻ തേവരോലിക്കൽ സെബാസ്റ്റ്യൻ (കുഞ്ഞൂഞ്ഞു്), പടവത്തു് കൊച്ചെറുക്കൻ, പുന്നയ്ക്കൽ തോമസ് എന്നിവർ മലബാറിൽ വെള്ളാട്ടു് ദേവസ്വം വക കുറെ സ്ഥലം എഴുതിവാങ്ങുവാൻ നടപടികഠം നടത്തുകയാണെന്നു് പുല്ലാട്ടുകാർ അറിഞ്ഞു. മേൽപറഞ്ഞവരുമായി പുല്ലാട്ടുകാർ സമ്പൎക്കത്തിലേർപ്പെട്ടു. പ്രസ്തുത സ്ഥലം തളിപ്പറമ്പു്, വളപട്ടണം, ചപ്പാരപ്പടവു്, എന്ന സ്ഥലങ്ങളിലെ രണ്ടുമൂന്നു ഹാജിമാൎക്കു് ഏതോ കടത്തിനു് ഈടു് കൊടുത്തിരിക്കുകയാ

ണെന്നും, ആ സംഖ്യ അടച്ചുതീക്കാതെ കൊടുക്കൽവാങ്ങൽ നടക്കുകയില്ലെന്നും മനസ്സിലാക്കി. അതിനുള്ള പണം അവർ ആരുടെ പക്കലുമില്ല. തവണകളായി അടച്ചുതീക്കാമെന്നായിരുന്നു സെബാസ്റ്റ്യൻെറയും മററും പ്ലാൻ. കൃഷിചെയ്തു ജീവിക്കാൻ സ്ഥലമില്ലാതെ തൻെറ നാട്ടുകാർ വിഷമിക്കുന്ന കാര്യം അന്നു് മദ്രാസിൽ ജോലിയിലിരിക്കുന്ന ഡോ. പി. ജെ. തോമസിനറിയാം. അവരെ സഹായിക്കുവാനുള്ള ആഗ്രഹവും അദ്ദേഹത്തിനുണ്ടു്. തോമസിൻെറ ബന്ധുക്കളായ കൊന്നക്കൽ തോമസും കൊച്ചെറുക്കനും മദ്രാസിൽ ചെന്നു് വിവരം തോമസിനെ ഗ്രഹിപ്പിച്ചു. മദ്രാസിൽ ജോലിയിലിരിക്കുന്ന തൻെറ സ്നേഹിതൻ ഡോ. പി. എ. മാത്യുവിനോടു് കുറെ പണം ഡോ. തോമസ് വായ്പ വാങ്ങി. മലബാറിൽവന്നു് തോമസിൻെറപേരിൽ സ്ഥലം എഴുതിവാങ്ങി. 12000 ഏക്കർ. ഒരു ചെറിയ വിലയ്ക്കു് ആവശ്യക്കാക്കു് വില്ക്കുവാൻ കൊന്നയ്ക്കൽ തോമസിനേയും കൊച്ചെറുക്കനേയും അവർ സ്ഥലംവിട്ടു പോയപ്പോഠം, തേവരോലിക്കൽ സെബാസ്റ്റ്യനേയും ഡോ. തോമസ് ചുമതലപ്പെടുത്തി. കരുവഞ്ചാൽ ഭാഗത്തു് പുല്ലാട്ടു് ഔതയും ജോജ്ജും സെബാസ്റ്റ്യനും വന്നു താമസമാക്കി. ഇതു് 1929–ൽ ആയിരുന്നു.

ഇങ്ങനെ വായാട്ടുപറമ്പിലും കരുവാഞ്ചാലിലുമായി എട്ടുപത്തു് വീടായി. തളിപ്പറമ്പിൽ 1925 മുതൽ ഒരു കത്തോലിക്കാദേവാലയം ആരംഭിച്ചിട്ടുണ്ടു്. ഒരു ഇററാലിയൻ മിഷനറിയായ ഫാ. പോത്താ എസ്. ജെ. ആയിരുന്നു അന്നത്തെ വികാരി. കുടിയേററക്കാർ അദ്ദേഹവുമായി സമ്പക്കം പുലത്തിയിരുന്നു. അദ്ദേഹത്തിനു് വളരെ സന്തോഷമായി. പല വിധത്തിൽ അദ്ദേഹം കുടിയേററക്കാരെ സഹായിച്ചു. രണ്ടാമത്തെ ഗ്രൂപ്പിൽവന്ന പള്ളിത്തറ ലൂക്കായ്ക്കും മററും ഒന്നുരണ്ടു മാസം പള്ളിവക കെട്ടിടത്തിൽ കുടുംബസമേതം താമസിക്കുവാൻ സൗകര്യങ്ങഠം നല്കി. അഞ്ചാറു് വീടായപ്പോഠം മുതൽ തളിപ്പറമ്പിൽനിന്നു് നടന്നു് വായാട്ടുപറമ്പിൽ വന്നു് വീടുകളിൽ പ്രതിമാസം കർബാന സമർപ്പിക്കയും കൂദാശകഠം നല്കുകയും വേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. മാത്രമല്ല അദ്ദേഹം വായാട്ടുപറമ്പിനെ ഒരിടവകയാക്കുകയും ഒരു പള്ളിക്കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു.

കുടിയേററക്കാർ പലവിധത്തിലുള്ള ക്ലേശങ്ങഠംക്കു് വിധേയരായി. ആനയും കടുവായും വന്നു് ആളുകളെ ഉപദ്രവിച്ചു.

ല്ലെങ്കിലും കാട്ടുമൃഗങ്ങൾ കൃഷികൾ പതിവായി നശിപ്പിച്ചിരുന്നു. പലരും കൃഷിവിളകൾ നഷ്ടപ്പെട്ടതിനാൽ പണമില്ലാതെ വിഷമിച്ചു. പനിയും മററു രോഗങ്ങളും എല്ലാവരേയും ശല്യപ്പെടുത്തി. നടുവിൽ എന്ന ഗ്രാമകേന്ദ്രത്തിൽ ചികിത്സയ്ക്കു സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. എല്ലാററിനും തളിപ്പറമ്പിൽ പോകണം. പതിമൂന്നുമൈൽ നടക്കണം അവിടെ എത്തണമെങ്കിൽ. ഊടുവഴിയിൽക്കൂടെ ഒററയ്ക്കു പോകുവാനും നിവൃത്തിയില്ല. ഈദൃശങ്ങളായ കാരണങ്ങളാൽ വായാട്ടുപ്പറമ്പിൽ നിന്നു് ഏലക്കാട്ടുപറമ്പിക്കാരും പള്ളിത്തറ ലൂക്കായുമൊഴിച്ചു ബാക്കിയെല്ലാവരും നാട്ടിലേയ്ക്കോ മറേറാരോ സ്ഥലങ്ങളിലേയ്ക്കോ മൂന്നുനാലുകൊല്ലങ്ങൾക്കുശേഷം സ്ഥലം വിട്ടുപോയി. കരുവഞ്ചാലിൽ പുല്ലാട്ടുകാർ മാത്രം പിടിച്ചുനിന്നു. അങ്ങനെ മൂന്നു വീടുകൾ മാത്രമായി ആ പ്രദേശത്തു്. പുതുതായി ആരും വന്നുമില്ല.

സാധാരണ മററു കുടിയേററസ്ഥലങ്ങളിൽനിന്നു നാലുപേർ പോയാൽ നാല്പതുപേർ പുതുതായി വന്നിരുന്നു. ആലക്കോട്ടുമേഖലയിലേയ്ക്കു് 1926 മുതൽ കുടിയേററം തുടങ്ങിയതാണു്. എങ്കിലും എട്ടുപത്തുവീട്ടുകാർ മാത്രമേ വന്നുള്ളു. പിന്നീടു് ഇരുപതുകൊല്ലക്കാലം ആ ഭാഗത്തേയ്ക്കു കുടിയേററം നടക്കാതിരിക്കുവാൻ കാരണമതായിരിക്കാം. തളിപ്പറമ്പു മുതൽ എട്ടുപത്തു മൈലോളം നീണ്ടു പരന്നുകിടക്കുന്ന ശുഷ്ക്കമായ ചീങ്കണ്ണിപ്പാറയുടെ വിരിമാറിൽക്കൂടെയാണു് ആലക്കോട്ടേയ്ക്കുള്ള നടപ്പാത. ഒരു തിരുവിതാംകൂർകാരൻ, പ്രത്യേകിച്ചു മീനച്ചിൽ, തൊടുപുഴ, താലൂക്കുകാരൻ നോക്കെത്താത്ത ആ പാറപ്പുറങ്ങൾ കാണുമ്പോൾ സഹിക്കയില്ല. അക്ഷമനായി തിരിച്ചു പോകും. അങ്ങനെ പോയവർ ചുരുക്കമല്ലായിരുന്നു. പാറപ്പുറപ്പു കഴിഞ്ഞു കൊഴുത്ത മണ്ണിലേയ്ക്കാണു കടക്കുന്നതെന്ന പ്രതീക്ഷയിൽ മുമ്പോട്ടുപോകാൻ പലക്കും പററിയില്ല. കാലക്രമേണ മാത്രമേ ആലക്കോട്ടുമണ്ണിൻെറ ഗുണവിശേഷങ്ങളെപ്പററിയും ശ്രീ. പി. ആർ. രാജായുടെ കൃഷിത്തോട്ടങ്ങളെപ്പററിയും അറിയുവാനിടയായുള്ളൂ.

ഇങ്ങനെ രണ്ടുമൂന്നു കൊല്ലമായപ്പോൾ ഏകാന്തതയുടെ ഭാരം എല്ലാവക്കും, പ്രത്യേകിച്ചും യുവജനങ്ങൾക്കു ദുർവഹമായിത്തോന്നി. പേരാവൂക്കോ കുററിയാടിക്കോ പോകാമെന്നു് അവർ മാതാപിതാക്കളോടാവശ്യപ്പെട്ടു. ആ ഭാഗങ്ങളിലേയ്ക്കു

കുടിയേററം അക്കാലത്തു ധാരാളം നടക്കുന്നുണ്ടായിരുന്നു. മക്കളുടെ അഭിലാഷാനുസരണം പള്ളിത്തറ ലൂക്കായും പുല്ലാട്ട് ഔതയുംകൂടി പേരാവൂരിലും കുററിയാടിയിലുംപോയി കൃഷിസ്ഥലങ്ങളേയും വീട്ടുകാരേയും കണ്ടു. അവർ മൂന്നുനാലു ദിവസങ്ങൾ അവിടങ്ങളിൽ കഴിച്ചുകൂട്ടി. പല വീടുകളും സന്ദർശിച്ചു. പേരാവൂരിലെ മണ്ണു മോശം. ചെല്ലു് തെങ്ങു കളയുന്നു. കുററിയാടിമണ്ണു തരക്കേടില്ല. പക്ഷേ, കാട്ടുമൃഗങ്ങളുടെ ശല്യവും പനിയും ഭയങ്കരം. അവർ സന്ദർശിച്ച വീടുകളിലെല്ലാം ആളുകൾ പനിപിടിച്ചു പുതച്ചുമൂടിക്കിടക്കുകയാണു്. ഒരു വീട്ടിൽ എല്ലാവരും തീർത്തും അവശരായി കിടക്കുന്നു. ചെന്നവർ അടുപ്പിൽ തീകത്തിച്ചു കാപ്പിതിളപ്പിച്ചു രോഗികൾക്കു കൊടുത്തു. അത്രമാത്രം വിഷമങ്ങൾ വായാട്ടുപറമ്പിലില്ല. ആകയാൽ എങ്ങോട്ടും പോകാതെ അവിടെത്തന്നെ പിടിച്ചുനില്ക്കുവാൻ അവർ തീരുമാനിച്ചു. എങ്കിലും പുല്ലാട്ട് ഔത വേറെ ചില കാരണങ്ങളാൽ സ്ഥലം വിട്ടു വയനാട്ടിൽ കണിയാമ്പററയിൽ പോയി സ്ഥലംവാങ്ങി താമസമാക്കി. ഇപ്പോൾ നല്ല ഐശ്വര്യത്തിൽ കഴിയുന്നു. പുല്ലാട്ടു വക്കൻ എങ്ങോട്ടും പോകാതെ കരുവഞ്ചാലിൽത്തന്നെ പിടിച്ചുനിന്നു. എല്ലാവിധത്തിലുമുള്ള സൗകര്യങ്ങളോടുംകൂടി അയാൾ പ്രതിദിനം അഭിവൃദ്ധിയിൽ മുന്നേറുന്നു. ഏലക്കാട്ടുപറമ്പിൽക്കാർ എങ്ങോട്ടും പോയില്ലെങ്കിലും അവൎക്കു കാര്യമായി പുരോഗമിക്കുവാൻ പററിയില്ല. അവരുടെ സ്ഥലമെല്ലാം ഒരു സിവിൽ ക്കേസുവഴി നഷ്ടപ്പെട്ടുപോയി. കൈവശംവച്ച സ്ഥലം ഫലപുഷ്ടി കുറഞ്ഞതായിരുന്നു. കൂടാതെ നേതൃത്വം നല്കി കാര്യക്ഷമമായി നയിക്കുവാൻ അവൎക്കു പററിയ ആളുമുണ്ടായിരുന്നില്ല. എന്നാൽ പള്ളിത്തറ ലൂക്കായും മക്കളും പടിപടിയായി അഭിവൃദ്ധിപ്പെട്ടു. അസൂയാവഹമായ പുരോഗതി അവൎക്കു കൈവന്നു.

ശ്രീ. പി. ആർ. രാമവൎമ്മരാജാ പുരാതനമായ പൂഞ്ഞാർ ക്ഷത്രിയരാജകുടുംബത്തിലെ ഒരു പ്രമുഖാംഗമാണു്. പൂഞ്ഞാർ കോവിലകക്കാർ പാണ്ഡ്യ—മധുര—രാജാക്കന്മാരുടെ സാമന്തന്മാരായി രാജ്യം ഭരിച്ചിരുന്നു. കേരളത്തിൽ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി പ്രദേശങ്ങളും ഹൈറേഞ്ച് മുഴവനും അതിനോടടുത്തുള്ള തമിഴ്നാടിന്റെ ഏതാനും ഭാഗങ്ങളും പൂഞ്ഞാർരാജാക്കന്മാരുടെ ഭരണസീമയിൽപ്പെട്ടിരുന്നു. പാണ്ഡ്യഭരണാധികളുടെ ശക്തി കുറയുകയും വേണാടിന്റെ പ്രാബല്യവും വിസ്തീൎണ്ണവും

വദ്ധിക്കയും ചെയ്യതോടെ പൂഞ്ഞാറും ക്രമേണ വഞ്ചിനാട്ടിൽ ലയിച്ചു. തമ്പുരാൻ എന്നാണ് പി. ആർ. രാമവർമ്മരാജാ സാധാരണ അറിയപ്പെടുന്നതു്. തിരുവനന്തപുരം കൊട്ടാരത്തിലെ അമ്മറാണിയുടെ അനുജത്തിയെ അദ്ദേഹം വേളികഴിച്ചു. മാത്രമല്ല തമ്പുരാൻെറ ഒരു ഉടപ്പിറന്നവളെ ശ്രീ. ചിത്തിരമഹാരാജാവിൻെറ അനുജൻ മാർത്താണ്ഡവർമ്മ തിരുമേനിയും വിവാഹം കഴിച്ചിട്ടുണ്ടു്. അസാമാന്യ ബുദ്ധിശക്തിയും ദീർഘദൃഷ്ടിയുമുള്ള ആളാണ് ശ്രീ. പി. ആർ. രാജാ. കാടും മലയും അദ്ദേഹം ഇഷ്ടപ്പെടുന്നു. ഉന്നതകുലജാതക്ക് കൃഷിപ്പണികളും തോട്ടംവയ്ക്കലും നിഷിദ്ധമെന്ന് മുൻകാലങ്ങളിൽ പരിഗണിച്ചിരുന്നു. എന്നാൽ പി. ആർ. രാജാ ആധുനിക ചിന്താഗതികളോടുകൂടിയവനാണ്. ഹൈറേഞ്ചിലെ യൂറോപ്യൻകമ്പനിക്കാരുടെ തോട്ടങ്ങൾപോലെ തനിക്കും തോട്ടങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് ആഗ്രഹമുണ്ടു്. തങ്ങളുടെ പൂഞ്ഞാർ പ്രദേശങ്ങളെല്ലാം ചെറുകിട കർഷകക്ക് കൊടുത്തുപോയി. കുറെ സ്ഥലം എവിടെ കിട്ടുമെന്നന്വേഷിച്ചിരിക്കയാണദ്ദേഹം. ഇതിനിടയിൽ അനായാസേന ഒരു സാഹചര്യം കൈവന്നു. മലബാറിലെ മണിയാൽ ഇല്ലംനമ്പൂരി തിരുവനന്തപുരത്തു് ഒരു മുറജപത്തിനോ മറേറതോ ആഘോഷത്തിനോ വന്നിരുന്നു. ആ ദിവസങ്ങളിൽ രാജായും അവിടെ ഉണ്ടു്. അദ്ദേഹം അസിസ്റ്റൻറ് ദേവസ്വം കമ്മീഷണറായി ജോലിനോക്കുന്ന കാലം. മണിയാൽ നമ്പൂരിയുമായി പരിചയപ്പെട്ടു. മണിയാൽ ഇല്ലക്കാർ വിസ്തൃതമായ ഒരു ഭൂവിഭാഗത്തിൻെറ ഉടമകളാണെങ്കിലും അവക്ക് ദാരിദ്ര്യവും കടവുമാണെന്നു രാജാ മനസ്സിലാക്കി. 36000 രൂപാ കടംവീട്ടുവാനുണ്ടു്. അനുദിനച്ചിലവിനുപോലും വിഷമിക്കുന്നു. രാജാ കിട്ടിയ അവസരം വേണ്ടപോലെ വിനിയോഗിച്ചു. നമ്പൂരി ആവശ്യപ്പെട്ട പണം കൊടുത്തു സ്ഥലം എഴുതിവാങ്ങി. 1935-ൽ കോളിയാടുമലയും 1936-ൽ പാറോത്തുമലയും. ഇങ്ങനെ ആലക്കോടു പുഴമുതൽ കൂർഗ്ഗ് സ്റ്റെയിററ് അതിർത്തിവരെയുള്ള ഏകദേശം 22000 ഏക്കർ സ്ഥലം. നിസ്സാരവിലപോലും കൊടുക്കാതെ ഈ മലകൾ തങ്ങളുടേതാക്കുവാൻ ചില ഹാജിമാർ ശ്രമിക്കുന്നുണ്ടെന്നുള്ള വിവരം ഗ്രഹിച്ചിരുന്ന മീനച്ചിൽക്കർത്താവും പ്രസ്തുത സ്ഥലങ്ങൾ വാങ്ങുവാൻ രാജായെ പ്രേരിപ്പിച്ചു.

ഡോ. പി. ജെ. തോമസ്സും രാമവർമ്മരാജായും യഥാക്രമം 1927-ലും 1936-ലും വിസ്തൃതമായ ഒരു ഭൂവിഭാഗത്തിൻെറ

ഉടമകളായെങ്കിലും പ്രവത്തനങ്ങരം തുടങ്ങുവാൻ പല വഷ്ങ്ങരം കഴിയേണ്ടിവന്നു. ഡോ. തോമസ് സ്വന്തമായി തോട്ടം വയ്ക്കുവാനും മലബാറിൽ വന്നു താമസിക്കുവാനും ഉദ്ദേശിച്ചിരുന്നില്ല. ചെറുകിട കഷ്കക്കു കൃഷിചെയ്യുവാൻ ചുരുങ്ങിയ വിലയ്ക്കു് സ്ഥലമുണ്ടാക്കിക്കൊടുക്കണമെന്നേ അദ്ദേഹം കരുതിയുള്ളൂ. 2000 ഏക്കറോളം അദ്ദേഹം ചുമതലപ്പെടുത്തിയ ആളുകരം വഴി വിററുകാണും. അതേ ഉദ്ദേശത്തോടെ വിതരണം ചെയ്യുവാൻ പതിനായിരം ഏക്കർ സ്ഥലം 1954-ൽ അദ്ദേഹം തലശ്ശേരി രൂപതയ്ക്കു് എഴുതിക്കൊടുത്തെങ്കിലും രേഖയിൽ പറയുന്ന സ്ഥലം മുഴവൻ മററുള്ളവരുടെ കൈവശമായിപ്പോയിരുന്നു. രൂപതയ്ക്കു് ഒന്നും ലഭിച്ചില്ല.

ശ്രീ രാജാ തൻെറ സ്ഥലത്തിൽ കുറച്ചുഭാഗം ചെറുകിട കഷ്കക്കു നല്ല വിലയ്ക്കു വിററു. 1950 മുതൽ അദ്ദേഹം കുരുമുളകു്, തെങ്ങു്, റബർ, കാപ്പി, തേയില, ഏലം മുതലായ തോട്ടങ്ങരം വച്ചുപിടിപ്പിക്കുവാൻ തുടങ്ങി. ഇപ്പോരം അവയിൽ നിന്നു് നാണ്യവിളകരം എടുത്തുകൊണ്ടിരിക്കുന്നു. തോട്ടം പണികളുടെ ആരംഭകാലങ്ങളിൽ ഒരു വക്കു സൂപ്രണ്ടിനെ-ശ്രീ അടിയത്തോരെ-തളിപ്പറമ്പിൽ താമസിപ്പിച്ചുകൊണ്ടാണു് ജോലികരം ചെയ്യിച്ചിരുന്നതു്. തമ്പുരാൻ പൂഞ്ഞാററിൽനിന്നു പല അവസരങ്ങളിലും തളിപ്പറമ്പിൽവന്നു താമസിച്ചിരുന്നു. അവിടെ ഒരു നല്ല കെട്ടിടം വിലയ്ക്കു വാങ്ങി തൻെറ താമസത്തിനുവേണ്ട സൗകര്യങ്ങരം ഉണ്ടാക്കി. കൊട്ടാരം എന്നു് ആ കെട്ടിടം അറിയപ്പെട്ടിരുന്നു. തളിപ്പറമ്പിൽനിന്നു പതിനഞ്ചു മൈൽ ദൂരമുണ്ടു് ആലക്കോട്ടേയ്ക്കു്. അടിയത്തോരെ എന്നും ആലക്കോട്ടിനു വിടും. വാഹനഗതാഗതസൗകര്യമുള്ള വഴിയല്ല. കല്ലും പുല്ലും കുററിക്കാടും നിറഞ്ഞ നടപ്പുവഴിമാത്രം. എങ്കിലും ചിലപ്പോഴെല്ലാം ശ്രീ രാജാ നടന്നുവന്നു തൻെറ തോട്ടം സന്ദശിച്ചിരുന്നു.

വളരെയേറെ പണം തോട്ടം വയ്ക്കുന്നതിനും മററുമായി അദ്ദേഹം മുടക്കി. ഇതിൽ നല്ലയൊരംശം സക്കാരിൽനിന്നു ലോണായും ഗ്രാൻറായും മറേറാരോ ഇനങ്ങളിലും വാങ്ങി എടുത്തിട്ടുള്ളതാണു്. ഗിരിവഗ്ഗകോളനിയുംമററും അദ്ദേഹത്തിൻെറ സ്ഥലത്തു് സക്കാർ ചിലവിൽ ഉണ്ടാക്കിയിട്ടുള്ളതത്രെ. തനിക്കു് കുടുംബസമേതം താമസിക്കുവാൻവേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കിയശേഷം ശ്രീ രാജാ താമസം ആലക്കോ

ടാക്കി. ഇതു് അദ്ദേഹത്തിനു മാത്രമല്ല പൊതുജനങ്ങൾക്കും പലവിധത്തിൽ ഉപകാരപ്രദമായിരുന്നു.

1951–മുതൽ ആലക്കോട്ടു പുഴയുടെ വടക്കു കിഴക്കു ഭാഗങ്ങളിലേയ്ക്കു കുടിയേററക്കാർ വന്നു താമസിക്കുവാൻ തുടങ്ങി. കളപ്പുരയ്ക്കൽ മാണി മത്തൻ (കുടയത്തൂർ), കുന്നേമുറിയിൽ സ്കറിയാ (കുടയത്തൂർ), ചെറുനിലത്തു ജോസഫ് (രാമപുരം) എന്നിവരായിരുന്നു ഇതിനു നേതൃത്വം കൊടുത്തതു്. ഇവർ ഡോ. തോമസിൻെറ സ്ഥലം വാങ്ങി. ശ്രീ രാജായുടെ സ്ഥലവും പിറകെപിറകെ വന്ന കുടിയേററക്കാർ വിലയ്ക്കെടുത്തു. മണ്ണും കാലാവസ്ഥയും വളരെ മെച്ചപ്പെട്ടതായിരുന്നതിനാൽ ആലക്കോടുമേഖലയിലേയ്ക്കുള്ള കുടിയേററം ത്വരിതഗതിയിലായി. രാജായുടെ വക സ്ഥലങ്ങളായിരുന്നു ആ ഭാഗങ്ങളെല്ലാം. അദ്ദേഹം നല്ല വിലയ്ക്കേ സ്ഥലം വിററിരുന്നുള്ളു. അതുകൊണ്ടു സാമാന്യം പണമുള്ളവരും നല്ല കൃഷിക്കാരുമാണു് അവ വാങ്ങിയതു്. പത്തു പതിനഞ്ചു കൊല്ലംകൊണ്ടു് ആലക്കോടും പരിസരപ്രദേശങ്ങളും കോട്ടയം ഡിസ്ട്രിക്ടിൻെറ വിവിധ ഭാഗങ്ങളിൽനിന്നു വന്ന കുടിയേററക്കാരെക്കൊണ്ടു നിറഞ്ഞു.

ആ പ്രദേശങ്ങളെല്ലാം അതിവേഗം വികസിച്ചു. ഭക്ഷ്യനാണ്യവിഭവങ്ങൾ ധാരാളമായി. വ്യാപാരവും വ്യാപാരസ്ഥാപനങ്ങളും തുടങ്ങി. ക്രിസ്ത്യൻദേവാലയങ്ങളും ഹിന്ദുക്ഷേത്രങ്ങളും മുസ്ലീംപള്ളികളും ഉയർന്നുവന്നു. വിദ്യാശാലകൾ പലതും സ്ഥാപിക്കപ്പെട്ടു. റോഡും വഴികളും താല്ക്കാലിക പാലങ്ങളും പണുതു. ശ്രീ രാജാ വലിയ ഭൂവുടമയാണെങ്കിലും അദ്ദേഹം മലബാറിലെ മററു ഭൂവുടമകളേപ്പോലെ കുടിയേററക്കാരുമായി അകന്ന അന്തരീക്ഷത്തിലല്ല ജീവിക്കുന്നതു്. അദ്ദേഹം ഒരു സാധാരണ ചെറുകിട കർഷകനെപ്പോലെ അവരുമായി ഒന്നിച്ചു പ്രവർത്തിക്കുന്നു. പ്രദേശത്തിൻെറ വികസനത്തിനുവേണ്ടിയുള്ള എല്ലാ സംരംഭങ്ങളിലും പ്രവർത്തനങ്ങളിലും അദ്ദേഹം മുൻപന്തിയിൽ നില്ക്കും. റോഡുകളും പാലങ്ങളും അനുവദിപ്പിക്കുവാനും അവ നേരത്തെ പണി തീർക്കുവാനും അദ്ദേഹത്തിൻെറ പരിശ്രമവും സ്വാധീനവുമാണു സഹായിച്ചതു്. കുരുവഞ്ചാൽ, ആലക്കോട്ട്, മണക്കടവു്, പാലങ്ങൾ കോൺട്രാക്ററു് എടുത്തു പണികൾ നടത്തുവാൻ ആരും

5 മുമ്പോട്ടു വരാതിരുന്നതിനാൽ രാജാതന്നെയാണു കോൺട്രാ

ക്"ററ് എടുത്തതും പണികാം നടത്തിയതും. അതുകൊണ്ടാണ് അവ വേഗത്തിൽ തീരുവാനും ലൈൻബസ്സും മററു വാഹനങ്ങളും ഓടുവാനും ഇടയായത്. പേരാവൂരെക്കാളും കുററിയാടിയെക്കാളും കാൽനൂററാണ്ടു കഴിഞ്ഞാണ് ആലക്കോട്ട് കുടിയേററം വ്യാപകമായതെങ്കിലും സ്ഥിരം റോഡും പാലങ്ങളും തീർത്തു ലൈൻബസ്സോടിച്ച പ്രഥമ കുടിയേററക്കോളനി ആലക്കോടാണെന്ന ഖ്യാതി അതിനുണ്ട്. ഇതിൻെറ എല്ലാ പ്രശംസയും പ്രധാനമായി രാമവർമ്മരാജായാണ് അർഹിക്കുന്നത്. അതുപോലെതന്നെ വൈദ്യുതിയും ടെലഗ്രാം, ഫോൺഓഫീസുകളും അതിവേഗം ലഭിച്ചതും രാജായുടെ പ്രയത്നവും സ്വാധീനവും കൊണ്ടാണെന്നുള്ളതും എല്ലാവരും കൃതജ്ഞതയോടെ പ്രകീർത്തിക്കുന്ന വസ്തുതയാണ്.

# മഞ്ഞുപെയ്യും മലമുകളിലേയ്ക്കു്

വെൺമഞ്ഞുപെയ്യുന്ന മനോഹരമായ ഒരു പ്രദേശമാണു് വയനാട്ടു്. സമുദ്രനിരപ്പിൽനിന്നു മൂവായിരം അടി ഉയർച്ചയുള്ള ഒരു പീഠഭൂമി. വയൽനിറഞ്ഞ നാട്ടു് വയനാടായി. അതു് ഇപ്പോൾ കോഴിക്കോട്ടു്, കണ്ണൂർ ഡിസ്ട്രിക്റ്റുകളിലായി കിടക്കുന്നു. തെക്കു് വൈത്തിരി, വടക്കു് ചന്ദനത്തോട്ടു് (പേരിയ), പടിഞ്ഞാറു് കോറോം, കിഴക്കു് കാട്ടിക്കുളം, പുല്പള്ളി ഇവയുടെ ഇടയ്ക്കുള്ള ഹൃദയഹാരിയായ ഒരു പ്രദേശം. 1600 ച. മൈൽ വിസ്തീർണ്ണം വരും. കായൽപോലെ നോക്കെത്താതെ പരന്നുകിടക്കുന്ന വയൽ. ഇടയ്ക്കിടയ്ക്കു ചെറുദ്വീപുകൾപോലെ പൊന്തിനില്ക്കുന്ന കുന്നുകളും പുൽമേടുകളും. വയലുകളിൽ പൊൻമണികൾ സുഭിക്ഷം. കരസ്ഥലം നാട്ടുകാരായ ചില മുതലാളിമാരുടേയും ഹിന്ദുദേവസ്വങ്ങളുടേയും വകയും ഗവൺമെൻറ് റവന്യൂഭൂമിയുമായിരുന്നു. ഇവയിൽ നല്ല ഒരു ഭാഗം യൂറോപ്യൻകമ്പനിക്കാർ ദീർഘകാലത്തേയ്ക്കു പാട്ടത്തിനു വാങ്ങി കാപ്പി, തേയില, ഏലം മുതലായ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു. ആ തോട്ടങ്ങളുടെ ഓഫീസുകളും ഫാക്റ്ററികളും പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥലങ്ങളാണു ചെറിയ പട്ടണങ്ങളായി (ഗ്രാമകേന്ദ്രങ്ങളായി) ത്തീർന്നതു്. മാനന്തവാടി, തലപ്പുഴ, പേരിയ, കാട്ടിക്കുളം, ബത്തേരി, കല്പററ, ചുണ്ട, മേപ്പാടി, വൈത്തിരി മുതലായ സ്ഥലങ്ങൾ അങ്ങനെ വികസിച്ചുവന്നതാണു്.

തോട്ടം കൃഷിവിഭവങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കുവാൻ കോഴിക്കോട്ടോ തലശ്ശേരിയിലോ എത്തിക്കണം. അതിനു് തോട്ടക്കാരുടെ പ്രേരണയാൽ മദ്രാസ് ഗവൺമെൻറ് ഉണ്ടാക്കിയതാണു് വയനാട്ടിലേയ്ക്കുള്ള പ്രധാന റോഡുകൾ. മാനന്തവാടി–കോഴിക്കോട്ടു് റോഡു്, മാനന്തവാടി – തലശ്ശേരി റോഡു്, തലശ്ശേരി – കൂർഗ് റോഡു്, ബത്തേരി – കൈനാട്ടി റോഡു് ഈ നാലു നിരത്തുകളാണു് പ്രാധാന്യമർഹിക്കുന്നവ. ഇതിൽ ഏററവും കൂടുതൽ പ്രാധാന്യം

മാനന്തവാടി – കോഴിക്കോട്ട് റോഡിനാണ്. നിർമ്മാണ ത്തിനും സംരക്ഷണത്തിനും ഏററവുമധികം ബുദ്ധിമുട്ടുകളും പണ ച്ചിലവും വന്നതും അതിനുതന്നെ.

ഒരുവിധത്തിൽ പറഞ്ഞാൽ ചുരത്തിന്റെ ആരംഭമായ പുതുപ്പാടിയിൽനിന്നും നേരെ മുകളിൽ ലക്കിടിയിലേയ്ക്ക് കുത്തനെയുള്ള ഒരു റോഡാണ് അത്. ഒൻപതു് ഒടിച്ചുവളവു് (Hair pin curve) അതിനുണ്ട്. അതു് മലമടക്കുകളുടെയിടയിൽ ക്കൂടി വളഞ്ഞു പിരിഞ്ഞു തിരിഞ്ഞു് മുകളിലേയ്ക്കു് കയറുന്നു. ഈ റോഡിന്റെ ലൈൻ കണ്ടുപിടിക്കുക എളുപ്പമായിരുന്നില്ല. വളരെ പരിശ്രമങ്ങളും പരീക്ഷണങ്ങളും നടത്തേണ്ടിയിരുന്നു. ഇതേക്കുറിച്ചു നാട്ടുകാരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന രസകരമായ ഒരു കഥയുണ്ടു്. നാട്ടുകാരായ എൻജിനീയർമാർ രണ്ടുമൂന്നു കൊല്ലങ്ങൾ പരിശ്രമിച്ചു, സുഗമമായ റോഡുലൈൻ കണ്ടുപിടിക്കുവാൻ. ഒന്നും വിജയിച്ചില്ല. അവസാനം വിദ ഗ്ദ്ധനായ ഒരു എൻജിനീയറെ മദ്രാസ്ഗവൺമെൻറ് ഇംഗ്ല ണ്ടിൽനിന്നു വരുത്തി നിയമിച്ചു. വേണ്ടിടത്തോളം പണവും അനുവദിച്ചുകൊടുത്തു. അദ്ദേഹം പല സർവ്വേകളും നടത്തി. നാട്ടുകാരായ എൻജിനീയർമാരുടെ റിപ്പോർട്ടു പരിശോധിച്ചു. പക്ഷെ, ഈ റിപ്പോർട്ടിൽ അവർ ഒന്നുരണ്ടു ലൈൻ കൂടുതൽപഠന ത്തിനായി എടുത്തുകാണിച്ചിരുന്നതേയുണ്ടായിരുന്നുള്ളൂ. ഈ റിപ്പോർട്ട് സായിപ്പ് പഠിച്ചു. അദ്ദേഹം മാസങ്ങളും വർഷങ്ങളും എടുത്തു് സ്ഥലങ്ങൾ നേരിട്ടു പരിശോധിച്ചു. പഴയതും പുതി യതുമായ പല ലൈനുകളും പരീക്ഷിച്ചുനോക്കി. ഒന്നും വിജ യിക്കുമെന്നു പ്രതീക്ഷയില്ല. അദ്ദേഹം നിരാശയിൽ എത്തി യിരിക്കുകയാണ്. ഇവരുടെ പരിശോധനയ്ക്കും കാട്ടിൽക്കൂടെ യുള്ള യാത്രകൾക്കും ആദിവാസികളുടെ (പണിയർ) സഹായം ആവശ്യമായിരുന്നു. ആ പ്രദേശത്തെ ഒരു പ്രധാന പണിയനും പാപ്പാനും (ആനക്കാരൻ) ആയ "കരിംതണ്ടൻ" പറഞ്ഞു: "ഈ മേലാളൻമാർ ഇത്രയുംനാൾ തെരച്ചിൽ നടത്തിയിട്ടു മുക ളിൽ നിരപ്പിലേയ്ക്കു് ഒരു വഴി കണ്ടുപിടിക്കുവാൻ പററുന്നില്ലെ ങ്കിൽ ഞാൻ കാണിച്ചുകൊടുക്കാം; പലപ്രാവശ്യം ഞാൻ ആനയെ മുകളിൽ നിരപ്പിൽ കൊണ്ടുപോയിട്ടുണ്ടു്. പക്ഷെ, വണ്ടി കേററുവാൻ വളഞ്ഞുതിരിഞ്ഞു പുറകോട്ടൊക്കെ പോകേ ണ്ടിവരും". കരിംതണ്ടന്റെ അഭിപ്രായം എൻജിനീയർ സായിപ്പിന്റെ ചെവിയിൽ എത്തി. നിരാശയിലിരുന്ന സായിപ്പിനു് ഒരു ജീവൻ വീണു. അദ്ദേഹം കരിംതണ്ടനെ

വരുത്തി. അവൻ നടന്നു ലൈൻ കാണിച്ചുകൊടുത്തു. ലൈനിൻെറ പ്ലാനെടുത്തു. അവിടം കാടുവെട്ടിത്തെളിക്കുവാൻ ഇടപാടുചെയ്തു. നാട്ടുകാരായ എൻജിനീയർമാരെ വിട്ടു നോക്കിച്ചു. സായിപ്പ് നേരിട്ട് നടന്ന് സ്ഥലങ്ങൾ പരിശോധിച്ചു. ശ്രമസാധ്യമെങ്കിലും കാര്യം പ്രയോഗത്തിൽ വരുത്താമെന്ന് അദ്ദേഹത്തിനു ബോധ്യമായി. ജോലികൾ തുടങ്ങി. നാലഞ്ചുകൊല്ലങ്ങൾകൊണ്ട് പണി പൂർത്തിയാക്കി.

ബ്രിട്ടീഷ്കാരനായ സായിപ്പിനെ യൂറോപ്യൻമാരും നാട്ടുകാരും മദ്രാസ്ഗവൺമെൻറും സ്തുതിക്കയും അദ്ദേഹത്തിനു അവാർഡുകൾ നൽകുകയും ചെയ്തു. പക്ഷെ, അഹങ്കാരിയായ സായിപ്പ് സാധുവായ ആ നാട്ടുകാരനെ അനുസ്മരിച്ചില്ല. ആദിവാസിയായ കരിംതണ്ടൻെറ സാമർത്ഥ്യത്തേയും സഹായത്തേയും വെള്ളക്കാരൻ മനഃപൂർവ്വം മറച്ചുവച്ചു. മാത്രമല്ല കരിംതണ്ടൻ ജീവിച്ചിരുന്നാൽ തൻെറ ഖ്യാതിക്കു ഭംഗവും മങ്ങലും വരുമെന്നു കരുതി ആ നാടിൻെറ പുത്രനെ ചതിവിൽ വെടിവച്ചു കൊല്ലിച്ചു! ധീരനും അഭിമാനിയുമായിരുന്ന കരിംതണ്ടൻെറ വധം പണിയസമുദായത്തിലെ പ്രബലന്മാരുടെ ഇടയിൽ ചലനം സൃഷ്ടിച്ചു. അവരുടെ വൈരാഗ്യവും പകവീട്ടലും വെള്ളക്കാരുടെ നേരെ തിരിഞ്ഞു. അവരോടു നേരിട്ടൊന്നും ചെയ്യുവാൻ പററുകയില്ല. എന്നാൽ അവർ സഞ്ചരിക്കുന്ന വാഹനങ്ങളെ പതിയിരുന്ന് ആക്രമിക്കുവാനും തകർക്കുവാനും സാധിക്കും. അതു ചെയ്തുകൊണ്ടിരുന്നു. യൂറോപ്യൻ കമ്പനിക്കാരുടെ കൃഷിവിഭവങ്ങൾ കൊണ്ടുപോകുന്ന ലോറികൾ തകർക്കുകയായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ഇതു ചെയ്തിരുന്ന ആളുകളെ ഒന്നും പിടികിട്ടിയിരുന്നില്ല. കൊല്ലപ്പെട്ട പണിയൻെറ പ്രേതംവന്നു വിരോധം തീർക്കുന്നതാണെന്നു പരിസരവാസികൾ വിശ്വസിച്ചിരുന്നു. യൂറോപ്യൻമാരും ഇതു വിശ്വസിക്കുവാൻ തുടങ്ങി. ഇതിൽനിന്നും മോചനംനേടുവാൻ അവർ മാർഗ്ഗം ആരാഞ്ഞു. ആരൊ പറഞ്ഞതനുസരിച്ച് ഏതൊ മന്ത്രവാദിയെ വരുത്തി കരിംതണ്ടൻെറ പ്രേതത്തെ പ്രസാദിപ്പിക്കുവാൻ ചില പൂജകളെല്ലാം നടത്തി. ആ ചെകുത്താനെ ഒരു മരത്തിൽ തളയ്ക്കുകയും ചെയ്തു. അതാണ് ലക്കടിയിൽ റോഡുസൈഡിലെ ഒരു വൃക്ഷത്തിൽ വലിയ ഒരു ഇരുമ്പുചങ്ങല ചുററിക്കെട്ടിയിരിക്കുന്നതായി കാണുന്നത് എന്നു പറയപ്പെടുന്നു. അടുത്തനാളുകളിൽ വൃക്ഷച്ചുവട്ടിൽ നിന്ന് ഏതാനും വാര ഉള്ളിലേയ്ക്ക് മാറി ആരൊക്കെയോ

ചേൻറ് ഒരു പീഠം പണിതു് അവിടെ വിളക്കുവെപ്പും നടത്തി പ്പോരുന്നുണ്ടു്.

വയനാട്ടിലെ ബഹുഭൂരിപക്ഷം താമസക്കാരും അപരിഷ്കൃതരായ ആദിവാസികളായിരുന്നു. ജീവിതസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ലാതിരുന്നതിനാൽ ആദിവാസികളൊഴിച്ച് വളരെ ചുരുക്കംപേർ മാത്രമേ വയനാട്ടിൽ താമസമാക്കിയിരുന്നുള്ളൂ. ജന്മികളുടെ വയലുകളിലും, യൂറോപ്യൻമാരുടെ തോട്ടങ്ങളിലും പണിനടത്തുവാൻ കുറെ ആദിവാസികൾ ഉണ്ടായിരുന്നു. അവക്ക് വിദ്യാഭ്യാസമില്ല, സംസ്ക്കാരമില്ല, പണമില്ല. ഇതെല്ലാം കൊടുത്തു് അവരെ മനുഷ്യരായും നല്ല പൗരന്മാരായും ഉയൎത്തിക്കൊണ്ടുവരുവാൻ ഗവൺമെൻേറാ മററാരെങ്കിലുമോ ശ്രമിച്ചിരുന്നുമില്ല. ഈ പാവങ്ങളെ അടിമകളാക്കി ചൂഷണംചെയ്യുകയായിരുന്നു അവരെല്ലാം. ക്രിസ്ത്യൻ മിഷനറിമാരും കുടിയേററക്കാരും വന്നതിനുശേഷമാണ് അവർ സംസ്കാരത്തിൻേറയും സ്നേഹത്തിൻേറയും സൗഹാൎദ്ദത്തിൻേറയും പ്രകാശം കണ്ടുതുടങ്ങിയതു്. സമത്വത്തിൻെറ വായു ശ്വസിക്കുവാൻ തുടങ്ങിയതു്. വയറുനിറയെ ഭക്ഷണവും കൈനിറയെ കൂലിയും ലഭിക്കുവാൻ തുടങ്ങിയതു്. അതുവരെ ഈ കാട്ടുജാതിക്കാരായ അടിയാൻമാരും കുറിച്ച്യരും പണിയരും ചെറവരും കരിമ്പാലരും കാണിക്കാരും അടിമകളായി സ്വയം കണക്കാക്കിയിരുന്നു. ഇതിൽ എന്തെങ്കിലും അതൃപ്തിയോ ഇച്ഛാഭംഗമോ അവക്കുണ്ടായിരുന്നില്ല. അവർ സന്തുഷ്ടരായി സോല്ലാസം ജീവിച്ചു. കാഴ്ചയുണ്ടായിരുന്നവനേ അതില്ലാത്തതിൻെറ നഷ്ടം ഗ്രഹിക്കുകയുള്ളല്ലോ. ഒന്നിനും അവർ വ്യഗ്രത കാണിച്ചിരുന്നില്ല. ധാരാളം വയൽ. സൗകര്യംപോലെ കൃഷിചെയ്യാം. വർഷത്തിൽ ഒരു കൃഷിമാത്രം. കളപറിക്കലും വളംചേക്കലും ഇല്ല. കാട്ടുമൃഗങ്ങൾ നശിപ്പിക്കും നല്ലഭാഗം. എങ്കിലും അതിൽ അവക്ക് ഇച്ഛാഭംഗമില്ല. കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടും. കരസ്ഥലം കുറച്ചുഭാഗത്തു മുത്താറി വിതയ്ക്കും. അതിലും കിട്ടുന്നതു മതി. ചുററും കാട്. ധാരാളം മൃഗങ്ങൾ. അമ്പും വില്ലും ഉപയോഗിച്ച് നായാടി മൃഗങ്ങളെ പിടിക്കും. മാംസം നല്ലതുപോലെ ആഹരിക്കും. ചൂണ്ടപ്പന വനത്തിൽ സുഭിക്ഷം. കുല ചെത്തി കള്ളുണ്ടാക്കും. അതും സമൃദ്ധമായി പാനംചെയ്യും. പുഴയിൽ മത്സ്യം സുലഭം. ഏതോ മരത്തിൻെറ പട്ട വെട്ടിച്ചതച്ചു കാട്ടാറുകളിൽ നഞ്ചുകലക്കും. ധാരാളം മീൻ കിട്ടും. അതും തിന്നും. ഒരു കാട്ടിലെ കൃഷി കഴിഞ്ഞു് വേറൊന്നിലേയ്ക്കു മാറും. അടുത്തടുത്തു്

ചെറിയ മാടങ്ങരാംവച്ചാണു താമസിക്കുന്നതു്. സ്ഥലം മാറു മ്പോരാം അധികം ഒന്നും കൊണ്ടുപോകുവാൻ ഇല്ല. ചുട്ടും കരി ച്ചുമാണു് പലതും ഭക്ഷിക്കുന്നതു്. അതുകൊണ്ടു് ഒന്നോ രണ്ടോ മൺപാത്രങ്ങളേ കാണുകയുള്ളു. ജന്മികളായ നമ്പ്യാൻമാൎക്കും മററും ''തുലാപ്പത്തു്'' കഴിഞ്ഞാൽ ഇവരുടെ കൂട്ടത്തിൽ സിക്കാ റിനു്– നായാട്ടിനു്– പോകുവാൻ ഇഷ്ടമാണു്. കൊയ്ത്തുകിട്ടുന്ന നെല്ലിൻെറ ഒരു വിഹിതം ജന്മിക്കു കൊടുക്കണം. ഇറച്ചിയോ മീനോ കിട്ടിയാലും ഒരംശം ജന്മിക്കു കൊടുക്കണമെന്നാണു വയ്പു്. ചിലർ കൊടുത്തില്ലെന്നും വരും. അവ കൊടുക്കു ന്നവരോടു ജന്മി പ്രത്യേക വാത്സല്യം കാണിക്കും. ജന്മിയുടെ കാലിക്കൂട്ടത്തെ ഈ അടിയാൻമാർ മേയിക്കണം.

കുടിയേററക്കാരുടെ വരവോടുകൂടി കാടുകരാം തെളിഞ്ഞു. മൃഗങ്ങരാം കുറഞ്ഞു. മത്സ്യവും അതുപോലെതന്നെ. വയലിനും കരയ്ക്കും വിലയായി. ഉടമയുമുണ്ടായി. ഇഷ്ടംപോലെ കൃഷി ചെയ്യാനും കാലിയെ വിടാനും പററില്ല. അലസജീവിത ത്തിനും തോന്ന്യാസത്തിനും അറുതി വന്നുതുടങ്ങി. എന്നാൽ എന്നും പണിയും കൂലിയും കിട്ടും. വയറുനിറയെ ചോറും കിട്ടുവാൻ തുടങ്ങി. നന്നായി വസ്ത്രം ധരിച്ചു് മനുഷ്യരെപ്പോ ലെ ജീവിക്കുവാനും പഠിച്ചു; കുടിയേററക്കാർ പഠിപ്പിച്ചു. കുട്ടികളെ കുടിയേററക്കാർ നിൎബ്ബന്ധിച്ചു സ്കൂളിൽ ചേൎത്തു. അവൎക്കു ഭക്ഷണവും വസ്ത്രവും പുസ്തകങ്ങളും നല്കി.

വയനാട്ടിലെ കാപ്പി, തേയില, ഏലം മുതലായ വലിയ കൃഷിത്തോട്ടങ്ങരാം നിരവധി പണംമുടക്കി യൂറോപ്യൻ കമ്പനി ക്കാർ രണ്ടുമൂന്നു നൂററാണ്ടുകാലം നടത്തിനോക്കി. ബുദ്ധിമുട്ടി നും മുടക്കുമുതലിനും അനുയോജ്യമായ ആദായം അവയിൽനി ന്നും ലഭിക്കാതിരുന്നതിനാൽ ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യംകിട്ടിയ 1947–നു മുമ്പുതന്നെ അവർ പ്രവൎത്തനങ്ങരാം ഉപേക്ഷിച്ചു് നാടു വിട്ടുപോയിത്തുടങ്ങി. മാറിവന്ന ഗവൺമെൻറിൻെറ പ്രതി കൂലനിയമങ്ങളും തൊഴിൽനിയമങ്ങളും കാരണം കിട്ടിയവി ലയ്ക്കു് എല്ലാം വിററുംവച്ചു രാജ്യംവിട്ടു പോയ തോട്ടക്കാരുമുണ്ടു്. പ്രതിഫലമൊന്നും ലഭിക്കാതെ എല്ലാം ഉപേക്ഷിച്ചുപോയവ രായിരുന്നു പല വലിയ തോട്ടം ഉടമകളും. വയനാട്ടിലെ ഇപ്പോ ഴത്തെ ഫോറസ്റ്റിൽ അവിടവിടെ ഒററപ്പെട്ടുകാണുന്ന കാപ്പി ച്ചെടികളും തേയിലച്ചെടികളും അവയുടെ കുററികളും ഭംഗി യായി പണുതിരിക്കുന്ന സ്മാരകങ്ങളും കുഴിമാടങ്ങളും ഈ വസ്തു തയ്ക്കു തെളിവുകളാണു്.

ഇങ്ങനെയെല്ലാമുള്ള വയനാടൻമലകളിലേയ്ക്കു് 1933 മുതലാണു് തിരുവിതാംകൂറിൽനിന്നുമുള്ള കൃഷിക്കാർ കുടിയേറിത്തുടങ്ങിയതു്. പാലാസ്വദേശികളായ കുടക്കച്ചിറ ശ്രീ. കെ. പി. മാത്യുവും സഹോദരങ്ങളുമാണു് ആദ്യകുടിയേററക്കാർ. അവർ മാനന്തവാടിക്കടുത്തുള്ള പയ്യംപള്ളിയിൽ 100 ഏക്കർ വയലും 300 ഏക്കർ കരയും വാങ്ങി. മാത്യു അതു വാങ്ങുവാൻ ഇടയായതിൻെറ പിറകിൽ അല്പം ചരിത്രമുണ്ടു്. അക്കാലത്തു് ശ്രീ. മാത്യു കോളയാട്ടു് സ്ഥലമെടുത്തു് ഫാ. ഫെർണാണ്ടസ്സിൻെറ കൂട്ടത്തിൽ താമസിക്കുകയാണു്. അദ്ദേഹം പാലായിക്കു പോയശേഷം എറണാകുളംബോട്ടിൽ മടങ്ങിവരുമ്പോൾ സഹയാത്രക്കാരിൽ ഒന്നുരണ്ടുപേർ മലബാർഭാഷയിൽ സംസാരിക്കുന്നതു കേട്ടു. മാത്യു ശ്രദ്ധിച്ചു. മലബാറിലേയ്ക്കുള്ള തൻെറ യാത്രയ്ക്കു് ഒരു കൂട്ടുകാരനെ കിട്ടുമല്ലോ എന്നുകരുതി മലബാർകാരനുമായി പരിചയപ്പെട്ടു. പ്ളാക്കണ്ടി പി. വി. മൊയ്തു (തലശ്ശേരി, എരഞ്ഞോലിയിൽ) ആയിരുന്നു പുതിയ കൂട്ടുകാരൻ. പയ്യംപള്ളിയിലുള്ള 400 ഏക്കർ സ്ഥലത്തിൻെറ ഉടമസ്ഥനാണു് മൊയ്തു. കുഴപ്പമില്ലാത്ത സ്ഥലം. 1928–ൽ കോയമ്പത്തൂരുകാരൻ ഒരു സേട്ടുവിനോടു വാങ്ങിയതു്. പ്രസ്തുത സ്ഥലം ഭരണങ്ങാനംകാരൻ മീനാട്ടൂർ ജോസഫ് വാങ്ങുവാൻ പി. വി. മൊയ്തുവുമായി വാക്കുപറഞ്ഞു സമ്മതിച്ചിരുന്നു. മീനാട്ടൂർ ജോസഫിനു പണം തികഞ്ഞില്ല, അഡ്വാൻസ്കൊടുത്തു് എഗ്രിമെൻെറഴുതുവാൻ. അതിനാൽ മീ. ജോസഫ് തകിടിയേൽ തൊമ്മച്ചനേയും (ഭരണങ്ങാനം) പൂവത്താനിക്കൽ തൊമ്മച്ചനേയും (പൂവരണി) പഴേപറമ്പിൽ തൊമ്മച്ചനേയും (പൂവരണി) കണ്ടു സ്ഥലമിടപാടിനെപ്പററി പറഞ്ഞു പങ്കുചേരുവാൻ ആവശ്യപ്പെട്ടു. അവർ അതിനു സമ്മതിച്ചു. എങ്കിലും വാക്കുറപ്പിക്കുന്നതിനുമുമ്പു് തകിടിയേൽ തൊമ്മച്ചൻ തൻെറ മകൻ കുഞ്ഞുമാത്തച്ചനെ മലബാറിനു വിട്ടു, തലശ്ശേരിയിൽ എത്തി, മൊയ്തുവിനെ കണ്ടു് വിവരങ്ങളെല്ലാം നേരിട്ടു മനസ്സിലാക്കുവാൻ. വയൽ ഉഴവിനായി നാല്പതുജോഡി പോത്തും കാളകളും ഉഴവുപകരണങ്ങളെല്ലാവും, കറവപ്പശുക്കളും കച്ചവടത്തിൽ ഉൾപ്പെട്ടിരുന്നു. എങ്കിലും വ്യക്തമായ ചില കാരണങ്ങളാൽ മീനാട്ടൂർ ജോസഫുമായി പങ്കുചേരുവാൻ തൊമ്മച്ചന്മാർ വിസ്സമ്മതിച്ചു. സാമ്പത്തികാധഃപതനത്തിൻെറ കാലം ആയിരുന്നു അന്നു്. മീനാട്ടൂരിനു് ഉദ്ദേശിച്ചതുപോലെ പണമുണ്ടാക്കുവാൻ പററിയില്ല. അദ്ദേഹം ആ ഇടപാടു് ഉപേക്ഷിച്ചു. എങ്കിലും വിവരം പി. വി. മൊയ്തുവിനെ അറിയിച്ചില്ല.

ശ്രീ. മൊസ്സ ജോസഫിനേയും മററും അന്വേഷിച്ച് ഭരണങ്ങാനത്തു വന്നു. ഉദ്ദേശിച്ച ആളുകളെ ആരെയും കാണുവാൻ സാധിക്കാതെ ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോകുകയായിരുന്നു. ഈ അവസരത്തിലാണ് ശ്രീ. കെ. പി. മാത്യുവുമായി മൊസ്സ എറണാകുളംബോട്ടിൽവച്ച് കണ്ടുമുട്ടുന്നതു്. മൊസ്സ കെ. പി. മാത്യുവിനെ നിബ്ബന്ധിച്ചു, പ്രസ്തുത സ്ഥലമെടുക്കുവാൻ. ഫാ. ഫെർണാണ്ടസ്സുമായി ആലോചിച്ചശേഷം മറുപടി പറയാമെന്നു മാത്യു പറഞ്ഞു. ഫാ. ഫെർണാണ്ടസ് സമ്മതിച്ചില്ല. അദ്ദേഹം എല്ലാ വിധത്തിലും നിരുത്സാഹപ്പെടുത്തി. ഇതിനിടയിൽ മാത്യുവിനെ കൊണ്ടുപോയി പയ്യംപള്ളിയിലെ സ്ഥലം കാണിക്കുവാൻ മൊസ്സ കാറുമായി കോളയാട്ടു വന്നു. എടുത്താലും ഇല്ലെങ്കിലും മൊസ്സ കാറുമായി വന്ന സ്ഥിതിക്ക് സ്ഥലം പോയിക്കാണുന്നതു് ഉചിതമാണെന്നു് മാത്യു ഫെർണാണ്ടസ്സച്ചനെ അറിയിച്ചു. രണ്ടുപേരുംകൂടെ പോയി. താന്നിക്കൽവരെ കാറെത്തി. ബാക്കിഭാഗം കാട്ടുവഴിയെ നടന്നു. ഇല്ലത്തുവയൽ, വള്ളിയൂർകാവു് മുതലായ സ്ഥലങ്ങൾ കണ്ടപ്പോൾ രണ്ടുപേർക്കും വളരെ ഇഷ്ടപ്പെട്ടു. നിരുത്സാഹപ്പെടുത്തിയ അച്ചൻ മാത്യുവിനെ സ്ഥലം എടുക്കണമെന്നു നിബ്ബന്ധിച്ചു. നല്ല വയൽ, ജോലിക്ക് അരോഗദൃഢഗാത്രന്മാരായ അറുപതു് ആദിവാസികൾ. അറുപതുജോഡി പോത്തും കാളകളും കറവപ്പശുക്കളും. പത്തു "പൊതി" വിത്തു് ഉണങ്ങി സൂക്ഷിച്ചിരിക്കുന്നു. ഉഴവുപകരണങ്ങളെല്ലാമുണ്ടു്. പോരാത്ത പണം ബ. അച്ചൻ കൊടുക്കാമെന്നേററു. അങ്ങനെ സ്ഥലം എഴുതിവാങ്ങി.

കുടക്കച്ചിറക്കാർ, ആളുകൾ വന്നുകേറി താമസിക്കുവാനും അയൽക്കാർ ഉണ്ടാകുവാനുംവേണ്ടി പലക്കായി സ്ഥലംവിററു. ഏതാനും ഏക്കർ സ്ഥലം ഒരു പള്ളി വയ്ക്കുവാൻ ദാനം ചെയ്യുകയും ചെയ്തു. മാനന്തവാടി പള്ളിവികാരി ഫാ. ബർബോസാ എസ്. ജെ. ആയിരുന്നു ആരംഭകാലം മുതൽതന്നെ അവിടെ താമസമാക്കിയവരുടെ ആത്മകാര്യങ്ങൾ നടത്തിയിരുന്നതു്. എട്ടുപത്തു വീട്ടുകാർ ആയപ്പോൾ കുടക്കച്ചിറക്കാർ ദാനംചെയ്ത സ്ഥലത്തു് അദ്ദേഹം ഒരു ഷെഡ്ഡു കെട്ടിച്ചു ദിവ്യബലിയും മററും അവിടെ നടത്തിപ്പോന്നു. ഇപ്പോൾ പുതുതായി പണുതിരിക്കുന്ന മനോഹരമായ പള്ളിക്കെട്ടിടം അതേ സ്ഥലത്തു തന്നെയാണു്. 1943-ൽ ഫാ. ജോസഫ് കുത്തുർ മാനന്തവാടി വികാരി ആയിരിക്കെ പയ്യംപള്ളിയിൽ ആരംഭിച്ച

എൽ. പി. സ്കൂളാണ് ഇപ്പോഠം ഹൈസ്കൂളായി ഉയർന്നിരിക്കുന്നതു്.

ക്രമേണ മാനന്തവാടിക്കടുത്തുള്ള ഇല്ലത്തുവയലിലും സമീപപ്രദേശങ്ങളിലും ആളുകഠം കുടിയേറിത്തുടങ്ങി. എങ്കിലും 1933 മുതൽ 1940 വരെയും വളരെ കുറച്ചുപേരേ കുടിയേറിയുള്ളൂ. 1940 മുതൽ 55 വരെയുള്ള കാലഘട്ടത്തിൽ വയനാട്ടിലേയ്ക്കു വിപുലമായ തോതിൽ കുടിയേററം നടന്നു. അങ്ങനെ മാനന്തവാടിക്കു ചുററും ഉയർന്നുവന്ന കുടിയേററക്കോളനികളാണു തവിഞ്ഞാൽ, പോരൂർ, കണിയാരം, കല്ലോടി, കൊമ്മയാട്, കെല്ലൂർ, ചെറുകാട്ടൂർ, നടവയൽ, ഉണ്ടയങ്ങാടി, തൃശിലേരി, കാട്ടിക്കുളം, വഞ്ഞോട് മുതലായവ.

തെക്കേവയനാട്ടിൽ ആദ്യമായി കുടിയേറി താമസിച്ചതു് ആമ്പല്ലൂർകാരൻ – എറണാകുളം അതിരൂപത – മാരേട്ട ജോസഫാണ്. നല്ല ഒരു കാർഷികകുടുംബത്തിലെ അംഗം. കുറെ കൊല്ലങ്ങളായി അവക്കു തുടർച്ചയായ കൃഷിനാശം. പൂത്തോട്ടകായലിൽനിന്നു് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നു. കൂടാതെ തൊണ്ണൂററൊൻപതിലെ വെള്ളപ്പൊക്കം (1923) പോലുള്ള മലവെള്ളം കൃഷിയും പാടശേഖരങ്ങളും തുടച്ചുനീക്കുന്നു. 1931–ൽ ഫാ. സെബാസ്റ്റ്യൻ നൊറോണാ എസ്. ജെ. യുമായി അദ്ദേഹം സമ്പക്കത്തിൽ ഏപ്പെടാനിടയായി. ഫാ. നൊറോണാ അന്നു തെക്കേവയനാട്ടിൽ ചുണ്ടേൽപ്പള്ളി വികാരിയായിരുന്നു. ചുണ്ടയിലേയ്ക്കു വരുവാൻ അദ്ദേഹം ജോസഫിനോടാവശ്യപ്പെട്ടു. അതനുസരിച്ചു് അദ്ദേഹം വയനാട്ടിലെത്തി. യൂറോപ്യൻമാരുടെ വക തോട്ടങ്ങളിൽ റൈട്ടറായും സ്കൂഠം അദ്ധ്യാപകനായും പോസ്റ്റോഫീസിലെ മാസ്റ്ററായും ജോലി ചെയ്തു. 1933–ൽ കുടുംബസഹിതം ചുണ്ടയിൽ താമസമാക്കി. 1939–ൽ ബത്തേരിയിലെ പോസ്ററുമാസ്റ്ററായി നിയമിക്കപ്പെട്ടു. 1943–ൽ കുറെ ഗവൺമെൻറു് റവന്യൂഭൂമി എടുത്തു കാപ്പിത്തോട്ടം സ്വന്തമായി വച്ചുപിടിപ്പിച്ചു.

ചുണ്ടയിൽ ധാരാളം തോട്ടം തൊഴിലാളികഠം ഉണ്ടായിരുന്നു. ആരുംതന്നെ കുടിയേററക്കാരിൽപ്പെട്ടവരായിരുന്നില്ല. കരിമാലി ജോസഫും, (ആമ്പല്ലൂർ) മണിക്കുററി പാപ്പച്ചനും (ഇലഞ്ഞി) 1934–ൽ 'കല്യാണി' എസ്റ്റേററിൽവന്നു ജോലി ചെയ്തു തുടങ്ങി. ഇലഞ്ഞിക്കാരായ വേറെ ആറു വീട്ടുകാർ കല്പററ അടുത്തു പുഴമുടിയിൽവന്നു കൃഷിചെയ്തു താമസമാക്കി.

പുല്പള്ളിപ്രദേശം ഒരു പ്രത്യേക കൃഷിഭൂമിയാണ്. വയനാട്ടിലെ മററെല്ലാ സ്ഥലങ്ങളേയുംകാരം ഫലഭൂയിഷ്ഠം. നെൽവയലുകാം കുറവാണെങ്കിലും നിരപ്പായ കരഭൂമി. എല്ലാവിധ സസ്യാദികളും അവിടെ തഴച്ചുവളരുന്നു. നല്ല വളക്കൂറുള്ള കരിമണ്ണു്. അവിടെയെത്തിച്ചേരാനും മററു കുടിയേററകേന്ദ്രങ്ങളുമായി ബന്ധപ്പെടാനും മാർഗ്ഗങ്ങളൊന്നും ഇല്ലെന്നേയുള്ളൂ. കബനീനദിയാൽ ചുററപ്പെട്ട വൻകാട്ട്. മൈസൂർസ്റ്റേററിനോട്ട് അടുത്തുള്ള അതിർത്തിസ്ഥലം. മാനന്തവാടിയിൽനിന്നും ബത്തേരിയിൽനിന്നും ഇരുപതുമൈൽവീതം അകലമുണ്ട് പുല്പള്ളിയിലേയ്ക്കു്. പനമരത്തുനിന്നു പത്തു മൈലേയുള്ളൂ. ഇപ്പോരം ബത്തേരിയിൽനിന്നു മാത്രമാണു വാഹനറോഡ് ഉള്ളതു്. പുല്പള്ളി ദേവസ്വംവകയും ഒന്നുരണ്ടു വ്യക്തികളുടെ വകയും ആയ പ്രൈവററ്ഫോറസ്ററും, ഗവൺമെൻറ് റവന്യൂഭൂമിയുമാണു മുഴുവൻ. ദേവസ്വംവക 15000 ഏക്കർ. കൃഷിക്കാരായ സാധുക്കരം അവരുടെ സ്ഥലങ്ങളെല്ലാം കൃഷിചെയ്തു തീന്നപ്പോരം, ഭക്ഷ്യവിഭവങ്ങരം ഇല്ലെന്നായപ്പോരം, വന്യമൃഗങ്ങളുടെ വിഹാരരംഗങ്ങളായിരുന്ന ഈ കാടുകരം വിലകൊടുത്തു വാങ്ങി. അവർ കാടുതെളിച്ചു ഭക്ഷ്യനാണ്യവിഭവങ്ങരം ഉത്പാദിപ്പിക്കുന്നു. വയനാടിൻെറ തൊടുകുറിയാണു പുല്പള്ളി എന്നു പറയാം.

മരകാവിലാണ് ആദ്യം കൃഷിക്കാർ പ്രവേശിച്ചു താമസം തുടങ്ങിയതു്. പനച്ചിക്കൽ മത്തായി ആയിരുന്നു ആദ്യത്തെ കുടിയേററക്കാരൻ. അദ്ദേഹവും കൂട്ടുകാരുംകൂടി 1952-ൽ അവിടെ താമസം തുടങ്ങി. അടുത്ത കത്തോലിക്കാദേവാലയം നടവയലിലാണ്. നടവയലിൽ നേരത്തെതന്നെ ധാരാളം ആളുകരം കുടിതാമസം തുടങ്ങിയിരുന്നു. അവിടെ പള്ളിയും പള്ളിക്കൂടവും വൈദികനുമുണ്ട്. പനച്ചിക്കൽ മത്തായിയും കൂട്ടുകാരുംകൂടി അറത്ത മരത്തുണിന്മേൽ ഒരു ചെറിയ പള്ളിക്കെട്ടിടമുണ്ടാക്കി. നടവയൽ വികാരിയായി ബ. ബർക്കമാൻസ് സി. എം. ഐ. അച്ചനെ കൊണ്ടുവന്നു ദിവ്യബലിയും മററു കൂദാശകളും നടത്തിക്കുകയുണ്ടായി.

ഇങ്ങനെ പ്രധാനപ്പെട്ട കുടിയേററകേന്ദ്രങ്ങളിലെല്ലാം കുരിശുപള്ളികരം സ്ഥാപിതമായി. രോഗവും മരണവും കുറവായിരുന്നില്ല. മാസത്തിലൊന്നെങ്കിലും ഈ കോളനികളിൽ പോയി പുതിയ താമസക്കാരെ സന്ദർശിക്കുകയും അവക്കു ദിവ്യകർമ്മങ്ങരം നടത്തിക്കൊടുക്കുകയും ചെയ്യണം. ഇതെല്ലാം ചെയ്യു

വാൻ ഒരു വൈദികനെക്കൊണ്ടുതന്നെ സാധ്യമല്ല. അന്നത്തെ മാനന്തവാടി വികാരിയായിരുന്ന ഫാ. തോമസ് ആയല്ലൂർ കോഴിക്കോട് ബിഷപ്പിനോടു സഹായത്തിനായി ഒരു വൈദികനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു നവവൈദികൻ ആയിരുന്ന ഫാ. ജോർജ്ജ് കഴിക്കച്ചാലിയെ മാനന്തവാടിയിൽ സഹായിയായി അയച്ചു. അദ്ദേഹം 1951 മെയ്–ൽ വന്നു ചാർജ്ജെടുത്തു. സ്വന്തപ്പെട്ടവരും നിസ്സഹായരുമായ കുടിയേററക്കാരെ സന്ദർശിക്കുവാനും അവരെ എല്ലാവിധത്തിലും സഹായിക്കുവാനും അദ്ദേഹം അവിശ്രമം പണിയെടുത്തു. ചിലടത്തെല്ലാം സ്കൂളും കെട്ടിടങ്ങളും ഉണ്ടായിരുന്നു. ഇല്ലാത്തിടത്ത് സ്കൂളും സ്ഥാപിക്കുകയും ആളുകളെ സംഘടിപ്പിച്ചു പോരാത്ത കെട്ടിടങ്ങളും വഴിയും പാലവും മററു സൗകര്യങ്ങളും ഉണ്ടാക്കുകയും ചെയ്തു. അദ്ദേഹം വയനാടിനെ സ്വന്തംപോലെ സ്നേഹിച്ചു. അതിൻെറ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചു.

വൈത്തിരിപള്ളിക്കു ചുററുമുള്ള പ്രദേശങ്ങളിലേയ്ക്ക് 1940 മുതൽ കുടിയേററക്കാർ വന്നു താമസം തുടങ്ങിയിരുന്നു. തരിയോട്, കോട്ടത്തറ, കുറുമ്പാല, ചെന്നലോട്, മഞ്ഞൂറാ, മംഗളം, കാവുംമന്ദം മുതലായ കുടിയേററക്കോളനികൾ ഇങ്ങനെ രൂപം കൊണ്ടവയാണ്. ആ പ്രദേശങ്ങളിൽ നല്ലൊരുഭാഗം ഗവണ്മെൻറ് റവന്യൂഭൂമിയും ബാക്കി ജിനചന്ദ്ര ഗൗഡർ, മണിയങ്കോട്ട് പത്മപ്രഭ ഗൗഡർ, ഇക്കണ്ടിനായർ, ഇടശ്ശേരിക്കുണ്ടി രാമുണ്ണിക്കുറുപ്പ് മുതലായവരുടെ വക ജന്മഭൂമിയുമായിരുന്നു. ഗൗഡർമാർ മൈസൂറിൽനിന്നും വന്നവരും, നായർസമുദായത്തിൽപ്പെട്ടവർ പാലക്കാട്, തലശ്ശേരി മുതലായ സ്ഥലങ്ങളിൽനിന്നു വന്നവരും ആയിരുന്നു. ഏതാനും മുസ്ലീം ഭൂവുടമകളുണ്ടായിരുന്നവർ മലപ്പുറംഭാഗത്തുനിന്നും വന്നവരായിരുന്നു. തന്മൂലം ഇവരും ഒരുതരത്തിൽ കുടിയേററക്കാർതന്നെയായിരുന്നു. അവർ വന്നിട്ട് ഒരു നൂററാണ്ടു തികയാറായി എന്നുമാത്രം. ഏതായാലും പുതിയ കുടിയേററക്കാരോട് ഇവരെല്ലാം സൗഹാർദ്ദവും സൗമനസ്യവുമാണ് പ്രദർശിപ്പിച്ചത്. ചെറിയവിലയ്ക്കു ഭൂമികൊടുത്ത് അവർ നവാഗതരെ സഹായിച്ചു. തരിയോട് എന്ന സ്ഥലത്തായിരുന്നു ആദ്യമാദ്യം വന്നവർ താമസമാക്കിയത്. അന്നു വൈത്തിരി പള്ളിവികാരി ഫാ. റൊസ്സാരിയസ് എസ്. ജെ. മാസത്തിലൊരിക്കൽ തരിയോട്ട് ചെന്നു കുടിയേററക്കാരുടെ വീടുകളിൽ വി. കുർബാനയും മററു കൂദാശകളും നടത്തിയിരുന്നു. മുഴുവൻ ദൂരവും നടക്കണം. ആത്മ

കാര്യങ്ങളിൽ മാത്രമല്ല മററെല്ലാ ആവശ്യങ്ങളിലും കുടിയേററക്കാരെ അദ്ദേഹം സഹായിച്ചു. കൂടുതൽ ആളുകളായപ്പോഠം പുല്ലുമേഞ്ഞ ഒരു ഷെഡ്ഡ് ഉണ്ടാക്കി അതിൽ ദിവ്യകമ്മങ്ങഠം നടത്തിപ്പോന്നു. അദ്ദേഹത്തെത്തുടൎന്നു വികാരിയായി വന്ന കുടക്കച്ചിറ ബ. കുര്യാക്കോസച്ചൻ പത്മപ്രഭയോട് പള്ളിക്കായി പത്തേക്കർ സ്ഥലം ദാനം വാങ്ങി. നല്ല ഒരു ഷെഡ്ഡ് പണിയിച്ചു. കുടിയേററക്കാർ വദ്ധിച്ചപ്പോഠം 1949-ൽ ബ. കെറുബീനച്ചൻ തരിയോടിൻെറ വികാരിയായി നിയമിക്കപ്പെട്ടു. തരിയോട്ട് താമസിക്കുവാൻ ഒരു സ്ഥലമില്ലാതിരുന്നതിനാൽ അദ്ദേഹം വൈത്തിരിയിൽ താമസിച്ചുകൊണ്ടു നടന്നു ചെന്നാണ് തരിയോട്ട് തിരുക്കമ്മങ്ങഠം നടത്തിയിരുന്നതും പള്ളിയുടെ പണികഠം നടത്തിച്ചിരുന്നതും. 1952-ൽ തിരുവാമ്പാടിയിലേയ്ക്ക് സ്ഥലംമാറിപ്പോകുന്നതുവരെ വയനാട്ടിലെ കുടിയേററക്കാക്കുവേണ്ടി അദ്ദേഹം അവിശ്രാന്തം അധ്വാനിച്ചു. 1953 മുതൽ തരിയോട്ട് പള്ളിവികാരിയായി ബ. ഹഡ്രിയാനച്ചൻ നിയമിക്കപ്പെട്ടു. അദ്ദേഹം കുടിയേററക്കാരുടെ കഷ്ടപ്പാടുകഠം ലഘൂകരിക്കുവാൻവേണ്ടി ഏഴു വർഷക്കാലം അഹോരാത്രം വേലചെയ്തു. അവരുടെ അവശത നികത്തുവാൻ വളരെ പണം അദ്ദേഹം ചിലവഴിക്കുകയുണ്ടായി. പള്ളിപണി പൂത്തിയാക്കിയതും ആവശ്യമായ കെട്ടിടങ്ങഠം നിമ്മിച്ച് അവിടെയുണ്ടായിരുന്ന എൽ. പി. സ്കൂഠം യു. പി. യാക്കി ഉയത്തിയതും അദ്ദേഹമായിരുന്നു. കുറുമ്പാല, കോട്ടത്തറ, ചുണ്ടക്കര മുതലായ കുടിയേററകേന്ദ്രങ്ങളിലും ദേവാലയങ്ങളും സ്കൂളുകളും തുടങ്ങുകയും ജനങ്ങളെ സംഘടിപ്പിച്ച് വികസനപ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കുകയും ചെയ്യുവാനും അദ്ദേഹം മറന്നില്ല.

# നിലയ്ക്കാത്ത പ്രവാഹം

കാഞ്ഞിരപ്പള്ളിക്കാരൻ പുൽപ്പേൽ ജോസഫ്, കടുവാക്കുളക്കിൽ കുഞ്ഞൗത (എലിക്കുളം), അയാളുടെ അളിയൻ കാക്കനാട്ട് കുഞ്ഞു് (വക്കി–തിടനാട്ട്), മടുക്കക്കുഴിയിൽ ജോസഫ് (കാഞ്ഞിരപ്പള്ളി), വാലുമണ്ണിൽ അബ്രാഹം എന്നിവർ കൂട്ടുകാരും സമവയസ്കരുമാണ്. സാമാന്യം സാമ്പത്തികനില എല്ലാവക്കുമുണ്ടു്. നാറുന്ന റേഷനരിയുടെ ചോറുണ്ടു മടുത്തു. മലബാറിൽ എവിടെയെങ്കിലും പോയി സ്ഥലം വാങ്ങി നെല്ല് വിതച്ചു് നല്ല ചോറുണ്ടു് ജീവിക്കണമെന്നാഗ്രഹം. പേരാവൂർ ഭാഗത്തേയ്ക്കു പോകണമോ കുററ്യാടി ഭാഗത്തേയ്ക്കു പോകണമോ എന്നു സംശയം. ചേനപ്പാടിക്കാരൻ മുട്ടത്തു തോമസ് പറഞ്ഞു, കണ്ണൂരിനു വടക്കുള്ള ചെങ്ങളായി എന്ന സ്ഥലത്തിൻെറ കിഴക്കു ഭാഗത്തു കൃഷിക്കു പററിയ ധാരാളം ഭൂമിയുണ്ടെന്നും വില കുറവാണെന്നും തനിക്കു ചെങ്ങളായിയിൽ കുറച്ചു പരിചയമുണ്ടെന്നും. വഴിയും പറഞ്ഞുകൊടുത്തു. അതനുസരിച്ചു് പുൽപ്പേൽ ജോസഫും കൂട്ടരും തീവണ്ടിവഴി വളപട്ടണത്തിറങ്ങി ബോട്ടിൽ കയറി പുഴയിൽക്കൂടി ചെങ്ങളായിയിൽ എത്തി. കൂപ്പുറോഡിൽക്കൂടി നടന്നു് ഏതാനും സ്ഥലങ്ങൾ കണ്ടു. സ്ഥലമുടമ പയ്യാവൂർ “നെയ്യമൃതുസംഘ”ത്തിൻെറ നടത്തുകാരനാണ് ഇടക്കിളവൻ കോറോത്തു് കണ്ണൻനമ്പ്യാർ. അദ്ദേഹത്തെ കണ്ടു് കുറേ സ്ഥലം അരീക്കമലയിലും ചെമ്പേരിയിലും ഇടപാടുചെയ്തു. 1943–ൽ ഇവരെല്ലാം കുടുംബസഹിതം ആദ്യം വന്നു താമസിച്ചതു് അരീക്കമലയിലായിരുന്നു. പുൽപ്പേൽ ജോസഫ് ചെമ്പേരിഭാഗത്തു് തൻെറ പേരിൽ 206 ഏക്കറിനു് ചാർത്തുവാങ്ങി.

അരീക്കമലയിൽ കരിമ്പാലന്മാരുടെയും മാവിലന്മാരുടെയും (ആദിവാസികൾ) കുറെ കുടുംബങ്ങൾ താമസിച്ചിരുന്നു. ഇവക്കു് മസൂരിരോഗം ബാധിച്ചു. ക്രിസ്ത്യാനികളായ കുടിയേററക്കാർ ഈ സാധുക്കളെ ശുശ്രൂഷിക്കുവാനും സഹായിക്കു

വാനും സന്നദ്ധരായി. ഔഷധസഹായങ്ങൾ ഒന്നും ലഭിച്ചില്ല. സാധുക്കളായ ആദിവാസികൾ വളരെപ്പേർ മരിച്ചു. പുതിയ കുടിയേററക്കാരിൽ ചിലരേയും രോഗം ബാധിച്ചു. അവരിൽ ചിലരും മരണത്തിനു് അധീനരായി. പുൽപ്പേൽ ജോസഫിനേയും രോഗം പിടികൂടി. കണ്ണൂർ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിച്ചു. എങ്കിലും അദ്ദേഹം മരിച്ചുപോവുകയാണുണ്ടായതു്. കണ്ണൂർ കത്തോലിക്കാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ക്രിസ്തീയസ്നേഹത്താൽ ചെമ്പേരിയിൽ ആത്മത്യാഗം വരിച്ച ആദ്യത്തെ ത്യാഗമൂർത്തി—വേറൊരു ഡാമിയൻ!!

അരീക്കമലയിലെ അന്തരീക്ഷം ശുചിത്വമില്ലാത്തതും അനാരോഗ്യകരവുമായിരുന്നു. ഭൂമി ഒന്നുംകൂടെ നല്ലതു് ചെമ്പേരിയാണു്. അവർ ഓരോരുത്തരായി ചെമ്പേരിയിലേയ്ക്കു താമസം മാററി. 1944-ൽ മുന്തിരിങ്ങാട്ടുകുന്നേൽ ചാക്കോയും പരവരാത്തു് മത്തായിയും പുളിക്കത്തടത്തിൽ കുഞ്ഞും (ഇളങ്ങളം) വന്നു ചെമ്പേരിയിൽ താമസംതുടങ്ങി. അവർ പുൽപ്പേൽ ജോസഫിൻെറ അനുജൻ കുട്ടിയച്ചനോടാണു് സ്ഥലം എഴുതി വാങ്ങിയതു്. ആ ബ്ളോക്കിലെ ബാക്കിഭാഗം കട്ടക്കുന്നേൽ (ഇളങ്ങളം) കാർക്കു കൊടുത്തു. രണ്ടുമൂന്നു കൊല്ലംകൊണ്ടു് ചെമ്പേരിയിലും പരിസരങ്ങളിലും വളരെ കുടുംബങ്ങൾ വന്നു താമസമാക്കി. പനിയാലും ഔഷധങ്ങൾ വാങ്ങുവാനുള്ള അസൗകര്യങ്ങളാലും ഇതിൽ ഭൂരിഭാഗവും മടങ്ങിപ്പോയി. തളിപ്പറമ്പിലോ കണ്ണൂരോ പോകേണ്ടിയിരുന്നു, സാമാനങ്ങളും മരുന്നും വാങ്ങുവാൻ. കുറേപ്പേർ മടങ്ങിപ്പോയെങ്കിലും അതിൽ കൂടുതൽ കുടുംബങ്ങൾ പുതുതായി വന്നുകൊണ്ടിരുന്നു. നാലഞ്ചു കൊല്ലങ്ങൾകൊണ്ടു് ചെമ്പേരി, പൈസക്കരി, ചെമ്പൻതൊട്ടി, കുടിയാന്മല, പുലിക്കുരുമ്പ, നെല്ലിക്കുററി മുതലായ സ്ഥലങ്ങൾ കുടിയേററക്കാരെക്കൊണ്ടു നിറഞ്ഞുവെന്നു പറയാം. തളിപ്പറമ്പ് ലത്തീൻപള്ളി ഇടവകയുടെ അതിർത്തിയിലാണു് ഈ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നതു്. അക്കാലത്തു് തളിപ്പറമ്പു വികാരി കിഴക്കേഭാഗം ബ. ജോസഫച്ചനായിരുന്നു. 1947-ൽ അദ്ദേഹം ചെമ്പേരിയിൽ വന്നു് പുളിക്കൽ ജോസഫിൻെറ വീട്ടിൽ ദിവ്യബലി അർപ്പിച്ചു. ആദ്യത്തെ ദിവ്യബലി. കുടിയേററക്കാർക്കു് ആശ്വാസമായി. വൈദികസഹായം ലഭിച്ചതിൽ അവർ സന്തുഷ്ടരായി. ചെമ്പേരിയിലേയ്ക്കു് കുടിയേററം വർദ്ധിച്ചുകൊണ്ടിരുന്നു. തളിപ്പറമ്പിൽനിന്നു് അച്ചന്മാരെ കൊണ്ടുവന്നു് മാസംതോറും കുർബാന നടത്തി.

1949–ൽ ഫാ. കുര്യാക്കോസ് കുടക്കച്ചിറ തളിപ്പറമ്പ് വികാരിയായി വന്നപ്പോൾ അദ്ദേഹം ചെമ്പേരിയിലെ കുടിയേററക്കാരുടെ കാര്യത്തിൽ കൂടുതൽ താൽപര്യമെടുത്തു. കട്ടക്കുന്നേൽ അലക്സാണ്ടർ കൊടുത്ത സ്ഥലത്തു് പള്ളിഷെഡ്ഡും മുറിയും ഉണ്ടാക്കി. ചിററാർ ഇടവക – പാലാ – കടമ്പുകാട്ട് വർക്കിതൻെറ സ്ഥലം വിററുകിട്ടിയ പണംകൊണ്ടു പരിശുദ്ധകന്യകാമറിയത്തിൻെറ ഒരു രൂപം വാങ്ങി മലബാറിനു് കൊണ്ടുപോന്നു. അതു് പുതിയ ഷെഡ്ഡിൽ സ്ഥാപിച്ചുകൊണ്ടാണു് ബ. കുടക്കച്ചിറയച്ചൻ കർബാന സമർപ്പിച്ചതു്. 1950–ൽ എൽ. പി. സ്കൂൾ ആരംഭിച്ചു. ക്രമേണ പൈസക്കരിയിലും ചെമ്പന്തൊട്ടിയിലും പള്ളിയും സ്കൂളും തുടങ്ങി. കുടിയാന്മലയിലും ബ. കുര്യാക്കോസച്ചൻ ഞായറാഴ്ച കർബാന അപ്പിച്ചിരുന്നു. അദ്ദേഹം അടുത്ത കേന്ദ്രങ്ങളിലേയ്ക്കു് റോഡുകൾ വെട്ടിച്ചു. പോക്കുവരവിനും സാമാനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുന്നതിനും ചെമ്പേരിവാൻ എന്ന പേരിൽ കണ്ണൂർ വരെ ഒരു വാഹനം ഓടിച്ചിരുന്നു. ഇതുകൊണ്ടു് ജനങ്ങൾക്കു് വളരെയധികം ഉപകാരമുണ്ടായി. തലശ്ശേരിരൂപത 1954–ൽ അരംഭിച്ചപ്പോൾ ബ. കുടക്കച്ചിറയച്ചൻ കോഴിക്കോട്ടുരൂപതയിലേയ്ക്കു പോയി.

1941–ൽ പാലാക്കാരനായ ശ്രീ. കൊട്ടുകാപ്പിള്ളിൽ തൊമ്മച്ചൻ (കെ. ജെ. തോമസ്) ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനിഗ്രാമത്തിൽ 6000 ഏക്കർ സ്ഥലം താഴ്ക്കാട്ട്മന നമ്പൂതിരിയോടു വിലയ്ക്കുവാങ്ങി. ഇതിൽ 700 ഏക്കർ തെളിച്ചു് കശുമാവ്, തെരുവപ്പുല്ല്, റബർ, കമുക് മുതലായവ കൃഷി ചെയ്തു. അവിടത്തെ വക്സൂപ്രണ്ടു് പാലാക്കാരൻതന്നെയായ തയ്യിൽ തോമസായിരുന്നു. മലബാറിൽ ആ ഭാഗത്തു് കൃഷിഭൂമി വളരെ താണവിലയ്ക്കു് കിട്ടുമെന്നു് തോമസിൽനിന്നു് തയ്യിൽ കുഞ്ഞുവക്കിയും സഹോദരന്മാരും അയൽക്കാരും മനസ്സിലാക്കി. പാലായിൽ കൃഷിക്കു സ്ഥലവും സാമ്പത്തികകഴിവുകളും കുറഞ്ഞുകുറഞ്ഞു വന്നതിനാൽ പുല്ലാട്ടു് കുഞ്ഞും കുഞ്ഞുവക്കിയും മക്കളുംകൂടി 1942–ൽ പയ്യന്നൂരിനു് കിഴക്കുള്ള അരവഞ്ചാലിൽ പൂവത്താംകുണ്ടു് എന്ന സ്ഥലം വാങ്ങി. പാലായിൽനിന്നു് അക്കൊല്ലംതന്നെ പുതിയ സ്ഥലത്തുവന്നു് കൃഷിചെയ്തു താമസിച്ചു.

1943–ൽ പാലായിൽനിന്നു പുഞ്ചക്കുന്നേൽ തോമസ് അടിച്ചിലാമ്മാക്കൽ വർഗ്ഗീസ്, കുന്നേൽ സ്കറിയ, മുണ്ടമററം

ഔത മുതൽ പേർ എരമത്തു് 160–ഏക്കർ സ്ഥലംവാങ്ങി താമസമാക്കി. മേൽപറഞ്ഞ രണ്ടു സ്ഥലങ്ങളും വളക്കൂറില്ലാത്തതും ചീങ്കൽ നിറഞ്ഞതുമായിരുന്നു. അവരും അവരുടെ ബന്ധുക്കളും വേറെ കുറേ സ്വന്തപ്പെട്ടവരും ചേർന്നു് 1945–ൽ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട ചിററാരിക്കാലിൽ 600 ഏക്കർ സ്ഥലം കൊണ്ടോത്തു പത്താഴപ്പുര കല്യാണിയമ്മ മുതൽപ്പേരോടു് എഴുതി വാങ്ങി. ഇരുപതു് ഷെയർ ആയി വീതിച്ചാണു് അവർ സ്ഥലം വാങ്ങിയതു്. പത്തു് ഏക്കർ അവർ പള്ളിക്കായി നീക്കിവെച്ചു. എല്ലാവരും സുറിയാനി ക്രിസ്ത്യാനികൾ. തോമ്മാശ്ലീഹായുടെ മക്കൾ. മാത്രമല്ല എല്ലാവരും പാലാ സെൻറ് തോമസ് കത്തീഡ്രൽപള്ളി ഇടവകക്കാർ. ആകയാൽ ആ കോളനിയെ തോമ്മാപുരം എന്നു പേരിട്ടു. 1947–ൽ രാമപുരം ഇടവകക്കാരായ എടക്കര ആഗസ്തി, കുര്യാലപ്പുഴ ദേവസ്യാ, മുണ്ടയ്ക്കൽ ജോസഫ് തുടങ്ങിയവരും തോമ്മാപുരത്തെത്തി. 1950 ആയപ്പോഴേയ്ക്കും ധാരാളം കുടുംബങ്ങൾ തോമ്മാപുരത്തിൻെറ മിക്കഭാഗങ്ങളിലും വന്നു സ്ഥലംവാങ്ങി താമസം തുടങ്ങി.

ഒന്നുരണ്ടു പ്രത്യേകതകൾ ആ കോളനിക്കുണ്ടായിരുന്നു. മലമ്പനിയോ മററു മാരകരോഗങ്ങളോ അവിടെ ഉണ്ടായിരുന്നില്ല. മദയാനയും മലംകടുവായും അവിടെ ഇല്ലായിരുന്നു. രേഖകളുള്ള ഭൂമികളായിരുന്നു അവിടത്തേതെല്ലാം. തൻനിമിത്തം കോടതിക്കേസ്സിൽനിന്നും വഴക്കിൽനിന്നും ഒഴിവായി.

പുളിങ്ങോംപുഴയുടെ വടക്കോട്ടുള്ള പ്രദേശങ്ങൾ മംഗലാപുരംരൂപതയിലാണു് ഉൾപ്പെട്ടിരുന്നതു്. അതുകൊണ്ടു നീലേശ്വരംപള്ളി ഇടവകാതിർത്തിയിൽ തോമ്മാപുരം ഉൾപ്പെടുത്തപ്പെട്ടു. പ്രഗത്ഭനായ ഫാ. ജെറോം ഡിസൂസയായിരുന്നു നീലേശ്വരം വികാരി. കുടിയേററക്കാർക്കുവേണ്ട എല്ലാ സഹായവും അദ്ദേഹം ചെയ്തുകൊടുത്തു. ആത്മകാര്യങ്ങളിൽ മാത്രമല്ല ശാരീരികകാര്യങ്ങളിലും അദ്ദേഹം അവർക്കു സഹായങ്ങൾ ചെയ്തിരുന്നു. തീവണ്ടിയിൽ വന്നിറങ്ങുന്ന കുടിയേററക്കാർക്കു വിശ്രമിക്കാനും അവരുടെ പെട്ടിയും പ്രമാണങ്ങളും കെട്ടുംകിടയും വച്ചുസൂക്ഷിക്കുവാനും നീലേശ്വരം പള്ളിമുറി അവർക്കു വിട്ടുകൊടുത്തിരുന്നു. സ്ത്രീകൾക്കു കോൺവെൻറിൽ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്തു.

ബ. ഡിസൂസാച്ചൻ തോമ്മാപുരത്തുവന്നു കുടിയേററക്കാ
6 രുടെ പാർപ്പിടങ്ങളിൽ വിശുദ്ധകുർബാന അർപ്പിക്കുകയും കൂദാ

ശകാം നല്കകയും ചെയ്തിരുന്നു. 1946-ൽ തയ്യിൽ വക്കിയുടെ വീട്ടിൽവച്ചായിരുന്നു തോമ്മാപുരത്തെ പ്രഥമദിവ്യബലി. നീലേശ്വരത്തുനിന്ന് പന്ത്രണ്ടുമൈൽ ബോട്ടിൽ യാത്രചെയ്തു മുക്കടയിൽ ഇറങ്ങി ഘോരവനത്തിൽക്കൂടെ പത്തുമൈൽ നടക്കണമായിരുന്നു അച്ചനു തോമ്മാപുരത്തെത്തുവാൻ. പന്ത്രണ്ടു വീട്ടുകാർ ചേർന്ന് ഓരോ മാസവും അച്ചനെ കൊണ്ടുവന്നു കുർബാന നടത്തിക്കണമെന്നും, അതിൻെറ ചുമതല ഓരോരുത്തർ ഏറെറടുക്കണമെന്നും തീരുമാനിച്ചിരുന്നു. അതനുസരിച്ചു മാസത്തിൽ ഏതെങ്കിലും ദിവസം അച്ചൻവന്നു ദിവ്യബലിയർപ്പിക്കയും കൂദാശകാം നടത്തുകയും ചെയ്തുപോന്നു. നാലഞ്ചു കൊല്ലം കഴിഞ്ഞപ്പോാം കുടിയേററക്കാരുടെ എണ്ണം വദ്ധിച്ചു. ഒരു സ്ഥിരം കെട്ടിടം ഉണ്ടാക്കുവാൻ അച്ചൻ ആവശ്യപ്പെട്ടു. പുഞ്ചക്കുന്നേൽ തോമസ്, അടിച്ചിലാമ്മാക്കൽ വർഗീസ് തുടങ്ങിയവർ നേരത്തേ ദാനം ചെയ്ത സ്ഥലത്തിൽ, പള്ളിക്കും സ്കൂളിനും ഏററം പററിയ ഭാഗം തിരഞ്ഞെടുത്തു. ചീമേനി ത്തോട്ടം സൂപ്രണ്ടു ശ്രീ റാത്തപ്പിള്ളി കുര്യാക്കോസിൻെറ വിദഗ്ധോപദേശമനുസരിച്ചാണു തിരഞ്ഞെടുപ്പു നടത്തിയതു്. അവിടെ ഷെഡ്ഡ് നിമ്മിച്ചു. പിന്നീട് അവിടെയാണു ദിവ്യകമ്മങ്ങാം നടത്തിപ്പോന്നതു്. കുടിയേററകുടുംബങ്ങാം ഇരുനൂറിൽപ്പരമായി. ബ. പീററർ ലോബോ അച്ചൻ അവിടെ സ്ഥിരതാമസമാക്കി. 1949-ൽ എൽ. പി. സ്കൂാം അനുവദിച്ചു കിട്ടി. എല്ലാവർക്കും സൗകര്യവും സന്തോഷവുമായി. പിന്നീടുവന്ന ബ. റോബർട്ട് പിൻേറാ അച്ചൻ സ്കൂാം യു. പി. ആക്കി ഉയത്തി. ററി. ജെ. തോമസ്സിനെ ഹെഡ്മാസ്റ്ററായി നിയമിച്ചു.

ജനങ്ങളുടേയും പ്രദേശത്തിൻേറയും അഭിവൃദ്ധിക്കുവേണ്ടിയുള്ള സ്ഥാപനങ്ങളും സംഘടനകളും മററും ഉണ്ടാക്കുവാൻ തോമ്മാപുരം കുടിയേററക്കാർ യാതൊരു ഉദാസീനതയും കാണിച്ചില്ല. 1951-ൽ തന്നെ പോസ്റ്റോഫീസ് ആരംഭിച്ചു. 1952-ൽ സഹകരണസംഘം തുടങ്ങി. 1953-ൽ തലശ്ശേരിരൂപതയുടെ പരിധി കോഴിക്കോടു ലത്തീൻരൂപതയിലുള്ള സുറിയാനി ക്രിസ്ത്യാനികളെ മാത്രമേ ഉാംക്കൊള്ളിച്ചിട്ടുള്ളു വെന്നറിഞ്ഞപ്പോാം അതു വിപുലപ്പെടുത്തിക്കിട്ടുവാൻ തോമ്മാപുരംകാർ പ്രത്യേകം പ്രയത്നിച്ചു. ശ്രീ ചാക്കോ കവലവഴിക്കലിൻെറ പ്രേരണയാൽ ഒരു മെമ്മോറാണ്ടം അധികൃതർക്കു സമപ്പിച്ചു, തെക്കെ ഇന്ത്യയിലെ എല്ലാ സുറിയാനിക്രിസ്ത്യാനികളേയും തലശ്ശേരിരൂപതയിൽ ഉാംപ്പെടുത്തണമെന്നു കാണിച്ച്. ഈ

വിഷയത്തിലുള്ള പല അപേക്ഷകളേയും പരിഗണിച്ച് 1955–ൽ മംഗലാപുരം, ചിക്ക്മംഗളൂർ, മൈസൂർ, ഊട്ടി, രൂപതകളിലുള്ള സുറിയാനിക്രിസ്ത്യാനികളെക്കൂടെ ഉൾപ്പെടുത്തിക്കൊണ്ടു തലശ്ശേരിരൂപതയുടെ അതിർത്തി വിപുലമാക്കി റോമിൽനിന്നു കല്പനയുണ്ടായി. അങ്ങനെ തോമ്മാപുരം തലശ്ശേരി രൂപതയിലായി.

തോമ്മാപുരംമേഖലയിൽപ്പെടുന്ന ഒരു പ്രധാന കുടിയേററകേന്ദ്രമാണു പാലാവയൽ. പാലായിൽക്കൂടി ഒഴുകുന്ന മീനച്ചിലാറിൻെറ ഗതി കണ്ടിട്ടുള്ള കുടിയേററക്കാർ ഈ പ്രദേശത്തിനു കൊടുത്ത പേരല്ല പാലാവയൽ എന്നുള്ളതു്. എങ്കിലും പാലാപോലെ ഫലപുഷ്ടിയിൽ മികച്ചുനിൽക്കുന്നതും മീനച്ചിലാറു തീരപ്രദേശങ്ങളെ സേചനം ചെയ്യുന്നതുപോലെ പുളിങ്ങോം പുഴയുടെ ജലത്താൽ സേചനം ചെയ്യപ്പെടുന്നതുമായ സ്ഥലഭാഗങ്ങളാണു പാലാവയൽ. 1949–ൽ ആണു കുടിയേററക്കാർ അവിടെ പ്രവേശിച്ചതു്. ചിററാരിക്കാലിൽ തങ്ങാതെ കുറേ കുടിയേററക്കാർ കിഴക്കോട്ടു നീങ്ങി പാലാവയലിൽവന്നു സ്ഥലമെടുത്തു. കൈപ്പൻപ്ളാക്കൽ ജോസഫ്, തോപ്പിൽ ഫിലിപ്പ്, പുളിക്കത്തടത്തിൽ മത്തായി, മാത്തച്ചേരിൽ തോമസ്, അറയ്ക്കൽ കുരുവിള, കദളിക്കാട്ടിൽ ജോസഫ്, പെരികലംകാട്ടിൽ മത്തായി മുതൽപേർ ആയിരുന്നു ആദ്യത്തെ കുടിയേററക്കാർ. പുളിങ്ങോംപുഴയുടെ വടക്കുഭാഗമാകയാൽ ആ പ്രദേശവും മംഗലാപുരം രൂപതയിൽപ്പെട്ട നീലേശ്വരം ഇടവകാതിർത്തിയിൽ ഉൾപ്പെട്ടു. അവിടത്തെ വികാരി ജറോം ഡിസൂസാ അച്ചൻ പാലാവയലിലുംവന്നു മതകർമ്മങ്ങൾ നടത്തിക്കൊടുത്തിരുന്നു. പാലാവയലിലെ പ്രഥമദിവ്യബലി 1950–ൽ കാഞ്ഞമല (പൂവരണി) ജോസഫിൻെറ വീട്ടിലാണു് അദ്ദേഹം അർപ്പിച്ചതു്. രണ്ടാമത്തെ ദിവ്യബലി അറയ്ക്കൽ കുരുവിളയുടെ വീട്ടിൽവച്ചായിരുന്നു. അച്ചൻ ചിററാരിക്കാലിൽ വരുമ്പോൾ പാലാവയലും സന്ദർശിച്ചുപോന്നു. പയ്യന്നൂരിൽനിന്നു പാടിച്ചാൽവരെ അക്കാലത്തു ബസ്സുണ്ടു്. അവിടെനിന്നുള്ള മുഴുവൻ അകലവും നടക്കണം. നടക്കുവാൻ അദ്ദേഹം ഒരു മടിയും കാണിച്ചിരുന്നില്ല.

1951–ൽ പള്ളിക്കായി കുറേ സ്ഥലം ഓരോ വാർഡുകാർ നൽകി. അതിൽ ഒരു ഷെഡ്ഡുണ്ടാക്കി അവിടെ ദിവ്യബലി അർപ്പിച്ചുപോന്നു. ഒരു എൽ. പി. സ്കൂളും സമാരംഭിച്ചു. കുടിയേററക്കാരും കുട്ടികളും വർദ്ധിച്ചപ്പോൾ ഷെഡ്ഡ് മതിയാകാതെ

യായി. അവർ പള്ളിക്കും സ്കൂളിനുമായി ഒരു സ്ഥിരം ഷെഡ്ഡ് ഉണ്ടാക്കി. ആഴ്ചയിൽ രണ്ടു കുർബാനയും അപ്പിച്ചുപോന്നു. ഒരു ചെറിയ പള്ളിമുറിയും അച്ചനു താമസിക്കുവാനായി അവർ പണിതു.

പുളിങ്ങോംപുഴയുടെ തെക്കു് വാഴക്കുണ്ടംഭാഗം ഇടതിങ്ങി വളരുന്ന വൃക്ഷങ്ങളാൽ അന്ധകാരമയമായിരുന്നു. എങ്കിലും ഒരു എൽ. പി. സ്കൂളും പ്രസിദ്ധിയാർജ്ജിച്ച ഒരു മുസ്ലീം പള്ളിയും അവിടെ ഉണ്ടായിരുന്നു. വർഷംതോറും ബഹുസഹസ്രം തീർത്ഥാടകർ വന്നുകൊണ്ടിരുന്ന ഒരു പള്ളി. 1949–ൽ പാറശ്ശേരിൽ ആഗസ്തി, വെള്ളരിങ്ങാട്ടു ജോർജ്ജ്, മാങ്കോട്ടിൽ ജോസഫ്, മുണ്ടമററത്തിൽ ജോസഫ് മുതൽപേർ വന്നു സ്ഥലം വാങ്ങി കൃഷിചെയ്തു താമസം തുടങ്ങി. നല്ല മണ്ണും നല്ല വിളവും. കൂടുതൽ കുടിയേററക്കാർ എത്തി. പുഴയുടെ തെക്കു വശത്തുള്ള പ്രദേശങ്ങൾ കോഴിക്കോട്ടരൂപതയിൽപ്പെട്ടിരുന്നതിനാൽ ബ. മൊന്തനാരി അച്ചൻ പാറശ്ശേരിൽ ജോസഫിൻെറ വസതിയിൽവച്ചു കുർബാനയും കൂദാശകളും നടത്തിയിരുന്നു. കുടിയേററക്കാർ പിന്നെയും വദ്ധിച്ചു. പള്ളിക്കായി കുറേ സ്ഥലം വിലയ്ക്കുവാങ്ങി. മാങ്കോട്ടിൽ വർക്കി കുറെ സ്ഥലം ദാനംചെയ്തു. പള്ളിക്കെട്ടിടത്തിൻെറ ഏതാനും ഭാഗം പണിതീർത്തു. അതിലായിരുന്നു പിന്നീടു ദിവ്യകർമ്മങ്ങൾ നടത്തിയിരുന്നതു്.

പുളിങ്ങോത്തിനു മൂന്നുമൈൽ പടിഞ്ഞാറുഭാഗത്തുള്ള ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണു ചെറുപുഴ. കിഴക്കു തിരുമേനി ഭാഗത്തുനിന്നു പുളിങ്ങോംപുഴയിലേയ്ക്കു ചെറിയ ഒരു പുഴ വന്നു പതിക്കുന്ന സ്ഥലമാകയാൽ ആ ഭാഗത്തിനു ചെറുപുഴ എന്നു പേരുണ്ടായി. ഇവിടം തളിപ്പറമ്പു താലൂക്കിലെ വയക്കര അംശത്തിൽപ്പെട്ടതാണു്. അതിൻെറ ഗതാഗതപ്രാധാന്യം കുറച്ചൊന്നുമല്ല. തിരുമേനി, കട്ടമേനി, തോമ്മാപുരം, പാലാവയൽ, പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി മുതലായ കുടിയേററ കേന്ദ്രങ്ങളിലേയ്ക്കുള്ള പടിവാതിലാണു് ഈ സ്ഥലം. അവിടങ്ങളിൽനിന്നുള്ള എല്ലാ റോഡുകളും വന്നുചേരുന്നതു ചെറുപുഴയത്രേ. കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽനിന്നു ധാരാളം ബസ്സുകൾ ചെറുപുഴയ്ക്കു് ഓടിക്കൊണ്ടാണിരിക്കുന്നതു്. കുടിയേററക്കാരുടെ ആഗമനശേഷമേ ചെറുപുഴ വളരുവാൻ തുടങ്ങിയുള്ളു.

1948 മുതലാണു കുടിയേററക്കാർവന്നു താമസം തുടങ്ങിയതു്. പാലാക്കാരായ പുഞ്ചേക്കുന്നേൽ തോമസ്, കുന്നേൽ

സ്സാറിയാ മുതലായ എട്ടുപത്തു വീട്ടുകാർ മാത്രമായിരുന്നു താമസക്കാർ. കുടിയേററവും ആ ഭാഗത്തേയ്ക്കു വളരെ മന്ദഗതിയിലായിരുന്നു. പയ്യന്നൂരിൽ താമസിച്ചു സേവനം ചെയ്തുവരികയായിരുന്ന ഫാ. മൊന്തനാരിയെ പുഞ്ചേക്കുന്നേൽ തോമസ് സമീപിച്ചു ചെറുപുഴയിലെ ക്രിസ്തീയ സമൂഹത്തെപ്പററി അറിയിക്കുകയും അവക്കു മതകമ്മങ്ങരം നടത്തിക്കൊടുക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തു. 1948 മുതൽ 1951 വരെ അദ്ദേഹം വന്നു തോമസിൻെറ വീട്ടിൽ ദിവ്യബലിയും കൂദാശകളും നടത്തിയിരുന്നു. അക്കാലത്തു പാടിച്ചാൽവരെ മാത്രമേ ബസ്സുണ്ടായിരുന്നുള്ളു. 1951-ൽ ചിലർകൂടി അഞ്ചേക്കർ സ്ഥലം പള്ളിക്കായി സംഭാവനചെയ്തു. അവിടെ ഒരു പള്ളിക്കെട്ടിടം ഉണ്ടാക്കി. കോഴിക്കോട്ടുബിഷപ്പ് പത്രോണിതിരുമേനിയാണു പ്രസ്തുത പള്ളിവെഞ്ചരിച്ചു് ആദ്യമായി അവിടെ കർബാന അർപ്പിച്ചതു്. ബ. മൊന്തനാരി അച്ചനെത്തന്നെ ചെറുപുഴയുടെ വികാരിയായി ബിഷപ്പ് നിയമിച്ചു. പള്ളിക്കു വേണ്ട തിരുവസ്ത്രങ്ങളും മററുപകരണങ്ങളും ബ. മൊന്തനാരിയച്ചൻ സമ്പാദിച്ചതു കൂടാതെ പത്തേക്കർ സ്ഥലവും വാങ്ങി സംഭാവനചെയ്തു. മൂന്നു വർഷങ്ങരംക്കുശേഷം തലശ്ശേരിരൂപതയുടെ ആവിർഭാവത്തോടുകൂടി അദ്ദേഹം ചെറുപുഴയോടു യാത്ര പറഞ്ഞു.

മലബാർ മലയോരങ്ങളിൽ കൃഷിക്കു് ഏററവും മെച്ചപ്പെട്ട പ്രദേശങ്ങരം തിരുവാമ്പാടി, കോടഞ്ചേരി, കൂടരഞ്ഞി, കൂമ്പാറ, പുതുപ്പാടി മുതലായ പഞ്ചായത്തുകരം ഉരംക്കൊള്ളുന്ന ഭൂപ്രദേശങ്ങളാണു്. തലശ്ശേരിരൂപതയിലെ തിരുവാമ്പാടി മേഖലയിൽപ്പെട്ടതാണു് ഈ സ്ഥലങ്ങരം. കോട്ടയം രാജാവിൻെറ ഭരണസീമയിൽപ്പെട്ടിരുന്നു, ഈ പ്രദേശം. ഈ ഭൂഭാഗം ചേന്നമംഗലത്തുള്ള മണലേടത്തുനായർ കുടുംബത്തിനു രാജാവു് ഇഷ്ടദാനമായി കൊടുത്തു. ഇതു സംബന്ധിച്ചുള്ള കഥ ഇതാണു്. പണ്ടുകാലത്തെ ഒരു കോട്ടയം രാജാവു് ഏതോ കാരണത്താൽ മണലേടത്തുവന്നു താമസിക്കുവാനിടയായി. അവിടത്തെ ഒരു സ്ത്രീയുമായി അദ്ദേഹം ബന്ധപ്പെട്ടു. മൂന്നുനാലു വർഷക്കാലം ആ ബന്ധം നീണ്ടുനിന്നു. രാജാവു മടങ്ങിപ്പോയപ്പോരം ചാത്തമംഗലം മുതൽ പുതുപ്പാടിപ്രദേശം ഉരംപ്പെടെയുള്ള ഭൂഭാഗം മുഴുവൻ – വയനാടൻ മലവരെ – മണലേടത്തു കുടുംബത്തിലേയ്ക്കു ദാനംചെയ്തു. അങ്ങനെ മണലേടത്തു നായർ കുടുംബക്കാർ വലിയ ഭൂവുടമകളായി. പക്ഷേ ഈ ഭൂവുടമകരംക്കു് അവരുടെ ഭൂമിയിൽനിന്നു് ആദായം ഉണ്ടാക്കുവാനുള്ള

അറിവും കഴിവും ഉണ്ടായിരുന്നില്ല. മുക്കത്തെ മൊയ്ഹാജി മണലേടത്തുകാരുടെ ചില മലകളിൽനിന്ന് ഓടയും മുട്ടിയും മുറിക്കുവാൻ പന്ത്രണ്ടുകൊല്ലത്തേയ്ക്കു ചാർത്തുവാങ്ങി. ക്രമേണ അദ്ദേഹം ഈ ഭൂമിയുടെമേൽ കൂടുതൽ അവകാശങ്ങൾ വാങ്ങി ച്ചെടുത്തു. അങ്ങനെ ഹാജിയാർ ആവശ്യക്കാർക്കു ഭൂമി വില്ക്കു കയും ചെയ്തു. തിരുവാമ്പാടി, പുല്ലൂരാംപാറ, കൂടരഞ്ഞി, കൂമ്പാറ മുതലായ പ്രദേശങ്ങളിലേയ്ക്കു കുടിയേറിയ ആളുകൾ മുക്കത്തു ഹാജിയോടാണു സ്ഥലം ചാർത്തി വാങ്ങിയതു്. ആദ്യ കാലത്തു് വന്നവർക്കു് അൻപതു രൂപപ്രകാരമാണു് അദ്ദേഹം സ്ഥലം വിററിരുന്നതു്. പാറപ്പുറവൻ മമ്മുഹാജിയെപ്പോലെ ഇദ്ദേഹവും ദേവാലയങ്ങൾക്കു് എട്ടോ പത്തോ ഏക്കർ സ്ഥലം സൗജന്യമായി നൽകിപ്പോന്നു.

മണലേടത്തു നായരോടു മമ്മിയാൻ കുട്ടായി എന്ന തീയ്യൻ 2000 ഏക്കർ സ്ഥലം ചാർത്തുവാങ്ങി. ഈ ഭൂമി എരുമേലി ക്കാരൻ ചെമ്പകത്തിനാൽ മത്തായി കുട്ടായിയോടു കാണച്ചാ ർത്തായി വാങ്ങിച്ചു. കോഴിക്കോടുരൂപത ഈ സ്ഥലം മത്താ യിയിൽനിന്നു തീറുവാങ്ങി.

കോഴിക്കോടുരൂപതയിലെ ഇററാലിയൻ മിഷനറി വൈ ദികർ, തങ്ങളുടെ രൂപതയുടേയും ഇടവകകളുടേയും ഇടവകക്കാ രുടേയും സാമ്പത്തികാവശ്യങ്ങൾ നേടുന്നതിനായി കൃഷിത്തോ ട്ടങ്ങളും ചില വ്യവസായങ്ങളും നടത്തിപ്പോന്നു. ജനങ്ങൾക്കു ജോലിയും തൊഴിലും ലഭിക്കുവാനും അവരുടെ കുടുംബം സംര ക്ഷിച്ചുപോകുവാനും ഇതു വളരെ സഹായിച്ചു. ഇങ്ങനെ കോ ഴിക്കോടുരൂപതയും മിഷനറിമാരും ചേലോട്ട്, പള്ളിക്കുന്ന്, മേപ്പാടി, പുതുക്കാട്ട് മുതലായ എസ്റ്റേററുകളും സെൻറ് വിൻ സെൻറ് ഇൻഡസ്ട്രീസും അതിനോടനുബന്ധിച്ചുള്ള സ്ഥാപ നങ്ങളും നടത്തിവരുന്നു. ഏതെങ്കിലും കൃഷിത്തോട്ടമോ വ്യവ സായമോ നടത്തുവാൻ കരുതിയാണു് ഫാ. എഡ്വേർഡ് ബറേററാ എസ്. ജെ. വഴി രൂപത 1941–ൽ ഈ സ്ഥലം വാങ്ങിയതു്. പേരാവൂർ, കററിയാടി പ്രദേശങ്ങളിലേയ്ക്കു കുടിയേററം നടന്നുകൊണ്ടിരിക്കുന്ന കാലം. കൃഷിത്തോട്ടം വച്ചുപിടിപ്പിക്കുന്നതിനും വ്യവസായം സമാരംഭിക്കുന്നതിനും അവ ആദായകരമാക്കുന്നതിനും മുൻകൂട്ടി മുടക്കേണ്ടിവരുന്ന സംഖ്യയും അതിനു വേണ്ടിവരുന്ന കാലദൈർഘ്യവും പരിഗ ണിച്ചപ്പോൾ വേറൊരു നടപടി സ്വീകരിക്കുവാൻ അവർ തീരു മാനിച്ചു. കോഴിക്കോടുരൂപതയിൽനിന്നു് 1944–ൽ പത്രപ്പ

രസ്യം ചെയ്തു, രൂപതവക സ്ഥലം കടിയേററക്കാക്ക വിലയ്ക്കു നൽകുന്നതാണെന്നു്. തിരുവിതാംകൂർ കൃഷിക്കാർ ഇരച്ചുകയറി. രണ്ടുമൂന്നു വർഷംകൊണ്ടു രൂപതവക സ്ഥലവും അവയോടടുത്തുള്ള മററു സ്ഥലങ്ങളും തിരുവിതാംകൂറുകാരെക്കൊണ്ടു നിറഞ്ഞു. ബഹുഭൂരിപക്ഷവും മീനച്ചിൽ, തൊടുപുഴ താലൂക്കക്കാരായിരുന്നു. ഇന്നത്തെ കോടഞ്ചേരി, കണ്ണോം, കൂടരഞ്ഞി, മൈക്കാവു്, പുതുപ്പാടി മുതലായ സ്ഥലങ്ങൾ കുടിയേററ കേന്ദ്രങ്ങളായിത്തീർന്നു. കോഴിക്കോട്ടുരൂപതയ്ക്കും കുടിയേററക്കാക്കും ഈ സ്ഥലം കൊടുക്കൽ വാങ്ങൽ പ്രയോജനപ്രദമായി. മലബാറിലെ കുടിയേററക്കാക്കു് അനുഭവപ്പെട്ടിരുന്ന ഒരു പ്രധാന വിഷമം അവർ വാങ്ങിയ ഭൂമിയുടെ ഉടമാവകാശത്തക്കങ്ങളും കേസുകളുമായിരുന്നല്ലോ. രൂപതക്കാർ സ്ഥലത്തിൻെറ മുൻആധാരങ്ങളെല്ലാം പരിശോധിച്ചശേഷമേ അവ വാങ്ങു, എന്നവക്കറിയാം. അതുപോലെ തിരുവാമ്പാടി, പുല്ലൂരാംപാറ, കൂടരഞ്ഞി, കൂമ്പാറ പ്രദേശങ്ങളുടെ ഉടമസ്ഥനായിരുന്ന മുക്കത്തെ മൊയ്തുഹാജിയും സത്യസന്ധനായിരുന്നതിനാൽ കുടിയേററക്കാക്കു് ഉടമാവകാശത്തക്കത്തെപ്പററിയുള്ള ആശങ്കയേ ഉണ്ടായില്ല.

നല്ല വളക്കൂറുള്ള മണ്ണാണു് ആ മേഖല മുഴുവൻതന്നെ. നിരപ്പായ സ്ഥലങ്ങളും അവിടവിടെയുണ്ടു്. അവ നെൽവയലാക്കി രൂപാന്തരപ്പെടുത്തുവാൻ പലക്കും സാധിച്ചു. കൃഷിക്കു പററിയവിധം മഴയും വെയിലും ലഭിക്കുന്നു. അവിടത്തെ മരങ്ങളും കൃഷിയും നല്ല വിളവു നൽകിയിരുന്നു. അതുകൊണ്ടാണു പേരാവൂരിൽ നേരത്തെ വന്നു താമസിച്ചിരുന്ന ഏഴാനിക്കാട്ടുകാർ കോടഞ്ചേരിക്കു പോന്നതു്. അസംപ്ഷൻ കോളനി എന്നറിയപ്പെട്ടിരുന്ന ഈ കുടിയേററ കേന്ദ്രത്തിൽ വൈദികരുടെ സാന്നിദ്ധ്യവും നേതൃത്വവും ആരംഭംമുതൽതന്നെ ഉണ്ടായിരുന്നു. ഫാ. ബെറേററാ കുടിയേററക്കാക്കു നേതൃത്വവും പ്രോത്സാഹനവും നല്കിയിരുന്നു. അദ്ദേഹമാണു് ഈ കോളനിയിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചതു്. അതു് 1944-ൽ എരുമേലിക്കാരൻ ചെമ്പകത്തിനാൽ മാത്യുവിൻെറ കോടഞ്ചേരിയിലെ വസതിയിൽവച്ചു നടന്നു. ഇയാളുടെ ചാത്തനുസരിച്ചുള്ള സ്ഥലമാണല്ലോ രൂപത വാങ്ങിയതു്. ഫാ. മൊന്തനാരി എസ്. ജെ. അസംപ്ഷൻ കോളനിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഇവർ രണ്ടുപേരും ആരംഭകാലങ്ങളിൽ കോളനിയുടെ ഏതെങ്കിലും ഭാഗത്തു വിശ്വാസികളെ

വിളിച്ചുകൂട്ടി ദിവ്യബലി അപ്പിക്കുകയും കൂദാശകൾ നല്കുകയും ചെയ്തിരുന്നു. എല്ലാവിധത്തിലും കുടിയേററക്കാരെ അവർ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുപോന്നു. കോടഞ്ചേരിയായിരുന്നു ആദ്യം വികസിച്ചുവന്ന കേന്ദ്രം. ക്രമേണ തിരുവാമ്പാടി, കൂടത്തായി, കണ്ണോം മുതലായ സ്ഥലങ്ങൾ വികസിക്കുകയും മതകർമ്മങ്ങൾക്കുവേണ്ട ഷെഡ്ഡുകൾ ഉണ്ടാക്കുകയും ചെയ്തു. അവിടങ്ങളിൽ മാറിമാറി ദിവ്യബലിയും മററു കൂദാശകളും നടത്തിപ്പോന്നു. കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങളും മററും ഒരു സഞ്ചിയിലും വേറൊന്നിൽ ആഹാരസാധനങ്ങളും സംഭരിച്ചു, രണ്ടു തോളത്തും തൂക്കിയിട്ട് ആനക്കാട്ടിൽക്കൂടെ നിർഭയം നടന്നു കുടിയേററകേന്ദ്രങ്ങൾ തോറും ഈ മിഷനറി വൈദികർ വരും. നാടിനേയും ബന്ധുക്കളേയും വിട്ടുപോന്നിരിക്കുന്ന കുടിയേററകുടുംബങ്ങൾ അവർ സന്ദർശിക്കും. അവരുടെ ആത്മാവിനും ശരീരത്തിനും ആശ്വാസം നല്കും. അവരെ ധൈര്യപ്പെടുത്തും. ഇങ്ങനെ അവർ നല്കിയിരുന്ന സേവനങ്ങൾ ഓർക്കാത്തവർ തിരുവാമ്പാടി മേഖലയിൽ ആരുമില്ല.

# സംഘടിത മുന്നേററം

ഒററയ്ക്കുള്ള കുടിയേററം സാഹസികത നിറഞ്ഞതാണ്. അപകടസമ്പൂർണ്ണവുമാണ്. പ്രത്യേകിച്ച് മലകളിലെ കാടുകളിലുള്ള ജീവിതത്തിൽ. എങ്കിലും സ്വാതന്ത്ര്യേച്ഛുവായ, ധീരനായ, മനുഷ്യൻ ആരെയും ആശ്രയിക്കാതെ, അപകടഭീഷണി പരിഗണിക്കാതെ ഇറങ്ങി പുറപ്പെട്ടു, കാട്ടുമൃഗങ്ങളുടെ വിഹാരരംഗങ്ങളായ വനത്തിലേയ്ക്കു്, സഹായത്തിനു മററാരും ഇല്ലാത്ത മലയോരങ്ങളിലേക്ക്. അതുകൊണ്ട് ആദ്യകുടിയേററക്കാരിൽ ചിലരെല്ലാം എങ്ങോട്ടു പോയി എന്നും, എത്ര നാരം ജീവിച്ചുവെന്നും, എവിടെ, എങ്ങനെ മരിച്ചുവെന്നും ഒരു ലക്ഷ്യം തിട്ടവുമില്ലാതെ വന്നു.

സംഘടിച്ചുള്ള കുടിയേററത്തിന് ഇങ്ങനെയുള്ള അപകടശങ്കയില്ല. അവക്കു നേതാക്കന്മാരും നോട്ടക്കാരുമുണ്ട്. അപകടങ്ങളിൽ സഹായവും ഉപദേശവും ലഭിക്കും. ഒരു വിധേയത്വസ്വഭാവം അതിനുണ്ട് എന്നുള്ള വ്യത്യാസമേയുള്ളു. ചിലക്ക് അതു് ഇഷ്ടപ്പെട്ടില്ല എന്നു വരും.

മലബാറിലേയ്ക്കു സംഘടിതമായ പല കുടിയേററങ്ങളും നടന്നിട്ടുണ്ട്. അവയിൽ ഏററവും പ്രധാനപ്പെട്ടതു കോട്ടയം രൂപതയുടെ ആഭിമുഖ്യത്തിലുള്ള രാജപുരം കോളനിയാണ്. സ്ഥാപനകാലം പരിഗണിച്ചാലും ഇതിനു പ്രഥമസ്ഥാനം തന്നെ. 1943-ൽ മടമ്പത്തും 1952-ൽ പയ്യാവൂരിലും കോളനികരം ആരംഭിച്ചു.

വെള്ളാപ്പിള്ളിൽ ജോസഫ് കോട്ടയം രൂപതയിൽപ്പെട്ട വാരപ്പെട്ടിപ്പള്ളി ഇടവകക്കാരനാണ്. സമുദായസ്നേഹിയും വിദ്യാസമ്പന്നനുമാണദ്ദേഹം. ജോസഫിൻെറ വിവിധ സേവനങ്ങളെ പരിഗണിച്ചു പരിശുദ്ധസിംഹാസനം ഷെവലിയർ-മാടമ്പി-സ്ഥാനം അദ്ദേഹത്തിനു നല്കി. മംഗലാപുരം സെൻറ് അലോഷ്യസ് കോളേജിലെ പ്രശസ്തനായ പ്രൊഫ

സർ. ഉയൎന്ന സാമ്പത്തികനിലവാരമുള്ള കുടുംബാംഗം. എന്നാൽ തൻെറ അയല്ക്കാരും രൂപതയിൽപ്പെട്ട പല കുടുംബങ്ങളും അങ്ങനെയല്ല എന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. കൃഷിക്കാരാണു് എല്ലാവരുംതന്നെ. എങ്കിലും കൃഷിപ്പണികഠം ചെയ്യുവാൻ അവൎക്കു ഭൂമിയില്ല. അതിനാൽ ജീവിതമാൎഗ്ഗത്തിനു് അവർ വിഷമിക്കുന്നു. അവരെ ഏതെങ്കിലും തരത്തിൽ സഹായിക്കണമെന്നു പ്രൊഫസർ ജോസഫ് ആഗ്രഹിച്ചു. എറണാകുളത്തുനിന്നും മംഗലാപുരത്തിനു തീവണ്ടിയിലാണു് അദ്ദേഹം യാത്രചെയ്യുന്നതു്. അപ്പോഠം മലബാറിൽ സ്ഥലം വാങ്ങി കൃഷികഠംചെയ്തു ജീവിക്കുവാൻ പോകുന്ന വളരെപ്പേരെ കാണുകയും സംസാരിക്കുകയും ചെയ്യുക പതിവായിരുന്നു. സമുദായസ്നേഹിയായ ജോസഫിനു് ഒരാശയം ജനിച്ചു. മലബാറിൽ കുറെ ഭൂമി വാങ്ങി തൻെറ രൂപതയിൽപ്പെട്ട സാധുകൃഷിക്കാൎക്കു വീതിച്ചുകൊടുത്തു് അവരെ സഹായിച്ചാലോ എന്നു്.

മലബാറിലെ പല ഗവൺമെൻറ് ഉദ്യോഗസ്ഥന്മാരും തൻെറ പൂൎവ്വവിദ്യാൎത്ഥികളാണു്. ഭൂമി കിട്ടുവാനുണ്ടോ എന്നു് അന്വേഷിച്ചു. കാഞ്ഞങ്ങാടിനു വടക്കു നീലേശ്വരം കോവിലകം വക 2000 ഏക്കർ സ്ഥലം നികുതി അടക്കാത്തതിനാൽ സൎക്കാരിൽനിന്നും ലേലംചെയ്തു് വില്ക്കുന്നുണ്ടു് എന്നറിഞ്ഞു. പ്രസ്തുത സ്ഥലത്തെപ്പററി വേണ്ട അന്വേഷണം നടത്തി. കാഞ്ഞങ്ങാടു പാണത്തൂർ റോഡിൻെറ ഇരുവശങ്ങളിലുമുള്ള സ്ഥലം. സാമാന്യം ഫലഭൂയിഷ്ഠമായ ഭൂമി. രൂപതാദ്ധ്യക്ഷനായ ബിഷപ്പ് റൈററ് റവ. ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിലുമായി ആലോചിച്ചു. അദ്ദേഹം ആശയത്തെ അനുകൂലിക്കുകയും വേണ്ട പ്രോത്സാഹനം നല്കുകയും ചെയ്തു. രൂപതയിൽ നിന്നും ചിലവുകഠം ചെയ്യുവാൻ സന്തോഷം കാണിച്ചു. പ്രൊഫസർ ജോസഫ് സ്ഥലം ലേലത്തിൽ പിടിച്ച് എഴുതി വാങ്ങി. റവന്യൂ ലേലമായിരുന്നതുകൊണ്ടു ഭൂമിക്കു മററവകാശത്തൎക്കങ്ങളൊന്നും ഉണ്ടാകുകയില്ല എന്നു് ഉറപ്പായിരുന്നു.

മലബാറിൽവന്നു കുടുംബമായി താമസിച്ചു കൃഷിജോലികഠം നടത്തുവാൻ മനസ്സും സൗകര്യവും ഉള്ളവരുടെ അപേക്ഷകഠം രൂപതാകേന്ദ്രത്തിൽനിന്നും ആവശ്യപ്പെട്ടു. ധാരാളം അപേക്ഷകഠം കിട്ടി. അതിൽനിന്നും എഴുപത്തിരണ്ടു കുടുംബങ്ങളെ തിരഞ്ഞെടുത്തു. ക്നാനായസമുദായക്കാരായ അവ

രുടെ പൂർവ്വികർ കാനാൻദേശത്തുനിന്നും ഏ. ഡി. 345-ൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ വന്നു് കുടിയേറി താമസിച്ചതിനെ അനുസ്മരിപ്പിക്കുന്ന ഒരു സംഭവമായിരുന്നു, ഈ സംഘടിത കുടിയേററം.

പ്രാരംഭചിലവുകളുടെ ഒരംശമായി എല്ലാ വീട്ടുകാരോടും നൂറു രൂപാ വീതം വാങ്ങി. എല്ലാവരുംകൂടി ആലുവായിൽ വന്നു തീവണ്ടിവഴി കാഞ്ഞങ്ങാട്ടിറങ്ങി. അവിടെനിന്നും കോളനിസ്ഥലത്തേയ്ക്കു 27 കിലോമീററർ അകലമുണ്ടു്. കാഞ്ഞങ്ങാട്ടുനിന്നു പാണത്തൂക്കു് ഒരു ജീപ്പുറോഡുമാത്രം. കഷ്ടിച്ചു ചുള്ളിക്കരവരെ കാളവണ്ടി വരും. കാളവണ്ടിയിലും തലച്ചുമടുമായി സാമാനങ്ങരം എല്ലാം എത്തിച്ചു. 1943 ഫെബ്രുവരി 2-ാം തീയതി കോളനിയിൽ താമസം തുടങ്ങി. രാജപുരം കോളനി എന്നു സ്ഥലത്തിനു പേരിട്ടു.

കാഞ്ഞങ്ങാട്ടു്-പാണത്തൂർ റോഡു് കോളനി സ്ഥലത്തിൻെറ ഏകദേശം മദ്ധ്യത്തിൽക്കൂടിയാണു കടന്നുപോകുന്നതെന്നു പറയാം. കോളനിവാസികരംക്കു് ഇതൊരു സൗകര്യമായി. ഈ റോഡു്സൗകര്യം എല്ലാ വീട്ടുകാക്കും ലഭിക്കുവാൻ റോഡു് സൈഡിലെ രണ്ടേക്കർ ഭൂമിവീതം എഴുപത്തിരണ്ടു വീട്ടുകാക്കും കൊടുത്തു. ഉരംപ്രദേശത്തുള്ള സ്ഥലം പത്തു് ഏക്കർ വീതവും ബ്ലോക്കുകളായി തിരിച്ചു കുറിയിട്ടാണു് എല്ലാവക്കും വിതരണം ചെയ്തതു്. ഓരോരുത്തരും അവരവക്കു കിട്ടിയ സ്ഥലത്തു പുരവെച്ചു താമസം തുടങ്ങി. മംഗലാപുരത്തുനിന്നും കുറെ ഓടു് ഒന്നിച്ചു വാങ്ങി എല്ലാവക്കും വിതരണം ചെയ്തു. അതുപോലെ കുറെ നെല്ലും നാളികേരവും വാങ്ങി എല്ലാ വീട്ടുകാക്കും കൊടുത്തു.

മോൺസിഞ്ഞോർ തെക്കനാട്ടാണു രൂപതയുടെ പ്രതിനിധിയായി എല്ലാ കാര്യത്തിലും നേതൃത്വം നല്കിയിരുന്നതു്. എഴുപത്തിരണ്ടു വീട്ടുകാരുടെ കൂട്ടത്തിൽ രണ്ടു ബ. വൈദികരും- കട്ടപ്പുറത്തു ലൂക്കാച്ചനും, മുടക്കാലിൽ ജോസഫച്ചനും - പോന്നു. ഇവർ രണ്ടുപേരും എട്ടു പത്തു കൊല്ലക്കാലം എല്ലാ കഷ്ടപ്പാടുകളും സഹിച്ചു കോളനിയിൽതന്നെ ജീവിച്ചു. തെക്കനാട്ടച്ചൻ കുറച്ചു ജീവിതസൗകര്യങ്ങരം ഉണ്ടാക്കിയതിനുശേഷമാണു കോളനിയിൽ സ്ഥിരതാമസം തുടങ്ങിയതു്. പത്തുപന്ത്രണ്ടു കൊല്ലത്തോളം അദ്ദേഹം കോളനിയുടെ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങരംക്കു നേതൃത്വം നല്കിക്കൊണ്ടു കോളനി കേന്ദ്രത്തിൽ താമസിച്ചിരുന്നു.

ബ. സൈമൺ കുന്തമററം ഈ പ്രസ്ഥാനത്തെ എല്ലാവിധത്തിലും വിജയിപ്പിക്കുവാൻ ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്ത ഒരു വ്യക്തിയാണ്. തെക്കനൊട്ടച്ചൻ കോളനികേന്ദ്രത്തിൽ താമസം തുടങ്ങിയപ്പോഠം സൈമനച്ചൻ മാലക്കല്ലിലേക്കു മാറി. രൂപതയിൽനിന്നു നേരിട്ടു നട്ടുപിടിപ്പിക്കുന്ന തോട്ടമാണു മാലക്കല്ല്. സൈമനച്ചൻ ഈ ജോലിയിൽ ബദ്ധശ്രദ്ധനായി. ഇപ്പോഠം ആദായം എടുത്തുകൊണ്ടിരിക്കുന്ന തോട്ടങ്ങഠം സൈമനച്ചൻ വച്ചുപിടിപ്പിച്ചതാണ്. 1950-ൽ തെക്കനൊട്ടച്ചൻ മാറിപ്പോയപ്പോഠം സൈമനച്ചനാണു പകരം രാജപുരത്തു നിയമിക്കപ്പെട്ടതു്. അഞ്ചാറു കൊല്ലങ്ങഠംക്കുശേഷം അദ്ദേഹം വീണ്ടും മാലക്കല്ലിലേയ്ക്കു മാറി. രണ്ടുമൂന്നു കൊല്ലമായി സൈമനച്ചൻ വീണ്ടും രാജപുരത്തു നിയമിതനായിരിക്കയാണ്.

രാജപുരം കോട്ടയംരൂപതയിലെ ഒരു ഫൊറോനാപള്ളികൂടിയാണ്. മാത്രമല്ല അവിടത്തെ വികാരിമാക്കു് എപ്പിസ്കോപ്പൽ വികാരിസ്ഥാനം-മലബാറിലെ എല്ലാ ഇടവകകളുടെയുംമേലുള്ള വിശേഷാൽ അധികാരങ്ങഠം - കൂടെ നല്കപ്പെട്ടിട്ടുണ്ടു്.

1943-ൽ എഴുപത്തിരണ്ടു കുടുംബക്കാരുടെ കൂട്ടത്തിൽ വിസിറേറഷൻ സഭയിൽപ്പെട്ട അഞ്ചു സിസ്റ്റേഴ്സും പോന്നിരുന്നു. സ്കൂഠം തുടങ്ങിയതുമുതൽ അവർ അദ്ധ്യാപനത്തിൽ ഏർപ്പെട്ടു. എന്നാൽ സിസ്റ്റേഴ്സിനു താമസിക്കുന്നതിനുള്ള കെട്ടിടങ്ങളും മററു സൗകര്യങ്ങളും കുറവായിരുന്നതിനാൽ അവരെല്ലാം 1952-ൽ മടങ്ങിപ്പോയി. 1968-ൽ കുറെ സൗകര്യങ്ങളായപ്പോഠം സിസ്റ്റേഴ്സ് തിരിച്ചുവന്നു. ഇപ്പോഠം അവർ സ്കൂളുകളിലും മററും പഠിപ്പിച്ചുകൊണ്ടു ജോലിചെയ്യുന്നു.

കട്ടപ്പുറത്തു ലൂക്കാച്ചനും മുടക്കാലിൽ ജോസഫച്ചനും ജോലി ചെയ്തു് ക്ഷീണിതരായി മടങ്ങിപ്പോയപ്പോഠം പുതിയ വൈദികർ വന്നു കോളനിയുടെ അഭിവൃദ്ധിക്കുവേണ്ടി സഹായിച്ചിരുന്നു. ഭൂമിയുടെ അവകാശത്തക്കങ്ങളും കുടിയിറക്കും ഒന്നും ഉണ്ടായിട്ടില്ല. മലേറിയായുടേയും മററു രോഗങ്ങളുടേയും ബാധയും കുറവായിരുന്നു. ആനയുടെ ശല്യങ്ങളും ഇല്ലായിരുന്നു. അതിനാൽ പണവും പ്രയത്നവും പാഴാകുവാൻ ഇടവന്നിട്ടില്ല. ആളുകഠം വദ്ധിച്ചു. ഇടവകകഠം പലതായി വികസിച്ചു. എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും സ്ഥാപി

ക്കപ്പെട്ടു. ഇപ്പോഠം രാജപുരം കേന്ദ്രത്തിൽ ഒരു ഹൈസ്കൂഠം സ്ഥാപിച്ചു നടത്തുന്നുണ്ടു്.

പൊതുവായ സംരക്ഷണംകൊണ്ടും സഹായങ്ങഠംകൊണ്ടും വ്യക്തിഗതമായ കുടിയേററക്കാക്കുണ്ടായതുപോലുള്ള വിഷമങ്ങഠം രാജപുരം കോളനിക്കാക്കുണ്ടായില്ല. ആരംഭത്തിൽത്തന്നെ പന്ത്രണ്ടു് ഏക്കർ സ്ഥലം ഓരോരുത്തക്കും സൗജന്യമായി കിട്ടി. എങ്കിലും നല്ല ഒരു തോട്ടം നട്ടുപിടിപ്പിക്കുവാൻ ബഹുഭൂരിപക്ഷം പേക്കും സാധിച്ചിട്ടില്ല. 1970–വരെ ഓരോരുത്തരുടെയും പേരിൽ സ്ഥലം എഴുതിക്കൊടുത്തിരുന്നില്ല. അതുകൊണ്ടു് ഒരു ദൂഷ്യം വന്നുഭവിച്ചു. താൻ ജോലിചെയ്ത സ്ഥലം തനിക്കുതന്നെ കിട്ടാതെ മററാക്കെങ്കിലും കൊടുത്തുപോയെങ്കിലോ എന്നു കരുതി ആയിരിക്കാം കൈവശക്കാർ സ്ഥിരം കൃഷിചെയ്യാതെ താല്ക്കാലിക കൃഷി മാത്രം ചെയ്തു തൃപ്തിപ്പെട്ടിരുന്നതു്.

രാജപുരം കോളനിയിൽ എഴുപത്തിരണ്ടു കുടുംബങ്ങളെ മാത്രമേ ചേർക്കുവാൻ സാധിച്ചുള്ളൂ. അപേക്ഷകഠം കൂടുതലുണ്ടായി. ആകയാൽ മടമ്പത്തു് – ശ്രീകണ്ഠാപുരത്തിനടുത്തു – കുറെ സ്ഥലം വാങ്ങി. ഏകദേശം 1000 ഏക്കർ. മോൺ. മററത്തിൻെറ നേതൃത്വത്തിൽ അറുപത്തിരണ്ടു വീട്ടുകാരെ കൊണ്ടുവന്നു രാജപുരം കോളനിപോലെതന്നെ 1945–ൽ മടമ്പം കോളനി തുടങ്ങി. മടമ്പത്തെ മണ്ണു് അത്ര ഫലഭൂയിഷ്ഠമല്ല. പുഴയുടെ തീരത്തു പമ്പുവെച്ചു വെള്ളം അടിച്ചുകയററി നനച്ചു കൃഷി നടത്തുന്നവർമാത്രം അഭിവൃദ്ധിപ്പെടുന്നു. മണ്ണു മോശമാകയാൽ ആരംഭകാലത്തുതന്നെ കുറെപ്പേർ മടങ്ങിപ്പോയി. പിന്നീടു് അവർ തിരിച്ചുവന്നു. വിസിറേറഷൻ മഠത്തിലെ സിസ്റ്റേഴ്സ് 1948–മുതൽ സേവനം ചെയ്തുപോരുന്നു.

അതുപോലെ ശ്രീകണ്ഠാപുരത്തിൻെറ വടക്കുവശത്തു തുടങ്ങിയ വേറൊരു കോട്ടയംരൂപതാ കോളനിയാണു പയ്യാവൂർ. ധാരാളം കോട്ടയംരൂപതാ കുടുംബങ്ങഠം പയ്യാവൂർ വന്നു താമസമാക്കി. ആത്മകാര്യങ്ങഠംക്കും സാമൂഹ്യകാര്യങ്ങഠംക്കും മടമ്പത്തു് എത്തിച്ചേരുവാൻ അവക്കു പ്രയാസമായിരുന്നു, അകലംകൊണ്ടും പുഴയുടെ പ്രതിബന്ധംകൊണ്ടും. അതിനാൽ ബ. മററത്തിലച്ചൻെറ അനുവാദത്തോടെ ബ. കാവനാലച്ചൻ 1954–ൽ പയ്യാവൂരിൽ പള്ളിയും കോളനിപ്രവത്തനങ്ങളും സമാരംഭിച്ചു. അവിടെ മടമ്പത്തെക്കാഠം കൂടുതൽ അഭിവൃദ്ധിയുണ്ടായി.

1970–ൽ പാണത്തൂരിനടുത്തു മാടത്തുമലയിൽ റാണിപുരം എന്നപേരിൽ നാല്പതുവീട്ടുകാരെ ഉൾപ്പെടുത്തിക്കൊണ്ടു കോട്ടയംരൂപതയുടെ വകയായി മററൊരു കോളനി തുടങ്ങി. പൈങ്ങളംകാരനായ ബ. മുതുകാട്ടിലച്ചനാണു് ഈ കോളനി തുടങ്ങിയതും നിയന്ത്രിക്കുന്നതും. മാടത്തുമല ഏകദേശം രണ്ടായിരം അടി ഉയരമുള്ള സ്ഥലമാകയാൽ കാപ്പി, തേയില, ഏലം മുതലായവയാണു കൃഷി ചെയ്യുന്നതു്. ഈ കൃഷികളിൽ പരിചയമില്ലാത്തവരും തണുപ്പുള്ള അവിടത്തെ കാലാവസ്ഥയുമായി ഇണങ്ങിച്ചേരാൻ കഴിയാത്തവരുമായ ചുരുക്കം ചിലർ മടങ്ങിപ്പോയി.

കോട്ടയംരൂപതയുടെ ആഭിമുഖ്യത്തിൽ തുടങ്ങിയ കോളനികളുടെ വിജയം കണ്ടപ്പോൾ പെരുന്നയിലെ (ചങ്ങനാശ്ശേരി) എൻ. എസ്. എസ്. കാർ കാഞ്ഞങ്ങാടിന്റെ വടക്കെ അററത്തു്, പനത്തടിയിൽ 5000 ഏക്കർ സ്ഥലംവാങ്ങി നായർ കുടുംബങ്ങൾക്കായി ഒരു കോളനി ആരംഭിച്ചു. വളരെ നായർ കുടുംബങ്ങൾ മുന്നോട്ടുവന്നു. പക്ഷെ സ്ഥലത്തുവന്നു കൃഷിപ്പണികളുടെ ബദ്ധപ്പാടും അപജയങ്ങളും അനുഭവിച്ചപ്പോൾ അവരിൽ നല്ലൊരു ഭാഗവും മടങ്ങിപ്പോയി. എങ്കിലും 800–ൽപ്പരം കുടുംബങ്ങൾ സ്ഥിരം താമസിച്ചു പണി എടുക്കുന്നു. ഇപ്പോൾ എൻ. എസ്. എസ്. കാർ നേരിട്ടു ബാക്കി സ്ഥലത്തു വിവിധ കൃഷിത്തോട്ടങ്ങൾ നടത്തിക്കൊണ്ടാണിരിക്കുന്നതു്. കോളനിയിലെ കുടുംബങ്ങൾക്കു കൃഷിചെയ്തു ജീവിക്കുവാൻ 6000 രൂപാവീതം പല ഗഡുക്കളിലായി എൻ. എസ്. എസ്. സംഘടനയിൽനിന്നു കൊടുത്തിട്ടുണ്ടു്. തത്ഫലമായി ഈ കോളനിയും ഇന്നു് വളരെ അഭിവൃദ്ധിപ്രാപിച്ചുവരുകയാണു്.

ചങ്ങനാശ്ശേരിരൂപതയിൽപ്പെട്ട പുളിങ്കുന്നുകാരൻ ഫാ. തോമസ് നീലംപേരിൽ ഭക്തനും അനാഡംബരനുമായ ഒരു വൈദികനാണു്. കുറച്ചു പണം അദ്ദേഹം ബാക്കി വരുത്തി. എവിടെനിന്നോ കുറെ സംഭാവനയും ലഭിച്ചു. സാധുക്കൾക്കു സ്ഥിരാദായം കിട്ടത്തക്കവിധം ആ പണം മുടക്കുവാൻ അദ്ദേഹം തീരുമാനിച്ചു. മലബാറിൽ ഭൂമിക്കു വിലക്കുറവുണ്ടു്. എട്ടുപത്തേക്കർ സ്ഥലംവീതം ഒരു കുടുംബത്തിനു കൊടുത്താൽ അവർ അതിൽ കൃഷിചെയ്തു സ്വതന്ത്രരായും മാനമായും ജീവിച്ചുകൊള്ളും. ആ വൈദികൻ ഹോസ്ദുർഗ്ഗ്താലൂക്കിൽ കക്കാട്ടു രിടം നൈനാരോടു് 210 ഏക്കർ സ്ഥലം 1963–ൽ വിലകൊ

ട്ടത്തു വാങ്ങി. തേർമല പള്ളിക്ക കിഴക്കുവശമുള്ള ഒരു സ്ഥലം. സാധുക്കളും ജോലിചെയ്യുന്നവരുമായ ഇരുപതു വീട്ടുകാരെ പുളിങ്കുന്നിടവകയിലെ സെൻറ് വിൻസൻറ് ഡി പോറം സംഘടന വഴി തെരഞ്ഞെടുത്തു. അവരെ കോളനിസ്ഥലത്തു കൊണ്ടുവന്നു പത്തു് ഏക്കർ സ്ഥലംവീതം അവൎക്ക കൊടുത്തു. വീടിനും വീട്ടുപകരണങ്ങറംക്കും കൃഷി ആയുധങ്ങറംക്കുംവേണ്ടി അവൎക്കോരോരുത്തൎക്കും ഓരോ തുകയും കൊടുത്തു. അനുദിന ചിലവിനുള്ള പണവും മാസംതോറും ഒരു കൊല്ലത്തേയ്ക്കു കൊടുത്തിരുന്നു.

കപ്പ, വാഴ, തെരുവപ്പുല്ല്, മുളകുകൊടി, ഇവയെല്ലാം അവർ കൃഷിചെയ്തു. പക്ഷെ മലയിലുള്ള താമസവും സാമാനം വാങ്ങുവാനും മററും വേണ്ടിയുള്ള മലകയററി – ഇറക്കവും അസഹ്യമായി എല്ലാവൎക്കും അനുഭവപ്പെട്ടു. ഏതാനും മാസം കഴിഞ്ഞപ്പോറം ഭൂരിപക്ഷംപേരും മടങ്ങിപ്പോയി. ചുരുക്കം ചിലർ മലയുടെ താഴെ സ്വന്തമായി സ്ഥലംവാങ്ങി താമസിച്ചു. ഒന്നുരണ്ടുപേർ മാത്രം മലയിൽ ചെയ്ത കൃഷിത്തോട്ടങ്ങറം സംരക്ഷിച്ചുപോരുന്നു. ബാക്കിയുള്ളവർ അവ പാടെ ഉപേക്ഷിച്ചുപോയി. അങ്ങനെ കാടുപിടിച്ചുപോയ സ്ഥലങ്ങറം സൎക്കാർ പ്രൈവററുഫോറസ്റ്റായി എഴുതിപ്പോയി.

ഉദാരനും മഹാമനസ്കനുമായ ആ വൈദിക സത്തമൻെറ പ്രതീക്ഷകളും കണക്കുകൂട്ടലുകളും പൂർണ്ണമായ പരാജയത്തിൽ കലാശിച്ചു. പമ്പയുടെയും വേമ്പനാടിൻെറയും ജലപ്പരപ്പിൽ പ്രവൎത്തിച്ചു പരിചയിച്ച കുട്ടനാട്ടുകാർ നിമ്നോന്നതമായ മലംപ്രദേശത്തു് എങ്ങനെ കഴിഞ്ഞുകൂടും!

കൎണ്ണാടകസ്റ്റെയിററിലെ ഷിമോഗായിൽ കുടിയേറി താമസിച്ചിരുന്ന മലയാളികളെയെല്ലാവരെയും – 470 – കുടുംബങ്ങളെ കൎണ്ണാടക സൎക്കാർ 1966 മേയ്മാസത്തിൽ കുടിയിറക്കി വിട്ടു. അവർ വിലകൊടുത്തുവാങ്ങിയ ഭൂമി ഗവൺമെൻറ് ഫോറസ്റ്റിൽപ്പെട്ടതാണെന്ന കാരണം പറഞ്ഞാണു് ഇറക്കിവിട്ടതു്. ആറേഴുകൊല്ലം അവർ അവിടെ വീടുവച്ചു താമസിച്ചു. കൃഷികറം നടത്തി. നെല്ലും കപ്പയും റബ്ബറും കാപ്പിയും തെങ്ങും കമുകും പച്ചക്കറികളും നട്ടുപിടിപ്പിച്ചു. കൃഷിക്കാർ അവകാശം പറഞ്ഞു കോടതിയിൽ കേസു നടത്തി. എന്നാൽ കേസു തള്ളിപ്പോയി. വീടുകറം എല്ലാം തീവച്ചു നശിപ്പിച്ചതിനുശേഷമാണു് ഇറക്കിവിട്ടതു്. നിരാലംബരായ 2700 മനുഷ്യജീവികറം തലചായിക്കുവാൻ ഇടമില്ലാതെ

വിഷമിക്കുന്നതു കണ്ട ഹിന്ദുസമുദായാംഗമായ ഒരു മഹാമനസ്സ, കെ. ററി. ദാനമ്മ, സ്വന്തപ്പെട്ടവരുടേയും രാഷ്ട്രീയപാർട്ടികളുടേയും പ്രതിഷേധം അവഗണിച്ച തൻെറ സ്ഥലത്തു താമസിച്ചുകൊള്ളുവാൻ അവരെ അനുവദിച്ചു. തങ്ങളുടെ കൃഷിസ്ഥലത്തുനിന്നും വലിച്ചിറക്കപ്പെട്ട ആ നിസ്സഹായർ ദാനമ്മയുടെ സ്ഥലത്തു താമസിച്ചു തുടങ്ങിയിട്ട മാസങ്ങരം രണ്ട കഴിഞ്ഞു. കർണ്ണാടകസ്റ്റെയിററിൽ വേറെ എവിടെയെങ്കിലും കുറെ സ്ഥലം വിലയ്ക്കുവാങ്ങി ഈ ഹതഭാഗ്യരെ താമസിപ്പിക്കണമെന്നു തലശ്ശേരി ബിഷപ്പും ഷിമോഗായിൽ അവരുടെ കാര്യങ്ങരം അന്വേഷിച്ചുകൊണ്ടിരുന്ന ബ. കുന്നേൽ ജോസഫച്ചനും ബ. മണ്ണൂർ തോമസച്ചനും ആഗ്രഹിച്ചു. കുറെ സ്ഥലം വാങ്ങുവാൻ പല പരിശ്രമങ്ങളും നടത്തി. ഒന്നും സൗകര്യപ്പെട്ടില്ല. പക്ഷേ അവരെ എവിടെയെങ്കിലും പുനരധിവസിപ്പിക്കുക ഒരു അടിയന്തിരാവശ്യമായിരുന്നു.

കേരളത്തിൽ കണ്ണൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട ശ്രീകണ്ഠാപുരത്തിനടുത്തു ചന്ദനക്കാംപാറയിൽ 500 ഏക്കർ സ്ഥലം അതിൻെറ ജന്മിയായ കക്കാട്ടരിടം നൈനാരോട വിലയ്ക്കുവാങ്ങി. ഷിമോഗായിൽനിന്ന് എല്ലാ കുടുംബങ്ങളെയും മതവ്യത്യാസങ്ങളൊന്നും പരിഗണിക്കാതെ വാഹനങ്ങരംവഴി ചന്ദനക്കാംപാറയിൽ കൊണ്ടുവന്നു. ചന്ദനക്കാംപാറ എന്ന സ്ഥലം ഒരു മലയോരമാണ്. 150 വീട്ടുകാരുള്ള ഒരു ചെറിയ ഇടവക. നേരത്തെ അവിടെ കുടിയേറി താമസിച്ചിരുന്നവർക്കു് ഒരു പള്ളിഷെഡ്ഡും ഒരു എൽ. പി. സ്കൂളുമുണ്ടായിരുന്നു. നവാഗതർക്കു പഴയ കുടിയേററക്കാർ എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തു. പുതിയതായി വാങ്ങിയ സ്ഥലം ഒരു കുന്നിൻപ്രദേശമാണ്. രണ്ട് ഏക്കർവീതമുള്ള ബ്ലോക്കുകളായി തിരിച്ചു കുറിയിട്ട പുതിയ കോളനി അംഗങ്ങരംക്കു് ആ സ്ഥലം വിഭജിച്ചു കൊടുത്തു. കൂടാതെ ഓരോ കുടുംബത്തിനും വീടു വയ്ക്കുവാനും വിത്തുകളും കൃഷി ആയുധങ്ങളും വാങ്ങുവാനും വേണ്ട സംഖ്യ രൊക്കം പണമായും കൊടുത്തു.

ദാനമ്മയുടെ സ്ഥലത്തു താമസിച്ചിരുന്ന കാലത്തു് – 72 ദിവസം – ഇവർക്കെല്ലാവർക്കും ഭക്ഷണസാധനങ്ങരം വാങ്ങിയ വകയിൽ 92000 രൂപാ ചെലവായി. ഔഷധങ്ങരംക്കും വസ്ത്രങ്ങരംക്കുമായി വേറൊരു നല്ല സംഖ്യ ചെലവാക്കേണ്ടിവന്നു. ചന്ദനക്കാംപാറയ്ക്കു് ഈ ആളുകളെ കൊണ്ടുവരുവാൻ വണ്ടിക്കൂലി കൊടുത്തതുതന്നെ 17000 രൂപയായി. വീടുവയ്ക്കുവാനും കൃഷി

ആയുധങ്ങൾക്കും വിത്തുകൾക്കുംവേണ്ടി വേറൊരു നല്ല സംഖ്യയായി. സ്ഥലത്തിൻെറ വില വേറെയും. നമ്മുടെ ആളുകളെയും രൂപതയെയും സ്നേഹിക്കുകയും അതിൻെറ അഭിവൃദ്ധിയെ ആഗ്രഹിക്കുകയും ചെയ്യുന്ന മഹാമനസ്കനായ ആറാംപോൾ മാർപ്പാപ്പാ ഈ കുടിയിറക്ക് അത്യാഹിതത്തെപ്പററി അറിഞ്ഞപ്പോൾ ഉദാരമായ സംഭാവന നല്കിയതിനാൽ തലശ്ശേരി ബിഷപ്പിൻെറ ഭാരം ലഘൂകരിക്കപ്പെട്ടു.

ബഹുഭൂരിപക്ഷം ആളുകളും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ വീടുവച്ചു. കൃഷിയിറക്കി. അവർ സംതൃപ്തിയോടെ ജീവിക്കുന്നു. മുമ്പു കേരളത്തിൽ നടന്ന പല കുടിയിറക്കിലും പെട്ട ചിലർ ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. യത്നിക്കാതെ, വിയക്കാതെ, കഴിക്കുവാൻ അവർ ആഗ്രഹിച്ചു. ഓരോ കാരണം പറഞ്ഞു പിന്നെയും പിന്നെയും അവർ പണം വാങ്ങി. കൂടുതൽ കിട്ടുകയില്ലെന്നു വന്നപ്പോൾ പേരിൽ കിട്ടിയ സ്ഥലം മററാളുകൾക്കു വിററ് വിലവാങ്ങിക്കൊണ്ടു സ്ഥലംവിട്ടു. നിരപ്പില്ലാത്ത കുന്നിൻപ്രദേശമാണു കുറിയിട്ടപ്പോൾ ചിലർക്കു കിട്ടിയതു്. ഇതിൽ അതൃപ്തിയോടെ വത്തിക്കുന്നവരും കുറെപ്പേരുണ്ടു്.

നാടും വീടും വിട്ടുപോന്ന അനേകംപേർക്ക് അഭയവും ആശ്രയവുമായി, ചന്ദനക്കാംപാറ കോളനി. ഷിമോഗായിൽ നിന്നു് ഒന്നുമില്ലാതെ ഇറക്കിവിട്ടതിനാൽ കുഞ്ഞുകുട്ടി പരാധീനത്തോടെ എവിടേയ്ക്കു പോകേണ്ടുവെന്നറിയാതെ വ്യഗ്രതയിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾക്കു തലശ്ശേരി ബിഷപ്പിൻെറ അവസരോചിതമായ ഈ കോളനി സ്ഥാപനം അതുല്യമായ ഒരനുഗ്രഹമായി. ആശ്വാസത്തിൻേറയും പ്രതീക്ഷയുടേയും കിരണങ്ങൾ അവരുടെ ഹൃദയത്തിലുദിച്ചു. കുന്നാണെങ്കിലും മണ്ണു നല്ലതാകയാൽ കൃഷിപ്പണി എടുക്കുന്നവക്കു് ഐശ്വര്യപൂണ്ണമായ ഒരു ഭാവിയുണ്ടു് എന്നു മനസ്സിലാക്കി പലരും സംതൃപ്തിയോടെ പണിയെടുത്തു വിളവുകളുണ്ടാക്കി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ബ. കുന്നേലച്ചനും മണ്ണൂരച്ചനും കോളനിക്കാരെല്ലാരുമായി അടുത്ത സമ്പർക്കം പുലർത്തിപ്പോന്നു. അവരുടെ അശ്രാന്തപരിശ്രമഫലമായാണു കോളനി അതിൻെറ ബാല്യകാലാരിഷ്ടതകൾ തരണം ചെയ്തതു്.

# രക്തരക്ഷസ്സ്

കൃഷ്കർ, പ്രത്യേകിച്ച ചെറുകിട കൃഷ്കർ കഠിനാദ്ധ്വാനം ചെയ്ത ജീവിക്കുന്നവരാണ്. പകലന്തിയോളം പണിയെടുക്കും. രാത്രിയിലും പണിയേണ്ടിവരും. കാട്ടുമൃഗങ്ങൾ കൃഷിസ്ഥലത്തുകേറി നെല്ലും കപ്പയും തെങ്ങും റബ്ബറും നശിപ്പിക്കാതെ കാവലിരിക്കണം. നെൽവയലിൽ വെള്ളം കയററി സമയാസമയങ്ങളിൽ നിയന്ത്രിച്ചവിടണം. മലബാറിലേക്ക കുടിയേറിയവർ ഇങ്ങനെയുള്ള കർഷകരായിരുന്നു. മലമ്പനിയും മദയാനയും അവരെ ഭീഷണിപ്പെടുത്തിയെങ്കിലും, പലരേയും കൊന്നൊടുക്കിയെങ്കിലും അവർ നിരാശപ്പെട്ടില്ല. അവർ അവയെ അഭിമുഖീകരിച്ചു, സമരംചെയ്തു. ഈ യുദ്ധത്തിൽ വളരെപ്പേർ അടക്കളത്തിൽതന്നെ വീണു മരിച്ചു. മുറിവേററവർ നാട്ടിലേയ്ക്കു മടങ്ങി.

എന്നാൽ അതേസമയം കൂടുതൽ കൂടുതൽ ജവാന്മാർ സമരരംഗത്തേക്ക കടന്നുവന്നു. 1940 മുതൽ 1950 വരെ മിതമായ തോതിലും 1950 മുതൽ 1960 വരെ വർദ്ധിച്ച തോതിലും കൃഷിക്കാർ മലബാറിൻെറ വിവിധഭാഗങ്ങളിലേക്ക കുടിയേറി. ശക്തിയേറിയ പ്രവാഹങ്ങളായിരുന്നു ഈ വരവ്. ഈ സഹായസേനകൾ മലബാറിൻെറ അഷ്ടദിക്കുകളിൽക്കൂടി സമരരംഗങ്ങളിലേക്ക പ്രവേശിച്ചു. മരിച്ചു വീണവരും മുറിവേററവരുമായ മുന്നോടി യോദ്ധാക്കളുടെ സ്ഥാനം അവർ അടക്കളത്തിലിറങ്ങി ഏറെറടുത്തു. പുതിയ ജവാന്മാരുടെ ആഗമനവും സമരം ഏറെറടുക്കലും ക്ഷീണിതരായിത്തീർന്നിരുന്ന യോദ്ധാക്കൾക്ക നവജീവനും പ്രത്യാശയും നൽകി. കാരണം, ഇത്ര ബൃഹത്തായ സഹായസേനയുടെ ആഗമനം തികച്ചും അപ്രതീക്ഷിതമായിരുന്നു.

അവർ ശത്രുക്കളെ തടുത്തുനിർത്തുക മാത്രമല്ല, കടന്നാക്രമിക്കവാനും തുടങ്ങി. കുടിയേററക്കാരുടെ ഏററം വലിയ ശത്രു മലമ്പനിയാണ്. പനി പരത്തുന്ന കീടങ്ങളുടേയും ക്ഷുദ്രജീ

വികളുടേയും സങ്കേതങ്ങളായ കാടുകളിലേയ്ക്കു് അവർ പ്രവേശിച്ചു. അവയെല്ലാം വെട്ടിത്തെളിച്ചു സൂര്യകിരണങ്ങൾക്കു പ്രവേശനം നൽകി. കൊതുകുകളേയും ശലഭങ്ങളേയും തീയിൽ ചുട്ടു ദഹിപ്പിച്ചു. വൻമൃഗങ്ങളെ ആട്ടിയോടിച്ചു. അതിഭയങ്കരനായ മലമ്പനിയെ നിർമ്മാജ്ജനം ചെയ്യുവാൻ കാടുതെളിക്കൽ മാത്രംപോരാ. പനി പരത്തുന്ന പ്രാണികൾ മുക്കിലും മൂലയിലും പോയി ഒളിക്കും. അവർ മുട്ടയിട്ടു പെരുകും. സക്കാരിൻെറ മലേറിയാ നിവാരണസംരംഭങ്ങളിൽ സഹകരിച്ചു് എല്ലാ വീടുകളിലും പരിസരങ്ങളിലും ഡി. ഡി. ററി തളിച്ചു. മലേറിയാ ഗുളികയും വീടുകളിൽ എത്തിച്ചുകൊടുത്തു. ഇങ്ങനെ സാവധാനമെങ്കിലും മലമ്പനിയെ പൂണ്ണമായി കീഴടക്കുവാൻ അവക്കു സാധിച്ചു.

എന്നാൽ ഈ വിജയത്തിനു നീണ്ട കൊല്ലങ്ങൾ — 1965 വരെ, യുദ്ധംചെയ്യേണ്ടിവന്നു. അനേകസഹസ്രംപേരുടെ ജീവൻ ഈ കാലാന്തരാളത്തിൽ ആഹുതിചെയ്യപ്പെട്ടു. ഈ ശത്രുവിനോടുള്ള സമരത്തിലാണു് ഏററം കൂടുതൽ ജവാന്മാർ രക്തസാക്ഷിമകുടം വരിച്ചതു്. വേനൽക്കാലാരംഭത്തിൽ വൃക്ഷങ്ങളുടെ ഇല പൊഴിയുന്നതുപോലെ കുടിയേററക്കാർ മലമ്പനിയോടുള്ള യുദ്ധത്തിൽ മരിച്ചുവീണുകൊണ്ടിരുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. 1942-ൽ 900-ൽ പ്പരം പേരെ കുളത്തുവയൽപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചതായി അവിടത്തെ മരണരജിസ്റ്ററിൽ കാണുന്നുണ്ടു്. അന്നു് കൂരാച്ചുണ്ടു്, കല്ലാനോടു് പള്ളികൾ ഉണ്ടായിരുന്നില്ല. എന്നാൽ അക്കാലത്തു വഴിയും വാഹനവുമില്ലായിരുന്നു. മാത്രമല്ല മൃതശരീരം ദീഘദൂരം വഹിച്ചുകൊണ്ടുപോകുവാൻ ആളും കുറവായിരുന്നു. തന്നിമിത്തം മൃതശരീരം അവരവരുടെ പുരയിടങ്ങളിൽ സംസ്കരിക്കുവാനേ പലക്കും സാധിച്ചിരുന്നുള്ളൂ. ഇതെല്ലാം ഉൾപ്പെടുത്താതെയുള്ള മരണസംഖ്യയാണു മേൽ കൊടുത്തിരിക്കുന്നതെന്നോർക്കണം. കുമ്പസാരവും കൂദാശകളും വൈദികസഹായവും ലഭിച്ചു മരിച്ചവർ ചുരുക്കമായിരുന്നു. സിമിത്തേരിയിൽ സംസ്കരിക്കപ്പെടുവാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല എവിടെയെങ്കിലും മണ്ണിനടിയിൽ നിദ്രകൊള്ളുവാൻ പോലും പലക്കും സാധിച്ചിട്ടില്ല. മലമ്പനിയുടെ നിഷ്ഠൂരതകൾക്കു വിധേയരായ പതിനായിരങ്ങളുടെ ദാരുണാനുഭവങ്ങളറിയാം. എല്ലാവരുടേയും ഊരും പേരും കിട്ടിയിട്ടില്ലന്നേയുള്ളൂ. കിട്ടിയതിൽ ഏതാനും പേരുടെ ചരിത്രം മാത്രം ഉദാഹരണത്തിനായി താഴെ ചേക്കുന്നു.

കററിയാടിമേഖലയിലേക്കുള്ള ആദ്യകുടിയേററക്കാരിൽ ബഹുഭൂരിപക്ഷവും മലമ്പനിമൂലം മരണമടയുകയുണ്ടായി. മടങ്ങിപ്പോയവരിൽത്തന്നെ നാട്ടിലും വീട്ടിലും എത്തിയവർ തുലോം പരിമിതമായിരുന്നു. 1932-ൽ ആനിക്കാട്ടുനിന്നു് 74 അംഗങ്ങളോടുകൂടി പള്ളിക്കത്തോഴത്തുകാർ കററിയാടിയിൽ വന്നു സ്ഥലംവാങ്ങി കൃഷിചെയ്തു താമസിച്ചു. നാലഞ്ചുകൊല്ലംകൊണ്ടു് എല്ലാവരുംതന്നെ പനിക്കിരയായി മരണമടഞ്ഞു. അവരിൽ രണ്ടാളുകൾ, കുഞ്ഞാക്കോയും ചാണ്ടിയും മാത്രം ഇപ്പോൾ അവശേഷിക്കുന്നു. 1934-ൽ പുത്തൻവീട്ടിൽ ജോസഫ് (കുറുമ്പനാടം) കുളത്തുവയലിനടുത്തു കുറെ ഭൂമിവാങ്ങി കൃഷികൾ നടത്തി. മൂന്നുകൊല്ലം താമസിച്ചു. ഭാര്യയും മകൻെറ ഭാര്യയും പനിയാൽ പരലോകം പ്രാപിച്ചു. ഒരു നെല്ലിയുടെ ചുവട്ടിൽ അവരെ സംസ്കരിച്ചശേഷം ജോസഫും മകനും മടങ്ങിപ്പോയി.

ആറേഴ യാക്കോബായ കുടുംബക്കാർ 1935-ൽ കൂത്താട്ടുകുളത്തുനിന്നു കുളത്തുവയലിൽ ഓഞ്ഞിൽഭാഗത്തു വന്നു താമസമാക്കി കൃഷി നടത്തി. അവരിൽ പലർ മലമ്പനിമൂലം മരിച്ചു. ബാക്കിയുള്ളവർ ഗതിമുട്ടി നാട്ടിലേക്കു മടങ്ങിപ്പോയി. 1940-ൽ ഇവരിൽ രണ്ടുമൂന്നു വീട്ടുകാർ മടങ്ങിവന്നു. പാലക്കാട്ടേൽ ജോസഫ് (ഓഞ്ഞിൽ ജോസഫ്) ഇതിൽ ഒരാളാണു്.

1942-ൽ കടനാട്ടിൽനിന്നും തെക്കേൽ തോമസും ഭാര്യയും ഏഴ മക്കളുംകൂടെ കൂരാച്ചുണ്ടിൽ വന്നു താമസിച്ചതാണു്. ചുരുക്കം മാസങ്ങൾക്കകം തോമസ്സൊഴികെ ബാക്കിയുള്ളവരെല്ലാം പനിക്കിരയായി ചരമം പ്രാപിച്ചെന്നു പറഞ്ഞാൽ മതിയല്ലോ.

പേരാവൂരിൽ കല്ലടിഭാഗത്തു താമസമാക്കിയ മൂലേച്ചാലിൽ വക്കി ഒരു നല്ല കർഷകനാണു്. 1932-ൽ പനിബാധിച്ച മകനെ ചികിത്സിക്കുവാൻ തലശ്ശേരി ആശുപത്രിയിൽ കൊണ്ടുചെന്നു. ചികിത്സിച്ചുവെങ്കിലും കുട്ടി ആശുപത്രിയിൽ വച്ചു മരിച്ചു. മൃതശരീരവുമായി വീട്ടിൽ മടങ്ങിച്ചെല്ലുമ്പോൾ ഒരു മകളും അവിടെ പനിപിടിച്ചു മരിച്ചുകിടക്കുന്നു.

ഒന്നുരണ്ടാഴ്ചകൊണ്ടു് അംഗങ്ങൾ മുഴുവൻ ഇഹലോകവാസം വെടിഞ്ഞു കുടുംബം അന്യംനിന്നുപോയ കേസുകൾ നിരവധിയാണു്. മരിച്ചുമരിച്ചു് ഒന്നുരണ്ടു് അംഗങ്ങൾ മാത്രം അവശേഷിച്ചപ്പോൾ ഉള്ളവരേയുംകൊണ്ടു നാട്ടിലേക്കു മടങ്ങിപ്പോയവരുടെ സംഖ്യയും കുറവല്ല.

1944-ലാണ് തിരുവാമ്പാടി മേഖലയിൽ കുടിയേററം തുടങ്ങിയത്. 1948-ആയപ്പോഴേക്ക് ആളുകൾ ധാരാളമായി. എന്നാൽ എല്ലാ വീടുകളിലും പനി. മരുന്ന് താമരശ്ശേരിയിലോ കോഴിക്കോട്ടോ ചെന്നു വാങ്ങണം. കുന്ദമംഗലംവരെ നടക്കണം. തങ്ങളുടേയും അയൽക്കാരുടേയും വീടുകളിലെ രോഗികൾക്കായി മരുന്നുവാങ്ങുവാൻ ഒരു ചാക്കുനിറയെ കുപ്പികളുമായി നാലുപേർ പുറപ്പെട്ടു. മൂന്നു കുടിയേററക്കാരും ഒരു ആദിവാസിയും. ഹരിജൻ എളുപ്പവഴി കാണിക്കുവാനും ചുമക്കുവാനും. ഏഴെട്ടുമൈൽ നടന്നു. ഒരാൾ തളർന്നു. നടക്കുവാൻ വയ്യെന്നായി. കാട്ടിൽ ഇല നിരത്തിക്കിടന്നു. മുമ്പോട്ടും പിമ്പോട്ടും പോകുവാൻ യാതൊരു നിവ്വാഹവുമില്ല. സന്ധ്യയായി. രാത്രിയിൽ എങ്ങനെ കഴിച്ചുകൂട്ടും! അവർ ഉണക്കവിറക് കൂട്ടിവച്ച് തീ കത്തിച്ചു. നേരം വെളുക്കുന്നതിനുമുമ്പ് രോഗി മരിച്ചു. സാധുക്കൾ! നിസ്സഹായർ!! എന്തുചെയ്യും!!! മൃതശരീരം ഇലകൾകൊണ്ട് മൂടി ഇട്ടുംവെച്ച് മററുള്ളവർ ഒരു തരത്തിൽ മടങ്ങിപ്പോയി.

1958-ൽ നെല്ലിക്കാമ്പോയിൽ ഇടവകയിൽ (ഇരിട്ടി) മണിക്കടവുഭാഗത്ത് തോട്ടത്തിൽ മത്തായിയുടെ അനുജൻ ജോണിന് പനി ബാധിച്ചു. ഒരനുജനേയുള്ളു മത്തായിക്ക്. അപ്പനും അമ്മയും ഒരു കൊല്ലം മുമ്പ് പനി പിടിച്ചു മരിച്ചു. രണ്ടുപേരുടേയും രണ്ടുമൂന്നു കുട്ടികൾ അക്കൊല്ലംതന്നെ മരിച്ചുപോയി. ഇരിട്ടിയിലെ കമ്പൗണ്ടരുടെ മരുന്നുവാങ്ങി എല്ലാവക്കും കൊടുത്തതാണ്. അതുകൊണ്ട് അനുജൻ ജോണിനെ ചികിത്സിക്കുവാൻ തലശ്ശേരിക്കു കൊണ്ടുപോകണമെന്ന് മത്തായി നിശ്ചയിച്ചു. ഇരിട്ടിയിൽ വന്നെങ്കിലേ ഏതെങ്കിലും വാഹനമുള്ളു. നടന്നും ഇരുന്നും ഒരുതരത്തിൽ ഇരിട്ടിയിൽ ജോണിനെ എത്തിച്ചു. കാറുപിടിക്കുവാൻ കഴിവില്ല. ബസ്സിൽ ജ്യേഷ്ഠനും അനുജനും കേറി ഒരു സൈഡു ചേർന്നിരുന്നു. ലാസ്ററു ബസ്സാണ്. 5.30 ന് ബസ്സുവിട്ടു. കുഴപ്പംകൂടാതെ ബസ്സോടുന്നു. സ്റ്റോപ്പുകളിൽ ആളുകൾ ഇറങ്ങുകയും കയറുകയും ചെയ്യുന്നു. ജോണിന് ക്ഷീണം വദ്ധിച്ചു. ജോൺ മത്തായിയുടെ തോളിൽ ചാരിക്കിടക്കുകയാണ്. മററു യാത്രക്കാർ ഒന്നും അറിയുന്നില്ല. മട്ടന്നൂർ കഴിഞ്ഞുകാണും. ജോൺ വളരെ അവശനായി. ജോൺ വിഷമിച്ചു പറഞ്ഞു: ചേട്ടാ എനിക്കൊന്നു കിടക്കണം. മത്തായി തൻെറ മടിയിൽ കിടത്തി. ''ഞാൻ മരിക്കയാണു ചേട്ടാ! എൻെറ ഭാര്യയേയും കുട്ടിയേയും നോക്കി

ക്കൊള്ളണം. എനിക്കു് ഈശോ മറിയം ചൊല്ലിത്താ.'' മത്തായിയുടെ തൊണ്ട ഇടറി. സ്വരം വരുന്നില്ല. അശ്രുക്കാം പൊഴിഞ്ഞു. ജോൺ ''ഈശോ, ഈശോ'' എന്നു് തന്നത്താൻ ചൊല്ലി. മത്തായി അനുജൻെറ മുഖം തലോടി. കരങ്ങാം ചുംബിച്ചു. നിമ്മലഗിരിഭാഗത്തു് – കൂത്തുപറമ്പു് – ബസ്സ് എത്തിയപ്പോാം ജോണിൻെറ ആത്മാവു് സ്വഗ്ഗത്തിലേക്ക പറന്നു. ശരീരം തലശ്ശേരിയിലേക്കും. ബസ്സിലെ യാത്ര ക്കാർ ഒന്നും അറിയുന്നില്ല. രാത്രി 8.30 നു് ബസ്സ് പതിവു പോലെ തലശ്ശേരി സ്റ്റാൻഡിൽ എത്തി. യാത്രക്കാരെല്ലാം ധൃതിയിൽ ഇറങ്ങി, അവരവരുടെ കാര്യങ്ങാംക്കായി പോയി. രണ്ടുപേർ, മത്തായിയും ജോണും ഇറങ്ങുന്നില്ല. കണ്ടക്ടർ ആവശ്യപ്പെട്ടു, ഇറങ്ങുവാൻ. മത്തായി ഒന്നും ശബ്ദിക്കുന്നില്ല. കണ്ടക്ടർ ശകാരസ്വരത്തിൽ വീണ്ടും പറഞ്ഞു. മറുപടി ഒന്നും കിട്ടാത്തതിനാൽ അയാാം അടുത്തുചെന്നപ്പോഴാണു് കാര്യം മനസ്സിലാകുന്നതു്. അയാാം ക്ഷുഭിതനായി. ഇവററകളെ യൊക്കെ, ബസ്സിൽ കയററിയതിൻെറ ഫലം!! അയാാം തുടന്നു പലതും പറഞ്ഞു. ഡ്രൈവറും കണ്ടക്ടറുംകൂടി ആലോ ചിച്ചു. എന്നിട്ടു വീണ്ടും പറഞ്ഞു: ''എടോ ചേട്ടാ, ഞങ്ങാംക്ക വണ്ടികൊണ്ടു ഷെഡ്ഡിൽ എത്തിക്കണം. അതുകഴിഞ്ഞേ ഞങ്ങാംക്കു് വീട്ടിൽ പോകുവാൻ പററുകയുള്ളൂ. വണ്ടിയിൽ നിന്നും വേഗം ശവം പുറത്തിറക്കു.'' മത്തായി പറഞ്ഞു: ''എൻെറ സാറെ, ഞങ്ങാം ആശുപത്രിയിൽ പോകുവാൻ വന്ന താണു്. ഞങ്ങാംക്കു് പരിചയക്കാരാരുമില്ലിവിടെ. പിന്നെ അരമനയിൽ ചെന്നാൽ ഞങ്ങാംക്കു് പിതാവും അച്ചന്മാരു മുണ്ടു്.'' അവർ ചോദിച്ചു: ''ഏതാടോ, അരമനയും പിതാ വും?'' അക്കാലത്തു് 'അരമന, പിതാവു്' എന്ന പദപ്രയോഗ ങ്ങാം പരിചിതമായിരുന്നില്ല. ''വള്ളോപ്പള്ളി മെത്രാനച്ചനെ അറിയില്ലേ?'' ''വള്ളോപ്പിള്ളി ബിഷപ്പോ! അദ്ദേഹം നിങ്ങളെ അറിയുമോ''? കണ്ടക്ടക്കു് സമാധാനവും ആശ്വാസ വുമായി. അവർ വിവരം പോലീസിൽ അറിയിച്ചു. ബസ്സ് അരമനപ്പടിക്കൽ എത്തി. ശവം എടുത്തു് ഗേററു തുറന്നു് ഉള്ളിൽ കിടത്തി. കണ്ടക്ടർ കേറിവന്നു് അരമനയിലെ അച്ച ന്മാരോടു വിവരം പറഞ്ഞശേഷം അതിവേഗം ബസ്സുമായി സ്ഥലം വിട്ടു. മത്തായിക്കവേണ്ട സൗകര്യങ്ങളെല്ലാം അച്ച ന്മാർ ചെയ്തുകൊടുത്തു. അവരും മത്തായിയുടെകൂടെ ഉറക്കള ച്ചിരുന്നു പരേതനുവേണ്ടി പ്രാത്ഥിച്ചു. രാവിലെ ശവസംസ്കാ രത്തിനു് അച്ചന്മാർ വേണ്ട ഏർപ്പാടുകാം നടത്തി. തലശ്ശേരി

'ഹോളി റോസറി' പള്ളിസിമിത്തേരിയിൽ ജോണിൻെറ മൃതശരീരം ബഹുമാനപൂർവ്വം സംസ്കരിച്ചു. ശവസംസ്കാരച്ചടങ്ങുകഠം ഈ ലേഖകനാണു നടത്തിയതു്. എട്ടൂർ (ഇരിട്ടി) ഭാഗത്തേക്കുള്ള കുടിയേററത്തിൻെറ ആരംഭകാലത്തു് 1947–ൽ മലേറിയാബാധ അതികഠിനമായിവന്നു. ചെടികുളത്തു് പത്തുപന്ത്രണ്ടു ഈഴവകുടുംബങ്ങഠം വന്നു് കൃഷിചെയ്തു താമസിച്ചു. നല്ല വീര്യമുള്ള മണ്ണു്. എന്തു നട്ടാലും തഴച്ചുവളരുന്നു. ഇതുകണ്ടു രാമപുരം കാരൻ കുഴികണ്ടത്തിൽ ആഗസ്തിയും കുടുംബവും വന്നു ചെടികുളത്തു സ്ഥലംവാങ്ങി താമസമാക്കി. ഈ സുഖവും സന്തോഷവും അധികം നീണ്ടുനിന്നില്ല. പനി ഓരോരുത്തരെ ബാധിക്കുവാൻ തുടങ്ങി. നേരത്തേ വന്നിരുന്ന ഈഴവരിൽ ഭൂരിഭാഗവും പരലോകം പ്രാപിച്ചു. ശേഷിച്ചവർ മടങ്ങിപ്പോയി. കുഴികണ്ടം ആഗസ്തി മാത്രമായി ചെടിക്കുളത്തു്. അധികം താമസിച്ചില്ല. ആഗസ്തിയുടെ ഭാര്യയേയും പ്രായമായ മക്കഠം രണ്ടുപേരേയും പനി പിടികൂടി. രണ്ടുമൂന്നു ദിവസങ്ങഠംക്കകം ഒരു ദിവസംതന്നെ മൂന്നുപേരും അന്ത്യശ്വാസം വലിച്ചു. രണ്ടു ശിശുക്കഠം മാത്രമേ ബാക്കിയുള്ളൂ. ആ വ്രണിതഹൃദയൻ, ശേഷിച്ച കുഞ്ഞുങ്ങളേയും വച്ചുകൊണ്ടു് ഒരു രാത്രിമുഴുവൻ ആ മൃതശരീരങ്ങളുടെ അടുത്തിരുന്നു കരഞ്ഞു. ആരും സഹായത്തിനില്ല. അനുശോചിക്കുവാനും ആശ്വസിപ്പിക്കുവാനും ആരുമില്ല. തൻെറ സ്നേഹനിധിയായ ഭാര്യയേയും വത്സലമക്കളേയും താൻതന്നെ സംസ്കരിക്കണം. താൻതന്നെ അവക്കായി മണ്ണിൽ കുഴി നിർമ്മിക്കണം. ഒരു ദിവസം മുഴുവൻ കഷ്ടപ്പെട്ടു പണിതു. ഒരു കുഴി വെട്ടിയുണ്ടാക്കി. വേറൊരു പ്രശ്നം! എങ്ങനെ കുഴിവരെ ശവശരീരം കൊണ്ടുപോകും? രണ്ടും നാലും വയസ്സു പ്രായമുള്ള കുട്ടികളും താനും മാത്രം. ഒററക്കെടുക്കുവാൻ ശ്രമിച്ചുനോക്കി. ഒട്ടും സാധ്യമല്ല. മൃതശരീരത്തിൻെറ കാലിൽ കയർ കെട്ടി. ഓരോരുത്തരേയും കുഴിവരെ വലിച്ചു. കല്ലിൻേറയും കുററിയുടേയും ഇടയിൽകൂടി വലിച്ചു. എങ്ങനെ കുഴിയിലേക്കു് ഇറക്കും? കല്ലും മരവും ഇടുന്നതുപോലെ ഇടേണ്ടിവന്നു. ഏററം ഹൃദയഭേദകമായ പ്രവൃത്തികളായിരുന്നു ഇവയെല്ലാം! പക്ഷേ എല്ലാം ചെയ്യേണ്ടിവന്നു! സഹിക്കേണ്ടിവന്നു! അല്ലെങ്കിൽ കഴുകനും കുറുക്കനും കൊണ്ടുപോകും. ഒന്നുരണ്ടു മാസങ്ങഠം കടന്നുപോയി. ഏതാനും മൈൽ ദൂരെ മരുതാവിൽ ആളുകഠം കുടിയേറിത്തുടങ്ങി. ആഗസ്തി ഒട്ടും താമസിച്ചില്ല. അങ്ങോട്ടു താമസം മാററി. അയാളുടെ ശേഷിച്ച അന്നത്തെ കുഞ്ഞുമക്കഠം ഇപ്പോഠം അവിടെ സുഖസൗകര്യങ്ങളോടെ താമസിക്കുന്നു.

പൊങ്ങമ്പാറ അപ്പച്ചി കുററിയാടിയിലേക്കുള്ള ആദ്യകുടിയേററക്കാരിൽ ഒരാളായിരുന്നു. 1932-ൽ മരുതോങ്കരവന്നു നെല്ലുവിതച്ചു; കപ്പനട്ടു; നല്ല വിളവു്. കുറച്ചു മുളകുവള്ളി നട്ടുനോക്കണം. നാട്ടിൽപോയി, ഒരു കെട്ടു വള്ളിത്തല കൊണ്ടുവന്നു. രണ്ടാഴ്ച എടുത്തു മടങ്ങിവരുവാൻ. മുററത്തു കയറിയപ്പോഠം ഭാര്യയും മൂത്തമക്കളും കരയുന്നു. തലേ ആഴ്ചയിൽ ഒരു മകൻ പനിപിടിച്ചു മരിച്ചു. പിറെറന്നാഠം സംസ്കരിച്ചു, പറമ്പിൻെറ ഒരു കോണിൽ. അതിൻെറ ഇളയമകൻ തലേ രാത്രിയിൽ ഇതാ മരിച്ചു കിടക്കുന്നു. പനിയായിരുന്നു രണ്ടുപേക്കും. അടുത്തെങ്ങും സഹായത്തിനു വീടുകളില്ല. അപ്പനും അമ്മയും മൂത്തമക്കളുംകൂടി നേരത്തെ മരിച്ചവൻെറ അടുത്തു കുഴിയുണ്ടാക്കി ഇളയവനെയും അടക്കി. നാട്ടിൽനിന്നു സൂക്ഷിച്ചുകൊണ്ടുവന്ന വള്ളിത്തല എടുത്തു് അപ്പച്ചി മുററത്തേയ്ക്കു വലിച്ചെറിഞ്ഞു, "ഇനി കൊടി നടുന്നതെന്തിനു്, ആർക്കുവേണ്ടി"? എന്നു ചോദിച്ചുകൊണ്ടു്. രണ്ടുദിവസം കഴിഞ്ഞു. വലിച്ചെറിഞ്ഞ വള്ളിത്തലകഠം ചിലതെല്ലാം അതാ തല ഉയർത്തി നില്ക്കുന്നു. "നിങ്ങഠം കിളുത്തുവരികയാണോ എന്നു പറഞ്ഞുകൊണ്ടു് അവ എടുത്തു് ഓരോ വൃക്ഷച്ചുവട്ടിൽ നട്ടു". ആ കൊടികളിൽനിന്നു മുപ്പതു, നാല്പതു് ക്വിൻറൽ മുളകുവീതം പല കൊല്ലങ്ങളിൽ പറിച്ചെടുത്തു. ആ കൊടികളിൽ ചിലതു് ഇപ്പോഴും കേടാകാതെ കാണുന്നു; ഫലം തരുന്നു. ഇതു കണ്ടപ്പോഠം പുത്രവത്സലനായ അപ്പച്ചിയുടെ ക്രിസ്തീയവിശ്വാസം കൂടുതൽ സജീവമായി. അദ്ദേഹം പറയുമായിരുന്നു: "എൻെറ കുഞ്ഞുങ്ങഠം ഭൂമിയിൽ മരിച്ചുവെങ്കിലും അവർ ഇപ്പോഠം സ്വർഗ്ഗത്തിൽ ജീവിക്കുന്നു. ഈ വള്ളിച്ചെടികഠംപോലെ മുപ്പതുകൊല്ലത്തേക്കല്ല, കാലാകാലത്തേയ്ക്കു്, അവർ സ്വർഗ്ഗത്തിലിരുന്നു സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു. അതുകൊണ്ടാണു് എൻെറ മുളകുവള്ളികഠം മാത്രമല്ല, എല്ലാ കൃഷികളും അഭിവൃദ്ധിപ്പെടുന്നതു്".

പാലൂക്കുന്നേൽ കൊച്ചേട്ടൻ (പൂവരണി) ഒരു തോക്കു വെടിക്കാരനാണു്. തോക്കുമായി 1948-ൽ പെരുവണ്ണാംമൂഴിയിലെ ഒരു കാട്ടിൽക്കൂടെ നടന്നപ്പോഠം, പൂത്തോട്ടുപടവിൽ ഔസേപ്പിൻെറ രണ്ടുമക്കഠം ചൂരൽവള്ളി പറിക്കുന്നതു കണ്ടു. "എന്തിനാണു വള്ളി" എന്നു് കൊച്ചേട്ടൻ ചോദിച്ചു. കുട്ടികഠം കരഞ്ഞുകൊണ്ടു പറഞ്ഞു: "അപ്പൻ ഏററുമാടത്തിൽ കിടന്നു മരിച്ചു. വളരെ പൊക്കമുള്ള വൃക്ഷക്കവരയിലാണു മാടം. താഴെ ഇറക്കണം". "നിങ്ങഠം വീട്ടിലേയ്ക്കു പൊയ്ക്കൊള്ളുവിൻ, ഞാനും

എന്റെ മക്കളും കൂടെ വരാം. കയർ കെട്ടാതെ ഇറക്കാമോ എന്നു നോക്കാം'', കൊച്ചേട്ടൻ പറഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞു കൊച്ചേട്ടനും മക്കളുംകൂടി പുത്തേട്ടുപടവിൽ എത്തി. എല്ലാവരുംകൂടി ഗോവണിയുണ്ടാക്കി; അതുവഴി കേറി ശവം എടുത്തു താഴെയിറക്കി കുഴിവെട്ടി സംസ്കരിച്ചു.

പേരാവൂരിൽ ആദ്യകാലത്തുവന്ന കുടിയേററക്കാർ ഒരു മര ആശാരിയേയും കൊണ്ടുപോന്നിരുന്നു. ആ ആശാരി മണത്തനഭാഗത്താണു താമസിച്ചിരുന്നതു്. അന്തീനാട്ടിൽ (പാലാ) താമസിച്ചിരുന്ന അയാളുടെ അനുജൻ ശങ്കരൻ തന്റെ ജ്യേഷ്ഠനെ കാണുവാൻ 1932-ൽ ദീർഘവും കഷ്ടപ്പാടു നിറഞ്ഞതുമായ യാത്രകഴിച്ചു മണത്തനയിൽ ജ്യേഷ്ഠന്റെ വീട്ടിൽ എത്തി. ഒരു ദിവസം മുഴവൻ ഉറങ്ങി. പിറേറ ദിവസം രാവിലെ എഴുന്നേററപ്പോൾ ഒരു അയൽവാസി ആശാരിയുടെ പുരക്കൽ വന്നു് അഭ്യർത്ഥിച്ചു: ''എന്റെ രണ്ടു കുട്ടികൾ കഴിഞ്ഞ രാത്രിയിൽ മരിച്ചു. ഭാര്യയും കിടപ്പിലാണു്. ഞങ്ങൾക്കാരുമില്ല സഹായത്തിനു്. നമ്മൾ തിരുവിതാംകൂറിൽനിന്നും വന്നവരാണല്ലോ. മരിച്ച കുട്ടികളെ മണ്ണിനു കീഴെ ആക്കുവാൻ നിങ്ങൾ കൂടിവന്നു സഹായിക്കണം. ഞങ്ങളുടെ പറമ്പിൽ എവിടെയെങ്കിലും ആയിക്കൊള്ളട്ടെ''. ശങ്കരൻ കൂട്ടത്തിൽ പോയി. ഒരു മൈലിൽ കൂടുതൽ അകലം നടന്നു. വീട്ടിൽകേറിയപ്പോൾ കണ്ട കാഴ്ച പരിതാപകരമായിരുന്നു. താൻ അടുത്തദിവസവും വന്നു കുഴിയുണ്ടാക്കേണ്ടിവരുമെന്നു തോന്നി. എല്ലാവരും പനിച്ചുകിടക്കുന്നു. മൃതശരീരം സംസ്കരിച്ചു കഴിഞ്ഞു മടങ്ങുമ്പോൾ ഒരു ചെറിയ തോടു കണ്ടു. ശവത്തെ സ്പർശിച്ചതല്ലേ; ഒന്നു കുളിച്ചിട്ടു വീട്ടിൽ പോകാമെന്നു ശങ്കരൻ കരുതി. മുണ്ടും ബീഡിയും തീപ്പെട്ടിയുമൊക്കെ ഒരു കല്ലിന്റെ പുറത്തുവച്ചു. കുളിച്ചുതോർത്തി. അപ്പോൾ വാലുവാലേ കേറുന്ന മീൻകണ്ടു രസിച്ചുകൊണ്ടു് അടുത്ത ഒരു കല്ലിന്റെ മുകളിൽ ഇരുന്നുപോയി. അങ്ങനെ അരമുക്കാൽ മണിക്കൂർ നേരം ഇരുന്നു കാണും. മുണ്ടും മററും വച്ച കല്ലിനടുത്തു വന്നപ്പോൾ ഒന്നും കാണുന്നില്ല. ചുററും നോക്കി. ഇവിടെ, ഈ വിജനപ്രദേശത്തു് ആരാണു് തന്റെ മുണ്ടു കൊണ്ടുപോകുവാൻ! ശങ്കരൻ പരിഭ്രമിച്ചു. വല്ല യക്ഷിയുമുണ്ടോ ഇവിടെ? താൻ കുഴിച്ചിട്ട കുട്ടികളുടെ പ്രേതങ്ങളായിരിക്കുമോ? ക്രിസ്തീയ ശരീരമാണു കുഴിച്ചുമൂടിയതു്. ക്രിസ്തീയ വൈദികനും മന്ത്രോച്ചാരണവുമില്ലാതെ. ശരി! ആ കുട്ടികളുടെ പ്രേതംതന്നെ; സംശയമില്ല;

ഭയമായി. അതാ! അതാ! ഒരു ഹാസ്യസ്വരം. ഭൂതംതന്നെ. പരിഭ്രമം വർദ്ധിച്ചു. അതാ വീണ്ടും ഹാസ്യസ്വരം. വ്യക്തമായി കേൾക്കാം, തലയ്ക്കുമുകളിൽ. ശങ്കരൻെറ ഭയം വർദ്ധിക്കുന്നു. ചങ്കിടിക്കുന്നു. അവൻ വീഴാതിരിക്കുവാൻ നിലത്തിരുന്നു. ഭൂതപ്രേതങ്ങളിൽ വിശ്വസിച്ചിരുന്ന ശങ്കരൻ വിയർത്തു. അവശനായി കിടന്നു. വീണ്ടും സ്വരം മുകളിൽനിന്നു്! കണ്ണുതുറന്നു നോക്കിയപ്പോൾ വാനരന്മാർ വൃക്ഷശിഖരങ്ങളിലിരുന്നു തൻെറ മുണ്ടു വിടർത്തി പരിശോധിക്കുന്നു. ബീഡി പങ്കിടുന്നു. ചിലർ മണക്കുന്നു; വായിലിട്ടു ചവച്ചു നോക്കുന്നു. തോട്ടിൽ മീൻകേററം കണ്ടു രസിച്ച ശങ്കരൻ വൃക്ഷശിഖരങ്ങളിൽ മക്കടന്മാരുടെ ലീലാവിനോദങ്ങളും അതേ കിടപ്പിൽ തന്നെ കിടന്നു കണ്ടു രസിക്കുകയും ക്ഷീണം തീക്കുകയും ചെയ്തു. കല്ലുകൊണ്ടെറിഞ്ഞപ്പോൾ വാനരന്മാർ സ്ഥലം വിട്ടു. ഭാഗ്യത്തിനു ശങ്കരൻെറ മുണ്ടു് അവർ കൊണ്ടുപോയില്ല. ഒരു മരത്തിൽ കുറച്ചു വലിഞ്ഞുകയറി ഒരു തോട്ടികൊണ്ടു ശങ്കരൻ അതു വീണ്ടെടുത്തു.

വേദനിപ്പിക്കുന്ന മരണരംഗങ്ങൾക്കിടയിൽ ചിരിപ്പിക്കുന്ന രംഗങ്ങളും മലബാറിൽ സുലഭമാണു്. ജഗൽനിയന്താവിൻെറ കരുണ.

പേരാവൂർ മേഖലയിൽ കുടിയേററത്തിൻെറ ആരംഭകോലത്തു് (1927) കോളയാട്ടു മാത്രമേ പള്ളിയുണ്ടായിരുന്നുള്ളു. കാട്ടിൽകൂടെ ആറേഴമൈൽ നടന്നു് കുടിയേററക്കാർ ഞായറാഴ്ച പള്ളിയിൽ എത്തും. തിരുക്കമ്മങ്ങളിൽ സംബന്ധിക്കുക മാത്രമല്ല ഉദ്ദേശ്യം. ബ. അച്ചനെക്കണ്ടു് (ഫാ. ഫെർണാണ്ടസ്) പലതും പറയുവാനുണ്ടു്. അച്ചനും പല കാര്യങ്ങൾ അറിയണം. പുതിയ എത്ര ആളുകൾ വന്നിട്ടുണ്ടു്; അവർ എവിടെയെല്ലാം താമസിക്കുന്നു; അവരൊക്കെ എവിടെനിന്നും വന്നവർ; നേരത്തെവന്നു താമസം തുടങ്ങിയവരുടെ സുഖാസുഖങ്ങൾ എങ്ങനെ; ഇവയെല്ലാം അറിയുവാനും പരസ്പരം പരിചയപ്പെടുവാനും കടയിൽനിന്നു സാമാനം വാങ്ങുവാനും വീട്ടിൽനിന്നു കത്തുകളുണ്ടോ എന്നന്വേഷിക്കുവാനും ഈ ഞായറാഴ്ചസമ്മേളനം ഉപകരിച്ചിരുന്നു. എട്ടുപത്തു കുടിയേററവീടുകളേ അന്നുണ്ടായിരുന്നുള്ളു. ഒരു ഞായറാഴ്ച കൊല്ലരിക്കൽ (പാലാ) സ്കറിയാ എന്ന ചെറുപ്പക്കാരനെ കണ്ടില്ല. അയാൾ ധീരനാണു്. തനിച്ചേയുള്ളു. കുറച്ചു സൗകര്യങ്ങളുണ്ടായിട്ടു് ഭാര്യയേയും കുട്ടികളേയും കൊണ്ടുവരാമെന്നു കരുതി.

സ്ലറിയാ നാട്ടിനു പോയതായിരിക്കുമെന്നു് എല്ലാവരും വിചാരിച്ചു. പിറെറ ഞായറാഴ്ചയും അയാളെ കാണാതിരുന്നപ്പോൾ രണ്ടുപേർ കച്ചവടപ്പീടികയിൽ ചെന്നന്വേഷിച്ചു. നാട്ടിനു പോയതായിരിക്കുകയില്ല; പോകുമ്പോൾ തന്നോടു പറയുക പതിവാണു്, അയാൾക്കു് കത്തും വന്നു കിടപ്പുണ്ടു്, എന്നു കച്ചവടക്കാരൻ പറഞ്ഞു. സ്ലറിയായുടെ കൃഷിസ്ഥലം എവിടെ എന്നു് അവർ അന്വേഷിച്ചറിഞ്ഞു. നെല്ലിക്കുന്നു് എന്ന ഭാഗത്തെത്തി. ദൂരെനിന്നു് ഏറുമാടം കാണാം. അവർ കൂവിവിളിച്ചു. യാതൊരു മറുപടിയുമില്ല. അവർ ഏറുമാടത്തിങ്കലേക്കു നടന്നു. ഒരു ദുർഗ്ഗന്ധം. അടുത്തെങ്ങാനും വല്ല മൃഗവും ചത്തുകിടപ്പുണ്ടായിരിക്കും. മാടത്തോടു സമീപിച്ചപ്പോൾ ദുർഗ്ഗന്ധം ശക്തിപ്പെടുന്നു. അവർ അടുത്തുചെന്നു നോക്കി. മുകളിലുള്ള മാടത്തിൽനിന്നു് ശരീരം ചീഞ്ഞഴുകി വെള്ളം തുള്ളിതുള്ളിയായി വീഴുന്നു. കഴുകന്മാരുമുണ്ടു്. സന്ദർശകരുടെ നയനങ്ങളിൽനിന്നു് ചുടുബാഷ്പകണങ്ങൾ അറിയാതെ പൊഴിഞ്ഞുവീണു. ക്രൂരനായ മലമ്പനി എന്ന രക്തരക്ഷസിൻെറ പതിനായിരം ബലിയാടുകളിൽ ഒന്നു്!!

## കാററും തീയും കാട്ടുമൃഗങ്ങളും

രാപകൽ ജോലിചെയ്തും കഷ്ടപ്പാടുകരം സഹിച്ചും പരിചയമുള്ളവരും സാഹസികരുമായ കർഷകരാണു് വീടും നാടും വിട്ടു് മലബാറിലേയ്ക്കു് കുടിയേറിയിരിക്കുന്നതു്. വീടു മാറുമ്പോരം കുറെ അസൗകര്യങ്ങരം ഉണ്ടാകുമെന്നു് അവർക്കറിയാം. എങ്കിലും കാററും മഴയും കാട്ടുതീയും കാട്ടുമൃഗങ്ങളുടെ ഉപദ്രവങ്ങളും കാട്ടുരാജാക്കന്മാരുടേയും ബുദ്ധിജീവികളുടേയും അസൂയയും, സ്വാർത്ഥതയും ഇത്ര കഠിനതരമായിരിക്കുമെന്നു് മലബാർ കുടിയേററക്കാർ ഊഹിച്ചില്ല. തങ്ങളുടെ ആരോഗ്യവും ആയുസ്സും കവന്റെടുക്കുന്ന മലമ്പനിയും മററു രോഗങ്ങളും മലബാർ മലയോരങ്ങളിൽ പതിയിരിക്കുന്ന കാര്യം അവർ നിസ്സാരമായിട്ടാണു് കരുതിയതു്. വളരെ സഹിച്ചുപഠിച്ചിട്ടുള്ള തങ്ങരംക്കു് ഈ ശത്രുക്കളേയും അഭിമുഖീകരിക്കുവാൻ സാധിക്കുമെന്നു് കുടിയേററക്കാർ വിചാരിച്ചു. പക്ഷേ, അവർ പ്രതീക്ഷിച്ചതിലും വളരെയേറെ കഠോരങ്ങളായിരുന്നു അവക്കു നേരിടേണ്ടിവന്ന ശത്രുക്കരം. ഒരു സഹായഹസ്തം നീട്ടിക്കൊടുക്കുവാൻ ആദ്യകാലങ്ങളിൽ ആരും അവക്കുണ്ടായിരുന്നില്ല. ലോകജീവിതത്തിലും കൃഷിപ്പണികളിലും കഷ്ടപ്പാടുകരം നിരവധിയായിരിക്കുമെന്നു് അവർ പഠിച്ചിട്ടുണ്ടു്. എങ്കിലും കൂട്ടത്തോടെ വന്നിരുന്ന വിവിധ ശത്രുനിരകരം അവരെ ഭീതിപ്പെടുത്തി. അവർ ഈശ്വരനിൽ ആശ്രയിച്ചു. അവിടുന്നു് അവരെ സഹായിച്ചു. തൽഫലമായി പിറകെ പിറകെ പുതിയ കുടിയേററക്കാർ വന്നുതുടങ്ങി. ക്ഷീണിച്ച ജവാന്മാരുടെ സ്ഥാനങ്ങളിൽ ഒന്നിനുപകരം പത്തുപേർ വീതം അണിനിരന്നു. യുദ്ധരംഗത്തു ശക്തിയായ കോളിളക്കവും ആവേശവും സൃഷ്ടിച്ചു. വർദ്ധിച്ച തോതിലുള്ള ഈ കുടിയേററമാണു് നേരത്തെ എത്തിയവരുടെ ജീവന്മരണസമരത്തെയും മലബാർ കുടിയേററത്തെത്തന്നെയും വിജയിപ്പിച്ചതെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

മലബാർ കുടിയേററക്കാർക്കു് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ അതിഭയങ്കരങ്ങളായിരുന്നു. എണ്ണിയാൽ തീരാത്തവയും. ചുരുക്കം ചില അനുഭവങ്ങൾ മാത്രം താഴെ വിവരിക്കുന്നു.

കുടിയേററക്കാരെ മടുപ്പിക്കുകയും നിരാശയിലെത്തിക്കുകയും ചെയ്ത ഒരു ഭയങ്കരശല്യമായിരുന്നു കാട്ടുമൃഗങ്ങളുടേതു്. ആന കൃഷിത്തോട്ടങ്ങൾ നശിപ്പിക്കുകയും കൃഷിക്കാരെത്തന്നെ കൊന്നൊടുക്കുകയും ചെയ്യും. കടുവാക്കും പുലിക്കും നെല്ലും കപ്പയും വേണ്ടാ. എന്നാൽ കൃഷിക്കാരൻ വളർത്തുന്ന ആടുമാടുകളും കൃഷിക്കാരനെത്തന്നെയും വേണം. കുററിയാടിയിലേക്കുള്ള രണ്ടാംമുന്നണി കുടിയേററക്കാരിൽ പ്രമുഖനായിരുന്ന ശ്രുട്ടേലാശാൻെറ കൊച്ചു് എന്നു പേരുള്ള മൂത്തമകനെ 1928–ൽ ഒരു കടുവാ വീട്ടിൽ കേറിവന്നു കടിച്ചുവലിച്ചു് കുറെ ദൂരം കൊണ്ടുപോയ വിവരം എഴുതിയതാണല്ലോ. ആടുമാടുകളെ കടുവാ കൊണ്ടുപോകുന്നതു് സർവ്വസാധാരണമായിരുന്നു. അവർ തൊഴുത്തിൽ കേറി വളർത്തുമൃഗങ്ങളെ കൊണ്ടുപോകും. ഈ അടുത്ത കാലത്തു്, 1974– ൽപോലും കുന്നോത്തു കോൺവെൻറുകാരുടെ തൊഴുത്തിൽനിന്നു് മൂന്നുനാലു് ആടുകളേയും പശുക്കിടാക്കളേയും കടുവാ പിടിച്ചുകൊണ്ടുപോയി തിന്നു.

ശ്രാട്ടേലാശാൻ കുററിയാടിയിൽ വന്നകൊല്ലംതന്നെ, 1928–ൽ, നല്ലതുപോലെ കുഴിയെടുപ്പിച്ചു് 500 തെങ്ങു നട്ടു. പക്ഷേ, ഒന്നുരണ്ടു ദിവസംകൊണ്ടു് എല്ലാം കാട്ടുമൃഗങ്ങൾ നശിപ്പിച്ചുകളഞ്ഞു. പേരാവൂരിലും ഇതുതന്നെയായിരുന്നു സ്ഥിതി. തോട്ടത്തിൽ ജോണും വടക്കേമുളഞ്ഞനാൽക്കാരും കാട്ടുമൃഗങ്ങളിൽനിന്നു തെങ്ങുകൾ രക്ഷിച്ചെടുക്കുവാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നു. തൽഫലമായി അവർക്കുമാത്രം കുറച്ചു തെങ്ങു് ആരംഭകാലത്തു വളർത്തിയെടുക്കുവാൻ സാധിച്ചു. കാട്ടുമൃഗങ്ങളുടെ ശല്യങ്ങളാൽ വടക്കേ മുളഞ്ഞനാൽക്കാർ നാട്ടിലേയ്ക്കു മടങ്ങിപ്പോകുവാൻ തയ്യാറായി. ജന്മിയായ മമ്മുഹാജി നിർബ്ബന്ധിച്ചതുകൊണ്ടാണു് അവർ മടങ്ങിപ്പോകാതിരുന്നതു്. കണ്ണോം, കോടഞ്ചേരി, പൂളവള്ളി ഭാഗത്തു് 1944–ൽ 150 വീട്ടുകാരോളം വന്നു സ്ഥലം വാങ്ങി നെൽകൃഷി നടത്തി. നല്ല നെല്ലും കാലാവസ്ഥയുമായിരുന്നു. പക്ഷേ, കാട്ടുമൃഗങ്ങളെ തടുക്കുവാൻ പലർക്കും പററിയില്ല. അവരെല്ലാം നിസ്സഹായരായി. ജീവിക്കുവാൻ മാർഗ്ഗമില്ലെന്നായി. വീടു വിൽക്കാതെ പോന്നവർ മടങ്ങിപ്പോയി. നാട്ടിൽ ചെന്നാൽ വഴിയില്ലാത്തവരും മടങ്ങ

വാൻ വണ്ടിക്കൂലിയില്ലാത്തവരും ഇവിടെ കൂലിപ്പണിയെടുത്തു പട്ടിണിയും പരിവട്ടവുമായി അലഞ്ഞുതിരിഞ്ഞു. 150 വീട്ടുകാരുണ്ടായിരുന്ന ഒരു കോളനിയിൽ ഒരു കൃഷി കഴിഞ്ഞപ്പോഴേക്കും 33 വീട്ടുകാർ മാത്രം ശേഷിച്ചു.

കച്ചേരിക്കടവു കോളനി കൂർഗ് ഫോറസ്റ്റിനടുത്താണ്. പുഴ കടന്നാൽ കാട്ടാനയ്ക്കു് എളുപ്പത്തിൽ തീററകിട്ടും. തെങ്ങും കമുകും വാഴയും നെല്ലും കപ്പയും കുടിയേററക്കാർ നട്ടുവളർത്തുന്നുണ്ട്. ആനയ്ക്കും പന്നിയ്ക്കും സൗകര്യമായി. അധികം തേടി നടക്കാതെ വയറുനിറയ്ക്കാം.

മണ്ണൻപ്ലാക്കൽ പ്രഞ്ചുചേട്ടൻ (ചിറക്കടവ്–കാഞ്ഞിരപ്പള്ളി) നല്ല കൃഷിക്കാരനാണ്. പൊട്ടിച്ച പാറയിൽ പുഴയുടെ തീരത്തു മുപ്പത്താറു് ഏക്കർ സ്ഥലം വാങ്ങി ധാരാളം പണം മുടക്കി ശാസ്ത്രീയമായി കൃഷിചെയ്തു. 1960ൽ റബ്ബറും തെങ്ങും വാഴയും വച്ചുപിടിപ്പിച്ചു. കാത്തുകിടന്നു് ആനയെ ഓടിച്ചിരുന്നു. നാലഞ്ചു കൊല്ലമായി. തെങ്ങു വളർന്നു. ആന പതിവായി വന്നു തെങ്ങു പറിക്കുവാൻ തുടങ്ങി. അട്ടഹാസവും പന്തവും കല്ലേറും അവനു ഭയമില്ലെന്നായി. ചൊട്ടവരാറായ ഒരു തെങ്ങെങ്കിലും പറിച്ചു വയററിലാക്കിയിട്ടേ അവൻ ഏതു പ്രതിഷേധവും ഗൗനിക്കുകയുള്ളൂ. ഒരു ദിവസം ഗജവീരൻ പ്രഞ്ചുചേട്ടന്റെ ശല്യം നിർത്താമോ എന്നു നോക്കി. അവൻ ഏറുമാടം ആക്രമിച്ചു. മാടം നിലംപതിച്ചു. പ്രഞ്ചു വൃക്ഷശിഖരത്തിൽ കെട്ടിപ്പിടിച്ചിരുന്നു. അടുത്തദിവസം അയാൾ എല്ലാം ഉപേക്ഷിച്ചു നാട്ടിലേയ്ക്കു മടങ്ങിപ്പോയി.

കച്ചേരിക്കടവിൽ 1966–ൽ മാളിയേക്കൽ വക്കച്ചന്റെ തെങ്ങ് ആന പറിച്ചുതിന്നു. കായ്ക്കാറായ തെങ്ങ്. കല്ലുകൊണ്ടെറിഞ്ഞിട്ടും സ്വരമുണ്ടാക്കിയിട്ടും ആ കരിവീരൻ ഗൗനിക്കുന്നില്ല. ഉടമസ്ഥൻ കാവലിരുന്നു. പിറെറന്നാൾ ആനവന്നു തെങ്ങുപറിച്ചപ്പോൾ കല്ലുകൊണ്ടെറിയുകയല്ല ചെയ്തതു്, തോക്കിൽക്കൂടെ ഇരുമ്പുണ്ട അയച്ചു. ആന അലറിക്കൊണ്ടു സ്ഥലം വിട്ടു.

നെൽവയലിലിറങ്ങി നെല്ലു പറിച്ചുതിന്നുന്നതു് ആനയ്ക്കും കാട്ടുപന്നിയ്ക്കും ഉത്സവമാണ്. പ്രത്യേകിച്ചു കതിർവന്നു പാലുറയ്ക്കാറായ നെൽപ്പാടങ്ങളിൽ. അവ നോക്കിക്കണ്ടുപിടിച്ചു പാടത്തിറങ്ങിയാൽ മതിവരെ തിന്നാതെ കേറിപ്പോകുകയില്ല. സ്വരമുണ്ടാക്കിയാലും കല്ലും പന്തവും എറിഞ്ഞാലും

പ്രശ്നമല്ല. അവർ തൃപ്തിവരെ തിന്നേ മാറൂ. ഈ സംരംഭത്തിൽ അവരെ എതിരിടുന്നവരെ അവർ വച്ചുവാഴിക്കയില്ല. ഇങ്ങനെയുള്ള മുഷ്ക്കന്മാരെ നേരിടുവാൻ തോക്കും വെടിയും വേണം. പാവപ്പെട്ട കുടിയേററക്കാർക്ക് അതിനൊന്നും കഴിവില്ല. ചോര നീരാക്കിപ്പണിയെടുത്തുണ്ടാക്കിയ നെല്ലും മററു വിഭവങ്ങളും ആന കേറി തിന്നുന്നതു ദൂരെനിന്നു നോക്കിക്കണ്ടു സഹിക്കയല്ലാതെ വേറൊന്നിനും അവനു കഴിവില്ല.

1963-ൽ കൊമ്മററത്തിൽ പത്രോസ് (എലഞ്ഞിക്കാരൻ, കൂടരഞ്ഞി) തൻെറ സ്ഥലത്തു നെല്ലു വിതച്ചു. കളയും വള്ളിയുമെല്ലാം യഥാകാലം എടുത്തുകളഞ്ഞു. നല്ല നെല്ല്. തഴച്ചു വളരുന്നു. കൃഷിസ്ഥലത്തുതന്നെ ഏററുമാടമുണ്ടാക്കി എന്നും കാവലിരുന്നു, ആനയും പന്നിയും കേറി നശിപ്പിക്കാതെ സംരക്ഷിക്കുവാൻ. പലദിവസം ആനവന്നു. സ്വരമുണ്ടാക്കിയും എറിഞ്ഞും അവയെ ഓടിച്ചു. ഒരു ദിവസം ഒരു ഒററയാൻ മാത്രം വന്നു. ഭീരുക്കളെ കൂട്ടത്തിൽ കൊണ്ടുവന്നിട്ടില്ല. പത്രോസാണ് ഏററുമാടത്തിൽ. അവൻ പതിവുപോലെ സ്വരമുണ്ടാക്കി. ഏറുകൊണ്ടിട്ടും ആന വേഗത്തിൽ നെല്ലു പറിച്ചു തിന്നുകയാണ്. പത്രോസ് വീണ്ടും ശക്തിയായി എറിഞ്ഞു. ആനക്കതു രസിച്ചില്ല. തന്നെ ശല്യപ്പെടുത്തുന്നവനെ ശിക്ഷിക്കുവാൻ ആ വാശിക്കാരൻ തീരുമാനിച്ചു. അവൻ മാടത്തുങ്കലെത്തി മാടം കൊമ്പിൽ പൊക്കിയെടുത്തുകൊണ്ടു കാട്ടിലേക്കു നടന്നു. ഇതിനിടയിൽ പത്രോസ് മാടത്തിൽനിന്നും കുററിക്കാട്ടിൽ വീണുപോയി. എങ്ങനെയോ ആനയുടെ ശ്രദ്ധയിൽ ഇതു പെട്ടില്ല. അവൻ വിജയഭാവത്തിൽ അമ്പാരി എഴുന്നെള്ളിച്ചുകൊണ്ടു കാട്ടിൽ എത്തി. മാടം നിലത്തിട്ടു ചവുട്ടിത്തകർത്തു. അവനു തന്നെ ശല്യപ്പെടുത്തിയ പത്രോസിനെ കിട്ടിയില്ല. പാവം പത്രോസ്! അവൻ രക്ഷപെട്ടെങ്കിലും പേടിച്ചു ഷോക്കേററതിനാൽ ഇപ്പോഴും തലക്കു സുബോധമില്ല.

മുള്ളൻകുന്നിൽ (കുററിയാടി) പുരയിടത്തിൽ തോമസ്സിൻെറ വീട്. 1935-ൽ ഒരു ദിവസം സന്ധ്യക്കു ദൂരെനിന്ന് ഒരു സ്വരം കോക്കാം. ചെറിയ മഴയുണ്ട്. സ്വരം അടുത്തടുത്തു വരുന്നു. തോമസ്സിൻെറ പണിക്കാർ ശ്രദ്ധിച്ചിട്ടു പറഞ്ഞു: ആന വരുന്നതാണ്, വീടും സാമാനങ്ങളും നശിപ്പിക്കും. അടുത്തൊരു വലിയ മരമുണ്ട്, ആന വരുമ്പോാ കേറി രക്ഷപ്പെടുവാൻ. ധൃതിയിൽ എല്ലാവരേയും, പെണ്ണുങ്ങളേയും പിള്ളേ

രേയും അതിന്മേൽ വലിച്ചുകേററി തോമസും കേറി. പല പ്പോഴും കേറിയിട്ടുള്ളതാണ്. പേടിച്ചുവിറച്ച് ഓരോ കമ്പി ലും കവരയിലും സ്ഥലം പിടിച്ചു. ആന വരുന്നതു നോക്കി ക്കൊണ്ടു ശ്വാസംപോലും അടക്കിപ്പിടിച്ചിരുന്നു. സ്വരം അടു ത്തടുത്തുവരുന്നുണ്ട്. അതാ വരുന്നു, എരുമകളുടെ ഒരു പററം. ഏതോ ജന്മിയുടെ ഒരു കാലിക്കൂട്ടത്തെ കാലിനോട്ടക്കാരൻ കൊണ്ടുപോയി തീററിയശേഷം മടക്കിക്കൊണ്ടുപോകയാണ്. അവ വരുന്ന സ്വരമായിരുന്നു കേട്ടതു്. പായൽ പിടിച്ചു തെററിത്തെറിച്ചുനിന്ന മരത്തിൽ ഈ സ്ത്രീകളേയും കുട്ടികളേയും വെറുതെ വലിച്ചുകേററിയല്ലോ എന്ന ജാള്യത എല്ലാവരുടേയും മുഖത്തു കാണപ്പെട്ടു.

1952-ൽ പൂക്കൊമ്പിൽ ജോണിയെ (കോഴിച്ചാൽ) ആന ഓടിച്ചു കുത്തിക്കൊന്നു. നമ്പുടാകം കൊച്ചു് (കോടഞ്ചേരി) ഒരിടത്തുപോയി മടങ്ങിയെത്തിയപ്പോഠം അയാളുടെ പുര ആന തള്ളി മറിച്ചിട്ടിരിക്കുന്നു. കൊച്ചിൻെറ ഭാഗ്യം.

1945-ൽ കക്കയം ഭാഗത്തുള്ള ആവിയിൽ കുര്യാച്ചൻെറ (വയലക്കാരൻ) നെൽകൃഷിയിൽ ഒരു ഒററയാൻ ആന കേറി നെല്ലു നശിപ്പിക്കുന്നു. സ്വരം ഉണ്ടാക്കിയിട്ടു പോകുന്നില്ല. രാത്രി സമയം. കുര്യാച്ചൻ നല്ല വെടിക്കാരനാണ്. തോക്കും ലൈററുമെടുത്തു നെല്ലിലേയ്ക്കു പുറപ്പെട്ടു. അപ്രതീക്ഷിതമായി ആന വെടിക്കാരൻെറ നേരെ തിരിഞ്ഞു. വെടിവെയ്ക്കുവാൻ പററിയില്ല. ഓടി. ആന പിറകെ. തുമ്പിക്കൈകൊണ്ടു് എത്തിപ്പിടിച്ചു കുര്യാച്ചനെ. നിലത്തടിച്ചു. ഒരു ചവിട്ടും കൊടുത്തു. കുര്യാച്ചൻ ആന്ത്യശ്വാസം വലിച്ചു.

1954-ൽ പാട്ടശ്ശേരിൽ തോമസിൻെറ (കുളത്തുവയൽ) നെൽകൃഷിയിൽ ആന കേറി. ഏററുമാടത്തിൽ കാവലിരുന്ന വർ സ്വരമുണ്ടാക്കി. ആന ഒന്നും കൂട്ടാക്കിയില്ല. വയർ നിറയെ തിന്നശേഷമേ അവൻ സ്ഥലം വിട്ടുള്ളൂ. തോമസ് ധീരൻ. ചെറുപ്പക്കാരൻ. തൻെറ നെല്ലു തിന്നുന്നവനെ ഒന്നു ശിക്ഷിക്ക ണമെന്നു കരുതി. തോക്കുമായി പുറപ്പെട്ടു. അടുത്തു പ്രതീ ക്ഷിക്കാത്ത ഒരു ഭാഗത്തുനിന്നു് ഒരു ചീററൽ. തോമസിൻെറ തലയും ദേഹവും ആനയുടെ തുപ്പലും ഞോളയുംകൊണ്ടു് അഭി ഷേകം ചെയ്യപ്പെട്ടു. പെട്ടെന്നു തോമസ് നിലത്തുവീണുരുണ്ടു. ഇടതൂർന്ന വൃക്ഷങ്ങളുണ്ടായിരുന്നതിനാൽ തോമസിനെ പിടി കിട്ടിയില്ല, ആനയ്ക്കു്.

തിരുവാമ്പാടിയിൽ പാലക്കടവു ഭാഗത്തു താമസമാക്കിയിരുന്ന മണിമലക്കാരൻ അക്കുററു കുട്ടപ്പൻ 1948-ൽ മരിച്ചു. ഏതോ കാരണത്താൽ തടവുശിക്ഷ അനുഭവിച്ചശേഷം മടങ്ങിവന്ന ആളാണു് കുട്ടപ്പൻ. പള്ളിയും സിമിത്തേരിയും അടുത്തില്ല. വൈദികശുശ്രൂഷയും സാദ്ധ്യമല്ല. ഓടകൊണ്ടു പെട്ടി ഉണ്ടാക്കി കുഴിയിലേയ്ക്കു ശവശരീരം എടുത്തുകൊണ്ടുപോരുമ്പോഠം ഒരാന ആളുകളെ ആക്രമിച്ചു. മഞ്ചം ഇട്ടംവെച്ചു് ആളുകഠം ഓടി രക്ഷപെട്ടു.

തൊടുപുഴക്കാരൻ മാത്യു മൈസൂർ സ്റ്റെയിററിൽപ്പെട്ട കൊട്ടിഗര എന്ന സ്ഥലത്താണു് താമസിക്കുന്നതു്. സ്വന്തമായി സ്ഥലം ഒട്ടും വാങ്ങിയില്ല. ചുററുപാടുകളെല്ലാം ശരിക്കു് അറിഞ്ഞശേഷം വാങ്ങാമെന്നു കരുതി. 1959-ൽ മാത്യു സ്ഥലവാസിയായ ഒരു ഗൗഡരുടെ വയൽ പാട്ടത്തിനുവാങ്ങി കൃഷി നടത്തി. നിസ്സാര പാട്ടം മാത്രം. വയൽ ഫോറസ്റ്റിനുള്ളിലാണെന്നും പറയാം. കാട്ടുമൃഗങ്ങളുടെ ശല്യം നിമിത്തം ആ വയലിൽനിന്നു കൃഷിക്കാരനു് ഒന്നുംതന്നെ കിട്ടാറില്ല. ഇക്കാരണത്താലാണു് സ്ഥലമുടമസ്ഥൻ ഇത്ര ചെറിയ പാട്ടത്തിനു കൊടുക്കുന്നതു്. ഇരുപത്തെട്ടുകാരനായ മാത്യുവിനു തോന്നി ഏതു ശത്രുവിനെയും പൊരുതി ജയിക്കാമെന്നു്. വയലിൻെറ അരികിലുള്ള ഒരു വലിയ വൃക്ഷക്കവരയിൽ ഒരു ഏററുമാടം കെട്ടിയുണ്ടാക്കി. നെല്ലു കൊതുമ്പായപ്പോഠം ആന വന്നുതുടങ്ങി. കല്ലേറും പന്തമേറുംകൊണ്ടു് മാത്യു ആനയെ ഓടിച്ചിരുന്നു. ഒരു ദിവസം ഒരു ഒററയാൻ മാത്രം വന്നു. തൻെറ അമൃതേത്തിനു തടസ്സമുണ്ടാക്കുന്ന മാത്യുവിൻെറ ശല്യം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. അവൻ ഏററുമാടത്തിൻെറ ചുവട്ടിലെത്തി. തള്ളിനോക്കി അതിൻെറ ബലം പരിശോധിച്ചു. അനങ്ങുന്നില്ല. മാത്യു ഒരു കൂസലുംകൂടാതെ മുകളിലിരുന്നു് ആ ഗജവീരനെ വെല്ലുവിളിച്ചു. അവനെക്കാഠം ശക്തിയായ വേരു് ആ വൃക്ഷത്തിനുണ്ടെന്നു് മാത്യുവിനറിയാം. മരം മറിക്കുവാൻ ആ വാശിക്കാരൻ പല ദിവസം ശ്രമം ചെയ്തു. ആ ദൃഢനിശ്ചയക്കാരനെ സമ്മാനിക്കുവാൻ മാത്യുവും തീരുമാനിച്ചു. ഒരു വീരചങ്ങല ആകട്ടെ എന്നു മാത്യു കരുതി. മാത്യു ഒന്നുരണ്ടു സ്നേഹിതന്മാരെ കൂടെക്കൂട്ടി. ഉണങ്ങിയ തേക്കിൻ വിറകു ചെറുതായി കീറിയെടുത്തു മാലപോലെ നീളത്തിൽ നൂൽക്കമ്പികൊണ്ടു കെട്ടിയുണ്ടാക്കി. മാല മണ്ണെണ്ണ ഒഴിച്ചു

 നനച്ചു. നാലാം ദിവസവും ആന വന്നു മരം മറിക്കുവാൻ

തള്ളി. അതിനിടക്ക് മാത്യുവും കൂട്ടകാരും മാലയ്ക്കു തീ കൊളുത്തി മുകളിൽനിന്നും ചങ്ങലപോലെ മിന്നൽവേഗത്തിൽ ഇട്ടുകൊടുത്തു. മാത്യുവിൻേറയും കൂട്ടകാരുടേയും മുഖത്തു് അൽപം പൊള്ളലേററെങ്കിലും ഉദ്ദേശിച്ച സ്ഥാനത്തു് ആ സ്വർണ്ണമാല ചാർത്തി സമ്മാനിക്കുവാൻ അവക്കു സാധിച്ചു. മിന്നിപ്രകാശിക്കുന്ന മാലയും ധരിച്ചുകൊണ്ടു് ആ ഗജവീരൻ കാട്ടിലേയ്ക്കോടി. അവൻ ഗജ്ജിച്ചു. അലറി. ഈ അലർച്ചകേട്ടു് മലകരംപോലും ഞെട്ടിവിറച്ചു. കാടുകരം തകത്തുകൊണ്ടു് അവൻ ഓടി അകന്നു. വൈദ്യുതബൾബുമാലപോലെ ആ തങ്കമാലയും പ്രശോഭിച്ചിരുന്നു. മാത്യുവിൻെറയും കൂട്ടകാരുടെയും കണ്ണുകരം വളരെദൂരം ആ പ്രകാശമാലയെ അനുധാവനം ചെയ്തു. ഈ കാഴ്ചയിലും തങ്ങളുടെ വിജയത്തിലും അവരുടെ ആഹ്ലാദം നിസ്സീമമായിരുന്നു. ഇത്ര പററിയ സമ്മാനം നല്കി തങ്ങളുടെ അതിഥിയെ സൽക്കരിക്കുവാനും ബഹുമാനിക്കുവാനും സാധിച്ചതിൽ മാത്യുവിനും കൂട്ടക്കും സന്തോഷവും അഭിമാനവും തോന്നി.

അക്കൊല്ലത്തേയും അടുത്തകൊല്ലത്തേയും വിളവുകരം കാര്യമായ നഷ്ടമൊന്നും കൂടാതെ മാത്യുവിനു ലഭിച്ചു. മാത്യു കൂടുതൽ സ്ഥലത്തു കൃഷികരം നടത്തി. മാത്യുവിനെ എല്ലാവരും പ്രശംസിച്ചു. അവൻെറ ബുദ്ധിയേയും ധീരതയേയും പ്രകീത്തിച്ചു. മാത്യുവും കുറെ അഹങ്കരിക്കാതിരുന്നില്ല. തണുപ്പുള്ള ഒരു രാത്രിയിൽ മാത്യുവിൻെറ വീട്ടിൽ പഴയ വീരശൃംഖലക്കാരൻ കയറിവന്നു. കൃഷിപ്പണിക്കാർ പലരും വരാന്തയിൽ കിടന്നുറങ്ങുന്നുണ്ടു്. അവരുടെ ഇടയിൽ ആ സന്ദർശകൻ തൻെറ ഇരു മുൻകാലുകളും ഊന്നി ആരും അറിയാതെ, ആരേയും ഉപദ്രവിക്കാതെ അകത്തു കട്ടിലിൽ കിടന്നുറങ്ങിയിരുന്ന മാത്യുവിനെ തുമ്പിക്കൈകൊണ്ടു പൊക്കിയെടുത്തു മുററത്തേക്കിറങ്ങി. മാത്യുവിനെ നിലത്തടിച്ചു. വലിച്ചു കീറി. ഒരു ഗജ്ജനവും നടത്തിയശേഷം സ്ഥലം വിട്ടു. അതൊരു ജയഭേരിയായിരുന്നു. ഒരു സന്ദേശമായിരുന്നു, ഈ പിള്ളേരുകളികൊണ്ടു തന്നെ തോല്പിക്കാമെന്നു കരുതിയ മാത്യു എത്ര പാവം എന്നു്.

കുടിയേററക്കാർ മരിക്കാതെയും മടങ്ങിപ്പോകാതെയും വിജയിക്കുന്നതു കണ്ടപ്പോരം ചില നാട്ടുപ്രമാണികരംക്കസൂയയായി. അവർ കാലികളേയും ആനയേയും കേററി കുടിയേററക്കാരുടെ കൃഷികരം നശിപ്പിക്കുവാൻ തുടങ്ങി.

ആനയും കടുവായും മാത്രമല്ല, മലബാറിലെ കുടിയേററക്കാരെ ഉപദ്രവിച്ച കാട്ടുമൃഗങ്ങൾ. പാമ്പും മററു വിഷജന്തുക്കളും വഴി മരണമടഞ്ഞവർ നിരവധിയാണ്. യാത്രാസൗകര്യങ്ങളും വൈദ്യന്മാരുമില്ലാത്തതിനാൽ വിഷപ്പാമ്പുകടിയേററാൽ മരിച്ചതുതന്നെ. അല്ലെങ്കിൽ നല്ല ധനശേഷി ഉള്ളവരായിരിക്കണം. 1947-ൽ ഓ. സി. ജോസിൻെറ അതിരു തെളിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വലിയ പാമ്പ് – മലംചുരുട്ട – വട്ടവത്തു കുട്ടിയെ (പൂവരണി) കടിച്ചു. അധികം താമസിയാതെ കുട്ടി ബോധംകെട്ടു. രണ്ടുമൂന്നുപേർ കൂടി എടുത്തു വീട്ടിൽ കിടത്തി. ജോസ് പണക്കാരനും ഔചിത്യമുള്ളവനുമായിരുന്നതിനാൽ നല്ല വൈദ്യനെക്കൊണ്ടു ചികിത്സിപ്പിച്ചു സുഖപ്പെടുത്തി. ഓരോ അപകടം വരുമ്പോൾ വഴിയും വാഹനങ്ങളുമില്ലാതെ, പുഴകൾക്കു പാലവും തോണിയുമില്ലാതെ, സാധുക്കളായ കുടിയേററക്കാർ എന്തു ചെയ്യും!

മ്ളാവ്, കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് മുതലായ മൃഗങ്ങൾ ധാരാളം കൃഷികൾ നശിപ്പിക്കും. കാടുതെളിച്ചും വെടിവെച്ചും പല മൃഗങ്ങളുടേയും എണ്ണം കുറഞ്ഞെങ്കിലും പന്നിയുടെ ശല്യം വദ്ധിക്കയാണു ചെയ്തതു്. കുടിയേററക്കാർ നെല്ലും കപ്പയും ചേമ്പും ചേനയും കൃഷിചെയ്തുണ്ടാക്കുന്നു. ബുദ്ധിമുട്ടു കൂടാതെ പന്നികൾ സുഭിക്ഷമായ ഭക്ഷണം ലഭിക്കുന്നു. നേരത്തെ കാട്ടുകിഴങ്ങുകൾ തേടി കണ്ടുപിടിച്ച് അവ മാന്തിയെടുത്തു ഭക്ഷിക്കണമായിരുന്നു. വളരെ പണിപ്പെട്ടെങ്കിലേ വയർ നിറയ്ക്കുവാൻ സാധിച്ചിരുന്നുള്ളൂ. ഇപ്പോൾ നെൽവയലിലേയ്ക്കും കപ്പത്തോട്ടത്തിലേയ്ക്കും സൗകര്യംനോക്കി ഇറങ്ങിയാൽ മതി. സമൃദ്ധമായ ഭക്ഷണം റെഡിമെയിഡായിക്കിടക്കുന്നു. കാടുകൾ വെട്ടിത്തെളിച്ചതിനാൽ കടുവായും പുലിയും കരകടന്നു. പന്നിയുടെ ശത്രുക്കൾ അവരായിരുന്നു. അവർ വൻകാടുകളിലേയ്ക്കു മാറി. പറമ്പുകളിൽ കുററിക്കാടുകളും കാട്ടുപുല്ലുകളും ധാരാളമുണ്ട്. കാട്ടുപന്നിക്ക് ഇഷ്ടമുള്ള പാർപ്പിടങ്ങളാണിവ. ഭക്ഷണത്തിനു ബുദ്ധിമുട്ടി ദൂരെയെങ്ങും പോകേണ്ട. കപ്പ, ചേമ്പ് മുതലായ കിഴങ്ങുവർഗ്ഗത്തോട്ടങ്ങൾ അടുത്തടുത്തുണ്ട്.

കച്ചേരിക്കടവ് ഇടവകയിൽപ്പെട്ട മുത്തുമാക്കൽ കുര്യാച്ചൻ അയാളുടെ വീടിനടുത്തു കുറെ സ്ഥലം ഒരുക്കി 1962-ൽ ഇഞ്ചി നട്ടു. നല്ല വിലയുള്ള കാലം. ഭാര്യയും കുട്ടികളുംകൂടെ തെളിഞ്ഞ ബാക്കി സ്ഥലത്തു കുറെ ചേമ്പും നട്ടു. മഴയും മററും തക്കത്തിനു

കിട്ടി. നല്ലതുപോലെ വളവും ചെയ്തു. നല്ല വളർച്ചയും വിള വും. അയൽക്കാർ പറഞ്ഞു, കുര്യാച്ചനു് ഇഞ്ചിക്കു നല്ല കോള ടിക്കുമെന്നു്. ഒരു ദിവസം നോക്കിയപ്പോഠം ഇഞ്ചിക്കണ്ടു മെല്ലാം കുത്തിമറിച്ചു് ചവുട്ടി നശിപ്പിച്ചിരിക്കുന്നു. മുക്കാൽ ഭാഗം ഇഞ്ചിയും നഷ്ടപ്പെട്ടു. ചേമ്പു നിശ്ശേഷം മാന്തിപ്പറിച്ചു് തിന്നിരിക്കുന്നു. കുര്യാച്ചൻ ഭാര്യയോടു ദേഷ്യപ്പെട്ടു ചോദിച്ചു: ‘‘നീ എന്തിനാ ഇഞ്ചിയുടെ അടുത്തു ചേമ്പു നട്ടതു്? നിനക്കറി ഞ്ഞുകൂടെ പന്നിക്കു ചേമ്പിഷ്ടമാണെന്നു്? എൻെറ ഇഞ്ചി യെല്ലാം നശിപ്പിച്ചു. പന്നി കൂട്ടത്തോടെയാണു വന്നതു്. അവർ ചേമ്പു തിന്നശേഷം കൂത്താടുകയായിരുന്നു. കളിയും ഡാൻസുമായിരുന്നു ഇഞ്ചിക്കകത്തു്. എനിക്കു് 2000–രൂപാ നഷ്ടം’’. കുര്യാച്ചൻ ഒരു മരത്തിൻെറ കവരയിൽ ഒളികെട്ടി തോക്കുമായി ഉറക്കമിളച്ചിരുന്നു. രണ്ടാമത്തെ രാത്രി വെളുക്കാ റായപ്പോഠം അതാ വരുന്നു ഒരു സൈന്യം. ഒരു കുടുംബത്തിലെ അംഗങ്ങഠം മാത്രം. അപ്പനും അമ്മയും ഇരുപതിൽപ്പരം മക്കളും. ആറേഴമാസം പ്രായമുള്ള മക്കഠം. അപ്പനാണു് ലീഡറായി മുമ്പിൽ. പിള്ളേരെല്ലാം ഓടിയും ചാടിയും തകൃതിം നടക്കുന്നു, റബർപന്തുപോലെ. നല്ല തടിച്ചുരുണ്ട കോമളന്മാർ. ചുണ ക്കുട്ടികഠം. അമ്മ ഏററം പിറകിൽ. കുസൃതികളെ ശാസിക്കു ന്നുമുണ്ടു് ഇടയ്ക്കിടയ്ക്കു്. കുര്യാച്ചനു് കൗതുകം തോന്നി. ഈ സന്തുഷ്ടകുടുംബത്തെ ഉപദ്രവിക്കുന്നതിൽ വിഷമവും. ഗീത യിലെ ശ്രീകൃഷ്ണൻെറ ഉപദേശം ഓത്തു. തോക്കിൻെറ കാഞ്ചി വലിച്ചു. വെടി പൊട്ടി. നാടൻ തോക്കാണു്. ഒരു വെടിയേ സാദ്ധ്യമാകു. തള്ളയും രണ്ടു പിള്ളേരും തറയിൽ വീണു. മററു ള്ളവരെല്ലാം ഓടി രക്ഷപെട്ടു. ഒരാഴ്ചത്തേയ്ക്കു് മുത്തുമാക്കൽ പെരുന്നാളായിരുന്നു. ഇഞ്ചിയും ചേമ്പും നഷ്ടപ്പെട്ട കാര്യമെ ല്ലാം മറന്നു. മൂന്നാംദിവസം ഊണുകഴിച്ചുകൊണ്ടിരുന്നപ്പോഠം ചേടത്തി കുര്യാച്ചനോടു ചോദിച്ചു: ‘‘ഞാൻ ചേമ്പു നട്ടില്ലായി രുന്നുവെങ്കിൽ ഈ പന്നിയെ കിട്ടുമായിരുന്നോ?’’ കുര്യാച്ചൻ തമാശരൂപേണ പറഞ്ഞു: ‘‘ഇഞ്ചിയുടെ 2000 രൂപാ ഇതിനു വിലയായി എന്നേയുള്ളു.’’

രാത്രിയിൽ കപ്പ വയറുനിറയെ തിന്നശേഷം ഒരു ഒററ യാൻപന്നി മണിക്കടവിലെ ഒരു കുററിക്കാട്ടിൽ കിടന്നു വിശ്ര മിക്കുകയാണു്. കീഴ്ക്കാരനായ കുഞ്ഞിക്കണ്ണൻ (തീയ്യൻ) പച്ചമരുന്നു പറിച്ചു കടകളിൽ കൊണ്ടുവന്നു കൊടുത്താണു കാല യാപനം നടത്തുന്നതു്. ഒരു ഇളത്തക്കാട്ടിൽ മരുന്നു തേടിവന്ന

പ്പോഠം ആ ഉഗ്രൻപന്നി കുഞ്ഞിക്കണ്ണനെ ആക്രമിച്ചു. തൻെറ ഉറക്കത്തിനു ഭംഗം വരുത്തിയ മരുന്നുകാരൻെറമേൽ ചാടി വീണു. അവൻെറ കൂർത്ത ദംഷ്ട്രങ്ങഠംകൊണ്ടു കുത്തി വെട്ടി നിലംപതിപ്പിച്ചു. മോന്തയിൽ പൊക്കിയെടുത്തു വീണ്ടും വീണ്ടും നിലത്തിട്ടു കുത്തി അവശനാക്കി. ഇങ്ങനെ കോപം തീർത്തശേഷം വിശ്രമിക്കുവാൻ വേറൊരു സ്ഥലത്തേയ്ക്കു പോയി. ഇതിനിടയിൽ രണ്ടു കുടിയേററക്കാർ അവരുടെ കപ്പതിന്ന ആക്രമി അടുത്ത കുററിക്കാട്ടിൽ ഉറക്കമായിരിക്കു മെന്നു കരുതി തോക്കുമെടുത്തു് തിരയുകയായിരുന്നു. ഒരു ദീന സ്വരം. അവർ ശ്രദ്ധിച്ചു. മൃഗത്തിൻെറയല്ല. അവർ അടുത്തു ചെല്ലുമ്പോഠം മരണപ്രായനായി കിടക്കുന്ന കുഞ്ഞിക്കണ്ണനെ യാണു കാണുന്നതു്. അവർ ഉടനെ അടുത്തെവിടെനിന്നോ ഒരു കട്ടിൽ കൊണ്ടുവന്നു വേറെ ആളുകളേയും കൂട്ടി പ്രഥമശുശ്രൂഷ കഠംക്കുശേഷം പതിന്നാലുമൈൽ ചുമന്നു് ഇരിട്ടിയിൽ കൊണ്ടു വന്നു. അവിടെനിന്നു് ഒരു ജീപ്പിൽ കൂത്തുപറമ്പു് ആശുപത്രി യിൽ എത്തിച്ചു. അവിടത്തെ ഡോക്ടർ വേഗം തലശ്ശേരി ആശുപത്രിയിൽ കൊണ്ടുപോകുവാൻ പറഞ്ഞതനുസരിച്ചു് അങ്ങനെ ചെയ്തു. ഏഴുമാസം ആശുപത്രിയിൽ കിടന്നു ചികി ത്സിച്ചതിനുശേഷമേ കുഞ്ഞിക്കണ്ണനു് ആരോഗ്യം കിട്ടിയുള്ളൂ. അയാഠം ഇപ്പോഴും അവശനാണു്. എങ്കിലും കുഞ്ഞിക്കണ്ണൻ ആയുസ്സുള്ളവൻതന്നെ. ഒററയാൻപന്നിയുടെ ആക്രമത്തിനു ശേഷം ജീവിക്കുന്നവർ ചുരുക്കമത്രേ. വേട്ടയ്ക്കു വന്നവർ ആ കാട്ടിൽ കുഞ്ഞിക്കണ്ണനെ കണ്ടുമുട്ടുവാൻ ഇടയായതും അയാളുടെ വേറൊരു ഭാഗ്യം. 1960–ലാണു് ഈ സംഭവം. അന്നു് ആളു കളും വീടുകളും ചുരുക്കമായിട്ടേ ഉണ്ടായിരുന്നുള്ളൂ.

1962–ൽ മരുതോങ്കരയിൽവച്ചു് ആലയ്ക്കൽ മത്തച്ചേട്ടനെ ഒരു കാട്ടുപന്നി ഉപദ്രവിച്ചു. അയാഠം എവിടെയോ പോയ ശേഷം വീട്ടിലേയ്ക്കു മടങ്ങുകയാണു്. സ്വന്തം പുരയിടത്തിലെ ത്തി. മണ്ണൊലിച്ചുപോകാതെ കയ്യാലകളെല്ലാംവച്ചു പണം മുടക്കി നല്ലതുപോലെ കൃഷിചെയ്യുന്ന ആളാണു് അദ്ദേഹം. കായ്ച്ചതും കായ്ക്കാറായതുമായ തെങ്ങുകളുടെ വളർച്ച നോ ക്കിക്കണ്ടു സന്തോഷിക്കുകയാണു് ആ കർഷകൻ. അതാ! ഒരു കാട്ടുപന്നി എതിരേവരുന്നു. ഓടി അടുക്കുകയാണു്. തന്നെ കണ്ടിട്ടും പന്നി കൂസൽ കൂടാതെ തൻെറ നേരേയാണു് വരു ന്നതു്. മത്തൻ സൂക്ഷിച്ചുനോക്കി. ചോരയൊലിക്കുന്നു. അപകടം. തന്നെ ഇപ്പോഠം തകക്കും. ക്ഷണത്തിൽ അടുത്തു

കണ്ട ഒരു മരത്തിൽ എത്തിവലിഞ്ഞു കയറുവാൻ ശ്രമിച്ചു. പന്നിക്കു മത്തൻെറ കാലിനിട്ടേ വെട്ടുവാൻ പററിയുള്ളു. ആ മരത്തിനും കിട്ടി കുറെ വെട്ട്. മത്തൻ രക്ഷപെട്ടെങ്കിലും നാലു മാസം ആശുപത്രിയിൽ കിടക്കേണ്ടിവന്നു. എവിടെനിന്നോ വെടിയേററ് ഓടിക്കിതച്ചു വരികയായിരുന്നു പന്നി.

പുല്ലാട്ടു ജോസഫും പുരയിടത്തിൽ തോമസുംകൂടി 1933-ൽ പടത്തുകടവിൽ കുറെ സ്ഥലം 'കുററിയാടിപ്പുഴയുടെ തീരത്തു വാങ്ങിയെന്നു പറഞ്ഞുവല്ലൊ! കാടുവെട്ടി നെല്ലുവിതച്ചു. നെല്ലു തഴച്ചു വളൎന്നു. ചിലൎക്ക് അസൂയ തോന്നി, അത്ര നല്ല നെൽച്ചെടികൾ കണ്ടപ്പോൾ. ജോസഫും മററും അപ്പോൾ താമസിച്ചുകൊണ്ടിരുന്നതു മുള്ളൻകുന്നിലായിരുന്നു. ഒരു ദിവസം കൃഷിസ്ഥലത്തുവന്നു നോക്കിയപ്പോൾ കൊതുമ്പുപ്രായമായ നെല്ലെല്ലാം ഇരുന്നൂറു മുന്നൂറു കാലികൾ കേറിത്തിന്നും ചവുട്ടിയും നശിപ്പിച്ചിരിക്കുന്നു. സ്ഥലത്തെ ഒരു ജന്മിയുടെ കാലിക്കൂട്ടം. വിഷമവും ദേഷ്യവും തോന്നി. ചേട്ടന്മാർ അധികം പൊങ്ങി വരേണ്ടാ, വളരേണ്ട, എന്നു മനഃപൂൎവ്വം അവർ കരുതി. മൗനമായി സഹിച്ചു. വലത്തു ചെകിടിൽ അടിച്ചാൽ ഇടത്തു ചെകിടും കാണിച്ചുകൊടുക്കുക എന്ന ക്രിസ്തുദേവൻെറ ദിവ്യോപദേശം മനസ്സിൽ ഓൎത്തു

എടാട്ടേൽ മാണി (കാണിയക്കാട്ട് -പാലാ) 1947-ൽ അങ്ങാടിക്കടവിൽ (ഇരിട്ടി) വന്നു് പാൎപ്പുറവൻ ശ്രീ മമ്മു ഹാജിയോടു സ്ഥലംവാങ്ങി പുനം കൊത്തി നെല്ലുവിതച്ചു. നല്ല കൃഷി. തഴച്ചു വളരുന്നു. യഥാസമയം വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തു. എല്ലാവൎക്കും സന്തോഷവും ആനന്ദവും. നെല്ലിൻെറ വളൎച്ച കാണുമ്പോൾ പണിയെടുത്തതിൻെറ വിഷമങ്ങൾ ഓൎക്കുന്നില്ല. മാണി എന്നും കൃഷിസ്ഥലത്തുപോയി അതിൻെറ വളർച്ച നോക്കും. കൊതുമ്പായി. കതിരായി. ഹൃദയത്തിൽ സന്തോഷം. ഒരു ദിവസം ആന കേറി തിന്നിരിക്കുന്നതായി കണ്ടു. വിഷമം തോന്നി. എങ്കിലും മനസ്സിടിഞ്ഞില്ല. അന്നു തന്നെ ഏററുമാടമുണ്ടാക്കി. പിറെറന്നാൾ മുതൽ കാവൽ കിടന്നു. രണ്ടുദിവസം വീണ്ടും ആന കേറി നെല്ലു പറിച്ചു. തങ്ങളുടെ ചങ്കുപറിയുന്നതുപോലെ മാണിയും മക്കളും വേദനിച്ചു. സ്വരമുണ്ടാക്കി. ആന പോകുന്നില്ല. ലൈററടിച്ചു നോക്കിയപ്പോൾ ചങ്ങല ചുററിയിരിക്കുന്ന ആന. തൻെറ മുതലാളിയുടെ പ്രിയപ്പെട്ട ആനക്കൂട്ടത്തിലൊരുത്തൻ. മാണി റൈട്ടറേയും ആനക്കാരനേയും കണ്ടു പറഞ്ഞു, മേലാൽ ഇതു ചെയ്യരുതെന്നു്;

ആന വിളവിൽ കേറാതെ സൂക്ഷിക്കണമെന്നു്. കാട്ടാനയാണു നെല്ലു പറിച്ചതെന്നവർ ശഠിച്ചു. ആന വീണ്ടും നെല്ലിൽ കേറി. എറിഞ്ഞോടിച്ചു. മുതലാളിയെ ചെന്നുകണ്ടു മാണി പരാതി ബോധിപ്പിച്ചു. മുതലാളി റൈട്ടരെ വിളിച്ചു ചോദിച്ചു. കാട്ടാനയാണെന്നായിരുന്നു അയാളുടെ റിപ്പോർട്ടു്. മുതലാളി അതു വിശ്വസിച്ചു. അദ്ദേഹം മാണിയെ ശകാരിച്ചുവിട്ടു. വീണ്ടും ആന കേറി നെല്ലു പറിച്ചു. മാണി ഒരു പരിചയക്കാരനെ കൂട്ടി ആനയെ പിടിച്ചു തളച്ചു. പിറേറന്നാം ആനക്കാരൻ ആനയെ അഴിച്ചുകൊണ്ടുപോകുവാൻ വന്നു. മാണി സമ്മതിച്ചില്ല. മാണിയുടെ ധിക്കാരത്തെപ്പററി റൈട്ടർ ചെന്നു മുതലാളിയോടു പരാതി പറഞ്ഞു. മാണിയോടു മാളികയിലേയ്ക്കു ചെല്ലുവാൻ പറഞ്ഞു മുതലാളി ആളുവിട്ടു. മാണി പോയില്ല. മാത്രമല്ല, മുതലാളിയോടു തൻെറ കൃഷിസ്ഥലത്തേയ്ക്കു വരുവാൻ മാണി ആവശ്യപ്പെടുകയും ചെയ്തു. ആനയെ അഴിച്ചുകൊണ്ടുവരുവാൻ പ്രധാന നടത്തുകാരനെ—മായാൻകുട്ടിയെ—വിട്ടു. മാണി സമ്മതിച്ചില്ല. ധീരതയോടെ നിന്നു. തൻെറ വളപ്പിൽ കേറിപ്പോകരുതെന്നാജ്ഞാപിച്ചു. മുതലാളിയോടു തൻെറ പക്കലേയ്ക്കു വരുവാൻ വീണ്ടും ആവശ്യപ്പെട്ടു. റൈട്ടർമാരും ആനക്കാരും സിൽബന്ധികളുംകൂടി പറഞ്ഞു: "കണ്ടില്ലേ! ഈ ചേട്ടന്മാരുടെ ധിക്കാരം! മുതലാളി അവൻെറ പക്കലേയ്ക്കു ചെല്ലണംപോലും! ഇവനെയൊക്കെ കെട്ടു കെട്ടിക്കണം. മുതലാളിയുടെ സ്ഥലം! മുതലാളിയുടെ ആന! അതു് കുറെ നെല്ലു പറിച്ചു തിന്നാലെന്താണു്!! ചേട്ടന്മാർ ആരാണു് ഇത്ര കോപിക്കുവാൻ! അവർ വന്നവഴിയെ പോകട്ടെ. നമ്മുടെ മുതലാളി ദയാലു. മുക്കത്തു മുതലാളിയായിരുന്നെങ്കിൽ ഇവനൊക്കെ ഇവിടെ കാണുമായിരുന്നില്ല. യമലോകത്തെത്തുമായിരുന്നു". മമ്മു മുതലാളി വാശിപിടിച്ചില്ല. അദ്ദേഹം മാണിയുടെ വീട്ടിൽ പോയി. മാണി സബഹുമാനം സ്വീകരിച്ചു. തൻെറ നെൽകൃഷിയിൽ ആന കേറി നശിപ്പിച്ചതു കാണിച്ചുകൊടുത്തു. അതിനടുത്തു തളച്ചിരുന്ന ആനയേയും കാണിച്ചുകൊടുത്തു. ഹൃദയാലുവും മര്യാദക്കാരനുമായ മമ്മുഹാജി ഖേദം പ്രകടിപ്പിച്ചു. വന്ന നഷ്ടത്തിനു പരിഹാരമായി മാണിക്കു കുറെ രൂപാ കൊടുത്തു. അഭിമാനിയായ എടാട്ടേൽ മാണി അതു വാങ്ങിയില്ല. അയാറം പറഞ്ഞു: "മുതലാളിയുടെ ആനയല്ലേ എൻെറ നെല്ലു തിന്നതു്. അതിനു പ്രതിഫലം വേണ്ടാ. വസ്തുത മനസ്സിലാകുവാൻ മുതലാളി

സ്ഥലത്തു വന്നതിൽ എനിക്കു സന്തോഷമുണ്ട്. ഈ സേവകന്മാർ അങ്ങയെ ധരിപ്പിക്കുന്നതു് എന്താണെന്ന് ഇപ്പോൾ മനസ്സിലായല്ലോ! അതുമതി''.

രാമപുരം കുഞ്ഞു് എന്നു വിളിച്ചിരുന്ന തോണിക്കൽ കുഞ്ഞാഗസ്റ്റി 1934-ൽ പേരാവൂരിൽ തൊണ്ടിക്കും മണത്തനയ്ക്കും ഇടയ്ക്കുള്ള ഒരു സ്ഥലത്തു്, താമസിച്ചിരുന്നു. അയാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏകദേശം ഇരുപത്തേഴ വയസ്സു പ്രായം കാണും. അവിവാഹിതൻ. ഒരു കുടിൽ കെട്ടി ചേരുണ്ടാക്കി അതിൻെറ മുകളിലാണു താമസിച്ചിരുന്നതു്. ഒരു രണ്ടുനില കെട്ടിടമെന്നു പറയാം. പാമ്പ്, അട്ട, പുഴ ഇവയിൽനിന്നു രക്ഷനേടുവാൻവേണ്ടിയുള്ള മുൻകരുതൽ. കുഞ്ഞാഗസ്റ്റിയുടെ വീട്ടിൽനിന്നു് ഒരു ഫർലോംഗ് ദൂരെ ഒരു കിണറുണ്ട്. കുഞ്ഞാഗസ്റ്റി അതിൽനിന്നാണു് വെള്ളമെടുക്കുന്നതു്. അടുത്തു് അവിടയേ വെള്ളമുള്ളൂ. കുറെ ദിവസമായി കുഞ്ഞാഗസ്റ്റിയെ കാണുന്നില്ല. എല്ലാവരും ഓർത്തു കുഞ്ഞാഗസ്റ്റി നാട്ടിൽ പോയെന്നു്. തോട്ടത്തിൽ ജോണും കൊള്ളിക്കുളവിൽ മത്തനുംകൂടെ തോക്കുമായി നായാട്ടിനു പോയി. മടങ്ങും വഴി കുഞ്ഞാഗസ്റ്റിയുടെ വീട്ട് അടുത്തുവന്നപ്പോൾ വലിയ ഒരു ദുർഗ്ഗന്ധം. അവർ വീടിനടുത്തു ചെന്നുനോക്കി. വീട് വീണു കിടക്കുന്നു. കാററു മറിച്ചിട്ടതാണു്. കുഞ്ഞാഗസ്റ്റിക്കു് ഗുരുതരമായ ക്ഷതമേററു. മരിച്ചിട്ട് ഒരാഴ്ചയിലധികമായി. അവക്കു് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല. ആക്കും അധികനേരം അവിടെ നില്ക്കുവാൻ പററുകയില്ല. അവർ തീപ്പെട്ടി ഉരച്ച് വീടിനു തീവച്ചശേഷം വേഗം സ്ഥലം വിട്ടു.

1934-ൽ പടത്തുകടവിൽ (കുററിയാടി) പുരയിടത്തിൽ തോമസ്സിൻെറ വീടും കാലിത്തൊഴുത്തുമെല്ലാം ഒരു ചുഴലിക്കാററുവന്നു് ആകാശത്തിലേയ്ക്കു പൊക്കിപ്പറപ്പിച്ചു. വീടും സാമാനങ്ങളുമെല്ലാം തകന്നുപോയി. അപകടം മനസ്സിലാക്കി ആളുകൾ പുറത്തുചാടിയതിനാൽ ആൾനാശം ഉണ്ടായില്ല. വേറൊരു വീടുണ്ടാക്കുന്നതുവരെ പുരയിടത്തിൽക്കാർ ശ്രീ. പുല്ലാട്ടു് ജോസഫിൻെറ വീട്ടിലാണു് കഴിച്ചുകൂട്ടിയതു്.

മണിക്കടവ് (ഇരിട്ടി) പള്ളിവക ഒരു യു. പി. സ്കൂൾ കെട്ടിടം 1965-ൽ ഒരു കാററുവന്നു മറിച്ചുകളഞ്ഞു. രാത്രിയിലായിരുന്നതിനാൽ ആൾനാശം ഒന്നും ഉണ്ടായില്ല. 1974-ൽ മണിമൂളിപ്പള്ളി (മലപ്പുറം) മേഞ്ഞിരുന്ന ആസ്ബസ്റ്റോസ്

ഷീററു മുഴവൻ ഒരു ചുഴലിക്കാററുവന്നു് ഇരുമ്പു ട്രസ്സിൽനിന്നു പറിച്ചു പറപ്പിച്ചുകൊണ്ടുപോയി. 1962-ലെ ഒരു ചുഴലിക്കാററു കുന്നോത്തു് (ഇരിട്ടി) സെൻറ് തോമസ്സ് എസ്റ്റേററിലെ ടാപ്പ് ചെയ്തുകൊണ്ടിരുന്ന 900 ബഡ്ഡ് റബ്ബർ മരം മറിച്ചു നിലം പതിപ്പിച്ചു.

തിരുമേനി ഇടവകയിൽപ്പെട്ട (ചെറുപുഴ) പഴേപറമ്പിൽക്കാരുടെ തെക്കന്മാവു് എസ്റ്റേററിലെ നാലുകൊല്ലം പ്രായമായ 60 ഏക്കർ ബഡ്ഡു് റബ്ബർമരങ്ങൾ 1958-ൽ അരമണിക്കൂർ കൊണ്ടു കത്തി ചാമ്പലായി. അടുത്തമലയിൽനിന്നു തീപ്പൊരി കാററു കൊണ്ടുവന്നതാണു്. വെടിമരുന്നിനു തീ പിടിച്ചതുപോലെ പടർന്നു. ആർക്കും നിയന്ത്രിക്കുവാൻ സാധിച്ചില്ല. 1962-ലും അതേ തോട്ടത്തിൽതന്നെ ഇതുപോലെ സംഭവിച്ചു. കച്ചേരിക്കടവിൽ (കൂട്ടുപുഴ) 1963-ൽ മണ്ഡപത്തിൽ ഔതയുടെ ഒരു പറമ്പും പുരയും ദേഹണ്ഡങ്ങളും നിശ്ശേഷം കത്തിപ്പോയി. ഷിമോഗായിൽ 1964-ൽ പതിനാലു വീടുകളും അവരുടെ കൃഷികളും തീപിടിച്ചു നശിച്ചു. വീടുകളുടെ മുററത്തു കൊയ്തുമെതിച്ചു കൂട്ടിയിരുന്ന നെൽക്കൂനകളും കരിഞ്ഞുപോയി. കുററിയാടിയിൽ പൂതമ്പാറെ 1966-ൽ കളത്തൂർ അപ്പച്ചൻെറ റബ്ബർതോട്ടത്തിൻെറ ഒരു നല്ല ഭാഗം കാട്ടുതീവന്നു നഷ്ടപ്പെടുത്തിക്കളഞ്ഞു. ഒരു കുന്നിൽനിന്നു മറെറാരു കുന്നിലേയ്ക്കു തീപ്പൊരി കാററത്തു പറന്നുവരും. ഉണങ്ങിനില്ക്കുന്ന പുല്ലിൽ വീഴും. ആളിക്കത്തും. ആരാലും നിയന്ത്രിക്കുവാൻ പററുകയില്ല. ചെറിയതോതിലുള്ള തീപിടുത്തങ്ങൾ നിരവധിയാണു്.

ഫാദർ സർഗീസ് ഒരു സി.എം.ഐ. വൈദികനാണു്. മദ്ധ്യവയസ്കൻ. അദ്ദേഹം ചങ്ങനാശ്ശേരിയിൽ അവശസമുദായക്കാരെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കയായിരുന്നു. മലബാറിൽ അവശത അനുഭവിക്കുന്നവർ കൂടുതലുണ്ടെന്നറിഞ്ഞതിനാൽ അധികാരികളുടെ അനുവാദത്തോടെ ഇങ്ങോട്ടു പോന്നു. വയനാട്ടിലെ സുൽത്താൻ ബത്തേരി ഇടവകയുടെ വികാരിയായി അദ്ദേഹം നിയമിക്കപ്പെട്ടു. വിപുലമായ ഒരിടവക. എട്ടും പത്തും മൈലും ഇരുപതും മുപ്പതും മൈലും അകലത്തിൽ ചെറിയ ചെറിയ ഗ്രൂപ്പുകളായി സാധുക്കളായ ആളുകൾ ജീവിതമാർഗ്ഗം തേടിവന്നു് അവിടെ താമസിക്കുന്നുണ്ടു്. നൂറു നൂറു് ആവശ്യങ്ങളുടെ സമ്മർദ്ദത്താൽ വിഷമിക്കുന്നവരാണു് അവരെല്ലാം. ഇവരെ സഹായിക്കുവാനും ശാരീരികമായും ആത്മീയമായും ഉയർത്തിക്കൊണ്ടുവരുവാനും അദ്ദേ

ഹം പ്രവർത്തിക്കുവാൻ തുടങ്ങി. ആഴ്ചയിൽ ഒരിക്കലെങ്കിലും അദ്ദേഹം ഈ കേന്ദ്രങ്ങൾ സന്ദർശിക്കയും അവിടത്തെ ജനങ്ങളുടെ സുഖദുഃഖങ്ങൾ അന്വേഷിക്കയും ചെയ്യാതിരിക്കയില്ല. 1962–ൽ അദ്ദേഹം കെല്ലൂർ പള്ളിയിലേയ്ക്കു സ്ഥലം മാററപ്പെട്ടു. അവിടെയും ഇതേ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ആ പ്രദേശത്തുമുണ്ടു സാധുക്കളുടെ പല കേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളൊക്കെ സന്ദർശിക്കുവാൻ പ്രത്യേകം പ്രത്യേകം ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ടു സർഗീസച്ചൻ. 1964–ലെ ഒരു ഞായറാഴ്ച കെല്ലൂരെ ആളുകളെ കാണുകയും ദിവ്യകർമ്മങ്ങൾ നടത്തുകയും ചെയ്തശേഷം കണിയാമ്പററയിലെ അരിഞ്ചേർ മലയിലേയ്ക്കു് പോകുകയാണു്. പതിനൊന്നുമണിക്കുമുമ്പു് അവിടെ എത്തണം. പത്തര കഴിഞ്ഞു. ധൃതിയിലാണു നടപ്പു്. ശക്തിയായ വെയിൽ. തന്റെ കഷണ്ടിത്തല കഠിനമായ ചൂടിൽനിന്നു കുറെയെങ്കിലും രക്ഷിക്കുവാൻവേണ്ടി അദ്ദേഹം ഹാററു ധരിച്ചിട്ടുണ്ടു്. പഞ്ചായത്തുറോഡിന്റെ അരുകിലുള്ള വലിയ ഒരു വൃക്ഷച്ചുവട്ടിലെത്തി. തണലിൽ എത്തുന്നതിനു മുമ്പുതന്നെ മുഖത്തും കഴുത്തിലും ഈച്ചക്കൂട്ടം വന്നു കുത്തി. ശക്തിയായ വേദന. "മലംകുളവി"! കാട്ടുകടന്നൽ! കൈകൊണ്ടു തട്ടുമ്പോൾ കൈയ്ക്കും കിട്ടി കുത്തുകൾ. ഇതിനിടയിൽ ഹാററു് തലയിൽനിന്നു് തെറിച്ചുപോയി. കുളവിക്കു സൗകര്യമായി. കുത്തി തങ്ങളുടെ ദ്വേഷ്യം തീർക്കുവാൻ തല കിട്ടി. രോമം മുഴുവൻ കൊഴിഞ്ഞു മിനുങ്ങിയ കഷണ്ടിത്തല. അച്ചൻ ഓടി. കുളവിയും പിറകെ പറന്നുകൊണ്ടു് തുടർച്ചയായി കുത്തി. അച്ചൻ നിലംപതിച്ചു. അച്ചന്റെ ഓട്ടവും വീഴ്ചയും റോഡരുകിലെ ഒരു ചായപ്പീടികക്കാരൻ മുസ്ലീമിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒന്നു രണ്ടുപേർ ഓടിവന്നു് കുറെ കരിയിലയും പുല്ലും കൂട്ടിയിട്ടു് തീ കത്തിച്ചു. അങ്ങനെ കുളവിയെ ഓടിച്ചശേഷം ബോധമില്ലാതെ കിടന്നിരുന്ന അച്ചനെ അവർ എടുത്തുകൊണ്ടു പോയി ചായക്കടയുടെ വരാന്തയിൽ കിടത്തി. അപ്പോഴേയ്ക്കും രണ്ടുമൂന്നു കുടിയേററക്കാരും അവിടെ എത്തി. ഒരു ജീപ്പ് കൊണ്ടുവന്നു പനമരത്തുള്ള ഡോക്ടറുടെ അടുക്കൽ എത്തിച്ചു. പ്രഥമശുശ്രൂഷകൾക്കുശേഷം അദ്ദേഹം വേണ്ടതെല്ലാം ചെയ്തു. അച്ചന്റെ ശരീരത്തുനിന്നു കുളവിയുടെ കൊമ്പി (മുള്ളു്) ഓരോന്നും വലിച്ചൂരി എടുക്കുവാൻ രണ്ടുമൂന്നു മണിക്കൂർ വേണ്ടിവന്നു. തലയിലായിരുന്നു കൂടുതൽ കുത്തേററതു്. രണ്ടു മണിക്കൂറിനുശേഷമേ അദ്ദേഹത്തിനു ബോധം ഉണ്ടായുള്ളൂ. ഒരാഴ്ചക്കാലം മുഴുവൻ ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഒരു പരുന്തിനു

പററിയ അമളിയായിരുന്നു ഈ അത്യാഹിതത്തിനു കാരണം. മധു ആസ്വദിക്കുവാൻവേണ്ടി അവൻ തേൻകൂടെന്നു തെററിദ്ധരിച്ചു കൂട പൊളിച്ചു. അബദ്ധം മനസ്സിലാക്കിയയുടൻ പരുന്ത് അതിവേഗം പറന്നുപോയി. അവശരേയും അനാരോഗ്യരേയും സഹായിക്കുവാൻ രാപകൽ ഓടി നടക്കുന്ന സർഗീസച്ചനെയാണു പക തീർക്കുവാൻ ആ കുളവിസൈന്യങ്ങൾക്കു കിട്ടിയതു്. ചായക്കടക്കാരൻ കണ്ടതുകൊണ്ടു് അച്ചനെ ജീവൻപോകാതെ രക്ഷിച്ചെടുക്കുവാൻ സാധിച്ചു.

കൊട്ടിയൂർ ഭാഗത്തു് അമ്പായത്തോട്ടിൽ മലേപ്പറമ്പിൽ മാണി കുടിയേറി താമസം തുടങ്ങിയിട്ടു് മൂന്നുനാലു കൊല്ലമായി. മാണി സമർത്ഥനും വാചാലനുമത്രേ. ആ പ്രദേശത്തെ ഒരു പൊതുക്കാര്യപ്രസക്തനും നേതാവുമാണദ്ദേഹം. കുറെ നല്ല സ്ഥലവും സ്വന്തമായിട്ടുണ്ടു്. 1959-ൽ തൻെറ സ്ഥലത്തിൻെറ ഒരു ഭാഗത്തു പുനം കൊത്തുകയാണു്. പത്തുപന്ത്രണ്ടു പണിക്കാരുമുണ്ടു്. കാട്ടിൽനിന്നു നായാട്ടും കഴിഞ്ഞു് അതിലേ കടന്നുപോയ കുറിച്ച്യർ പറഞ്ഞു, തങ്ങൾ അമ്പെയ്തു് ഒരു വലിയ കരിംകുരങ്ങിനെ (മന്തിയെ) കിഴക്കുവശത്തുള്ള പാറക്കൂട്ടത്തിനടുത്തു് വീഴ്ത്തിയിട്ടുണ്ടെന്നു്. കുറിച്ച്യർ മന്തിമാംസം ഭക്ഷിക്കയില്ലെന്നു് മാണിക്കറിയാം. ബുദ്ധിമുട്ടാതെ ഒരു മന്തിയെ കിട്ടിയല്ലോ എന്നോർത്തു് മാണി സന്തോഷിച്ചു. പണിക്കുപയോഗിച്ചിരുന്ന കൈക്കോടാലിയോടുകൂടി മന്തിയെ കണ്ടെടുക്കുവാൻ മാണി പുറപ്പെട്ടു. പാറക്കൂട്ടത്തോടു സമീപിച്ചു. ശ്രദ്ധിച്ചു നോക്കിയാണു് നടക്കുന്നതു്. അതാ, മന്തി എഴുന്നേററു ചാടി വരുന്നു. അമ്പേററിട്ടും അവൻ ചത്തില്ല. ഒരു ഭീമനാണല്ലോ. രണ്ടാളുത്തേയ്ക്കുള്ള സൂപ്പിനും തീററിക്കും വകയുണ്ടു്. മരണപ്പാച്ചിലായിരിക്കും. ആകട്ടെ, എൻെറ ഒരു വെട്ടുകൊണ്ടു് അവൻ നിലംപതിച്ചുകൊള്ളും. മാണി മിന്നൽവേഗത്തിൽ ചാടി വെട്ടി. മുപ്പത്തഞ്ചുകാരനായ മാണിയുടെ ഊക്കോടെയുള്ള വെട്ടു് ശരിക്കും ഏററു. എങ്കിലും നിലംപതിക്കാതെ എതിർക്കുന്നു. തിരിച്ചടിക്കുന്നു. ബലിഷ്ഠങ്ങളായ നഖങ്ങൾകൊണ്ടു് മാണിയുടെ തലയും മുഖവും മാന്തിപ്പൊളിക്കുകയും ചെയ്യുന്നു. മാണിയും കുറയ്ക്കുന്നില്ല. മാണിക്കു മനസ്സിലായി, എഴുന്നേററു വന്നു തന്നെ എതിരിടുന്നവൻ താൻ വിചാരിച്ചവനല്ലെന്നു്; ആളു മാറിപ്പോയെന്നു്. നല്ല ഒരു സമരം നടന്നു. മാണിയുടെ ആയുധം നല്ല ഒരു കോടാലിയായിരുന്നതു് ഭാഗ്യമായി. ആദ്യത്തെ വെട്ടു് നല്ലതുപോലെ ഏററിരുന്നതിനാൽ എതിരാ

ളിക്കു നീണ്ടനേരം ബലമായി അടിക്കുവാനും ദംഷ്ട്രങ്ങൾ പ്രയോഗിക്കുവാനും പററിയില്ല. കാൽ മണിക്കൂർ നേരത്തെ ദ്വന്ദയുദ്ധത്തിനുശേഷം പതിമൂന്നര അടി നീളക്കാരനായ കടുവായെ നിലംപതിപ്പിച്ചു.

മാണിക്കു തലയിൽത്തന്നെ ഗൗരവമുള്ള ആറ് മുറിവുകളുണ്ടായി. ഉടൻതന്നെ മാണിയെ മാനന്തവാടി ആശുപത്രിയിലെത്തിച്ചു. ആറേഴ ദിവസം കഴിഞ്ഞപ്പോൾ മാണി കണ്ണൂർ ഡിസ്ട്രിക്ട് ആശുപത്രിയിലേയ്ക്കയയ്ക്കപ്പെട്ടു. ഒന്നുരണ്ടു ദിവസത്തിനുശേഷം മാണിയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിററലിലേയ്ക്കു മാററി. അവിടത്തെ ചികിത്സകൊണ്ട് മാണി പൂർണ്ണസുഖം പ്രാപിച്ചു. മാണിയുടെ ധീരതയെ പ്രശംസിച്ചുകൊണ്ട് സക്കാരിൽനിന്നു 120 രൂപ മാണിക്ക് സമ്മാനമായി ലഭിച്ചു. അതോടെ മാണിക്കു പൊതുജനങ്ങളുടെ അഭിനന്ദനങ്ങൾ മാത്രമല്ല 'കടുവാമാണി' എന്ന സ്ഥാനപ്പേരും സംലബ്ധമായി.

# നീരാളിയുടെ പിടിയിൽ

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന കാലത്തും (1939–'45) അതിനു തൊട്ടുമുമ്പുള്ള കാലത്തും കാർഷികവിഭവങ്ങൾക്കെല്ലാം പണ്ടെങ്ങും കേട്ടിട്ടില്ലാത്ത വിലയാണുണ്ടായിരുന്നത്. കൃഷിക്കാരുടെ കൈവശം പണം കുന്നുകൂടി. കൃഷിസ്ഥലത്തിനും ഡിമാൻഡായി; സ്വർണ്ണവിലയായി. ചെറിയ പുരയിടങ്ങളായിരുന്നെങ്കിലും അവ വാങ്ങുവാൻ ആളുകൾ ധാരാളം. തിരുവിതാംകൂറിലെ ചെറുകിട കൃഷിക്കാർക്ക് അവരുടെ ചെറിയ താമസസ്ഥലവും വീടും വില്ക്കുവാൻ സൗകര്യം കൈവന്നു. ഉദ്ദേശിച്ചതിൽ ഇരട്ടി വില കിട്ടി. ഇങ്ങനെ കിടപ്പാടം വിററു കിട്ടിയ സംഖ്യയുമായിട്ടാണു കുടിയേററക്കാർ ഭൂരിഭാഗവും മലബാറിൽ എത്തിയത്. ഈ സംഖ്യയിൽ മുക്കാൽഭാഗവും കൃഷിഭൂമി വാങ്ങുവാൻ വിനിയോഗിച്ചു. ബാക്കി തുക ഒരു വീടുവെയ്ക്കുവാനും കാടുതെളിച്ചു കൃഷി ഇറക്കുവാനും ചെലവാക്കി.

പക്ഷേ 1945-ൽ യുദ്ധം അവസാനിച്ചു. സ്ഥിതിഗതികൾ മാറി. സാമ്പത്തികാധഃപതനം ഗുരുതരമായി. സാധനങ്ങൾക്കു ഡിമാൻറില്ലെന്നായി; ഭക്ഷ്യവിളകളുടേയും വില ഇടിഞ്ഞു. 100 സേർ (200 ലിററർ) നെല്ലിനു നാലുരൂപാ മാത്രം വിലകിട്ടും. കപ്പ ആർക്കും വേണ്ടാ. വസ്ത്രം വാങ്ങണം, ഔഷധങ്ങൾ വാങ്ങണം, പുറപ്പാടും നികുതിയും കൊടുക്കണം, പണിക്കാർക്കു കൂലികൊടുക്കണം, അത്യാവശ്യ വിഭവങ്ങളും ഉപകരണങ്ങളും വാങ്ങണം. ഈ പരിതഃസ്ഥിതിയിൽ മികച്ച വിളകൾ ലഭിച്ചെങ്കിലേ കൃഷിക്കന് ഒരുതരത്തിൽ മുമ്പോട്ടു നീങ്ങുവാൻ സാധിക്കുമായിരുന്നുള്ളു. അങ്ങനെയിരിക്കെ കാട്ടുമൃഗങ്ങളാലോ പ്രകൃതികോപത്താലോ ഏതെങ്കിലും കൃഷി നഷ്ടപ്പെട്ടാൽ ആ കൃഷിക്കാരൻ അധഃപതിച്ചതുതന്നെ. അതുപോലെ അവനെ ഏതെങ്കിലും കഠിനരോഗം ബാധിച്ചാലും മതി, അവൻ തകർന്നുപോകുവാൻ.

വേറൊരു ദുർഘടം. റോഡും വാഹനസൗകര്യങ്ങളുമില്ല. കാഷികോല്പന്നങ്ങൾ മാക്കററിൽ എത്തിക്കുവാൻ തലച്ചുമടല്ലാതെ വേറെ മാർഗ്ഗമില്ല. ചുമട്ടുകാരെക്കൊണ്ടു ചുമപ്പിച്ചാൽ കൂലി കൊടുക്കുവാൻപോലും സാധനങ്ങൾ വിററുകിട്ടുന്ന തുക മതിയാവുകയില്ല. തന്നിമിത്തം മുൻകാലങ്ങളിൽ ഒരു ചെറിയ കെട്ടുപോലും ചുമന്നിട്ടില്ലാത്ത പൂർവ്വിക തറവാട്ടുകാർക്കുപോലും പച്ചക്കറികളും വാഴക്കുലയും നെല്ലും മററും തലയിൽ പേറി പത്തും പന്ത്രണ്ടും മൈൽ നടക്കേണ്ടിവന്നു. കൊട്ടിയൂരിൽനിന്നും ചുങ്കക്കുന്നിൽനിന്നും പേരാവൂർവരേയും തിരുവാമ്പാടിയിൽനിന്നും കോടഞ്ചേരിയിൽനിന്നും താമരശ്ശേരിവരേയും ആഴ്ചതോറും വിഭവങ്ങൾ ചുമന്നു. ആഢ്യജാതർപോലും കൂലിവേലയ്ക്കു പോയിരുന്നു. അന്നു് ഒരു ദിവസത്തെ വേലക്കൂലി മൂന്നണ (20 പൈസ) മാത്രമായിരുന്നുവെന്നും ഓക്കണം. ഗത്യന്തരമില്ലാതിരുന്നതിനാൽ ഈ ജോലികൾ ചെയ്തു. വസ്ത്രങ്ങളും ഔഷധങ്ങളും വാങ്ങണ്ടേ? നാട്ടിൽ ചെന്നാൽ ജീവിക്കുവാൻ മാർഗ്ഗമുണ്ടായിരുന്നവർ വളരെപ്പേർ നാട്ടിലേയ്ക്കു മടങ്ങി. യാത്രച്ചിലവിനുമാത്രം പണം കിട്ടിയവരും നാട്ടിലേയ്ക്കു പോയി. അതിനുപോലും മാർഗ്ഗമില്ലാതെ ഏററം അടുത്തുള്ള തീവണ്ടി ആഫീസുവരെ നടന്നുചെന്നു കള്ളവണ്ടി കേറിയവരും കുറവായിരുന്നില്ല. എറണാകുളത്തിറങ്ങി ഏതെങ്കിലും ഒരു പരിചയക്കാരനെ കണ്ടുപിടിച്ചു ബോട്ടുവഴി കോട്ടയത്തിറങ്ങി വിഷമംകൂടാതെ നാട്ടിലും വീട്ടിലും എത്തിച്ചേരും. ഈ സാഹസിക യാത്രയിൽ വീട്ടിലെത്തുവാൻ സാധിക്കാതെ വഴിക്കുവച്ചു മരിച്ചവരുമുണ്ടു്.

ഒരു സംഭവം പറയാം. പാലാക്കാരൻ മുഞ്ഞനാട്ടു് കുഞ്ഞും ഭാര്യയും ഏഴു മക്കളുംകൂടി 1948-ൽ കുളത്തുവയലിൽ കണ്ണാടിപ്പാറയിൽ വന്നു മൂന്നുകൊല്ലം താമസിച്ചു. സാമാന്യം ധനശേഷിയുള്ള ഒരു കുടുംബം. എങ്കിലും ഇതിനുള്ളിൽ കുഞ്ഞും അഞ്ചു മക്കളും പനിബാധിച്ച് മരിച്ചു. കുഞ്ഞ്ിൻെറ ഭാര്യ ശേഷിച്ച രണ്ടു മക്കളേയുംകൊണ്ടു നാട്ടിലേക്കു പുറപ്പെട്ടു. എന്നാൽ മൂന്നുപേക്കുംകൂടി ജീവനോടെ നാട്ടിലെത്തുവാൻ പററിയില്ല. ഒരു മകൻ എറണാകുളം ബോട്ടിൽവച്ചു് ചരമമടഞ്ഞു. മൃതശരീരം അവരുടെ ഇടവകയിൽ കൊണ്ടുചെന്നു് സംസ്ക്കരിക്കുവാൻ ദുഃഖിതയായ മാതാവിനു് സാധിച്ചു. ശേഷിച്ച മകനും അമ്മയുംകൂടി ഇപ്പോൾ കത്രൂർ പള്ളി ഇടവകയിൽ (പാലാ) താമസിക്കുന്നു.

അക്കാലത്തെ ദാരിദ്ര്യം എത്ര രൂക്ഷമെന്നു ഗ്രഹിക്കുവാൻ സഹായിക്കുന്ന വേറൊരാളുടെ അനുഭവംകൂടെ പറയാം. മുത്തോലപുരം ഇടവകക്കാരൻ നാടികുന്നേൽ എൻ. സി. പീററും സഹോദരങ്ങളും 1929-ൽ പേരാവൂരിൽ വന്നു കുടിയേറി താമസിക്കുകയാണ്. ഒരു വലിയ സംഖ്യയുമായിട്ടാണ് അവർ വന്നതു്. സ്ഥലം വാങ്ങി. കൃഷി നടത്തി. വിജയവും പരാജയവുമുണ്ടായി. പലക്കും രോഗം ബാധിച്ചു. വളരെ പണം ചെലവാക്കേണ്ടിവന്നു. പീററിൻെറ ഭാര്യ അന്നമ്മയ്ക്കു ടൈഫോയിഡു പിടിപെട്ടു. തലശ്ശേരി ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിച്ചു. വിചാരിച്ചതിൽ കൂടുതൽ പണം ചെലവായി. ഇതിനിടയിൽ ഒന്നുരണ്ടു കൃഷികളും നഷ്ടപ്പെട്ടുപോയി. ബാക്കി കാര്യങ്ങൾ ശ്രീ. പീററർതന്നെ പറയുന്നതു് നമുക്കു കേൾക്കാം. ''എൻെറ ഭാര്യ അന്നമ്മ തലശ്ശേരി ആശുപത്രിയിൽ കിടക്കുകയാണ്. എട്ടുപത്തു ദിവസം ഞാൻ തലശ്ശേരിയിൽ ഒരു ഹോട്ടലിൽ താമസിച്ചു. ഞാൻ വളരെ പരിമിതമായ ഭക്ഷണമാണ് കഴിച്ചതു്. മുറിവാടകയും അധികമില്ല. എങ്കിലും ആ ചിലവു് വഹിക്കുവാൻ പാറുന്നില്ല. പേരാവൂരിൽനിന്നു് തലശ്ശേരിക്കു ബസ്സുണ്ടു്. ബസ്സ് ചാർജ്ജ് അഞ്ചണ (32 പൈസ) മാത്രം. ഒന്നുരണ്ടു ദിവസം ഞാൻ ബസ്സിൽ പോയി. ഇതുപോലും കൊടുക്കുവാൻ സാധിക്കാഞ്ഞിട്ടു് ഞാൻ ഈ അകലം മുഴുവൻ (28 മൈൽ) അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഞാൻ നടക്കുന്നതു കണ്ടു, പരിചയമുള്ള ബസ്സ് ഡ്രൈവർ കൃഷ്ണൻനായർ ഒന്നുരണ്ടുപ്രാവശ്യം ബസ്സ് നിർത്തി എന്നെ വിളിച്ചു് കേററിക്കൊണ്ടുപോയി. ബസ്സുകാർ സഹതാപം കാണിച്ചാലും ചാർജ്ജു കൊടുക്കണം. ഇതു വിഷമമായിട്ടു ബസ്സിൻെറ സ്വരം കേൾക്കുമ്പോൾ ഞാൻ കാട്ടിൽ കേറി ഒളിക്കുമായിരുന്നു.'' പീററർ ഇങ്ങനെയെല്ലാം വളരെ വിഷമിച്ചെങ്കിലും ദൈവം അയാളെ കൈവെടിഞ്ഞില്ല. അദ്ദേഹം വിശുദ്ധ ജോബിനെപ്പോലെ സുഖത്തിലും ദുഃഖത്തിലും ദൈവത്തെ സ്തുതിച്ചു. ഭാര്യയുടെ രോഗം സുഖപ്പെട്ടു. പിന്നീടു നടത്തിയ കൃഷിയും കച്ചവടവും പടിപടിയായി വിജയിച്ചു. അദ്ദേഹത്തിൻെറ ഈശ്വരവിശ്വാസത്തിൻേറയും വിജയത്തിൻേറയും സ്മാരകമാണ് പേരാവൂർ ഫൊറോനാപ്പള്ളിക്കു് സമീപം തൊണ്ടി ടൗണിൽ ഉയർന്നുനിന്നു പരിലസിക്കുന്ന അഞ്ചു നിലയുള്ള മനോഹരസ്തംഭം – ''കുടിയേററ സ്മാരകക്കപ്പേള''.

വേറൊരു സംഭവംകൂടെ. വടക്കേമുളഞ്ഞനാൽ വക്കിയും കുടുംബാംഗങ്ങളും (പ്രവിത്താനം) 1930–ൽ പേരാവൂരിൽവന്നു താമസമാക്കിയതാണ്. ധാരാളം പണവുമായി വന്നവർ. നല്ല കൃഷിക്കാർ. എങ്കിലും മൂന്നുനാലു കൊല്ലം കഴിഞ്ഞപ്പോൾ അവർക്കും തോൽവി സമ്മതിക്കേണ്ടിവന്നു. അന്നു മുപ്പതു വീട്ടുകാർ പേരാവൂരിൽ ഉണ്ടായിരുന്നതിൽ പതിമൂന്നു വീട്ടുകാർ മടങ്ങിപ്പോയിക്കഴിഞ്ഞിരുന്നു. വക്കിയും ഭാര്യയും മരണമടഞ്ഞെങ്കിലും അവരുടെ മക്കൾ കുറേക്കാലംകൂടി പിടിച്ചുനില്ക്കുവാൻ ശ്രമിച്ചു. പക്ഷേ, ആ പരിശ്രമം വിജയിച്ചില്ല. വക്കിയുടെ മകൻ കുരുവിളയും സഹോദരങ്ങളുംകൂടി ജന്മി മമ്മുഹാജിയുടെ അടുക്കൽ യാത്ര പറയുവാൻ ചെന്നു. അന്ന് അദ്ദേഹം അള്ളിത്തോട്ടിൽ എടുപ്പുങ്കലുണ്ടായിരുന്നു. നമുക്കു് അവർ തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കാം:

ജന്മി: എന്താ യേട്ടൻമുസ്സോറും അനുസന്മാരുംകൂടെ ബന്നതു്.

കുരുവിള: മുതലാളീ, ഞങ്ങൾ പോകയാണ്, നാട്ടിലേയ്ക്കു്; സ്ഥലം മുതലാളിതന്നെ തിരികെ എടുത്തുകൊള്ളുക. വിവരം പറയുവാൻ വന്നതാണ്.

ജന്മി: എന്താടോ ശ്ലേട്ടാ, ങ്ങള് ഇങ്ങനെ നിശ്ചയിക്കുവാൻ. ഞമ്മള് എന്തെങ്കിലും കൊയപ്പം കാട്ടിയോ?

കുരുവിള: ഒന്നുമില്ല മുതലാളീ! മുതലാളി ഞങ്ങളോടു സന്തോഷമേ കാണിച്ചിട്ടുള്ളൂ. എന്നാൽ ഞങ്ങളുടെ അപ്പനും അമ്മയും രണ്ടനുജന്മാരും മരിച്ചു. ഞങ്ങളുടെ കുടുംബം അന്യംനിന്നു പോകും, ഇവിടെ കിടന്നാൽ. ഞങ്ങൾ കൊണ്ടുവന്ന പണമെല്ലാം തീർന്നു. കൃഷിയും നഷ്ടപ്പെട്ടുപോകുന്നു. പണത്തിനു് ഒരു മാർഗ്ഗവുമില്ല. മുതലാളിക്കു പുറപ്പാടു തീർത്തുതന്നിട്ടില്ല.

ജന്മി: ങ്ങള് നല്ലോണം നയിക്കുന്നോരല്ലെ (അദ്ധ്വാനിക്കുന്നവരല്ലെ)? ങ്ങള്, പോയിച്ചാ ഞമ്മടെ നാട്ടിനുന്നെ പെരുത്ത നഷ്ടാണ്. അതോണ്ടു്, ങ്ങള്, പൂവണ്ടാ, പടച്ചോൻെറ കൃപയല്ലേ ശ്ലേട്ടാ, എല്ലാം.

കുരുവിള: ഞങ്ങൾ പണിയെടുത്തുണ്ടാക്കിയാൽ എല്ലാം കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നു.

ജന്മി: അതൊക്കെ, മെല്ലെ മാറൂന്ന്. കുറച്ച് ഓരും തുന്നട്ടെടോ ശ്ലേട്ടാ. ഈ കാടെല്ലാം ഓറെ സ്വന്തല്ലായിരുന്നോ?

കുരുവിള: അപ്പനും അമ്മയും അനുജന്മാരും മരിച്ചു. അതു പോലെ ഞങ്ങളും ഇവിടെക്കിടന്നു മരിക്കണമെന്നാണോ മുതലാളി പറയുന്നതു്. മുതലാളി സ്ഥലമങ്ങെടുത്തിട്ടു് ഞങ്ങൾക്ക മടങ്ങിപ്പോകുവാൻ യാത്രച്ചിലവു തന്നാൽ മതി.

ജന്മി: ങ്ഹാ! പൊയ്ക്കൂടാ, യിങ്ങളുക്ക പടച്ചോൻെറ ബരുത്തം (അനുഗ്രഹം) ണ്ടാവുന്നു്. മററുള്ളോറ് പോവുന്നതുപോലെ യല്ല, ങ്ങള പോയാൽ. ങ്ങള് പോയാൽ എല്ലാ ശ്ശേട്ടന്മാരും പോകും. ങ്ങടെ കിറുഷിക്ക നല്ല റ്റ്പാനുണ്ടു്. ക്രമെല്ലാമുണ്ടു്. ങ്ങൾ പോയിക്കൂടാ. ങ്ങടെ പുറപ്പാടു് ഇള്ളതുപോലെ തന്നാമയി.

കുരുവിള: ഞങ്ങളെല്ലാവരും ഇവിടെ കിടന്നു മരിക്കണമെന്നാണോ മുതലാളി പറയുന്നതു്!

ജന്മി: "തന്നെ (അതെ), ങ്ങള് മൂന്നാം ബേദക്കാരല്ലേ. ഈസ്സാനീബീനെക്കൊണ്ടു വിശ്വസിച്ചോരല്ലെ? കഷ്ടപ്പാടും മരണവും സൂക്കേടും ങ്ങൾ പോടിച്ചൂടാ. സൊകക്കേടും മരണോം ഈ ദുനിയാവിൽ എന്നും ണ്ടാവും. ങ്ങടെ കുടിയേററം ഒരു യുത്തം പോലെയാ. യുത്തത്തിൽ ഒന്നോ രണ്ടോ ആൾ മയ്യത്തായി ന്നിരീച്ചു് എല്ലാരും പേടിച്ചോടലാ? അതു് ഈസ്സാനീബീൻെറ ആൾക്കാക്ക ചേന്തല്ല. ങ്ങടെ ഉപ്പയും ഉമ്മയും എത്ര നല്ലോരേനും? ഓരിപ്പോ അള്ളാഹൂൻെറ അടുത്തുണ്ടു്. ഓര് തൊടങ്ങിബെച്ച ജോലികള് ങ്ങള് ഉപേച്ചിക്കററ്. അതു മുയുപ്പിക്കയൊ ബേണ്ടതു്. ങ്ങക്കു് എല്ലാം പടച്ചോൻ തരും ശ്ശേട്ടാ. ങ്ങള് ബേജാറാവാതെ."

ഒരു ക്രിസ്തീയ പുരോഹിതനേപ്പോലെയുള്ള ഹാജിയാരുടെ ഉപദേശം കുരുവിളയുടെയും സഹോദരങ്ങളുടെയും ഹൃദയത്തെ സ്പർശിച്ചു. മൗനമായിനിന്നു് അല്പം ചിന്തിച്ചശേഷം കുരുവിള സഹോദരങ്ങളോടു പറഞ്ഞു: "നമ്മുടെ ഹാജിയാർ പറഞ്ഞതു കേട്ടില്ലേ. അദ്ദേഹം നല്ലവനാണു്. നാം ഇവിടെ ഇത്രയും കഷ്ടപ്പെട്ടില്ലേ? നമുക്ക കുറച്ചുകൂടെ കഷ്ടപ്പെടാം. നമ്മുടെ കാരണവന്മാരും അനുജന്മാരും ഇവിടെ മരിച്ചു. നമുക്കും ഇവിടെത്തന്നെ മരിക്കാം". അവർ ഈ ധീരമായ തീരുമാനത്തോടെ വീട്ടിലേയ്ക്കു പോയി. കൂടുതൽ ഉത്സാഹത്തോടെ കൃഷിപ്പണികളിൽ ഏപ്പെട്ടു.

കുരുവിളയുടെ ഭാര്യ ഏലിക്കുട്ടിയുടെ അപ്പച്ചൻ വന്നു.
9 ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഏലിക്കുട്ടിയോടും മരു

മകനോടും അയാരം പറഞ്ഞു: ''നിങ്ങരം ഇവിടെ കിടന്നു നരകിച്ചു മരിക്കേണ്ടാ. നിങ്ങളുടെ അപ്പനും അമ്മയും അനുജന്മാരും മരിച്ചില്ലേ? എൻെറ കൂട്ടത്തിൽ നാട്ടിലേയ്ക്കു പോരുക. ഞാൻ നിങ്ങളെ കൊണ്ടുപോകുവാൻ വന്നതാണ്. സ്ത്രീധനം തന്നതാണെങ്കിലും നിങ്ങരംക്കു മാത്രമായി ജീവിക്കുവാനുള്ള വക ഞാൻ വീണ്ടും തന്നുകൊള്ളാം. ഏലിക്കുട്ടി അതിനു മറുപടി പറഞ്ഞതിങ്ങനെയാണ്: ''ഇപ്പോരം ഞങ്ങരം വരുന്നില്ല. ഞങ്ങരം കുറച്ചുനാരംകൂടെ ശ്രമിച്ചുനോക്കട്ടെ. അപ്പച്ചൻെറ പക്കൽ രൂപായുണ്ടെങ്കിൽ കുറെയിങ്ങു തന്നാൽ മതി.'' സ്നേഹമുള്ള ആ പിതാവു മക്കളെ തൃപ്തിപ്പെടുത്തിയശേഷം തനിച്ചു മടങ്ങിപ്പോയി.

ഹാജിയാർ പറഞ്ഞതുപോലെ നാലഞ്ചുകൊല്ലങ്ങരം കഴിഞ്ഞപ്പോരം വടക്കേമെളഞ്ഞനാൽക്കാരുടെ രോഗവും ക്ഷീണവും മാറി. കാട്ടുമൃഗങ്ങളിൽനിന്നുള്ള ശല്യങ്ങളും ക്രമേണ നീങ്ങി. അവരുടെ കൃഷികരം പടിപടിയായി അഭിവൃദ്ധിപ്പെട്ടു. കുരുമുളകു വിളവു പ്രതീക്ഷയിൽ കവിഞ്ഞു. മുള്ളനും ചെള്ളും കുത്തി തെങ്ങുകരം കുറെ പോയെങ്കിലും പകുതിയോളം രക്ഷിച്ചെടുക്കുവാൻ സാധിച്ചു. അവയിലെ കായ്ഫലം അസൂയാവഹമായിരുന്നു. ഇങ്ങനെ ദൈവം അവരെ അനുഗ്രഹിച്ചു. അവർ അഹങ്കരിച്ചില്ല. പ്രത്യുത ജഗത്പിതാവിനു നന്ദി പറഞ്ഞു. ആദ്യം വാങ്ങിയതിൽ നല്ല അംശം സ്ഥലം ജന്മിക്കു തന്നെ തിരികെക്കൊടുത്തിരുന്നു, പുറപ്പാടു കൊടുക്കുവാനുള്ള പ്രയാസത്താൽ. ഇപ്പോരം കഴിവായി, പണം ബാക്കിയായി. 1951-ൽ വേറേ സ്ഥലം വാങ്ങി, കുളക്കാട്ട്. പുതിയ സ്ഥലത്തു കൃഷിചെയ്തു. നല്ല വിജയം. കൃതജ്ഞതാസൂചകമായി ഒരു ദേവാലയം കുളക്കാട്ടു് ഉണ്ടാക്കുവാൻ എല്ലാ ഒത്താശകളും ചെയ്തു. പേരാവൂരിലേയ്ക്കു കുടിയേറിയവരിൽ എല്ലാംകൊണ്ടും മാന്യമായും മര്യാദയായും സമാധാനപരമായും ജീവിക്കയും വർത്തിക്കയും ചെയ്യുന്നവരിൽ പ്രഥമ സ്ഥാനത്തിൽപ്പെടും വടക്കേമെളഞ്ഞനാൽകാർ.

കുടിയേററക്കാരുടെ ഈ കനത്ത ദാരിദ്ര്യം മനസ്സിലാക്കി ചില പണക്കാർ അവരെ സഹായിക്കുവാൻ സന്നദ്ധരായി മുമ്പോട്ടു വന്നിരുന്നു. ഈ പണക്കച്ചവടക്കാർ എത്ര പണം വേണമെങ്കിലും കൊടുക്കും. നല്ല ഈടു കൊടുക്കണമെന്നേയുള്ളു. ഇതു രണ്ടുതരമുണ്ടു്. ഒന്നു് കൃഷിവിലയായി മുതലും പലിശയും മടക്കിക്കൊടുക്കുന്നതു്. വിളവിനു് ഒരു താണ

വിലയിരുത്തിയുള്ള വ്യവസ്ഥയിൽ. രണ്ടാമത്തെ രീതി ദിവസപ്പലിശ വ്യവസ്ഥയാണ്. ഒരു രൂപയ്ക്കു സാഹചര്യാനുസരണം ഒരു പൈസയോ കൂടുതലോ പലിശ വയ്ക്കും. ഓരോ മാസവും പലിശ മുതലിനോടു ചേർത്തുവേണം കണക്കു കൊണ്ടുപോകുവാൻ. രാപകൽ പണിയെടുത്തുണ്ടാക്കിയ പുരയിടങ്ങൾ ആദായകരമായി വന്നപ്പോൾ ഋണബാദ്ധ്യതയാൽ വിൽക്കേണ്ട ദുരവസ്ഥ പല കുടിയേററക്കാരും അനുഭവിച്ചിട്ടുണ്ട്. അവരുടെ വിലപിടിച്ച സ്വർണ്ണാഭരണങ്ങളും ഓട്ടുപാത്രങ്ങളും അന്യാധീനപ്പെട്ടു പോയിട്ടുണ്ട്. ഇതെല്ലാം കൃഷിക്കാരനറിയാമെങ്കിലും ഗത്യന്തരമില്ലാത്തതിനാൽ അവൻ ഈ വ്യവസ്ഥകൾക്കു വിധേയനാകുന്നുവെന്നേയുള്ളു. അവനറിയാം, തൻെറ രക്തം വിയർപ്പാക്കിയുണ്ടാക്കിയ നേട്ടങ്ങളുടെ എല്ലാ ഫലങ്ങളും ആസ്വദിക്കുന്നതു് ഈ പണക്കച്ചവടക്കാരാണെന്നും അവരെ തങ്ങൾ കൂടുതൽ കൂടുതൽ പണക്കാരാക്കുകയാണെന്നും. എങ്കിലും രോഗശാന്തിക്കു ചികിത്സിക്കണ്ടേ, വസ്ത്രം വാങ്ങണ്ടേ, മകളുടെ വിവാഹം നടത്തണ്ടേ? ഒരു സംഭവം കേട്ടുകൊള്ളൂ. പെരുമ്പുന്നയിലെ ഒരു ചെറിയ കൃഷിക്കാരനായ തോമസിനു് ഇരുനൂറു് രൂപാ തികയാതെവന്നു, വിവാഹിതയാകുന്ന തൻെറ മകൾക്കു് ഒരു സ്വർണ്ണമാല വാങ്ങിക്കൊടുക്കുവാൻ. അടുത്തുള്ള പണക്കച്ചവടക്കാരൻ 200 രൂപാ കൊടുത്തു. ഒരു നോട്ടും എഴുതിവാങ്ങി. രൂപയ്ക്കു് ദിവസം ഒരു പൈസയാണു് പലിശവച്ചതു്. രണ്ടുമാസത്തിനകം ഇഞ്ചി പറിച്ചു വിൽക്കാം, അപ്പോൾ പണവും പലിശയും കൊടുക്കാം, ഇപ്പോൾ കാര്യം നടക്കട്ടെ, എന്നാണു് തോമസ് വിചാരിച്ചതു്. പക്ഷേ ഇഞ്ചി പുഴപിടിച്ചു കേടായിപ്പോയി. കാര്യമായി ഒന്നുംതന്നെ കിട്ടിയില്ല. പണം കൊടുത്തയാൾ പറഞ്ഞു, 'വിഷമിക്കേണ്ടാ', ഒരു കൊല്ലത്തിനകം തന്നാൽ മതി'' യെന്നു്. കൊല്ലമൊന്നുകഴിഞ്ഞു. അയാൾ പണം ആവശ്യപ്പെട്ടു. 6100 രൂപ കൊടുക്കണമത്രേ. തോമസ് അത്ഭുതപ്പെട്ടുപോയി. അയാൾ കണക്കുകൂട്ടി കാണിച്ചുകൊടുത്തു. കണക്കു ശരിയാണ്. പറമ്പും പുരയും വിൽക്കേണ്ടിവന്നു. അയാൾ ഒരിളവും ചെയ്തില്ല. ഒന്നുമില്ലാതെ തോമസും കുടുംബവും കുടിപുറപ്പെട്ടുപോയി. ഈ വിധത്തിൽ തോമസിൻെറ കുടുംബത്തെ വഴിയാധാരമാക്കിയ പണക്കച്ചവടക്കാരൻ ഒരു കുടിയേററക്കാരനായിരുന്നു എന്നതാണു് ഏററവും വലിയ വൈരുദ്ധ്യം.

ഗവർമ്മേൻേറാ സാമുദായികസംഘടനകളോ കർഷകനെ കരകയററുവാൻ അന്നു് ഒരു സഹായഹസ്തവും നീട്ടിയിരുന്നില്ല. ആകയാൽ ഓരോ സാഹചര്യത്തിൽ എന്തിനും അവർ വഴങ്ങി ക്കൊടുക്കേണ്ടിവന്നു. ഇന്നു് കർഷകക്കുവേണ്ടി സക്കാർ പല ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്. ലോണുകളും അനുവദിക്കുന്നു. അവ വാങ്ങിയെടുക്കുവാനുള്ള നിയമങ്ങളും ലഘുവാക്കിയി ട്ടുണ്ടു്.

പുൽകൃഷിയും തെരുവകൃഷിയും തുടങ്ങുകയും തൈലത്തിനു വില വരുകയും കപ്പക്കു മാന്യതയും ഡിമാൻഡും ഉണ്ടാകയും ചെയ്തശേഷമാണു കുടിയേററക്കാരുടെ കനത്ത ദാരിദ്ര്യം നീങ്ങി യതു്. കുരുമുളകും അടയ്ക്കായും റബ്ബറും ലഭിക്കുവാൻ തുടങ്ങിയ തോടെ അവർ സ്വയംപര്യാപ്തരായി. നാട്ടിലേക്കു മടങ്ങി പ്പോകാതെ ഇവിടെത്തന്നെ ജീവിക്കാമെന്നായി.

കാലങ്ങരം മുമ്പോട്ടു നീങ്ങി. വർഷങ്ങരം ഇരുപതു് ഇരു പത്തഞ്ചുകഴിഞ്ഞു. മലയോരങ്ങളെല്ലാംതന്നെ കുടിയേററക്കാ രുടെ വകയായി. അവർക്കു പട്ടയവും ഉടമസ്ഥാവകാശവും ലഭിച്ചു. കാടായിക്കിടന്ന സ്ഥലങ്ങരം തെങ്ങു്, കമുകു്, കുരുമു ളകു്, കാപ്പി, റബ്ബർ മുതലായ ഫലവൃക്ഷങ്ങരംകൊണ്ടു നിറ ഞ്ഞു. ദാരിദ്ര്യവും കഷ്ടപ്പാടും അന്തർദ്ധാനം ചെയ്തു. ഭൂരിപക്ഷം പേരും സ്വയംപര്യാപ്തതയിലെത്തി. സൗകര്യപ്രദമായ താമ സസ്ഥലവും വീടും എല്ലാവർക്കും തന്നെയായി. ജീവിത സൗകര്യങ്ങരം പലതും നേടിയെടുത്തു. ചുരുക്കം സ്ഥലങ്ങളൊ ഴികെ എല്ലാ ഭാഗങ്ങളിലേക്കുംതന്നെ റോഡും ലൈൻബസ്സും വൈദ്യുതിയും ഫോണുമുണ്ടു്. ഇങ്ങനെ സുഖകരമായ ജീവി തത്തിനു വേണ്ടതെല്ലാം ഇന്നു കൈവന്നിട്ടുണ്ടെന്നു പറയാം.

## സംഘർഷങ്ങൾ, സംഘട്ടനങ്ങൾ

കൃഷിക്കാരായ കുടിയേററക്കാരെ ആരംഭകാലങ്ങളിൽ വിഷമിപ്പിച്ച വേറൊരുകൂട്ടം ശത്രുക്കളുണ്ടു്; മൃഗങ്ങളല്ല, മനുഷ്യർ! മൃഗങ്ങളുടെ വേഗതയും മനുഷ്യരുടെ ബുദ്ധിയും സാമർത്ഥ്യവുമുള്ളവർ–ആനയേക്കാൾ, കടുവായേക്കാൾ ശല്യം ചെയ്യുന്നവർ. കാട്ടിലേയും നാട്ടിലേയും മനുഷ്യർ.

ആദിവാസികളെപ്പോലെ കാട്ടിൽ ജീവിക്കുന്ന ഒരു കൂട്ടരാണു് ''കാട്ടുപറയർ''. എങ്കിലും ശുചിത്വവും സംസ്കാരവും ഉള്ളവരായി കാണപ്പെടുന്നു. ഒററയ്ക്കാണു് അവർ പുറത്തിറങ്ങി സഞ്ചരിക്കുക. സി. ഐ. ഡി. കളെപ്പോലെ അവർ എല്ലാം നോക്കിക്കാണും; പഠിക്കും. അവർ ജനസംഖ്യയിൽ കുറവാണു്. കുററിയാടി, പേരാമ്പ്ര ഭാഗങ്ങളിലെ കാടുകളിൽ മാത്രമേ അവരെ കാണാറുള്ളു. ഗ്രാമങ്ങളിൽ മററാളുകളുടെ ഇടയിൽവച്ചു കണ്ടാൽ തിരിച്ചറിയുകയില്ല. മാംസമാണു് അവരുടെ സാധാരണ ഭക്ഷണം. എന്നും അതു വേണം. കാട്ടുമൃഗങ്ങളെ അമ്പെയ്തും കെണിവച്ചുപിടിച്ചും ആദ്യം അവയുടെ രക്തം കുടിക്കും. ചുടുരക്തം വലിച്ചെടുക്കുവാൻ സിറിഞ്ചുപോലെ ഓടക്കുഴൽ ഉപയോഗിക്കും. മൃഗത്തെ കൊല്ലുന്നതിനു മുൻപുതന്നെ അതിൻെറ പച്ചമാംസം കണ്ടിച്ചെടുത്തു തിന്നും. അതിനുശേഷമേ ചുട്ടോ പുഴുങ്ങിയോ തിന്നുകയുള്ളു. കാട്ടുമൃഗങ്ങളെ പിടിച്ചെടുക്കുവാനുള്ള ബദ്ധപ്പാടിൽ അന്യരുടെ വളത്തുമൃഗങ്ങളെ മോഷ്ടിച്ചുകൊണ്ടുപോയി തിന്നുന്നതു് അസാധാരണമല്ല. മോഷണമാണു് അവരുടെ തൊഴിൽ. ആടും മൂരിയും ചെറുപ്പക്കാരായ സ്ത്രീകളും അവക്കു വേണം. ഓട്ടുപാത്രങ്ങളും വസ്ത്രങ്ങളും നാളികേരവും വാഴക്കുലയും അവർ തട്ടിക്കൊണ്ടുപോകും. കളവുമുതൽ നിസ്സാരവിലയ്ക്കു വാങ്ങുന്നവരുടെ പ്രോത്സാഹനവുമുണ്ടു് അവക്കു്. പഠിച്ച തസ്കരന്മാർ; ദൃഢഗാത്രന്മാർ. നാലുപേരുടെ ശക്തിയും ഊററവും ഉണ്ടു്. അവരെ പിടികൂടുവാൻ സാധ്യമല്ല. 1939–ൽ പുരയിടത്തിൽ തോമ

സിൻെറ തൊഴുത്തിൽ കെട്ടിയിരുന്ന ഒരു മൂരിക്കുട്ടനെ കാണാനില്ല. ലക്ഷണങ്ങൾകൊണ്ടു കടുവായും പുലിയും ഒന്നുമല്ല കൊണ്ടുപോയതെന്നു മനസ്സിലായി. പോയ വഴിയെ നോക്കി ചെന്നപ്പോൾ അഞ്ചാറുമൈൽ അകലെ കാട്ടിനുള്ളിൽ കാട്ടുകമ്പുകൾ വെട്ടി മൂടി ഇട്ടിരിക്കുന്നു. കുറെ മാംസം മുറിച്ചെടുത്തിട്ടുണ്ട്. അവർ മൂന്നുദിവസം പതിയിരുന്നു, ഒളിച്ചിട്ടിരിക്കുന്ന സാധനം എടുക്കുന്നതിനു വരുന്നവരെ പിടികൂടാനായി. പക്ഷേ, ആരും വന്നില്ല. ബുദ്ധിമാന്മാരായ കാട്ടുപറയർക്കു് ഏതോ സൂചന ലഭിച്ചിരിക്കണം, തോമസിൻേറയും മററും അന്വേഷണത്തെപ്പററി. രാത്രിയും പകലും കൊതുകിൻേറയും ഈച്ചയുടേയും കടിയുംകൊണ്ടു് തോമസും കൂട്ടരും ഉറക്കമിളച്ചതു മിച്ചം!!

ഒരു ദിവസം സന്ധ്യകഴിഞ്ഞപ്പോൾ പനന്താനത്തു മൈക്കിളിൻെറ വീട്ടിൽ (കുളത്തുവയൽ – ഇപ്പോൾ മണ്ണാർക്കാട്ടു് താമസിക്കുന്നു) ഒരു കാട്ടുപറയൻ പെട്ടെന്നു വന്നുകയറി. മൈക്കിളിൻെറ ഭാര്യ മറിയാമ്മ തടിയും തൻേറടവും ഉള്ള ഒരു സ്ത്രീയാണു്. അവർ ഏതോ അടുക്കളപ്പണിയിൽ ഏപ്പെട്ടിരിക്കുന്നു. മൈക്കിൾ എങ്ങോട്ടോ പോയതു പറയൻ മറഞ്ഞിരുന്നു കണ്ടിരിക്കണം. അവൻ വന്നയുടനെ വരാന്തയിൽ ഇരുന്ന ചെമ്പുപാത്രം കയ്യിലെടുത്തു. ''വയ്ക്കെടാ അവിടെ'' എന്നു പറഞ്ഞുകൊണ്ടു പാത്രത്തിൻെറ മേൽ മറിയാമ്മ ചാടിപ്പിടിച്ചു. പറയൻ വിടുന്നില്ല. രണ്ടുപേരും ബലത്തിൽ വലിച്ചു. വടംവലിപോലെ ഒരു മത്സരം നടത്തി കുറെനേരത്തേയ്ക്കു്. മറിയാമ്മ വലിയ സ്വരമുണ്ടാക്കിയപ്പോൾ അവൻ പാത്രത്തിൽനിന്നു പിടിവിട്ടിട്ടു് ഓടിമറഞ്ഞു. കാട്ടുപറയരുടെ ഈ വിധത്തിലുള്ള മോഷണങ്ങളും അക്രമങ്ങളുംകൊണ്ടു കൃഷിക്കാരായ കുടിയേററക്കാർ മടുത്തു. അവരെ പിടികിട്ടുകയില്ല. തിരിച്ചറിയാനും പററുകയില്ല.

മൂക്കൊള്ളിൽ ചെറിയാൻ (മാത്തൂർ) ഒരു നല്ല കർഷകനാണു്. കുടിയേററത്തിൻെറ ആരംഭകാലത്തുതന്നെ അദ്ദേഹം കുളത്തുവയലിൽ വന്നു. എല്ലാ പൊതുപ്രവർത്തനങ്ങളിലും അദ്ദേഹം മുൻപന്തിയിൽ നില്ക്കും. വടകരപ്പള്ളിവികാരി ബ. സിയാരോ അച്ചനെ കൊണ്ടുവന്നു് കുളത്തുവയലിൽ ആദ്യം ദിവ്യബലി നടത്തിച്ചതു ചെറിയാനാണു്. രണ്ടാമത്തെ ബലിയും അദ്ദേഹത്തിൻെറ വീട്ടിൽവച്ചുതന്നെ നടത്തി. കൃഷിപ്പണിക്കാൎക്കു ഭക്ഷണം തയ്യാറാക്കിക്കൊടുക്കുവാൻ പാത്രങ്ങൾ

വേണം. ആയുധങ്ങൾ വേണം. ഇവയെല്ലാം മോഷ്ടിക്കപ്പെടുന്നു. പോലീസ് നിസ്സഹായത പറയുന്നു. ചെറിയാൻ പാത്രങ്ങൾ സൂക്ഷിക്കാനും മററും മൺകട്ടകൊണ്ട് ഒരു മുറി അടവാക്കി. കാട്ടു പറയർ അതും രാത്രിയിൽ കുത്തിപ്പൊളിച്ച് ഓട്ടുപാത്രങ്ങൾ മോഷ്ടിച്ചു. ഈ കൊള്ളക്കാരെ നിലയ്ക്കു നിറുത്തിയില്ലെങ്കിൽ കൃഷിപ്പണികൾ മുൻപോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ല എന്നു കുടിയേററക്കാർക്കു ബോധ്യമായി. മോഷ്ടാക്കളിൽ രണ്ടു പേർ പ്രമാണികളും രാക്ഷസൻമാരുമായുണ്ട്; അവരെപ്പിടിച്ചു ശിക്ഷിച്ചുവിട്ടാൽ ആ വർഗ്ഗത്തിൻെറ അക്രമങ്ങൾ ഒട്ടൊതുങ്ങു മെന്നറിയാം. ചെറിയാനും കുറേപ്പേരുംകൂടി ഒരുതരത്തിൽ അവരെ വളഞ്ഞു. ഒരു നല്ല യുദ്ധംതന്നെ നടത്തി. രണ്ടു പ്രമാണികളെയും ബന്ധിച്ചു. മററുള്ളവർക്കെല്ലാം ഒരു സ്ഥിരം പാഠമായിരിക്കുവാൻവേണ്ടി അവരുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു വിട്ടു. കുറേ ദിവസങ്ങൾക്കുശേഷം ഇവരിൽ ഒരുത്തൻ ചരമമടഞ്ഞു. അപരൻ – അവരുടെ പ്രധാന നേതാവായ വെളുത്തൻ – അന്ധനായി പിന്നെയും വളരെനാൾ ജീവിച്ചു. പോലീസ് കേസ്സെടുത്തു എങ്കിലും ഈ കൊള്ളക്കാരെ ശിക്ഷിച്ചതു തങ്ങൾക്കും ഒരുപകാരമായി എന്നു കരുതി കേസ് ശക്തിപ്പെടുത്തിയില്ല. എന്നാൽ കാടുതെളിക്കുന്നതിലും ഭൂമി കിളക്കുന്നതിലും കൃഷിചെയ്യുന്നതിലും എന്നും കുടിയേററക്കാരിൽ കുററം മാത്രം കണ്ടിരുന്ന ചില ബുദ്ധിജീവികൾ അവരെ തകർക്കുവാൻ ഈ സംഭവം ഒരു തുരുപ്പായിട്ടെടുത്തു പരാതിപ്പെട്ടു. പ്രക്ഷോഭണങ്ങൾ ഉണ്ടാക്കി. കാട്ടുകൊള്ളക്കാരായ പറയരെ ഉപദ്രവിച്ചു മുക്കൊള്ളിൽ ചെറിയാനെ അറസ്ററുചെയ്തു. കോടതിയിൽ ഹാജരാക്കി വിസ്തരിച്ചു. ചെറിയാൻ കോടതിയിൽ ബോധിപ്പിച്ചു: "കുടിയേററക്കാർ കൃഷിക്കാരാണ്. കെട്ടുറപ്പുള്ള വീടില്ല. അവരുടെ വളർത്തുമൃഗങ്ങളും കൃഷിഫലങ്ങളും ഉപകരണങ്ങളുമെല്ലാം ആക്രമിക്കപ്പെട്ടാൽ അവർക്കു ജീവിക്കുവാൻ പററുകയില്ല. പോലീസിൽ പല പ്രാവശ്യം പരാതിപ്പെട്ടു. ഒരു രക്ഷയും കിട്ടിയില്ല. അവസാനം ഗത്യന്തരമില്ലാതെ ഞാനിതു ചെയ്തു". കോടതിക്കു വസ്തുതകൾ മനസ്സിലായി. എങ്കിലും നിയമം പാലിക്കേണ്ടതുണ്ടല്ലോ. ചെറിയാൻ എട്ടു കൊല്ലം തടവിനു ശിക്ഷിക്കപ്പെട്ടു. മാതൃകാപരവും സത്യസന്ധവുമായ ചെറിയാൻെറ ജീവിതം കണ്ടിട്ട് അദ്ദേഹത്തിനു മൂന്നുകൊല്ലത്തെ ശിക്ഷ ഇളവുചെയ്തുകൊടുത്തു. അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ ചെറിയാൻ മടങ്ങിയെത്തി. പൊതുജനങ്ങൾ

അദ്ദേഹത്തിനു ഗംഭീരസ്വീകരണം നല്കി. പക്ഷേ ചെറിയാൻ മടങ്ങിവന്നപ്പോഠം ഇടജന്മി എം. പി. മൊയ്തു അയാളുടെ പുരയിടം വേറൊരാഠംക്കു വിററിരുന്നു. ചെറിയാനു സഹിച്ചില്ല. കേസ്സുകൊടുത്തു. വളരെ കഷ്ടപ്പെടേണ്ടിവന്നു അനുകൂലവിധി സമ്പാദിക്കാൻ. കൊള്ളക്കാരായ ഈ കാട്ടുപറയരെ ആസ്സാമിലെയും ലഡാക്കിലെയും റോഡുപണികഠംക്കായി അയയ്ക്കുവാൻ വിധിയിൽ ശുപാർശ ചെയ്തിരുന്നുവോ എന്തോ? ഹിമാലയൻ അതിർത്തിയിൽ റോഡുകഠം പണിയുവാൻ ഈ കാട്ടുപറയരെ തേടിപ്പിടിച്ചുകൊണ്ടുപോയി എന്നു പറയപ്പെടുന്നു. അജയ്യനായി കരുതിയിരുന്ന തങ്ങളുടെ നേതാവു വെളുത്തനെ ചേട്ടന്മാർ പിടിച്ചു ശിക്ഷിച്ചു എന്നു മററുള്ളവർ അറിഞ്ഞപ്പോഠം ഇനി അവരുടെ പഴയ തൊഴിൽ – മോഷണം – ചെയ്തു ജീവിക്കുവാൻ സാധ്യമാകയില്ലെന്നു ബുദ്ധിമാൻമാരായ അവർക്കു തോന്നിക്കാണും. മററു പണികഠം ചെയ്യാൻ പൊയ്ക്കളയാം, ധാരാളം പണവും കിട്ടും എന്നു കരുതി അവരിൽ നല്ല സംഖ്യ സ്ഥലംവിട്ടുപോയി.

എങ്കിലും പറയൻ വെളുത്തൻെറ സ്ഥിതിയെന്തു്? അന്ധനായ അവനു കാട്ടിൽ ദൂരെ പോയി താമസിക്കുക വിഷമമാണെന്നു് എല്ലാവക്കുമറിയാം. ഒരു മുസ്ലീമിൻെറ തോട്ടത്തിൽ താമസിക്കുവാൻ അവൻ അനുവാദം വാങ്ങി.

കുടിയേററക്കാർ അവനു് ഒരു ചെറിയ വീടു കെട്ടിക്കൊടുത്തു. അവനും ഭാര്യയുംകൂടി അവിടെ താമസിച്ചു. അവക്കു സുഖമായി ജീവിക്കുവാനുള്ള വക കുടിയേററക്കാർ പതിവായി കൊടുത്തുകൊണ്ടിരുന്നു. മുക്കൊള്ളിൽ ചെറിയാനാണു വെളുത്തനെ സന്തുഷ്ടനാക്കുന്നതിൽ മുൻപന്തിയിൽനിന്നു പ്രവത്തിച്ചതു്. കുടിയേററക്കാരുടെ ആഘോഷങ്ങളിൽ വെളുത്തനെ അവർ മറന്നിരുന്നില്ല. അവനു് എന്നും ഉത്സവമായിരുന്നു എന്നു പറയാം. വെളുത്തൻെറ ക്ഷീണമെല്ലാം മാറി. ശരീരം പഴയപടി ശക്തമായി. കാക്കായുടെ തോട്ടത്തിൽനിന്നും കുലയോടെ തേങ്ങാ മോഷണം പോകുന്നു. വെളുത്തനോടു ചോദിച്ചു, രാത്രിയിൽ തേങ്ങാ വീഴുന്നതു കേഠംക്കുന്നുണ്ടോ എന്നു്. "ഒന്നും കേഠംക്കുന്നില്ല. അറിയുന്നുമില്ല". ഇതായിരുന്നു മറുപടി. മാപ്പിള ശ്രദ്ധിച്ചു, കള്ളനെ പിടിക്കാൻ. കള്ളൻ ദൂരെനിന്നും വരുന്നതായിരിക്കണം. ഒരു ദിവസം വിളഞ്ഞ തേങ്ങായുള്ള ഒരു തെങ്ങിൽ ഒരു മടൽ ചാരിയിരിക്കുന്നതു മാപ്പിള

കണ്ടുപിടിച്ചു. പിറേറന്നാറം നോക്കിയപ്പോറം ആ തെങ്ങിലെ തേങ്ങാ കുലയോടെ കൊണ്ടുപോയിട്ടുണ്ട്. കാര്യം മനസ്സിലായി. എങ്കിലും ഒന്നുകൂടെ പരീക്ഷിക്കണം. വേറൊരു ദിവസവും മടൽ ചാരിയിരിക്കുന്നതു കണ്ടു, വിളഞ്ഞ തേങ്ങായുള്ള ഒരു തെങ്ങിൽ. സന്ധ്യ കഴിഞ്ഞു. കാക്കാവന്നു് ആ മടൽ എടുത്തു മണ്ടപോയ കുശുത്ത ഒരു തെങ്ങിൻചുവട്ടിൽ ചാരിവച്ചു. നേരം വെളുത്തു നോക്കിയപ്പോറം തെങ്ങിൻെറ ദ്രവിച്ച തടിയും വെളുത്തനും വീണുകിടക്കുന്നു. ജീവനില്ല, വെളുത്തന്. അതോടെ അവിടെ കാട്ടുപറയരുടെ ശല്യം ഏറെക്കുറെ അവസാനിച്ചു.

കാട്ടുമൃഗങ്ങളും കാട്ടുമനുഷ്യരും മാത്രമല്ല കുടിയേററക്കാരെ ദ്രോഹിച്ചിരുന്നതു്. നാട്ടുമനുഷ്യരും ദ്രോഹിച്ചു. സ്ഥലാവകാശത്തർക്കം, അതിർത്തിത്തക്കം, ഒരേ പ്ലോട്ടു (Plot) തന്നെ പലക്കും വില്പന നടത്തി കാശുവാങ്ങൽ മുതലായ വഞ്ചനകളും കൃത്രിമങ്ങളും അസൂയക്കാരും അമിതലാഭേച്ഛുക്കളുമായ ചില നാട്ടുകാരിൽനിന്നു ധാരാളം ഉണ്ടായിട്ടുണ്ടു്. പല കുടിയേററക്കാരും ദൈവത്തെ ഓർത്തും സമാധാനം കാംക്ഷിച്ചും അവകുറെയെല്ലാം ക്ഷമിച്ചു. ചിലർ തങ്ങളുടെ ശക്തിക്കുറവിനെ പരിഗണിച്ചും എതിർപാർട്ടിയുടെ അക്രമണം ഭയപ്പെട്ടും ക്ഷമിച്ചു കഴിഞ്ഞുകൂടി. ചുരുക്കം ചിലർ നീതിയ്ക്കുവേണ്ടി പോരാടി. ഈ ഗണത്തിൽപ്പെടുന്നവരാണു മൈക്കിറം ജോർജ്ജ് കള്ളവേലി, ജോസ് കള്ളവേലി, മുക്കൊള്ളിൽ പെറിയാൻ, വക്കിച്ചൻ കള്ളവേലി മുതലായ കുടിയേററക്കാർ. ഈ അനീതികറം അസഹനീയമായി വന്നപ്പോറം അവർ കേസു കൊടുക്കുകയും സമരം ചെയ്യുകയും ചെയ്തു.

ഇതുകൂടാതെ പലക്കും ഗുണ്ടാകളുടെ തട്ടിപ്പറിക്കലും മറ്റുനങ്ങളും നേരിടേണ്ടിവന്നിട്ടുണ്ടു്. കൂടരഞ്ഞിയിലെ ഒരു നല്ല കൃഷിക്കാരനായ പാറക്കൽ മത്തായി 1957–ൽ അക്കൊല്ലത്തെ തൻെറ കൃഷിഫലമായ കുരുമുളകു് കോഴിക്കോട്ടു കൊണ്ടുപോയി വിററു. മുക്കത്തെ കച്ചവടക്കാർ പറഞ്ഞ വിലയെക്കാറം കൂടുതൽ വിലയ്ക്കു വില്ക്കുവാൻ സാധിച്ചു. പണവും രൊക്കം കിട്ടി. പണവുമായി മത്തായി പോരുന്നതു് ഒരാറം വീക്ഷിക്കുന്നുണ്ടായിരുന്നു. അയാറം മുക്കത്തു് നേരത്തെ വന്നു ചില വിവരങ്ങറം കൊടുത്തു. 2000–ൽപ്പരം രൂപയുമായിട്ടാണു് ചേട്ടൻ വരുന്നതു്. ബസ് മുക്കത്തെത്തിയതു് രാത്രി ഇരുട്ടിയ ശേഷമാണു്. മത്തായി വേഗത്തിൽ തോണി മാർഗ്ഗം പുഴകടന്നു

കൂടരഞ്ഞിക്കു നടന്നു. അയാൾക്കു് വഴി നല്ല നിശ്ചയം. എന്നും തന്നെ അതിലെ നടക്കുന്നതാണു്. ഇരുട്ടാണെങ്കിലും ഒരു കുസലുമില്ല. അല്പം കഴിഞ്ഞപ്പോൾ പിറകിൽ ദൂരെ നിന്നും ആരോ ലൈററടിക്കുന്നു. അങ്ങനെ രണ്ടുമൂന്നു പ്രാവശ്യ മായപ്പോൾ മത്തായിക്കു് സംശയമായി. അയാൾ അപകടം മനസ്സിലാക്കി. വലിയ വൃക്ഷങ്ങളുടെ ഭാഗത്തുവന്നപ്പോൾ മത്തായി ശീഘ്രത്തിൽ താഴെ ചെറുപുഴയുടെ വശത്തെ കാട്ടി ലേക്കിറങ്ങി ഒരു വലിയ മരത്തിനു മറഞ്ഞു് കുററിക്കാട്ടിൽ പതുങ്ങിയിരുന്നു. പിറകെ വന്നവർ ഇടക്കിടയ്ക്കു് ദൂരെ മുൻ പിൽ ലൈററടിച്ചു കടന്നുപോയി. "ആ പകയൻ സ്പീ ഡിൽ പോയോ? അവൻ നമ്മുടെ മുൻപാർട്ടിയുടെ കയ്യിലായി ക്കാണും. നമുക്കു വേഗം നടന്നു് അവരോടുകൂടി ചേരാം" എന്നു പറയുന്നതു് മത്തായി കേട്ടു. അയാൾ അതിവേഗം ചെറുപുഴയുടെ തീരത്തേയ്ക്കു കാട്ടിൽക്കൂടി നടന്നു. നീന്തി അക്ക രയെത്തി സുരക്ഷിതമായ ഒരു സ്ഥാനത്തിരുന്നു. അപ്പോൾ തൻെറ മുൻപേ പോയവരും പിറകെ വന്നവരും തമ്മിൽ ഒന്നി ച്ചുകൂടുന്നതും രണ്ടുകൂട്ടരുംകൂടെ ലൈററടിച്ചു പരിസരമെല്ലാം തെരയുന്നതും കണ്ടു. മത്തായി ദൈവത്തിനു ഹൃദയംകൊണ്ടു നന്ദിപറഞ്ഞു. അടുത്തുള്ള ഒരു വീട്ടിൽ കയറി ഒരാളിനെ കൂട്ടായി വിളിച്ചുകൊണ്ടു് വേറെ വഴിക്കു സ്വന്തം വീട്ടിലേയ്ക്കു പോയി.

അങ്ങാടിപുറത്തിനടുത്തുള്ള മാലാപറമ്പു് എന്ന സ്ഥലത്തെ മൂന്നു കുടിയേററക്കാർ തങ്ങളുടെ പറമ്പിൽ വൈകുന്നേരംവരെ കൃഷിപ്പണികൾ കഴിഞ്ഞു് ഉല്ലാസത്തിനായി ടൗണിൽ എത്തി. കുറെ പപ്പടം വാങ്ങി. മദ്യഷാപ്പിൽ കയറി കുറച്ചു കുടിച്ചു. മഹത്വങ്ങളും ഫലിതങ്ങളും പറഞ്ഞു രസിച്ചുകൊണ്ടു് അവർ ഒന്നിച്ചു മടങ്ങി. ഓരോരുത്തരുടേയും വീട്ടിലേയ്ക്കു വേർപിരിയേണ്ട സ്ഥലമായി. ഒരു കല്ലിൻെറ മുകളിലിരുന്നു് അവർ പപ്പടം എണ്ണി പങ്കിട്ടു. വയററിൽ കള്ളായിരുന്നതി നാൽ എണ്ണൽ സ്വരത്തിലും ഫലിതമായും നടത്തി. എണ്ണുന്ന തിൻെറ സ്വരം അടുത്തുണ്ടായിരുന്ന കടകളിലെ ആളുകൾ കേട്ടു. അവരിൽ ചിലർ കൂടിയാലോചിച്ചു. നല്ല തക്കം. ചേട്ടൻ മാർ ഏതോ കൃഷിവിഭവങ്ങൾ വിററിട്ടു പണം എണ്ണി പങ്കിടു കയാണെന്നു് അവർ തീരുമാനിച്ചു. തനിച്ചുപോയ ഒരാളിനെ അവർ വളഞ്ഞു. ഒന്നും സംശയിച്ചിട്ടു കാര്യമില്ല. എണ്ണി സംഖ്യ പറയുന്നതു കേട്ടതാണു്. അതിനാൽ ചെന്നപാടെ

അവർ അയാളെ കൊലപ്പെടുത്തി. മടിയിലെ പൊതി വലിച്ചെടുത്തു നോക്കിയപ്പോഴാണ് അമളി മനസ്സിലായതു്. പപ്പടം മാത്രം!!!

കല്ലിടുക്കിൽ മാത്യു സമത്ഥനായ ഒരു യുവാവാണ്. ഇരുപത്തിയേഴ വയസ്സു പ്രായം. എസ്. എസ്. എൽ. സി. പാസ്സായി. കൂടുതൽ പഠിക്കുവാൻ സൗകര്യം കിട്ടിയില്ല. മുക്കത്തെ ഒരു ചിട്ടി ഫണ്ടിൽ മാനേജരായി ജോലിയിൽ പ്രവേശിച്ചു. മാനമായി ജീവിക്കുന്നു. അയാഠം താമസിക്കുന്നതു നീലേശ്വരം വില്ലേജിൽപെട്ട വേനപ്പാറയിലാണ്. ഓഫീസുജോലിയെല്ലാം കഴിഞ്ഞു സന്ധ്യ ആകുമ്പോഠം ആണ് മാത്യു സാധാരണ വീട്ടിൽ പോകുന്നതു്. ഒരു മാസാവസാന ദിവസം മാത്യു വീട്ടിലേയ്ക്കു പോകയാണ്. വേഗത്തിലാണ് നടപ്പു്. ഓമശ്ശേരിഭാഗത്തുവന്നു. സ്ഥലവാസികളായ ചില ചട്ടമ്പികഠം മാത്യുവിനെ സമീപിച്ചു വട്ടമിട്ടു. പല ചോദ്യങ്ങഠം ചോദിച്ചു. ഭീഷണിപ്പെടുത്തി. ശമ്പളം കിട്ടിയതു മടിയിൽ കാണുമെന്നു് അവർ ഊഹിച്ചു. മാത്രമല്ല ഈ ചട്ടമ്പിമാരെ നമിക്കാതെ കുടിയേററക്കാർ സ്വതന്ത്രരായി നിവന്നു് അതിലെ നടക്കുവാൻ പാടില്ല എന്നൊരു ഭാവവും. മാത്യുവിനെ അവർ തല്ലി. ചട്ടമ്പികഠം നാലഞ്ചു പേരുണ്ടു്. മാത്യു കൂട്ടാക്കിയില്ല. ഒരു ക്ലേശവും ശങ്കയും കൂടാതെ തിരിച്ചടിച്ചു. കൈക്കോട്ടും അരിവാളും പിടിച്ചു തഴമ്പിച്ച കരങ്ങഠംകൊണ്ടുള്ള ശക്തിയായ അടി. തുടന്നു നല്ല അടി നടന്നു. ഏകനെങ്കിലും മാത്യു വിട്ടുകൊടുത്തില്ല. മാത്യുവിൻെറ തലയ്ക്കിട്ടു് അവർ ടോർച്ചുകൊണ്ടു് അടിച്ചു. അടികഠംകൊണ്ടു് മാത്യു നിലംപതിച്ചു. എന്നിട്ടും നായിംപ്ര ഹുസൈൻ ടോർച്ചുകൊണ്ടടിക്കയും കുനിഞ്ഞു മാത്യുവിൻെറ മടി തപ്പുകയും ചെയ്തു. മാത്യു അതേ കിടപ്പിൽ കത്തിയെടുത്തു് ഹുസൈൻെറ കഴുത്തിനു കുത്തി. ഹുസൈൻ മരിച്ചുവീണു. മാത്യു മരിച്ചില്ല. കേസു നടന്നു. കൊലക്കേസ്. സ്വരക്ഷയ്ക്കുവേണ്ടി പ്രതിയോഗിയെ കുത്തിയെന്നു തെളിഞ്ഞതിനാൽ മാത്യുവിനെ ശിക്ഷിക്കാതെ വെറുതെവിട്ടു. വളരെ പണം ചിലവാക്കേണ്ടിവന്നു. പതിനഞ്ചു കൊല്ലം പണിയെടുത്തുണ്ടാക്കിയ പുരയിടം വില്ക്കേണ്ടിവന്നു. എങ്കിലും കുടിയേററക്കാക്ക് പബ്ലിക് വഴിയിൽക്കൂടി നിവന്നു നടക്കാമെന്നായി.

ചൈനാ അതിത്തിയിൽനിന്നു് ഒരു പട്ടാളക്കാരൻ മലബാറിലെ ഒരു കുടിയേററ കോളനിയായ മാലാപറമ്പിൽ

തൻെറ വീട്ടുകാരെയും ബന്ധുക്കളെയും കാണ്മാൻ 1968-ൽ വന്നു. ഒരു ദിവസം അടുത്ത പട്ടണത്തിൽചെന്നു തൻെറ ശമ്പളം വന്നതു് പോസ്റ്റാഫീസിൽനിന്നു വാങ്ങി. ചില സുഹൃത്തുക്കളെ കണ്ടു സംസാരിച്ചശേഷം മടങ്ങിപോകുകയാണു്; തനിച്ചേയുള്ളൂ. പണവുമുണ്ടു്. രാത്രി ഇരുട്ടായി. നാലുപേർ തന്നെ അനുഗമിക്കുന്നു. നടപ്പു സാവധാനത്തിലാക്കിയിട്ടും അവർ തൻെറ ഒപ്പം വരുന്നില്ല. സംശയം തോന്നി. ഒരു വളവിൽവച്ചു് ഉടുമുണ്ടഴിച്ചു് അരസ്സുകെട്ടി. നിക്കർ മാത്രം ധരിച്ചു കുറേ നടന്നശേഷം വഴിയിൽതന്നെ നിന്നു. പിറകെ വരുന്നവരുടെ ഗതി വളരെ സാവധാനത്തിലായതിനാൽ അവരെ വിളിച്ചു. അവരോടു ചോദിച്ചു: ''ഇവിടെ ചേട്ടന്മാർ റാക്കുണ്ടാകുന്നുണ്ടോ? അവരുടെ വീടു കാണിച്ചുതരാമോ? അവരിൽ അഞ്ചാറെണ്ണത്തിനെ കൊണ്ടുപോകണം. ഞാൻ നേരത്തെ പോന്നതാണു്. പുറകിൽ പോലീസ് വരുന്നുണ്ടു്.'' ഗുണ്ടകൾ അല്പം അമന്തതായി തോന്നി. അവർ വേഗത്തിൽ കുറേ നടന്നശേഷം ഓരോരുത്തരായി ഓടി അകലുന്നതു കണ്ടു. അങ്ങനെ കൊള്ളക്കാരിൽനിന്നു പട്ടാളക്കാരൻ രക്ഷപെട്ടു.

യഥാർത്ഥ സ്ഥലമുടമയായ ആക്കിലേടൻ നാരായണൻ നമ്പ്യാരോടു് 1939-ൽ പാലാക്കാരായ കട്ടക്കയം മാത്യുവക്കീലും എലവനാൽക്കാരും കൂടി 300 ഏക്കർ സ്ഥലം ചാത്തൻകോട്ടു നടയിൽ (കുററിയാടി) വാങ്ങി. ആ സ്ഥലത്തു കൃഷികൾ നടത്തുവാനും മററു കാര്യങ്ങൾ അന്വേഷിക്കുവാനും വയലിൽ കൊച്ചിനെ ഏല്പിച്ചു. കൊച്ചു് പുരവച്ചു കുടുംബസഹിതം താമസിച്ചു ജോലികൾ നടത്തിപ്പോന്നു. ഈ പ്രദേശവും മലകളും തൻേറതാണെന്നു് ഒരു മുതലാളി പറഞ്ഞിരുന്നതാണു്. വില തന്നു തന്നോടു വാങ്ങാതെ ആക്കിലേടൻേറതെന്നു പറഞ്ഞാൽ സമ്മതിച്ചുകൊടുക്കുന്നവനല്ല അയാൾ. ഒരു ദിവസം തൻെറ കിങ്കരന്മാരെ അയച്ചു് അയാൾ വയലിൽ കൊച്ചിൻെറ പുര തീ കത്തിച്ചുകളഞ്ഞു. പാലായിൽനിന്നു മാത്യുവക്കീലും എലവനാൽക്കാരും വന്നു് ചില നടപടികളെല്ലാം നടത്തി. പേടിച്ചുപോകുന്നവരല്ല കുടിയേററക്കാരെന്നു മുതലാളിക്കു മനസ്സിലായതിനാൽ അക്കാര്യത്തിൽ അയാൾ പത്തിയടക്കി നിശ്ശബ്ദനായി ഇരിക്കമാത്രം ചെയ്തു. പിന്നെ ശല്യമൊന്നും ഉണ്ടാക്കിയില്ല.

കുററിയാടിയിൽനിന്നു് ഏഴമൈൽ അകലമുള്ള ഒരു മലയോരമാണു കരിങ്ങാടു്. അവിടത്തെ മണ്ണു് അസാധാരണ

ഫലപുഷ്ടിയുള്ളതു്. മീനച്ചിൽ താലൂക്കിൽനിന്നു് ആളുകരം വന്നു് ആ സ്ഥലത്തിൻെറ ഉടമസ്ഥരായിരുന്ന ബോംബെ കമ്പനി ഏജൻറിനോടു സ്ഥലം വാങ്ങി കൃഷി ചെയ്തുതുടങ്ങി. അവർ രക്തം വിയർപ്പാക്കി പണിയെടുത്തു. നല്ല വിളവു കരം. അതുകണ്ടപ്പോരം അടുത്ത പ്രദേശക്കാർക്കു് അസൂയ. ശ്രീ. ഗോപിവൈദ്യൻ കുടിയേററക്കാർ പ്രവേശിച്ചിരുന്ന സ്ഥലങ്ങരം തൻേറതാണെന്നു വാദിച്ചു കോടതിയിൽ കേസു കൊടുത്തു. ഗോപി കുറെ സ്ഥലം ബോംബെ കമ്പനിയോടു വാങ്ങിയിരുന്നു. സർവ്വേ ചെയ്യാത്ത സ്ഥലം. കുടിയേററക്കാർ നിർദ്ധനർ. പ്രതികൂലമായും അനുകൂലമായും വിധികരം ഓരോ കോടതിയിൽനിന്നുമുണ്ടായി. ഒടുവിൽ ഗോപിക്കനുകൂലമായ വിധി ഹൈക്കോടതിയിൽനിന്നു് അയാരം നേടി. കുടിയേററക്കാർ തോൽവി സമ്മതിച്ചു. അവർ പിന്നീടു കേസിനു പോയില്ല. പണം മുടക്കുവാൻ ശേഷിയില്ല. അവർ ഗോപിയുമായി ഒരു സന്ധിയുണ്ടാക്കി. ഏക്കർ ഒന്നിനു് ഒരു ചെറിയ വില ഗോപിക്കു കൊടുത്തു. ഇങ്ങനെ അവർ സമാധാനത്തിൽ കഴിയുകയാണു്. വർഷങ്ങരം ഒന്നുരണ്ടു കഴിഞ്ഞു. അവരുടെ കൃഷികളെല്ലാം വിജയിക്കുന്നു. അപ്പോരം കരുത്തനും വൈരാഗ്യബുദ്ധിയുമായ ഒരു മുതലാളിക്കു് പ്രലോഭനം. കുററിയാടിക്കു ചുററുമുള്ള മലയോരങ്ങളെല്ലാം തിരുവിതാംകൂർ ചേട്ടന്മാർ കൈയടക്കിയിരിക്കുന്നു. അവർ കരിങ്ങാട്ടുമലയിൽ വേരുറയ്ക്കുവാൻ സമ്മതിക്കരുതു്. അയാരം കരിങ്ങാട്ടുമല മുഴുവൻ തൻേറതാണെന്നും ഇന്ന തീയതിക്കകം അവിടെനിന്നും ഇറങ്ങി പൊയ്ക്കൊള്ളണമെന്നും അല്ലെങ്കിൽ ഇറക്കിവിടുമെന്നും കാണിച്ചു് അച്ചടിച്ച ഒരു നോട്ടീസ് കുടിയേററക്കാർക്കു് അയച്ചു. കുടിയേററക്കാർ കൂടിയാലോചിച്ചു. മുതലാളി ശക്തൻ; പണമുള്ളവൻ; ആരംസ്വാധീനമുള്ളവൻ; ആ പ്രദേശത്തെ രാജാവു്. ഈ ഭീഷണിക്കു് വഴിപ്പെട്ടാൽ മലബാറിൽ ജീവിക്കാൻ സാധിക്കാതെവരുമെന്നു് അവർ മനസ്സിലാക്കി. കുററിയാടി പോലീസ് മുതലാളിയുടെ ചൊൽപ്പടിയിൽ. കുടിയേററക്കാർ പോലീസ്മേധാവികളെ വിവരം ധരിപ്പിച്ചു. തങ്ങരം വിലകൊടുത്തു വാങ്ങിയ സ്ഥലത്തുനിന്നു് ഇറക്കിവിടുവാൻ ശ്രമിക്കുന്നതു് അനീതിയാണെന്നും ആ അനീതിക്കു വഴങ്ങുകയില്ലെന്നും കാണിച്ചു മറുപടിനോട്ടീസും കൊടുത്തു. അറിയിച്ച നിശ്ചിത ദിവസം 1967 – നവംബർ 7–ാം തീയതി ചട്ടമ്പികളും ഗുണ്ടകളുമടങ്ങുന്ന 300–ൽ പരം പേരോടുകൂടി മാരകായുധങ്ങളുമായി കരിങ്ങാട്ടുമലയിലെത്തി.

ലോറിയിലാണ് അവർ ആളെ ഇറക്കിയതു്. തിരൂരേയും മലപ്പുറത്തേയും ചട്ടമ്പികൾ. കുപ്രസിദ്ധനായ തിരൂർ രാമനുമുണ്ടായിരുന്നു.

കുടിയേററക്കാർ സ്ഥലത്തു താമസക്കാരായ പത്തുപേർ മാത്രം. മൂലയിൽ തോമസ്, തുടിയൻപ്ലാക്കൽ മത്തായി, വേനക്കുഴിയിൽ വക്കി, പറയൻകുഴിയിൽ സ്റ്റീഫൻ, മുതലായ പത്തുപേർ പല സ്ഥലങ്ങളിൽ എതിർ പാർട്ടിയെ നേരിടുവാൻ തയ്യാറായി നിന്നു. ശത്രുക്കളിൽ ഒരു സംഘം വന്നു മൂലയിൽ തോമസിൻെറ വീടു വളഞ്ഞു് തോമസിനോടു് ഇറങ്ങിപ്പോകുവാൻ ആവശ്യപ്പെട്ടു. ഭീഷണി മുഴക്കി. അട്ടഹസിച്ചു. തോമസ് അക്രമികളായ ആഗതരോടു പറഞ്ഞു: "ഈ കയ്യാല കടന്നു് എൻെറ മുററത്തു കേറിയാൽ വെടിവയ്ക്കുമെന്നു്". തോമസ് തോക്കെടുത്തു കാണിച്ചുകൊടുത്തു. ഗുണ്ടാസൈന്യം ഇതുണ്ടോ വകവയ്ക്കുന്നു. അവർ തോമസിനെ ആക്രമിക്കുവാൻ മുമ്പോട്ടു വന്നു. തോമസ് തോക്കെടുത്തു കാഞ്ചി വലിച്ചു. വെടി പൊട്ടിയില്ല. പന്നിക്കുള്ള പടക്കമുണ്ടായിരുന്നു. പടക്കം പൊട്ടി. രണ്ടു കശ്മലന്മാർ നിലത്തുവീണു പിടഞ്ഞു മരിച്ചു. രക്തക്കളം! "ആരെടാ എൻെറ വീട്ടിൽ കേറുന്നതു്" എന്നു ചോദിച്ചുകൊണ്ടു് തോമസ് മുററത്തേയ്ക്കു ചാടി.. ഒരു പടക്കം കൂടി എറിഞ്ഞു. അതും പൊട്ടി, നടുക്കുന്ന ശബ്ദത്തോടെ. വിവിധ ആയുധങ്ങളുമായി യുദ്ധത്തിനു തയ്യാറെടുത്തു വന്നവർ ഉള്ള ജീവനുംകൊണ്ടു തിരിഞ്ഞോടി. ഓട്ടംവഴി മററു കുടിയേററക്കാരും പടക്കം എറിഞ്ഞു. ആകെ അഞ്ചുപേർ മരിച്ചു. പലക്കും മുറിവേററു. കേസുണ്ടായി. വളരെ പണം ചെലവാക്കി. നിരവധി കഷ്ടപ്പാടുകൾ സഹിച്ചു. സ്വരക്ഷയ്ക്കു വേണ്ടി ചെയ്തതാണെന്നു തെളിഞ്ഞതിനാൽ കൊലക്കേസിൽ പ്രതികളെ വെറുതെ വിട്ടു. അതിൽപിന്നെ കുടിയേററക്കാരെ തല്ലിയോടിക്കാൻ ആരും മുതിന്നിട്ടില്ല.

## ഒരു നിയമവും കുറെ പ്രശ്നങ്ങളും

രോഗങ്ങളും കാട്ടുമൃഗങ്ങളുടെ ശല്യങ്ങളും മരണവും കൃഷിനഷ്ടവും വസൂരിക്ക്ങ്ങളുംകൊണ്ടു കുടിയേററക്കാരനു് അഭിമുഖീകരിക്കേണ്ടിവന്ന ദുരിതങ്ങാം ഭയങ്കരങ്ങളായിരുന്നു. 1940 വരെയുള്ള കാലയളവിൽ കുടിയേറിയവരിൽ മൂന്നിലൊന്നു കുടുംബങ്ങാം പരാജയം സമ്മതിച്ചു മടങ്ങിപ്പോയി. വേറൊരു മൂന്നിലൊന്നുപേർ രോഗത്താലും അപകടങ്ങളാലും മരണമടഞ്ഞു. ശേഷിച്ചവർ ക്രമേണ അഭിവൃദ്ധിപ്പെട്ടു. അവരുടെ ഐശ്വര്യം കണ്ടു് 1940–മുതൽ മലബാറിലേയ്ക്കുള്ള തിരുവിതാംകൂർകാരുടെ കുടിയേററപ്രവാഹം വദ്ധിച്ചു. കൂടുതൽ കൂടുതൽ കുടുംബങ്ങാം എല്ലാ മേഖലകളിലേയ്ക്കും പ്രതിദിനം വന്നുകൊണ്ടിരുന്നു. നേരത്തെ കുടിയേറിയ ആളുകാം പുതുതായി വരുന്നവക്കു സങ്കേതവും സഹായവും നല്കി. അതിനാൽ കുടിയേററത്തിൻെറ കഷ്ടപ്പാടു കുറഞ്ഞുവന്നിരുന്നു. മലബാർകാർ എല്ലാവരുംതന്നെ വിചാരിച്ചിരുന്നു ഈ കുടിയേററക്കാർ ഓരോ തരത്തിൽ മരിച്ചും മടങ്ങിപ്പോയും ചുരുങ്ങിയ നാളുകാക്കകം മലബാറിൽ ഇല്ലെന്നാകുമെന്നു്. പക്ഷേ അവർ വളരുകയും വദ്ധിക്കുകയുമാണു ചെയ്യുന്നതു്. മലബാർപ്രദേശത്തിൻെറ ഒരു നവോത്ഥാനത്തിനുതന്നെ ഈ കുടിയേററം തുടക്കംകുറിച്ചു. സാധാരണക്കാരും സാധുക്കളും ഇതിനെ സ്വാഗതം ചെയ്തു. അവർ സന്തോഷിച്ചു. ഇതു് ഒരു ഭാഗ്യമായി കരുതി. കുടിയേററക്കാരുടെ ആഗമനത്തോടെ വെറുംഭൂമിക്കു വിലയായി. കുന്നും മലയും പുൽമേടും അവർ നല്ല വിലയ്ക്കു വാങ്ങി. അവർ അതിൽ വീടുവച്ചു; കൃഷിചെയ്തു; പണിയില്ലാതെ അലഞ്ഞുനടന്നവക്കെല്ലാം പണികിട്ടി. കൃഷിപ്പണിക്കാക്കും കെട്ടിടപ്പണിക്കാക്കും തിരുവോണം വന്നപോലെ സന്തോഷമായി. ഭക്ഷ്യവിഭവങ്ങാം സുഭിക്ഷം. കുടിയേററക്കാർ അത്യുല്ലോഭമില്ലാതെ കൃഷിചെയ്തുണ്ടാക്കി. പട്ടിണി മാറി. അവഗണിക്കപ്പെട്ടിരുന്ന ഹരിജനങ്ങാംക്കും ഗിരിവർഗ്ഗക്കാക്കും

അക്ഷരാഭ്യാസവും ആരോഗ്യസംരക്ഷണവും ലഭിച്ചുതുടങ്ങി. സമത്വത്തിന്റേയും സംസ്കാരത്തിന്റേയും പ്രകാശം അവരിൽ ഉദയം ചെയ്തു.

കുടിയേററക്കാർ സ്കൂളും വായനശാലയും കളിസ്ഥലങ്ങളു മുണ്ടാക്കി. ഹരിജനങ്ങളേയും ആദിവാസികളേയും അയിത്ത ക്കാരായി മാററിനിർത്തുകയല്ല അവർ ചെയ്തതു്. അവരെ സമ ന്മാരായി കരുതി. അവർക്കെല്ലാം ഒരു പുതിയ യുഗത്തിന്റെ ആരംഭമായിരുന്നു കുടിയേററം. അവർ സന്തോഷിച്ചു. കുടി യേററക്കാർ കൂടുതൽ വരണമെന്നു് ആഗ്രഹിച്ചു. അവരുടെ കുടുംബങ്ങൾ മടങ്ങിപ്പോകുന്നതിൽ ഖേദിച്ചു.

എന്നാൽ സ്വാർത്ഥരായ ചില പ്രമാണികളുടെ ചിന്തകൾ പോയതു ബഹുഭൂരിപക്ഷം വരുന്ന സാധുക്കളുടേയും ഒരോരോ തൊഴിൽക്കാരുടേയുംപോലെ ആയിരുന്നില്ല. കർമ്മധീരരായ ഈ കുടിയേററക്കാർ എല്ലാ ഭയങ്കര ശത്രുക്കളോടും പൊരുതി വിജയിക്കുന്നതു കണ്ടപ്പോൾ സന്തോഷിക്കുകയല്ല, അവർ ചെയ്തതു്. രാജ്യത്തെ വിഭവങ്ങൾ വദ്ധിക്കുകയും പട്ടിണി കുറയുകയും ചെയ്തതു കാണുവാൻ അവർക്കു കണ്ണുണ്ടായില്ല. സാധുക്കൾ സുഭിക്ഷമായി ഭക്ഷണം കഴിച്ചു ജീവിക്കുന്നതിൽ അവർക്കു് അസൂയ തോന്നി. അധഃകൃതരും ഗിരിവർഗ്ഗക്കാരും അഭിവൃദ്ധിപ്രാപിക്കുകയും തുല്യപദവിയോടെ നട്ടെല്ലു നിവർന്നു നടക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ അവർക്കു സഹിച്ചില്ല. തിരുവിതാംകൂറുകാരുടെ ഈ കുടിയേററവും പ്രവർത്തനങ്ങളും തുടർന്നുപോയാൽ ഹരിജനങ്ങൾ ഇനി അടിമകളായിക്കിടക്ക യില്ലെന്നു് അവർ മനസ്സിലാക്കി. ഒരു സേർ നെല്ലിനു പകൽ രണ്ടു മണിവരെ പാടത്തു പണിയെടുക്കുവാൻ അവരെ കിട്ടുക യില്ലെന്നും ഈ പ്രമാണികൾ ഗ്രഹിച്ചു. മാത്രമല്ല ചേട്ടന്മാ രുടെ കുടിയേററം നിറുത്തിയില്ലെങ്കിൽ രാജ്യം ക്രമേണ അവരു ടേതായിത്തീരും; അവരായിരിക്കും ഭരണചക്രം തിരിക്കുന്നതും. ഈ തീരുമാനത്തിലെത്താൻ തിരുവിതാംകൂറിലെ വർഗ്ഗീയവാ ദികളും പങ്കുചേരുകയും പ്രേരണ നല്കുകയും ചെയ്തു. മഴ കുറയു വാനും വരൾച്ച വരുവാനും കാരണം മരം മുറിക്കുന്നതും കാടു തെളിക്കുന്നതുമാണെന്നു് അവർ പ്രചരണം തുടങ്ങി, പ്രസംഗം നടത്തി, പത്രത്തിലെഴുതി. മലബാർ പ്രൈവററ് ഫോറസ്റ്റ് ആക്ട് (1946–ലെ M. P. F. Act) എന്ന ഒരു ബിൽ മദ്രാസ് അസംബ്ളിയിൽ (അന്നു് മലബാർപ്രദേശം മദ്രാസ് സ്റ്റേററി ലാണു് ഉൾപ്പെട്ടിരുന്നതു്) കൊണ്ടുവന്നു പാസ്സാക്കി. അതു

പാസ്സാക്കി എടുക്കുവാൻ ഒരു വിഷമവും ഉണ്ടായില്ല. മലയാളികൾ മാത്രമായിരുന്ന മലബാറിൽ താമസം. ഒരു തമിഴനും ഇല്ലായിരുന്നു, അവിടെ. ആ പ്രദേശം അധഃപതിക്കണമെന്നല്ലാതെ അഭിവൃദ്ധിപ്പെടണമെന്നു മദ്രാസിലെ തമിഴന്മാരിൽ ആർക്കും ആഗ്രഹം ഉണ്ടായിരുന്നില്ല. അതുകൊണ്ടു മലബാർ പ്രമാണികൾ ആവശ്യപ്പെട്ടതുപോലെ ബിൽ പാസ്സായി.

1946–ലെ ഈ എം. പി. എഫ്. ആക്ടിൽ പല നൂലാമാലകളും ഉൾക്കൊള്ളിച്ചിരുന്നു. മാത്രമല്ല അതു മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുന്നതുമാണ്. കുടിയേററക്കാരെ ഈ നിയമങ്ങൾ ഗുരുതരമായ വിധത്തിൽ പ്രതികൂലമായി ബാധിച്ചു. മരം മുറിക്കുവാനും തോട്ടം വയ്ക്കുവാനും കളക്ടറുടെ അനുവാദം ലഭിക്കണം. അതു നേടണമെന്നുണ്ടെങ്കിൽ പല രേഖകളും ഗാരൻറികളും ഹാജരാക്കണം.

ഇതെല്ലാം പല ദുർഘടങ്ങളും ഉൾക്കൊള്ളുന്നവയായിരുന്നു. ഈ ബില്ലിൻെറ വിവിധ വകുപ്പുകൾ കണ്ടപ്പോൾ വലിയ തോതിൽ കൃഷിവിഭവങ്ങൾ ഉണ്ടാക്കുവാൻ പ്ലാനിട്ടിരുന്ന എല്ലാവരുംതന്നെ സ്ഥലംവിട്ടുപോയി. കൃഷിയിൽ പരിചയസമ്പന്നരും പണമിറക്കുവാൻ മനസ്സുള്ളവരുമായ ഇവർ പോകാതിരുന്നെങ്കിൽ മലബാറിൻെറ മുഖഭാവം ഇന്നത്തേതിൽനിന്നു് എത്രയോ കൂടുതൽ പ്രസന്നമാകുമായിരുന്നു. ഇവിടെ നില്ക്കുകയും കൃഷിനടത്തുകയും ചെയ്ത കുടിയേററക്കാരിൽ പലരും എം. പി. എഫ്. ആക്ട് പ്രകാരമുള്ള നിയമലംഘനക്കേസ്സിൽ കുടുങ്ങി കോടതി കയറേണ്ടിവന്നു. കഷ്ടനഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും അവർ വിധേയരായി. മണ്ണിൽ പണിയെടുക്കേണ്ട വിലപ്പെട്ട സമയം കോടതിത്തിണ്ണയിലും വക്കീൽപ്പടിക്കലും കാത്തുനിന്നു പാഴാക്കേണ്ടിവന്നു. പലരും പിഴയും തടവും അനുഭവിക്കുകയുണ്ടായി. തിരുവിതാംകൂറിലെ കിടപ്പാടം വിററുകിട്ടിയ പണംകൊടുത്തു വാങ്ങിയ സ്ഥലവും വിയർപ്പുചിന്തി പലകൊല്ലം പണിയെടുത്തുണ്ടാക്കിയ പുരയിടവും യാതൊരു പ്രതിഫലവും കൂടാതെ ഉപേക്ഷിച്ചു നിസ്സഹായരായി മടങ്ങിപ്പോകണമെന്നു വന്നപ്പോൾ കുടിയേററക്കാർ അനുഭവിച്ച മനോവേദന അതിദുസ്സഹമായിരുന്നു. നിരാലംബരുടെ നീറുന്ന ഹൃദയങ്ങളിൽനിന്നു് എല്ലാം അറിയുന്ന ഈശ്വരസന്നിധിയിലേയ്ക്കു പ്രാർത്ഥനകൾ ഉയർന്നു. കാരുണ്യവാനായ ദൈവം അവരെ കടാക്ഷിച്ചു. അവക്കൊരു ബുദ്ധിതോന്നി. തിരുവിതാംകൂറിൽനിന്നു സമർത്ഥരായ, സ്വന്തമെന്നപോലെ കേസ്സു

വാദിക്കുന്ന വക്കീലൻമാരെ കൊണ്ടുവരിക. കൊണ്ടുവന്നു്, കേസുവാദിച്ചു. എം. പി. എഫ്. ആക്ടിൻെറ ക്രൂരദംഷ്ട്രങ്ങളിൽനിന്നു രക്ഷപ്പെടുവാനുള്ള പോയിൻറുകൾ അവർ കണ്ടുപിടിച്ചു വാദിച്ചു. കുടിയേററക്കാർ തെററുകാരെന്നു സ്ഥാപിച്ചു് അവരെ മലബാറിൽനിന്നു് ഇറക്കിവിടുവാൻ ശത്രുക്കൾ കരുതിക്കൂട്ടി പണുതിറക്കിയ കെണി മുഴുവൻ ഫലിച്ചില്ല. കുടിയേററക്കാർ മരം മുറിച്ചതു് അവരുടെ അധീനതയിൽപ്പെടാത്ത സ്ഥലത്തുനിന്നാണെന്നു തെളിയിക്കുവാൻ വാദികളോടു കോടതി ആവശ്യപ്പെട്ടു. അതവക്കു സാധിച്ചില്ല.

കുടിയേററക്കാർ സംഘടിച്ചു. അവർ ഒന്നിച്ചുനിന്നു പൊരുതി. അവരവരുടെ സ്ഥലത്തു തെങ്ങും കമുകും റബ്ബറും വളർത്തി. ടൺ കണക്കിനു നാണ്യവിളകൾ മാർക്കററിൽ എത്തിച്ചു. ദൈവം അവരെ തുണച്ചതായി അവർ വിശ്വസിക്കുന്നു.

# കണ്ണീരിൽ കതിർന്ന പ്രതീക്ഷകൾ

രണ്ടുമൂന്നു ദശകങ്ങൾക്കുമുമ്പ് തിരുവിതാംകൂറിനോടു താരതമ്യപ്പെടുത്തുമ്പോൾ മലബാറിൽ ഭൂമിക്കു വില വളരെ കുറവായിരുന്നു. താണവിലയ്ക്കു മലബാറിൽ കൂടുതൽ ഭൂമി വാങ്ങി കുടിയേററക്കാർക്കു ചെറിയ ബ്ലോക്കുകളായി വില്ക്കുന്നതു നല്ല ലാഭമുള്ള ഒരു ബിസ്സിനസ്സാണ്. അങ്ങനെ പലരും വളരെയേറെ പണമുണ്ടാക്കി. ധനവും സ്വാധീനവുമുള്ള ചില തിരുവിതാംകൂർകാരും ഈ കച്ചവടം നടത്തി. ഇവരിൽ ചിലർക്കു വേറൊരുദ്ദേശവുമുണ്ടായിരുന്നു. മുൻബാദ്ധ്യതയും തർക്കവുമില്ലാത്ത ഭൂമി കുടിയേററക്കാർക്കു ലഭിക്കണം. അവർ അവകാശത്തർക്കവും കേസും പറഞ്ഞു നശിക്കരുത്; കൂടാതെ അവർക്ക് അയൽപക്കം ഉണ്ടാകയും പരസ്പരം സഹായിക്കുവാൻ സൗകര്യം ലഭിക്കയും വേണം; ഈ ഉദ്ദേശ്യത്തോടെ പ്രവർത്തിച്ചവരിൽ ചിലരാണ് കള്ളവയലിൽക്കാരും കദളിക്കാട്ടിൽക്കാരും എടാട്ടുകാരും ചൂരപ്പൊയ്കയിൽക്കാരും. കള്ളവയലിൽക്കാർ ചെമ്പനോട, പശുക്കടവ്, കാരിമുണ്ട എന്ന പ്രദേശങ്ങളിൽ ധാരാളം സ്ഥലം വാങ്ങി വിററു. കദളിക്കാട്ടിൽക്കാർ കുണ്ടുതോട്ടിലും എടാട്ടുകാരും ചൂരപ്പൊയ്കക്കാരും വിലങ്ങാട്ടിലും സ്ഥലം വിററു. അഞ്ഞൂറ് ഏക്കറോളം വരുന്ന കാരിമുണ്ടമല (കുററിയാടിക്കു കിഴക്ക്) കൈതാർ മഠത്തിൽ സ്വാമിയുടെ വകയാണ്. ശ്രീ മുക്കത്ത് ആലിക്കുട്ടി പ്രസ്തുത സ്ഥലം തൻേറതെന്നു പറഞ്ഞു കൈകാര്യം ചെയ്തുപോന്നു. രേഖയെല്ലാം സ്വാമിക്കനുകൂലം. കേസ് പലതുണ്ടായി. കേസിൻെറ വിധിയും സ്വാമിക്കനുകൂലമായി വന്നു. പക്ഷേ, ആലിക്കുട്ടി സാഹിബ് കയ്യൂക്കുകൊണ്ട് മലമുഴുവൻ കൈവശം വച്ചുകൊണ്ടിരുന്നു. സ്വാമിക്ക് ആൾബലമില്ല. ആലിക്കുട്ടി എട്ടൊൻപതു കുടുംബത്തെ ഈ സ്ഥലത്തു താമസിപ്പിച്ചു കൃഷികൾ നടത്തിച്ചു. സ്വാമി കള്ളവേലിൽ കുറുവച്ചനെ – ശ്രീ മൈക്കിൾ ജോർജ്ജിനെ–സമീപിച്ചു. കുറുവച്ചൻ ഒരു ചെറിയ വിലയ്ക്കു സ്വാമിയോട് 1969–ൽ സ്ഥലം എഴുതിവാങ്ങി.

പ്രസ്തുത സ്ഥലത്തെ താമസക്കാരോടു മര്യാദയ്ക്കു് ഇറങ്ങിപ്പോകു വാൻ കുറുവച്ചൻ തൻെറ ആൾക്കാർവഴി അറിയിച്ചു. ഭൂരി പക്ഷംപേരും ഇറങ്ങിപ്പോയി. ഒന്നുരണ്ടുപേർ കേസുപറഞ്ഞു പിടിച്ചുനിന്നു. ശ്രീ കുറുവച്ചൻ ബാക്കിസ്ഥലം മുഴുവൻ പല ക്കായി വിററു് പണം വാങ്ങി. ഏകദേശം നൂറു കുടുംബങ്ങൾ ഇപ്പോൾ അവിടെ സമാധാനമായി കൃഷിചെയ്തു താമസി ക്കുന്നു. കള്ളവയലിൽക്കാരോടു് എതിരിട്ടാൽ വിജയിക്കയി ല്ലെന്നു് ആലിക്കുട്ടിക്കും കൂട്ടർക്കും അറിയാം. അതുകൊണ്ടു് കാരിമുണ്ടമലയുടെ അവകാശവുംപറഞ്ഞു് അവർ അങ്ങോട്ടു പോയേയില്ല.

കൊട്ടിയൂർ ദേവസ്വംവകയായി വളരെയേറെ ഭൂമിയുണ്ടു്, കൊട്ടിയൂരിലും അടുത്തുള്ള പ്രദേശങ്ങളിലും. ഓരോ ഊരാ ളനും ഭൂമി ബ്ലോക്കുകളായി മത്സരിച്ചു വില്ക്കുന്നു, പണം സമ്പാ ദിക്കുന്നു. പലരുടേയും വില്പന അനധികൃതം. മലബാറിൽ അന്നു നിലവിലിരുന്ന ''വാക്കാൽ-ചാത്തു''വഴിയും ഭൂമി വിററു് പണം സമ്പാദിച്ചിരുന്നു. ഈ ദേവസ്വംഭൂമി മുഴുവ ൻെറയും അവകാശം ചങ്ങനാശ്ശേരിയിലെ ''എൻ. എസ്. എസ്.'' ഒരു നാമമാത്ര വിലകൊടുത്തു് 1956_ൽ സംഘടന യുടെ പേരിൽ എഴുതിവാങ്ങി. കുടിയേററക്കാർ നേരത്തേ നട ത്തിയ കരണങ്ങൾ അനധികൃതമെന്നും അസാധുവെന്നും പ്രഖ്യാപിച്ചു. എൻ. എസ്. എസിനോടു വീണ്ടും ചാത്തു വാങ്ങണമെന്നും ഒരു ന്യായമായ വില കൊടുക്കണമെന്നും ആവ ശ്യപ്പെട്ടു. അങ്ങനെ ചെയ്യാത്തവരെ കുടിയിറക്കുമെന്നും അറി യിച്ചു. സംഘടനയ്ക്കു് ഒന്നുരണ്ടു കോടി രൂപാ ഉണ്ടാക്കാമെന്ന വർ കണക്കുകൂട്ടി. കാടുതെളിക്കാനും കൃഷിയിറക്കാനും പാടി ല്ലെന്നു വിലക്കി. കുടിയേററക്കാരുടെമേൽ വന്നുപതിച്ച അവി ചാരിതമായ ഒരാഘാതമായിരുന്നു ഈ കുടിയിറക്കുഭീഷണി. ആയിരത്തിൽപ്പരം കുടുംബങ്ങൾ വന്നു താമസമാക്കിയിട്ടുണ്ടു് ഈ പ്രദേശത്തു്. അവർ പത്തുപതിനഞ്ചുകൊല്ലം കാട്ടിൽ വന്നു ജീവിച്ചു് രാപ്പകൽ പണിയെടുത്തുണ്ടാക്കിയ ഫലവൃക്ഷ ങ്ങളും വീടും ഉപേക്ഷിച്ചുപോകണമെന്നോ? തങ്ങൾ വിലകൊ ടുത്തുവാങ്ങി, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച ഭൂമിക്കു് അവ കാശം പറയുവാൻ ഇപ്പോഴാണോ ഓരോരുത്തർ വരുന്നതു്? വീണ്ടും ചാത്തുവാങ്ങുവാനും ഇറങ്ങിപ്പോകുവാനും അവർ തയ്യാ റായില്ല. കൃഷിക്കാർ സംഘടിച്ചു. കൃഷിപ്പണികൾ അവർ തുടന്നു നടത്തി. എൻ. എസ്. എസ്. പോലീസിനേയും

എം. എസ്. പി. യേയും വരുത്തി. അവർ വന്നു് കൊട്ടിയൂരും കേളകത്തും ക്യാമ്പടിച്ചു താമസിച്ചു. തലശ്ശേരി രൂപതാദ്ധ്യക്ഷൻ ഈ അനീതിക്കെതിരായി സ്വരമുയർത്തി. കൊട്ടിയൂർപ്പള്ളി വികാരി ഫാ. ജേക്കബ്ബ് ചിറയാത്തിൻെറ നേതൃത്വത്തിൽ ഫാ. വടക്കൻെറയും മി. വെല്ലിംഗ്ടൻെറയും നിയന്ത്രണത്തിൽ കുടിയേററക്കാർ ഒററക്കെട്ടായി നിന്നു സമരം ചെയ്തു. കൊല്ലം രണ്ടുമൂന്നു നീങ്ങി. കഷ്ടപ്പാടുകൾ പലതും സഹിക്കേണ്ടിവന്നു. കേസുകൾ പലതു് ഫയൽ ചെയ്യപ്പെട്ടു. നിരവധിപ്പേർ ജയിലിൽപ്പോയി. പണവും വളരെ ചെലവായി. ഒടുവിൽ കുടിയേററക്കാരുടെ വാദം ശരിയാണെന്നു് അധികൃതർക്കു് ബോദ്ധ്യമായി. പോലീസും പട്ടാളവും പിന്മാറി.

15000–ഏക്കർ ഭൂമിയുണ്ടു് പുൽപ്പള്ളി ദേവസ്വം വകയായി. അധികൃതർ ആവശ്യക്കാർക്കു് ഭൂമി ചാർത്തിക്കൊടുത്തുകൊണ്ടിരുന്നു. ഏകദേശം രണ്ടായിരം ഏക്കർ ചാർത്തിക്കൊടുത്തുകഴിഞ്ഞപ്പോൾ, 1952–ൽ ഇനി ചാർത്തിക്കൊടുക്കേണ്ടാ എന്നു ദേവസ്വംകാർ തീരുമാനമെടുത്തു. ആർ. എസ്. എസ്. കാർ രഹസ്യമായി അവരുടെ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അഹിന്ദുക്കൾക്കു ഭൂമി കൊടുക്കരുതു് എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ അതിനെ അവഗണിച്ചു് ദേവസ്വം ലോക്കൽ അധികാരികൾ തുടർച്ചയായി ഭൂമി ചാർത്തിക്കൊടുത്തിരുന്നു. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികൾ മാത്രമേ പണംകൊടുത്തു് ആദായമില്ലാത്ത വെറുംഭൂമി വാങ്ങുകയുള്ളൂ.

1965 ആയപ്പോഴേയ്ക്കു് രണ്ടുമൂവായിരം കുടുംബങ്ങൾ പുൽപ്പള്ളിപ്രദേശത്തു് വന്നു താമസിച്ചു കൃഷിപ്പണികൾ തുടങ്ങിയിരുന്നു. ധാരാളം നായന്മാരും ഈഴവരുമുണ്ടു്. എങ്കിലും ക്രൈസ്തവരാണു കൂടുതൽ. ആർ. എസ്. എസ്. കാരുടെ പ്രവർത്തനങ്ങൾ ശക്തിപ്രാപിച്ചു. 1963 മുതൽ ദേവസ്വം അധികാരികളിൽനിന്നു കുടിയിറക്കുഭീഷണി പൊന്തിവന്നു. 1967 ലാണു് അതു വ്യാപകമായ തോതിൽ പ്രവൃത്തിയിലെത്തിയതു്. അഹിന്ദുക്കളായ കുടിയേററക്കാരോടു് ചിററമ്മനയം കാണിക്കുന്നതായി അനുഭവപ്പെട്ടു. വിലകൊടുത്തുവാങ്ങി എട്ടുപത്തുകൊല്ലം അവർ കൈവശംവച്ചു കൃഷിചെയ്തുവരുന്ന സ്ഥലത്തുനിന്നു കുടിയൊഴിപ്പിക്കുന്നതിനെതിരായി കോടതിയിൽ കേസുകൊടുത്തു. ഈ അനീതിക്കെതിരായി പൊതുയോഗങ്ങൾ നടത്തി പ്രതിഷേധം രേഖപ്പെടുത്തി സർക്കാരിനെ

അറിയിച്ചു. പോലീസകമ്പടിയോടെ വന്നു് ഏതാനും വീട്ടുകരം കത്തിച്ചതോടെ കുടിയേററക്കാർ കർഷകസമിതി എന്ന പേരിൽ സംഘടിച്ചു. ആയിരത്തിൽപ്പരം സന്നദ്ധഭടന്മാർ കൃഷിക്കാരുടെ വീടുകത്തിക്കുവാൻ വന്ന പോലീസുകാരെ ഘെരാവോ ചെയ്തു. പതിനായിരം പാവങ്ങളായ കൃഷിക്കാരെ വെടിവച്ചുകൊല്ലാതെ വീടു കത്തിക്കലും കുടി ഒഴിപ്പിക്കലും നടക്കുകയില്ലെന്നു സ്പഷ്ടമായി. തിരുവനന്തപുരത്തെ, ''ഇ.എം. എസ്. ഗവൺമെൻറ്'' വസ്തുതകരം മനസ്സിലാക്കി കർശന നടപടികരം നിർത്തിവച്ചു. 1967നു മുമ്പ് ഫാ. ജോസഫ് കുന്നേലും അതിനുശേഷം ഫാ. ജോസഫ് നെച്ചിക്കാട്ടും ആയിരുന്നു, ജനങ്ങരംക്കു നേതൃത്വം നല്കിയിരുന്നതു്. അവർ അതതു കാലങ്ങളിൽ സ്ഥലത്തെ വികാരിമാരായിരുന്നു. ഫാ. വടക്കൻെറയും മി. ആക്കൽ ജോസിൻെറയും നേതൃത്വവും സേവനവും പ്രസ്താവ്യങ്ങളത്രേ.

ഗൂഡല്ലൂരിലെ (നീലഗരി) കുടിയിറക്കിലും അവിടത്തെ ബ. വൈദികരുടെ നേതൃത്വത്തിൽ കൃഷിക്കാർ സംഘടിച്ചു സമരം ചെയ്തതിനാൽ കൃഷിക്കാക്കു വിജയിക്കുവാൻ സാധിച്ചു.

മൈസൂർസ്റ്റേററിലെ ഷിമോഗാപ്രദേശം വളരെ ഫലപുഷ്ടിയുള്ളതും താമസത്തിനു സൗകര്യപ്രദവുമായ ഒരു സ്ഥലമാണു്. നല്ല നിരപ്പായ ഭൂമി. എല്ലാ കൃഷികളും വൃക്ഷങ്ങളും അവിടെ തഴച്ചുവളരും. ഏതോ ഒരു മുൻരാജാവു് ഒരു പ്രത്യേക സേവനത്തിനു് ഒരാരംക്കു് ഇനാമായി കൊടുത്തിരുന്ന സ്ഥലം. അതിൽ ഒരു ഭാഗത്തിൻെറ അവകാശിയായ ''മുസ്താക്കസാബറിൽ''നിന്നു കടനാട്ടു് ഇടവകക്കാരൻ (പാലാ)മാപ്രയിൽ ഔതക്കുട്ടി – എം. സി. ജോസഫ് – എഴനൂറിൽപ്പരം ഏക്കർ ഭൂമി എഴുതിവാങ്ങി. ഔതക്കുട്ടി സമർത്ഥനാണു്; പരിശ്രമിയാണു്; അദ്ദേഹം സ്ഥലത്തു പ്രവേശിച്ചു. വീട്ടുകാരേയും സ്വന്തപ്പെട്ടവരേയും കത്തയച്ചു വരുത്തി. കൃഷികരം ചെയ്തുനോക്കി. എല്ലാം നല്ല വിജയം. നല്ല വിലയ്ക്കു വില്ക്കാം. തക്കംപോലെ ഭൂമി വില്പന നടത്തി. പണം അധികം ലഭിച്ചില്ലെങ്കിലും ആളുകരം വന്നു താമസമാക്കട്ടെയെന്നു കരുതി. സ്ഥലത്തിൻെറ നന്മ മനസ്സിലാക്കിയപ്പോരം കർഷകകുടുംബങ്ങളുടെ പ്രവാഹമായി.

ഷിമോഗപട്ടണത്തിൽനിന്നു് 6 മൈൽ അകലെയുള്ള നിരപ്പായ ഭൂമി. കാളവണ്ടിയും ലോറിയും ഏതുവഴിക്കും കൊണ്ടു

പോകാം. ഭദ്രാവതി അണക്കെട്ടിൻെറ പണി നടന്നുകൊണ്ടിരിക്കയാണു്. അതിനടുത്തുള്ള പട്ടണമായ ഷിമോഗായിലെ കച്ചവടക്കാക്കെല്ലാം ബിസ്സിനസ്സ വളരെ വദ്ധിച്ചു. നെല്ലും പച്ചക്കറിസമാനങ്ങളും പട്ടണത്തിൽ എത്തിച്ചാൽ മതി. പറയുന്ന വിലയ്ക്കു ചെലവായിക്കൊള്ളും.

കുടിയേററക്കാർ തുടർച്ചയായി വന്നുകൊണ്ടിരുന്നു. ഒരു പള്ളിഷെഡ്ഡുണ്ടാക്കി. ഇടയ്ക്ക് വല്ലപ്പോഴും വൈദികൻവന്നു മതകമ്മങ്ങൾ നടത്തിക്കൊടുത്തുപോന്നു. 1960–ലാണു് കുടിയേററം തുടങ്ങുന്നതു്. 1962 ആയപ്പോഴേയ്ക്കു് ഷിമോഗായിലെ കുടിയേററകുടുംബങ്ങളുടെ എണ്ണം അഞ്ഞൂറിൽപ്പരമായി. ഒരു വിദ്യാലയവും കന്യകാലയവും തുടങ്ങി. വൈദികൻ സ്ഥിരതാമസമാക്കി. അദ്ദേഹത്തിനു താമസിക്കുവാനും ഓഫീസിനുംവേണ്ടി സാമാന്യം നല്ല ഒരു കെട്ടിടവുമുണ്ടാക്കി.

1959–ൽ മൈസൂർ ഗവമ്മെൻറ് ഒരു ബിൽവഴി ഈ ഭൂപ്രദേശത്തിൻെറ ഇനാം അവകാശം റദ്ദാക്കുകയും അതു സർക്കാർ ഫോറസ്ററുവിഭാഗത്തിൽ ചേർക്കുകയും ചെയ്തിരുന്നു. ആ പ്രദേശത്തുള്ള കുടിയേററക്കാക്കു നോട്ടീസും കൊടുത്തു. കൃഷിക്കാർ അവകാശം കാണിച്ചു കേസു നടത്തിയെങ്കിലും എല്ലാം തള്ളിപ്പോകയാണു ചെയ്തതു്. ഒരു മാനുഷിക പ്രശ്നം എന്ന നിലയിൽ ഇത്രയും കുടുംബങ്ങളെ നിസ്സഹായരായി ഇറക്കിവിടുകയില്ലെന്നു് എല്ലാവരും വിചാരിച്ചു. എന്നാൽ മൈസൂർ ഭരണാധികാരികൾ യാതൊരനുകമ്പയും കാണിച്ചില്ല. 1966–മേയ്മാസത്തിൽ എല്ലാ കുടിയേററക്കാരുടെയും വീടുകൾ തീവച്ചു കത്തിച്ചശേഷം അംഗങ്ങളെ നിരാധാരരാക്കി ഇറക്കിവിട്ടു. "ഷിമോഗാ ടൗണിൽ കഴുതകൾ യാത്രക്കാരുടെ ഉന്തും തള്ളുംകൊണ്ടു് അലഞ്ഞുനടക്കുന്നുണ്ടു്. അതുപോലെ മലയാളത്തുകാരും നടക്കട്ടെ" എന്നു് ഒരു ഡിസ്ട്രിക്ട്കളക്ടർ പറഞ്ഞതായി അറിയാം. ആർ. എസ്. എസ്. കാരുടേയും ജനസംഘത്തിൻേറയും പ്രേരണ ഈ നിർദ്ദയതീരുമാനത്തിൻെറ പിന്നിലുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു.

എന്നാൽ കുടിയേററക്കാർ അങ്ങനെ ചന്തയിൽക്കൂടെ അലയുവാൻ ഇടയായില്ല. അവരുടെ ഇടയിൽ ജീവിച്ചു സേവനം ചെയ്തിരുന്ന രണ്ടു വൈദികർ – ബ. ജോസഫ് കുന്നേലും ബ. തോമസ് മണ്ണൂരും – മുമ്പോട്ടു വന്നു. അവർ എല്ലാ കുടിയേററക്കാരെയും വിളിച്ചുകൂട്ടി, കഷ്ടപ്പെട്ടാണെങ്കിലും ഈ പ്രതിസന്ധിക്കു് ഒരു പരിഹാരമുണ്ടാകുന്നതുവരെ ഒന്നിച്ചു ജീവിക്കു

വാനും പ്രവത്തിക്കുവാനും തീരുമാനിച്ചു. നിയമസാധുതയില്ലാത്തതിനാൽ സക്കാരിനോട്ട സമരംചെയ്യുവാൻ ആ വൈദികർ അനുവാദം നിഷേധിച്ചു. തല ചായിക്കുവാൻ ഒരു സ്ഥലം കിട്ടുന്നില്ല. ഹൃദയാലുവായ ഒരു സ്ത്രീ–കെ. ടി. ദാനമ്മ–അവരുടെ ഒരു വെളിംപറമ്പു കുടിയിറക്കപ്പെട്ടവക്കു തല്ക്കാലം താമസിക്കുവാൻ കൊടുത്തു. അവരുടെ സ്വന്തം സഹോദരനായ ഒരു സക്കാരുദ്യോഗസ്ഥനും മററു പലരും ദാനമ്മയെ ശകാരിച്ചു, ഈ മഹാമനസ്കത കാണിച്ചതിനു്. അവക്കു വാഗ്ദാനം ചെയ്തിരുന്ന നിയമസഭയിലേയ്ക്കുള്ള സ്ഥാനാത്ഥിത്വം നിഷേധിക്കയും ചെയ്തു.

470 കുടുംബങ്ങളെയാണു് അവരുടെ വീടു കത്തിച്ചു് ഇറക്കിവിട്ടതു്. ഇതിൽ എഴുപതോളം വീട്ടുകാർ മററു സ്ഥലങ്ങളിലേയ്ക്കു പോയി. ബാക്കി നാനൂറു വീട്ടുകാരുണ്ടു്. ഇതിൽ കത്തോലിക്കരാണു ബഹുഭൂരിപക്ഷമെങ്കിലും അകത്തോലിക്കരും ഹിന്ദുക്കളും മുസ്ലീങ്ങളുമുണ്ടായിരുന്നു. ആകെ 2700 പേർ. ജാതിയും മതവും ഒരു വ്യത്യാസത്തിനും കാരണമായിരുന്നില്ല. രണ്ടും മൂന്നും വീട്ടുകാർ ചേർന്നു് വൃക്ഷങ്ങളുടെയും ചെടികളുടെയും കമ്പുകളും ഇലകളുംകൊണ്ടു ചെറിയ ക്യാമ്പുഷെഡ്ഡു് ഉണ്ടാക്കി അതിൽ താമസിച്ചു. ഒന്നുരണ്ടു ദിവസമല്ല, 72 നീണ്ട ദിനങ്ങൾ! പകരം ഭൂമി കിട്ടുമെന്നും താമസിയാതെ അങ്ങോട്ടു പോകാമെന്നും എല്ലാവരും പ്രതീക്ഷിച്ചിരുന്നു.

തലശ്ശേരിബിഷപ്പു വള്ളോപ്പിള്ളി തിരുമേനി സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹം റോമിൽ ഒരു കമ്മീഷനിൽ പങ്കെടുക്കുകയായിരുന്നു. വിവരം അറിഞ്ഞയുടൻ അദ്ദേഹം തലശ്ശേരിയിൽ പറന്നെത്തി. ഷിമോഗായിൽചെന്നു് അഭയാത്ഥിക്യാമ്പു സന്ദർശിച്ചു. സ്ഥിതിഗതികൾ മനസ്സിലാക്കി. കാര്യങ്ങൾ പഠിച്ചു. ബാംഗളൂരിൽചെന്നു മന്ത്രിമാരെ കണ്ടു. കുടിയിറക്കപ്പെട്ടവക്കു വേറെ സ്ഥലം കൊടുക്കാമെന്നുള്ള മുഖ്യമന്ത്രിയുടെ വാക്കിൽ വിശ്വസിച്ചു് ആഴ്ചകളും മാസങ്ങളും കഴിച്ചുകൂട്ടി. അസൗകര്യങ്ങളുടെ കൂമ്പാരമായിരുന്നു, ആ താമസം. ഒരു നരകം! ചതുപ്പുനിലം. എവിടെയും ചളിയും വെള്ളവും അഴുക്കും. താമസക്കാർ ശിശുക്കളും കുട്ടികളും സ്ത്രീകളും വൃദ്ധരും; കൂട്ടമായും ചിട്ടയിലും ജീവിച്ചു തഴങ്ങിയിട്ടില്ലാത്തവർ. രോഗികളും അവശരും. ഈ ക്യാമ്പിൽവച്ചുതന്നെ ഒരു മരണവും രണ്ടു പ്രസവവും നടന്നുവെന്നതും പ്രസ്താവ്യമാണു്.

ഗവൺമെൻറിൻെറ റേഷൻഭക്ഷ്യസാധനങ്ങൾ ഇവരിൽ ആക്കും കിട്ടുകയില്ല. ഉപ്പുതൊട്ടു കർപ്പൂരംവരെ കരിഞ്ചന്തയിൽ വാങ്ങണം. അങ്ങനെ വാങ്ങി ഓരോ വീട്ടിനും അവരവരുടെ യൂണിററനുസരിച്ച് എല്ലാ ദിവസവും വിതരണം ചെയ്തു പോന്നു.

ത്യാഗമൂത്തികളും സേവനസന്നദ്ധരുമായ ബ. കുന്നേലച്ചൻെറയും മണ്ണൂരച്ചൻെറയും നേതൃത്വവും മാതൃകയും വിമലാലയം സഹോദരികളുടെ സേവനവും ക്രിസ്തീയാരൂപിയിൽ, നരകത്തെ സ്വർഗ്ഗമാക്കിക്കൊണ്ടു മുമ്പോട്ടുനീങ്ങുവാൻ ക്യാമ്പംഗങ്ങളെ സഹായിച്ചു. മെത്രാനച്ചൻ തിരുമേനിയും ഈ ക്യാമ്പിൽ വന്ന് ഏതാനും ദിവസം കഴിച്ചുകൂട്ടി. കുടിയിറക്കപ്പെട്ടവർക്കു യാതൊരു വിധത്തിലും അനുകൂലമല്ലാത്ത നീക്കങ്ങളാണു കർണ്ണാടകഗവൺമെൻറ് എടുക്കുന്നതെന്നു മനസ്സിലാക്കിയ തിരുമേനി ഈ സാധുക്കളെ നിരാലംബരായി ഉപേക്ഷിച്ചില്ല. അദ്ദേഹം ഹൃദയമുള്ള ചില മഹാമനസ്കരെ സമീപിച്ചു; കാര്യങ്ങൾ ഗ്രഹിപ്പിച്ചു. കുറെ പണം അവരിൽനിന്നു വാങ്ങി. ഈ പണം ഉപയോഗിച്ചു ചന്ദനക്കാംപാറയിൽ, കരിക്കാട്ടിടം ഉണ്ണമ്മൻനമ്പ്യാരോടു കുറെ സ്ഥലം വാങ്ങി. രണ്ടേക്കർവീതം ഓരോ കുടുംബത്തിനും ദാനംചെയ്തു, 250 കുടുംബങ്ങൾക്ക്. വീടു വയ്ക്കുവാനും കൃഷിയായുധങ്ങൾ വാങ്ങുവാനും ഡ്രസ്സുകൾ ഉണ്ടാക്കുവാനുമുള്ള ചിലവുകൾ പണമായും കൊടുത്തു. ഇതാണു ചന്ദനക്കാംപാറ കോളനി.

# അഗ്നിസ്തംഭവും മേഘത്തൂണും

മലബാർ കുടിയേററത്തിൻെറ ആദ്യകാലഘട്ടത്തിൽ കുടിയേററക്കാരുടെ എല്ലാ പ്രശ്നങ്ങളിലും അവരോടൊപ്പം നിന്നു് അവരെ സഹായിച്ചതു് കോഴിക്കോട്ടരൂപതയിലെ ബിഷപ്പും അവിടത്തെ വൈദികരുമാണു്. കുടിയേററസ്ഥലങ്ങൾ എല്ലാം തന്നെ കോഴിക്കോട് രൂപതയിൽപ്പെട്ട പ്രദേശങ്ങളായിരുന്നു. പുതിയ ഇടവകക്കാരെ കിട്ടിയതിൽ അവിടത്തെ വൈദികരും മെത്രാനും സന്തോഷിച്ചു. പുതിയ മുന്തിരിത്തോട്ടത്തിലേയ്ക്കു് പണിയെടുക്കുവാൻ അവർ അരയും തലയും മുറുക്കി ഇറങ്ങി, യാതൊരമാന്തവും കാണിക്കാതെ കഷ്ടപ്പെട്ടു പണിയെടുത്തു കുടിയേററക്കാരെ എല്ലാ വിധത്തിലും സഹായിച്ചു. മലയോരങ്ങളിൽ കോഴിക്കോട്ടു് രൂപതയ്ക്കു് ഇടവകകളും പള്ളികളും വളരെ വിരളമായിരുന്നു. തീരപ്രദേശങ്ങളിലെ പട്ടണങ്ങളിലായിരുന്നു, അവരുടെ പള്ളികൾ. കുടിയേററക്കാരെല്ലാം മലകളിലെ കാട്ടുപ്രദേശങ്ങളിലാണു് താമസമാക്കിയതു്. എത്ര ദൂരമെങ്കിലും നടന്നു് അവരെ കാണുവാനും അവക്കാവശ്യമുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുവാനും ഈ വൈദികർ ആഗ്രഹിച്ചു. ഏതു കുന്നും മലയും കയറി യാത്രചെയ്യുവാൻ അവർ മടി കാണിച്ചില്ല. സ്വന്തപ്പെട്ടവരോ പരിചയക്കാരോ ആരുമില്ലാത്ത കാട്ടുപ്രദേശത്തേയ്ക്കു വരുന്ന കുടിയേററക്കാർക്കു് അഭയം നൽകുവാൻ അവർ സന്നദ്ധതയും സന്തോഷവും കാണിച്ചു.

1927-ൽ പേരാവൂർഭാഗത്തു സ്ഥലമെടുത്തു കൃഷിചെയ്യുവാൻ കോളയാട്ടേയ്ക്കു ശ്രീ കെ. പി. മാത്യു കുടക്കച്ചിറയെ വഴി പറഞ്ഞുകൊടുത്തുവിട്ടതു്, കോഴിക്കോട്ടു് കത്തീഡ്രൽ പള്ളി വികാരി ഫാ. എഡ്വേർഡ് ബറേററാ എസ്. ജെ. ആയിരുന്നു. തലശ്ശേരി കഴിഞ്ഞാൽ കോളയാട്ടുമാത്രമേ കിഴക്കു ഭാഗത്തു ക്രിസ്തീയ പള്ളിയുണ്ടായിരുന്നുള്ളു. അന്നു കോളയാട്ടു

പള്ളി വികാരി ഫാ. പോരം ഫെർണാണ്ടസ് ആയിരുന്നു. മാത്യുവിനും തുടർന്നുവന്ന മററു കുടിയേററക്കാർക്കും അദ്ദേഹം ചെയ്തുകൊടുത്ത സേവനങ്ങളെക്കുറിച്ചു മുമ്പു വിശദമായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഫെർണാണ്ടസച്ചൻെറ പിൻഗാമികളായി വന്ന ഫാ. സിയാറോ എസ്. ജെ., മൊന്തനാരി എസ്. ജെ., കൈറോണി എസ്. ജെ., ഫാ. ജോസഫ് കുത്തൂർ, ഫാ. ഗ്രിഗരി തേഞ്ഞാപ്പുരയ്ക്കൽ, മോൺ. റൊഡ്രിഗ്വസ് മുതലായവർ സ്കൂളും റോഡും പോസ്റ്റോഫീസും മററും ഉണ്ടാക്കുവാൻ ചെയ്ത ശ്രമങ്ങൾ അവിസ്മരണീയങ്ങളാണ്. പേരാവൂർഭാഗത്തെ കുടിയേററക്കാർക്കുവേണ്ടി അവർ ചെയ്തിട്ടുള്ള സേവനങ്ങളും സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളും പറഞ്ഞാലൊടുങ്ങുകയില്ല. അവർ മലകൾ സസന്തോഷം കയറി വീടുകൾ സന്ദർശിച്ചു രോഗികൾക്കു കൊയ്നാഗുളികകൾ വിതരണം ചെയ്തു. അംഗങ്ങളെ ആശ്വസിപ്പിച്ചു. അവർക്കു ധൈര്യവും പ്രതീക്ഷയും കൊടുത്തു. അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞു് അവ സാധിച്ചുകൊടുത്തു. സ്ഥിരം ഷെഡ്ഡുണ്ടാകുന്നതുവരെ വീടുകളിലായിരുന്നു കുർബാന സമപ്പിച്ചിരുന്നതു്. കുമ്പസാരം, അന്ത്യലേപനം, മാമ്മോദീസാ എന്നിവ ഒരുമിച്ചു് ഒരു വീട്ടിൽവച്ചുതന്നെ നടത്തിയ സംഭവങ്ങളും ചുരുക്കമല്ല. സ്ഥിരം ഷെഡ്ഡുണ്ടാകുന്നതുവരെ ദൂരെനിന്നു വരുന്ന അച്ചന്മാർ മുളപൊട്ടിച്ചുണ്ടാക്കുന്ന താല്ക്കാലിക അൾത്താരയിലായിരുന്നു കുർബാന അപ്പിച്ചിരുന്നതു്. മേശയും കട്ടിലും ആക്കുംതന്നെ ഉണ്ടായിരുന്നില്ല. ഇങ്ങനെ എല്ലാ വീടുകളും സന്ദർശിച്ചു രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞായിരിക്കും വൈദികർ അവരുടെ സ്ഥലങ്ങളിലേയ്ക്കു പോകുന്നതു്. സ്വർഗ്ഗത്തിൽനിന്നുവരുന്ന സമാധാനത്തിൻേറയും ആശ്വാസത്തിൻേറയും മാലാഖമാരായിട്ടാണു് ഈ വൈദികരെ കുടിയേററക്കാർ കരുതിയിരുന്നതു്.

കുററ്യാടിഭാഗത്തേയ്ക്കു കുടിയേറിപ്പാത്തവർക്കു വടകരപ്പള്ളിയിലെ ബ. അച്ചന്മാരിൽനിന്നാണു് ആരംഭകാലത്തു കർബാനയും കൂദാശകളും കിട്ടിയതു്. 1932-ൽ വടകരപ്പള്ളിയിൽനിന്നു ഫാ. ബർണബാസ് മരുതോങ്കരവന്നു വടക്കേടത്തു് കുര്യാക്കോയുടെ വീട്ടിൽ കുർബാനയർപ്പിച്ചു. ഫാ. ജോൺ തയ്യിൽ എസ്. ജെ., ജോസഫ് പീടിയേക്കൽ, ജോസഫ് ചുങ്കത്തു്, ജോസഫ് കിഴക്കേഭാഗം മുതലായവരുടെ ഭഗീരഥപ്രയത്നങ്ങളാണു് കുററിയാടിയുടെ വികസനത്തിനും പുരോഗതിക്കും തുടക്കം കുറിച്ചതു്. അവർ ആത്മാവിനുവേണ്ട കൂദാശ

കളെല്ലാം കൊടുത്തു. രോഗത്തിനു് ഔഷധങ്ങൾ നൽകി. കോഴിക്കോടു്, വടകര മുതലായ സർക്കാർ കോടതികളിൽ കുടിയേററക്കാരുടെ പല കേസ്സുകളുമുണ്ടായിരുന്നു. അവയുടെ വിജയത്തിനു ചെയ്യാവുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. കെട്ടിടങ്ങൾ പണിതു. സ്കൂളുകൾ സ്ഥാപിച്ചു. ഒരു സ്കൂൾകെട്ടിടം (ആനക്കുളം) പണി സംബന്ധിച്ചു ബ. കിഴക്കേഭാഗത്തച്ചൻ പോലീസിനാൽ അറസ്റ്റു് ചെയ്യപ്പെടുവാനും ഇടയായി. ഇടവകക്കാർ തമ്മിലുള്ള ഒരു വസ്തുതക്കമായിരുന്നു കാരണം.

കുളത്തുവയൽ, കൂരാച്ചുണ്ടു്, കല്ലാനോട്ട്ഭാഗങ്ങളിൽ കുടിയേററക്കാർക്കു വൈദികസഹായം വടകരപ്പള്ളിയിലെ ബ. അച്ചന്മാരിൽനിന്നാണു ലഭിച്ചിരുന്നതു്. ആദ്യത്തെ കുടിയേററക്കാരിലൊരാളായ മാത്തൂർ ചെറിയാൻെറ വീട്ടിൽ ഫാ. സിയാറോ എസ്. ജെ. ആ മേഖലയിലെ ആദ്യത്തെ കർബാന സമർപ്പിച്ചു. ചെറിയാൻ ഒരു കേസ്സിൽ പ്രതിയായി എന്നു കേട്ടു് അദ്ദേഹത്തെ കാണുവാനും ആശ്വസിപ്പിക്കുവാനും 1934-ൽ ഫാ. ഫെർണാണ്ടസ് കോളയാട്ടുനിന്നു ബുദ്ധിമുട്ടി നടന്നു് കുളത്തുവയലിൽ ചെന്നു. വടകര വികാരിമാർ ഒന്നും രണ്ടും മാസം കൂടുമ്പോൾ കോളനികൾ സന്ദർശിക്കും. കുടിയേററക്കാർ വദ്ധിച്ചതോടെ ഫാ. പീടിയേക്കൽ, തോമസ് ആയല്ലൂർ തുടങ്ങിയ അച്ചന്മാർ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥിരം ഷെഡ്ഡുകൾ പള്ളിക്കായി ഉണ്ടാക്കിച്ചു. റോഡുകൾ പലഭാഗത്തേയ്ക്കും വെട്ടിത്തുറന്നു. സ്കൂളുകൾ അധികൃതരെക്കൊണ്ടു് അനുവദിപ്പിച്ചു. ഫാ. വർഗ്ഗീസ് തയ്യിൽ കൂരാച്ചുണ്ടിലും ഫാ. ജോസഫ് പന്നിക്കോട്ടു് കല്ലാനോട്ടും ഫാ. സി. ജെ. വക്കി കുളത്തുവയലിലും ആരംഭകാലങ്ങളിൽ ചെയ്ത സേവനങ്ങൾ സുവിദിതങ്ങളാണു്.

ചെമ്പേരി മേഖലയിലേയ്ക്കുള്ള കുടിയേററക്കാക്കു് അടുത്ത പള്ളി തളിപ്പറമ്പായിരുന്നു. 1926-ൽ വായാട്ടുപറമ്പിൽ രണ്ടുമൂന്നു വീട്ടുകാർ വന്നു താമസം തുടങ്ങി. വെള്ളാപ്പള്ളിൽ എമ്മാനുവലായിരുന്നു ആദ്യം വന്നതു്. പുരയിടത്തിൽ ചെറിയാൻ ഏതാനും മാസങ്ങൾക്കുശേഷം വന്നു. തുടന്നു് വേറെ പലരും. 1928-ൽ ഫാ. റൊമെയോ പോർത്താ എസ്. ജെ. തളിപ്പറമ്പിൽനിന്നു നടന്നു് വായാട്ടുപറമ്പിൽ വീടുകളിൽ വന്നു ബലി സമപ്പിക്കുകയും കൂദാശകൾ നല്കുകയും ചെയ്തിട്ടുണ്ടു്. ചെമ്പേരിയിലെ കുടിയേററക്കാക്കുവേണ്ടി തളിപ്പറമ്പിൽനിന്നു് 1947-ൽ ബ. കിഴക്കുംഭാഗത്തച്ചൻ പുളിക്കൽ

ജോസഫിൻെറ വീട്ടിൽ ചെന്നു് കുർബാന സമർപ്പിക്കുകയും കൂദാശകൾ നല്കുകയും ചെയ്തു. അദ്ദേഹം മാസത്തിലൊരിക്കൽ ചെമ്പേരിയിൽ ചെല്ലുകയും വീടുകൾ സന്ദർശിക്കുകയും കൂദാശകൾ നല്കുകയും ചെയ്തിരുന്നു. ഫാ. കുര്യാക്കോസ് കുടക്കച്ചിറയെ ചെമ്പേരിയുടെ സ്ഥിരം വികാരിയായി നിയമിച്ചതോടെ ആ പ്രദേശത്തിൻെറ ഭാഗ്യനക്ഷത്രം തെളിഞ്ഞു. പ്രദേശത്തിൻേറയും ആളുകളുടേയും പുരോഗതിക്കുവേണ്ടിയുള്ള സംരംഭങ്ങൾക്കു് അദ്ദേഹം അടിസ്ഥാനമിട്ടു. അദ്ദേഹമാണു് ചെമ്പേരിയുടെ ശില്പിയെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയൊന്നുമില്ല.

വയനാട്ടു് കുടിയേററത്തിൻെറ ആരംഭകാലത്തു് ഫാ. ഫ്രാൻസീസ് ബർബോസാ എസ്. ജെ. ആയിരുന്നു മാനന്തവാടിയിൽ വികാരി. അദ്ദേഹത്തെത്തുടർന്നു് ഫാ. ദേഷ്യസ്, ജോസഫ് കുത്തൂർ, വർഗ്ഗീസ് തയ്യിൽ, ജോർജ്ജ് കഴക്കച്ചാലിൽ എന്നിവർ നിയമിതരായി. കണിയാമ്പററയിൽ ഫാ. ജോൺ ഫെർണാണ്ടസ്സും വൈത്തിരിയിൽ ഫാ. ദേഷ്യസ്, റൊസാരിയോ എസ്. ജെ, കുര്യാക്കോസ് കുടക്കച്ചിറ, കെറുബിൻ സി. എം. ഐ., എഡ്രിയൻ സി. എം. ഐ., നടവയലിൽ ബക്കമാൻസ് സി. എം. ഐ. എന്നിവരും ചാർജ്ജ് വഹിച്ചിരുന്നു. ആളുകളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിക്കുവേണ്ടി ഈ ത്യാഗിവര്യർ അനുഷ്ഠിച്ച സേവനങ്ങൾ നിസ്തുലമാണു്.

തിരുവാമ്പാടി മേഖലയിൽ പ്രഥമ ദിവ്യബലി സമപ്പിച്ചതു് ഫാ. മൊന്തനാരി ആയിരുന്നു. ബ. അത്തനാസിയൂസ് സി. എം. ഐ., ബ. കെറുബിൻ എന്നിവർ തിരുവാമ്പാടിയിലും ബ. ബർനാർഡിൻ സി. എം. ഐ. കൂടരഞ്ഞിയിലും ബ. ഫാബിയൂസ്, ദോസിത്തേവൂസച്ചന്മാർ കോടഞ്ചേരിയിലും ഫാ. ഫ്രെഡറിക്, ഫാ. ജേക്കബ് കുന്നപ്പള്ളി എന്നിവർ കണ്ണോത്തും ചെയ്തിട്ടുള്ള സേവനങ്ങളും സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളും നിരവധിയായിരുന്നു. ഈ കേന്ദ്രങ്ങൾ ഇപ്പോഴത്തെ നിലയിൽ എത്തിച്ചേരുവാൻ കാരണമായതു് പ്രസ്തുത വൈദികരുടെ ബുദ്ധിപൂവ്വകമായ പ്ലാനിംഗത്രേ.

തോമ്മാപുരം മേഖല 1955 വരെ മംഗലാപുരം രൂപതയിലുൾപ്പെട്ടിരുന്നു. 1955 വരെ ഫാ. ജറോം ഡിസ്സൂസ തോമ്മാപുരത്തും പാലാവയലിലും വന്നു് കുടിയേററക്കാരുടെ എല്ലാ

ആവശ്യങ്ങളും നടത്തികൊടുത്തുകൊണ്ടിരുന്നു. നീലേശ്വരത്തു നിന്നു് അദ്ദേഹം വന്നു കുടിയേററക്കാരുടെ വീടുകളിൽ ദിവ്യ ബലിയർപ്പിക്കും. 1945-ലായിരുന്നു ആദ്യത്തെ കുർബാന. കുടിയേററക്കാർ വദ്ധിച്ചപ്പോഠം മാസംതോറുമോ ആഴ്ചതോറു മോ വന്നിരുന്നു. പന്ത്രണ്ടുമൈൽ ബോട്ടിലും പത്തുമൈൽ വന ത്തിലുംകൂടിയുള്ള ദീഘ്വും ദുഷ്ക്കരവുമായ യാത്ര. എങ്കിലും അവിടെ വരുന്നതിനും വീടുകഠം സന്ദശിക്കുന്നതിനും കുടിയേ റക്കാരെ സഹായിക്കുന്നതിനും അദ്ദേഹം യാതൊരുദാസീന ത്വയും കാണിച്ചിരുന്നില്ല.

തോമ്മാപുരം മേഖലയുടെ വടക്കു് കാഞ്ഞങ്ങാട്ടു് പ്രദേശ ങ്ങളിലേയ്ക്കു കുടിയേറിയതു് ചുരുക്കം കുടുംബങ്ങഠം മാത്രമായി രുന്നു. ആ സ്ഥലങ്ങളിലേയ്ക്കു തുടർച്ചയായി പിറകെ പിറകെ ആളുകഠം വന്നിരുന്നുമില്ല. പല വർഷങ്ങഠം വേണ്ടിയിരുന്നു അവിടെ ഒരു ചെറിയ സമൂഹം രൂപംകൊള്ളുവാൻ. കാഞ്ഞ ങ്ങാടു് ടൗണിലുള്ള ലത്തീൻപള്ളി മാത്രമായിരുന്നു ഏററം അടുത്തുള്ള കത്തോലിക്കാദേവാലയം. പത്തും ഇരുപതും ഇരു പത്തിനാലും മൈൽ അകലം വരും, ഈ ചെറിയ കോളനിക ളിൽനിന്നു് കാഞ്ഞങ്ങാട്ടു് എത്തുവാൻ. വഴിയും വാഹനങ്ങ ളുമില്ല. മലകഠം കയറിയിറങ്ങണം. അതുകൊണ്ടു് അവർ പള്ളിയിൽ പോയി ദിവ്യകമ്മങ്ങളിൽ പങ്കെടുത്തിരുന്നില്ല. വിവാഹത്തിനും മാമ്മോദീസായ്ക്കും രോഗീലേപനത്തിനുമൊ ക്കയേ അവർ പള്ളിയിൽ പോയിരുന്നുള്ളൂ. ഫാ. മൈക്കിഠം പെരേരായായിരുന്നു കാഞ്ഞങ്ങാട്ടു് പള്ളിയുടെ വികാരി. അദ്ദേഹം കുടിയേററക്കാക്കു് എന്തു സേവനവും ചെയ്തുകൊടുക്കു വാൻ ഒരു മടിയും കാണിച്ചില്ല. എത്ര മൈൽ ദൂരം വേണമെ ങ്കിലും നടക്കും. ഒരു ചെറിയ ക്രിസ്തീയസമൂഹം ഒരു മലയിലു ണ്ടെന്നറിഞ്ഞാൽ നടന്നു മല കയറിച്ചെന്നു് അവരെ അന്വേ ഷിക്കുകയും സഹായിക്കുകയും അവരുടെ വീടുകളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. പൊതുവായി ഒരു പള്ളിഷെഡ്ഡു് ഉണ്ടാക്കിക്കഴിഞ്ഞാൽ ഇരുപതും അതിൽക്കൂടു തലും മൈൽ നടന്നു മാസത്തിലൊരിക്കലെങ്കിലും അവിടെ ച്ചെന്നു് അവക്കു കുർബാനയും കൂദാശകളും നൽകിയിരുന്നു. പത്തു മൈൽ നടന്നു ശുഷ്ക്കമായ പാറപ്പരപ്പിന്റെ പാശ്വ ത്തിലുള്ള കാഞ്ഞിരടക്കം കോളനിയിൽച്ചെന്നു ക്രൈസ്തവക്കു് കൂദാശകഠം നല്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കാഞ്ഞങ്ങാട്ടു നിന്നും ഇരുപതു് ഇരുപത്തിരണ്ടു മൈൽ കാട്ടിൽക്കൂടി കുന്നും

മലയും കയറിയിറങ്ങിയാണ് ബളാലിൽ എത്തി അവിടെ കുടിയേറിത്താമസിക്കുന്ന ക്രിസ്ത്യാനികൾക്ക് ബ. പെരേരാച്ചൻ മതകർമ്മങ്ങൾ നടത്തിക്കൊടുത്തിരുന്നത്.

ഇക്കാലത്ത് കോഴിച്ചാൽ, പുളിങ്ങോം ഭാഗങ്ങളിൽ ഫാ. മൊന്തനാരിയാണ് കുടിയേററക്കാർക്ക് ആദ്ധ്യാത്മികനേതൃത്വം നല്കിയത്. ഒരു ഇററാലിയൻ മിഷനറിയായിരുന്നു, അദ്ദേഹം. അൾത്താരയുൾപ്പെടെ വിശുദ്ധകുർബാനയ്ക്കുള്ള എല്ലാ ഉപകരണങ്ങളും ഒരു സഞ്ചിയിലും വേറൊന്നിൽ അദ്ദേഹത്തിനു വേണ്ട ഭക്ഷണസാധനങ്ങളും ഇരുതോളിലും തൂക്കിയിട്ടുകൊണ്ടു മന്ദസ്മിതം തൂകി നടന്നു വരുന്ന ആ മനുഷ്യസ്നേഹിയെ കാണുന്നതുതന്നെ ആനന്ദസംദായകമായിരുന്നു. തിരുവാമ്പാടി മേഖലയിലെ അദ്ദേഹത്തിൻെറ സേവനങ്ങൾ നമുക്കറിയാം. പാടിച്ചാലിൽനിന്നു നടന്ന് ചെറുപുഴയും പുളിങ്ങോത്തും കോഴിച്ചാലിലും പോയി കുടിയേററക്കാരുടെ ആത്മകാര്യങ്ങൾ അദ്ദേഹം നടത്തിക്കൊടുത്തിരുന്നു. ചെറുപുഴ, പുളിങ്ങോം പള്ളികൾക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളും നിസ്സാരമായിരുന്നില്ല.

കോഴിക്കോട്ടുരൂപതയിൽപ്പെട്ട വൈദികർ മാത്രമല്ല രൂപതാധികാരികളായ ബിഷപ്പുമാരും കുടിയേററക്കാരുടെമേൽ പ്രത്യേക താത്പര്യം കാണിച്ചിരുന്നു. 1943-ൽ ബിഷപ്പ് പ്രൊസേർപ്പിയോ കുററ്യാടിപ്രദേശത്തു ധാരാളം കുടിയേററക്കാരുണ്ടെന്നറിഞ്ഞ് അവരേയും അവരുടെ പ്രവർത്തനങ്ങളേയും കാണുവാൻ ആഗ്രഹിച്ചു. ശ്രീ ജോസ് കള്ളവയലിൻെറ ക്ഷണം സ്വീകരിച്ചുകൊണ്ട് 1944-ൽ ഒരു റോഡുദ്ഘാടനത്തിനുവന്നു. മീററിംഗിൽ അദ്ധ്യക്ഷത വഹിച്ചു. എല്ലാവരേയും കണ്ടു. അവരുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടനായി.

കോഴിക്കോട്ടുനിന്നു കുററ്യാടിയിൽവന്നു തോണിയിൽ കയറി കുററ്യാടിപ്പുഴയിൽക്കൂടെയാണ് ചവറംമൂഴിവരെ യാത്ര ചെയ്തത്. അവിടെനിന്നു പുതിയ റോഡിൽക്കൂടെ ബംഗ്ലാവിലേയ്ക്കു കാറിലും. ഇതൊരു സാഹസികവും ഉല്ലാസപ്രദവുമായ യാത്രയായിരുന്നു. ചവറംമൂഴിപുഴയിൽവച്ചു തോണി മറിയുവാനും ബിഷപ്പ് വെള്ളത്തിൽ വീഴുവാനും ഇടയായി. അദ്ദേഹത്തിൻെറ പെട്ടിയും ഉടുപ്പുകളും മററു സാധനങ്ങളും പുഴയിൽ മുങ്ങിപ്പോയി. തിരുമേനിയെ ആളുകൾ പിടിച്ചുകയററി. എങ്കിലും അദ്ദേഹത്തിൻെറ പെട്ടിയും സാധനങ്ങളും പിറേറ

ദിവസം മാത്രമേ പുഴയിൽനിന്ന കണ്ടുപിടിക്കുവാൻ സാധിച്ചുള്ളൂ. ഇതൊന്നും അദ്ദേഹത്തെ അസ്വസ്ഥനാക്കിയില്ല. അദ്ദേഹം ധീരതയോടെ വർത്തിച്ചു. ബംഗ്ലാവിൽവന്നു് ജോസ് കൊട്ടത്ത ഷർട്ടും മുണ്ടും ധരിച്ചുകൊണ്ടാണു് അദ്ദേഹം മററു ചടങ്ങുകളിലെല്ലാം പങ്കെടുത്തതു്. എല്ലാവക്കും അതൊരു കൗതുകമായിരുന്നു. അദ്ദേഹത്തിനൊരു തമാശും. ഇററലിക്കാരനായ ബിഷപ്പ് തൻെറ ജനങ്ങളുമായി കഴിവതും ലയിച്ച് ഒന്നായിച്ചേരുവാൻ കിട്ടിയ അവസരം പ്രയോജനപ്രദമാക്കി. അദ്ദേഹം രൂപതയുടെ അധിപനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഉടൻ ചെയ്തതു മലയാളം പഠിക്കുകയായിരുന്നു. മൂന്നു മാസക്കാലം പാവറട്ടി കൊവേന്തയിൽ പോയി താമസിച്ചു മലയാളം പഠിച്ചു വശമാക്കി. 1944-ൽ റോഡുദ്ഘാടനം കഴിഞ്ഞു മടങ്ങുംവഴിക്കു് കുളത്തുവയൽ സന്ദർശിച്ചു. വടകര പ്പള്ളിയിൽനിന്നു് അച്ചന്മാർ മാസത്തിലൊരിക്കൽ ആ മേഖലയിലെ കോളനികൾ സന്ദർശിക്കുകയായിരുന്നു പതിവു്. കുളത്തുവയലിൽ തന്നെ സ്വീകരിക്കുവാൻ എത്തിയ കുടിയേററക്കാരുടെ ബാഹുല്യം കണ്ടപ്പോൾ ഒരു സ്ഥിരം വികാരിയച്ചനെ അവർക്കു കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ആ സ്റ്റേഷനെ ഒരിടവകയാക്കി ഉയർത്തുകയും ചെയ്തു. ബ. ആയല്ലൂർ തോമ്മാച്ചനെ സ്ഥിരം വികാരിയായി നിയമിച്ചു. ജന്മിത്തക്കം, കയ്യേററം, മരംമുറിക്കൽ, കാടുതെളിക്കൽ ഇങ്ങനെ ഓരോ വിധത്തിലും കുടിയേററക്കാരുടെ പേരിൽ സിവിലായും ക്രിമിനലായും കേസ്സുകൾ സക്കാർകോടതിയിൽ ഉണ്ടായിരുന്നു. ഇതിലെല്ലാം കുടിയേററക്കാക്കുവേണ്ട നിയമോപദേശം നല്കുന്നതിനു ബിഷപ്പ് പ്രൊസേർപ്പിയോ രൂപതച്ചെലവിൽ ഒരു നല്ല അഡ്വക്കേററിനെ ഏർപ്പാടു ചെയ്തുകൊടുത്തു. അദ്ദേഹം കുടിയേററക്കാരെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നും അവരുടെ അഭിവൃദ്ധിയിൽ എന്തുമാത്രം തല്പരനായിരുന്നുവെന്നും ഇതിൽനിന്നെല്ലാം വ്യക്തമാകുന്നു.

ബിഷപ്പ് പ്രൊസേർപ്പിയോ 1945-ൽ ദിവംഗതനായി. തുടർന്നു് 1948-ൽ കോഴിക്കോട്ടു ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതു് നൊവിസ്ഗുരുവായിരുന്ന ഫാ. പത്രോണി എസ്. ജെ. ആയിരുന്നു. അദ്ദേഹവും കുടിയേററക്കാരോടു പ്രത്യേക താത്പര്യം കാണിച്ചു. തൻെറ രൂപതയിൽ ക്രിസ്ത്യാനികൾ വർദ്ധിച്ചുവരുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു. സുറിയാനിക്രിസ്ത്യാനികൾ കർബാനസ്ലായും കൂദാശകൾക്കായും

വൈദികരെ വിളിച്ചുകൊണ്ടുപോവുകയും അതിലെല്ലാം ഭക്തിപൂർവ്വം പങ്കെടുക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള അവരുടെ ദൈവവിശ്വാസത്തിലും സഭാകാര്യങ്ങളിലുള്ള താല്പര്യത്തിലും അദ്ദേഹത്തിനു വളരെ സന്തോഷം തോന്നി. അവരുടെ കുടിയേററകേന്ദ്രങ്ങളെല്ലാം ഇടവകയായി ഉയർത്തുകയും അവിടെയെല്ലാം മലയാളിവൈദികരെ വികാരിമാരായി നിയമിക്കുകയും ചെയ്തു. ഈ വൈദികരെല്ലാം ചെറുപ്പക്കാരും ദീർഘദൃഷ്ടിയുള്ളവരും കുന്നും മലയും കയറുവാൻ ആരോഗ്യമുള്ളവരും ബുദ്ധിമുട്ടുവാൻ സന്നദ്ധതയുള്ളവരുമായിരുന്നു. അവിശ്രമം അവർ ജോലിചെയ്തു. എല്ലാവിധത്തിലുള്ള സഹായങ്ങളും അവർ കുടിയേററക്കാർക്കു ചെയ്തുകൊടുത്തു. ബ. മെത്രാനച്ചനും അവസരോചിതമായി കുടിയേററകേന്ദ്രങ്ങൾ സന്ദർശിക്കുവാൻ വിമുഖത കാണിച്ചിരുന്നില്ല. അദ്ദേഹം നല്ലതുപോലെ മലയാളം സംസാരിച്ചിരുന്നതിനാൽ എളുപ്പത്തിൽ ആളുകളുമായി സമ്പർക്കത്തിലേർപ്പെടുവാൻ സാധിച്ചു. രൂപതയിൽ വൈദികർ തികയാതെവന്നപ്പോൾ എട്ടുപത്തു് അച്ചന്മാരെ സി. എം. ഐ. സഭയിൽനിന്നു് ക്ഷണിച്ചുവരുത്തി കുടിയേററകേന്ദ്രങ്ങളിൽ നിയമിച്ചു. ഭാവിയിൽ കുടിയേററക്കാരുടെ ഇടയിൽ വേലചെയ്യുവാൻ അവരുടെ മക്കളിൽനിന്നുതന്നെ വൈദികവിദ്യാർത്ഥികളെ സ്വീകരിച്ചു പഠിപ്പിച്ചു. കോഴിക്കോട്ടു് രൂപതയിലേയ്ക്കു കുടിയേറിപ്പാർത്ത സുറിയാനിക്കത്തോലിക്കരുടെ എണ്ണം റോമിലെ അധികൃതർ ആവശ്യപ്പെട്ടപ്പോൾ ശരിയായ കണക്കു കൊടുക്കുകയും അങ്ങനെ ഒരു സുറിയാനിരൂപതയുടെ സ്ഥാപനത്തിനു് പരോക്ഷമായി സഹായിക്കുകയും ചെയ്തു, പത്രോണി തിരുമേനി. പക്ഷേ ഭാരതപ്പുഴയ്ക്കു വടക്കു് ഒരു സുറിയാനിരൂപത വന്നേക്കാമെന്ന ഊഹംപോലും അന്നു് ഉണ്ടായിരുന്നില്ല അദ്ദേഹത്തിനു്. എങ്ങനെയെല്ലാമായാലും സുറിയാനിരൂപത ഉണ്ടാകുന്നുവെന്നു് തീരുമാനിക്കപ്പെട്ടുകഴിഞ്ഞപ്പോൾ പുതിയ രൂപതാമെത്രാനും മററും താമസിക്കുന്നതിനും ഓഫീസ് ജോലികൾ നടത്തുന്നതിനും തലശ്ശേരി ലത്തീൻപള്ളിയും – ഹോളി റോസറി – ആ പള്ളിയുടെ വൈദികമന്ദിരവും, വേറൊന്നുണ്ടാകുന്നതുവരെ വിട്ടുകൊടുക്കുന്നതിനു് പത്രോണി തിരുമേനി സമ്മതിച്ചു. ഇതു് അദ്ദേഹത്തിൻെറ സൗമനസ്യവും സഭയെ ഒന്നായി വീക്ഷിക്കുന്നതിനുള്ള മഹാമനസ്കതയും പ്രകടമാക്കുന്നതാണു്. ഒരേ സ്ഥലത്തുതന്നെ സമ്മിശ്രമായി വസിക്കുന്ന സുറിയാനി ലത്തീൻ റീത്തു വിശ്വാസികളെ കാര്യക്ഷമമായും ഭംഗിയായും ഭരിച്ചുകൊണ്ടുപോകുന്നതിനു് രണ്ടു രൂപതാ

ദ്ധ്യക്ഷന്മാരും സഹകരിച്ചും പരസ്പരം സഹായിച്ചും വർത്തിക്കുന്നതിൽ അദ്ദേഹം കാണിച്ച സൗഹാർദ്ദതയും വിട്ടുവീഴ്ചയും മാതൃകാപരമായിരുന്നു. ഇക്കാര്യങ്ങളിലെല്ലാം പണ്ഡിതനും പരമാർത്ഥിയും മഹാമനസ്കനുമായ അന്നത്തെ വികാരിജനറാൾ റവ. ഫാ. ജോസഫ് എടമരം എസ്. ജെ. യുടെ സേവനങ്ങളും സഹായങ്ങളും പ്രത്യേകം സ്മരണീയമാണ്.

മലബാറിലെ കുടിയേററക്കാർ കോഴിക്കോട്ടെ വൈദികരേയും അവരുടെ സേവനങ്ങളേയും കൃതജ്ഞതയോടെ ഇപ്പോഴും സ്മരിക്കുകയും കീർത്തിക്കുകയും ചെയ്യുന്നു. അവരിൽ ഫാ. ദേഷ്യസ്, ജോസഫ് പീടിയേക്കൽ, പോൾ ഫെർണാണ്ടസ്, തോമസ് ആയല്ലൂർ, അത്തനേഷ്യസ്, കെറുബിം, ജോസഫ് ചുങ്കത്ത്, കുര്യാക്കോസ് കുടക്കച്ചിറ, സിയാറോ, ബർക്കുമാൻസ്, സോസിമൂസ്, മൊന്തനാരി എന്നിവർ അവരുടെ സമ്മാനം വാങ്ങുവാൻ നിത്യപിതാവിൻെറ പക്കലേയ്ക്കു പോയിക്കഴിഞ്ഞു. ഇവരെ പ്രത്യേകവിധത്തിൽ ഓർക്കുകയും അവരുടെ ചരമവാർഷികദിനത്തിൽ ബലി സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്ന കുടിയേററക്കാർ ഇന്നും അനവധിയുണ്ട്.

മരുഭൂമിയിലൂടെ വാഗ്ദത്തനാട്ടിലേയ്ക്കുള്ള പ്രയാണത്തിൽ അഗ്നിസ്തംഭവും മേഘത്തൂണും ഇസ്രായേൽ ജനതയ്ക്ക് എങ്ങനെ മാർഗ്ഗദർശകങ്ങളായി ഭവിച്ചുവോ അതുപോലെയായിരുന്നു മലബാർ കുടിയേററക്കാരെ സംബന്ധിച്ചിടത്തോളം കോഴിക്കോട്ട് രൂപതയിലെ ത്യാഗിവര്യരായ വൈദികസത്തമരുടെ സേവനങ്ങൾ.

## പുത്തൻപുലരിയുദിക്കുന്നു

തിരുവിതാംകൂറിൽനിന്നുള്ള സുറിയാനി ക്രിസ്ത്യാനികളുടെ മലബാറിലേയ്ക്കുള്ള കുടിയേററം തുടർന്നുപോരുകയാണു്. മലബാറിൻെറ വിവിധഭാഗങ്ങളിലായി ചിന്നിച്ചിതറിയാണു് താമസിക്കുന്നതെങ്കിലും 1953 ആയപ്പോഴേക്കും സംഖ്യയിൽ അവർ ഒരു ലക്ഷത്തോളമായി. ഇവരിൽ തൊണ്ണൂറുശതമാനവും കോഴിക്കോട്ടു് ലത്തീൻ രൂപതാതിർത്തിക്കുള്ളിലാണു താമസമാക്കിയതു്. കുടിയേററക്കാരുടെ എല്ലാ ആവശ്യങ്ങളിലും വൈദികർ അവരെ സഹായിച്ചു. എങ്കിലും കുർബാനയും കൂദാശകളും സുറിയാനിരീതിയിൽനിന്നും വ്യത്യസ്തമായി ലത്തീൻ രീതിയിൽ നടത്തപ്പെട്ടിരുന്നതിനാൽ കുടിയേററക്കാർ ഭൂരിപക്ഷത്തിനും വിഷമം തോന്നി. കൂടാതെ ലത്തീൻരീതിയിലുള്ള ഇടവകാഭരണസമ്പ്രദായവും അവർക്കിഷ്ടപ്പെട്ടില്ല. എന്നാൽ കുടിയേററക്കാർക്കു രോഗങ്ങളുടെയും വിവിധ ദുരിതങ്ങളുടെയും മദ്ധ്യത്തിൽ ഈ വൈദികരിൽനിന്നു ലഭിച്ചിരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും അവരുടെ മററെല്ലാ അഭിലാഷങ്ങളേയും അതൃപ്തിയേയും മറന്നുകളയുവാൻ അവരെ പ്രേരിപ്പിച്ചു. എങ്കിലും പള്ളിത്തിരുന്നാളിനും മററു പ്രധാന ദിനങ്ങളിലുമെങ്കിലും കുടിയേററക്കാർ സുറിയാനി പാട്ടുകുർബാനയും കർമ്മങ്ങളും നടത്തിക്കാണുവാൻ ആഗ്രഹിച്ചു. നാട്ടിൽ പള്ളിഗായകസംഘത്തിൽപ്പെട്ടിരുന്നവർ അവരുടെ കലാവാസനകളും പാടവങ്ങളും പ്രകടമാക്കുവാൻ അവസരങ്ങൾ നോക്കിയുമിരുന്നു. ഏതെങ്കിലും സുറിയാനിവൈദികൻ തൻെറ മാതാപിതാക്കളെയോ ബന്ധുക്കളെയോ സന്ദർശിക്കുമ്പോൾ അദ്ദേഹത്തെക്കൊണ്ടു് സുറിയാനിപ്പാട്ടുകുർബാനയും മററും നടത്തിച്ചിരുന്നു. അതു് അവർക്കു് ആനന്ദവും ഭക്തിയും നല്കി. വീണ്ടും കേൾക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ ലത്തീൻറീത്തുകാരായ വൈദികരിൽ പലർക്കും ഈ പാട്ടുകളിലും മററും സംഗീതരസമോ ഭക്തിരസമോ തോന്നിയിരുന്നില്ല. തന്മൂലം അവയെ നിരുത്സാഹപ്പെടുത്തുകയാണു് അവർ ചെയ്തതു്.

ഇൻഡ്യയിലെ മിഷൻപ്രവർത്തനങ്ങളിൽ കേരളസുറിയാനിക്കത്തോലിക്കർ സജീവമായി പ്രവത്തിച്ചിരുന്നു. ഇപ്പോഴും പ്രവത്തിക്കുന്നു. അവർ അയൽക്കാരെയും നാട്ടുകാരെയും സുവിശേഷതത്വങ്ങൾ ഓരോതരത്തിൽ അറിയിച്ചുകൊണ്ടാണിരുന്നതു്. ഒച്ചപ്പാടുണ്ടാക്കിയില്ലെന്നു് മാത്രം.

തങ്ങളുടെ ക്രൈസ്തവസാക്ഷ്യം കേരളത്തിന്റെ നാലതിരുകളിൽ ഒതുക്കിനിർത്താതെ കേരളസുറിയാനിക്കാർ വടക്കേ ഇൻഡ്യയിലെ എല്ലാ മിഷൻരംഗങ്ങളിലും ചേന്നു ജോലിചെയ്തിരുന്നു. ഭാരതത്തിലെ എല്ലാ മിഷൻരംഗങ്ങളുടെയും ജീവനാഡി കേരളമിഷനറിമാരായിരുന്നു. ഈ വസ്തുത മുൻനിത്തിക്കൊണ്ടാണു് ഇരുപതിൽപ്പരംവഷം വിശാഖപട്ടണത്തെ മഹാമിഷനറിയും ബിഷപ്പുമായിരുന്ന മോൺ. റോസിലിയൻ 13–ാം ലെയോൺമാപ്പാപ്പയുടെ "ഓ! ഇൻഡ്യാ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" എന്ന വാക്യം – "ഓ! ഇൻഡ്യാ, നിന്റെ രക്ഷ കേരളഹസ്തങ്ങളിൽ" എന്നു് തിരുത്തിപ്പറഞ്ഞതു്. കേരളസുറിയാനിക്കത്തോലിക്കരുടെ ഈ മിഷൻ ദൈവവിളിയെ കണക്കിലെടുത്തു് അവക്കു് ഒന്നുരണ്ടു മിഷൻരംഗങ്ങൾ വടക്കേ ഇൻഡ്യയിൽ അനുവദിച്ചുകൊടുക്കണമെന്നു പരിശുദ്ധസിംഹാസനത്തോടു കേരളകത്തോലിക്കാമെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽതിരുമേനി ആവശ്യപ്പെട്ടു. കൂടാതെ കേരളത്തിലെ സുറിയാനിക്കത്തോലിക്കരെ വടക്കു് ഭാരതപ്പുഴയ്ക്കും തെക്കു് പമ്പാനദിയ്ക്കും ഇടയ്ക്കുള്ള പരിമിതമായ വൃത്തത്തിൽ ഇട്ടു ശ്വാസംമുട്ടിക്കാതെ വടക്കു് മലബാറിലേയ്ക്കും കിഴക്കും തെക്കുമുള്ള പ്രദേശങ്ങളിലേയ്ക്കും കുടിയേറിയവക്കായി പ്രത്യേക രൂപതകൾ അനുവദിക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു. മലബാറിലെ സിറിയൻകത്തോലിക്കരുടെ വിഷമങ്ങളും ആവശ്യങ്ങളും അറിയിച്ചുകൊണ്ടു പല ജനപ്രതിനിധികളും പരിശുദ്ധസിംഹാസനത്തിലേയ്ക്കു് അപേക്ഷകളയച്ചു. കേരളസുറിയാനിസഭയുടെ ഒരു പൊതുഗുണകാംക്ഷിയും സമുദായസ്നേഹിയും പണ്ഡിതനും സെൻറ് ബക്കുമാൻസ്കോളേജ് പ്രിൻസിപ്പലുമായിരുന്ന വെ. റവ. ഫാ. റോമിയോ തോമസ് സി.എം.ഐ. മലബാർ കുടിയേററക്കാക്കുവേണ്ടി പല നിവേദനങ്ങളും എറണാകുളം മെത്രാപ്പോലീത്താപക്കലും റോമിലേയ്ക്കും അയയ്ക്കുകയുണ്ടായി.

ഈ അപേക്ഷകളുടെ എല്ലാം ഫലമായി റോമിലെ പൗരസ്ത്യതിരുസംഘത്തിൽനിന്നും കുടിയേററസ്ഥലങ്ങളിലെ

ബിഷപ്പുമാരോട്ട ചില അന്വേഷണങ്ങറം നടത്തി. ഇവരിൽ നിന്നും കിട്ടിയ റിപ്പോർട്ടും പുതിയ രൂപതയ്ക്കുവേണ്ടിയുള്ള അപേക്ഷകളിൽ കാണിച്ചിരുന്ന കുടിയേററക്കാരുടെ എണ്ണവും തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നതിനാൽ യഥാർത്ഥ വസ്തുതകറം നേരിട്ടു ഗ്രഹിക്കുവാൻ പൗരസ്ത്യസംഘത്തിൻെറ (Oriental Congregation) സെക്രട്ടറി ആയ കാർഡിനൽ ടിസ്സറൻറ്തന്നെ തിരുക്കൊച്ചിയും മലബാറും സന്ദർശിക്കുവാൻ തീരുമാനിച്ചു. 1953-ൽ അദ്ദേഹം എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി, പാലാ, തൃശ്ശൂർ മുതലായ സുറിയാനിരൂപതകളും ലത്തീൻരൂപതയായ വരാപ്പുഴയും കുടിയേററക്കാർ ഉറംക്കൊള്ളുന്ന ലത്തീൻ രൂപതയായ കോഴിക്കോടും സന്ദർശിച്ചു. എന്നാൽ കുടിയേററ സ്ഥലങ്ങളിൽ വാഹനങ്ങറം എത്തുന്ന പേരാവൂർ മാത്രമേ ടിസ്സറൻറുതിരുമേനിക്കു സന്ദർശിക്കുവാൻ സാധിച്ചുള്ളൂ. സഹസ്രക്കണക്കിനു കുടിയേററക്കാരായ സുറിയാനിക്കത്തോലിക്കർ അദ്ദേഹത്തെ സ്വീകരിക്കുവാൻ അവിടെ തടിച്ചുകൂടി. യാത്രാസൗകര്യങ്ങളില്ലായിരുന്നിട്ടും ഇത്രയും വലിയ സംഖ്യ കുടിയേററക്കാരെ അവിടെ കണ്ടപ്പോറം അദ്ദേഹം അത്ഭുതപ്പെട്ടുപോയി. ഈ ജനങ്ങറംക്കു് അവരുടെ റീത്തനുസരിച്ചുള്ള ഒരു രൂപത അനുവദിക്കുന്നതിൽ യാതൊരു അപാകതയുമില്ലെന്നും അതൊരാവശ്യമാണെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അദ്ദേഹം ലത്തീൻസുറിയാനിമെത്രാപ്പോലീത്താമാരും മെത്രാന്മാരുമായി കൂടിയാലോചിച്ചു. കുടിയേററക്കാർക്കായി തലശ്ശേരി കേന്ദ്രമാക്കി ഒരു സുറിയാനിരൂപത അനുവദിക്കുവാൻ തീരുമാനിച്ചു.

രൂപതാദ്ധ്യക്ഷനായി ഒരാളെ തിരഞ്ഞെടുക്കണം. അതിനുവേണ്ടി പാലായിൽ കടനാട്ട ഹൈസ്ക്കൂറംഹെഡ്മാസ്റ്ററായി ജോലിചെയ്തിരുന്ന ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ മററു രൂപതാദ്ധ്യക്ഷന്മാരുടെ അഭിപ്രായപ്രകാരം വിളിച്ചുവരുത്തി, അഭിമുഖസംഭാഷണം നടത്തി. അദ്ദേഹത്തെ ടിസ്സറൻറ് തിരുമേനിക്കിഷ്ടപ്പെട്ടു. പുതിയ രൂപതാദ്ധ്യക്ഷനായി അദ്ദേഹത്തെ തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചു. കാഡിനൽ റോമിൽ മടങ്ങിച്ചെന്നു് പൗരസ്ത്യതിരുസംഘത്തിൻെറ നടപടികളും റിക്കാർഡുകളും എല്ലാം ശരിപ്പെടുത്തി. 1953 – ഡിസംബർ 31 നു കോഴിക്കോട്ട ലത്തീൻരൂപതയിൽപ്പെട്ട കേരളസുറിയാനിക്കത്തോലിക്കർക്കായി തലശ്ശേരി കേന്ദ്രമാക്കി ഭാരതപ്പുഴയുടെ വടക്കുഭാഗത്തു് ഒരു പുതിയ രൂപത സ്ഥാപിച്ചുകൊണ്ടുള്ള ഒരു വിളംബരം (ബൂളാ) പുറപ്പെടുവിച്ചു. ഫാ. സെബാസ്റ്റ്യൻ

വേള്ളാപ്പിള്ളിയെ പുതിയ രൂപതയുടെ അഡ്മിനിസ്ട്രേററായി നിയമിച്ചിരിക്കുന്നതായും അതിൽ പറഞ്ഞിരുന്നു. സുറിയാനിക്കത്തോലിക്കർ എല്ലാവരേയും, പ്രത്യേകം മാർ കണ്ടത്തിൽ അഗസ്റ്റിൻ മെത്രാപ്പോലീത്തായേയും ഇതു വളരെയേറെ സന്തോഷിപ്പിച്ചു. ഇതൊരു പുതിയ കാൽവയ്പ്പായിരുന്നു. അനാവശ്യവും അനർഹവുമായി വളരെക്കാലം കെട്ടിപ്പുലർത്തിയിരുന്ന ഒരു മതിൽക്കെട്ടിൻെറ പൊളിച്ചുമാററലായിരുന്നു തലശ്ശേരിരൂപതാ സ്ഥാപനം. പിള്ളാലത്തു തൻെറ മരണക്കിടക്കയിൽവച്ചു കർദ്ദിനാൾ ടിസ്സറൻറ് ഈ സംഭവം അനുസ്മരിച്ചതു് ഇങ്ങനെയാണ്: "പൗരസ്ത്യതിരുസംഘത്തിൻെറ നേതാവ് എന്ന നിലയിൽ എനിക്കു ചെയ്യാൻ കഴിഞ്ഞിട്ടുള്ള ഏററവും വലിയ കാര്യം തലശ്ശേരിരൂപതയുടെ സ്ഥാപനമാണ്". തലശ്ശേരിരൂപതയുടെ സ്ഥാപനത്തെ കേരളത്തിലെ ലത്തീൻ മെത്രാന്മാരിൽ ചിലരെങ്കിലും സംശയദൃഷ്ടിയോടെയാണു വീക്ഷിച്ചതു്. പക്ഷേ ഈ പുതിയ രൂപതാസ്ഥാപനത്താൽ ആക്കും ഒരു ഉപദ്രവവും ഉണ്ടായില്ല. ആകാശം ഇടിഞ്ഞുവീണില്ല; മറിച്ചു പലക്കും നന്മയുണ്ടായി. പരിശുദ്ധസിംഹാസനം ഇതു മനസ്സിലാക്കി. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ, തലശ്ശേരി, തൃശ്ശൂർ, ചങ്ങനാശ്ശേരി രൂപതകളുടെ അതിർത്തികൾ വിപുലപ്പെടുത്തി. വടക്കെ ഇൻഡ്യയിൽ ഏഴു രൂപതകൾ കേരളസുറിയാനിക്കാർക്കായി അനുവദിച്ചുകൊടുക്കുകയും ചെയ്തു.

മോൺ. വള്ളോപ്പിള്ളി തലശ്ശേരിക്കു പോന്നപ്പോൾ മലബാറിൽ തൻെറ ജോലിയിൽ സഹായിക്കുവാനായി കുറെ വൈദികരെക്കൂടി കൊണ്ടുപോരുവാൻ ആഗ്രഹിച്ചു. രണ്ടുപേരെ മാത്രമേ തൽക്കാലം കിട്ടിയുള്ളൂ. ഒന്നൊരു മദ്ധ്യവയസ്കൻ. 25 കൊല്ലം വൈദികവൃത്തിയിൽ പരിചിതൻ. നല്ല ആരോഗ്യവാൻ. രണ്ടാമത്തെയാൾ നല്ല ചെറുപ്പക്കാരൻ. വൈദികനായിട്ടു മൂന്നു കൊല്ലമേ ആയിട്ടുള്ളൂ. എല്ലാ വിഷയത്തിലും സമർത്ഥനും കുശാഗ്രബുദ്ധിയും. നമ്മസംഭാഷണത്തിൽ അദ്വിതീയൻ. ആദ്യത്തെയാൾ ഈ ലേഖകൻതന്നെയാണ്. മററെയാൾ ഫാ. അഗസ്റ്റിൻ നടുവിലേക്കുററും. ഫാ. അഗസ്റ്റിൻ കടനാട്ട് ഇടവകക്കാരനാണ്. അദ്ദേഹം കുമ്മണ്ണൂർ അനാഥാലയത്തിൻെറ ഡയറക്ടറായി ഇരിക്കുമ്പോഴാണ് തലശ്ശേരിയിലേക്ക് ക്ഷണിക്കപ്പെട്ടതു്. അതിനുമുമ്പ് അദ്ദേഹം പാലാ സെൻറ് തോമസ് ഹൈസ്കൂൾ ലോക്കൽമാനേജരായും ബോർഡിംഗ് റെക്ടറായും ജോലിനോക്കിയിരുന്നു.

മോൺ. വള്ളോപ്പിള്ളിയും സഹപ്രവത്തകരും മാർച്ച് 16 ന് പാലാ മെത്രാസനമന്ദിരത്തിൽ (ഇന്നത്തെ കത്തീഡ്രൽ പള്ളിമേട) നിന്നാണു് യാത്ര പുറപ്പെട്ടതു്. പുറപ്പെടുമ്പോഠം നല്ല ഒരു സംഘം ആളുകഠം മംഗളം നേരുവാനും യാത്ര അയയ്ക്കു വാനും എത്തിയിരുന്നു. എല്ലാവക്കും അനുയാത്രചെയ്യുവാൻ ആഗ്രഹമുണ്ടെങ്കിലും അതു് അപ്രായോഗികമാണല്ലോ. എല്ലാ വരുടെയും കണ്ണുകഠം നിറഞ്ഞിരുന്നു. മലബാറിൽ തലചായ്ക്കു വാൻ ഒരു സെൻറ് സ്ഥലംപോലും ഇല്ലാതെ ഇവർ എങ്ങനെ കഴിച്ചുകൂട്ടും. മലമ്പനി പിടിച്ചു മരിച്ച പതിനായിരങ്ങളുടെ കഥ കേഠംക്കുന്നുമുണ്ടു്.

യാത്രയാക്കുവാൻ വന്നുകൂടിയ ആളുകളുടെ ഈ വികാര ങ്ങഠം മലസ്സിലാക്കിയ വയലിൽ തിരുമേനി ഉച്ചത്തിൽ എല്ലാ വക്കുംവേണ്ടി പറഞ്ഞു: "സ്നേഹിതരേ, നിങ്ങഠം പോകുവിൻ, 300 കൊല്ലം മുൻപു് പറുങ്കികഠം അപഹരിച്ചെടുത്തതിൽ തിരി ച്ചുകിട്ടിയ സ്ഥലത്തിൽ കേറി താമസിക്കുവാനാണു നിങ്ങഠം പോകുന്നതു്. ഇതൊരു വിജയമാണു്. വിഷമങ്ങളും അസൗ കര്യങ്ങളും അനുഭവിക്കേണ്ടിവരും. ധീരതയോടെ അവയെ നേരിടുവിൻ. നിങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ ഞങ്ങളുണ്ടു്. കൂടുതൽ ആളും അത്ഥവും ഞങ്ങഠം പിറകെ അയയ്ക്കും. ആരും ചഞ്ചലപ്പെടാതെ പുറപ്പെടുവിൻ." ഈ പ്രോത്സാഹനവാക്കുകഠം പോകുന്നവരെയും യാത്രയയയ്ക്കുവാൻ വന്നവരേയും നിർഭയരും സന്തുഷ്ടരുമാക്കി.

വയലിൽപിതാവു് പൊള്ളവാക്കു പറയുകയല്ല ചെയ്തതു്. പറഞ്ഞതുപോലെ അദ്ദേഹം പ്രവത്തിച്ചു. ഇന്നും പ്രവത്തിച്ചു കൊണ്ടിരിക്കുന്നു. തലശ്ശേരിയിൽ ജോലിചെയ്യുവാൻ മന സ്സുള്ള വൈദികരെയും സെമിനാരി വിദ്യാത്ഥികളെയും സ്വീക രിച്ചുകൊള്ളുവാൻ അദ്ദേഹം സമ്മതിച്ചു. ഇതൊരു വലിയ സഹായമായി; അനുഗ്രഹമായി. ഏതു് ഇടവകയിൽനിന്നും വൈദികവിദ്യാത്ഥികളെ റിക്രൂട്ട് ചെയ്യുവാനും അനുവദിച്ചു. തിരുമേനിയുടെ വലിയ മഹാമനസ്കത ഒരിക്കലും മറക്കാവുന്ന തല്ല. വാദ്ധക്യത്താലും ജോലിചെയ്തു ക്ഷീണിച്ചതിനാലും രോഗബാധയാലും മാതൃരൂപതയായ പാലായിലേയ്ക്കു് മടങ്ങി ച്ചെല്ലുന്ന വൈദികരെ സന്തോഷപൂവ്വം സ്വീകരിക്കുന്നു എന്നതു് അദ്ദേഹത്തിൻെറ ഹൃദയവിശാലതയുടെ മറെറാരു വലിയ തെളി വാണു്. ഇങ്ങനെ ആഠംസഹായം മാത്രമല്ല ഉദാരമായ ധനസ ഹായവും അദ്ദേഹം ചെയ്തു. രൂപതയിൽനിന്നും ഒരു നല്ല

സംഖ്യ സംഭാവന നല്കി. അതുകൂടാതെ സ്ഥലത്തെ പല പ്രധാനികളും സംഭാവന നല്കാൻ സ്വാധീനംചെലുത്തി. എല്ലാ ഇടവകകളിലുംനിന്നു് തലശ്ശേരിമെത്രാൻ നേരിട്ടു വന്നു് ഒരു പിരിവെടുക്കുവാൻ അദ്ദേഹത്തിനു് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഇങ്ങനെ പാലാരൂപതയിൽനിന്നും ഒരു നല്ല സംഖ്യ തലശ്ശേരിക്കു ലഭിക്കുകയുണ്ടായി. മാത്രമല്ല, തലശ്ശേരി രൂപതക്കാർ ബ. വൈദികരോ, അൽമായരോ പാലാ അരമനയിൽ ചെന്നാൽ സ്വന്തം വീട്ടിൽ ചെല്ലുന്നതുപോലെയുള്ള പ്രതീതിയും സന്തോഷവുമാണു് അവൎക്കുണ്ടാവുക.

ദൃഢചിത്തനായ പാലാപിതാവിൻെറ ആശംസകളോടെ പുറപ്പെട്ട മോൺ. വള്ളോപ്പിള്ളിയും കൂട്ടരും നേരെ എറണാകുളത്തേയ്ക്കാണു് വന്നതു്. ആർച്ചുബിഷപ്പു് കണ്ടത്തിൽതിരുമേനിയുടെ ആഹ്ലാദവും സംതൃപ്തിയും അപാരമായിരുന്നു. അന്നു രാത്രി മോൺ. വള്ളോപ്പിള്ളിയും കൂട്ടരും അവിടെ താമസിച്ചു. കണ്ടത്തിൽപിതാവു് സുദീർഘകാലത്തെ പരിചയത്തിൽനിന്നും ലഭിച്ച പ്രായോഗികജ്ഞാനം പുതിയ രൂപതാദ്ധ്യക്ഷനു പകർന്നുകൊടുത്തു. തൻെറ ഉള്ളഴിഞ്ഞ അനുഗ്രഹാശിസ്സുകളും നല്കി, പിറെറന്നാൾ അവരെ യാത്രയയച്ചു. തൃശ്ശൂർ അരമനയിലും മോൺ. വള്ളോപ്പിള്ളിക്കു കിട്ടിയ സ്വാഗതം ഹാർദ്ദവമായിരുന്നു. തൃശ്ശൂരിൻെറ വടക്കുവശത്തു സ്വന്തം റീത്തിൽപ്പെട്ട ഒരു സോദരീരൂപത ലഭിച്ചതിൽ ആലപ്പാട്ടു തിരുമേനി സന്തോഷിച്ചു. അതിനെ വിജയിപ്പിക്കുവാൻ കഴിവുള്ള എല്ലാ സഹായവും ചെയ്തുകൊള്ളാമെന്നു മോൺ. വള്ളോപ്പിള്ളിക്കു് ഉറപ്പുകൊടുത്തു. അന്നു് അവർ അവിടെ താമസിച്ചു. പിറെറന്നാൾ കോഴിക്കോട്ടെത്തി രൂപതാദ്ധ്യക്ഷൻ ഡോ. പത്രോണിയെ കണ്ടു. പുതിയ രൂപതയുടെയും അതിലെ ജനങ്ങളുടെയും ഭരണം ഏറെറടുക്കുന്നതും അതു് വിട്ടുകൊടുക്കുന്നതുമായ ചടങ്ങു് പിറെറന്നാൾ – 19-ാം തീയതി – തലശ്ശേരിയിൽ ഹോളി റോസറിപള്ളിയിൽവച്ചു നടത്തുന്ന കാര്യങ്ങളെപ്പററി പരസ്പരം സംസാരിച്ചു. കോഴിക്കോട്ടു പട്ടണത്തിലെ കത്തോലിക്കരുടെ വകയായി 18-ാം തീയതി നടത്തപ്പെട്ട സ്വീകരണസമ്മേളനത്തിൽ മോൺ. വള്ളോപ്പിള്ളി സംബന്ധിക്കുകയും സംഘാടകർക്കു നന്ദിപറഞ്ഞുകൊണ്ടു പ്രസംഗിക്കുകയും ചെയ്തു. സെൻറ് ജോസഫിൻെറ തിരുന്നാൾദിനമായ മാർച്ചു് 19-ാം തീയതി തലശ്ശേരിയിൽ എത്തിയ മോൺ. വള്ളോപ്പിള്ളിയെ ഹോസ്പിററൽ കവലയിൽവച്ചു സാഘോഷം സ്വീകരിച്ചു് പ്രദക്ഷിണമായി

ഹോളി റോസറിപള്ളിയിലേയ്ക്ക് ആനയിച്ചു. പള്ളിയകത്തു കയറി ബിഷപ്പ പത്രോണിയും മോൺ. വള്ളോപ്പിള്ളിയും തൃശ്ശൂർ ബിഷപ്പ ജോർജ്ജ് ആലപ്പാട്ടും ഉപവിഷ്ടരായശേഷം നിയമാനുസൃതമായ ചടങ്ങുകളെല്ലാം നടത്തി. മാർപ്പാപ്പായുടെ 'ബൂളാ' വായനയായിരുന്നു ചടങ്ങുകളിലെ പ്രധാനഭാഗം. അതു് തൃശ്ശൂർ ബിഷപ്പ് ആലപ്പാട്ട തിരുമേനി നിർവഹിച്ചു. പള്ളിയും പരിസരങ്ങളും തിങ്ങിനിറയെ ആളുകൾ ചടങ്ങുകളിൽ സംബന്ധിച്ചു. കുടിയേററക്കാരായിരുന്നു അവരിലധികം പേരും.

പല നൂററാണ്ടുകാലത്തെ പഴക്കമുള്ള ഒരു പ്രധാന കടൽത്തീരപട്ടണമാണ് തലശ്ശേരി. അറേബ്യൻ മഹാസമുദ്രത്തെ തൊട്ടുരുമ്മിക്കിടക്കുന്ന ഉയർന്ന കരസ്ഥലങ്ങൾ വളരെയുണ്ടിവിടെ. അവ പട്ടണത്തെ മനോഹരവും ആരോഗ്യകരവുമാക്കുന്നു. മൂന്നു പുഴകൾ പരിസരത്തുകൂടെ വന്ന് കടലിൽ പതിക്കുന്നുണ്ട്. അതുകാരണം ശുദ്ധജലത്തിനു് ഒരു ലോഭവും ഇല്ല. ഏകദേശം ഒരു നൂററാണ്ടുമുമ്പു സമുദ്രം കോപിച്ച് ഒന്നുരണ്ടു മൈൽ ഉള്ളിലേയ്ക്കു കേറി തെക്കുവടക്കായി ഏഴെട്ടുമൈൽ വരുന്ന കരഭാഗങ്ങൾ നിത്ത്യം വിഴുങ്ങിക്കളഞ്ഞു. വിഴുങ്ങിയിട്ടും മുഴുവൻ ദഹിക്കാതെ പൊങ്ങി ഉയർന്നു നില്ക്കുന്ന പാറക്കൂട്ടങ്ങൾ ധർമ്മടം മുതൽ തലായിവരെ, അസ്ഥിപഞ്ജരങ്ങൾപോലെ പൊന്തിനില്ക്കുന്നതു കാണാം. യൂറോപ്യൻമാരുടെ ആഗമനത്തോടെ പട്ടണത്തിനു് ഒരു പുതിയ രൂപവും ഭാവവും കൈവന്നു. ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിയുടെ ഒരു കേന്ദ്രമായിരുന്നു തലശ്ശേരി. ഈ കടൽത്തീരപ്രദേശത്തിൻെറ ഭംഗിയും സൗകര്യങ്ങളും സുഖവും മനസ്സിലാക്കിയ ബ്രിട്ടീഷുകാർ, താലൂക്കാഫീസുകൾ, ഡിസ്ട്രിക്ട് കോടതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവണ്മെൻറ് ഓഫീസുകൾ മുതലായവ തൊട്ടുതീരത്തുള്ള കുന്നുകളിൽ സ്ഥാപിച്ചു. ഗവ. ഉദ്യോഗസ്ഥന്മാരും ബിസ്സിനസ്സുകാരായ യൂറോപ്യൻമാരും ഈ ചെറിയ കുന്നുകളിൽ സ്ഥലം വാങ്ങി അവിടെ കെട്ടിടങ്ങൾവച്ചു താമസിച്ചിരുന്നു. സാഗരസ്നാനത്തിനും അവരുടെ സമ്മേളനത്തിനും ഏററം പററിയ സ്ഥലം – ഹോളോ വേ റോഡിൽ – ഇപ്പോൾ സെമിനാരിയും കത്തീഡ്രലും ഇരിക്കുന്ന സ്ഥലവും തീരവുമായിരുന്നു. അവിടെയാണ് അവർ അവരുടെ വിനോദമന്ദിരവും താമസമുറികളും ററി. ബി. യുമെല്ലാം ഉണ്ടാക്കിയതു്.

തലശ്ശേരിയിൽ കടൽത്തീരക്കുന്നുകളിൽ കാണുന്ന എല്ലാ കെട്ടിടങ്ങളുംതന്നെ യൂറോപ്യൻമാരുടെ വകയായിരുന്നു. കോട്ട

ക്കന്ന മുതൽ വടക്കോട്ടുള്ള ചേററംകുന്നു്, കോടതിക്കുന്നു്, ഇല്ലിക്കന്നു്, ധമ്മടംകുന്നു് മുതലായി അഞ്ചാറുമൈൽ നീണ്ടുകിടക്കുന്ന തീരസ്ഥലങ്ങൾ, തലശ്ശേരിയെ സുന്ദരമാക്കുന്നു. അവിടത്തെ താമസം ഏതു സഹൃദയനേയും ആകർഷിക്കും. എങ്കിലും 1947–ന ശേഷം വെള്ളക്കാരെല്ലാംതന്നെ ഇതെല്ലാം ഉപേക്ഷിച്ചിട്ടുപോയി. നാട്ടുകാരായ പലക്കും തുച്ഛമായ വിലയ്ക്കും ആശ്രിതക്ക പാരിതോഷികമായും തങ്ങളുടെ സ്വത്തുക്കളും വസ്തുക്കളും കൊടുത്തിട്ടാണു് അവർ സ്ഥലംവിട്ടതു്. തലശ്ശേരിയിൽ ഇല്ലിക്കന്നു് ബംഗ്ലാവിൽ ഗുണ്ടർട്ടുസായിപ്പുവന്നു താമസിച്ചുകൊണ്ടു നടത്തിയ പഠനങ്ങളും എഴുതിയ ഗ്രന്ഥങ്ങളും സുപ്രസിദ്ധമാണല്ലോ. അദ്ദേഹം താമസിച്ചു ജോലിചെയ്ത കെട്ടിടവും മുറികളും ഇപ്പോഴും അതേ നിലയിൽ നമുക്കു കാണാം. അദ്ദേഹം ജമ്മൻകാരനായ ഒരു ബാസൽ മിഷൻ പ്രവത്തകനായിരുന്നു.

തലശ്ശേരിയിലും കണ്ണൂരിലും തളിപ്പറമ്പിലുമെല്ലാം സുറിയാനി ക്രിസ്ത്യാനികൾ പ്രാചീനകാലംമുതൽ ഉണ്ടായിരുന്നുവെന്നാണു് ചരിത്രഗവേഷകനും പണ്ഡിതനുമായ ഫാ. എൻ. എ. തോമസ് പറയുന്നതു്. തലശ്ശേരിയിൽ ധമ്മടം എന്നു വിളിച്ചുവരുന്ന സ്ഥലം ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമായിരുന്നു. ധമ്മപട്ടണം എന്നായിരുന്നു അതിൻെറ പേരു്. ഇപ്പോൾ ലോപിച്ചു് ധമ്മടമായി. ധമ്മടത്തുള്ള ക്രിസ്ത്യൻ ദേവാലയം അവരുടേതായിരുന്നുവെന്നാണു് ഫാ. തോമസ്സിൻെറ അഭിപ്രായം. നേരത്തേ ഉണ്ടായിരുന്ന സിറിയൻപള്ളി പൊളിച്ചുപണിതതാണത്രേ ഇപ്പോഴത്തെ പള്ളി. പള്ളിയുടെ മുൻപിൽ നേരത്തെ ഉണ്ടായിരുന്ന കുരിശു് പൊളിച്ചുമാററിയിട്ടില്ല. സുറിയാനി പള്ളികളുടെ മുൻപിലേ ഇങ്ങനെ കുരിശു സ്ഥാപിക്കാറുള്ളൂ. ധമ്മടത്തെ കുരിശു് സിറിയൻ പാരമ്പര്യത്തിൻെറ നല്ലൊരു തെളിവാണു്. വൈകുന്നേരം കുരിശിൻ ചുവട്ടിൽ വിളക്കുവയ്ക്കുന്ന പഴയ പാരമ്പര്യം ഭക്തജനങ്ങൾ ഇപ്പോഴും തുടന്നുപോരുന്നു. വേദഞെരുക്കത്താൽ വധിക്കപ്പെട്ടോ, മതംമാററപ്പെട്ടോ, സ്ഥലംവിട്ടു് ഓടിപ്പോയതുകൊണ്ടോ ആയിരിക്കണം ക്രിസ്ത്യാനികൾ അവിടെ ഇല്ലാതായതെന്നാണു് മുൻപറഞ്ഞ ഗവേഷകൻ സമത്ഥിക്കുന്നതു്.

നേരത്തേവന്ന ഫ്രഞ്ചുകാർ തലശ്ശേരിയുടെ പ്രാധാന്യത്തേയും സൗകര്യത്തേയും മനസ്സിലാക്കിക്കൊണ്ടു് കടൽത്തീരത്തു നിമ്മിച്ചിരുന്ന മൺകോട്ട പിടിച്ചെടുത്തു് ബ്രിട്ടീഷുകാർ

1705-ൽ തങ്ങളുടെ പാണ്ടികശാല സംരക്ഷിക്കുവാൻ വലുതും ബലിഷ്ഠവുമായ ഒരു കോട്ട പണുതു. അന്നത്തെ ഒരു വലിയ ശക്തിയായിരുന്ന ചിറയ്ക്കൽ രാജാവു് കോട്ട പണിയുവാൻ അനു വദിക്കുക മാത്രമല്ല അതിൻെറ ശിലാസ്ഥാപനം നടത്തിക്കൊടുക്കുകകൂടി ചെയ്തു. കോട്ടക്കു പല ഗൃഹകളും രക്ഷാസങ്കേതങ്ങളുമുണ്ടു്. കടലിലേയ്ക്കുള്ള ഒരു അന്തർഭൗമികമാർഗ്ഗവും സൗകര്യപ്പെടുത്തിയിട്ടുണ്ടു്. കുറെ ബ്രിട്ടീഷ് പട്ടാളത്തെ ആ കോട്ടയിൽ സൂക്ഷിച്ചിരുന്നു. പരസ്പരം കലഹിച്ചിരുന്ന നാട്ടുരാജാക്കന്മാർ വിദേശികളായ ഈ കമ്പനിക്കാരുടെ സഹായം തേടിയിരുന്നു. അവർ സസന്തോഷം അതു നല്കി. ഹൈദരാലി 1780-ൽ ഈ കോട്ട പിടിച്ചടക്കുവാൻ കരവഴിയും കടൽവഴിയും യുദ്ധം നടത്തിയെങ്കിലും മൈസൂർ സൈന്യം പരാജയപ്പെട്ടതേയുള്ളൂ. മാത്രമല്ല ഹൈദരാലിയുടെ പടനായകനായ സർദാർഖാനെ ബന്ധനസ്ഥനാക്കി ഈ കോട്ടയിൽതന്നെ പൂട്ടിയിട്ടു. ബ്രിട്ടീഷുകാരുടെ ആധിപത്യം ഇവിടെ സ്ഥാപിക്കുവാൻ തലശ്ശേരിക്കോട്ട നല്ല ഒരു പങ്കുവഹിച്ചിട്ടുണ്ടു്.

ഈ കോട്ടയെ കേന്ദ്രമാക്കിക്കൊണ്ടാണു് പട്ടണം വളരുവാൻ തുടങ്ങിയതു്. അറേബ്യൻമഹാസമുദ്രത്തെ മുഴവൻ അവലോകനംചെയ്യുനില്ക്കുന്ന സുപ്രധാന സ്ഥാനമാണു് തലശ്ശേരിക്കോട്ട. ഒരു പുരാതന ചരിത്രാവശിഷ്ടമായി ഈ കോട്ടയെ ഇപ്പോഠം സംരക്ഷിച്ചുവരുന്നു. ഒരു ദീപസ്തംഭം അവിടെ സ്ഥാപിച്ചിട്ടുണ്ടു്. ഈ കോട്ടയോടു തൊട്ടടുത്താണു് മോൺ. വള്ളോപ്പിള്ളിയുടെ സ്ഥാനാരോഹണം നടന്ന ഹോളി റോസറിപ്പള്ളി. ആ പള്ളിതന്നെ പുതിയ രൂപതയുടെ താത്ക്കാലിക കത്തീഡ്രലായും, ആ പള്ളിമേട രൂപതയുടെ ഭരണക്കച്ചേരിയും, രൂപതാദ്ധ്യക്ഷൻെറയും സ്റ്റാഫ് അംഗങ്ങളുടെയും താമസസ്ഥലമായും അനുവദിച്ചുകിട്ടി. കടലിനോടു തൊട്ടടുത്തുള്ള ഒരു രണ്ടു നിലക്കെട്ടിടം. സമുദ്രത്തോടു വളരെ തൊട്ടാകയാൽ അറേബ്യൻെറ അനുകൂലപ്രതികൂലസ്വഭാവങ്ങഠംക്കു് ആ കെട്ടിടവും അതിലെ നിവാസികളും വിധേയരായിക്കൊണ്ടിരിക്കും. ശീതളമായ മന്ദമാരുതനും കണ്ടാലും കണ്ടാലും മതിവരാത്ത കടൽപ്പരപ്പും, ചെറുകല്ലോലങ്ങളും ഹൃദയാനന്ദകരം. മത്സ്യബന്ധനബോട്ടുകളും ചെറുതോണികളും വെള്ളനിറത്തിലുള്ള പായും കെട്ടി മയൂരങ്ങളെപ്പോലെ പറന്നു പായുന്നതും മററും കണ്ണിനു കൗതുകം നൽകും. എന്നാൽ ചില സമയങ്ങളിൽ കോപിച്ചു ഹുങ്കാര ശബ്ദത്തോടെ ആഞ്ഞടിക്കുന്ന കൂററൻ തിരമാലകഠം ഭയങ്കരങ്ങളും കെട്ടിടത്തെയും അതിലെ താമസക്കാരെയും പ്രകമ്പനം

കൊള്ളിക്കുന്നതുമായിരുന്നു. ആ പള്ളിവികാരിയും സെൻറ് ജോസഫ്സ് ഹൈസ്കൂൾഹെഡ്മാസ്റ്ററും മാനേജരുമായ ഫാ. ജോജ്ജ് പതിയിൽ (കൈപ്പുഴ, കോട്ടയംരൂപത) അവർകളും അവിടെത്തന്നെയാണ താമസിക്കുന്നതു്. അദ്ദേഹം ആ കെട്ടിടം മുഴുവൻ വളരെക്കാലം സ്വാതന്ത്ര്യമായി ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. അങ്ങനെയിരിക്കെ, പുതിയ രൂപതാദ്ധ്യക്ഷനും സ്റ്റാഫംഗങ്ങളായ രണ്ടു വൈദികരും ഒരു ക്ലാക്കുംകൂടി അവിടെ താമസത്തിനു ചെന്നപ്പോൾ അദ്ദേഹത്തിൻെറ സൗകര്യങ്ങൾ വളരെ കുറഞ്ഞു. അതിനാൽ കഴിവതും വേഗം വേറെ ഏതെങ്കിലും കെട്ടിടത്തിലേയ്ക്കു മാറിത്താമസിക്കുവാൻ രൂപതാദ്ധ്യക്ഷൻ ശ്രമിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കേ വോൾക്കാട്ട്കമ്പനിയുടെ (യൂറോപ്യൻ) ഒരു സ്ഥലവും ഒരു വലിയ കെട്ടിടവും വില്പനയ്ക്കുവന്നു, സിവിൽ കോടതിക്കടുത്തു്, ഹോളോ വേ റോഡുസൈഡിൽ. യാതൊരു അവകാശത്തർക്കങ്ങളോ, കുഴപ്പങ്ങളോ ഇല്ലാത്ത സ്ഥലം. അതു വാങ്ങാമെന്നുവച്ചു. അന്നു് ആ കെട്ടിടം സ്ഥലത്തെ ഡിസ്ട്രിക്ട് ജഡ്ജിക്കു താമസത്തിനായി കമ്പനി വാടകയ്ക്കു കൊടുത്തിരിക്കുകയായിരുന്നു. ഇന്ന തീയതിക്കകം കെട്ടിടവും സ്ഥലവും ഒഴിഞ്ഞു കൊടുക്കണമെന്നു കമ്പനി അധികാരികൾ ജഡ്ജിക്ക് നോട്ടീസു കൊടുത്തു. അദ്ദേഹം വിവരം കാണിച്ചു മദ്രാസ് ഗവണ്മെൻറിലേക്കെഴുതി. വോൾക്കാട്ട്കമ്പനിയുടെ പ്രസ്തുത സ്ഥലവും കെട്ടിടവും ജഡ്ജിക്കു താമസിക്കുവാനായി ഗവണ്മെൻറ് ഏറെറടുത്തു. അങ്ങനെ ആ സ്ഥലവും വാങ്ങാൻ കഴിയാതെപോയി.

ഒരു കൊല്ലം തികയുന്നതിനു മുൻപുതന്നെ തലശ്ശേരി സിവിൽക്കോടതിക്കടുത്തു ഹോളോ വേ (Hollow way Road) റോഡുസൈഡിലുള്ള ശ്രീ കുഞ്ഞു് മായൻഹാജിയുടെ ഒരു കെട്ടിടം വാടകയ്ക്കുവാങ്ങി അങ്ങോട്ടു മാറി അദ്ദേഹം താമസമാക്കി. പലയിടത്തും ചോർച്ചയുള്ള ഒരു കെട്ടിടമായിരുന്നു അതു്. ബ്രോക്കർമാർ പലരേയും ഏർപ്പെടുത്തി, പുതിയൊരു സ്ഥലം കണ്ടുപിടിച്ചു വാങ്ങുവാൻ. പക്ഷേ ഒന്നും സൗകര്യപ്പെട്ടു വരുന്നില്ല. പലതും പോയിനോക്കി. എന്നാൽ ഓരോ പോരായ്മകൾ.

വഷങ്ങൾ മൂന്നു കഴിഞ്ഞു. ഒരു ദിവസം രാവിലെ അടുത്തു താമസിക്കുന്ന അഡ്വേക്കേററു്—ഇപ്പോൾ ജസ്റ്റീസ്—വി. ആർ. കൃഷ്ണയ്യരുടെ ഒരു ഫോൺ കോൾ. മോൺ. വള്ളോപ്പിള്ളിയെ അദ്ദേഹം സ്വവസതിയിലേയ്ക്കു ക്ഷണിച്ചു. അന്നത്തെ കേരള

മന്ത്രിസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്ന അദ്ദേഹം താമസം തിരുവനന്തപുരത്തേയ്ക്കു മാററുകയാണ്. വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്ന ആക്കെങ്കിലും തന്റെ ഭവനം വാടകയ്ക്കു കൊടുത്തിട്ട പോകണമെന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യം. അതേക്കുറിച്ച് ആലോചിക്കുന്നതിനായിരുന്നു ബിഷപ്പിനെ വീട്ടിലേക്കു ക്ഷണിച്ചതു്. മോൺ. വള്ളോപ്പിള്ളിക്കു വീടും പരിസരങ്ങളും വളരെ ഇഷ്ടപ്പെട്ടു. അതു വിലയ്ക്കു കിട്ടിയാൽ കൊള്ളാമെന്നു് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ കൃഷ്ണയ്യർക്കു് അതു വില്ക്കുവാൻ ഇഷ്ടമില്ലായിരുന്നു. അതിനാൽ വാടകയ്ക്കെടുക്കുവാൻ സമ്മതിച്ചുകൊണ്ടു മോൺ. വള്ളോപ്പിള്ളി തിരിച്ചുപോന്നു. എന്നാൽ പിറേറന്നാൾ രാവിലെ കൃഷ്ണയ്യർ മോൺ. വള്ളോപ്പിള്ളിയെ വീണ്ടും ഫോണിൽ വിളിച്ചു പറഞ്ഞു: "ഇന്നലെ കെട്ടിടവും സ്ഥലവും തീറു് എടുക്കുന്നതിനെപ്പററി സൂചിപ്പിച്ചുവല്ലോ. രാത്രിയിൽ ഞാൻ അതിനെപ്പററി ചിന്തിക്കുകയായിരുന്നു. നല്ല വില തരുമെങ്കിൽ എടുത്തുകൊള്ളുക". ബിഷപ്പു മനസ്സിൽ സന്തോഷിച്ചു. വി. യൗസേപ്പിനു നന്ദിപറഞ്ഞു. കൃഷ്ണയ്യരെ നേരിട്ടുവന്നു കണ്ടു. രണ്ടു ലക്ഷംരൂപാ വില പറഞ്ഞുവെങ്കിലും ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തിനു സമ്മതിച്ച് ആധാരം തീർത്തു. 1957 മേയ് 1നു് പുതുതായി വാങ്ങിയ കെട്ടിടത്തിലേയ്ക്കു താമസം മാററി. തൊഴിലാളിയായ വി. യൗസേപ്പിന്റെ തിരുനാൾ ദിനം. പുതിയ സ്ഥലത്തുവന്നു് ആദ്യം ചെയ്തതു് വി. യൗസേപ്പുപിതാവിന്റെ ഒരു സ്വരൂപം മുൻവശത്തു പ്രതിഷ്ഠിക്കുകയായിരുന്നു. ഈ രൂപമാണു് ഇപ്പോൾ ബിഷപ്പ്സ് ഹൗസിന്റെ മുകളിൽ ടെറസ്സിൽ മെർക്കുറിലൈററിന്റെ കീഴെ സ്ഥാപിച്ചിരിക്കുന്നതു്.

ശ്രീ കൃഷ്ണയ്യർ പുതുതായി പണിയിപ്പിച്ച കെട്ടിടം ബിഷപ്പു വാങ്ങി എന്നു് സ്ഥലത്തെ പണക്കാരായ പലരും അറിഞ്ഞപ്പോൾ അവർക്കു് അസൂയ തോന്നി. അതിലും ഒന്നുകൂടെ മെച്ചമായ സ്ഥലമാണു യൂറോപ്യൻ ക്ളബ്ബു കെട്ടിടവും പരിസരങ്ങളും. ഗംഭീരനായ അറേബ്യൻസമുദ്രത്തിന്റെ മനോഹരമായ ഒരു ദൃശ്യസ്ഥാനം. സാഗരസ്നാനത്തിനു് ഏററവും പററിയ സ്ഥലം. വിസ്തൃതമായ മണൽത്തിട്ട. വടക്കു മുകളിൽനിന്നും ആ മണൽത്തിട്ടവരെ എത്തിക്കിടക്കുന്ന മിനുസമുള്ള പാറയിൽക്കൂടെ ഇറങ്ങുവാൻ പടികൾ കൊത്തി ശരിപ്പെടുത്തിയിരിക്കുന്നു. രണ്ടും നാലും ഫർലോങ്ങു് അകലത്തിൽ രണ്ടുനിര പാറകൾ

നീണ്ടുനിവൻ പൊന്തിനില്ക്കുന്നു. കൃത്രിമമായ ഒരു സ്വിമ്മിംഗ്പൂൾപോലെ തോന്നും ഈ സ്ഥാനം. ഇതുപോലെ ഭംഗിയും സൗകര്യവും ഉള്ള സ്ഥാനഘട്ടം ഈ പ്രദേശത്തു വേറെയില്ല. അതു വില്ക്കുന്നു എന്നറിഞ്ഞു, വാങ്ങുവാൻ പലരും നോക്കിയിരുന്നു. പക്ഷേ അവിടെ നടത്തിയിരുന്ന സ്കൂൾ മാറിയ ദിവസംതന്നെ 1960-ൽ പോത്തൻ ജോസഫ് ആൻഡ് സൺസ് കമ്പനിയുടെ തലശ്ശേരി ബ്രാഞ്ചുമാനേജർ ശ്രീ. വി. ജെ. മാത്യു വഴി ബിഷപ്പ് അഡ്വാൻസുകൊടുത്തു് ഉടമ്പടിയെഴുതി, ആധാരവും തീർത്തു സ്ഥലം വാങ്ങി. സമൂലമായ പരിവർത്തനം കെട്ടിടത്തിനും പരിസരങ്ങൾക്കും നടത്തേണ്ടിവന്നു. എങ്കിലും തലശ്ശേരിപ്പട്ടണത്തിലെ ഏററവും നല്ല രണ്ടു സ്ഥാനങ്ങൾ ബിഷപ്പിൻെറ കൈവശത്തിലായി എന്നു സ്ഥലവാസികൾ പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

വാൾക്കാട്ടു് കമ്പനിയുടെ സ്ഥലവും കെട്ടിടവും വാങ്ങുവാൻ തരപ്പെടാതെപോയതും വി. യൗസേപ്പ് തൻെറ ഭക്തരെ കൂടുതൽ മെച്ചപ്പെട്ട സ്ഥലവും സൗകര്യങ്ങളും നല്കി അനുഗ്രഹിക്കുന്നതിനു വേണ്ടിയായിരുന്നുവെന്നുതന്നെയാണ്, ബിഷപ്പിൻെറയും സഹപ്രവർത്തകരുടെയും ഉറച്ച വിശ്വാസം.

കുടിയേററക്കാർക്കു് ഒരു കർഷകപുത്രനായ മോൺ. വള്ളോപ്പിള്ളിയെ ഭരണകർത്താവും പ്രധാന നേതാവുമായി ലഭിച്ചപ്പോൾ മലബാറിൻെറ മലയോരങ്ങൾ ശീഘ്രത്തിൽ പുരോഗമിക്കുവാൻ തുടങ്ങി. ജീപ്പിലും നടന്നും കുടിയേററസ്ഥലങ്ങൾ നിരന്തരം അദ്ദേഹം സന്ദർശിച്ചു. ആളുകളുമായി പരിചയപ്പെട്ടു. ജനങ്ങളുടേയും ദേശത്തിൻേറയും അഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ പ്രധാന സ്ഥാനങ്ങളിലെല്ലാം വൈദികരെ നിയമിച്ചു.

ആരംഭകാലത്തു് തലശ്ശേരിരൂപതയ്ക്കു് വൈദികർ വളരെ കുറവായിരുന്നു. എങ്കിലും സി. എം. ഐ. സഭയിൽനിന്നുള്ള സന്ന്യാസിയച്ചന്മാരെ ലഭിച്ചതിനാൽ ഈ കുറവ് ഒരു പരിധി വരെയെങ്കിലും പരിഹരിക്കുവാൻ കഴിഞ്ഞു. മലബാറിലെ കുടിയേററക്കാർക്കുവേണ്ടി സി. എം. ഐ. സഭയിൽപ്പെട്ട ബ. അത്തനേഷ്യസ്, കെറുബിൻ, ഫാബിയൻ, ദോസിത്തേവൂസ്, ഫ്രെഡെറിക്, അന്തോനീനൂസ്, ബർണാർഡിൻ, ഹഡ്രിയാൻ, എവുരിസ്റ്റസ്, സർഗീസ് മുതലായവർ ചെയ്ത സേവനങ്ങളും ത്യാഗങ്ങളും അവിസ്മരണീയങ്ങളാണ്. ദിവ്യകാരുണ്യമിഷനറിസഭ, ചെറുപുഷ്പസഭ, വിൻസെൻഷ്യൻസഭ

എന്നിവയിലെ ബ. അച്ചന്മാരുടെ സേവനങ്ങളും ആവശ്യാനുസരണം ലഭിച്ചുകൊണ്ടിരുന്നു. തുടന്ന് പാലാ, ചങ്ങനാശ്ശേരി, എറണാകുളം രൂപതകളിൽനിന്നായി ഏതാനും വൈദികരെയും നിരവധി സെമിനാരിവിദ്യാത്ഥികളെയും രൂപതയ്ക്കു ലഭിച്ചു.

ഇക്കാലങ്ങളിലെല്ലാം (1955–1965) കുടിയേററം ധാരാളമായി നടന്നുകൊണ്ടാണിരുന്നതു്. സിറിയൻ രൂപത മലബാറിൽ നടപ്പിലായി എന്നറിഞ്ഞപ്പോഠം കുടിയേററക്കാർ വദ്ധിച്ചു. പള്ളിക്കമ്മങ്ങഠം നാട്ടിലേതുപോലെതന്നെ ലഭിക്കും എന്ന ചിന്ത കുടിയേററത്തിനു് ഒരു പ്രോത്സാഹനമായിത്തീന്നു. മലബാറിൽ പോയാൽ പള്ളിയും പട്ടക്കാരും ഇല്ല എന്ന കുറവു് നീങ്ങി. പുതിയ സ്റ്റേഷനുകളും ഇടവകകളും പ്രതിമാസമെന്നോണം ഉണ്ടായിക്കൊണ്ടിരുന്നു. എല്ലാ കടപ്പെട്ട ദിനങ്ങളിലും അച്ചന്മാർ മൂന്നു കുർബാനവീതം ചൊല്ലിയിരുന്നു, രണ്ടോ മൂന്നോ സ്ഥലങ്ങളിലായി. ചില ഇടവകകളിൽ ഞായറാഴ്ചയ്ക്കുപകരം ശനിയാഴ്ച ഉച്ചകഴിഞ്ഞാക്കി, കടപ്പെട്ട കുർബാനയ്ക്കുള്ള സമയം. വൈദികർ ലഭ്യമാകുവാൻവേണ്ടിയാണു് അങ്ങനെ ചെയ്തതു്.

എല്ലാ ദേവാലയങ്ങളോടനുബന്ധിച്ചുംതന്നെ വിദ്യാലയങ്ങളും തുടങ്ങി. അവ പടിപടിയായി ഉയന്നുകൊണ്ടിരുന്നു. അവയ്ക്കുവേണ്ട കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കുന്നതിനു് യാതൊരു ഉദാസീനതയും കുടിയേററക്കാർ കാണിച്ചില്ല. കുട്ടികളെ പഠിപ്പിക്കുകയും ആളുകളെ വിദ്യാസമ്പന്നരാക്കുകയും ചെയ്യേണ്ടതു് പ്രഥമകത്തവ്യമായി അവർ കരുതി. ബിഷപ്പ് പല കേന്ദ്രങ്ങളേയും പണംകൊടുത്തു സഹായിച്ചു. പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ഏതെങ്കിലും സന്യാസിനിസഭയുടെ ഒരു ശാഖാമഠം തുടങ്ങി, കുട്ടികളെ പഠിപ്പിക്കുക, ആതുരസേവനങ്ങഠം ചെയ്യുക മുതലായ ജോലികഠം കന്യാസ്ത്രീകഠം ഏറെറടുത്തു. അവർ ആശുപത്രിയും അനാഥമന്ദിരങ്ങളും നടത്തുകയും വീടുകഠം സന്ദശിക്കുകയും ചെയ്തിരുന്നു. ഓരോ കോളനിക്കും പത്തു് ഏക്കർ സൗകര്യപ്രദമായ സ്ഥലം എങ്കിലും സ്കൂളും പള്ളിയും ഉണ്ടാക്കുവാൻ ഉണ്ടായിരിക്കണം എന്നു നിബന്ധനവെച്ചു. പള്ളികഠം ധാരാളമായി. ആരംഭകാലങ്ങളിൽ മൂന്നുനാലു് പള്ളികഠം വീതം ഒരു വൈദികൻ നടത്തിക്കൊണ്ടിരുന്നു. ഇപ്പോഠം ഒരു പള്ളിക്കു് ഒരു വൈദികൻ എന്ന നിലയിൽ എത്തിയിട്ടുണ്ടു്. വലിയ ഇടവകകഠം പലതായി വിഭജിച്ചു ചെറുതാക്കി.

പള്ളിയോഗം നടത്തേണ്ട രീതി, യോഗത്തിൻേറയും കൈക്കാരന്മാരുടേയും വികാരിയുടേയും അധികാരാവകാശങ്ങൾ എന്നിവയെല്ലാം ക്ലിപ്തപ്പെടുത്തിയും വിശദമാക്കിയും ഒരു നിയമാവലി പ്രസിദ്ധീകരിച്ചു. ഇങ്ങനെ പൂവ്വികമായ പാരമ്പര്യങ്ങൾക്ക് ഐകരൂപ്യവും അംഗീകാരവും നല്കി. അതുപോലെ പള്ളിമുറിയിലും കുശിനിയിലും ഇന്നയിന്ന ഉപകരണങ്ങളും സാമഗ്രികളും ഉണ്ടായിരിക്കണമെന്നു നിർബന്ധിച്ചു. തൽഫലമായി വൈദികർ സ്ഥലം മാറുമ്പോൾ അവരുടെ ഡ്രസ്സും പുസ്തകങ്ങളും മാത്രം കൊണ്ടുപോയാൽ മതിയെന്ന നില വന്നു.

ഇങ്ങനെയെല്ലാം പ്രതിദിനം കഠിനാദ്ധ്വാനം ചെയ്തിട്ടും താൻ ഉദ്ദേശിക്കുന്നതുപോലെ ജനങ്ങളെ സന്ദശിക്കുന്നതിനും അവരുടെ അഭിവൃദ്ധിക്കായി പ്രവത്തിക്കുന്നതിനും സാധിക്കുന്നില്ല എന്നു് വള്ളോപ്പിള്ളിപ്പിതാവിനു തോന്നി. 1954-ൽ 74000 ആയിരുന്ന കത്തോലിക്കാജനസംഖ്യ 1973 ആയപ്പോൾ മൂന്നര ലക്ഷമായി. ഒരു സഹായമെത്രാനെ നിയമിക്കുന്നതിനെക്കാൾ നല്ലതു് ഈ വിസ്തൃതമായ രൂപത രണ്ടായി വിഭജിക്കുകയായിരിക്കും എന്നു മനസ്സിലാക്കിയ അദ്ദേഹം മാനന്തവാടി കേന്ദ്രമാക്കി വേറൊരു രൂപത ഉണ്ടാക്കുവാൻ വേണ്ടതെല്ലാം ചെയ്തു. മാനന്തവാടിയുടെ മെത്രാനായി ഊർജ്ജസ്വലതയും ശാന്തതയും ഒത്തിണങ്ങിയ ഫാ. ജേക്കബ് തൂങ്കുഴി അവരോധിക്കപ്പെട്ടു. പാലക്കാട്ട് രൂപത സ്ഥാപിതമായപ്പോൾ തലശ്ശേരിയുടെ ഏതാനും ഇടവകകളെ ആ രൂപതയിലേയ്ക്കു ചേക്കുകയുണ്ടായി. വടക്കേ വയനാട്ടും തെക്കേ വയനാട്ടും ഊട്ടിയും നീലഗിരിയും കൊട്ടിയൂർ, മണിമൂളി ഭാഗങ്ങളുമാണു് മാനന്തവാടി രൂപതയിൽപ്പെടുന്നതു്. മണ്ണാർക്കാട്ട്, പൊററശ്ശേരി, കാഞ്ഞിരപ്പുഴ ഭാഗങ്ങൾ പാലക്കാട്ട് രൂപതയിൽപ്പെടുത്തി. ഇങ്ങനെ തലശ്ശേരി രൂപതയുടെ വിസ്തൃതമായ രണ്ടു ഭാഗങ്ങൾ മററു രണ്ടു് രൂപതകളിലായി മാറിയപ്പോൾ വള്ളോപ്പിള്ളി പിതാവിൻെറ ജോലി വളരെ കുറഞ്ഞു. എങ്കിലും അദ്ദേഹത്തിനു് അല്പമെങ്കിലും വിശ്രമിക്കുവാൻ പററുന്നില്ല.

## തേരു തെളിക്കും തേരാളി

പാലാ രൂപതയിൽപ്പെട്ട കുടക്കച്ചിറ ഇടവകയിൽ വള്ളോപ്പിള്ളിൽ (പുരാതനമായ മഞ്ഞക്കാട്ടിൽ കുടുംബത്തിൻെറ ഒരു ശാഖ) പൗലോസിൻേറയും റോസയുടേയും മകൻ ദേവസ്യാച്ചൻ 1911 ആഗസ്റ്റ് 4നു് പിറന്നു. പ്രാഥമികവിദ്യാഭ്യാസം കുറിച്ചിത്താനത്തും ഉഴവൂരും നടത്തി. ഹൈസ്കൂൾപഠനം പാലാ സെൻറ് തോമസ് സ്കൂളിലായിരുന്നു. അവിടെവച്ചു് ദേവസ്യാച്ചനു് പൊതുക്കാര്യപ്രവർത്തനങ്ങളിലുള്ള വാസനയും കഴിവുകളും കുറെയെല്ലാം പ്രകടമായി. മീനച്ചിൽ കത്തോലിക്കാ വിദ്യാർത്ഥിയൂണിയൻ (The Meenachil Catholic Students' Union) എന്ന പേരിൽ ഒരു സംഘടന പാലായിൽ അന്നു് പ്രവർത്തിച്ചിരുന്നു. അതിൻെറ ആഭിമുഖ്യത്തിൽ സാംസ്കാരികവും കലാപരവുമായ പലതും വിദ്യാർത്ഥികൾ നടത്തിപ്പോന്നു. ടൗണിൽ ധാരാളം ഗ്രന്ഥങ്ങളുള്ള ഒരു ഗ്രന്ഥശാല അവർ നടത്തിയിരുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ ഗാന്ധിജി നയിച്ചുകൊണ്ടിരുന്ന കാലം. ഗാന്ധിജിയേയും അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളേയും അനുയായികളേയും അവരുടെ അപദാനങ്ങളേയും പ്രകീർത്തിക്കുകയും അനുകരിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു ഗ്രന്ഥശാലാംഗങ്ങൾ. യൂണിയൻെറ വാർഷികാഘോഷങ്ങളോടനുബന്ധിച്ചു് പ്രസംഗം, പ്രബന്ധരചന, സംഗീതം മുതലായവയിൽ മത്സരങ്ങൾ നടത്താതിരിക്കുകയില്ല. ഇതിലെല്ലാം ചേരുകയും സമ്മാനാർഹനാകുകയും ചെയ്യും ദേവസ്യാച്ചൻ. പണമുണ്ടാക്കുവാൻ വീടുകൾതോറും കയറി ഇറങ്ങണം. കുന്നും മലയും കേറി നടന്നു കഷ്ടപ്പെടണം. സംഭാവന ലഭിക്കത്തക്കവിധം ആകർഷണീയമായി സംസാരിക്കണം. ഇതിനെല്ലാം ദേവസ്യാച്ചൻ പ്രഥമസ്ഥാനം വഹിച്ചിരുന്നു. ദേവസ്യാച്ചൻെറ ഗ്രൂപ്പിനു് കൂടുതൽ സംഭാവനയും ലഭിച്ചിരുന്നു. അദ്ദേഹത്തിൻെറ സർവ്വകലാശാലാ പഠനം ചങ്ങനാശ്ശേരി സെൻറ് ബക്കുമാൻസ് കോളേജിലും പാളയംകോട്ടു് സെൻറ് സേവ്യേഴ്സ് കോളേജിലും നടത്തി. പാളയംകോട്ടു് കോളേജിൽനിന്നാണു്

അദ്ദേഹം ബി. എ. പരീക്ഷ പാസ്സായതു്. ഉടനെതന്നെ ചങ്ങനാശ്ശേരി രൂപതവക മൈനർ സെമിനാരിയിൽ അദ്ദേഹം വന്നുചേൻ. രണ്ടുകൊല്ലം അവിടെ പഠിച്ചു. അക്കാലത്തു് ദേവസ്യാച്ചനിൽ പ്രത്യക്ഷപ്പെട്ട പ്രത്യേക കഴിവുകളെ പരിഗണിച്ചു് ഉപരിപഠനത്തിനായി അദ്ദേഹത്തെ കാൻഡി പേപ്പൽ സെമിനാരിയിലേയ്ക്കയച്ചു. 1945 ആഗസ്റ്റ് 24-ാം തീയതി അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു് നാട്ടിൽ മടങ്ങി എത്തി. അധികം താമസിയാതെ അദ്ദേഹം ഭരണങ്ങാനം ഹൈസ്കൂം അദ്ധ്യാപകനായും അവിടത്തെ പള്ളിയിലെ അസിസ്റ്റൻറു വികാരിയായും നിയമിക്കപ്പെട്ടു. ഇക്കാലത്തു് ഭരണങ്ങാനം ക്ലാരസഭാ സിസ്റ്റർ അൽഫോൻസയുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതിനും പരസ്പരം ക്രിസ്തീയചൈതന്യം പകരുന്നതിനും ഇടയായി. വള്ളോപ്പിള്ളിപ്പിതാവിൻെറ അൽഫോൻസാഭക്തിക്കു് ഒരു കാരണം ഇതായിരിക്കണം. ഭരണങ്ങാനത്തു് ഏതാനും മാസങ്ങളേ ജോലി ചെയ്തുള്ളൂ. തുടന്നു ചങ്ങനാശ്ശേരി മൈനർസെമിനാരിയുടെ വൈസ് റെക്ടറുടേയും ആദ്ധ്യാത്മിക ഉപദേഷ്ടാവിൻേറയും ജോലികാം ഫാ. സെബാസ്റ്റ്യനെ ഭരമേല്പിച്ചു. അന്നു് ഫാ. കുര്യൻ തുരുത്തുമാലിയായിരുന്നു റെക്ടർ. സെമിനാരിയിലെ ഈ ജോലിയും ജീവിതവും ഫാ. സെബാസ്റ്റ്യൻ വൈദികവിദ്യാൎത്ഥികാംക്കു തനിക്കുതന്നെയും വളരെ ഫലപ്രദമാക്കി. ഒരു ഉത്തമ വൈദികൻെറ നിസ്വാൎത്ഥസേവനവും നിരന്തരപരിശ്രമവും അദ്ദേഹത്തിൻെറ അക്കാലത്തെ ജീവിതത്തിൽ പ്രകടമായിരുന്നു. നാലു കൊല്ലങ്ങാംക്കുശേഷം അദ്ദേഹം വലിയകുമാരമംഗലം സ്കൂം ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. ആ സ്കൂളിനും ഇടവകയ്ക്കും പ്രശ്നം നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു അതു്. എങ്കിലും പുതിയ ഹെഡ്മാസ്റ്റർ അതെല്ലാം ഭംഗിയായി തരണം ചെയ്തു. അവിടെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോാം ബി. ററി. കോഴ്സ് നടത്തുവാൻവേണ്ടി ഡിപ്പാർട്ടുമെൻറിൽനിന്നു് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരത്തായിരുന്നു ട്രെയിനിംഗ് കോളേജ്. തിരുവനന്തപുരത്തെ ഒരു കൊല്ലം നീണ്ടുനിന്ന ജീവിതം പലവിധത്തിലും അദ്ദേഹത്തിനു പ്രയോജനപ്രദമായി. ബി. ററി. കഴിഞ്ഞു വന്നയുടനെ ഫാ. സെബാസ്റ്റ്യൻ കടനാട്ടു് ഹൈസ്കൂളിൻെറ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അവിടെ ഒരു കൊല്ലം ജോലി ചെയ്തു. ഈ ജോലിയിൽ ഇരിക്കുമ്പോഴാണു് പുതുതായി സൃഷ്ടിക്കപ്പെട്ട തലശ്ശേരി രൂപതയുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടതു്.

യാതൊരു സ്വത്തും മുതലും ഇല്ലാതെ സമാരംഭിച്ച തലശ്ശേരി രൂപതയ്ക്ക് ഇതുവരെ കടവും ബദ്ധ്യതകളും കൂടാതെ ഇത്രയുമെല്ലാം കാര്യങ്ങരം നടത്തുവാനും നടത്തിക്കുവാനും സ്ഥാപനങ്ങരം ഉണ്ടാക്കുവാനും ഇടയായതു്, അതിൻെറ അദ്ധ്യക്ഷൻ ആയിത്തീന്ന ഈ ദേവസ്യാച്ചൻെറ നയവും പാടവവുമാണു്. താനുമായി സമ്പക്ക്ത്തിൽ ഏപ്പെട്ടുന്നവരെ അദ്ദേഹം അങ്ങേയററം ബഹുമാനിക്കും. അവരുടെ തൃപ്തി സമ്പാദിക്കും. അവർ സന്തോഷപൂവ്വം സംഭാവനകരം നല്കും. ഇങ്ങനെയെല്ലാം ലഭിച്ച ഫണ്ടാണു് രൂപതയ്ക്കു വേണ്ടതെല്ലാം ഉണ്ടാക്കുവാൻ ഉപയോഗിച്ചതു്. റോമിൽനിന്നു് അരമനയ്ക്കും സെമിനാരിക്കും ഓരോ തുക ലഭിച്ചുവെന്നതു ശരി. എന്നാൽ അവയേക്കാരം എത്രയോ കൂടിയ സംഖ്യയാണു് ആ സ്ഥലങ്ങരംക്കും കെട്ടിടങ്ങരംക്കും വേണ്ടിത്തന്നെ ചിലവാക്കിയതു്. പാലാ, ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ രൂപതകളിലെ എല്ലാ പള്ളികളിലും മഠങ്ങളിലും പല വീടുകളിലും അദ്ദേഹം കയറിയിറങ്ങി. എല്ലാവരുടേയും തൃപ്തിയും സന്തോഷവും സമ്പാദിച്ചു. എല്ലാവരും ഉദാരമായി സംഭാവനകരം നല്കി. തൃശ്ശൂർ രൂപതയിലെ ഒരു ഇടവകപ്പള്ളിയിൽ മോൺ. വള്ളോപ്പിള്ളി പിരിവു നടത്തി ഒരു നല്ല തുകയുമായി തൃശ്ശൂർ അരമനയിൽ മടങ്ങിവന്നപ്പോരം പരേതനായ ആലപ്പാട്ടു പിതാവു പറഞ്ഞതിങ്ങനെയാണു്: "ഞാൻ അത്ഭുതപ്പെടുന്നു. അവിടെനിന്നു് ഇത്രയും തുക കിട്ടിയോ? കൊച്ചനുജൻ തരക്കേടില്ല. ആരേയും വശത്താക്കുവാൻ നല്ല സമത്ഥൻ! സന്തോഷം! അവരോടു് ഞാൻ തോററിരിക്കയായിരുന്നു". റോമിലെ അധികൃതരിൽനിന്നു് ഓരോ പ്രസ്ഥാനങ്ങരംക്കായി സഹായങ്ങളും സംഭാവനകളും ചോദിച്ചുവാങ്ങുവാൻ അദ്ദേഹം മറന്നില്ല. ഷിമോഗായിൽ (കണ്ണ്ാടകാ സ്റ്റേററു്) നിന്നു മലയാളികളെ കുടിയിറക്കിയപ്പോരം വള്ളോപ്പിള്ളി പിതാവു് റോമിൽ ഒരു കമ്മീഷനിൽ പങ്കെടുക്കുകയായിരുന്നു. തൻെറ മക്കളുടെ ദുർഘടസ്ഥിതി അദ്ദേഹം വേണ്ടപ്പെട്ടവരെ ഗ്രഹിപ്പിച്ചു. അവരെ പുനരധിവസിപ്പിക്കുവാൻ വേണ്ട സംഖ്യ ചോദിച്ചുവാങ്ങി. അതിവേഗം തലശ്ശേരിയിൽ പറന്നെത്തി. ഷിമോഗായിൽ ചെന്നു സ്ഥിതിഗതികരം നേരിട്ടു കണ്ടു. സ്റ്റേററു് അധികൃതരെ സമീപിച്ചു. ചർച്ചകരം നടത്തി. ചന്ദനക്കാംപാറയിൽ സ്ഥലംവാങ്ങി കുടിയിറക്കപ്പെട്ടവക്കു് സ്ഥലവും വീടും കൃഷിയായുധങ്ങളും കൊടുത്തു് അവരെ സഹായിച്ചു. മൂഴൂർ (ആനിക്കാടു്) നിന്നു് മലബാറിൽ കുടിയേറിപ്പാക്കുവാൻ ഒരു കുടുംബം മുഴുവൻ ഒരു വാനിൽ

പുറപ്പെട്ടു. യാത്രയിൽ കോഴിക്കോടിനടുത്തുവച്ച് വാഹനത്തിന് എങ്ങനെയോ തീപിടിച്ചു. നാലുപേർ മരിച്ചു. പലക്കും പൊള്ളലേററു. ഈ ഹതഭാഗ്യരെ തിരുമേനി ചെന്നു കണ്ടു. തല്ക്കാലം ഒരു സംഖ്യ സംഭാവന നല്കി. മാത്രമല്ല ഒരു സക്കലർ അയച്ച് രൂപതയിൽനിന്ന് ഒരു പിരിവെടുത്തു. ഉദ്ദേശിച്ചതിൽ കൂടുതൽ സംഖ്യ കിട്ടി. അവസരോചിതമായിരുന്നതിനാൽ എല്ലാവരും കൈതുറന്നു സഹായിച്ചു. വള്ളോപ്പിള്ളി പിതാവിന് അകത്തുനിന്നും പുറത്തുനിന്നും ആവശ്യവും അവസരവും നോക്കി പണം ചോദിച്ചുവാങ്ങി വിനിയോഗിക്കാനറിയാം. ഇങ്ങനെ അദ്ദേഹം പണമുണ്ടാക്കി രൂപതയ്ക്ക് പള്ളികളും സ്കൂളുകളും കോളേജും അനാഥമന്ദിരങ്ങളും ഉണ്ടാക്കി. മീനച്ചിൽ കത്തോലിക്കാ വിദ്യാൎത്ഥിയൂണിയന്റെ പ്രവൎത്തനങ്ങളിൽനിന്നു ലഭിച്ച പരിശീലനം ദേവസ്യാച്ചന്റെ ഭാവിപ്രവൎത്തനങ്ങൾക്കു വളരെ ഉപകരിച്ചു.

ഒരു പൈസയും കടമില്ലാതെ ഇത്രയും നേടിയെടുക്കുവാൻ മോൺ. വള്ളോപ്പിള്ളിക്കു എങ്ങനെ സാധിച്ചുവെന്ന് എല്ലാവരും ആശ്ചര്യപ്പെടുന്നു. ഇതിന്റെ രഹസ്യം കണ്ടുപിടിക്കുവാൻ അധികം തിരയേണ്ടതില്ല. അദ്ദേഹത്തിന്റെ ജനങ്ങൾ കുബേരന്മാരല്ല, പാവങ്ങളാണ്. ആരംഭകാലം മുതൽ അദ്ദേഹവും അവരെപോലെയാണു ജീവിച്ചതു്. ഒരു ജീപ്പാണ് ബിഷപ്പിന്റെ യാത്രയ്ക്കുള്ള വാഹനം. കാർ ഉണ്ടായിരുന്നുവെങ്കിലും യാത്രയ്ക്ക് അതു കൂടുതൽ സൗകര്യമാണെങ്കിലും, അധികമായ പെട്രോൾ ചെലവിനെ ഭയപ്പെട്ട് ജീപ്പായിരുന്നു സാധാരണ ഉപയോഗിച്ചിരുന്നതു്. ഏതെങ്കിലും കാര്യത്തിനായി ഉന്നതോദ്യോഗസ്ഥന്മാരുടെ അടുക്കൽ പോകുമ്പോൾ മാത്രം കാർ ഉപയോഗിക്കും.

ഭക്ഷണവും വസ്ത്രവും സാധാരണ കുടിയേററക്കാരെപ്പോലെ തന്നെ. പ്രശസ്താതിഥികൾ വരുമ്പോൾ മാത്രം അവരെ ബഹുമാനിക്കുവാൻ ഭേദപ്പെട്ട ഭക്ഷണം ഉണ്ടാക്കിയിരുന്നു. അരമന ഭക്ഷണം കഴിച്ചശേഷം നിങ്ങളെല്ലാവരും നോമ്പുകാരാണോ എന്നു ചില അതിഥി അച്ചന്മാർ ഫലിതമായി ചോദിച്ചിട്ടുണ്ട്. ഉടയാടയിലും ഇതുപോലെതന്നെ. വള്ളോപ്പിള്ളി പിതാവിനെ കാണാൻ വരുന്ന അപരിചിതരായ പലരും തെററിദ്ധരിച്ചുപോയിട്ടുള്ള സംഭവങ്ങൾ വളരെയാണ്. യാതൊരു പ്രൗഢിയും ഗമയുമില്ലാതെ സാധാരണ ഒരു വൈദികന്റെ വേഷത്തിൽ അനാഡംബരനായി നില്ക്കുന്ന വള്ളോപ്പിള്ളി പിതാവി

നോട്ടതന്നെ "വള്ളോപ്പിള്ളിപ്പിതാവിനെ ഒന്നു കണ്ടു് ഒരു കാര്യംപറയുവാൻ സൗകര്യപ്പെട്ടത്തിത്തരാമോ'' എന്നു ദൂരെ നിന്നുവരുന്ന പലരും ചോദിച്ചിട്ടുണ്ടു്. ഇടവകവിസീത്ത മിക്കവാറും ഞായറാഴ്ചകളിലാണു്. അതുകൊണ്ടു് സഹായത്തിനായി അയൽവൈദികരെ കിട്ടുക എളുപ്പമല്ല. തിരുമേനി, പള്ളിയിലെത്തുമ്പോഴും ജനങ്ങളെ കുമ്പസാരിപ്പിക്കുവാനും മററും വേറെ വൈദികരില്ലെങ്കിൽ കുമ്പസാരക്കൂട്ടിലെത്തി ജോലിചെയ്യും. ജനങ്ങളെല്ലാവരോടും കൂട്ടുകാരെപ്പോലെ സ്വതന്ത്രമായി സംസാരിക്കും. അസാധാരണമായ ഓർമ്മശക്തിയാണു് അദ്ദേഹത്തിനുള്ളതു്. പലരുടേയും പേരുവിളച്ചു് സംസാരിക്കും. ഇതെല്ലാം ജനങ്ങളെ ഹർഷപുളകിതരാക്കും. രാവും പകലും ഒരുപോലെ അദ്ധ്വാനിക്കുന്ന ഒരു വ്യക്തിയാണു് അദ്ദേഹം. രാത്രി 11 മണിക്കു മുമ്പായി ഉറങ്ങിയിട്ടുള്ള ദിവസങ്ങൾ കാണുകയില്ല. ആദ്യകാലത്തു മെത്രാസനക്കച്ചേരിയിലെ എല്ലാ ജോലികളും രണ്ടുമൂന്നുപേർ തന്നെയാണു് ചെയ്തു തീർത്തിരുന്നതു്. സമയപരിധിയും വിശ്രമവും ഒന്നും ആരും പരിഗണിച്ചിരുന്നില്ല.

നിരവധി പ്രശ്നങ്ങളുടെ മദ്ധ്യത്തിലും അദ്ദേഹം ആരോഗ്യവാനും സന്തുഷ്ടനുമായാണു കാണപ്പെടുക. ഒരു വാതരോഗിയാണെങ്കിലും ഇടയ്ക്കിടക്കുള്ള ആയുർവേദ ഔഷധങ്ങളും എന്നും നടത്തുന്ന യോഗാസനങ്ങളും വൈകുന്നേരമുള്ള തൂമ്പാപ്പണിയും അദ്ദേഹത്തിൻെറ ആരോഗ്യം സംരക്ഷിക്കുവാൻ സഹായിക്കുന്നു. പൂച്ചെടിത്തോട്ടങ്ങളും പച്ചക്കറിത്തോട്ടങ്ങളും അദ്ദേഹം നട്ടുപിടിപ്പിക്കുന്നു.

മോൺ. വള്ളോപ്പിള്ളിയുടെ ജന്മസ്ഥലമായ കുടക്കച്ചിറയിലെ പള്ളി വി. യൗസേപ്പിനാണു് പ്രതിഷ്ഠിതമായിരിക്കുന്നതു്. ആ ഇടവകക്കാരെല്ലാം, പ്രത്യേകിച്ച് വള്ളോപ്പിള്ളിക്കാർ ആ സ്വർഗ്ഗീയമദ്ധ്യസ്ഥൻെറ വിശേഷാൽ ഭക്തരത്രേ. അവർ എല്ലാ ആവശ്യങ്ങളിലും വിശുദ്ധൻെറ മദ്ധ്യസ്ഥാപേക്ഷ ചൊല്ലി പ്രാർത്ഥിക്കുക പതിവാണു്. പ്രശ്നങ്ങൾ നിറഞ്ഞ രൂപതയായ തലശ്ശേരിയുടെ ഭരണഭാരം അദ്ദേഹത്തെ ഏല്പിച്ചപ്പോൾ വി. യൗസേപ്പിനെ അതിൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥനായി അദ്ദേഹം തിരഞ്ഞെടുത്തു. വി. യൗസേപ്പിൻെറ തിരുനാൾ ദിവസമായ മാർച്ച 19 നു തന്നെ രൂപതാഭരണച്ചുമതല ഏറെറടുക്കുവാൻ കാരണവും വി. യൗസേപ്പിനോടുള്ള ഭക്തിയത്രേ. എല്ലാ ബുധനാഴ്ചയും അദ്ദേഹം ആ വിശുദ്ധൻെറ സ്തുതിക്കായി

ദിവ്യബലി സമപ്പിക്കാറുണ്ട്. അതുപോലെതന്നെ, വി. യൗസേപ്പിൻെറ പ്രത്യേകാനുഗ്രഹങ്ങറം വള്ളോപ്പിള്ളി പിതാവിനും രൂപതയ്ക്കും ലഭിക്കുന്നതായും കാണുന്നു. "ലോകം സ്വപ്നം കാണുന്നതിലും എത്രയോ വലിയ കാര്യങ്ങളാണു പ്രാത്ഥനകൊണ്ടു സാധിതമാകുന്നതു്'' എന്ന മഹാകവി ടെനീസ്സൻെറ കവിതാശകലത്തിലെ ആശയം വള്ളോപ്പിള്ളിപ്പിതാവിൻെറ ജീവിതത്തിൽ പൂണ്ണമായും അന്വത്ഥമാണ്. കാര്യമായ ഒരു സംരംഭത്തിനിറങ്ങുന്നതിനു മുൻപും പിൻപും അദ്ദേഹം ദൈവാനുഗ്രഹങ്ങറംക്കായി പ്രാത്ഥിക്കും. വഴിക്കു് മൂന്നോ നാലോ കൊന്തചൊല്ലുന്നതു കൂടാതെ ഇടവകവിസീത്തയ്ക്കും മറേറതെങ്കിലും പരിപാടിക്കുംപോയി കമ്മങ്ങറം കഴിഞ്ഞു മടങ്ങുമ്പോറം ചടങ്ങുകളെല്ലാം ഭംഗിയായി നടന്നതിനും ഇടവകക്കാക്കും മററാളുകറംക്കും യാതൊരു അപകടങ്ങളും അസൗകര്യങ്ങളും ഉണ്ടാക്കാതെ ദൈവം അനുഗ്രഹിച്ചതിനും കൃതജ്ഞതാസൂചകമായി അദ്ദേഹം ഒരു പ്രത്യേക കൊന്ത ചൊല്ലും. സാധുക്കളോടും വിഷമം സഹിക്കുന്നവരോടും പിതാവിൻെറ അനുകമ്പ പ്രസിദ്ധമാണ്. മലബാറിൽവന്നു സ്ഥലംവാങ്ങി കഷ്ടപ്പെട്ടു പണിയെടുത്തു് ആദായമുണ്ടാക്കി സമാധാനമായി ജീവിക്കുന്നവരെ ഓരോ സാങ്കേതിക കാരണം പറഞ്ഞു കുടിയിറക്കുവാൻ കൊട്ടിയൂർപ്രദേശത്തെ ചില വൻജന്മികറം പരിശ്രമിച്ചപ്പോറം കുടിയിറക്കു് ഒഴിവാക്കി സാധുക്കളായ കൃഷിക്കാരെ രക്ഷിക്കുവാൻ പലതും പിതാവു ചെയ്തു. പലരേയുംകണ്ടു സന്ധിയാലോചനകറം നടത്തി. നീതി ലഭിക്കുവാൻ സമരമുറകളും അവലംബിക്കേണ്ടിവന്നു. വളരെയേറെ പണം അതിനായി ചിലവഴിച്ചു. ആ കൃഷിക്കാരുടെ കഷ്ടപ്പാടുകറം സ്വന്തം കഷ്ടപ്പാടായി അദ്ദേഹം കരുതി പ്രവത്തിച്ചു. ഒടുവിൽ അതു പരിപൂണ്ണവിജയത്തിൽ എത്തിച്ചു. ഷിമോഗാ കുടിയിറക്കു കാര്യത്തിലും അദ്ദേഹം സ്വീകരിച്ച നടപടികറം ഏററം പ്രശംസനീയമായിരുന്നു.

കല്ലാനോട്ട്, ആനിയ്ക്കാംപൊയിൽ, കൊട്ടിയൂർ മലകളിൽ ഉരുറംപൊട്ടി ആളുകറം മരിക്കയും വീടും കൃഷികളും നശിക്കുകയും ചെയ്ത ദാരുണരംഗങ്ങറം പിതാവ് അന്നുതന്നെ പോയി കണ്ടു. അവക്ക് ഉദാരമായ സഹായങ്ങറം ചെയ്യുകയും സഹായിക്കുവാൻ മററുള്ളവരോട്ട് ആവശ്യപ്പെടുകയും ചെയ്തു.

ബുദ്ധിമുട്ടനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ ബിഷപ്പ വള്ളോപ്പിള്ളി അതീവതൽപരനാണ്. പണിയെടുക്കുവാൻ

കഴിവില്ലാത്തവരും ഒരു വലിയ കുടുംബം സംരക്ഷിക്കുവാൻ ചുമതലപ്പെട്ടവരും ആണെന്നറിഞ്ഞാൽ അദ്ദേഹം വികാരി അച്ചൻവഴി അവക്കു കാര്യമായ സഹായംചെയ്യും. അവരുടെ കുട്ടികളെ അനാഥമന്ദിരങ്ങളിൽ സ്വീകരിച്ചു സംരക്ഷിക്കും. തൊഴിലില്ലാതെ വിഷമിക്കുന്ന ചെറുപ്പക്കാക്കു് ഏതെങ്കിലും ഒരു ജോലികൊടുക്കുവാൻ ശുപാശ്ചെയ്തു ജോലി കൊടുപ്പിക്കും. ബിഷപ്പിൻെറ സഹായത്താൽ എല്ലാ രീതിയിലും സമൂഹത്തിൻെറ ഉന്നതനിലവാരത്തിൽ എത്തിച്ചേൎന്നിട്ടുള്ള പലരുമുണ്ടു്. ഇങ്ങനെ സഹായം ലഭിച്ചവരിൽ പലരും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ പിതാവിനെ കാണാൻ വരും. എന്നാൽ കൃതജ്ഞത കാണിക്കാത്തവരാണു് അധികവും. സാധുക്കൾക്കു് ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുക എന്നതാണു കാര്യം. കൃതജ്ഞത പ്രശ്നമേയല്ല എന്നു പിതാവു പറയും. ചെമ്പേരിയിലെ വൃദ്ധമന്ദിരവും അതിലെ അംഗങ്ങളും അദ്ദേഹത്തിൻെറ സാധുജനവാത്സല്യം പ്രകടമാക്കുന്നു. ദാനം ചെയ്യുന്നതിനെക്കുറിച്ചു് അദ്ദേഹം പറയും, നമ്മുടെ എല്ലാ ആവശ്യങ്ങളും നടന്നു കഴിഞ്ഞിട്ടു ദാനം ചെയ്താൽ പോരാ, നമ്മുടെ ആവശ്യങ്ങൾ ചുരുക്കി അന്യക്കു സഹായം ചെയ്യണമെന്നു്. ഓരോ തരത്തിൽ അദ്ദേഹത്തിൻെറ സഹായം ലഭിച്ചവർ നിരവധിയാണു്. ദൈവം അദ്ദേഹത്തേയും ഉദാരമായി കടാക്ഷിച്ചുകൊണ്ടിരിക്കുന്നു.

തലശ്ശേരിബിഷപ്പിനോടു ടൗണിലെ എല്ലാവിഭാഗത്തിൽ പെട്ട അധികൃതക്കും ജനങ്ങൾക്കും പ്രത്യേകം സ്നേഹവും ഭക്തിയുമുണ്ടു്. ടൗണിൽ നടത്തുന്ന എല്ലാ പ്രധാന ആഘോഷങ്ങളിലും ചടങ്ങുകളിലും ബിഷപ്പു പ്രധാന അതിഥിയും അദ്ധ്യക്ഷനുമായിരിക്കും. മലബാർ പ്രദേശത്തുള്ള മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും വാർഷികസമ്മേളനങ്ങളിൽ തലശ്ശേരിബിഷപ്പിനെ കൊണ്ടുപോയി അദ്ധ്യക്ഷത വഹിപ്പിക്കയും പ്രസംഗിപ്പിക്കയും ചെയ്തിട്ടുണ്ടു്. ചിലയിടങ്ങളിൽ രണ്ടാമതും വിളിച്ചുകൊണ്ടു പോകുന്നു. അദ്ദേഹവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടാത്ത സ്ഥാപനങ്ങളും സംഘടനകളും തലശ്ശേരിയിൽ ഇല്ലെന്നു പറയാം. 1956-ൽ റോമിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചശേഷം തലശ്ശേരിയിൽ മടങ്ങിയെത്തിയപ്പോഴും 1970-ൽ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചപ്പോഴും തലശ്ശേരിപ്പട്ടണം മുഴുവൻ ആഘോഷങ്ങളിൽ പങ്കെടുത്തു. ക്രിസ്ത്യൻമെംബർമാർ ആരും ഇല്ലാതിരുന്നിട്ടും മുൻസിപ്പാലിററി ആഘോഷങ്ങളിലെല്ലാം പങ്കുചേരുകയും നേതൃത്വം

കൊടുക്കുകയും ചെയ്തു. കൂടാതെ ടൗൺഹാളിൽവച്ച് തിരുമേനിയ്ക്കു സ്വീകരണവും മംഗളപത്രവും നല്കി ബഹുമാനിച്ചു.

അന്നത്തെ ആഘോഷാവസരങ്ങളിൽ മലകളിൽനിന്നു വന്നുകൂടിയ കുടിയേററക്കാരുടേയും അവരുടെ വാഹനങ്ങളുടേയും ബാഹുല്യം പട്ടണത്തെ പ്രകമ്പനംകൊള്ളിച്ചു. അവർ വന്നു നടത്തിയ അലങ്കാരവിശേഷങ്ങൾ കണ്ടു ടൗൺനിവാസികൾ അത്ഭുതപ്പെട്ടുപോയി. ബിഷപ്പിനു് ഇത്രയും അനുയായികളും ആരാധകരും ഉണ്ടെന്നറിഞ്ഞു നാട്ടുകാരുടേയും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടേയും മതിപ്പു വർദ്ധിച്ചു.

ബിഷപ്പു വള്ളോപ്പിള്ളി ഭംഗിയായി പ്രസംഗിക്കും. ശ്രോതാക്കൾക്കു പററിയവിധത്തിൽ അവസരോചിതമായി അദ്ദേഹത്തിനു പ്രസംഗിക്കുവാനറിയാം. സാമൂഹ്യപ്രവർത്തകരോടു പ്രസംഗിക്കുമ്പോൾ ഗാന്ധിജിയുടെ വാക്കുകളും പ്രവർത്തനങ്ങളും അദ്ദേഹം മാതൃകയായി എടുത്തുപറയും. ബിഷപ്പ് ഒരു ഗാന്ധിഭക്തനാണ്. ഖദർവസ്ത്രങ്ങളേ അദ്ദേഹം ഹൈസ്കൂൾ കാലം മുതൽ ധരിച്ചിരുന്നുള്ളു.

ലോകം ധാർമ്മികനിയമങ്ങൾക്കെതിരായി നിയമങ്ങൾ ഉണ്ടാക്കിയാൽ അതു മനുഷ്യസമുദായത്തിനു നാശങ്ങൾ വലിച്ചുവയ്ക്കുമെന്നു് അദ്ദേഹം ഉദാഹരണങ്ങൾ എടുത്തുകാണിച്ചുകൊണ്ടു പ്രസംഗത്തിൽ പറയും. ഭക്ഷ്യസാധനങ്ങൾ തികയാത്തതിനാൽ ജനസംഖ്യ കുറയ്ക്കുവാൻവേണ്ടി ഗർഭഛിദ്രംവഴിയും മററും കുട്ടികളെ കൊല്ലുന്നതിൻെറ അധാർമ്മികത അദ്ദേഹം എടുത്തുകാണിച്ചുകൊണ്ടു പറയാറുണ്ടു്. "നാം ഗർഭസ്ഥശിശുക്കളെ കൊല്ലുവാൻ നിയമങ്ങൾ ഉണ്ടാക്കാതെ വിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ നിയമമുണ്ടാക്കണം. നമ്മുടെ കരയിലും കടലിലും വിഭവങ്ങൾ സമൃദ്ധമായി കിടപ്പുണ്ടു്. മലബാറിലെ കുടിയേററം വഴി എത്ര ഇരട്ടി ധാന്യങ്ങളും കിഴങ്ങുകളുമാണു നമുക്കു ലഭ്യമായതു്. പാഴായിപ്പോകുന്ന നമ്മുടെ വെള്ളം തടുത്തു നിർത്തി കൃഷിസ്ഥലങ്ങൾ നനച്ചുകൊടുക്കട്ടെ; ഭക്ഷ്യവിഭവങ്ങൾ നൂറിരട്ടി വർദ്ധിക്കും. കടലിലെ മത്സ്യസമ്പത്തും ചൂഷണം ചെയ്യപ്പെടട്ടെ; നമ്മുടെ ഭക്ഷ്യക്ഷാമം ഇല്ലാതാകും.

പരിപാടികൾക്കുള്ള ക്ഷണം അദ്ദേഹം നിവൃത്തിയുണ്ടെങ്കിൽ സ്വീകരിക്കും. എങ്കിലും പലതും ഉപേക്ഷിക്കേണ്ടിവരും. ചിലർ വീണ്ടും നിർബന്ധിക്കും. അദ്ദേഹം ഡയറി എടുത്തുനോക്കി തനിക്കു വേറെ പരിപാടിയില്ലാത്ത ദിവസ

ങ്ങരം പറയും. അവർ അതിൽ ഏതെങ്കിലും ഒരു ദിവസ ത്തേയ്ക്കു് അവരുടെ സമ്മേളനവും പരിപാടിയും മാററിവയ്ക്കും. ഇങ്ങനെയെല്ലാമാണു് അവർ വള്ളോപ്പിള്ളി പിതാവിൻെറ പ്രസംഗം കേരംക്കാൻ അവസരം ഉണ്ടാക്കിക്കൊണ്ടിരിക്കു ന്നതു്. വിദ്യാഭ്യാസവും സംസ്കാരവുമുള്ള മലബാറിലെ അക്രൈ സ്തവരുമായി സമ്പക്കത്തിൽ ഏർപ്പെടുവാനും പരിചയപ്പെടു വാനുമുള്ള സന്ദർഭങ്ങളായി അദ്ദേഹം ഈ സമ്മേളനങ്ങളെ കരു തുന്നു. പിതാവിൻെറ പ്രസംഗങ്ങളും സംഭാവനകളും ക്രിസ്റ്റീ യാശയങ്ങളുടെ പ്രകാശനങ്ങരം ആണെന്നു പറയേണ്ടതില്ലല്ലോ. അവ വിദ്യാസമ്പന്നരിലും നേതാക്കന്മാരിലും ക്രിസ്തുമത ത്തോടും ക്രിസ്റ്റീയ ആശയങ്ങളോടും വളരെ മതിപ്പും ബഹുമാ നവും ഉണ്ടാക്കിയിട്ടുണ്ടു്. പലരിലും സ്ഥായിയായ മാനസിക പരിവത്തനവും പരസ്പരസ്നേഹവും ഉളവാക്കുകയും ചെയ്തിട്ടുണ്ടു്. വൈദികരുടെ മാസധ്യാനാവസരങ്ങളിലും സെമിനാറുകളിലും അദ്ദേഹം പ്രസംഗിക്കാറുണ്ടു്. അവരെ അഭിനന്ദിക്കും, പ്രോൽ സാഹിപ്പിക്കും. മിക്ക ഇടവകകളിലും അസൗകര്യങ്ങളുടെ മധ്യ ത്തിലാണു വൈദികർ ജീവിക്കുന്നതു്. തന്മൂലം അവർക്കു് ഇത്തരം പ്രോത്സാഹനങ്ങരം ആവശ്യമാണെന്നു് അദ്ദേഹത്തി നറിയാം.

എങ്കിലും ചിലർ അദ്ദേഹത്തെ മുഖത്തുനോക്കി വിമ ശിക്കും. അദ്ദേഹം അതു സ്വാഗതംചെയ്യും. അക്ഷോഭ്യ മായും ശാന്തമായും ഈ വിമശനങ്ങളെ നേരിടുന്നതിലുള്ള അദ്ദേ ഹത്തിൻെറ കഴിവു് എടുത്തുപറയേണ്ടതാണു്. വസ്തുതകരം വിവേചിച്ചറിഞ്ഞു് യാഥാത്ഥ്യങ്ങരം മനസ്സിലാക്കിക്കൊടുക്കു വാനും വിമശകരെ സഹകാരികളാക്കുവാനും അദ്ദേഹത്തിനു് എളുപ്പത്തിൽ സാധിക്കും.

ഇടവകകളിൽ ഓരോ പരിപാടികരംക്കായി ചെല്ലുമ്പോരം ഇടവകക്കാരോടുള്ള പിതാവിൻെറ പ്രസംഗങ്ങളും ഉപദേശ ങ്ങളും അവസരത്തിനു് അനുയോജ്യമായിരിക്കും. ഇടവകജന ങ്ങളുടെ കഠിനപ്രയത്നങ്ങളെ അദ്ദേഹം പ്രശംസിക്കും. സംഘ ടിച്ചുള്ള പ്രവത്തനങ്ങളുടെ വിജയത്തേയും നേട്ടങ്ങളേയും എടു ത്തുപറഞ്ഞു് അഭിനന്ദിക്കും. ഓരോ കൊല്ലവും ഇടവകകളിൽ ഉണ്ടാകുന്ന വികസനങ്ങളിൽ അദ്ദേഹം സന്തോഷവും സംതൃ പ്തിയും പ്രകടിപ്പിക്കും.

സംഗീതത്തിലും വാസനാസമ്പന്നനാണു് പിതാവു്. അദ്ദേഹത്തിൻെറ കുടുംബത്തിലെ എല്ലാ അംഗങ്ങരംക്കും ഉണ്ടു്

ഈ വാസന. പല സംഗീത ഉപകരണങ്ങളും അദ്ദേഹത്തിന്ന് കൈകാര്യം ചെയ്യാൻ അറിയാം. അദ്ദേഹം 1954-ൽ തലശ്ശേരിക്കു പോന്നപ്പോൾ താൻ ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു വലിയ ഹർമ്മോണിയം കൂടെക്കൊണ്ടുപോന്നു. പക്ഷേ ഉപയോഗിക്കുവാൻ അദ്ദേഹത്തിന്ന് ഒരിക്കലുംതന്നെ സമയം കിട്ടിയിട്ടില്ല. കൂടുതൽ ഗൗരവം ഉള്ള കാര്യങ്ങളിൽ മുഴുവൻ സമയവും വ്യാപൃതനായിരുന്നു അദ്ദേഹം. മാസാദ്യവെള്ളിയാഴ്ചയിൽ അരമനക്കപ്പേളയിൽ ആരാധന നടത്തും. വേറെ ആരും ഇല്ലെങ്കിൽ ആരാധനാഗീതസമയത്ത് പിതാവ് ഹർമ്മോണിയം വായിച്ചെന്നുവരും. താളം തെററിയും സ്വരച്ചേർച്ചയില്ലാതെയുമുള്ള പാട്ടുകേൾക്കാൻ അദ്ദേഹത്തിനു വിഷമമാണ്. പ്രത്യേകിച്ചു പള്ളിയിൽ ആരാധനസമയത്തു പാട്ടുമ്പോൾ. ആരാധനക്രമങ്ങളെല്ലാം മലയാളത്തിലാക്കിയപ്പോൾ അവയിലെ പാട്ടുകൾ തെററുകൂടാതെയും ഭംഗിയായും പാട്ടുവാനുള്ള പരിശീലനം ഓരോ ഇടവകയിലും നല്കുന്നതിനുവേണ്ട സൗകര്യങ്ങൾ അദ്ദേഹംതന്നെ ചെയ്തുകൊടുത്തു.

ശില്പവൈദഗ്ദ്ധ്യവും ബിഷപ്പ് വള്ളോപ്പിള്ളിയിൽ വ്യക്തമായി തെളിഞ്ഞുകാണാം. അരമനക്കെട്ടിടം, സെമിനാരിക്കെട്ടിടം, ആശുപത്രികൾ, കോളേജ്കെട്ടിടം, കത്തീഡ്രൽ പള്ളിക്കെട്ടിടം, വൃദ്ധമന്ദിരങ്ങൾ മുതലായവയെല്ലാം അദ്ദേഹംതന്നെ പ്ലാൻചെയ്തു പണിയിപ്പിച്ചിട്ടുള്ളതാണ്. പ്രത്യേകം എൻജിനീയറും പണിമേസ്തിരിയും ഉണ്ട്. എങ്കിലും പിതാവ് തൻെറ ഭാവനയിൽ ഇരിക്കുന്ന പ്ലാൻ കടലാസ്സിൽ വരച്ചു കാണിക്കും. മുറികളുടേയും ഹാളുകളുടേയും ഗോവണികളുടേയും വാതിലുകളുടേയും സ്ഥാനങ്ങൾ രേഖപ്പെടുത്തും. ഓരോ നിലയുടെ ഭിത്തിയും പൊക്കവും വിസ്തീർണ്ണവും പോലും നിശ്ചയിക്കും.

തലശ്ശേരി കത്തീഡ്രലിലെ ഗാഗുൽത്താ, കാററും വെളിച്ചവും ലഭിക്കുമെങ്കിലും കാററത്തു വെള്ളം അടിച്ചുകയറുകയില്ലാത്ത ജനൽ, ഷട്ടറുകൾ, ടവ്വറിലെ അശോകചക്രം, അതിനുള്ളിലെ ലൈററ്, കത്തീഡ്രലിനടിയിലെ അന്തർഭൗമാലയം, ബിഷപ്പ്ഹൗസിലെ ''റെയ്സ്ഡ് പ്ലാററ്ഫോം'' തുടങ്ങിയവ അദ്ദേഹത്തിൻെറ ശില്പകലാവൈദഗ്ദ്ധ്യം വിളിച്ചറിയിക്കുന്നവയാണ്.

വള്ളോപ്പിള്ളിപിതാവിൻെറ ഒരു പ്രത്യേക ഗുണമാണ് കൃത്യനിഷ്ഠ. അദ്ദേഹത്തിനു ധാരാളം ജോലികൾ ഉണ്ടെങ്കിലും,

അതെല്ലാം ചിട്ടയോടെ ചെയ്യും. ഇടവകവിസിറ്റേഷനൊ മററേതെങ്കിലും പരിപാടികൾക്ക് എവിടെയെങ്കിലും പോകുമ്പോൾ കൃത്യസമയത്തു് ആ സ്ഥലത്തെത്തുന്ന കാര്യത്തിൽ അദ്ദേഹത്തിനു നിർബന്ധമുണ്ടു്. താമസിച്ചുചെന്നു് അന്യക്കു് അസൗകര്യമുണ്ടാകുവാൻ അദ്ദേഹം ഒരിക്കലും ഇടവരുത്തുകയില്ല.

അദ്ദേഹത്തിൻെറ വേറൊരു വിശിഷ്ടഗുണമാണു് സദാ പ്രസന്നനായി വർത്തിക്കയും സന്തോഷത്തോടെ സംസാരിക്കയും ചെയ്യുക എന്നതു്. ഏതെല്ലാം വേദനകളും വേദനിപ്പിക്കുന്ന സംഭവങ്ങളും വ്യഗ്രതകളും ഉണ്ടായാലും ഇതൊന്നും അദ്ദേഹത്തിൻെറ മുഖത്തും സംസാരത്തിലും പ്രത്യക്ഷപ്പെടുകയില്ല. എല്ലാം ഉള്ളിൽ സംഗ്രഹിച്ചു്, സഹിച്ചു് പുറത്തുകടക്കാതെ ഒതുക്കിനിർത്തും. എന്നാൽ അതേസമയത്തു് അവയെ നേരിടുവാൻ എന്തെല്ലാം ചെയ്യണമെന്നു ചിന്തിക്കുകയും ചെയ്യും. നല്ലതുപോലെ ആലോചിച്ചതിനുശേഷമേ ഏതെങ്കിലും കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ. ഒന്നു നിശ്ചയിച്ചുകഴിഞ്ഞാൽ അതിൽ മാററം വരുത്തുക അസാധാരണമാണു്. പിതാവിൻെറ വേറൊരു പ്രത്യേക ഗുണമാണു് അദ്ധ്വാനശീലം. അത്ഭുതാവഹമാംവിധം അദ്ദേഹം ജോലിചെയ്യുന്നു. ഇതു സാധിക്കുന്നതു് അദ്ദേഹത്തിൻെറ കൃത്യനിഷ്ഠയാലത്രേ. ഓഫീസുജോലികൾ എല്ലാം അദ്ദേഹംതന്നെയാണു് ചെയ്യുന്നതെന്നു പറഞ്ഞാൽ അതിൽ തെററില്ല. ഔദ്യോഗികവും അനൗദ്യോഗികവുമായ അനവധി കത്തുകൾക്കു പ്രതിദിനം അദ്ദേഹത്തിനു മറുപടിയെഴുതേണ്ടിവരാറുണ്ടു്. എന്നും നിരവധി സന്ദർശകരുമുണ്ടു വിവിധതരങ്ങളിൽപ്പെട്ടവരായി. എല്ലാവരേയും കാണും. സംസാരിക്കും. ഇടവകത്തർക്കങ്ങളും വഴക്കുകളും പറഞ്ഞുതീർക്കും.

എല്ലാക്കൊല്ലവും മഴമാറിക്കഴിഞ്ഞാൽ പിതാവു് കുടിയേററക്കോളനികൾ സന്ദർശിക്കുകയായി. രൂപതയിലുള്ള ഏതെങ്കിലും സ്ഥലത്തെ പള്ളിയിലോ സ്ഥാപനത്തിലോ ഓരോ പരിപാടിയിൽ സംബന്ധിക്കുവാനായി എന്നും പോകും. ആ സ്ഥലത്തെ ആളുകളെ കാണുകയും അവിടത്തെ പുരോഗതി മനസ്സിലാക്കുകയുമാണു് അദ്ദേഹത്തിൻെറ പ്രധാന ഉദ്ദേശ്യം. കൃഷി, വിദ്യാഭ്യാസം, ഗതാഗതം ഇവയെല്ലാം അദ്ദേഹത്തിൻെറ പരിഗണനയിൽപ്പെടും. ഓരോന്നിൻേറയും അഭിവൃദ്ധിക്കായി എന്തെല്ലാം ചെയ്യണമെന്നു് അന്വേഷിക്കും. ഇന്നയിന്ന വിധത്തിൽ പ്രവർത്തിച്ചാൽ കൂടുതൽ വിജയം ഉണ്ടാക

മെന്നു നിർദ്ദേശങ്ങരം നല്കകയും ചെയ്യും. ഒരേ ദിവസംതന്നെ മിക്കവാറും രണ്ടുമൂന്നു സ്ഥലങ്ങളിൽ പരിപാടികരം ഉണ്ടായിരിക്കും. ആണ്ടുവട്ടത്തിലെ എട്ടൊൻപതുമാസങ്ങരം മുഴുവനും തൻെറ ജനങ്ങളുടെ താമസസ്ഥലമായ മലയോരങ്ങളിലെ പള്ളികളിലും സ്ഥാപനങ്ങളിലും ആയിരിക്കും, പിതാവു് സമയം ചിലവഴിക്കുന്നതു്. ഇങ്ങനെ അനൗദ്യോഗിക കാര്യങ്ങരംക്കായി കുടിയേററക്കോളനികളിൽ പോകുന്നതു കൂടാതെ മൂന്നുകൊല്ലത്തിൽ ഒരിക്കലെങ്കിലും എല്ലാ ഇടവകയിലും ഔദ്യോഗികസന്ദർശനങ്ങരം നടത്തും. അപ്പോരം ആ ഇടവകയെ പററി സമഗ്രമായി പഠിക്കും. ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ വിഷയങ്ങളും പരിഗണനയിൽപെടും. തെററുകരം തിരുത്തുകയും നല്ല സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

ജീപ്പിലാണു് അദ്ദേഹത്തിൻെറ യാത്ര. കുണ്ടും കുഴിയും നിറഞ്ഞ കാട്ടുവഴികളിൽക്കൂടെയും അപകടം നിറഞ്ഞ മലഞ്ചെരുവുകളിൽക്കൂടെയുമാണു പോകേണ്ടതു്. ജീപ്പു ചെന്നെത്തുകയില്ലാത്ത കോളനികളിൽ അദ്ദേഹം നടന്നെത്തുകതന്നെ ചെയ്യും. ജനങ്ങരംക്കു ബുദ്ധിമുട്ടും ഇച്ഛാഭംഗവും വരാതെ കാര്യങ്ങരം ഭംഗിയായി നടക്കണം എന്നല്ലാതെ തൻെറ കഷ്ടപ്പാടുകളെപ്പററി ആ മനുഷ്യസ്നേഹി നോക്കാറില്ല. ഔദ്യോഗിക സന്ദർശനത്തിനു് ഏതിടവകയിൽ ചെന്നാലും രോഗികളെ സന്ദർശിക്കും, ആകുലരെ ആശ്വസിപ്പിക്കും. സാധുക്കളാണെങ്കിൽ അവക്കു് എന്തെങ്കിലും സംഭാവനചെയ്യും. ഇങ്ങനെ ജനങ്ങളുമായി തദാത്മ്യം പ്രാപിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു.

# ഉണരുന്ന ഗ്രാമങ്ങൾ

സുഖദുഃഖസമ്മിശ്രമാണ് ഈലോകജീവിതം. മലബാറിലെ കുടിയേററക്കാരുടെ ആരംഭകാലജീവിതം ക്ലേശഭൂയിഷ്ഠമായിരുന്നു. ശത്രുക്കളോടുള്ള സമരം രണ്ടുമൂന്നു വ്യാഴവട്ടക്കാലം നീണ്ടുനിന്നു. എങ്കിലും അതിൻെറ ഭയങ്കരത്വം പടിപടിയായി കുറഞ്ഞുവന്നുകൊണ്ടിരുന്നു. 1950 മുതൽ ഐശ്വര്യദേവത അവരുടെമേൽ പ്രസാദിച്ചുതുടങ്ങി. മുളകുവള്ളി നട്ടുപിടിപ്പിച്ചു. എല്ലാവരും കപ്പ നട്ടു. എല്ലാററിനും നല്ല വളച്ച്യും വിളവും. പട്ടിണിയില്ലാതെ ജീവിക്കാറായി. എങ്കിലും സക്കാറിൻെറ നെല്ലെടുപ്പു കുറെ ശല്യങ്ങൾ ഉണ്ടാക്കിയിരുന്നു. ആരംഭകാലത്തു നെല്ലെടുപ്പ് ഉദ്യോഗസ്ഥന്മാർ പല അക്രമങ്ങളും ശല്യങ്ങളും സാധുക്കളായ കൃഷിക്കാരോടു ചെയ്തുപോന്നു. കൃഷിക്കാരനു് മുടക്കുമുതൽപോലും കൊടുക്കാതെ വിളവെല്ലാം ലവിയായി എടുക്കുകയും വില ശരിയായി കൊടുക്കാതെയിരിക്കുകയും ചെയ്തിരുന്നു. പോലീസ്പാർട്ടിയുമായാണു് ഈ ഉദ്യോഗസ്ഥന്മാർ വന്നിരുന്നതു്. ഇവരെ ഭയപ്പെട്ടു കൃഷിക്കാക്കു നെല്ലു് കാട്ടിലും മററും ഒളിച്ചു സൂക്ഷിക്കേണ്ടിവന്നു.

അന്നു് എട്ടൂർപള്ളി വികാരിയായിരുന്ന ഫാ. ജോസഫ് കട്ടക്കയം ഈ അഴിമതി മനസ്സിലാക്കി അതിനു് ഒരു പരിഹാരം ഉണ്ടാക്കണമെന്നു തീരുമാനിച്ചു. അദ്ദേഹം ആ പ്രദേശത്തെ എല്ലാ നെൽകൃഷിക്കാരേയും വിളിച്ചുകൂട്ടി, അവർക്കു വിളഞ്ഞുകിട്ടിയ നെല്ലിൻെറ അളവു് ചോദിച്ചറിഞ്ഞു. സക്കാരിനു കൊടുക്കുവാൻ മനസ്സുള്ള അളവു് കുറിച്ചെടുത്തു് അത്രയും നെല്ലു് പള്ളിമുറിയിൽ എത്തിക്കുവാൻ ആവശ്യപ്പെട്ടു. നെല്ലെടുപ്പു് ഉദ്യോഗസ്ഥന്മാക്കും ഇതു സൗകര്യമായിരുന്നു. അവരുടെ ജോലിയും കഷ്ടപ്പാടും കുറഞ്ഞു. ഏകദേശം അവർ ഉദ്ദേശിച്ചിരുന്നിടത്തോളം നെല്ലു കിട്ടുകയും ചെയ്തു. കൃഷിക്കാക്കും ഇതു സൗകര്യമായി; വിളഞ്ഞുകിട്ടിയ ബാക്കി നെല്ലു് അവരുടെ വീടുകളിൽതന്നെ സൂക്ഷിക്കാം. എങ്ങും പൂഴ്ത്തിവയ്ക്കേണ്ട ആവ

ശ്യമില്ല. ഉദ്യോഗസ്ഥന്മാക്ക് കോഴ കിട്ടിയില്ല എന്നു മാത്രം. ബ. അത്തനേഷ്യസച്ചൻ ഇതുതന്നെയാണു തിരുവമ്പാടിയിലും ചെയ്തിരുന്നതു്.

കട്ടക്കയം അച്ചൻ നെല്ലിന്റെ കാര്യത്തിൽ മാത്രമല്ല ജനങ്ങൾക്കു സഹായം ചെയ്തിരുന്നതു്. കുടിയേററക്കാർ തമ്മിലുണ്ടായിരുന്ന വഴക്കുകളും കേസുകളും എല്ലാം അദ്ദേഹം പറഞ്ഞു തീത്തിരുന്നു. ആരെങ്കിലും പോലീസിൽ പോയാൽപോലും അച്ചന്റെ നിർദ്ദേശമനുസരിച്ചു മാത്രമേ പോലീസ് നടപടിയും തീരുമാനവും എടുക്കുമായിരുന്നുള്ളൂ.

കപ്പയ്ക്കു നല്ല വില വന്നതോടെ ആറേഴുമാസങ്ങൾകൊണ്ടു പലക്കും നല്ല ആദായമുണ്ടാക്കുവാൻ സാധിച്ചു. പുതുമണ്ണിൽ കപ്പനട്ടാൽ തഴച്ചുവളരും. ഒരു വളവും ചെയ്യേണ്ട. രണ്ടുതവണ കളകൾ കളഞ്ഞാൽ മതിയാകും. ഒരു മൂട് കപ്പയ്ക്കു മുപ്പതു കിലോഗ്രാംവരെ വിളവു കിട്ടും, ചിലതിനു അതിൽക്കൂടുതലും. റേഷൻ ഭക്ഷണസാധനങ്ങൾ കുറവായിരുന്നതിനാലും മോശമായിരുന്നതിനാലും അക്കാലത്തു് എല്ലാ ടൗണുകളും കപ്പലോറികൾ വരുന്നതു നോക്കിയിരിക്കുകയായിരുന്നു. സാമ്പത്തികത്തകച്ചയുടെ കാലം മാറിയിരുന്നതുകൊണ്ടു വിളകൾക്കെല്ലാം ഡിമാൻറായി, വിലയായി; കൃഷിക്കാക്കു സംതൃപ്തിയും. പലക്കും പെട്ടെന്നു പണക്കാരാകുവാനും സാധിച്ചു. പലരും ഈ പണം വേണ്ടവിധം ഉപയോഗിച്ചു മററുള്ളവക്കു നന്മചെയ്തു മാനമായും മാതൃകാപരമായും ജീവിച്ചു. എന്നാൽ ചുരുക്കം ചിലർ ധൂത്തിനും ദുർമാതൃകക്കും ഉപയോഗിച്ചു സ്വയം നശിച്ചു സ്ഥലം വിട്ടുപോയി.

തൊട്ടിൽപാലത്തെ കേരവൃക്ഷങ്ങളാൽ ആകർഷിക്കപ്പെട്ടിട്ടാണു പലരും തിരുവിതാംകൂറിൽനിന്നും മലബാറിലേയ്ക്കു പോന്നതു്. കുററിയാടിയിലും പേരാവൂരും ഇരിട്ടിയിലും വന്നു താമസമാക്കിയവർ തെങ്ങുകൾ നട്ടു. പേരാവൂർ, ഇരിട്ടി ഭാഗങ്ങളിൽ കുടിയേറി താമസിച്ച ഭൂരിപക്ഷംപേരും ആദ്യ കൊല്ലംതന്നെ (1932–1940) നൂറും ഇരുനൂറും തെങ്ങുകൾ നട്ടു ശുശ്രൂഷിച്ചുപോന്നതാണു്. അവ നല്ലതുപോലെ വേരുപിടിച്ചു തഴച്ചുവളന്നു. ചിതൽ, എലി, മുള്ളൻപന്നി, മലാൻ, ആന മുതലായ ശത്രുക്കളിൽനിന്നും അവ രക്ഷിച്ചെടുക്കുവാൻ വളരെയേറെ ശ്രദ്ധിക്കേണ്ടിയിരുന്നു. മൂന്നുനാലു കൊല്ലം ആകുമ്പോഴേയ്ക്കും ഒരു തരം ചെള്ളിന്റെ ഉപദ്രവം തുടങ്ങും. അവ തെങ്ങിന്റെ കവിളിൽവന്നു കുത്തിത്തുരന്നു കൂമ്പു ചീയിച്ചു കളയുന്നു.

എന്നും തെങ്ങുകൾ പരിശോധിച്ച് ചെറിയ ഇരുമ്പുചൂണ്ടകൾ കൊണ്ട് ചെള്ളിനെ എടുത്തുകളയണം. ഒരു തെങ്ങിൽ തന്നെ ഓരോ ദിവസവും പത്തും പതിനഞ്ചുംവീതം ചെള്ളുകൾ കണ്ട് എന്നു വരാം. നല്ല നിഷ്ക്കർഷയോടെ പണി എടുപ്പി ക്കാൻ സാധിച്ചിരുന്നവക്ക് മാത്രമേ തെങ്ങിൻതോട്ടം ഈ നാശ ത്തിൽനിന്നും രക്ഷിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നുള്ളു. പേരാ വൂരിൽ ശ്രീ തോട്ടത്തിൽ ജോൺ മാത്രമാണ് ഇക്കാര്യത്തിൽ വിജയിച്ചത്. മററുള്ളവർ എല്ലാവരുംതന്നെ തെങ്ങുകൃഷി ഉപേക്ഷിച്ചുകളഞ്ഞു. 1960 മുതൽ ചെള്ളിൻെറ ഉപദ്രവം വളരെ കുറഞ്ഞു. തെങ്ങുകൾ ഇപ്പോൾ പേരാവൂർപ്രദേശത്ത് എല്ലായിടത്തുംതന്നെ നല്ലതുപോലെ വളരുകയും ധാരാളം ഫലം തരികയും ചെയ്യുന്നുണ്ട്. രാമച്ചക്കൃഷി ആരംഭിച്ചതോടെയാണ ചെള്ളിൻെറ ഉപദ്രവം മാറിക്കിട്ടിയതെന്നു പറയപ്പെടുന്നു. അതിൻെറ ഗന്ധം ചെള്ളിനെ തുരത്തുമത്രേ.

കുററിയാടിയിൽ ചെള്ളിൻെറ ശല്യം ഉണ്ടായിരുന്നില്ല. അവിടെ നേരത്തെതന്നെ മലബാർകാരുടെ തെങ്ങിൻതോട്ട ങ്ങൾ ധാരാളമുണ്ടായിരുന്നു. ചെറിയ ചെള്ളുകളായിരുന്നില്ല അവരുടെ കേരവൃക്ഷങ്ങളെ ഉപദ്രവിച്ചിരുന്നത്. പ്രത്യുത കാ ട്ടിലെ കരിവീരന്മാർ ആയിരുന്നു. അവർ കൂട്ടമായും ഒററയ്ക്കും വന്നു തെങ്ങിൻതോപ്പുകൾ നശിപ്പിച്ചിരുന്നു. ഇങ്ങനെ നിരാ ശയിൽ ഇരിക്കുമ്പോഴാണ തിരുവിതാംകൂറിൽനിന്നു കുടിയേററ ക്കാർ വരുന്നത്. തന്മൂലം ഈ തോട്ടമുടമകൾ കുടിയേററക്കാക്ക ഹൃദയപൂർവ്വം സ്വാഗതമരുളി. അവരുടെ തെങ്ങിൻതോട്ടങ്ങ ളുടെ അടുത്തുള്ള കാടുകൾ കുടിയേററക്കാർക്കു വില്ക്കുന്നതിലും അവർ വളരെ താല്പര്യം കാണിച്ചു. ഭൂമിവിററു പണമുണ്ടാക്കു കയെന്നതിനെക്കാൾ തങ്ങളുടെ തെങ്ങിൻതോട്ടങ്ങളിലേയ്ക്കു് ആനകേറാതെ തടുക്കുവാൻ കാവൽഭടന്മാരെ കിട്ടുകയെന്നുള്ളതാ യിരുന്നു ഈ ഭൂമിവില്പനയുടെ പ്രധാന ഉദ്ദേശ്യം. കുടിയേററ ക്കാക്ക് ആദ്യം ഇതു മനസ്സിലായില്ല. ഏതു മലയോടും മത്ത ഗജത്തോടും മല്ലടിച്ചു ജയിക്കുവാനുള്ള സ്ഥൈര്യവും ശക്തിയും തിരുവിതാംകൂറുകാക്കുണ്ട്. ചെറുജീവികളായ ചെള്ള്, വണ്ട്, പുഴ മുതലായ ചെറുപ്രാണികളോടു യുദ്ധംചെയ്തു ജയിക്കുന്നതി നെക്കാൾ എളുപ്പമായിരുന്നുതാനും തെങ്ങിൻതോപ്പുകൾ നശി പ്പിക്കുന്ന വൻമൃഗങ്ങളായ ആനയേയും മ്ലാവിനേയും ഓടിക്കുക. കുററിയാടിമേഖലയിൽ കുടിയേററക്കാർ എല്ലാവരും തെങ്ങു വച്ചു. അവ തഴച്ചുവളർന്നു. ഏതാണ്ട പത്തുകൊല്ലത്തിനകം അവ

തെളിഞ്ഞു കായ്ച്ചുതുടങ്ങി. തേങ്ങാ മുററി നിറഞ്ഞ കുലകളോടുകൂടി കാററത്തു് ആടിക്കൊണ്ടിരിക്കുന്ന തെങ്ങുകഠം കുററിയാടിയിൽ എല്ലാവക്കും ഇപ്പോഠം ധാരാളം ഉണ്ടു്. ലക്ഷം തേങ്ങായുള്ള കുടിയേററക്കാർ ആ പ്രദേശത്തു് ഉണ്ടു് എന്നുള്ള വിവരം സന്തോഷത്തോടെ പറയുവാൻ സാധിക്കും.

എന്നാൽ വയനാട്ടിലെ കാര്യം ഇതല്ല. അവിടെ തെങ്ങു പിടിപ്പിച്ചെടുക്കുവാൻ വളരെ കാലതാമസം വേണ്ടിവന്നു. പതിനഞ്ചുകൊല്ലമെങ്കിലും കഴിയാതെ കായ്ക്കുകയുമില്ല.

മലബാറിലെ എല്ലാഭാഗത്തും കുരുമുളകു സമൃദ്ധമായി വളരുന്നു. രണ്ടുമൂന്നു കൊല്ലംകൊണ്ടു വിളവുതരുന്ന ഒരു കൃഷി. ചെറുകിടകർഷകർ തെങ്ങിൻതോപ്പുകളിലും വയനാട്ടിലെ കാപ്പിത്തോട്ടങ്ങളിലും കുരുമുളകുവള്ളിയും നട്ടുപിടിപ്പിച്ചിരുന്നു. തെങ്ങിൻതോപ്പിലെ കുരുമുളകുചെടികളിൽനിന്നു കൂടുതൽ നീണ്ടകാലത്തെ ആദായം ലഭിക്കുന്നുണ്ടു്. കുറെ ശുശ്രൂഷ ചെയ്താൽ ഇരുപത്തഞ്ചുകൊല്ലമെങ്കിലും തുടച്ചയായി വിളവുതരുന്ന മുളകു കൊടികളും ഇല്ലാതില്ല. 1931–ൽ കുററിയാടിയിൽ കുടിയേറിപ്പാർത്ത പുരയിടത്തിൽ കുഞ്ഞും പൊങ്ങമ്പാറ അപ്പച്ചിയും പിറേറവർഷം (1932) നാട്ടിൽനിന്നും കൊണ്ടുവന്നു വച്ചുപിടിപ്പിച്ച ഏതാനും കുരുമുളകുചെടികഠം ഇന്നും ഫലം നല്കുന്നുണ്ടു്. അവയെ നോക്കിക്കൊണ്ടു് അഭിമാനവും ആനന്ദവും കലർന്ന സ്വരത്തിൽ കുഞ്ഞും അപ്പച്ചിയും പറഞ്ഞതിങ്ങനെയാണു്. "ഇവർ വൃദ്ധരാണെങ്കിലും നാല്പതുകൊല്ലമായിട്ടു് ഇപ്പോഴും കായ്ക്കുന്നു. ഞങ്ങഠംക്കു പണം ഉണ്ടാക്കിത്തരുന്നു. നാലഞ്ചു വയസ്സുമാത്രം പ്രായമായ കൊടികഠം വളരെ നിഷ്ക്കർഷയോടെ നട്ടുവളത്തപ്പെട്ടവ, കാര്യമായ വിളവുതരാതെ നശിച്ചുപോയിട്ടും ഇവ ഇപ്പോഴും ഞങ്ങളെ സഹായിക്കുന്നു". മലബാറിൽ എല്ലാഭാഗത്തും തന്നെയുണ്ടു് ഇങ്ങനെ പഴക്കംചെന്ന കുരുമുളകുതോട്ടങ്ങഠം. ഇവിടെയുണ്ടായിരുന്ന വിവിധതരം കുരുമുളകുവള്ളികഠംക്കു പുറമെ രണ്ടുകൊല്ലംകൊണ്ടു കായ്ച്ചുതുടങ്ങുന്നതും ചെറിയ മണികഠം ഉള്ളതുമായ ഒന്നുരണ്ടുതരം വള്ളികഠം– കാണിയക്കാടൻ, കരിമുണ്ടി – കുടിയേററക്കാർ നാട്ടിൽനിന്നും കൊണ്ടുവന്നു് വച്ചുപിടിപ്പിക്കുകയുണ്ടായി. ഇങ്ങനെയാണു് 'ചേട്ടൻ കുരുമുളകു' മലബാറിൽ ആവിർഭവിച്ചതു്. ഇന്നു് 'ചേട്ടൻ കുരുമുളകി'നു് മാക്കററിൽ നല്ല സ്ഥാനമുണ്ടു്.

വയനാട്ടിൽ നെൽപ്പാടങ്ങളോടു ചേർന്നുള്ള കരഭൂമിയിൽ കമുകും കാപ്പിയും എല്ലാവരുംതന്നെ വച്ചുപിടിപ്പിച്ചു. വലിയ

തോട്ടമായിട്ടല്ലെങ്കിലും അവരവരുടെ വീട്ടാവശ്യങ്ങൾക്കും ചെറിയ ആദായം കിട്ടുന്നതിനും ഇവ പ്രയോജനപ്പെടുന്നു. കോട്ടയം ഡിസ്ട്രിക്ററിൽനിന്നും കുടിയേറിയവർ റബ്ബർ മരവും വച്ചുപിടിപ്പിച്ചു. അവർക്ക് അക്കാലത്തു റബ്ബർകൃഷിയെപ്പററി നല്ല ഗ്രാഹ്യമുണ്ടായിരുന്നുള്ളല്ലോ. ഇപ്പോൾ പലക്കും റബ്ബർ ഉണ്ട്, രണ്ടും മൂന്നും ഏക്കർ വീതം. വലിയ തോട്ടക്കാരും ചുരുക്കമായിട്ടുണ്ട്. ആദ്യകാലത്തു കാട്ടുതീവന്നു പലരുടേയും തോട്ടങ്ങൾ നശിപ്പിച്ചുകളഞ്ഞു. എങ്കിലും ചെറിയ തോട്ടങ്ങൾ തീനാശത്തിൽനിന്നും രക്ഷപെടുവാൻ സാധിച്ചു. തെരുവപ്പുല്ലുതൈലം, രാമച്ചത്തൈലം, ഇഞ്ചി, മഞ്ഞൾ മുതലായ സീസണൽവിളകൾ എളുപ്പത്തിൽ ആദായം കിട്ടുന്നവയാണ്. തന്മൂലം ഇവയും കുടിയേററക്കാർ കൃഷിചെയ്യുന്നുണ്ട്.

1940 മുതലുള്ള കാലങ്ങളിൽ കപ്പയും 1950 മുതൽ തെരുവയുമായിരുന്നു കുടിയേററക്കാരെ കാര്യമായി സഹായിച്ചതു്. പക്ഷേ ഈ കൃഷികൾ പെട്ടെന്നു പണം കിട്ടുവാൻ ഉപകരിച്ചെങ്കിലും മണ്ണിൻെറ വീര്യവും വളവും നഷ്ടപ്പെടുത്തിക്കളഞ്ഞു. അതുകൊണ്ട് ഈ സ്ഥലത്തു പിന്നീടു തെങ്ങ്, കൊടി, റബ്ബർ, കാപ്പി മുതലായ സ്ഥിരം കൃഷികൾ വികസിപ്പിച്ചുകൊണ്ടുവരുവാൻ ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. ധാരാളം വളം ചേർക്കുവാൻ ചെറുകിട കൃഷിക്കാർക്കു കഴിവ് ഉണ്ടായിരുന്നില്ലല്ലോ.

കൃഷിക്കാർക്ക് അവരുടെ കൃഷിഫലങ്ങൾ മാർക്കററിൽ എത്തിക്കുവാൻ ഗതാഗതസൗകര്യങ്ങളുള്ള റോഡുകൾ അത്യന്താപേക്ഷിതമായിരുന്നു. ദുക്കായ കുന്നുകളിൽ റോഡുകൾ ഉണ്ടാക്കുക എളുപ്പമല്ല. എങ്കിലും അതു് ഒരു ആവശ്യമാണെന്നു കണ്ടു വളരെ ബുദ്ധിമുട്ടി പല ഒടിച്ചുവളവുകളോടുകൂടിയ (Hair Pin curves) റോഡുകൾ അവർ ഉണ്ടാക്കി. അങ്ങനെ ക്രമേണ അവർക്കു ജീപ്പും ലോറിയും മലയുടെ മുകളിൽ എത്തിക്കുവാൻ സാധിച്ചു. പഞ്ചായത്തിൻേറയും ഗവണ്മെൻറിൻേറയും സി. ആർ. എസ്. (കാത്തലിക് റിലീഫ് സർവ്വീസ്) ൻേറയും സഹായങ്ങൾ കിട്ടാവുന്നിടത്തോളം വാങ്ങിച്ചെടുത്തുകൊണ്ടു പല റോഡുകളും മെററൽ ഇടീക്കയും ചുരുക്കം ചില റോഡുകളെങ്കിലും ടാർ ചെയ്യിക്കയും കലുങ്കുകളും ചപ്പാത്തു (Causeway) കളും തീർക്കുകയും ചെയ്തു.

ഒടുവള്ളിത്തട്ടിൽനിന്നും (തളിപ്പറമ്പ്) കുടിയാന്മലയുടെ മുകൾഭാഗത്തേയ്ക്കു വാഹനസൗകര്യം ഉള്ള ഒരു റോഡു തുറക്കുന്ന

തിനെപ്പററി ആലോചിക്കാൻ മലവാരങ്ങളിലുള്ള കുടിയേററക്കാർ ഒരുമിച്ചുകൂടി. അടുത്തുള്ള ഒരു വള്ളിത്തോട്ടം ഉടമസ്ഥനായ നമ്പ്യാരേയും ആലോചനായോഗത്തിനു ക്ഷണിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: "ഇക്കായ ഈ മലയുടെ ഉച്ചിയിൽ ജീപ്പും ലോറിയും എത്തിച്ചു ചരക്കുകൾ കൊണ്ടുപോകാമെന്നു പറയുന്ന നിങ്ങൾക്കു ഭ്രാന്താണ്. ഞങ്ങൾ അരനൂററാണ്ടായി ഇവിടെ താമസമാക്കിയിട്ട്. ഇന്നുവരെ ഞങ്ങൾ കെട്ടുകാരെ (ചുമട്ടുകാരെ) ക്കൊണ്ടാണ് സാമാനങ്ങൾ കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും. സർക്കാരിനെക്കൊണ്ടല്ലാതെ കുടിയാനെക്കൊണ്ട് ഈ മലയിലേയ്ക്കു നിരത്തുണ്ടാക്കുവാൻ പററുമോ? നിങ്ങൾ പോയി വല്ല കൃഷിപ്പണിയും ചെയ്യുവിൻ, സമയം വ്യർത്ഥമാക്കിക്കളയാതെ". നമ്പ്യാർ ഉത്തമബോധ്യത്തോടെയാണ് ഇതു പറഞ്ഞതു്. പക്ഷേ കുടിയേററക്കാർ ആ ഉപദേശം തള്ളിക്കളഞ്ഞു. ഒത്തൊരുമിച്ചു പ്രയത്നിച്ചാൽ കാര്യം സാധിക്കാമെന്ന് അവർ സധൈര്യം ഒന്നുചേർന്ന് അഭിപ്രായപ്പെട്ടു. അവർ പിരിവെടുത്തു. പ്രതിദിനം അഞ്ഞൂറോളം പേർ വീതം പണിയെടുത്തു. എല്ലാം ശ്രമദാനം. രണ്ടുമൂന്ന് ആഴ്ചകൊണ്ടു റോഡ് തീർത്തു. ആഹ്ലാദത്തിമർപ്പോടെ ഹോൺ അടിച്ചുകൊണ്ട് ആ ഗിരിശൃംഗത്തിൽ ജീപ്പ് എത്തി. എല്ലാവരും സന്തോഷിച്ചു. ആനന്ദത്താൽ ആർപ്പുവിളിച്ചു. മൂക്കിൽ കൈവച്ചുകൊണ്ടു നമ്പ്യാർ അത്ഭുതത്തോടെ പറഞ്ഞു: "ഈ ചേട്ടന്മാർ നിശ്ചയിച്ചാൽ മലയല്ല, മററെന്തിനേയും കീഴടക്കാം". അടുത്തകാലത്തു ദേശസാൽക്കരിക്കപ്പെട്ട ഈ റൂട്ടിൽക്കൂടി ധാരാളം ലൈൻബസ്സുകൾ ഇന്ന് ഓടുന്നുണ്ട്.

മാടത്തിൽ (ഇരിട്ടി) നിന്നും എടൂർക്കൂടി കീഴ്പള്ളിയിലേയ്ക്കു് ഒരു റോഡു നേരത്തെതന്നെ കുടിയേററക്കാർ വെട്ടിത്തുറന്നിട്ടുണ്ട്. വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നതാണ്. എങ്കിലും ലൈൻബസ്സ് ഓടുന്നില്ല. അതു് നടപ്പിലായാലേ ജനങ്ങൾക്കു കൂടുതൽ സൗകര്യങ്ങൾ ലഭിക്കൂ. അതിനു റോഡിനു വീതികൂട്ടുകയും കേടുപോക്കുകയും ചെയ്യണം. കീഴ്പള്ളിയിലെ ബ. വികാരി ഫാ. ഫ്രാൻസീസ് വാളായിൽ ശ്രമദാനത്തിനായി ആളുകളെ സംഘടിപ്പിച്ചു. എല്ലാവക്കും ഭക്ഷണം കൊടുക്കണം. പണം ഉള്ളവരിൽനിന്നും ഒരു പിരിവുനടത്തി. പിരിവുകാർ വഴിയരികിൽ കച്ചവടം ചെയ്യുന്ന മൊയ്തീനോടു പറഞ്ഞു: "നാളെ 500 പേർ പണിക്കുണ്ടു്; അവക്കു ഭക്ഷണം കൊടുക്കണം. അതിന് ഇരുപത്തഞ്ചുരൂപയെങ്കിലും തരണം".

മൊയ്തീൻ പറഞ്ഞു: "50 അല്ലെങ്കിൽ 100 പേർ പണിക്കു വന്നേക്കും. എൻെറ പേർക്കു പത്തുരൂപയേ തരികയുള്ളൂ". റോഡുകമ്മിററി പണം വാങ്ങിയില്ല. "500 പേരിൽ കൂടുതൽ വരും. നിങ്ങൾ ഇരുപത്തഞ്ചുരൂപാ തരണം" എന്ന് അവർ വീണ്ടും പറഞ്ഞു. മൊയ്തീൻ വാതുവച്ചു. "500 പേർ വന്നാൽ നൂറുരൂപാ തരാം". കമ്മിററി വാതു് ഉറപ്പിച്ചു. പിറേറന്നാൾ 700-ൽപ്പരം പേർ പണിയെടുത്തു. അന്നു വൈകുന്നേരം മൊയ്തീൻകാക്കാ സന്തോഷത്തോടെ 100 രൂപാ റോഡുകമ്മിററിയെ ഏല്പിച്ചു. ഇപ്പോൾ ആ വഴിയിൽക്കൂടിയും ലൈൻബസ്സുകൾ ഓടുന്നുണ്ടു്. ഇങ്ങനെ എല്ലാവരും ഏകമനസ്സോടെ പരിശ്രമിച്ചു റോഡുകളും ചെറിയ പാലങ്ങളും ഉണ്ടാക്കി കുടിയേററ കോളനികളിലെ ഗതാഗതം സൗകര്യപ്പെടുത്തിയിരിക്കുന്നു.

വേനല്ക്കാലത്തു മാടത്തിലെ വലിയപുഴയിൽ – കോളിക്കടവിൽ – കുടിയേററക്കാർ ഒരു താല്ക്കാലിക പാലമുണ്ടാക്കി വാഹനങ്ങൾ കടത്തിക്കൊണ്ടുപോകുന്നു. പുഴയിൽ ഒന്നോ രണ്ടോ സ്ഥലത്തു് എട്ടുപത്തു് അടി വീതിയിൽ വെള്ളം പോകുവാൻ ഇടം കൊടുത്തുകൊണ്ടു വലിയ കല്ലുകൾ അടുക്കി ഭിത്തികെട്ടി മുകളിൽ മരത്തടികൊണ്ടു ഫ്ളാററുഫോറം ഉണ്ടാക്കിയാണു് ഈ താല്ക്കാലിക പാലം നിർമ്മിക്കുന്നതു്. മണൽ വലിച്ചിട്ടു മററു ഭാഗങ്ങളിലെ ആഴം ഒരടിയോ അതിലും കുറവോ ആക്കുന്നു. ഇങ്ങനെ മിക്ക പുഴകളെയും വേനൽക്കാലത്തു കുടിയേററക്കാർ മെരുക്കിയെടുക്കുന്നുണ്ടു്. ഗവണ്മെൻറ് സഹായം വാങ്ങി പാലാവയൽ, ചെറുപുഴ, കാർത്തികപുരം, ചെമ്പേരി മുതലായ സ്ഥലങ്ങളിൽ കമ്പിതൂക്കുപാലം ഉണ്ടാക്കി, പാദചാരികൾ പുഴകടക്കുന്നു. ചുരുക്കം സ്ഥലങ്ങളിൽ പുഴകൾക്കു സ്ഥിരം കോൺക്രീററു പാലം ഉണ്ടാക്കിയിട്ടുണ്ടു്. തിരുവാമ്പാടി, കററിയാടി, തൊട്ടിൽപാലം, പയ്യാവൂർ, പുല്ലൂരാംപാറ, തൊണ്ടിയിൽ മുതലായ സ്ഥലങ്ങളിലെ പാലങ്ങൾ ഈ ഗണത്തിൽപ്പെടുന്നു. ഇതുപോലെ കുടിയേററക്കാർ ഉണ്ടാക്കിയ പല റോഡുകളും ഗവണ്മെൻറിനെക്കൊണ്ടു് ടാർ ചെയ്യിപ്പിക്കുവാനും അവർക്കു കഴിഞ്ഞിട്ടുണ്ടു്. കൂടാതെ ഒരു ഹിൽ ഹൈവേ കുടിയേററക്കാരുടെ മലയോരങ്ങളിൽക്കൂടെ ഉണ്ടാക്കി, കുടിയേററ കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ടു്.

കൃഷിക്കു് അത്യാവശ്യമായ വെള്ളം കൃഷിസ്ഥലത്തെത്തിക്കുവാൻ വിദ്യുച്ഛക്തി ഓരോ കുടിയേററഗ്രാമങ്ങളിലും ലഭി

ക്കേണ്ടതാവശ്യമാണ്. കുടിയേററകേന്ദ്രങ്ങളിൽ ആദ്യം കറൻറു കിട്ടിയ സ്ഥലം ആലക്കോടാണ് (1964-ൽ). പി. ആർ. രാമവർമ്മരാജായുടെ ഗവണ്മെൻറിലുള്ള സ്വാധീനമാണ് ഇതിനു സഹായിച്ചതു്. അധികം താമസിയാതെ 1965-ൽ അവിടെ ടെലഫോൺ സൗകര്യങ്ങളും ലഭിച്ചു. തിരുവമ്പാടിയിലും കോടഞ്ചേരിയിലും 1970-ലും കൂടരഞ്ഞിയിൽ 1971-ലും കറൻറു കിട്ടി. എന്നാൽ പ്രഥമ കുടിയേററകേന്ദ്രമായ പേരാവൂരിൽ 1974-ൽ മാത്രമേ വിദ്യുച്ഛക്തി ലഭിച്ചുള്ളൂ. തെക്കു് മണിമൂളിയിലും പൊററശ്ശേരിയിലും 1972-ൽ കറൻറ് കിട്ടി. വയനാട്ടിൽ മാനന്തവാടി ടൗണിനടുത്തുള്ള കണിയാരത്തു് 1958-ൽ വൈദ്യുതി ലഭിച്ചു. അവിടെ എട്ടുപത്തു പമ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്. തവിഞ്ഞാലിൽ 1974 - ലാണ് വിദ്യുച്ഛക്തി കിട്ടിയതു്. തെക്കെ വയനാട്ടിലെ ബത്തേരിയിൽ 1960-ലും പള്ളിക്കുന്നിൽ 1969-ലും കറൻറ് ലഭിച്ചു. പല കുടിയേററകേന്ദ്രങ്ങളിലും ജലസേചനസൗകര്യമുണ്ടായിരുന്നെങ്കിൽ നെല്ലു്, കമുകു്, തെങ്ങ് മുതലായ കൃഷികളെ പല ഇരട്ടി ആദായകരമാക്കാമായിരുന്നു. വെള്ളം അടുത്തുകൂടി ഒഴുകിപ്പോകുന്നുണ്ടു്, ആക്കും പ്രയോജനപ്പെടാതെ. സൗകര്യമുള്ളിടത്തു കെട്ടിനിർത്തി കനാലിൽക്കൂടി തിരിച്ചുവിടുവാൻ ഗവണ്മെൻറ് സഹായിക്കണം. പമ്പുവച്ചു വെള്ളം അടിച്ചുകയററുവാൻ കറൻറ് വേണം. ഇതിനും ഗവണ്മെൻറ് മനസ്സുവെയ്ക്കണം. വയനാട് ഒരു നെല്ലറയാണ്. അവിടെ ആവശ്യമുള്ളിടത്തെല്ലാം വൈദ്യുത കറൻെറത്തിച്ചുകൊടുത്താൽ രാജ്യത്തിൻെറ ഭക്ഷണാവശ്യം നല്ലശതമാനം നികത്താം.

തിരുവിതാംകൂറിൽനിന്നും വടക്കോട്ടുള്ള കുടിയേററം മലബാർപ്രദേശത്തിനു പൊതുവിലും മലയോരപ്രദേശങ്ങൾക്കു പ്രത്യേകിച്ചും ഒരു പുതിയ പ്രകാശത്തിൻെറ പരിവേഷം നല്കി. കൃഷിയിൽനിന്നും കുടിയേററക്കാർക്കുണ്ടായ ആദായം അവർ രാജ്യത്തിൻെറയും ജനങ്ങളുടെയും വികസനത്തിനും സംസ്കാരത്തിനുമായി വിനിയോഗിച്ചു. കുടിയേററക്കാർ സംസ്കാരവും പൗരബോധവും ഉള്ളവരായിരുന്നതുകൊണ്ടു് അവർ അവ മററുള്ളവർക്കും പ്രദാനം ചെയ്യുവാൻ ആഗ്രഹിച്ചു. റോഡുകൾ തുറന്നു. സ്കൂളുകളും കോളേജുകളും ഉണ്ടാക്കി. അവഗണിക്കപ്പെട്ടിരുന്ന ആദിവാസികളെയും പരിത്യജിക്കപ്പെട്ട സാധുക്കളെയും ഉദ്ധരിച്ചു. രാജ്യത്തേയും ജനങ്ങളേയും പടിപടിയായി ഉദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചു. ആദ്യമായി വിദ്യാഭ്യാസത്തിനും ഗതാഗതത്തിനുമാണ് അവർ പ്രാധാന്യം നല്കിയതു്.

കുടിയേററക്കാർ ഇരുന്നൂറും മുന്നൂറും വീടുകഠം വീതമുള്ള ഗ്രൂപ്പുകളായി തിരിഞ്ഞ് ആദ്യമായി ഒരു ദേവാലയത്തിനുള്ള സ്ഥലവും സ്ഥാനവും തീരുമാനിക്കും. അവിടെ ഒരു താല്ക്കാലിക ഷെഡ്ഡ് ഉണ്ടാക്കി കുട്ടികളെ പഠിപ്പിക്കും. ഒരദ്ധ്യാപകനെ നിയമിച്ച് പരിശീലനം തുടങ്ങും. ക്രമേണ ഗവണ്മെൻറിൽ അപേക്ഷിച്ച് അംഗീകാരം വാങ്ങും. ആദ്യം എൽ. പി. സ്കൂഠം ആയിട്ടും പിന്നീട്ട് യു. പി. സ്കൂളായിട്ടും അവസാനം ഹൈസ്കൂളായിട്ടും അവയെ ഉയർത്തും. ഇങ്ങനെ പടിപടിയായി പഠിച്ചുവരുന്ന കുടിയേററക്കാരുടെ കുട്ടികളെ കരുതിയാണ് മലബാർഭാഗത്തു മൂന്നു കോളേജുകഠം (നിർമ്മലഗിരി–കൂത്തുപറമ്പ്, ദേവഗിരി–കോഴിക്കോട്ട്, സെൻറ് മേരീസ്–ബത്തേരി) സ്ഥാപിക്കപ്പെട്ടതു്.

വിദ്യാഭ്യാസത്തിനുവേണ്ടി കുടിയേററക്കാർ വളരെയേറെ പണവും പ്രയത്നവും പ്രതിവത്സരം ചിലവഴിക്കുന്നുണ്ട്. ഇതുകൂടാതെ നിരവധി ആശുപത്രികളും അനാഥാലയങ്ങളും വൃദ്ധമന്ദിരങ്ങളും കുടിയേററക്കാർ നടത്തുന്നുണ്ട്. ബ്രഹ്മാണ്ഡങ്ങളായ ദേവാലയങ്ങളും വിദ്യാലയങ്ങളും കുടിയേററക്കാർ നിർമ്മിക്കുന്നു. സഹസ്രക്കണക്കിനു വീടുകളും ഇന്നു നിർമ്മിതിയിലിരിക്കുകയാണ്. ഈ കെട്ടിടങ്ങഠംക്കെല്ലാം വേണ്ട കല്ലുപണി, മരപ്പണി, ഇരുമ്പുപണി മുതലായ എല്ലാ ജോലികളും ഈ നാട്ടിലെ തൊഴിൽക്കാരെക്കൊണ്ടാണ് നടത്തിക്കുന്നതു്. അതിനാൽ സ്ഥലവാസികളായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറുകാരുടെ കുടിയേററം ഒരനുഗ്രഹമായിത്തീർന്നുവെന്നു പറയാം.

കാർഷികത്തൊഴിലാളികളെ സംബന്ധിച്ചും കുടിയേററക്കാരുടെ ആഗമനം സ്വാഗതാർഹമായിരുന്നു. അന്നുവരെ വർഷത്തിൻെറ ഏതാനും ദിവസങ്ങളിൽ വയൽപ്പണി മാത്രം ഉണ്ടായിരുന്ന അവർക്കു പന്ത്രണ്ടുമാസവും ജോലി കിട്ടിത്തുടങ്ങി. കുടിയേററക്കാർ ജന്മിമാരെപ്പോലെ നോക്കിനില്ക്കാതെ തൊഴിലാളികളോടൊപ്പം പറമ്പിലിറങ്ങി പണിയെടുത്തിരുന്നുവെന്നതു് അവക്കു കൂടുതൽ പ്രോത്സാഹജനകമായിരുന്നു. സ്ഥലവാസികളായ തൊഴിലാളികഠംക്കു കുടിയേററക്കാരുടെ കൃഷിജോലികഠം അപരിചിതമായിരുന്നെങ്കിലും അവരോടൊത്തു പണിയെടുത്തുകൊണ്ട് ആ ജോലികളിൽ പരിചയം നേടുവാൻ സാധിച്ചു.

കൂലിക്കു പുറമെ വയറുനിറയെ ഭക്ഷണവും കിട്ടിയിരുന്നതിനാൽ അവർ കുടിയേററക്കാരുടെ പണികളിൽ സഹായിക്കു

വാൻ താത്പര്യം കാണിച്ചു. ഈ രീതി സാധുക്കളായ ആദിവാസികളെയാണു കൂടുതൽ ആകർഷിച്ചതു്. അലസമായി നടക്കുന്ന സ്വഭാവമുണ്ടായിരുന്ന അവർ കുടിയേററക്കാരുടെ ആഗമനത്തോടെ കാര്യബോധമുള്ളവരായി ജോലിചെയ്യുവാൻ സന്നദ്ധത കാണിച്ചുതുടങ്ങി. അവരുടെ സാംസ്കാരികമായ പുരോഗതിക്കും കുടിയേററക്കാരുമായുള്ള സമ്പർക്കം സഹായിച്ചു. എന്നും കുളിക്കുവാനും നല്ലതുപോലെ ഡ്രസ്സുചെയ്യുവാനും ശുചിയായി ജീവിക്കുവാനും അവർ പരിശീലിച്ചതുതന്നെ ഇങ്ങനെയാണു്. ഒരു സംഭവം പറയാം. ഇരിട്ടി അടുത്തുള്ള നെല്ലിക്കാംപൊയിലിൽ ഒരു മാത്തച്ചനുണ്ടായിരുന്നു. നല്ല പൈസാക്കാരനും കൃഷിക്കാരനുമാണു്. മുപ്പതിൽപ്പരം പേക്കു് അദ്ദേഹം എന്നും പണി കൊടുക്കുന്നുണ്ടു്. എല്ലാവരുംതന്നെ ആദിവാസികളായ പണിയർ. ഇരുപതുപേർ സ്ത്രീകളാണു്. അവർ കുളിക്കാതെയും നനക്കാതെയും മാറുമറയ്ക്കാതെയുമാണു് എന്നും പണിക്കുവരിക. കുറെ കല്ലുമാല കഴുത്തിൽ അണിയും; അത്ര മാത്രം. ഒരു ക്രിസ്തുമസ്സു വന്നു. ഒഴിവുദിവസമാണെങ്കിലും എല്ലാ തൊഴിലാളികളോടും അന്നു വരുവാൻ മാത്തച്ചൻ പറഞ്ഞിരുന്നു. എല്ലാവക്കും തേച്ചുകുളിക്കുവാൻ എണ്ണ കൊടുത്തു. ഉടുക്കുവാൻ ഓരോ മുണ്ടും. പുരുഷന്മാക്കു ബനിയനും സ്ത്രീകൾക്കു ബ്ലൗസും കൊടുത്തു. അടുത്തുള്ള പുഴയിൽ പോയി കുളിച്ചശേഷം പുതിയ വസ്ത്രങ്ങൾ ധരിച്ചു വരുവാൻ അദ്ദേഹം നിർദ്ദേശിച്ചു. കുളിച്ചുവന്നപ്പോൾ സമൃദ്ധിയായ ഭക്ഷണവും നല്കി. ഒരു പുതിയ ലോകംപോലെ അവക്കു തോന്നി. എന്നും ഇങ്ങനെ നല്ല വസ്ത്രം ധരിച്ചു നടക്കണമെന്നു് മാത്തച്ചൻ അവരോടാവശ്യപ്പെട്ടു.

കുടിയേററക്കാർ മലയിൽ കൃഷിചെയ്തുണ്ടാക്കുന്ന നെല്ലും കപ്പയും ചീനിയും പ്രതിദിനം തീരദേശങ്ങളിലെ പട്ടണങ്ങളിൽ ലോറികൾവഴി വന്നിറങ്ങിക്കൊണ്ടാണിരിക്കുന്നതു്. ഈ വിഭവങ്ങൾ വരാതിരുന്നാൽ പട്ടണവാസികൾ ആഹാരകാര്യത്തിൽ വിഷമിക്കും. കൺട്രോൾകാലത്തു് കുടിയേററക്കാരാണു തങ്ങളെ പട്ടിണിയിൽനിന്നും രക്ഷിച്ചതെന്നു് പട്ടണവാസികൾ കൃതജ്ഞതയോടെ സ്മരിക്കാറുണ്ടു്. കൃഷിവിഭവങ്ങൾ പട്ടണങ്ങളിൽ എത്തിച്ചുകൊടുക്കുവാനും, വളവും സിമൻറും കമ്പിയും കൃഷി ആയുധങ്ങളും പട്ടണങ്ങളിൽനിന്നു മലയോരങ്ങളിൽ എത്തിക്കുവാനും തുടങ്ങിയതോടെ ലോറികൾക്കും ലോറിത്തൊഴിലാളികൾക്കും ജോലി ധാരാളമായി.

അങ്ങനെ ശതക്കണക്കിനു പുതിയ ലോറികാംക്കും സഹസ്രക്കണക്കിനു് തൊഴിലാളികാംക്കും ജോലികിട്ടി. അതുപോലെതന്നെ യാത്രാവാഹനങ്ങളായ റെയിൽവേയിലും ലൈൻബസ്സുകളിലുമുള്ള തിക്കും തിരക്കും കഠിനമായിരുന്നു. മലബാർ കടിയേററയാത്രക്കാരുടെ വൈപുല്യത്താൽ കൊച്ചി – മലബാർ റെയിൽവേ ബോഗികളുടെ എണ്ണം വർദ്ധിപ്പിച്ചു. കോഴിക്കോട്ടു്, വടകര, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട്ടു് മുതലായ സ്ഥലങ്ങളിലെ തീവണ്ടി ആപ്പീസുകളിൽ വന്നിറങ്ങുന്ന കുടിയേററക്കാരുടെ സംഖ്യ ചെറുതായിരുന്നില്ല. അവരെ കുടിയേററകേന്ദ്രങ്ങളിൽ എത്തിക്കുവാൻ ലൈൻബസ്സുകളുടെ എണ്ണവും വളരെ വദ്ധിപ്പിച്ചു. പുതിയ റൂട്ടുകാം പലതും തുടങ്ങി. റെയിൽവേഡിപ്പാർട്ടുമെൻറിൻേറയും ബസ്സുടമകളുടേയും ആദായം പല മടങ്ങുയരുകയും ബസ്സ്തൊഴിലാളികളുടെ എണ്ണം ശതഗുണീഭവിക്കുയും ചെയ്തു.

വ്യാപാരികളുടേയും വ്യാപാരത്തൊഴിലാളികളുടേയും വദ്ധന അസൂയാവഹമായിരുന്നു. സ്വർണ്ണവ്യാപാരം മുതൽ ചായക്കച്ചവടം വരെയുള്ള എല്ലാ കൊടുക്കൽവാങ്ങലുകളും കുടിയേററക്കാരുടെ പ്രവേശനശേഷം നൂറുമടങ്ങായി വർദ്ധിച്ചു. ടൗണിലെ ഒരു ജൗളിക്കടക്കാരൻ പറഞ്ഞു, തങ്ങളുടെ വില്പന അമ്പതിരട്ടിയിലധികം വദ്ധിച്ചുവെന്നു്. ഇരുമ്പുരുക്കു്, സിമൻറ് വ്യാപാരികളുടെ വില്പന നൂറിരട്ടിയിലും കവിഞ്ഞിട്ടുണ്ടു്. അടുത്ത നാളിൽ വയനാട്ടിലെ ഒരു പഞ്ചായത്തുറോഡിൽവച്ചു് ഒരു തലച്ചുമടുകച്ചവടക്കാരൻ പറയുകയുണ്ടായി, ചേട്ടന്മാർ ഇവിടെവന്നു താമസിച്ചില്ലായിരുന്നുവെങ്കിൽ തങ്ങളൊക്കെ തെണ്ടിപ്പോകുമായിരുന്നെന്നു്. ഇപ്പോരം അലൂമിനിയം പാത്രങ്ങളുമായി വീടുകേറിനടന്നാൽ പത്തുപതിനഞ്ചു റുപ്പികയെങ്കിലും കിട്ടും. പട്ടണത്തിൽക്കൂടെ നടന്നാൽ ചായയ്ക്കുള്ള വകപോലും കിട്ടുകയില്ല. മത്സ്യച്ചുമടു വില്പനക്കാരും ഇതുപോലെതന്നെയാണു പറയുന്നതു്. ഇങ്ങനെ എല്ലാ രംഗങ്ങളിലുമുള്ള കച്ചവടക്കാക്കും തൊഴിൽക്കാക്കും കുബേരന്മാക്കും കുചേലന്മാക്കും കുടിയേററക്കാരുടെ ആഗമനംമൂലം ജോലിയും ആദായവും വദ്ധിച്ചുവെന്നു പറയാം.

കുടിയേററകേന്ദ്രങ്ങളിൽപ്പോലുമുള്ള കച്ചവടപ്പീടികകളിൽ ഭൂരിപക്ഷവും മുസ്ലീംങ്ങളുടേതാണു്. എങ്കിലും കുടിയേററക്കാർ ഈ തുറയിലും അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടു്. കോഴിക്കോട്ടു്, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പു്, ഇരിട്ടി, ചെമ്പേരി,

തൊട്ടിൽപ്പാലം മുതലായ പട്ടണങ്ങളിൽ മലംചരക്കു കച്ചവട ത്തിലും മററും അവർ കാലുറച്ചുവരുകയാണ്. ചുരുക്കം ചിലർ സ്വതീസ്ബസുകാം നടത്തിത്തുടങ്ങിയിട്ടുമുണ്ട്. ഗവമ്മെൻറ് ജോലികളിൽ പ്രവേശിച്ചിട്ടുള്ളവരും വിരളമല്ല. എങ്കിലും തൊണ്ണൂററഞ്ചുശതമാനം കുടിയേററക്കാരും കൃഷിജോലികളിൽ തന്നെ ഏപ്പെട്ടു കഴിയുന്നു.

കുടിയേററക്കാരുടെ പഴയ ഏററുമാടങ്ങളും ചെററക്കുടിലു കളും എല്ലാം മാറിവരുന്നുണ്ട്. പലരും ഓടുമേഞ്ഞ സാമാന്യം നല്ല വീടുകാം ഉണ്ടാക്കിക്കഴിഞ്ഞു. മരുതോങ്കര, കുളത്തുവയൽ, കൂരാച്ചുണ്ട്, കല്ലാനോട്, തിരുവാമ്പാടി, കൂടരഞ്ഞി, കോട ഞ്ചേരി, കണ്ണോം മുതലായ ഭാഗങ്ങളിൽ കോൺക്രീററ് കെട്ടി ടങ്ങാം ധാരാളം കാണാം. കാറും ജീപ്പും സ്വന്തമായിട്ടുള്ളവരും ഉണ്ട്. എന്നാൽ ധൂർത്തടിച്ചും മദ്യപിച്ചും നശിച്ചുപോയവരും ഇല്ലാതില്ല. മുക്കത്തു ബീരാൻകുട്ടി ഹാജി അദ്ദേഹത്തിൻെറ സ്നേഹിതനോടു പറഞ്ഞതു് ഇവിടെ പ്രസക്തമത്രേ: ''ഈ തിരുവിതാംകൂർ ചേട്ടന്മാക്കു് നാം സ്ഥലം വിററു പൈസ വാങ്ങി. അവരിൽ പലരും പനിക്കിരയായി മരണപ്പെട്ടു. ബാക്കിയുള്ളവർ മടങ്ങിപ്പോയി. പക്ഷേ പിന്നേയും പിറകെ പിറകെ ചേട്ടന്മാർ വന്നു സ്ഥലം വാങ്ങി. നമുക്കു് വീണ്ടും ഉറുപ്പിക കിട്ടി. ഇപ്പോാ അവർ പോകാതെ വേരുറച്ചുവരി കയാണ്. അവരുടെ പരിശ്രമവും പ്രയത്നശീലവും അത്ഭുതാ വഹം. വിസ്മയിപ്പിക്കുന്ന അഭിവൃദ്ധി. എന്നാൽ റാക്കു കുടിച്ച് അവർ രസിക്കുന്നു. വഴക്കും കേസുമുണ്ടാക്കി നശിക്കുന്നു. ഇതി ല്ലായിരുന്നെങ്കിൽ അവർ മലബാറിൻെറ മന്നന്മാരാകുമായി രുന്നു.''

കുടിയേററക്കാരുടെ ആദ്ധ്യാത്മികകാര്യങ്ങാം നടത്തുന്ന തിനായിട്ടാണ് ദേവാലയം. അക്കാര്യങ്ങാം അന്വേഷിക്കുന്ന തിനായി അവിടെ ഒരു വൈദികനേയും ഏപ്പെടുത്തുന്നു. അവ ക്കായി സൗജന്യ സേവനം ചെയ്യുവാൻ സ്വയം അർപ്പിക്കപ്പെ ട്ടവരാണ് വൈദികർ. അങ്ങനെ സേവനം ചെയ്യുവാൻ അപ്പിതരായ കന്യാസ്ത്രീകളും ആ കേന്ദ്രത്തിൽ നിയമിക്കപ്പെ ടുന്നു. കൊച്ചുകുട്ടികളെ പഠിപ്പിക്കുവാനും ആശുപത്രിയിൽ സേവനം ചെയ്യുവാനും ആതുരാലയങ്ങാം നടത്തുവാനും ഇവർ നിയോഗിക്കപ്പെടുന്നു. ഇടവകകളിൽ നിയുക്തരാകുന്ന വൈദി കർ ജനങ്ങളുടെ പ്രതിനിധികളായി ഏതാനും പേരേയും തിര ഞ്ഞെടുത്തു് കമ്മററികളുണ്ടാക്കി, നാടിൻെറ പുരോഗതിക്കു

വേണ്ടി പ്രവത്തിക്കുന്നു. ഈ പ്രവത്തനങ്ങളുടെ ഫലമായി ട്ടാണ് ഓരോ സ്ഥലവും വികസിച്ചതും വികസിച്ചുകൊണ്ടിരിക്കുന്നതും. ഓരോ തുറയിലും വിഷയത്തിലും പ്രായോഗിക ജ്ഞാനമുള്ളവരായി കൂടിയാലോചിച്ചും സക്കാർ ഡിപ്പാർട്ടുമെൻറിൻെറ ഉപദേശം തേടിയും കാര്യങ്ങഠം പ്ലാൻ ചെയ്യുന്നു. പ്രദേശത്തിൻേറയും അവിടത്തെ ആളുകളുടേയും അഭിവൃദ്ധിയിൽ താല്പര്യം ഉണ്ടായിരിക്കണം വൈദികന്. അതു് നേടിയെടുക്കുവാനായി ബുദ്ധിമുട്ടുന്നതിന്ന് മനസ്സുമുണ്ടായിരിക്കണം. ആളുകളെ സംഘടിപ്പിച്ച് ഒരേ ചരടിൽ കോർത്തിണക്കി പ്രവർത്തിപ്പിക്കുവാനുള്ള സാമർത്ഥ്യവും അദ്ദേഹം സ്വന്തമാക്കണം. പക്വമായ അഭിപ്രായങ്ങഠം സ്വീകരിക്കുന്നതിനുള്ള പാകതയും ഉണ്ടായിരിക്കണം. അങ്ങനെയുള്ള വൈദികരുടെ സേവനങ്ങഠം ഏതെല്ലാം കുടിയേററകേന്ദ്രങ്ങഠംക്ക് ലഭിച്ചുവോ ആ കേന്ദ്രങ്ങഠം അർഹിക്കുന്ന പ്രാധാന്യം പ്രാപിച്ചുവരുന്നു. അല്ലാത്തവ പുറകിൽ കിടക്കുകയോ അയൽക്കാക്ക വഴിമാറി കൊടുക്കുകയോ ചെയ്യേണ്ടിവരുന്നു. നേതാവുമായി കഴിവതും യോജിച്ചു പ്രവത്തിക്കാനുള്ള നല്ലമനസ്സ് ജനങ്ങഠംക്കും ഉണ്ടാകണം. അല്ലാത്തപക്ഷം സംഭവിക്കുന്ന നഷ്ടത്തെപ്പററിയുള്ള ബോധം സ്ഥലവാസികഠംക്കുണ്ടായിരിക്കേണ്ടതാണ്.

മലബാറിലെ വൈദികർ ധാരാളം ജോലി ചെയ്യുന്നവരാണ്. അവർ പള്ളിയിൽ കുദാശകഠംക്കായി വരുന്ന ക്രിസ്ത്യാനികളുടെ കാര്യം മാത്രമല്ല അന്വേഷിക്കുന്നതു്. പ്രതിവത്സരം മൂന്നുനാലു് പ്രാവശ്യമെങ്കിലും അവർ ഓരോ വീടും സന്ദർശിക്കും, ക്രൈസ്തവരുടേയും അക്രൈസ്തവരുടേയും. ഓരോ കുടുംബത്തിൻേറയും അതിലെ ഓരോ അംഗത്തിൻേറയും സ്ഥിതിഗതികഠം അവർ പഠിക്കും. അവരെ പ്രോത്സാഹിപ്പിക്കും, തിരുത്തും, സഹായിക്കും. ആത്മീയകാര്യം മാത്രമല്ല അവർ നോക്കുന്നതു്. സമൂഹത്തിൻേറയും പ്രദേശത്തിൻേറയും പ്രശ്നങ്ങളിൽ സ്ഥലവാസികളോടു ചേന്ന് അവർ ഓരോ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കും. ഇടവക അവികസിതം. പ്രദേശം അവികസിതം. ആളുകഠം ദരിദ്രർ. ദേശത്തിൻേറയും ജനങ്ങളുടേയും അഭിവൃദ്ധിക്കായി പ്രവത്തിക്കാതിരിക്കുവാൻ ഹൃദയമുള്ള ഒരു വൈദികനു സാദ്ധ്യമല്ല. അദ്ദേഹം ആളുകളെ സംഘടിപ്പിക്കും. രാജാവായി ഭരിക്കാനല്ല, ഒന്നിച്ചു പ്രവത്തിക്കുവാൻ. അവരിൽ ഒരാളെപ്പോലെ വത്തിക്കും. അദ്ദേഹം അവരേയും അവർ അദ്ദേഹത്തേയും സ്നേഹിക്കുന്നു. എല്ലാകാര്യ

ത്തിലും അദ്ദേഹം അവരുമായി കൂടിയാലോചിക്കുന്നു. ഏററം പക്വമായ അഭിപ്രായം സ്വീകരിക്കുന്നു. ഇങ്ങനെ മുന്നൂറിൽപ്പരം വൈദികരാണ് തലശ്ശേരി, മാനന്തവാടി രൂപതകളിൽ ഇന്നു് അവിശ്രമം ജോലിചെയ്യുന്നതു്.

മന്ത്രിമാർക്കും കലക്ടർമാർക്കും ഓരോ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കും ഈ വൈദികരെ പരിചയവും അവരോടു സ്നേഹവുമാണ്. ഈ വൈദികർ ജനപ്രതിനിധികളാണെന്നും അവർ ഏറെറടുക്കുന്ന വികസനജോലികൾ ഏററം നന്നായി ചെയ്യുമെന്നും സ്വാർത്ഥലാഭം നോക്കുകയില്ലെന്നും അവർക്കറിയാം. മലബാർ മലയോരങ്ങളിലെ വികസനങ്ങളെല്ലാം ഇത്രത്തോളം സാധിച്ചതും സാധിച്ചുകൊണ്ടിരിക്കുന്നതും വൈദികരുടെ പരിപക്വമായ നേതൃത്വംമൂലമാണെന്നു പറയാം.

# പ്രകാശത്തിൻെറ പാതയിൽ

തലശ്ശേരി രൂപതാസ്ഥാപനത്തോടുകൂടി കുടിയേററകേന്ദ്രങ്ങളെല്ലാം വളരെവേഗം വികാസംപ്രാപിക്കുവാൻ തുടങ്ങി. ആദ്യകുടിയേററകേന്ദ്രമായ പേരാവൂരിൽ സ്ഥാപിക്കപ്പെട്ടിരുന്ന കുരിശുപള്ളി 1943-ൽത്തന്നെ ഒരു ഇടവകയായി ഉയർത്തപ്പെട്ടിരുന്നു. ഫാ. ജോസഫ് കുത്തുരായിരുന്നു ആദ്യത്തെ വികാരി.

പേരാവൂരിൽ കുടിയേററക്കാർ മാത്രമേ ക്രിസ്ത്യാനികളായി ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് കുടിയേററക്കാരുടെ കാര്യത്തിലും അവരുടെ അഭിവൃദ്ധിയിലും കൂടുതൽ ശ്രദ്ധചെലുത്തുവാൻ ബ. വികാരിമാക്കു കഴിഞ്ഞു. കുട്ടികൾക്കു് വിദ്യാഭ്യാസം നൽകുന്നതിനായി ബ. കുത്തുരച്ചൻ ഒരു സ്കൂൾ ആരംഭിച്ചു. ഗവണ്മെൻറിൻെറ അംഗീകാരം അതിനു വാങ്ങി. കുട്ടികളുടേയും ക്ലാസ്സുകളുടേയും എണ്ണം പടിപടിയായി ഉയന്നുവന്നു. പിന്നീടു വന്ന ഒരു വികാരിയുടെ ശ്രമഫലമായി സ്കൂളിനെ യു. പി. ആക്കി ഉയത്തി. കാലക്രമേണ യു. പി. ക്ലാസ്സുകളിൽനിന്നു് ജയിച്ച കുട്ടികൾ വളരെയായി. അവക്കു തുടന്നു പഠിക്കുവാൻ അടുത്തെങ്ങും സ്കൂളുകൾ ഇല്ല. 1954-ൽ മോൺ. ജെ. ബി. റോഡ്രിഗസ്സ് വികാരിയായിരിക്കുമ്പോൾ ഹൈസ്കൂൾ ആരംഭിക്കുവാൻ വേണ്ട അനുവാദം മദ്രാസ് ഗവണ്മെൻറിൽനിന്നു് വാങ്ങിച്ചെടുത്തു. അനുദിനം ഈ സ്കൂൾ അഭിവൃദ്ധിപ്പെട്ടുപോന്നു.

1950-ൽ പേരാവൂരിൽനിന്നു് പത്തുമൈൽ കിഴക്കായി ചുങ്കക്കുന്നിലും 1952-ൽ പെരുമ്പുന്നയിലും ഒരോ ദേവാലയം ആരംഭിച്ചു. പേരാവൂരിൽനിന്നു് ഒരു വൈദികൻ അപ്പഴപ്പോൾ ചെന്നു് മതകമ്മങ്ങൾ നടത്തിപ്പോന്നു. 1956-ൽ കേളകത്തു് ഒരു യാക്കോബായപള്ളിയും 1958-ൽ കണിച്ചിയാററിൽ എസ്. എൻ. ഡി. പി. സ്കൂളും ഭജനമഠവും സമാരംഭിച്ചു. ഈ സ്ഥലങ്ങളെല്ലാം ക്രമേണ കുടിയേററക്കാരുടെ കേന്ദ്രങ്ങളായി വികസിച്ചു. കേളകത്തു് ഇപ്പോൾ ഒരു ഹൈസ്കൂളും പോലീസ്

സ്റ്റേഷനും ഒരു ഷെഡ്യൂംഡ് ബാങ്കുശാഖയുമുണ്ട്. രൂപതാ സ്ഥാപനത്തിനുശേഷം കണിച്ചിയാർ, അടയ്ക്കാത്തോട്, കോളിത്തട്ട്, കൊട്ടിയൂർ, അമ്പായിത്തോട്, കൊളക്കാട്, നെടുംപുറംചാൽ, ഓടൻതോട്, പോത്തുകുഴി മുതലായ സ്ഥലങ്ങളിൽ കത്തോലിക്കാദേവാലയങ്ങരം തുടങ്ങി. ഈ കേന്ദ്രങ്ങളെല്ലാം മതകർമ്മങ്ങളുടേയും സാമൂഹികപ്രവർത്തനങ്ങളുടേയും സിരാകേന്ദ്രങ്ങളായിത്തീർന്നു. സ്കൂളുകളും കോൺവെൻറുകളും മിക്ക സ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടു. എൻ. എസ്. എസ്സിൻേറയും എസ്. എൻ. ഡി. പി.യുടേയും മാനേജുമെൻറിൽ എൽ. പി. സ്കൂളും യു. പി. സ്കൂളും ക്രിസ്ത്യൻ പള്ളി മാനേജ്മെൻറിൽ ഹൈസ്കൂളും കൊട്ടിയൂരിൽ നടത്തിവരുന്നു. ചുങ്കക്കുന്നിൽ ഒരു ആശുപത്രിയും ഉണ്ട്.

കോളനികളിൽ വികാരിമാരായിരുന്ന വൈദികർ ജനങ്ങളുടെ ആത്മകാര്യങ്ങളിൽ മാത്രമല്ല ശ്രദ്ധിച്ചിരുന്നത്. അവരുടെ സാമൂഹ്യവും സാസ്കാരികവും സാമ്പത്തികവുമായ കാര്യങ്ങരംക്കും നേതൃത്വം നൽകിയിരുന്നു. ജനങ്ങളെ സംഘടിപ്പിച്ച് ദേശവികസനത്തിനായി വിവിധ ഭാഗങ്ങളിലേയ്ക്കു് റോഡുകരം തുറന്നു. പാലങ്ങരം പണിതു. സ്കൂളും വായനശാലകളും സ്ഥാപിച്ചു. മികച്ച ഫലംതരുന്ന വിത്തുകരം നട്ടുപിടിപ്പിക്കുവാൻ ജനങ്ങരംക്കു് ഉപദേശങ്ങരം നല്കി. ദൂരെനിന്നു നല്ല വിത്തുകരം വരുത്തി വിതരണംചെയ്തു.

പേരാവൂരിലെ കുടിയേററക്കാരുടെ കേന്ദ്രമായ തൊണ്ടിയിൽ ലൈൻബസ്സ് എത്തിയിരുന്നില്ല. അതുപോലെ മഴക്കാലത്തു് കൊട്ടിയൂർ ഭാഗത്തേയ്ക്കും വാഹനങ്ങരം പോകാത്തതിനാൽ ജനങ്ങരം വിഷമിച്ചു. മൊന്തനാരിയച്ചൻ തെററുവഴി–മണത്തന റോഡ് നേരത്തെ ഉണ്ടാക്കിയിരുന്നു. കുന്നപ്പള്ളി ജേക്കബച്ചൻ പേരാവൂർ വികാരിയായിരിക്കുമ്പോരം തെററുവഴി–മണത്തനറോഡ് വീതികൂട്ടി മെററലിട്ടു് ടാർചെയ്തു. ജനങ്ങളുടെ സംഭാവനകൊണ്ടും ഗവണ്മേൻറ് ധനസഹായംകൊണ്ടുമാണ് ഇതു ചെയ്തതു്. കാഞ്ഞിരപ്പുഴയ്ക്കു് തൊണ്ടിയിൽ ഒരു കോൺക്രീററ് പാലം പണിതു. ഇപ്പോരം ധാരാളം ബസ്സും ലോറിയും നിരന്തരം അതിലെ കൊട്ടിയൂർക്ക് ഓടിക്കൊണ്ടിരിക്കുന്നു.

കണിച്ചിയാർപള്ളിവികാരി ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ടു പൊതുജനങ്ങളെ സംഘടിപ്പിച്ച ശ്രമദാനം നടത്തി കൊട്ടിയൂർക്കു നേരത്തെ ഉണ്ടായിരുന്ന നടപ്പാത വീതികൂട്ടുകയും

വാഹനയോഗ്യമാക്കുകയും ചെയ്തു. അതുകൊണ്ട് കൊട്ടിയൂരും കഴിഞ്ഞ് വയനാടൻമലകളുടെ താഴ്വര വരെ – അമ്പായിത്തോടു വരെ – 1974 മുതൽ ധാരാളം ലൈൻബസ്സ് ഓടിക്കുവാൻ സാധിക്കുന്നു. പ്രസ്തുത റോഡുകൾ പി. ഡബ്ളിയു. ഡി. യിലേയ്ക്കേല്പിച്ചു. ചുങ്കക്കുന്നുവരെ ടാർ ചെയ്തുകഴിഞ്ഞു. പാൽച്ചുരം വഴി വയനാട്ടിലെ മാനന്തവാടി – തലശ്ശേരി റോഡിലേയ്ക്കു ബന്ധിപ്പിക്കുകയും ചെയ്തു. ചുരംഭാഗത്തെ കുറച്ചു പണികൾ പൂർത്തിയായിട്ടില്ലന്നേയുള്ളൂ. കണിച്ചിയാർവഴി അടയ്ക്കാത്തോട്ടിലേയ്ക്കുള്ള ബസ്സ് വർഷകാലങ്ങളിൽ ഓടുന്നില്ല, കാഞ്ഞിരപ്പുഴയുടെ ഇരുതീരങ്ങളും ഒരു പാലത്താൽ ബന്ധിപ്പിക്കാത്തതിനാൽ. അടയ്ക്കാത്തോടുപള്ളിവികാരി ഫാ. അഗസ്റ്റിൻ കണ്ണാടിക്കര ഒരു പാലത്തിനായി ഗവണ്മേൻറിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ചെലവിൻെറ മൂന്നിലൊന്നുഭാഗം പണം, ഏകദേശം രണ്ടുലക്ഷം രൂപാ, പൊതുജനങ്ങളിൽനിന്നു പിരിച്ചെടുത്തു ഗവണ്മേൻറിൽ കെട്ടിവച്ചു കാര്യം സാധിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പന്ത്രണ്ടുമാസവും വാഹനങ്ങൾ നിർബാധം ഓടുവാൻ സൗകര്യങ്ങളായെങ്കിലേ സ്ഥലത്തിനും സ്ഥലവാസികൾക്കും ഐശ്വര്യമുണ്ടാവുകയുള്ളൂവെന്ന ദ്ദേഹത്തിനറിയാം.

എടൂർ, കീഴ്പ്പള്ളി ഭാഗങ്ങളിലെ കുടിയേററക്കാർക്കു സാമാനങ്ങൾ വില്ക്കുവാനും വാങ്ങുവാനും ഇരിട്ടി പട്ടണത്തെ ആശ്രയിക്കണം. ബസ്സില്ല. പുഴയ്ക്ക്, കോളിക്കടവിൽ പാലമില്ല. കീഴ്പ്പള്ളിവികാരി വാളായിൽ ബ. ഫ്രാൻസീസച്ചൻ ആളുകളെ സംഘടിപ്പിച്ചു റോഡിനു വീതികൂട്ടി ബസ്സോടിക്കുവാൻ തുടങ്ങി. വേനൽക്കാലത്തു താല്ക്കാലികപാലങ്ങൾ ഉണ്ടാക്കി ബസ്സും ലോറിയും ഓടിച്ചിരുന്നു. തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമായി ഇരിട്ടിപ്പുഴയ്ക്ക് ഒരു സ്ഥിരം കോൺക്രീററുപാലം, കോളിക്കടവിൽ, ഗവണ്മെൻറ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. നെല്ലിക്കാമ്പോയിൽ വികാരി ബ. കുന്നേൽ ജോസഫച്ചൻ ജനങ്ങളെ സംഘടിപ്പിച്ച് ഇരിട്ടിയിൽനിന്നു മാട്ടറവരെയും മണിക്കടവുവരെയും ലൈൻബസ്സ് ഓടത്തക്കവിധം റോഡുകൾ വീതികൂട്ടി ശരിപ്പെടുത്തി. ഇപ്പോൾ ബസ്സും ലോറിയും ഓടിക്കൊണ്ടിരിക്കുന്നു. വട്ടിയാംതോടിനു പാലം ഉണ്ടാക്കിയാലേ വഷകാലത്ത്, മണിക്കടവിൽ ബസ്സ് എത്തുകയുള്ളൂ. ആ പാലം ഉണ്ടാക്കുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഈസ്റ്റിൻഡ്യാക്കമ്പെനിയുടെ ഒരു സുപ്രധാന കേന്ദ്രമായിരുന്നു, തലശ്ശേരിപ്പട്ടണം. വയനാട്ടിലെയും കൂർഗിലെയും മൈസൂറിലെയും മലകളിൽനിന്നുമുള്ള തോട്ടം ഉല്പന്നങ്ങൾ കപ്പൽമാർഗ്ഗം വിദേശങ്ങളിലേയ്ക്കയയ്ക്കുവാൻ തലശ്ശേരിയിലെത്തിക്കേണ്ടതാവശ്യമായിരുന്നു. തലശ്ശേരി–കൂർഗ്റോഡിൽ ഇരിട്ടിപ്പുഴയ്ക്കു പാലം ഉണ്ടെങ്കിലേ അതു സാധിക്കുമായിരുന്നുള്ളു. ബ്രിട്ടീഷുകാർ ബലിഷ്ഠമായ ഒരു പാലം ഉണ്ടാക്കി. ഈ പാലത്തിനു കാഴ്ചയിലും ഒരു ഗാംഭീര്യമുണ്ട്. ഈ പാലം കടന്നാൽ കൂട്ടുപുഴയിലേയ്ക്ക്–കർണ്ണാടകസ്റ്റേററിൻെറ അതിർത്തിയിലേക്ക്–പന്ത്രണ്ടു കിലോമീററിൽ കൂടുതലില്ല. പാലംകടന്നു മാടത്തിൽ എന്ന സ്ഥലത്തു് എത്തിയശേഷം വേണം എട്ടൂരിലേക്കു തിരിയുവാൻ. ഇരിട്ടിപുഴതന്നെ കോളിക്കടവിൽ വീണ്ടും കടക്കണം, എട്ടൂരെത്തണമെങ്കിൽ.

പേരാവൂർമേഖലയിൽപ്പെട്ട ഒരു പ്രധാന കേന്ദ്രമാണ് ആറളംപഞ്ചായത്തിലെ എട്ടൂർ. പേരാവൂരിൻെറ ഇരുപതുമൈൽ ചുററുമുള്ള സ്ഥലങ്ങളെല്ലാംതന്നെ കുടിയേററക്കാർ വാങ്ങി കൈവശമാക്കിക്കഴിഞ്ഞു. പാലാക്കാരൻ ഞാവള്ളി ഐപ്പച്ചനും അനുജൻ സ്കറിയാച്ചനും വേറെ ചിലക്കും റബ്ബർത്തോട്ടം വച്ചുപിടിപ്പിക്കുവാൻ കുറെ അധികം സ്ഥലം വേണമായിരുന്നു. പേരാവൂർപ്രദേശത്തു് ഒരു ബ്ലോക്കായി സ്ഥലം കിട്ടുവാനുണ്ടായിരുന്നില്ല. പാറപ്രവൻ മമ്മുഹാജിയെ സമീപിച്ച്, ആറളം അംശത്തിൽ അവർ 1500 ഏക്കർ സ്ഥലംവാങ്ങി. നല്ല ഫലപുഷ്ടിയുള്ള മണ്ണാണെന്നു മനസ്സിലായി. ധാരാളം ആളുകൾ പിറകെ പിറകെ വന്ന് ഞാവള്ളിക്കാരോടും മമ്മുഹാജിയോടും കാടുവാങ്ങി താമസം തുടങ്ങി. ഇവരായിരുന്നു എട്ടൂർഭാഗത്തെ ആദ്യകുടിയേററക്കാർ. 1943–ൽ ഫാ. കുത്തൂരിനെ പേരാവൂരിൽനിന്നു കൊണ്ടുവന്ന് ശ്രീ വലിയപറമ്പിൽ തോമസ്സിൻെറ നെൽക്കളത്തിൽ താല്ക്കാലികമായി നിർമ്മിച്ച പൂപ്പന്തലിൽ വിശുദ്ധകുർബാനയും മററു ദിവ്യകർമ്മങ്ങളും നടത്തിച്ചു. രണ്ടാമത്തെ കുർബാന ഞാവള്ളിൽ എസ്റ്റേററ് കെട്ടിടത്തിൽവച്ചായിരുന്നു. ഏതെങ്കിലും ആത്മകാര്യങ്ങൾക്കത്യാവശ്യം നേരിട്ടാൽ പേരാവൂർചെന്നു വൈദികനെ കൊണ്ടുവരണം. വഴിയും വാഹനങ്ങളും, പുഴയ്ക്കു പാലങ്ങളും ഇല്ല. അക്കാലത്തു തിടുക്കത്തിൽ ഒരു വൈദികനെയോ വൈദ്യനെയോ കൊണ്ടുവരിക സാദ്ധ്യമായിരുന്നില്ല. പനിപിടിച്ചു പലരും മരിച്ചു. വളരെപ്പേർ നാട്ടിലേക്കു മടങ്ങിപ്പോയി. ചികിത്സാസൗകര്യങ്ങ

ളൊന്നും ലഭ്യമല്ലായിരുന്നു. ഞാവള്ളിക്കാരും പാലായിലേയ്ക്കു മടങ്ങി. അവരുടെ സ്ഥലം മുഴുവൻ ആവശ്യക്കാൎക്കു വില്ക്കുവാൻ തോട്ടം റൈറ്ററായിരുന്ന ശ്രീ കെ. വി. വറുഗീസിനെ ചുമതലപ്പെടുത്തി. എന്നാൽ കുറെപ്പേർ മടങ്ങിപ്പോകുമ്പോഠം അതിൻെറ പതിന്മടങ്ങ് ആളുകഠം പുതുതായി വന്നുകൊണ്ടിരുന്നു. 1945 ആയപ്പോഴേക്കു് എട്ടുരിൽ ഇരുന്നൂറോളം വീട്ടുകാർ ആയി. പൊതുവേ എല്ലാവൎക്കും എത്തിച്ചേരുവാൻ സൗകൎയ്യമായ സ്ഥാനത്തേയ്ക്കു് പള്ളി മാററിവയ്ക്കുവാൻ തീരുമാനിച്ചു. നേരത്തെ ഓരോരുത്തർ സംഭാവനചെയ്ത സ്ഥലത്തു താല്ക്കാലിക കെട്ടിടങ്ങളുണ്ടാക്കി അവയിൽ ദിവ്യകൎമ്മങ്ങഠം നടത്തിയിരുന്നു. പൊട്ടംകുളം മത്തായിയും മണ്ണനാൽ വിൻസൻെറും മററും പള്ളിക്കായി സംഭാവനചെയ്ത സ്ഥലത്തു നീണ്ട ഒരു കെട്ടിടം പണിതുണ്ടാക്കി. അതു പള്ളിക്കും പള്ളിക്കൂടത്തിനും പള്ളിമേടയ്ക്കുമായി ഉപയോഗിച്ചു. കുടിയേററക്കാരുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുകൊണ്ടിരുന്നു. കോഴിക്കോടുബിഷപ്പു് 1946–ൽ എട്ടുരിനെ ഒരു സ്വതന്ത്ര ഇടവകയായി ഉയൎത്തുകയും അതിൻെറ വികാരിയായി ഫാ. കുര്യാക്കോസ് കുടക്കച്ചിറയെ നിയമിക്കയും ചെയ്തു. അദ്ദേഹം ചുരുക്കം ദിവസങ്ങളേ ആ ജോലിയിൽ കഴിച്ചുകൂട്ടിയുള്ളൂ. പകരം ബ. സി. ജെ. വൎക്കിയച്ചൻ വികാരിയായി നിയമിക്കപ്പെട്ടു. വൎക്കിയച്ചനാണു് എട്ടുരിൻെറ ഭാവിവികസനങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടു റോഡുകളും സ്കൂഠംകെട്ടിടങ്ങളും മററും യഥാസ്ഥാനങ്ങളിൽ പണിയുവാൻ പ്ലാനിട്ടതു്. ബ. കൊല്ലംപറമ്പിൽ ജോസഫച്ചൻ ഉയൎന്ന കുന്നിൻപുറത്തു് കിഴക്കുപടിഞ്ഞാറായി സ്ഥിരം പള്ളിക്കെട്ടിടം പണിതപ്പോഠം വൎക്കിയച്ചൻെറ പ്ലാൻ പ്രവൃത്തിയിലായി. വൎക്കിയച്ചനുശേഷം വികാരിയായി നിയമിക്കപ്പെട്ടതു് ഫാ. ജോസഫ് കട്ടക്കയമാണു്. ഒരു സാമൂഹ്യപ്രവൎത്തകനായിരുന്നു, അദ്ദേഹം. അദ്ദേഹം എൽ. പി. സ്കൂളിനെ യു. പി. സ്കൂളാക്കി ഉയൎത്തി. പോസ്റ്റോഫീസ്, ഐക്യനാണയസംഘം, ഗ്രാമീണറോഡുകഠം മുതലായവ അദ്ദേഹത്തിൻെറ സേവനഫലങ്ങളത്രേ. 1958–ൽ യു. പി. സ്കൂളിനെ ഹൈസ്കൂളാക്കി, ഫാ. എസ്. കെ. എളംതുരുത്തി വികാരി ആയിരിക്കുമ്പോഠം. 1956–ൽ കൎമ്മലമഠത്തിൻെറ ഒരു ശാഖ എട്ടുരിൽ സമാരംഭിച്ചു. ബ. സിസ്റ്റേഴ്സിൻെറ സേവനങ്ങഠം സ്കൂളിലും പള്ളിയിലും ഇടവകയിലും ഉപകാരപ്പെടുന്നു.

ആറളം അംശത്തിലെ അയ്യംകുന്നു പ്രദേശങ്ങളിലേക്കും തിരുവിതാംകൂർകാർ കുടിയേറുവാൻ തുടങ്ങി. വളരെ താരി

തഗതിയിലായിരുന്നു ആ പ്രവാഹം. അഞ്ചാറു കൊല്ലങ്ങൾ കൊണ്ടു് ആയിരത്തോളം കുടുംബങ്ങൾ അവിടങ്ങളിൽ താമസമാക്കി. ഓരോ ഭാഗത്തും ദേവാലയവും വിദ്യാലയവും കന്യാകാലയവും സ്ഥാപിക്കപ്പെട്ടു. അങ്ങനെ 1948-ൽ അങ്ങാടിക്കടവും 1954-ൽ കരിക്കോട്ടക്കരിയും കീഴ്പ്പള്ളിയും സേവനങ്ങളുടെ കേന്ദ്രങ്ങളായി ഉയൎന്നുവരുവാൻ തുടങ്ങി. കീഴ്പ്പള്ളിയുടെ ശാഖയായി മാങ്ങോട്ടും പള്ളിയും സ്കൂളും പ്രവൎത്തനങ്ങളും തുടങ്ങിയിട്ടുണ്ടു്.

ഇരിട്ടിപാലം കടന്നു് തെക്കുകിഴക്കോട്ടു് കൂർഗ്ഗുറോഡരുകിലുള്ള കുന്നോത്തു്, കിളിയന്തറ, പേരട്ട, കച്ചേരിക്കടവു്, ചരൽ മുതലായ സ്ഥലങ്ങളിലെല്ലാം കുടിയേററക്കാർ താമസമാക്കി. 1942 മുതൽതന്നെ കുന്നോത്തു് ഏതാനും വീട്ടുകാർ താമസമാക്കിയിരുന്നു. 1943-ൽ അവർ പേരാവൂർ ചെന്നു് അവിടത്തെ വികാരി ബ. കുത്തൂരച്ചനെ, കുന്നോത്തു് കൊണ്ടുവന്നു് വീടുകളിൽ കുർബാനയും കൂദാശകളും നടത്തിച്ചു. 1942-ൽ കുടിയേററം ആരംഭിച്ച കുന്നോത്തിൻെറ ശാഖയായിട്ടാണു് കിളിയന്തറപ്പള്ളി 1948-ൽ ആരംഭിച്ചതെങ്കിലും, കുന്നോത്താണു് സ്കൂൾ നേരത്തെ ഉണ്ടായതെങ്കിലും, കിളിയന്തറയിൽ കൂടുതൽ കുടുംബങ്ങളുണ്ടായിരുന്നതിനാൽ അവിടെയാണു് ആദ്യം ഒരു വികാരിയെ സ്ഥിരമായി ലഭിച്ചതു്. ഫാ. ജോൎജ്ജ് പതിയിലായിരുന്നു കിളിയന്തറയുടെ ആദ്യത്തെ വികാരി. കിളിയന്തറപ്പള്ളിയുടെ പ്രാരംഭപണികൾ നടത്തിയതു് അദ്ദേഹമാണു്. അവിടെ അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകൾ നിസ്സീമങ്ങളായിരുന്നു. 1961-ൽ കുന്നോത്തുനിന്നു് മാടത്തിൽ പള്ളി ആരംഭിച്ചു. കുന്നോത്തെ എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയൎത്തപ്പെട്ടു. 1960-ൽ ക്ലാരമഠത്തിൻെറ ഒരു ശാഖ ആരംഭിച്ചു. അതിനെ നവസന്യാസഭവനമായി ഉയൎത്തി. അവിടെ ഒരു ബാലഭവൻ സ്ഥാപിക്കുവാൻ കെട്ടിടം പണുതുകൊണ്ടിരിക്കുന്നു. വള്ളിത്തോട്ടിലുള്ള വി. യൂദാതദേവൂസിൻെറ കുരിശുപള്ളിയും ആ വിശുദ്ധൻവഴി ഭക്തജനങ്ങൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും പ്രസിദ്ധമാണു്.

കിളിയന്തറ ഇടവകക്കാർ പള്ളത്തുകുഴി, മണ്ണുകുശുമ്പിൽ, പാലമററം, ആറുപറ, മുതലായ വൈദികരുടെ നേതൃത്വത്തിൽ എൽ. പി., യു. പി., ഹൈസ്കൂളുകൾ ക്രമേണ വാങ്ങിച്ചെടുത്തു. കെട്ടിടങ്ങൾ പലതു പണിതു. ആരാധനമഠത്തിൻെറ ഒരു ശാഖ തുടങ്ങി. അതു നവസന്യാസഭവനമായി ഉയൎത്തപ്പെട്ടു. കച്ചേ

രിക്കടവിലും ചരളിലും സ്കൂളുകൾ തുടങ്ങി. കുട്ടപുഴയോടടുത്ത് പേരട്ടയിൽ ഒരു ദേവാലയം 1972–ൽ ആരംഭിച്ചു. ഗവണ്മെൻറു വകയായി അവിടെ ഒരു എൽ. പി. സ്കൂൾ നടത്തിവരുന്നു. ഇപ്പോൾ പള്ളിവക യു. പി. സ്കൂളുമുണ്ട്. കമ്മലമഠത്തിൻെറ ഒരു ശാഖ കച്ചേരിക്കടവിൽ തുടങ്ങുകയുണ്ടായി. കച്ചേരിക്കടവിൻെറ കിഴക്കുഭാഗത്ത് കൂർഗ് അതിർത്തിയോടടുത്ത് പാലത്തിൻകടവിൽ ഒരു ദേവാലയം 1974–ൽ സമാരംഭിച്ചു. അവിടംവരെ ഒരു ജീപ്പ്റോഡ് വെട്ടിത്തുറന്നു. കുട്ടപുഴയിൽനിന്നും കച്ചേരിക്കടവിലേയ്ക്ക് ഒരു ജീപ്പുപാലം 1977–ൽ ഗവണ്മെൻറിനെക്കൊണ്ട് ഉണ്ടാക്കിച്ച് വാഹനഗതാഗതം സൗകര്യപ്പെടുത്തിയിട്ടുണ്ട്. ആ പ്രദേശത്തിൻെറ നട്ടെല്ലായ കുട്ടപുഴ – പാലത്തിൻകടവ് റോഡ് പി. ഡബ്ല്യൂ. ഡി. എടുത്ത് ടാർ ചെയ്യേണ്ടതു് അത്യാവശ്യമാകയാൽ അതു ഗവണ്മെൻറിനെക്കൊണ്ട് ചെയ്യിക്കുവാൻ വേണ്ട ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഇരിട്ടി പാലം കടന്ന് വടക്കുകിഴക്കോട്ടു നീങ്ങിയവർ പടിയൂർ, കല്യാട്ട പഞ്ചായത്തിൽപ്പെട്ട നെല്ലിക്കാംപോയിൽ എന്ന പ്രദേശത്ത് സ്ഥലങ്ങൾ വാങ്ങി 1939 മുതൽ താമസമാക്കി. അന്നു വളരെ ചുരുക്കമായിട്ടേ കുടിയേററം നടന്നിരുന്നുള്ളൂ. മലമ്പനിയുടേയും കാട്ടുമൃഗങ്ങളുടേയും ആക്രമണം ഭയങ്കരവും നിരന്തരവുമായിരുന്നു. പേരാവൂരിൽ മാത്രം ഒരു വൈദികനുണ്ട്. ഏതാനും വീട്ടുകാരായപ്പോൾ പേരാവൂർ ചെന്ന് ബ. കുത്തൂരച്ചനെ കൊണ്ടുവന്നു നീരാക്കൽ ശ്രീ ജോസഫിൻെറ വസതിയിൽ 1943–ൽ വി. കർബാനയും കൂദാശകളും നടത്തി. ബ. കുത്തൂരച്ചൻ സൗകര്യംപോലെ അവർക്കു് കർബാനയും കൂദാശകളും നല്കിപ്പോന്നു. 1945 ആയപ്പോഴേയ്ക്കു് ആ ഭാഗത്തേയ്ക്കുള്ള കുടിയേററം വദ്ധിച്ചു. 1948–ൽ കോഴിക്കോട്ട് ബിഷപ്പ് നെല്ലിക്കാംപോയിൽ പള്ളിയെ ഒരു സ്വതന്ത്ര ഇടവകയായി അംഗീകരിക്കയും 1950–ൽ ബ. മുറിഞ്ഞകല്ലേൽ ഫിലിപ്പച്ചനെ നെല്ലിക്കാംപോയിലിൻെറ വികാരിയായി നിയമിക്കുകയും ചെയ്തു. അദ്ദേഹം ചങ്ങനാശ്ശേരി രൂപതയിൽനിന്ന് കോഴിക്കോട്ട് രൂപതയിലേയ്ക്കു് അക്കൊല്ലം ചേർന്ന പരിചയസമ്പന്നനായ ഒരു വൈദികനാണ്. അദ്ദേഹം അവിശ്രമം പ്രയത്നിച്ചു. ഏഴുമൈൽ കിഴക്കു് മണിക്കടവിൽ ഒരു പള്ളി തുടങ്ങി. നെല്ലിക്കാംപോയിൽ സ്കൂൾ ആരംഭിച്ചു. തലശ്ശേരി രൂപതയുടെ ആവിർഭാവശേഷം ഉളിക്കല്ലിൽ ശ്രീ കുട്ടിക്കൃഷ്ണമാരാരുടെ മാനേജ്മെൻറിൽ നടത്തിയിരുന്ന വയ

ത്തൂർ യു. പി. സ്കൂറം ബ. ഫിലിപ്പച്ചൻ ത്രപതയ്ക്കുവേണ്ടി വിലയ്ക്കു വാങ്ങി.

കുടിയേററം തുടർച്ചയായി നടന്നുകൊണ്ടിരുന്നു. പുതിയ ദേവാലയങ്ങറം പലതു് ആരംഭിച്ചു. പുറവയൽ, മാട്ടറ, അറബി, തേർമല, മണിപ്പാറ എന്നിവ ഇങ്ങനെ സമാരംഭിക്കപ്പെട്ടവയാണു്. എല്ലായിടത്തുംതന്നെ സ്കൂളുകളും ചിലയിടത്തെല്ലാം കന്യകാലയങ്ങളും തുടങ്ങി. 1968–ൽ ഉളിക്കല്ലിൽ പഞ്ചായത്തു വകയായി ഒരു ഹൈസ്കൂളും കോഴിക്കോട്ടു് ത്രപത വക ഒരു ദേവാലയവും സമാരംഭിച്ചു. 1978 ജൂലൈ 3 മുതൽ നെല്ലിക്കാംപോയിൽപ്പള്ളിയെ ഒരു ഫൊറോനാ ഇടവകയായി ഉയർത്തിയിരിക്കയാണു്.

കുടിയേററക്കാർ പുതിയ റോഡുകറം പലതുണ്ടാക്കി. 1961 മുതൽ മാട്ടറയ്ക്കും മണിക്കടവിനും പല ലൈൻബസ്സുകറം കടൽത്തീര പട്ടണങ്ങളിൽനിന്നു് ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ അവ വേനൽക്കാലത്തുമാത്രമേയുള്ളൂ. എന്തുകൊണ്ടെന്നാൽ രണ്ടു ചെറിയ പുഴകറംക്കു പാലം തീർക്കണം. അതിനുവേണ്ടി ശ്രമം നടന്നുവരികയാണു്.

1957 മുതൽതന്നെ തൊണ്ടിയിൽ ഒരു ആശുപത്രി പ്രവർത്തിച്ചിരുന്നു. പള്ളിയുടെ ഒരു കെട്ടിടത്തിലാണു് അതാരംഭിച്ചതു്. പൊതുജനങ്ങറംക്കു് അതു് അത്യന്താപേക്ഷിതമായിരുന്നു. പുതുതായി പരീക്ഷകറം പാസ്സായിവന്ന ഡോക്ടർ തങ്കത്തിനും അതു് ഉപകാരപ്രദമായി. പ്രാക്ടീസ് പടിപടിയായി അഭിവൃദ്ധിപ്പെട്ടു. ദീർഘദൃഷ്ടിയുള്ളവളും സമർത്ഥയുമായ ഡോക്ടർ സ്വന്തമായി സ്ഥലം വാങ്ങി കൂടുതൽ സൗകര്യങ്ങളും വലുപ്പവും ഉള്ള കെട്ടിടങ്ങറം ഉണ്ടാക്കി ആശുപത്രി വിപുലപ്പെടുത്തി. പെരുമ്പുന്നയിൽ പ്രസന്റേഷൻ കോൺവെൻറുകാർ കൂടുതൽ സജ്ജീകരണങ്ങളോടുകൂടി ഒരു ആശുപത്രി ആരംഭിച്ചിട്ടുണ്ടു്. ചുങ്കക്കുന്നിലും 1960 മുതലേ ചെറിയ തോതിലുള്ള ഒരു ആശുപത്രി ആരംഭിച്ചു ജനങ്ങറംക്കു സേവനം ചെയ്തുവരുന്നു. ഇതുപോലുള്ള ആശുപത്രികറം എല്ലാ കുടിയേററകേന്ദ്രങ്ങളിലും നടത്തിവരുന്നുണ്ടു്.

മലബാറിലുള്ള ആദ്യകുടിയേററകേന്ദ്രമാണു് പേരാവൂരെങ്കിലും അവിടെ വേണ്ടത്ര വിസ്തീർണ്ണവും ഭംഗിയുമുള്ള ഒരു ദേവാലയം ഉണ്ടായിരുന്നില്ല. വിദ്യാലയങ്ങളുണ്ടാക്കുവാനും തങ്ങളുടെ കുട്ടികറംക്കു് അത്യന്താപേക്ഷിതമായ വിജ്ഞാനം നൽകു

വാനും ആയിരുന്നു അവരുടെ ശ്രദ്ധ മുഴുവൻതന്നെ. മലബാർ കുടിയേററക്കാരുടെ പ്രഥമ ഹൈസ്കൂളാണ് പേരാവൂരിലേതു്. 2500-ൽപരം വിദ്യാർത്ഥികൾ എൽ. പി. യിലും യു. പി. യിലും ഹൈസ്കൂളിലുമായി പഠിച്ചുകൊണ്ടിരിക്കുന്നു.

1970-ൽ ഫാ. അഗസ്റ്റിൻ നടുവിലേക്കുററു് പള്ളിയുടെ വകാരിയായി വന്നു. പള്ളിക്കൂടങ്ങൾക്കു് മതിയാകാതിരുന്ന കെട്ടിടങ്ങൾ അദ്ദേഹം പണിതീർത്തു. അതിനിടയിൽ അദ്ദേഹം ആദായമില്ലാതെ കിടന്നിരുന്ന പള്ളിസ്ഥലം തെങ്ങുവച്ചു ഫലദായകമാക്കി. പുതിയ മോഡലിൽ ഉള്ള ഒരു പള്ളിക്കെട്ടിടം പണിയുവാൻ ആരംഭിച്ചു. ജന്മനായുള്ള അദ്ദേഹത്തിൻെറ വാസനയ്ക്കുപുറമേ രൂപതാപ്രൊക്കുറേറററായിരുന്നപ്പോൾ കൃഷിപ്പണിയിലും കെട്ടിടപ്പണിയിലും ലഭിച്ച പ്രായോഗികജ്ഞാനവും പരിചയവും അദ്ദേഹം ഫലപ്രദമാക്കി. യാതൊരു പാഴ്ച്ചിലവും വരാതെ വളരെ മനോഹരമായ ഒരു പള്ളി പണിയുവാൻ അദ്ദേഹത്തിനു സാധിച്ചു.

തലശ്ശേരിരൂപതയിലെ തിരുഹൃദയസന്യാസിനീസഭാസമൂഹത്തിൻെറ കേന്ദ്രഭവനമാണു് പേരാവൂർ. വിവിധങ്ങളായ സേവനങ്ങളുടെ സിരാകേന്ദ്രം. സഭയുടെ നവസന്യാസഭവനവും പേരാവൂർതന്നെ. ഇക്കൊല്ലം പ്രൊവിൻഷ്യൽഹൗസ് കൂത്തുപറമ്പിലേക്കു മാററപ്പെട്ടു.

പ്രശസ്തമായി പ്രവർത്തിക്കുന്ന വായനശാല, ടൈപ്പ്-റൈററിംഗ് പരിശീലനകേന്ദ്രം, മെക്കാനിക്കൽ ഇൻസ്റ്റിററ്യൂട്ട് മുതലായ സ്ഥാപനങ്ങളും പേരാവൂരിലുണ്ടു്. കീഴൂരിടം കുടുംബം വക ഒരു ഹൈസ്കൂൾ ഇരിട്ടിയിൽ 1967 മുതൽ നടത്തിവരുന്നതും പ്രസ്താവ്യമത്രേ.

കുടിയേററത്തിൻെറ ആരംഭകാലങ്ങളിൽ ചെള്ളിൻെറ ഉപദ്രവങ്ങളാൽ തെങ്ങുകൃഷി തികച്ചും നഷ്ടമായിരുന്നു ഈ ഭാഗങ്ങളിൽ. എല്ലാവരും വളരെയേറെ പരിശ്രമിച്ചെങ്കിലും ഒന്നുരണ്ടുപേർ മാത്രമേ വിജയിച്ചുള്ളൂ. എന്നാൽ 1960 മുതൽ സ്ഥിതിഗതികൾ മാറി. തെങ്ങ് വളരെ സമൃദ്ധമായി വളരുവാനും ഫലം പുറപ്പെടുവിക്കുവാനും തുടങ്ങി. അതുപോലെ തന്നെ കുരുമുളകും റബറും കശുവണ്ടിയും സുഭിക്ഷമായി വളരുന്നു. ജലസേചനത്തിനു് സൗകര്യമുള്ളിടത്തു് കമുകും നല്ല ഫലം തരുന്നുണ്ടു്. ഇങ്ങനെ പേരാവൂർ മേഖലയിലെ എല്ലാ പ്രദേശങ്ങളിലും കുടിയേററക്കാർ എല്ലാവിധത്തിലും വിജയിച്ച്

മുന്നേറുകയാണ്. കുടിയേററത്തിൻെറ സുവർണ്ണജൂബിലി 1978 മാർച്ചിൽ പേരാവൂരിൽവച്ച് സാഡംബരം ആഘോഷിച്ചു.

പേരാവൂർപോലെ എട്ടരിലും വിദ്യാഭ്യാസസ്ഥാപനങ്ങരം എല്ലാം ഉണ്ടാക്കി ഒരു നല്ല നിലയിൽ എത്തിച്ചശേഷമാണ് ദേവാലയക്കെട്ടിടം പണിയാരംഭിച്ചത്. തലശ്ശേരി രൂപത യിലെ ഏററവും ബ്രഹ്മാണ്ഡവും നവീനരീതിയിൽ ഉള്ളതുമായ ദേവാലയക്കെട്ടിടം, പണ്ഡിതനും വയോവൃദ്ധനും ദൃഢചി ത്തനും ഫലിതസമ്രാട്ടുമായ കൊല്ലംപറമ്പിൽ ബ. യൗസേപ്പ ച്ചൻ ആണ് ഈ പള്ളിപണി ആരംഭിക്കുകയും പൂർത്തിയാക്കു കയും ചെയ്യുതു്.

1977 ഏപ്രിൽ 10 ന് അദ്ദേഹത്തിൻെറ ജോലികരംക്കു് സമ്മാനം നൽകുവാൻവേണ്ടി നിത്യപിതാവ് അദ്ദേഹത്തെ പരലോകത്തിലേക്കു വിളിച്ചു. വാദ്ധക്യത്തിലും മലബാറിലെ സാധുക്കളായ കുടിയേററക്കാരുടെ അത്യാവശ്യങ്ങരം മനസ്സി ലാക്കി അവരുടെ ഇടയിൽ പതിനഞ്ചുകൊല്ലം അസൗകര്യങ്ങ ളുടെ മദ്ധ്യത്തിൽ താമസിച്ച് ധീരസേവനം ചെയ്ത ആ മഹാമ നസ്സനെ കൃതജ്ഞതയോടെ എല്ലാവരും സ്മരിക്കുന്നു.

# പുഴയുടെ സംഗീതം

മന്ദ്രമനോഹരമായ സംഗീതമുതിർത്തുകൊണ്ടു് ഒഴുകുന്ന കുററിയാടിപ്പുഴയുടെ തീരങ്ങളിൽ കുടിയേറിപ്പാർത്തവർക്കാണു് മററു കുടിയേററക്കാരെ അപേക്ഷിച്ച പിൽക്കാലത്തും കൂടുതൽ പ്രതിബന്ധങ്ങരം തരണംചെയ്യേണ്ടിവന്നതു്. ഭൂവുടമകളിൽ നിന്നുള്ള ഉപദ്രവമായിരുന്നു അവയിൽ പ്രധാനപ്പെട്ടതു്.

കാര്യമായ വിദ്യാഭ്യാസവും സംസ്കാരവുമില്ലാതെ കാട്ടുരാജാക്കന്മാരായി വളർന്നുവന്നവരായിരുന്നു ഈ ഭൂവുടമകളിൽ മിക്കവരും. പിതൃസ്വത്തായി വിസ്തൃതമായ ഭൂഭാഗം ലഭിച്ചിട്ടുണ്ടു്. കൂടാതെ തങ്ങളുടെ കയ്യൂക്കുകൊണ്ടു് കൈയടക്കിവച്ചിരിക്കുന്ന ഭൂഭാഗങ്ങരം വേറെയും. ഇങ്ങനെ കുറെ പ്രദേശങ്ങരം തങ്ങളുടേതെന്നു പറഞ്ഞു് അവർ കുടിയേററക്കാരോടു പണം വാങ്ങി വിററിരുന്നു. കള്ളവേലിൽക്കാരും കദളിക്കാട്ടിൽക്കാരും വാങ്ങിയ സ്ഥലങ്ങളും തങ്ങളുടേതെന്നു് അവർ അവകാശപ്പെട്ടിരുന്ന പ്രദേശങ്ങളിൽപ്പെട്ടിരുന്നതാണു്. കള്ളവേലിൽ ബ്രദേഴ്സ് യഥാർത്ഥ ഉടമ ആരെന്നറിഞ്ഞു് അവരിൽനിന്നും നേരിട്ടാധാരം വാങ്ങി. തങ്ങളറിയാതെ, തങ്ങളെ വകവയ്ക്കാതെ കള്ളവേലിക്കാർ സ്ഥലം വാങ്ങിയതിൽ ഇവക്കു് അമർഷവും വൈരാഗ്യവുമുണ്ടായി.

കുററ്യാടിയിൽ ഏതാനും ഭൂസ്വാമികളുണ്ടായിരുന്നു. കുടിയേററക്കാരോടു പുച്ഛമായിട്ടാണു് ഇവർ പെരുമാറിയിരുന്നതു്. പഞ്ചപുച്ഛവുമടക്കി കുടിയേററക്കാർ തൊഴുതു നിൽക്കണമായിരുന്നു അവരുടെ മുമ്പിൽ. സാധുക്കളായ കുടിയേററക്കാർ ഗത്യന്തരമില്ലായ്കയാൽ ഇതിനെല്ലാം വഴങ്ങിക്കൊടുത്തു. പണം കുറവാണെങ്കിലും ഈ കുടിയേററക്കാർ സംസ്കാരവും ആഭിജാത്യവുമുള്ള മനുഷ്യരാണെന്നും പണിയെടുത്തു് നെററിയിലെ വിയപ്പുകൊണ്ടു സ്വാതന്ത്ര്യരായി ജീവിക്കുവാൻ ഇച്ഛിക്കുന്നവരാണെന്നും മനസ്സിലാക്കുവാൻ ഈ ജന്മിമാർക്കും വേറെ ചില പ്രമാണികരംക്കും സാധിച്ചില്ല. ഈ ആശയഗതി ഒന്നു മാററണ

മെന്നും കുടിയേററക്കാരുടെ കഴിവുകളും ശക്തിയും ഒന്നു മനസ്സി ലാക്കിക്കൊടുക്കണമെന്നും ശ്രീ ജോസ് കള്ളവേലിയും കുറവ ച്ചനും നിശ്ചയിച്ചു. അവർ 1944-ൽ ആളുകളെ സംഘടി പ്പിച്ചു പേരാമ്പ്രയിൽനിന്നും ചവറംമൂഴിവഴി കുററിയാടിയി ലേയ്ക്കു് ഒരു റോഡു് ശ്രമദാനമായി വെട്ടിത്തുറക്കുവാൻ നേതൃത്വം കൊടുത്തു. അതിനുള്ള ചെലവുകരം കള്ളവേലിക്കാർതന്നെ വഹിച്ചു. പ്രതിദിനം ആയിരം ആളുകളോളം രണ്ടാഴ്ചത്തേയ്ക്കു പണി നടത്തി. റോഡിൻെറ ഉദ്ഘാടനം ഒരു ബ്രിട്ടീഷുകാര നായിരുന്ന കോഴിക്കോട്ടു കലക്ടറെക്കൊണ്ടു നടത്തിച്ചു. ഇററ ലിക്കാരനായിരുന്ന കോഴിക്കോട്ടു ബിഷപ്പ് പ്രൊസേപ്പിയൊ എസ്. ജെ. യെ ഉദ്ഘാടനസമ്മേളനത്തിൻെറ അദ്ധ്യക്ഷനാ യി കൊണ്ടുവന്നു. കോഴിക്കോട്, വടകര, തലശ്ശേരി, കുററി യാടി, പേരാമ്പ്ര സ്ഥലങ്ങളിലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥ പ്രമുഖരേയും ജന്മിമാരേയും പ്രമാണികളേയും ജനപ്രതിനിധിക ളേയും സമ്മേളനത്തിനു ക്ഷണിച്ചുവരുത്തിയിരുന്നു. കോഴി ക്കോട്ടുനിന്നു കുററിയാടിയിൽ എത്തിച്ചേർന്ന ബിഷപ്പിനെ ചവറംമൂഴിക്കടവുവരെ കൊണ്ടുവന്നതു് കുററിയാടിപ്പുഴയിൽ ക്കൂടെയാണു്. തോണിയിൽ ഇരുന്നു് അദ്ദേഹം ഒരു വിനോദ യാത്രതന്നെ നടത്തിയെന്നു പറയാം. അങ്ങനെ പുഴക്കടവിൽ എത്തിയ ബിഷപ്പിനെ തിരുവിതാംകൂറിൽനിന്നും വന്ന കള്ള വേലിക്കാരുടെ ബന്ധുക്കളും ചാർച്ചക്കാരും മററു ജനങ്ങളും ചേർന്നു് അനേകം കാറുകളുടെ അകമ്പടിയോടെ ചവറംമൂഴി യിൽ സമ്മേളനസ്ഥലത്തേയ്ക്കു് സ്വീകരിച്ചു.

സമ്മേളനച്ചടങ്ങുകളും ടീപാർട്ടിയുമെല്ലാം ഏററം മോടി യായും മംഗളമായും നടന്നു. കലക്ടർക്കും മററെല്ലാ ഉദ്യോഗസ്ഥ ന്മാർക്കും ജനപ്രതിനിധികരംക്കും സന്തോഷവും കുടിയേററക്കാ രെപ്പററി മതിപ്പുമായി. അതിഥികരം കള്ളവേലിൽ ബ്രദേഴ് സിനോടു കാണിച്ച സ്നേഹവും ബഹുമാനവും ചെറുതായിരു ന്നില്ല. അവരുടെ സംഘാടകശക്തിയേയും പൊതുജനാഭിവൃ ദ്ധിയിലുള്ള താല്പര്യത്തേയും കലക്ടർ പ്രശംസിച്ചു പ്രസംഗിച്ചു. കുടിയേററക്കാരെ പുച്ഛിച്ചിരുന്ന ഭൂവുടമകരം ഇതെല്ലാം ശ്രവിച്ചും നിരീക്ഷിച്ചും കൊണ്ടാണിരുന്നതു്. കുററിയാടിയിലെ ഏകാ ധിപതികളായി വർത്തിച്ചിരുന്ന അവർക്കു ബോദ്ധ്യമായി, കള്ള വേലിൽ ചാക്കോച്ചനും കുറവച്ചനും കുടിയേററക്കാരും അവഗ ണനീയരല്ലെന്നു്. തങ്ങരംക്കു് അവരുടെ ഒരു ചെറിയ അംശം കഴിവും സ്വാധീനവുമില്ലെന്നു്. തങ്ങളുടെ രാജവാഴ്ച ഇനി

തുടന്നുപോകുവാൻ സാദ്ധ്യമല്ലെന്നു്. അവർ ഒരു നയംമാററത്തിനു സന്നദ്ധരായി. 1967 – ലെ കരിങ്ങാട്ടമല കൈവശപ്പെടുത്തലുദ്യമവും അതിൻെറ ദുരന്തഫലങ്ങളും കൂടെ ആയപ്പോൾ കാട്ടുരാജാക്കന്മാരെപ്പോലെ വത്തിച്ചിരുന്ന അവക്കു തങ്ങളുടെ നിലപാടു മാറേറണ്ടതത്യാവശ്യമാണെന്നു ബോധ്യമായി.

1945 – മുതൽ കുടിയേററക്കാർ അനുദിനം വദ്ധിച്ചു. ചില ഭൂവുടമകൾ അധികൃതവും അനധികൃതവുമായി കൈവശം വച്ചിരുന്ന ഭൂഭാഗങ്ങൾ ഏക്കറിനു് 300 ഉം 400 ഉം രൂപവച്ചു വിററു പണമാക്കി. രണ്ടു കൂട്ടക്കും സന്തോഷകരമായ ഒരു കാര്യമായിരുന്നു, മലബാറിലെ ഈ സ്ഥലക്കച്ചവടം. ഇത്ര കുറഞ്ഞ വിലയ്ക്കു ഭൂമി കിട്ടുമെന്നു തിരുവിതാംകൂർകാർ, പ്രത്യേകിച്ചു കോട്ടയം ഡിസ്ട്രിക്ടുകാർ വിചാരിച്ചില്ല. അതുപോലെ മലബാറിലെ ഭൂവുടമകളും വിചാരിച്ചില്ല, ഏക്കറിനു് ഒന്നു രണ്ടു് ഉറുപ്പികയിൽ കവിഞ്ഞ വിലയ്ക്കു തങ്ങളുടെ മല വിൽക്കാമെന്നു്. ഇരുകൂട്ടരും സംതൃപ്തരായി. കുടിയേററക്കാർ സ്ഥലം വാങ്ങി. ഉത്സാഹിച്ചു പണിയെടുത്തു. തെങ്ങും കമുകും കുരുമുളകുവള്ളിയും റബ്ബറും നട്ടുപിടിപ്പിച്ചു. മലമ്പനിയോടും മദയാനയോടും സമരംചെയ്തു. നിരവധി ആളുകൾ സമരരംഗത്തു മരിച്ചുവീണുവെങ്കിലും വളരെപ്പേർ മുറിവേററു ചികിത്സയിലായെങ്കിലും ശേഷിച്ചവർ നിന്നു പൊരുതി. പുതുതായി പോഷകസേനകൾ വന്നു. അവരും തോളോടുതോൾ ചേർന്നു കൂടുതൽ ഊജ്ജസ്വലതയോടെ പോരാട്ടത്തിൽ പങ്കെടുത്തു. ഏതാനും കൊല്ലങ്ങൾ തുടന്നു യുദ്ധം ചെയ്തു വിജയം കൈവരിച്ചു. എല്ലാത്തിനും സാക്ഷ്യം വഹിച്ചുകൊണ്ടു കുററിയാടിപ്പുഴയൊഴുകി. പുഴയുടെ തീരങ്ങളിൽ ഒരു പുതിയ സംസ്കാരം രൂപംകൊണ്ടു.

1954–ൽ തലശ്ശേരിരൂപത സ്ഥാപിതമായപ്പോൾ കുററിയാടി പ്രദേശത്തെ പള്ളികളിൽ വികാരിമാരായി നിയമിക്കപ്പെട്ടതു് മാന്നാനത്തുനിന്നും വന്ന സി. എം. ഐ. വൈദികരായിരുന്നു. ഇവർ കുററിയാടിപ്രദേശത്തിൻെറ വികസനത്തിനു് അവിശ്രാന്തം പരിശ്രമിക്കുകയുണ്ടായി.

ഫാ. എവുരിസ്റ്റസ്സ് മരുതോങ്കര വികാരിയായിരിക്കുമ്പോൾ 1957–ൽ അവിടത്തെ യു. പി. സ്കൂളിനെ ഹൈസ്കൂളാക്കി ഉയത്തി. ആരാധനമഠത്തിൻെറ ഒരു ശാഖ അവിടെ ആരംഭിച്ചു. 1967–ൽ മരുതോങ്കരയിൽ ഒരു ആശുപത്രി ബ. കരിങ്ങാട്ടിൽ തോമ്മാച്ചൻ പണിയാരംഭിച്ചു. ഫാ. അലക്സ്

മണക്കാട്ടുമററം കെട്ടിടം പൂർത്തിയാക്കി. ആശുപത്രി പ്രവർത്തനം തുടങ്ങി.

ഫാ. ഫൗസ്റ്റിൻ സി. എം. ഐ. പടത്തുകടവുപള്ളിയെ സ്വയംപര്യാപ്തമാക്കി. ഫാ. മനേത്തുസ് ഒരു കന്യകാലയത്തിൻെറ ശാഖ അവിടെ സ്ഥാപിച്ചു. വിലങ്ങാട്ടിലെ എൽ. പി. സ്കൂളിനെ 1965-ൽ ഒരു യു. പി. ആക്കി ഉയർത്തിയതു് ബ. ഇളംതുരുത്തി സെബാസ്റ്റ്യനച്ചനാണു്. ഫാ. മാത്യു മുറിഞ്ഞകല്ലേൽ 1969-ൽ അതിനെ ഹൈസ്കൂൾ ആക്കി ഉയർത്തി. കുററിയാടിപ്രദേശത്തെ മറെറാരു പ്രധാന കുടിയേററ കേന്ദ്രമായ ചെമ്പനോടയിൽ ശ്രീ. ജോസ് കള്ളവേലി സംഭാവന ചെയ്ത സ്ഥലത്തു പള്ളിയും സിമിത്തേരിയും സ്ഥാപിച്ചു. 1953-ൽ എൽ. പി. സ്കൂളും 1956-ൽ പോസ്റ്റാഫീസും 1962-ൽ യു.പി. സ്കൂളും 1976-ൽ ഹൈസ്കൂളും അനുവദിച്ചു കിട്ടി. ബ. റാഫേൽ തറയിലച്ചൻെറ കഠിനാദ്ധ്വാനഫലമായാണു് ഹൈസ്കൂൾ അനുവദിപ്പിക്കുവാൻ സാധിച്ചതു്. 1956-ൽ ചാത്തൻകോട്ടു നടയിൽ ദിവ്യകാരുണ്യമിഷനറിസഭയുടെ (എം. സി. ബി. എസ്.) ഒരു ശാഖ സമാരംഭിച്ചു. അവർ ഒരു യു. പി. സ്കൂളും ഹൈസ്കൂളും അവിടെ നടത്തുന്നുണ്ടു്. 1961-ൽ ധർമ്മഗിരി സിസ്റ്റേഴ്സിൻെറ ഒരു മഠവും ആശുപത്രിയും തുടങ്ങി. മറെറാരു കുടിയേററകേന്ദ്രമായ റാണിഗിരിയിലും ദേവാലയവും എൽ. പി.സ്കൂളുമുണ്ടു്. ശ്രീ. കളത്തൂർ ചെറിയാച്ചൻെറ നേതൃത്വത്തിലാണു്, കുടിയേററക്കാർ യാത്രാസൗകര്യങ്ങളും വൈദ്യുതിയുമെല്ലാം ഇവിടെ നേടിയെടുത്തതു്. മാനന്തവാടി – വെള്ളമുണ്ട റോഡിലേക്കു് ഈ റാണിഗിരിറോഡു ബന്ധിപ്പിക്കുവാൻ പണികൾ നടന്നുകൊണ്ടിരിക്കുന്നു. കുററിയാടിപ്രദേശത്തു നിന്നും വയനാട്ടിലേക്കുള്ള ഏററം ദൈർഘ്യം കുറഞ്ഞതും എളുപ്പവുമായ ഒരു റോഡു്. റാണിഗിരിക്കു സമീപത്തുള്ള കരിഞ്ഞാട്ടുമലയിലും അദ്ധ്വാനശീലരായ കുടിയേററക്കാർ ഒരു എൽ. പി. സ്കൂൾ സ്ഥാപിച്ചു നടത്തിവരുന്നു.

കുററിയാടിയുടെ തെക്കുവശത്തുള്ള ഒരു പ്രധാനപ്പെട്ട കുടിയേററകേന്ദ്രമായ കുളത്തുവയലിൽ 1934-ൽതന്നെ എട്ടുപത്തു ക്രിസ്തീയകുടുംബങ്ങൾ കുടിയേറിപ്പാർത്തതാണു്. കാട്ടുമൃഗങ്ങളുടെ ശല്യത്താൽ ഏതാനും മാസങ്ങൾക്കുശേഷം അവർ മടങ്ങിപ്പോയി. 1937-ൽ മാത്തൂർ ചെറിയാനും കളർപാറ ചാക്കോയും ചെമ്പറയിൽ മുക്കൊള്ളിൽ എന്ന സ്ഥലത്തുവന്നു് സ്ഥലം വാങ്ങി കൃഷിചെയ്തു താമസിച്ചു. 1938ലും 1939ലു

മായി പത്തുപതിനഞ്ചുവീട്ടുകാർകൂടെ വന്നു. വടകര വികാരി ഫാ. സിയാറോ എസ്. ജെ. മാത്തൂർ ചെറിയാൻെറ വീട്ടിൽ വന്ന് വിശുദ്ധകർബാന സമപ്പിക്കുകയും കൂദാശകരം നല്കുകയും ചെയ്തു. ഇതായിരുന്നു കുളത്തുവയലിലെ ആദ്യത്തെ കർബാന. കുടിയേററക്കാരുടെ വരവ് അനുദിനം ഈ ഭാഗത്തും വദ്ധിച്ചു. ചക്കിട്ടപാറ, പെരുവണ്ണാംമൂഴി, കൂരാച്ചുണ്ട്, കല്ലാനോട്, കട്ടിപ്പാറ, തലാട്, ചൂമൽ മുതലായ സ്ഥലങ്ങളെല്ലാം കുടിയേററക്കാരെക്കൊണ്ടു നിറഞ്ഞു. 1939-ൽ വന്നവരുടെ കൂട്ടത്തിൽ തമ്പലക്കാട്ടുകാരൻ കാപ്പുകാട്ടിൽ ബ. മത്തായി അച്ചൻെറ സഹോദരൻ ആഗസ്തിയും, അളിയൻ ഞള്ളിമാക്കൽ ചാക്കോയും ഉണ്ടായിരുന്നു. 1940-ൽ ബ. മത്തായിച്ചൻ കുളത്തുവയലിൽ തൻെറ സഹോദരനെ കാണുവാൻ വന്നപ്പോരം ദിവ്യകമ്മങ്ങരംക്ക് ഒരു പൊതുസ്ഥലവും ഷെഡ്ഡും ആവശ്യമെന്നു മനസ്സിലാക്കി. അദ്ദേഹം ആളുകളെ സംഘടിപ്പിച്ച് കുളത്തുവയൽ കുന്നിൻെറ നിരപ്പിൽ ഒരു പന്തൽ കെട്ടിയുണ്ടാക്കി, കർബാനയും മററു കൂദാശകളും നടത്തിയിരുന്നു. ബ. പീടിയേക്കലച്ചൻ വടകര വികാരിയായിരിക്കുമ്പോരം മാസത്തിലൊരിക്കൽ കുളത്തുവയൽ സന്ദശിക്കുകയും കുടിയേററക്കാക്കു വേണ്ട നിദ്ദേശങ്ങരം നല്കുകയും ചെയ്തിരുന്നു. 1944-ൽ ബിഷപ്പ് പ്രൊസേർപ്പിയോ കുളത്തുവയൽ സന്ദശിച്ചു. അദ്ദേഹത്തെ സ്വീകരിക്കുവാൻ വന്നുകൂടിയ ക്രിസ്തീയസമൂഹത്തിൻെറ വലുപ്പം കണ്ടപ്പോരം അദ്ദേഹം സന്തോഷിച്ചു. അവരുടെ ഇടയിൽ ഒരു വൈദികൻ താമസിച്ചു ജോലി ചെയ്യേണ്ടതാവശ്യമാണെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. ഫാ. തോമസ് ആയല്ലൂരിനെ അവക്കു വികാരിയായി കൊടുത്തു. ബ. ആയല്ലൂരച്ചൻ കുടിയേററക്കാരുടെ വീടുകരം സന്ദശിച്ചു. മലേറിയ നൃത്തമാടിയിരുന്ന കാലമായിരുന്നു അതു്. അദ്ദേഹം എല്ലാ വീട്ടിലും കൊയിനാ ഗുളിക വിതരണം ചെയ്തു. കൂരാച്ചുണ്ടിലും കല്ലാനോട്ടിലും പെരുവണ്ണാംമൂഴിയിലും കേന്ദ്രങ്ങരം സ്ഥാപിച്ചു ദിവ്യകമ്മങ്ങരം നടത്തുകയും ജനങ്ങളെ സംഘടിപ്പിച്ചു പ്രവത്തിപ്പിക്കയും ചെയ്തിരുന്നു. ആയല്ലൂരച്ചനെ സഹായിക്കുവാൻ ഫാ. വർഗ്ഗീസ് തയ്യിലും ഫാ. ജോസഫ് പന്നിക്കോട്ടും 1947 ലും 1948ലും എത്തി. ഫാ. തയ്യിലിനു് കൂരാച്ചുണ്ടും ഫാ. പന്നിക്കോട്ടിനു് കല്ലാനോടും ഏല്പിച്ചുകൊടുത്തു് അവിടങ്ങളിലെ കാര്യങ്ങളന്വേഷിക്കുവാൻ അവരെ ചുമതലപ്പെടുത്തി. ആ കേന്ദ്രങ്ങളെ സ്വതന്ത്ര ഇടവകകളാക്കി ഉയത്തുകയും ചെയ്തു. ഫാ. ആയല്ലൂരിനുശേഷം കുളത്തുവയൽ വികാരിയായി വന്ന

ഫാ. മിരാൻഡാ ചെമ്പ്ര–പേരാമ്പ്ര റോഡുണ്ടാക്കിച്ചു. 1951–ൽ ഫാ. സി. ജെ. വർക്കി കുളത്തുവയൽ വികാരിയായി നിയമിക്കപ്പെട്ടു. കുളത്തുവയലിനെ ഇന്നത്തെ ഐശ്വര്യപൂർണ്ണമായ നിലയിൽ എത്തിച്ചതു് ബ. വർക്കിയച്ചനാണെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അദ്ദേഹം 16 കൊല്ലം അവിടെ വികാരിയായിരുന്നു. ജനങ്ങളുടെ ആത്മീയാഭിവൃദ്ധിക്കായി സൗകര്യപ്രദമായ സ്ഥാനങ്ങളിൽ സ്റ്റേഷനുകൾ സ്ഥാപിച്ച് (ചക്കിട്ടപാറ, നരിനട) അവിടെ ദിവ്യകർമ്മങ്ങൾ നടത്തുവാനും പരിശീലനക്ലാസ്സുകളും സ്കൂളുകളും ഏർപ്പെടുത്തുവാനും അദ്ദേഹം മറന്നില്ല. എസ്. എച്ച്. കന്യകാലയത്തിന്റെ ഒരു ശാഖയും വിമലമേരി മിഷനറിസഭ എന്ന പേരിൽ പുതുതായി അദ്ദേഹം സ്ഥാപിച്ച ഒരു സന്യാസിനീസമൂഹത്തിന്റെ കേന്ദ്രഭവനവും കുളത്തുവയലിൽ അദ്ദേഹം ആരംഭിച്ചു. അവിടത്തെ ദേവാലയം, ഹൈസ്കൂൾ, നീന്തൽകുളം, ഡിസ്പൻസറി, സാങ്കേതികസ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ പരിശ്രമഫലമായുണ്ടായതാണ്. പോസ്റ്റോഫീസും ഫോണും ലൈററും ഗതാഗതയോഗ്യമായ റോഡുകളും ഇന്നവിടെയുണ്ട്. താൻ സ്ഥാപിച്ച സന്യാസിനീസമൂഹത്തിന്റെ ഡയറക്ടർ എന്ന നിലയിൽ ഇപ്പോൾ കുളത്തുവയലിൽത്തന്നെ താമസമാക്കിയിരിക്കുന്ന വർക്കിയച്ചൻ ഇന്നും ആ പ്രദേശത്തിന്റെ വികസനത്തിനായി തന്റെ കഴിവുകൾ വിനിയോഗിക്കുന്നു.

കുളത്തുവയലിന്റെ വടക്കുകിഴക്കുള്ള ഒരു കോളനിയാണ് പെരുവണ്ണാംമൂഴി. 1941–ൽ കല്ലൂർ ജോസഫ് അവിടെ കുടിയേറി താമസം തുടങ്ങി. തുടർച്ചയായി വളരെപ്പേർ പിറകെ പിറകെ വന്നു. 1945–ൽ ബ. ആയല്ലൂരച്ചൻ കുളത്തുവയൽ വികാരിയായിരിക്കുമ്പോൾ വന്ന് ഒരു ഷെഡ്ഡിൽ ആദ്യത്തെ കുർബാന സമർപ്പിച്ചു. 1965 മുതൽ വൈദികൻ സ്ഥിരംതാമസമാക്കി. താമസിയാതെ ഒരു എൽ. പി. സ്കൂളും സ്ഥാപിതമായി. 1970–ൽ വികാരിയായി വന്ന ഫാ. അഗസ്റ്റിൻ തുരുത്തിമററമാണ് അവിടത്തെ എൽ. പി. സ്കൂളിനെ യു. പി. ആയി ഉയർത്തിയതു്. അദ്ദേഹത്തിന്റെ പരിശ്രമത്തിലും നേതൃത്വത്തിലും കരിസ്മാററിക്ക് (Charismatic) ധ്യാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും സേവനങ്ങളുടെയും ഒരു മാതൃകാകേന്ദ്രവുമായി ഈ കോളനി വർത്തിക്കയും മററുള്ളവർക്ക് ആദ്ധ്യാത്മികചൈതന്യം പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കുററിയാടിപ്രോജക്ടിന്റെ അണക്കെട്ടും പ്രവർത്തന

ങ്ങളും പ്ലാൻേറഷൻ കോർപറേഷൻവക പേരാമ്പ്ര, കൂത്താളി എസ്റ്റേററുകളുമെല്ലാം ഈ കോളനിസീമയിൽപ്പെടുന്നവയാണു്.

കുളത്തുവയലിനടുത്തുള്ള ഒരു പ്രധാന കുടിയേററകേന്ദ്രമാണു് കൂരാച്ചുണ്ടു്. 1941 മുതൽ അവിടെ കുടിയേററം ആരംഭിച്ചു. ബോർമ്മയിൽ, വെട്ടുകല്ലേൽ, ചൊവ്വാററുകുന്നേൽ, നെല്ലിക്കൽ, കാനാട്ടു് മുതലായ കുടുംബക്കാരാണു കൂരാച്ചുണ്ടിൽ ആദ്യം താമസമാക്കിയവർ. 1947 മുതൽ ദേവാലയത്തിനായി ഒരു ഷെഡ്ഡുണ്ടാക്കി. വി. തോമസ് അപ്പസ്തോലനു് അതു പ്രതിഷ്ഠിച്ചു. തുടർച്ചയായി അവിടെ ദിവ്യകമ്മങ്ങൾ നടത്തുകയും ചെയ്തിരുന്നു. അതിനുമുമ്പു മാസത്തിലൊരിക്കൽ ബ. ആയല്ലൂരച്ചൻ ഇടവകയുടെ ഏതെങ്കിലും ഭാഗത്തു് കുദാശകൾ നടത്തിപ്പോന്നു. 1949–ൽ ബ. തയ്യിൽ വർഗ്ഗീസച്ചനെ സ്ഥിരം നേതാവായി ലഭിച്ചു. ആയല്ലൂർ അച്ചൻ ആരംഭിച്ച എൽ. പി. സ്കൂൾ ഏതാനും കൊല്ലം കഴിഞ്ഞു് യു. പി. ആയിത്തീർന്നു. 1955–ൽ പഞ്ചായത്താഫീസും കൂരാച്ചുണ്ടിൽത്തന്നെ സ്ഥാപിച്ചു. കന്യകാലയം, സ്ഥിരംപള്ളിക്കെട്ടിടം സബ് പോസ്റ്റാഫീസ്, പോലീസ്സ്റ്റേഷൻ തുടങ്ങിയവ സ്ഥാപിതമായി. വൈദ്യുതിയും യാത്രാസൗകര്യങ്ങളും അവക്കു ലഭിച്ചു. സ്ഥലവാസികളുടെ സാമ്പത്തികനിലയും വളരെ മെച്ചമാണു്. 1960–ൽ സമീപപ്രദേശമായ ‘‘കാററുള്ളമല’’യിലും ഒരു ദേവാലയവും എൽ. പി. സ്കൂളും സ്ഥാപിതമായിട്ടുണ്ടു്.

1943–ൽ കടുകമ്മാക്കൽ, കോതമ്പനാനി, ഇട്ടിയെപ്പാറ, പന്നിക്കോട്ടുതടം, എട്ടിയിൽ, ഗണപതിപ്ലാക്കൽ മുതലായ വീട്ടുകാർ കല്ലാനോട്ടുവന്നു കൃഷിചെയ്തു താമസംതുടങ്ങി. വടകരയിൽനിന്നു് വൈദികൻ വരുമ്പോൾ കല്ലാനോടും സന്ദർശിക്കയും മതകമ്മങ്ങൾ നടത്തുകയും ചെയ്തുപോന്നു. 1949–ൽ ബ. ജോസഫ് പന്നിക്കോട്ടച്ചൻ കല്ലാനോട്ടെ വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹം അവിടെ ഒരു എൽ. പി. സ്കൂൾ ആരംഭിച്ചു. ഹൈസ്കൂൾ ആരംഭിക്കുകയും സ്ഥിരം പള്ളിക്കെട്ടിടം പണിയിപ്പിക്കയും ചെയ്തതു് പിന്നീടു വികാരിയായി വന്ന ഫാ. ജോർജ്ജ് വട്ടുകളമാണു്. തിരുഹൃദയമഠത്തിൻെറ ഒരു ശാഖയും അദ്ദേഹം അവിടെ ആരംഭിച്ചു. ബ. നരിക്കുഴി ചാക്കോച്ചൻെറ പരിശ്രമഫലമായി സ്കൂളിനു് ഒരു ഓഡിറേറാറിയവും പണികഴിപ്പിക്കപ്പെട്ടിട്ടുണ്ടു്. കട്ടിപ്പാറ, തലാട്ടു് എന്നിവയും കല്ലാനോടിനു സമീപത്തു് അതിവേഗം വികസിച്ചുവരുന്ന കുടിയേററകോളനികളാണു്.

# ഇവിടെ സ്വപ്നങ്ങൾ വിരിയുന്നു

1951 മുതൽ മാനന്തവാടി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഫാ. ജോർജ്ജ് കഴിക്കച്ചാലിയുടെ ധീരമായ നേതൃത്വം വയനാടിനു് ഒരു പുതിയ രൂപവും ഭാവവും പ്രദാനം ചെയ്തു. 1954-ൽ തലശ്ശേരിരൂപത സമാരംഭിച്ചപ്പോൾ എല്ലാ ജീവിതസൗകര്യങ്ങളുമുള്ള പഴയ കോഴിക്കോട്ടരൂപതയിൽത്തന്നെ നില്ക്കുന്നതായിരുന്നു സുഖപ്രദമെങ്കിലും കുടിയേററക്കാരുടെ സഹായാർത്ഥം കഴിക്കച്ചാലിലച്ചൻ തലശ്ശേരിരൂപതയിൽ ചേരുകയാണുണ്ടായതു്. മാനന്തവാടിയിലെ ക്രൈസ്തവരിൽ ബഹുഭൂരിപക്ഷവും തലശ്ശേരിരൂപതയിൽപെട്ടവരായിരുന്നു. അവർക്കു് ഒരു ഇടവകപ്പള്ളി ഉണ്ടാകേണ്ടതു് അത്യാവശ്യമാണെന്നു് അദ്ദേഹത്തിനു ബോധ്യമായി. ഇപ്പോൾ സെൻറ് ജോസഫ്സ് ഹോസ്പിററൽ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലവും കെട്ടിടവും അദ്ദേഹം തലശ്ശേരിരൂപതയ്ക്കുവേണ്ടി വിലകൊടുത്തുവാങ്ങി.

തലശ്ശേരിബിഷപ്പു് മാനന്തവാടിയിൽ ഒരു പുതിയ ഇടവക സ്ഥാപിച്ചു. അതിൻെറ വികാരിയായി ബ. ജോർജ്ജച്ചനെ നിയമിച്ചു. പ്രധാന കുടിയേററകേന്ദ്രങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുവാനും പഴയ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാനുമുള്ള ചുമതല അദ്ദേഹത്തിനു വിട്ടുകൊടുത്തു. സന്തുഷ്ടനായ ജോർജ്ജച്ചൻ കോളനികളെല്ലാം സന്ദർശിച്ചു. എല്ലാവർക്കും ആശ്വാസവും പ്രതീക്ഷയും നല്കി. ജോർജ്ജച്ചൻെറ മേൽനോട്ടത്തിൽ ഓരോന്നും പുരോഗമിക്കുവാൻ തുടങ്ങി. ഒരു സെൻട്രൽ ഇടവകയ്ക്കും മററു സ്ഥാപനങ്ങൾക്കുംവേണ്ടി കണിയാരത്തു്, മാനന്തവാടി – തലശ്ശേരി റോഡുസൈഡിൽ 35 ഏക്കർ സ്ഥലംവാങ്ങി. അവിടെ ദേവാലയം, വിദ്യാലയം, കന്യകാലയം, ബാലമന്ദിരം, പ്രിൻറിംഗ് പ്രസ്സ്, ട്രെയ്നിംഗ് സ്കൂൾ മുതലായവ സ്ഥാപിച്ചു. ആശയവിതരണത്തിനായി "ഗിരിദീപം" മാസികയും പ്രസിദ്ധപ്പെടുത്തി. വർഷങ്ങൾ പലതു കഴിഞ്ഞു. വൈദികർ ഉണ്ടായതോടുകൂടി തലശ്ശേരിബിഷപ്പു്

ഓരോ കേന്ദ്രത്തിൽ അവരെ നിയമിച്ചു വികസനപ്രവത്തനങ്ങ്രം തുടന്നു നടത്തുവാൻ സൗകര്യങ്ങ്രം ചെയ്തു. ഫാ. ബ്രിഗാൻസായെ പോരൂർ, തവിഞ്ഞാൽ, പള്ളികളുടെ വികാരിയാക്കി. അദ്ദേഹം മാനന്തവാടി പഞ്ചായത്തുപ്രസിഡണ്ടായിരുന്നു. ആളുകളെ സംഘടിപ്പിച്ചു പല റോഡുകളും അദ്ദേഹം വെട്ടിത്തുറന്നു ഗതാഗതം സൗകര്യപ്പെടുത്തി.

1967-ൽ ബ. കഴിക്കച്ചാലിലച്ചൻ ബത്തേരിപ്പള്ളിയിലെ വികാരിയായി മാറി. മാനന്തവാടിപ്പള്ളിയുടെ ഫ്ളോറിംഗും പ്ലാസ്റ്ററിംഗും മററു പണികളും പിന്നീടുവന്ന വികാരിമാർ നടത്തി.

1960 മുതൽ മുറിഞ്ഞകല്ലേൽ ബ. വലിയ ഫിലിപ്പച്ചൻ തരിയോടുപള്ളിയുടെ വികാരിയായി ചാർജെടുത്തു. പരിചയസമ്പന്നനായ അദ്ദേഹം വിശാലമായ ആ ഇടവകയുടെ സൗകര്യപ്രദമായ പലഭാഗങ്ങളിലും പള്ളികഠം സ്ഥാപിക്കുകയും അതാതു സ്ഥലങ്ങളുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കുവാൻ അവിടത്തുകാരെത്തന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം എല്ലാ ആഴ്ചയിലും ഈ സ്ഥലങ്ങ്രം സന്ദർശിച്ചു വേണ്ട നിർദ്ദേശങ്ങ്രം നല്കിപ്പോന്നു. വൈദികർ ഉണ്ടായതോടുകൂടി അവരിൽ ഓരോരുത്തക്കായി ഈ കേന്ദ്രങ്ങ്രം തലശ്ശേരിയിൽ നിന്നും ഏല്പിച്ചുകൊടുത്തു. ബ. ഫിലിപ്പച്ചൻ സ്കൂഠംകെട്ടിടങ്ങ്രം വിപുലമാക്കുകയും വൈദികമന്ദിരം പണികഴിപ്പിക്കുയും ചെയ്തു. 1962-ൽ ആരംഭിച്ച തിരുഹൃദയമഠത്തിലെ സന്യാസിനികഠം ആശുപത്രിയിലും സ്കൂളിലും പ്രശസ്തമായ സേവനം ചെയ്തുകൊണ്ടാണിരിക്കുന്നതു്. തരിയോടു പഞ്ചായത്തു ഭരണസമിതിയിലെ പല സ്ഥാനങ്ങളും നേടുവാൻ കുടിയേററക്കാക്കു സാധിച്ചിട്ടുണ്ടു്. പ്രസിഡൻറു സ്ഥാനവും ഒരു കുടിയേററക്കാരനായ മററക്കാട്ടു് ജോസഫ് നേടിയെടുത്തു. എല്ലാവരും സഹകരിച്ചു പ്രവത്തിക്കുന്നതിനാൽ റോഡുകഠം ഉണ്ടാക്കുവാനും സംരക്ഷിക്കുവാനും പല റോഡിൽക്കൂടെയും ലൈൻബസ്സു് ഓടിക്കുവാനും സാധിക്കുന്നു. ഒരു സവ്വീസ്സഹകരണ ബാങ്കു് സ്ഥാപിക്കപ്പെട്ടതും കുടിയേററക്കാരുടെ പുരോഗതിയെ വളരെയേറെ സഹായിച്ചിട്ടുണ്ടു്.

വയനാട്ടിലെ ഒരു പ്രധാന കുടിയേററകേന്ദ്രമാണു് നടവയൽ. പനമരത്തുനിന്നു് മൂന്നുമൈൽ തെക്കുകിഴക്കു മാറിയാണു് നടവയൽ സ്ഥിതിചെയ്യുന്നതു്. 1948-ൽ അവിടെ കുടിയേററം ആരംഭിച്ചു. പുതിയിടത്തു് ജോജ്ജു് മുതലായവരാണു്

ആദ്യത്തെ കുടിയേററക്കാർ. 1949-ൽ കണിയാമ്പററ പള്ളി വികാരി ഫാ. നസ്രത്തു് നടവയലിൽവന്നു് ഒരു താല്ക്കാലിക ഷെഡ്ഡിൽ അവിടത്തെ ആദ്യത്തെ ദിവ്യബലി അർപ്പിച്ചു. 1950-ൽ ബ. ബക്മൻസ് സി. എം. ഐ. അച്ചൻ വികാരിയായി വന്നു. അദ്ദേഹം ഒരു എൽ. പി. സ്കൂഠം തുടങ്ങി. 1956-ൽ ബ. ടീസിയൻ സി. എം. ഐ. അതു് യു. പി. ആയും ഹൈസ്കൂളായും ഉയത്തി. 1958-ൽ ഹെഡ്മാസ്ററായി വന്ന ഫാ. ജോൺ മണ്ണനാൽ സ്കൂളിനെ എല്ലാവിധത്തിലും പ്രശസ്തിയിലെത്തിച്ചു. കൂടാതെ അദ്ദേഹം നേതൃത്വം കൊടുത്തു് റോഡുകളും പാലങ്ങളും മററും പണികഴിപ്പിച്ചു്, നടവയലിൽ വാഹനങ്ങഠം വരുന്നതിനു സൗകര്യങ്ങളുണ്ടാക്കി. 1956 മുതൽ കമ്മലീത്താമഠത്തിൻെറ ഒരു ശാഖയും അവിടെ പ്രവത്തിച്ചു വരുന്നു. 1977-ൽ ഫാ. ജെയിംസ് കുളത്തിനാൽ വികാരിയായിരിക്കുമ്പോഠം അദ്ദേഹത്തിൻെറ അദ്ധ്വാനഫലമായി, മനോഹരമായ ഒരു ദേവാലയം അവിടെ പണിയുകയുണ്ടായി.

ദക്ഷിണഭാരതത്തിൻെറ അഭിമാനപാത്രമായ പഴശ്ശിരാജാവു് ബ്രിട്ടൻെറ വെള്ളപ്പടയെ കരകടത്തുവാൻ, ആദിവാസികളായ കുറിച്ച്യരുടെ സഹായത്തോടെ ഒളിപ്പോരു നടത്തിയ വനപ്രദേശമാണു് പുൽപ്പള്ളി. കോട്ടയത്തു താമസിച്ചിരുന്ന രാജാവു കുപ്പത്തോടു നായർകുടുംബത്തിലേക്കു പുൽപ്പള്ളി പ്രദേശങ്ങഠം ഇനാമായി കൊടുത്തു. ഇതിൽ 15000 ഏക്കർ പുൽപ്പള്ളി ദേവസ്വത്തിലേക്കു കുപ്പത്തോട്ടുകാർ ദാനം ചെയ്തു. ഈ ഭൂമിയും വേറെ ചിലരുടെ ജന്മഭൂമിയും ഗവണ്മെൻറുവക റവന്യൂ ഭൂമിയും ഉഠംക്കൊള്ളുന്നതാണു് പുൽപ്പള്ളി പ്രദേശം.

മുള്ളൻകൊല്ലിയിൽ ഒരു സ്കൂഠം അദ്ധ്യാപകനായ ശ്രീ പി. സി. തോമസ് അയാളുടെ സ്വന്തം പേരിൽ ഒരു എൽ. പി. സ്കൂഠം നടത്തുന്നുണ്ടായിരുന്നു. ശ്രീ വെള്ളിലാംതടത്തിൽ പൈലി സ്കൂളിനു കുറെ സ്ഥലം ദാനംചെയ്തു. അവിടെ ബലിഷ്ഠമായ ഒരു കെട്ടിടമുണ്ടാക്കി. ആ കെട്ടിടത്തിലായിരുന്നു നടവയലിൽനിന്നും തലശ്ശേരിയിൽനിന്നും അച്ചന്മാർ വരുമ്പോഠം ദിവ്യകമ്മങ്ങഠം നടത്തിയിരുന്നതു്. മുള്ളൻകൊല്ലിയിലുണ്ടായിരുന്ന കുടിയേററക്കാർ വിശാലവീക്ഷണവും ഐക്യബോധവുമുള്ളവരായിരുന്നതിനാൽ സ്കൂഠം പള്ളിക്കാര്യത്തിലേയ്ക്കു നേരത്തെ എഴുതിവാങ്ങി. കുടിയേററക്കാർ അനുദിനം വദ്ധിച്ചു. ഒരു വൈദികൻെറ സേവനം അവിടെ അത്യന്താ

പേക്ഷിതമെന്നു തലശ്ശേരിബിഷപ്പിനു ബോധ്യമായി. ഫാ. ജോർജ്ജ് ചെങ്ങാടക്കരിയെ 1959-ൽ പുൽപ്പള്ളി പള്ളിവികാരിയായി ബിഷപ്പ് നിയമിച്ചു. സ്കൂളും കുറച്ചു സൗകര്യങ്ങളും ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിൻെറ താമസം മുള്ളൻകൊല്ലിയിലാക്കി. അങ്ങനെ, മുള്ളൻകൊല്ലി ആ പ്രദേശത്തെ കുടിയേററക്കാരുടെ പ്രധാന കേന്ദ്രമായിത്തീർന്നു. മരക്കാവ്, മരക്കടവ്, പെരുക്കല്ലൂർ, മുതലായ ചെറുകേന്ദ്രങ്ങളും പടിപടിയായി വികസിച്ചുവന്നു. അവിടത്തെ പുരാതനമായ ക്ഷേത്രവും അതിൻെറ ഓഫീസുകളും കരിമത്താണ്. ഗവണ്മെൻറ് ഓഫീസുകളും അവിടെയത്രേ.

1966-ൽ മൂവായിരത്തോളം കുടുംബങ്ങൾ പുൽപ്പള്ളിയിൽ താമസക്കാരായി. ഇതിൽ ഭൂരിഭാഗവും ക്രൈസ്തവരാണ്. എന്നാൽ മററു കുടിയേററസ്ഥലങ്ങളെ അപേക്ഷിച്ചു പുൽപ്പള്ളിയിൽ കൂടുതൽ നായന്മാരും ഈഴവരും കുടിയേറിയിട്ടുണ്ട്.

കുടിയേററക്കാർ കഷ്ടപ്പെട്ടു കൃഷിപ്പണികൾ നടത്തി. നല്ല വിളവുകൾ ലഭിക്കുന്നതു കണ്ടപ്പോൾ ചിലക്ക് അസൂയ ഉദിച്ചു. ദേവസ്വംവക സ്ഥലം കൊട്ടക്കൽവാങ്ങൽ അനധികൃതമെന്ന് അവർ പ്രചരണം തുടങ്ങി. കുടിയൊഴിഞ്ഞു പോകുവാൻ ഓർഡർ നൽകപ്പെട്ടു. പോലീസ് ഒന്നുരണ്ടു വീടുകൾ കത്തിച്ചശേഷം അംഗങ്ങളെ ഇറക്കിവിട്ടു. ബ. കുന്നേലച്ചൻെറയും നെച്ചിക്കാട്ടച്ചൻെറയും ശ്രീ ആക്കൽ ജോസിൻെറയും നേതൃത്വത്തിൽ ആളുകൾ സംഘടിച്ചു. കോടതിയിൽ കേസ്കൊടുത്തു. വീടു തീവെച്ച് ഇറക്കിവിടുവാൻവന്ന പോലീസ്സംഘത്തെ പതിനായിരങ്ങൾ ഒന്നിച്ചുകൂടി ഘെരാവോ ചെയ്തു. തൽഫലമായി കുടിയിറക്കു നിത്തിവച്ചു. ഇപ്പോൾ എല്ലാ വിധത്തിലും പുൽപ്പള്ളി പുരോഗമിച്ചുവരുന്നു. ബത്തേരിയിൽനിന്നു ബസ്സുകൾ എത്തുന്നതുകൂടാതെ പനമരത്തുനിന്നു നടവയൽവഴി ബസ്സുകൊണ്ടുവരുവാൻ റോഡുകൾ പൂർത്തിയാക്കിവരുന്നു. ബസ്സുകൾ നടവയൽവരെ ഓടുവാൻ തുടങ്ങി.

തെക്കേവയനാടിൻെറ കേന്ദ്രപ്രദേശമായ സുൽത്താൻബത്തേരിയിൽ അധികം കുടിയേററക്കാർ താമസക്കാരായില്ല. ടൗണിൽനിന്ന് അഞ്ചും പത്തും മൈൽ അകലത്തിലാണ് അവർ താമസിക്കുന്നതു്. നേരത്തേ യൂറോപ്യൻ തോട്ടക്കാർക്കായി ഉണ്ടാക്കിയിരുന്ന ബത്തേരിടൗണിലെ പള്ളിയിൽ താമസിച്ചുകൊണ്ടു് ബ. സർഗീസ് സി. എം. ഐ. അച്ചൻ

അവിടത്തെയും സമീപത്തുള്ള മററു ചെറിയ കേന്ദ്രങ്ങളുടെയും പുരോഗതിക്കായുള്ള നിർദ്ദേശങ്ങൾ അവക്കു കൊടുക്കുകയും അവരുടെ ആത്മകാര്യങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്നു. അന്നുണ്ടായിരുന്ന പ്രധാന കേന്ദ്രങ്ങൾ തെനേരി, വാഴവററ, പഴൂർ, എരുമാട്ട്, ചുള്ളിയോട്ട് മുതലായവ ആയിരുന്നു. അവിടെയെല്ലാം എല്ലാ ആഴ്ചയിലും മററു സ്ഥലങ്ങളിൽ മാസത്തിൽ ഒന്നോരണ്ടോ ദിവസങ്ങളിലും പോയി അദ്ദേഹം ആളുകളെ സഹായിച്ചിരുന്നു.

ഇതിൽ വാഴവററയായിരുന്നു പ്രധാന കോളനി. 1946 മുതൽ അവിടെ കുടിയേററം തുടങ്ങിയതാണ്. ചൂടിയാങ്കൽ മത്തായി, കന്നുകെട്ടിയിൽ ചാക്കോ, നെല്ലിനിൽക്കുംതടത്തിൽ ജോസഫ്, പണിതുരുത്തേൽ മത്തായി എന്നിവരാണ് ആദ്യം കുടിയേറിയവർ. കോഴിക്കോട്ടരൂപതയിൽപ്പെട്ട ചുണ്ടേയിൽപ്പള്ളി വികാരിയച്ചൻ 1948–ൽ ആദ്യമായി പണിതുരുത്തേൽ മത്തായിയുടെ വീട്ടിൽ ദിവ്യബലി അപ്പിച്ചു.

1954–ൽ തലശ്ശേരിയിൽനിന്നുള്ള നിയമനമനുസരിച്ച് ബ. സർഗീസച്ചൻ ബത്തേരിയിൽ താമസിച്ചുകൊണ്ടു വാഴവററ, തെനേരി മുതലായ കേന്ദ്രങ്ങൾ നോക്കിയിരുന്നു. ഒന്നുരണ്ടു കൊല്ലങ്ങൾക്കുശേഷം വിൻസൻഷ്യൻസഭയിൽപ്പെട്ട ഫാ. തുരുത്തികാട്ടിനെ തെനേരിയിലും ഫാ. മാത്യു അത്തിക്കലിനെ വാഴവററയിലും വികാരിമാരായി നിയമിച്ചു. ഫാ. അത്തിക്കലാണ് വാഴവററയിൽ മനോഹരമായ പള്ളി പണിതീർപ്പിച്ചതു്. അവിടെ സ്ഥാപിതമായിരിക്കുന്ന തിരുഹൃദയമഠം നല്ല ഒരു ആശുപത്രി നടത്തിക്കൊണ്ടു ജനങ്ങൾക്ക് ആതുരസേവനം ചെയ്തുപോരുന്നു.

വടക്കേവയനാട്ടിലെ കണിയാരംകുന്നിനെ കൊട്ടാരക്കുന്നാക്കി തീർത്ത ബ. കഴിക്കച്ചാലിൽ ജോജ്ജച്ചനെ 1967–ൽ മാനന്തവാടിയിൽനിന്നും തെക്കേവയനാട്ടിലെ സുൽത്താൻബത്തേരിയിലേയ്ക്കു സ്ഥലംമാററിയ കാര്യം നേരത്തെ പറഞ്ഞുവല്ലോ. അദ്ദേഹം ബത്തേരിടൗണിൽ വിരസത ജനിപ്പിക്കുന്ന വിധം പ്രാകൃതവേഷത്തോടെ സ്ഥിതിചെയ്തിരുന്ന അസംപ്ഷൻകുന്നിനെ ആരേയും ആകർഷിക്കുന്ന വേഷഭൂഷണങ്ങൾ കൊടുത്തു മനോഹരമാക്കിത്തീർത്തു. പുതിയതും ഭംഗിയുള്ളതുമായ പള്ളിക്കെട്ടിടം ഉണ്ടാക്കി. സ്കൂൾക്കെട്ടിടം പണിതീർത്തു. ഒരു ആശുപത്രിയും ആരംഭിച്ചു. ആതുരസേവനത്തിൻെറ പരി

മളം ആ ടൗണിലും പരിസരങ്ങളിലുമുള്ള ആളുകളെ ആകർഷിച്ചു. ആ സ്ഥാപനം എല്ലാവക്കും ആശ്വാസവും ആശ്രയവും പ്രദാനം ചെയ്തു.

ബത്തേരിയിൽനിന്നു 15 മൈൽ അകലെയുള്ള അമ്പലവയലിൽ ധാരാളം കുടിയേററക്കാർ ഉണ്ടു്. എക്സ്സർവ്വീസ് മെൻസ് കോളനിയും ഗവണ്മെൻറ് ഫ്രൂട്ട് നഴ്സറിഫാമും അവിടെയാണു്. പുരോഗമനസാദ്ധ്യത വളരെയുള്ള സ്ഥലം. കഴിക്കച്ചോലിലച്ചൻെറ ശ്രദ്ധ ആ ഭാഗത്തേയ്ക്കുകൂടി തിരിഞ്ഞു. അവിടെ ഒരു കെട്ടിടവും സ്ഥലവും വാങ്ങി. ഒരാശുപത്രി തുടങ്ങി. ബ. സിസ്റ്റേഴ്സിൻെറ ഒരു കോൺവെൻറും ആരംഭിച്ചു. ഒരു ദേവാലയവും വൈദികമന്ദിരവും പണിതു പൂർത്തിയാക്കി. 1976–ൽ അദ്ദേഹം മാനന്തവാടിയിൽ വീണ്ടും വികാരിയായിവന്നു് അവിടത്തെ പ്രവർത്തനങ്ങൾ തുടരുന്നു.

അവികസിതമായ വയനാടിൻെറയും അവിടത്തെ ആളുകളുടെയും അഭിവൃദ്ധിക്കു കൂടുതൽ ശ്രദ്ധ അവിടെ കേന്ദ്രീകരിക്കേണ്ടതു് ആവശ്യമാണെന്നു തലശ്ശേരിരൂപതാധികാരികൾക്കു ബോദ്ധ്യമായി. ആകയാൽ മഞ്ഞുവീഴുംമലകളുടെ നാടിനു വേണ്ടി മാനന്തവാടി കേന്ദ്രമാക്കി ഒരു പുതിയരൂപത 1973–ൽ സ്ഥാപിച്ചു. അതിൻെറ അദ്ധ്യക്ഷനായി ജേക്കബ്ബ് തൂങ്കുഴിയെ തിരഞ്ഞെടുത്തു. കാർഡിനൽ പാറേക്കാട്ടിൽ അദ്ദേഹത്തെ മാനന്തവാടി സെൻറ് തോമസ് മൗണ്ടിൽവച്ചു അഭിഷേകംചെയ്തു് ഭരണമേല്പിച്ചുകൊടുത്തു. ദരിദ്രമായ ആ പ്രദേശങ്ങളെ വികസിപ്പിച്ചുകൊണ്ടുവരുവാൻ അദ്ദേഹം സവ്വാത്മനാ പരിശ്രമിക്കുന്നു. കേരളസക്കാരിൽനിന്നും കേന്ദ്രസക്കാരിൽനിന്നും വിദേശങ്ങളിൽനിന്നും ലഭിക്കാവുന്ന എല്ലാ സഹായങ്ങളും വാങ്ങിച്ചെടുത്തു് ഊജ്ജസ്വലതയോടെ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു.

സാമൂഹികവും കാർഷികവും സാമ്പത്തികവുമായ വിഷയങ്ങളിൽ വയനാടിനെ പടിപടിയായി ഉയത്തിക്കൊണ്ടുവരുവാൻ പുതിയ ബിഷപ്പും വൈദികരും സന്യാസിനികളും ജനങ്ങളും പ്രയത്നിച്ചുകൊണ്ടിരിക്കയാണിപ്പോൾ.

# നഗരങ്ങൾ പണിയുന്നവർ

അസംപ്ഷൻ കോളനിയിൽ ആദ്യമായി പൊതുപ്രവർത്ത നങ്ങൾ ആരംഭിച്ചതു കോടഞ്ചേരിയിലായിരുന്നു. ദേവാലയ ത്തിനും അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങൾക്കുംവേണ്ടി 'അമ്പലക്കുന്ന്' എന്നു വിളിച്ചിരുന്ന ഒരു സ്ഥലം തെരഞ്ഞെ ടുത്ത് അവിടെ അവർ ഒരു ഷെഡ്ഡുണ്ടാക്കി. ആ ഷെഡ്ഡിൽ ഞായറാഴ്ചതോറും ദിവ്യബലിയും മററു മതകർമ്മങ്ങളും നടത്തി പ്പോന്നിരുന്നു.

നല്ല സംസ്കാരവും ദീർഘദൃഷ്ടിയുമുള്ള ജനങ്ങളാണ് ആ ഭാഗത്തു കുടിയേറിയിട്ടുള്ളത്. പള്ളിയും വൈദികനും സ്ഥിര മായി വരുന്നതിനു മുമ്പുതന്നെ തങ്ങളുടെ കുട്ടികളെ രണ്ടുമൂന്നു സ്ഥലങ്ങളിൽ ഒന്നിച്ചുകൂട്ടി അദ്ധ്യാപകരെ നിയമിച്ച് 4–ാം ക്ലാസ്സുവരെ പഠിപ്പിച്ചിരുന്നു. പണം പിരിച്ചെടുത്ത് അദ്ധ്യാ പകർക്കു ശമ്പളം കൊടുത്തുപോന്നു. കോടഞ്ചേരി ഇടവകയ്ക്കു മാത്രമുള്ള പ്രഥമവികാരി ഫാ. ഫാബിയൂസ് സി. എം. ഐ. വന്നു കഴിഞ്ഞപ്പോൾ ഈ സ്കൂളുകൾ പള്ളിമാനേജ്മെൻറിലേയ്ക്കു വിട്ടുകൊടുത്തു. അദ്ദേഹത്തിൻെറ സാമർത്ഥ്യത്താൽ നാലുക്ലാസ്സു കൾക്കും ഒന്നിച്ച് അംഗീകാരവും ഗ്രാൻറും ലഭിച്ചു. കൃഷി ആദായങ്ങളും പണവും വളരെ ദുർലഭമായിരുന്ന അക്കാലത്തും അനുദിനം ജോലിചെയ്തു കഷ്ടിച്ചു മുമ്പോട്ടു നീങ്ങിയിരുന്നവർ വിധവയുടെ കൊച്ചുകാശുപോലുള്ള സംഭാവനചെയ്യുവാൻ മടി കാണിച്ചില്ല. അങ്ങനെയുണ്ടാക്കിയ പണംകൊണ്ടാണ് അവർ സ്കൂളിനു ഗ്രാൻറു കിട്ടുന്നതുവരെ അദ്ധ്യാപകർക്കു ശമ്പളം കൊടു ത്തത്. പ്രൈമറിസ്കൂൾകെട്ടിടങ്ങൾ പണിതതും ഇങ്ങനെയു ണ്ടാക്കിയ ഫണ്ടുകൊണ്ടത്രേ. ഇതുപോലെതന്നെ 1953–ൽ ഹൈസ്കൂളിനുവേണ്ടി അവർ കഴിവിൻെറ പരമാവധി സംഭാവന ചെയ്തു. ഹൈസ്കൂൾ അനുവാദം മദ്രാസിൽനിന്നു വാങ്ങിച്ചെടു ക്കുവാനും അതിനുവേണ്ടി നിരതദ്രവ്യം കെട്ടിവയ്ക്കുവാനും വേണ്ട കെട്ടിടങ്ങൾ പണുതുയർത്തുവാനും ഇടവകക്കാരും ബ. ദൊസി

ത്തേവൂസച്ചനം ചെയ്ത പ്രയത്നങ്ങളും ത്യാഗങ്ങളും ഒരു കാലത്തും മറക്കാനാവാത്തതാണ്. അച്ചന്റെ വിയപ്പുകൊണ്ടു നനയാത്ത മണൽത്തരികൾ കോടഞ്ചേരിപ്രദേശത്തു കാണുകയില്ല.

ഈ വസ്തുത അവിടെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകക്കുമറിയാം. അതായിരിക്കണം ആ സ്കൂളിൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ആത്മാർത്ഥമായി ജോലിചെയ്ത് ഏററം കൂടുതൽ വിജയശതമാനം എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു നേടിയെടുക്കുവാൻ കാരണം. പലകൊല്ലം തുടർച്ചയായി ഈ ക്രെഡിററ് അവർ നേടി. രൂപതയിൽനിന്നുള്ള ട്രോഫി ഒടുവിൽ സ്ഥിരമായി സ്വന്തമാക്കുവാനും കോടഞ്ചേരി സ്കൂളിനു സാധിച്ചു.

ബ. ദൊസിത്തേവൂസച്ചൻ കോടഞ്ചേരി വിട്ടിട്ട് കൊല്ലങ്ങൾ പലതായെങ്കിലും അവിടത്തുകാർ എന്നും അദ്ദേഹത്തെ സ്മരിക്കുന്നു. 1974–ൽ അദ്ദേഹത്തെ കോടഞ്ചേരിയിൽ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ പൗരോഹിത്യരജതജൂബിലി സാഘോഷം കൊണ്ടാടി. അയ്യായിരംരൂപാ പിരിച്ചുണ്ടാക്കി അദ്ദേഹത്തിന്റെപേരിൽ ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തി. പ്രതിവത്സരം എസ്. എസ്. എൽ. സി. പരീക്ഷയിൽ കൂടുതൽ മാർക്കുവാങ്ങുന്ന മൂന്നു വിദ്യാർത്ഥികൾക്ക് അറുനൂറുരൂപായുടെ സ്കോളർഷിപ്പു നൽകുന്നു. ബ. വികാരി അച്ചന്മാരെ ബഹുമാനിക്കുവാനും അവരോടു സഹകരിക്കുവാനുമുള്ള മഹാമനസ്കതയും വിദൂരവീക്ഷണവും കോടഞ്ചേരിക്കാക്കുണ്ട്. അതിന്റെ സൽഫലങ്ങൾ സ്ഥലത്തിനും സ്ഥലവാസികൾക്കും ലഭിക്കയും ചെയ്യുന്നു.

1957 മുതൽ വികാരിയായി വന്ന ഫാ. ജോർജ്ജ് പുനക്കാട്ട് അവിടെ ബലിഷ്ഠവും മനോഹരവുമായ ഒരു ദേവാലയം 1960–ൽ പണികഴിപ്പിച്ചു. തൊട്ടടുത്തു വൈദികമന്ദിരവും. ബ. ദൊസിത്തേവൂസച്ചൻ പണിയിപ്പിച്ച എടുപ്പുകളും, ഗംഭീര ഹൈസ്കൂൾകെട്ടിടങ്ങളുംകൂടി ആയപ്പോൾ ആ കുന്നിന്റെ മുഖം പ്രത്യേകവിധത്തിൽ പ്രശോഭിക്കുകയാണ്. എതിർവശത്തുള്ള കുന്നിൽ പ്രൈമറിസ്കൂൾ കെട്ടിടങ്ങളും, കോൺവെൻറുകെട്ടിടങ്ങളും പണിതിരിക്കുന്നു. ഇരു കുന്നുകൾക്കും മദ്ധ്യേയുള്ള താഴ്വാരം ലവൽചെയ്ത് വിസ്തൃതമായ ഒരു മൈതാനമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. പല റോഡുകൾ ഈ മൈതാനത്തിന്റെ സൈഡുകളിൽവന്നു സന്ധിക്കുന്നുണ്ട്. കോടഞ്ചേ

രിപ്പട്ടണം ഈ മൈതാനത്തിൻെറ ഒരു വശത്തുനിന്നാരംഭി ക്കുന്നു. എല്ലാം കൂടിച്ചേരുമ്പോഠം ഏതോ ഒരു ഗാംഭീര്യവും ദിവ്യതവും കോടഞ്ചേരിക്കു സംലബ്ധമാകുന്നുണ്ടെന്നു പറയാം. പല നിലകളിലുള്ള കെട്ടിടങ്ങഠം ഇപ്പോഠം കുറവല്ല. സാമാന ങ്ങഠം വാങ്ങുവാൻ ഇനി കോഴിക്കോടിനു പോകേണ്ട ആവശ്യമി ല്ലെന്നായിട്ടുണ്ട്. എല്ലാത്തരത്തിലുള്ള സാധനങ്ങളും ഇവിടെ ലഭിക്കുന്നു.

കോടഞ്ചേരിയിൽ ഇന്നു് എസ്. എസ്. എൽ. സി. പാസ്സായവർ വളരെപ്പേരുണ്ട്. കോളേജുവിദ്യാർത്ഥികളും യൂണിവേഴ്സിററി ഡിഗ്രി എടുത്തവരും നിരവധി. പലരും സ്കൂഠം, കോളേജ് അദ്ധ്യാപകരായും ചുരുക്കംപേർ ഗവണ്മെൻറു ദ്യോഗസ്ഥരായും ജോലിചെയ്യുന്നു. സ്ഥലത്തു് ഒന്നുരണ്ടു പാര ലൽ കോളേജുകളും നടത്തിവരുന്നുണ്ട്.

രാഷ്ട്രീയവും സാമൂഹികവുമായ കാര്യങ്ങളിലും കോടഞ്ചേ രിക്കാർ പിന്നോക്കമല്ല. പഞ്ചായത്തോഫീസും പോലീസ് സ്റ്റേഷനും അവർ നേടിയെടുത്തു. പോസ്റ്റാഫീസും ആശുപ ത്രിയും നേരത്തേമുതൽ തുടങ്ങിയിരുന്നു. കോളനിയുടെ വിവി ധഭാഗങ്ങളിലേക്കു ലോറിയും വാഹനങ്ങളും പോകത്തക്കവണ്ണം റോഡുകഠം പലതു വെട്ടിത്തുറന്നു. പുലിക്കയം പുഴയ്ക്കു് കോൺ ക്രീററുപാലം പണിതു. 1968 മുതൽ കോഴിക്കോട്ടുനിന്നും ലൈൻബസ്സ് ഓടിക്കൊണ്ടിരിക്കുന്നു. 1970 മുതൽ വൈദ്യുതി ലഭിച്ചു. സിനിമാതിയേററും ബാങ്കുകളും നടത്തിവരുന്നുണ്ട്. ഇങ്ങനെ എല്ലാവിധത്തിലും കോടഞ്ചേരി പുരോഗമിച്ചുകൊ ണ്ടിരിക്കയാണു്.

തിരുവമ്പാടിപഞ്ചായത്തിൽപ്പെടുന്ന പ്രദേശങ്ങഠം അധി കം കുന്നും മലയുമില്ലാത്ത നല്ല നിരപ്പും ഫലപുഷ്ടിയുമുള്ള ഒരു ഭൂഭാഗമാണ്. കാലിത്തീററ ധാരാളമായി വളരുന്നതും കാലിയെ അനായാസം ചെറുപുഴകളിലിറക്കി കുടിപ്പിക്കു വാനും കുളിപ്പിക്കുവാനും സൗകര്യമുള്ളതുമായ കൃഷിഭൂമി. ചെറുതും വലുതുമായ വൃക്ഷങ്ങഠം ശാഖോപശാഖകളോടെ അവി ടെ പടർന്നു വളരുന്നു. വെളിംപ്രദേശങ്ങളും സുലഭം. ഈ മൈതാനഭൂമിയുടെ ഭംഗിയും ആകർഷണീയതയും കണ്ടിട്ട്, പൂർവ്വികപുരാണങ്ങളിലെ ശ്രീകൃഷ്ണൻെറ അമ്പാടിയോടു സാമ്യ പ്പെടുത്തി ആരോ 'തിരുവമ്പാടി' എന്നു് പേരു കൊടുത്തതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. യഥാർത്ഥത്തിൽ ആ പ്രദേശം ഒരു ദൈവിക അമ്പാടിതന്നെ.

ഇന്നു് കുരുമുളകു്, റബ്ബർ, കമുകു് മുതലായവയെല്ലാം സമൃദ്ധമായി അവിടെ വളരുന്നു. നല്ല ഫലങ്ങൾ തരുന്നു. എന്നാൽ 1945 മുതൽ 1950 വരെയുള്ള പ്രാരംഭകാലങ്ങളിൽ കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളാൽ വിളവുകൾ ഒട്ടും ലഭിക്കാതെ നിരാശയിൽ എത്തിച്ചേർന്നവർ വളരെയായിരുന്നു. അതുപോലെ മലമ്പനിയും ഒട്ടവളരെപ്പേരെ കൊന്നൊടുക്കി. തത്ഫലമായി കുടിയേറിയവരിൽ ഒരു നല്ല ശതമാനം മടങ്ങിപ്പോയി. ഒരു നല്ലഭാഗം പനിയാൽ മരിച്ചു. പിടിച്ചുനിന്നവർ അൻപതു ശതമാനത്തിൽ കവിയുകയില്ല. കാട്ടുമൃഗങ്ങളുടെയും മലേറിയായുടെയും ശല്യങ്ങൾ ക്രമേണ കുറഞ്ഞു. പുതിയ കുടിയേററക്കാർ ധാരാളമായി വന്നുകൊണ്ടിരുന്നു. രണ്ടു കൂട്ടരുംകൂടി സഹകരിച്ചു പ്രവർത്തിച്ചു. എല്ലാവരും കൃഷിപ്പണികൾ നടത്തി. ആനയെ ഓടിക്കുവാനും പന്നിയെ പിടിക്കുവാനും പരസ്പരം സഹായിച്ചു.

ഫാ. മൊന്തനാരി എസ്. ജെ. യെ ആ കുടിയേററപ്രദേശത്തിൻെറ വികാരിയായി നിയമിച്ചുവെന്നു നേരത്തേ പറഞ്ഞുവല്ലോ. മുണ്ടമല എന്നു വിളിച്ചിരുന്ന കുന്നിൻനിരപ്പിൽ അദ്ദേഹം പള്ളിക്കായി ഒരു ഷെഡ്ഡുണ്ടാക്കി. യേശുവിൻെറ തിരുഹൃദയത്തിനു് അതിനെ പ്രതിഷ്ഠിച്ചുകൊണ്ടു് അതിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചു. മാസത്തിലൊരു ഞായറാഴ്ച അദ്ദേഹം അവിടെ കുർബാനയും കൂദാശകളും നടത്തിപ്പോന്നു.

1947-ൽ ഫാ. മൊന്തനാരി എസ്. ജെ. സ്ഥലംമാറിപ്പോയി. പകരം ഫാ. സെക്വേരാ എസ്. ജെ. നിയമിതനായി. അദ്ദേഹമാണു് കുട്ടികളുടെ പഠനത്തിനുവേണ്ടി സ്കൂൾ ആരംഭിച്ചതു്. മദ്രാസ് ഗവണ്മെൻറിൽനിന്നു് അംഗീകാരവും ഗ്രാൻറും അന്നു കിട്ടിയിരുന്നില്ല. അദ്ദേഹത്തിൻെറ അനന്തരഗാമിയായ ഫാ. ഗൊൺസാൽവസ് അവ വാങ്ങിച്ചെടുത്തു. അതുവരെ കോഴിക്കോട്ടുരൂപതയിൽനിന്നായിരുന്നു അദ്ധ്യാപകർക്കു ശമ്പളം കൊടുത്തിരുന്നതു്. ഫാ. ഗൊൺസാൽവസ് പള്ളിക്കുന്നിൻെറ ഒരു വശത്തു സ്കൂളിനായി ഒരു സ്ഥിരം കെട്ടിടവും പണികഴിപ്പിച്ചു. എങ്കിലും 5-ാം ക്ലാസ്സ് ജയിച്ച കുട്ടികൾക്കു പഠിക്കുവാൻ പത്തുമൈൽ അകലെയുള്ള കൊടിയത്തൂരിൽ നടന്നു് എത്തിച്ചേരണമായിരുന്നു. പലരും കഷ്ടപ്പാടുകൾ സഹിച്ചു പഠിച്ചു. പഠിക്കുവാൻ കുടിയേററക്കാരുടെ കുട്ടി

കളായിരുന്നു സമത്ഥർ. അവരോട്ട് അദ്ധ്യാപകക്കു താത്പര്യമായി. അവർ ക്ലാസ്സിലെ ഒന്നാം സമ്മാനങ്ങഠം നേടിയിരുന്നു. പക്ഷേ ഭൂരിപക്ഷം കുട്ടികഠംക്കും പോയി പഠിക്കുവാൻ പററിയില്ല.

ഫാ. ഗൊൺസാൽവസിനെ തുടന്നു തിരുവാമ്പാടിയിൽ വികാരിയായിവന്നതു് കർമ്മലീത്താസഭയിലെ (സി.എം.ഐ.) ഫാ. അത്തനേഷ്യസാണു്. പരിചയസമ്പന്നനും സമാദരണീയനുമായിരുന്ന ബ. അത്തനേഷ്യസച്ചനെ തിരുവാമ്പാടിക്കു ലഭിച്ചതു് അവരുടെ ഭാഗ്യമായി. കുടിയേററക്കാരുടെ ഭാവി ഐശ്വര്യത്തെക്കരുതി അവരുടെ കുട്ടികളെ പഠിപ്പിക്കുവാൻ ഒരു യു. പി. സ്കൂളുണ്ടാക്കുവാനും യാത്രാസൗകര്യങ്ങളുണ്ടാക്കുവാനും അത്തനേഷ്യസച്ചൻ മുൻകൈയെടുത്തു പ്രവർത്തിച്ചു. ഗതാഗതസൗകര്യങ്ങളുണ്ടാക്കുവാനാണു് അദ്ദേഹത്തിനു് ഏററവുംകൂടുതൽ ബുദ്ധിമുട്ടേണ്ടിവന്നതു്. മുക്കത്തുനിന്നു തിരുവാമ്പാടിക്കും കൂടരഞ്ഞിക്കും പോകണമെങ്കിൽ പുഴ കടക്കണം. പുഴയ്ക്കു പാലമില്ല. തോണിവേണം പുഴ കടക്കുവാൻ. നല്ല ഒരു സംഖ്യ കടത്തുകൂലിയായിക്കിട്ടും സ്ഥലവാസികഠംക്കു്. പുഴ കടന്നാൽതന്നെ കിഴക്കോട്ടുപോകുവാൻ ഒരു ജീപ്പുറോഡു പോലുമില്ല. കൃഷിവിഭവങ്ങളെല്ലാം കെട്ടുകാരെക്കൊണ്ടു ചുമപ്പിക്കണം. വിളവിൻെറ വിലയുടെ നല്ല ഒരംശം ഈ കേററിയിറക്കിനും ചുമടിനും പോകും. ഭൂവുടമകഠം ഒരു ജീപ്പുറോഡിനുപോലും സ്ഥലം അനുവദിച്ചുകൊടുക്കുകയില്ല. കോഴിക്കോട്ടും മററുമുള്ള ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിലെ തൻെറ സ്വാധീനം ഉപയോഗിച്ചാണു് ഒരു ജീപ്പുറോഡിനുള്ള അനുവാദം സ്ഥലമുടമകളിൽനിന്നു് അത്തനേഷ്യസച്ചൻ വാങ്ങിച്ചെടുത്തതു്. അങ്ങനെ കൂടരഞ്ഞിയിലേക്കും തിരുവാമ്പാടിയിലേക്കും റോഡുകളുണ്ടായി. വിശ്രമരഹിതമായി നടത്തിയ പ്രയത്നത്തിൻെറ ഫലമായി അദ്ദേഹം തീത്തും ദുർബ്ബലനായിത്തീന്നു. സഭാധികാരികഠം അദ്ദേഹത്തെ ആശ്രമത്തിലേക്കു തിരിച്ചുവിളിച്ചു.

ബ. കെറൂബീനച്ചനാണു് പിന്നാലെ വികാരിയായി വന്നതു്. സ്ഥലത്തു് ഒരു ഹൈസ്കൂഠം അത്യന്താപേക്ഷിതമെന്നു് അദ്ദേഹത്തിനു മനസ്സിലായി. പള്ളിയോടടുത്തു നിരപ്പായ സ്ഥലമില്ല ഹൈസ്കൂഠംകെട്ടിടം വയ്ക്കുവാനും കളിസ്ഥലം ഉണ്ടാക്കുവാനും. ഒരു ഫർലോംഗുമാറി പററിയ ഒരു സ്ഥലം വാങ്ങി. ഒരു കെട്ടിടം പണിതു. മദ്രാസ്സിൽ വിദ്യാഭ്യാസഡിപ്പാർട്ടു

മെൻറിലേയ്ക്ക് അപേക്ഷ സമപ്പിച്ചു. മദ്രാസ്ഗവണ്മെൻറിൽ നിന്നും ഹൈസ്കൂളിന് അനുവാദം ലഭിക്കുക അന്ന് അത്ര എളുപ്പമായിരുന്നില്ല. പല സെക്യൂരിററികളും കൊടുക്കണം. അദ്ദേഹം മദ്രാസ്സിൽ പോയി വേണ്ടപ്പെട്ടവരെ കണ്ട് അനുവാദം നേടിയെടുത്തു. പക്ഷേ സ്കൂറം തുടങ്ങുവാൻ ഒരു മാസത്തെ പരിശ്രമങ്ങളും ത്യാഗങ്ങളും വേണ്ടിവന്നു. സ്കൂറം പ്രതിവത്സരം അഭിവൃദ്ധിപ്പെട്ടുവരുന്നു, സമത്ഥനായ ഹെഡ്മാസ്റ്ററുടെ ഭരണത്തിൽ.

നാലുകൊല്ലം ബ. കെറൂബീനച്ചൻ തിരുവാമ്പാടിയിൽ സേവനംചെയ്തു. ആത്മാത്ഥത നിറഞ്ഞ ഒരു വൈദികനായിരുന്നു അദ്ദേഹം. നിസ്വാത്ഥൻ. പരമഭക്തൻ. ഒരു പണ്ഡിതനും ആയുർവേദവൈദ്യനുമായിരുന്നു. ഒററമൂലികൊണ്ട് അദ്ദേഹം പല അസുഖങ്ങളും മാററും. തൻെറ മുൻഗാമിയെപ്പോലെ അദ്ദേഹവും അതിപ്രയത്നത്താൽ രോഗിയായിത്തീൎന്നു. അദ്ദേഹവും ആശ്രമത്തിലേക്കു വിളിക്കപ്പെട്ടു. ബ. അത്തനേഷ്യസച്ചൻ 1954–ലും ബ. കെറൂബീനച്ചൻ 1960–ലും ദിവംഗതരായി. ഈ വൈദികസത്തമന്മാരുടെ ഈടുററ സേവനങ്ങളെപ്പററിയുള്ള ഭക്തിനിർഭരമായ സ്മരണ തിരുവാമ്പാടിക്കാരുടെ മനസ്സിൽ നിന്ന് ഒരിക്കലും മറഞ്ഞുപോകയില്ല.

1955 മുതൽ കുരുമുളകിനു സാമാന്യം നല്ല വില കിട്ടിത്തുടങ്ങി. സാമൂഹികവികസന പ്രവത്തനങ്ങറംക്കു പണം മുടക്കുവാൻ കൃഷിക്കാൎക്കു കഴിവായി. ഈ അവസരം വേണ്ടപോലെ പ്രയോജനപ്പെടുത്തുവാൻ നിപുണനും ചെറുപ്പക്കാരനുമായ ഒരു വൈദികനെ, ഫാ. എവ്വരിസ്റ്റസ് സി. എം. ഐ. യെ തിരുവാമ്പാടിക്കു വികാരിയായി ലഭിച്ചു. അദ്ദേഹം ആളുകളെ സംഘടിപ്പിച്ചു. സ്കൂറംകെട്ടിടങ്ങറം പലതുണ്ടാക്കി. റോഡുകറം വെട്ടിത്തുറന്നു. സബ്പോസ്റ്റോഫീസ്, പോലീസ്സ്റ്റേഷൻ എന്നിവ സമാരംഭിക്കുകയും വൈദ്യുതി വരുത്തുകയും ചെയ്തു. കമ്മലീത്താമഠത്തിൻെറ ഒരു ശാഖ ടൗണിനടുത്തുതന്നെ 1956–ൽ സമാരംഭിച്ചു. പിന്നാലെവന്ന ബ. കുന്നപ്പള്ളി വൎക്കിച്ചൻ കുടിയേററ രജതജൂബിലി സ്മാരകമായി ടൗൺ മധ്യത്തിൽ മനോഹരമായ ഒരു കുരിശുകപ്പേള പണുതുയൎത്തി.

തിരുവാമ്പാടിയിൽനിന്നു വേർപെട്ടു സ്വതന്ത്രമായി വർത്തിക്കുന്ന വേറൊരു കുടിയേററകേന്ദ്രമാണ് പുല്ലൂരാമ്പാറ. ഫാ. ബത്തലോമ്മയോ സി. എം. ഐ. 1952–ൽ തുടങ്ങിയ

താണ് ഈ സെൻറർ. അതിൻെറ പുരോഗതി അതിവേഗ ത്തിലായിരുന്നു. അവിടത്തെ കുടിയേററക്കാർ നേതാവായ വൈദികനോടു യോജിച്ചുപ്രവൎത്തിക്കുവാൻ കൂടുതൽ സന്നദ്ധത കാണിച്ചു. എൽ. പി. സ്കൂളും യു. പി. സ്കൂളും 1976-ൽ ഹൈ സ്കൂളും അവർ സ്ഥാപിച്ചു. 1966-ൽ ഫാ. അഗസ്റ്റിൻ കീലത്തു് വികാരി ആയിരിക്കുമ്പോൾ 'തിരുവാമ്പാടി ഡവലപ്പുമെൻറു കമ്മററി' എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കി. ബ. കീല ത്തച്ചനായിരുന്നു, സംഘടനയുടെ പ്രസിഡൻറ്. ദേശത്തി ൻെറ വികസനത്തിനുള്ള പല പ്രവൎത്തനങ്ങളും അവർ ചെയ്തു. കുടിയേററകേന്ദ്രങ്ങൾ തമ്മിൽ സന്ധിപ്പിക്കുന്ന പല റോഡുകൾ അവർ വെട്ടിത്തുറന്നു. ബി. ക്ലാസ്സിൽപ്പെടുന്ന ഇരുമ്പകം പാ ലവും (തിരുവാമ്പാടി) മററു പല ചെറുപാലങ്ങളും കലുങ്കുകളും പണികഴിപ്പിച്ചു. വായനശാലകളും ഗ്രന്ഥാലയങ്ങളും സഹ കരണസംഘങ്ങളും ഫൈൻ ആർട്ട്സ് ക്ലബുകളും സ്ഥാപിച്ചു നടത്തി. ബ. അത്തനേഷ്യസച്ചൻെറ പരിശ്രമത്താൽ മുക്കം പുഴക്കടവിലേയ്ക്കു വെട്ടിത്തുറന്ന ജീപ്പുറോഡ് ബസ്സുകൊണ്ടുവരു വാൻവേണ്ടി വീതികൂട്ടി വെട്ടുന്നതിനു മുക്കത്തെ പ്രമാണികൾ സ്ഥലം അനുവദിച്ചില്ല. തിരുവാമ്പാടിയിൽനിന്നു് അര മൈൽമാത്രം അകലമുള്ള തോട്ടത്തിൻകടവിലേയ്ക്കു് ഇരുപത്തി നാലു് അടി വീതിയുള്ള ഒരു റോഡു കമ്മററി വെട്ടിത്തുറന്നു. കോഴിക്കോട്ടുനിന്നു് വരുന്ന ലൈൻബസ്സു് തോട്ടത്തിൻകടവു വരെ എത്തിക്കുവാൻവേണ്ട പരിശ്രമങ്ങൾ നടത്തി. അതു സാധിതപ്രായമായി. 1972-ൽ നല്ല ഒരു കോൺക്രീററുപാലം പി. ഡബ്ലിയു. ഡി. യെക്കൊണ്ടു പണികഴിപ്പിച്ചു. അതു പോലെ കൂടരഞ്ഞിക്കാരും മുക്കത്തേയ്ക്കു ബസ്സിനു വഴി കിട്ടായ്ക യാൽ വാലില്ലാപുഴറോഡിലേയ്ക്കു് ഒരു വഴി വെട്ടിത്തുറന്നു. ഇപ്പോൾ കൂടരഞ്ഞി, തിരുവാമ്പാടി, പുല്ലൂരാമ്പാറ, ആനിക്കാ മ്പോയിൽ മുതലായ സ്ഥലങ്ങളിലേയ്ക്കു് കോഴിക്കോട്ടുനിന്നു പ്രതിദിനം ധാരാളം ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. ബ. കീലത്തച്ചൻെറയും കമ്മററിക്കാരുടെയും പ്രവൎത്തനങ്ങൾ വിജ യിക്കുവാൻ എല്ലാവിധത്തിലും സഹായിച്ചതു് അക്കാലത്തു് കോഴിക്കോട്ടു കളക്ടറന്മാരായിരുന്ന മഹാബലിറാവുവും എൻ. കാളീശ്വരനും കുന്നമംഗലം ബി.ഡി.ഒ. ആയിരുന്ന ഗോപാ ലക്കുറുപ്പുമാണു് എന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമത്രേ.

ബ. കീലത്തച്ചൻെറ കാലത്തു് പുല്ലൂരാമ്പാറക്കാർ ഇരുവ ഞ്ഞിപ്പുഴയ്ക്കു കമ്പിതൂക്കുപാലം ഉണ്ടാക്കി. ജനങ്ങൾക്കു് ഇതു്

വളരെ സൗകര്യമായി. എങ്കിലും വാഹനങ്ങൾ കൊണ്ടുപോകുവാനും കൃഷിവിഭവങ്ങൾ സൗകര്യമായി മാർക്കററിൽ എത്തിക്കുവാനും സാധിച്ചിരുന്നില്ല. മുറിഞ്ഞകല്ലേൽ ബ. കൊച്ചുഫിലിപ്പച്ചൻ വികാരിയായി വന്നു. ഇരുവഞ്ഞിപ്പുഴയുടെ ഇരുകരകളേയും ഒരു ഉറപ്പുള്ള പാലംകൊണ്ടു യോജിപ്പിക്കാതെ കോടഞ്ചേരി, പുലിക്കയം, മഞ്ഞുവയൽ, മുറംപാത്തി മുതലായ കോളനികളെ തമ്മിൽ ബന്ധിപ്പിക്കുവാനും അവിടേയ്ക്കു ബസ്സും ലോറിയും കൊണ്ടുപോകുവാനും സാദ്ധ്യമാകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ജനങ്ങൾ ഒന്നുചേർന്നു പ്രവർത്തിച്ചു. ബലിഷ്ഠമായ ഒരു പാലം പണികഴിപ്പിച്ചു. കോഴിക്കോട്ടു മാനന്തവാടി മെയിൻറോഡിൽ കൽപ്പററഭാഗത്തു് വീതി പോരാത്തതിനാൽ മാററപ്പെട്ട ഒരു ഇരുമ്പുപാലം അദ്ദേഹം പി. ഡബ്ളിയു. ഡി. യിൽ നിന്നു വാങ്ങിച്ചെടുത്തു്, അതുകൊണ്ടാണു് പുല്ലൂരാമ്പാറ പാലം ശരിപ്പെടുത്തിയതു്. നെല്ലിപ്പോയിൽ, മഞ്ഞുവയൽ, മുറംപാത്തി മുതലായ കുടിയേററകേന്ദ്രങ്ങൾക്കു കോഴിക്കോട്ടുമായി വാഹനമാർഗ്ഗം ബന്ധപ്പെടുന്നതിനുള്ള പ്രധാന ഉപാധി ഈ പാലമാണു്. 1976 മുതൽ ഒരു ഹൈസ്കൂൾ അദ്ദേഹം പുല്ലൂരാമ്പാറെ അനുവദിപ്പിച്ചു നടത്തുന്നു. അതുപോലെ ആരാധനമഠംകാരുടെ ചുമതലയിൽ ഒരു വലിയ ആശുപത്രിയും അവിടെ നടത്തിവരുന്നുണ്ടു്.

തിരുവിതാംകൂറിലെ കോട്ടയം ഡിസ്ട്രിക്റ്റിൽപ്പെട്ട മീനച്ചിൽ താലൂക്കിലെ ആളുകളാണു് കൂടരഞ്ഞിയിൽ കുടിയേറിയിരിക്കുന്നതു്. 1947 മുതൽ അവിടെ കുടിയേററം ആരംഭിച്ചു. മുക്കത്തു് മൊയ്ഹാജിയോടാണു് അവർ സ്ഥലം വാങ്ങിയതു്. അവകാശത്തർക്കവും കുഴപ്പങ്ങളുമില്ലാത്ത ഭൂമി. നിസ്സാരവിലയ്ക്കു് ഇത്ര നല്ല ഭൂമി കിട്ടിയതിൽ അവർ ദൈവത്തെ സ്തുതിച്ചു. ആനക്കാട്ടിൽക്കൂടെ നാലുമൈൽ നടന്നു് തിരുവാമ്പാടിയിൽ എത്തണം, മതകാര്യങ്ങൾ നിർവഹിക്കണമെങ്കിൽ. കുടിയേററ കുടുംബങ്ങൾ അനുദിനം വർദ്ധിച്ചുവന്നു. എല്ലാവരുംകൂടെ ഒരു ദേവാലയം ആരംഭിക്കുവാൻ തീരുമാനിച്ചു. മൊയ്ഹാജി പത്തേക്കർ സ്ഥലം പള്ളിക്കു ദാനംചെയ്തു. സൗകര്യമായ ഭാഗത്തു് ഒരു ഷെഡ്ഡുണ്ടാക്കി. കോഴിക്കോട്ടുബിഷപ്പു് പത്രോണിത്തിരുമേനി ഈ ഷെഡ്ഡിൽ 1949-ൽ കൂടരഞ്ഞിയിലെ പ്രഥമകർബാന അർപ്പിക്കയും തിരുവാമ്പാടി പള്ളിവികാരിയെ കൂടരഞ്ഞികേന്ദ്രത്തിൻെറ കാര്യങ്ങൾകൂടെ അന്വേഷിക്കു

വാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ഏതാനും മാസങ്ങൾക്കു ശേഷം ബ. ബഹ്ണാർഡിൻ സി. എം. ഐ. അച്ചൻ കൂടരഞ്ഞിയുടെ വികാരിയായി ചാർജെടുത്തതോടെ ആ പ്രദേശത്തിൻെറ ഭാഗ്യനക്ഷത്രം ഉദിക്കുകയായി. അദ്ദേഹം ഒരു എൽ. പി. സ്കൂൾ ആരംഭിച്ചു. ക്രമേണ അതു യു. പി. ആക്കി. ബ. ബത്തലൂമ്മ സി. എം. ഐ. അച്ചൻ 1965-ൽ അതിനെ ഹൈസ്കൂളാക്കി ഉയത്തി. ബ. ബഹ്ണാർഡീനച്ചൻ സമത്ഥനും ദീർഘദൃഷ്ടിയുള്ളവനുമായ ഒരു വൈദികനായിരുന്നു. കുട്ടികളെ പഠിപ്പിക്കുവാനും ആതുരസേവനങ്ങൾ ചെയ്യുവാനും കന്യാസ്ത്രീകൾ ഇടവകയ്ക്കാവശ്യമാണെന്നു മനസ്സിലാക്കി 1957-ൽ കമ്മല സന്യാസിനീമഠത്തിൻെറ ഒരു ശാഖ കൂടരഞ്ഞിയിൽ സ്ഥാപിച്ചു. കുറെ കന്യാസ്ത്രീകൾ പാലായിൽനിന്നുവന്നു പ്രവത്തനങ്ങൾ തുടങ്ങി. തലശ്ശേരിരൂപതയിലെ ആദ്യത്തെ കമ്മല മഠം അതാണ്.

ഇടവകക്കാർ വർദ്ധിച്ചുവർദ്ധിച്ചു വരികയാണ്. ഒരു വലിയ ദേവാലയക്കെട്ടിടം ആവശ്യം. കാററും വെളിച്ചവും ലഭിക്കുന്ന മനോഹരവും ബലിഷ്ഠവുമായ ഒരു പള്ളിക്കെട്ടിടം ഒന്നുരണ്ടു കൊല്ലംകൊണ്ടു പണുതുയർത്തി. ഇടവകമദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിനോടുള്ള കുടിയേററക്കാരുടെ ഭക്തി നിസ്സീമം. ഇന്നു പതിനായിരക്കണക്കിനു ഭക്തജനങ്ങളെ തിരുനാൾദിവസങ്ങളിൽ ആകർഷിക്കുന്ന ഒരു തീത്ഥാടനകേന്ദ്രമായിരിക്കുകയാണ് കൂടരഞ്ഞി. ടൗണിലെ കടകളും എടുപ്പുകളും ബിസ്സിനസ്സും പ്രതിവത്സരം അഭിവൃദ്ധിപ്പെട്ടുവരുന്നു. പോസ്റ്റോഫീസ്, പഞ്ചായത്തോഫീസ്, വായനശാല, സഹകരണസംഘം, ബാങ്ക് മുതലായ പല സ്ഥാപനങ്ങളും കൂടരഞ്ഞിയിൽ ഇന്നുണ്ട്. വൈദ്യുതിയും ഫോണും 1972 മുതൽ സ്ഥലവാസികൾക്കു സംലബ്ധമായി. കോഴിക്കോട്ടേയ്ക്കും മററും പല ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. 1968 മുതൽ പള്ളിവകയായി ഒരു ആശുപത്രിയും നടത്തിവരുന്നുണ്ട്.

മോൺ. വാരികാട്ടു് സമാരംഭിച്ച ഒരു കേന്ദ്രമാണ് കൂടരഞ്ഞിക്കടുത്തുള്ള കൂമ്പാറ. ഫാ. തോമസ് തൈത്തോട്ടത്തിൻെറ വിദഗ്ദ്ധനേതൃത്വത്തിൽ ജനങ്ങൾ പ്രവത്തിച്ചു. അവർ 'കൂമ്പാറയെ' നനച്ചു വളത്തി വികസിപ്പിച്ചു പുഷ്പഗിരിയാക്കി. എൽ. പി. സ്കൂൾ, മഠം, റോഡുകൾ, ലൈൻബസ്സ് എല്ലാം മൂന്നുനാലു കൊല്ലങ്ങൾകൊണ്ട് ഉണ്ടായി.

കൂടരഞ്ഞിക്കടുത്തു് അതിവേഗം വികസിച്ചുവരുന്ന വേറൊരു കേന്ദ്രമാണു് തേക്കുംകുററി. അദ്ധ്വാനശീലരായ ഇവിടത്തെ ജനങ്ങൾ റോഡുകളും പൊതുസ്ഥാപനങ്ങളും നിർമ്മിച്ചു് ഈ കൊച്ചുഗ്രാമത്തെ പുരോഗതിയുടെ പരിവേഷമണിയിച്ചുകൊണ്ടിരിക്കയാണു്. കർമ്മലീത്താസന്ന്യാസിനികളുടെ മലബാർ പ്രോവിൻസിലെ നവസന്ന്യാസമന്ദിരം സ്ഥിതിചെയ്യുന്നതും ഇവിടെയത്രേ.

തോട്ടുമുക്കം, വെററിലപ്പാറ, വാലില്ലാപ്പുഴ എന്നിവയും ഈ പ്രദേശത്തു പുരോഗതിയുടെ പാതയിലൂടെ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന കുടിയേററക്കോളനികളാണു്.

അസംപ്ഷൻകോളനിയിലെ ഒരു പ്രധാന കേന്ദ്രമായ കണ്ണോത്തു് കുന്നും മലയും വയലും വെള്ളവും തോടും പുഴയും നിറഞ്ഞ ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണു്. ത്യാഗീവര്യനായ ബ. ഫ്രെഡറിക് സി. എം. ഐ. അച്ചനെ കണ്ണോത്തുകാർക്കു നേതാവായി ലഭിച്ചു, 1950-ൽ തന്നെ. കുടിയേററത്തിൻെറ ആരംഭകാലങ്ങളിൽ കെട്ടിടങ്ങൾക്കുവേണ്ടിയല്ല കൃഷികൾക്കുവേണ്ടിയാണു് പണംമുടക്കേണ്ടതു് എന്ന ആശയക്കാരനായിരുന്നു അദ്ദേഹം. പള്ളിക്കും പള്ളിമേടയ്ക്കുംവേണ്ടി ചെറിയ കെട്ടിടങ്ങൾ മാത്രം അദ്ദേഹം പണിയിപ്പിച്ചു. എങ്കിലും സ്വന്തം ചിലവുകൾ ചുരുക്കിയുണ്ടാക്കിയ പണംകൊണ്ടു കുരിശുകപ്പേളയും ലൂർദ്ദുഗ്രോട്ടോയും ഉണ്ടാക്കി. ആളുകളെ സംഘടിപ്പിച്ചു ശ്രമദാനം നടത്തി റോഡുകൾ പലതു തുറന്നു. കുപ്പായക്കോട്ടപുഴയ്ക്കുള്ള പാലം പണിതീർത്തതും അദ്ദേഹത്തിൻെറ കാലത്താണു്. എൽ. പി., യു. പി. സ്കൂളുകൾ സ്ഥാപിക്കയും അവയ്ക്കു ബലിഷ്ഠമായ കെട്ടിടങ്ങൾ ഉണ്ടാക്കുകയുംചെയ്തു. ക്ലാരമഠത്തിൻെറ ഒരു ശാഖയും ഇവിടെ സ്ഥാപിതമായിട്ടുണ്ടു്. ഫ്രെഡറിക്കച്ചനുശേഷം വികാരിയായിവന്ന ഫാ. ജേക്കബ്ബ് കുന്നപ്പള്ളിയാണു് അവിടത്തെ ബ്രഹ്മാണ്ഡമായ ദേവാലയം പണികഴിപ്പിച്ചതു്. മലമുകളിലുള്ള ഒരു നീരുറവയിൽനിന്നു പൈപ്പുവഴി പള്ളിയിലേയ്ക്കും മററു സ്ഥാപനങ്ങളിലേയ്ക്കും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തിയതും അദ്ദേഹമാണു്. കുപ്പായക്കോട്ടപാലം പുതുക്കി പണിയിപ്പിച്ചു്, ബസ്സ് ഗതാഗതയോഗ്യമാക്കിയതു് ബ. കട്ടകമ്മാക്കലച്ചനത്രേ. വൈദ്യുതി കൊണ്ടുവരുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

പരേതനായ പുനക്കാട്ട ജോർജ്ജച്ചൻ കോടഞ്ചേരി വികാരിയായിരിക്കുമ്പോഴാണ് മഞ്ഞുവയലിൽ ഒരു പള്ളി സ്ഥാപിച്ചത്. തുടന്ന് അവിടെ വികാരിയായിവന്ന ബ. തോമസ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിലും പ്രയത്നത്തിലും അത്ഭുതപൂർവ്വമായ പുരോഗതി ആ കേന്ദ്രത്തിനുണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാട്ടുകാർ സംഘടിച്ചു റോഡുകൾ ഉണ്ടാക്കുകയും പുലിക്കയം പുഴയ്ക്കു പാലം പണിയുകയും ഒരു യു. പി. സ്കൂൾ സ്ഥാപിച്ച് അതിനുവേണ്ട കെട്ടിടങ്ങൾ നിർമ്മിക്കയും ചെയ്തു. ആരാധനാസന്യാസിനികളുടെ ഒരു മഠവും ലൈൻബസ്സുസൗകര്യവും വൈദ്യുതിയും എല്ലാം ഇന്നവിടെയുണ്ട്. എല്ലാ ക്രിസ്തീയസഭാവിഭാഗക്കാരുടെയും ഒരു കേന്ദ്രമാണ് മഞ്ഞുവയൽ. എല്ലാവരുടെയും ദേവാലയങ്ങളുമുണ്ടവിടെ. ഓർത്തഡോക്സുകാർ എൽ. പി. സ്കൂളും കത്തോലിക്കർ യു. പി. യും നടത്തുന്നുണ്ട്. പൊതുക്കാര്യങ്ങളിൽ എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കുന്നു.

ബ. അന്തോനീനൂസ് സി.എം.ഐ. അച്ചൻ കൂടത്തായി ഇടവകയേയും നീലേശ്വരം ഇടവകയേയും സംയോജിപ്പിച്ചുകൊണ്ടു സമാരംഭിച്ച ഒരു കേന്ദ്രമാണ് വേനപ്പാറ. സ്ഥാപകൻതന്നെ ആ കേന്ദ്രത്തെ അതിവേഗം വികസിപ്പിച്ചെടുത്തു. അതിനുവേണ്ടി അദ്ദേഹം കഠിനപ്രയത്നം ചെയ്തു. റോഡുകൾ പലതു വെട്ടിത്തുറന്ന് മെയിൻറോഡുമായി ബന്ധിപ്പിച്ചു. എൽ. പി. സ്കൂളും യു. പി. സ്കൂളും ക്ലാരമഠത്തിന്റെ ഒരു ശാഖയും തുടങ്ങി. പള്ളിക്കെട്ടിടവും പണിതു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി രണ്ടു ബാലമന്ദിരങ്ങൾ സ്ഥാപിച്ചു. ഈ ബാലമന്ദിരങ്ങളിലെ കുട്ടികൾ പ്രായമാകുമ്പോൾ അവരെ വിവാഹം കഴിപ്പിച്ച് അഞ്ചേക്കറിൽ കുറയാതെ സ്ഥലവും വീടുംകൊടുത്ത് സ്വയംപര്യാപ്തരാക്കി വിടുന്നു. 1970-ൽ അദ്ദേഹം കൂടത്തായി കൊവേന്തയിലേയ്ക്ക് അതിന്റെ സുപ്പീരിയർ ആയി മാറിപ്പോയി. അദ്ദേഹം കൊവേന്തവകയായി ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. കോഴിക്കോട്ടുനിന്നും കോടഞ്ചേരിയിലേയ്ക്ക് ബസ്സുകൾ മൈക്കാവും കൂടത്തായിയും വഴി ഓടത്തക്കവിധം റോഡുകൾ വെട്ടിത്തുറക്കുവാൻ നേതൃത്വംകൊടുത്തതും ബ. അന്തോനീനൂസച്ചനത്രേ. വേനപ്പാറക്കടുത്തുള്ള മൈക്കാവിൽ രണ്ടു യാക്കോബായപ്പള്ളികളും ഒരു മലങ്കരപ്പള്ളിയും ഇന്നുണ്ട്. മലങ്കരക്കാരുടെ മാനേജ്മെൻറിൽ ഒരു യു. പി. സ്കൂളും ബഥനികോൺവെൻറിന്റെ ഒരു ശാഖയും പ്രവർത്തി

ക്കുന്നു. കൂടാതെ മുറംപാത്തി അടുത്തു് ഒരു യാക്കോബായ പ്പള്ളിയും ഒരു മലങ്കരപ്പള്ളിയുമുണ്ടു്. ഗവണ്മെൻറുവക ഒരു എൽ. പി. സ്കൂറം നടത്തിവരുന്നു. എല്ലാ മതവിഭാഗക്കാരും തമ്മിൽ സൗഹാർദ്ദതയിൽ കഴിയുകയും ദേശവികസനപ്രവർത്ത നങ്ങളിൽ ഏകമനസ്സോടെ ഒന്നിച്ചു പ്രവർത്തിക്കയും ചെയ്യുന്നു.

പുല്ലൂരാമ്പാറ ഇടവകയിൽപ്പെട്ടിരുന്ന ഒരു മലയുടെ നിര പ്പായ ഉച്ചിയാണു് ആനിക്കാംപൊയിൽ. കുരുമുളകുവള്ളിക്കി ഷ്ടമുള്ള മണ്ണു്. അവ തഴച്ചുവളരുന്നു. സമൃദ്ധമായ വിളവും. പക്ഷേ നല്ല പ്രായത്തിൽ വേരു ചീഞ്ഞുപോകുന്ന ഏതോ ഒരു രോഗം കാരണം അകാലത്തു് ആയുസ്സററുപോകയാണു്. ഫാ. അഗസ്റ്റിൻ മണക്കാട്ടുമററം വികാരിയായി വന്നു. ജനങ്ങളോ ടൊന്നുചേന്നു് പണിയെടുക്കുന്ന ഒരു വൈദികൻ. അവിടത്തെ കുടിയേററക്കാർ നേരത്തെ ഒരു സ്കൂറംകെട്ടിടം പണിതിരുന്നു. സ്കൂളിനു് അപേക്ഷ സമർപ്പിച്ചു. എത്ര പരിശ്രമിച്ചിട്ടും സ്കൂളി നനുവാദം ഗവണ്മെൻറു നൽകുന്നില്ല. ഇപ്പോറം കുട്ടികളിൽ നിന്നു ഫീസുവാങ്ങി പഠിപ്പിക്കുന്നു. ബ. സിസ്റ്റേഴ്സ് നേഴ്സറി ക്ലാസ്സുകളും നടത്തുന്നു. അച്ചൻെറ നേതൃത്വത്തിൽ ജനങ്ങറം റോഡുകറം പലതുണ്ടാക്കി. ബസ്സോടിക്കുവാൻ പ്രൈ വററുകമ്പനിക്കാരോടാവശ്യപ്പെട്ടു. കയററം ഭയന്നു് ആരും വഴിപ്പെട്ടില്ല. റോഡിനുവേണ്ടി കഷ്ടപ്പെട്ടു പണിയെടുത്തവ ക്കെല്ലാം ഇതൊരു കനത്ത ഇച്ഛാഭംഗമായിരുന്നു. അപ്പോഴാണു വലിയ ഒരു അത്യാഹിതം ഉണ്ടായതു്. ഒരു ഭയങ്കര ഉരുളപൊ ട്ടൽ. 1974–ലാണു് അതു സംഭവിച്ചതു്. പല വീടുകളും കൃഷിസ്ഥലങ്ങളും ഫലവൃക്ഷങ്ങളും നശിച്ചു. ഒരു വിദ്യാർ ത്ഥിനി – ഷീല – ഒഴുക്കിൽപ്പെട്ടു ചതഞ്ഞരഞ്ഞു് മരിച്ചു. അതി ദാരുണമായ കാഴ്ച. ഫാ. മണക്കാട്ടുമററം വെറുതെയിരുന്നില്ല. ദുരിതമനുഭവിച്ചവർക്കു് എല്ലാ സഹായങ്ങളും എത്തിച്ചുകൊ ടുത്തു. ഗവണ്മെൻറധികാരികളെ വിവരം അറിയിച്ചു. സംഭ വത്തിൻെറ ഫോട്ടോകറം ദിനപ്പത്രങ്ങളിൽ വന്നു. കേന്ദ്രസർക്കാ രിൻെറ പ്ലാനിംഗ് മിനിസ്റ്റർ ഡി. പി. ധറും കേരളമന്ത്രിമാരും കളക്ടറും സ്ഥലം സന്ദർശിച്ചു. കുടിയേററക്കാരുടെ പ്രയത്നഫല മായി ലഭിക്കുന്ന ഡോളർവിഭവങ്ങളും, എന്നാൽ അവരുടെ താമസസ്ഥലങ്ങളിലെ കടുത്ത അസൗകര്യങ്ങളും ആ അധികാ രികറം നേരിട്ടു കണ്ടു മനസ്സിലാക്കി. ജനങ്ങറം അച്ചൻെറ നേതൃ ത്വത്തിൽ നിവേദനം സമർപ്പിച്ചു, താമസസൗകര്യത്തിനും വാഹനസൗകര്യമുള്ള റോഡിനും ലൈൻബസ്സിനുംവേണ്ടി.

ആനിക്കാംപൊയിലിലേയ്ക്കു മെററൽറോഡും ടാർറോഡും ഉണ്ടായി. 1976 മുതൽ കോഴിക്കോട്ടുനിന്നു് നാലഞ്ചു സ്റ്റേയ്ററു ബസ്സ് പ്രതിദിനം ആനിക്കാംപൊയിലിലേയ്ക്കു് ഓടുന്നു. കേന്ദ്രഗവണ്മെൻറിൽനിന്നും മൂന്നു വിദഗ്ദ്ധരെ ഉരുറംപൊട്ടലിനെപ്പററി പഠിക്കുവാൻ വിട്ടു. അവർവന്നു് സ്ഥലം നോക്കിക്കണ്ടശേഷം മടങ്ങിപ്പോയി.

1978-ൽ വീണ്ടും ഉരുറംപൊട്ടലുണ്ടായി. 1974-ൽ ഒരു മനുഷ്യജീവനും കുറെ കൃഷിത്തോട്ടങ്ങളുമേ കൊണ്ടുകൊണ്ടുപോയുള്ളു. 1978 ലെ ഉരുളുപൊട്ടലിൽ നാലുപേർ കൊല്ലപ്പെട്ടു. വേറെ നാലുപേർ മണ്ണിനടിയിലായി. അവരെ ഉടനെ മാന്തിയെടുത്തതിനാൽ ജീവൻ രക്ഷിക്കുവാൻ സാധിച്ചുവെന്നു മാത്രം. മലയോടു മത്സരിക്കാതെ തോൽവിസമ്മതിച്ചു് അവിടത്തെ താമസക്കാരായ 32 കുടുംബങ്ങറംക്കു വർഷകാലവസതിയായി ഒരു കോളനി സ്ഥാപിക്കുവാൻ കേരളസർക്കാരും തലശ്ശേരിരൂപതയും കൂടിച്ചേർന്നു് ഒരു പദ്ധതിക്കു രൂപംകൊടുത്തുവരികയാണിപ്പോറം. സ്ഥലം പള്ളിവികാരി മണക്കാട്ടുമററം ആഗസ്തി അച്ചൻെറ നിരന്തരപരിശ്രമവും കോഴിക്കോട്ടു കളക്ടർ ശ്രീ ബാലകൃഷ്ണൻെറയും തലശ്ശേരിബിഷപ്പിൻെറയും കൃത്യബോധവുംകൊണ്ടാണു് ഇത്രയുമെങ്കിലും കാര്യങ്ങറം നടന്നതു്. വൃത്താകൃതിയിലുള്ള അവിടത്തെ പുതിയ ദേവാലയക്കെട്ടിടം 1977-ലാണു് പണിതീന്നതു്. ഹിന്ദുമുസ്ലീം ക്രൈസ്തവദേവാലയങ്ങളുടെ ഒരു സംയുക്തകലാശില്പവും ഉദാത്തമാതൃകയുമാണു് ഈ ദേവാലയം.

നീലഗിരിക്കുന്നുകളുടെ അടിവാരമായ മണിമൂളിപ്രദേശം മലബാറിലെ വേറൊരു കുടിയേററകേന്ദ്രമാണു്. മലബാറിൻെറ തെക്കുകിഴക്കു് മററു കുടിയേററസ്ഥലങ്ങളിൽനിന്നു് അല്പം ഒററപ്പെട്ടാണു് ഇതു് സ്ഥിതിചെയ്യുന്നതു്. മലപ്പുറം ജില്ലയിൽ ഇപ്പോറം അതുറംപ്പെടുന്നു.

നിലമ്പൂർകോവിലകത്തുനിന്നു് കുറിച്ചിത്താനത്തു് (പാലാ) പഴയടത്തുമനക്കൽ ദാമോദരൻനമ്പൂതിരി വാങ്ങിയസ്ഥലം കുടിയേററക്കാർ അദ്ദേഹത്തോടു വിലകൊടുത്തുവാങ്ങി കൃഷിചെയ്തു. വിവിധതരത്തിലുള്ള വിശിഷ്ടമായ മരത്തടികറം അവിടെ വളരുന്നു. വയൽപ്രദേശങ്ങളും കുറവല്ല. നെൽകൃഷിക്കു പററിയ വയൽ എല്ലാവർക്കുമുണ്ടു്. 1951 മുതലാണു് മണിമൂളിയിൽ കുടിയേററം തുടങ്ങിയതു്. ചിറായിൽ, നീറ

നാക്കുന്നേൽ, പ്ലാത്തോട്ടത്തിൽ, നെല്ലിക്കൽ മുതലായ ഏഴെട്ട വീട്ടുകാരായിരുന്നു ആദ്യകുടിയേററക്കാർ.

അവർ ആദ്ധ്യാത്മികകാര്യങ്ങളെപ്പററി ആലോചിച്ചു. ഏററം അടുത്ത കത്തോലിക്കാദേവാലയം നിലമ്പൂർടൗണിലാണു്. ഞായറാഴ്ചകളിൽ അവിടെപോയി ദിവ്യകർമ്മങ്ങളിൽ പങ്കെടുത്തിരുന്നു. പക്ഷെ, അകലക്കൂടുതൽ. തങ്ങൾക്കു് ഒരു പള്ളിയുണ്ടാകുവാൻ അവർ ആഗ്രഹിച്ചു. പ്ലാത്തോട്ടത്തിൽ വർക്കിയുടെ വസതിയിൽവച്ചു നടത്തിയ കൂടിയാലോചനായോഗത്തിൽ കോഴിക്കോട്ടു്, ഊട്ടി റോഡുസൈഡിലുള്ള ചെറിയകുന്നിൽ പള്ളിക്കായി കുറെ സ്ഥലം തയ്യാറാക്കി ഒരു ഷെഡ്ഡുണ്ടാക്കുവാൻ തീരുമാനിച്ചു. കോഴിക്കോട്ടുബിഷപ്പിനെ ചെന്നുകണ്ടു സംസാരിച്ചു. അദ്ദേഹം മണിമൂളിക്കാരുടെ കാര്യങ്ങൾക്കൂടെ അന്വേഷിക്കുവാൻ നിലമ്പൂർപ്പള്ളിവികാരി താമരശ്ശേരിൽ ബ. കുര്യാക്കോസച്ചനെ ചുമതലപ്പെടുത്തി. മണിമൂളിയിലെ ആദ്യത്തെ ദിവ്യബലി അദ്ദേഹം താല്ക്കാലികഷെഡ്ഡിൽ 1953–ൽ ക്രിസ്തുരാജത്തിരുനാൾദിനം അർപ്പിച്ചു. ആ ഇടവകയെയും സ്ഥലത്തെയും ക്രിസ്തുരാജനു പ്രതിഷ്ഠിക്കയും ചെയ്തു. ബ. താമരശ്ശേരിലച്ചൻ മണിമൂളിയിൽ പ്രതിമാസം ഒരു കുർബാന അർപ്പിച്ചുപോന്നു. അദ്ദേഹം നിലമ്പൂരിൽനിന്നു് സ്ഥലം മാറിപ്പോയപ്പോൾ മണിമൂളിയിലെ കാര്യങ്ങൾ നോക്കുവാൻ മലപ്പുറം പള്ളിവികാരി പഴേപറമ്പിൽ ബ. ജോസഫച്ചനായിരുന്നു നിയോഗിക്കപ്പെട്ടതു്. അദ്ദേഹം മാസത്തിൽ രണ്ടു ഞായറാഴ്ചകളിൽ മണിമൂളിയിൽവന്നു ദിവ്യകർമ്മങ്ങൾ നടത്തിപ്പോന്നു.

1954–ൽ തലശ്ശേരിരൂപത നിലവിൽ വന്നപ്പോൾ ബ. ലെയാണ്ടറച്ചൻ സി. എം. ഐ. മണിമൂളിയിൽ സ്ഥിരം താമസിച്ചുകൊണ്ടു് അവിടത്തെ കാര്യങ്ങളെല്ലാം നടത്തുവാൻ വികാരിയായി നിയമിക്കപ്പെട്ടു. ഇതു മണിമൂളിയുടെ ഭാഗ്യനക്ഷത്രത്തിന്റെ ഉദയമായിരുന്നു. അതു പ്രകാശിക്കുവാൻ തുടങ്ങി. സ്കൂളുകൾ സ്ഥാപിതമായി. റോഡുകൾ വെട്ടിത്തുറന്നു. പോസ്റ്റാഫീസും സഹകരണബാങ്കും തുടങ്ങി. കുടിയേററക്കാർ തമ്മിലുള്ള കേസ്സുകളും വഴക്കുകളും പറഞ്ഞുതീർത്തു. തിരുഹൃദയമഠത്തിന്റെ ഒരു ശാഖയും മഹിളാസമാജവും പാൽ സൊസൈററിയും തുടങ്ങി. ഇതുപോലുള്ള എല്ലാ നല്ല പ്രവർത്തനങ്ങൾക്കും മുൻപന്തിയിൽനിന്നു വൈദികരോടൊത്തു പ്രവർത്തിച്ചിരുന്നവരിൽ പ്രധാനി ശ്രീ ചിറായിൽ ജോസഫായിരുന്നു.

കുറിച്ചിത്താനം നമ്പൂതിരിയോടു വാങ്ങിയ സ്ഥലത്തിന്മേൽ കുറെ കടബാദ്ധ്യതയുണ്ടായിരുന്നു. സ്ഥലം വാങ്ങിയവർ അതു നേരത്തെ അറിഞ്ഞിരുന്നില്ല. വഹിക്കുവാൻ വയ്യാത്ത ഒരു ഭാരമായി അതു്. ഒരു ഭീമസംഖ്യ. അവിചാരിതമായി വന്നുപതിച്ച ഒരാഘാതം. എല്ലാവരും വിഷമിച്ചു. ബ. ലെയാണ്ടറച്ചൻ അവരുടെ സഹായത്തിനെത്തി. അദ്ദേഹത്തിൻെറ പരിശ്രമങ്ങളും കഷ്ടപ്പാടുകളും അവാച്യങ്ങളായിരുന്നു. ബ. ലെയാണ്ടറച്ചൻ ആ കടം മുഴുവൻ ഏറ്റെടുത്തു് തലശ്ശേരിപ്പിതാവിൻെറ സഹായത്തോടെ കൊടുത്തുതീർത്തു.

ബ. ലെയാണ്ടറച്ചൻ കുറെ വിശ്രമത്തിനായി ആശ്രമത്തിലേയ്ക്കു പോയി. ബ. ക്ലോഡിയസ് സി. എം. ഐ. പിൻഗാമിയായി വന്നു. അദ്ദേഹം സാധുക്കളെ എല്ലാവിധത്തിലും സഹായിച്ചുപോന്നു. 1964–ൽ ബ. ലെയാണ്ടറച്ചൻ വീണ്ടും വികാരിയായി വന്നു മണിമൂളിയിൽ. യു. പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി. വേണ്ട കെട്ടിടങ്ങൾ പടിപടിയായി നിർമ്മിക്കപ്പെട്ടു. പിന്നീടു വികാരിയായിവന്ന ആറുപറയിൽ ബ. ഫ്രാൻസിസ്സച്ചൻ പുതിയ പള്ളിപണി ആരംഭിച്ചു. ബ. സക്കറിയാസ് കട്ടയ്ക്കൽ പള്ളിപണി പൂർത്തിയാക്കി. വെഞ്ചരിപ്പോടുകൂടി ഇടവകാസ്ഥാപനത്തിൻെറ രജതജൂബിലിയും സാഘോഷം നടത്തി.

കുടിയേററം പല സമീപപ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചു. കാലാന്തരത്തിൽ ചെറുകോളനികൾ പലതുയർന്നുവന്നു. നിലമ്പൂർ, തലഞ്ഞി, പാതിരിപ്പാട്, ചോക്കാട്, പാലാംകര, ഇടിവണ്ണ, മുതലായവ പുരോഗമിച്ചുവരുന്ന കോളനികളത്രേ. ഇതിൽ നിലമ്പൂർടൗണിലെ ചില പ്രവർത്തനങ്ങൾ മാത്രം സ്പർശിക്കാം.

നിലമ്പൂർപ്രദേശം പഴയകാലത്തു നമ്പൂതിരിമാർ ഭരിച്ചിരുന്ന ഒരു നാട്ടുരാജ്യമായിരുന്നു. അവിടത്തെ തടികൾ, പ്രത്യേകം തേക്കുതടികൾ ലോകപ്രസിദ്ധമത്രേ. നിലമ്പൂർ പ്രദേശങ്ങളിലെ തടികളും മററു വനോല്പന്നങ്ങളും യൂറോപ്പിലേയ്ക്കു കയററി അയയ്ക്കുവാൻവേണ്ടി ബ്രിട്ടീഷ്കാർ ഉണ്ടാക്കിയതാണു് ഷൊർണ്ണൂർ – നിലമ്പൂർ റെയിൽപ്പാത. ആ നാട്ടുരാജ്യത്തിൻെറ തലസ്ഥാനവും പല കോവിലകങ്ങളുടെയും ആസ്ഥാനവുമായിരുന്നു നിലമ്പൂർ പട്ടണം. ഒരു പഴയ പട്ടണമാണു് അതെങ്കിലും കുടിയേററക്കാരുടെ ആഗമനത്തോടെയാണു് അതു പുരോഗമിക്കുവാൻ തുടങ്ങിയതു്.

പല സഭാവിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളും അവിടെയുണ്ട്. കോഴിക്കോട്ടരൂപതയിൽപ്പെട്ട ഒരു ദേവാലയം പട്ടണമദ്ധ്യത്തിൽത്തന്നെയുണ്ടായിരുന്നു. കാലക്രമേണ ലത്തീൻകത്തോലിക്കർ എല്ലാം സ്ഥലം വിട്ടുപോയി. അതേസമയം സുറിയാനിക്കത്തോലിക്കർ കുടിയേററക്കാരായും ബിസ്സിനസ്സുകാരായും വദ്ധിച്ചുവന്നു. അതുകൊണ്ടു തലശ്ശേരിബിഷപ്പ് കോഴിക്കോട്ട ബിഷപ്പിൽനിന്നു് പ്രസ്തുത പള്ളിക്കെട്ടിടങ്ങളും സ്ഥലവും വാങ്ങി. മണിമൂളിപ്പള്ളിവികാരി ബ. ലെയാണ്ടറച്ചൻവഴിയാണു് ഇതെല്ലാം നടത്തിയതു്. ആരംഭകാലങ്ങളിൽ മണിമൂളിയിൽനിന്നു് വൈദികൻ വന്നു് ദിവ്യകമ്മങ്ങാം നടത്തിയിരുന്നു. അധികം താമസിയാതെ ഒരു വൈദികനെ അവിടെ സ്ഥിരമായി നിയമിച്ചു. വിമലാലയം മഠത്തിൻെറ ഒരു ശാഖയും അവിടെ സമാരംഭിച്ചിട്ടുണ്ടു്. അവർ നേഴ്സറി സ്കൂളും ഇംഗ്ലീഷ്മീഡിയം സ്കൂളും നടത്തിവരുന്നു. കൂടാതെ ഒരു പ്രിൻറിംഗ് പ്രസ്സും ബുക്ക്സ്റ്റാളും അവിടെ നടത്തുന്നുണ്ടു്. ഏ. സി. കോൺവെൻറു സിസ്റ്റേഴ്സ് എം. എസ്. എഫ്. എസ്. കാരുടെ സ്ഥലവും കെട്ടിടവും വാങ്ങി അവിടെ താമസിച്ചുകൊണ്ടു് നേഴ്സറിക്ലാസ്സുകളും ഇംഗ്ലീഷ്മീഡിയം സ്കൂളും നടത്തിവരുന്നുണ്ടു്. പുനരൈക്യപ്പെട്ട കത്തോലിക്കർക്കായി ഒരു റീത്തുപള്ളിയും അതിൻെറ പ്രവത്തനങ്ങളും അവിടെ നടന്നുവരുന്നു. കപ്പൂച്ചിൻസഭക്കാരുടെ ഒരാശ്രമവും ഏതാനും സന്യാസിമാരും അ്വിടെയുണ്ടു്. കൂടാതെ ആയിരത്തിയഞ്ഞൂറിൽപ്പരം അകത്തോലിക്കാ ക്രൈസ്തവകുടുംബങ്ങളും പട്ടണത്തിലും പരിസരങ്ങളിലുമായി താമസിച്ചു പ്രവർത്തിച്ചുവരുന്നു. യാക്കോബായ, മാർത്തോമ്മാ, പെൻറക്കോസ്റ്റ്, എവൻജലിസ്റ്റ്, സി. എസ്. ഐ. മുതലായ വിഭാഗങ്ങളിൽപ്പെട്ടവരാണിവരെല്ലാം. എല്ലാവക്കും പ്രത്യേകം ദേവാലയങ്ങളും പ്രാത്ഥനാലയങ്ങളും ശുശ്രൂഷകളുമുണ്ടു്. സി.എസ്.ഐ. "കൃപാലയം" എന്ന പേരിൽ കുഷ്ഠരോഗബാധയിൽനിന്നു വിമുക്തരായവരെ പുനരധിവസിപ്പിക്കുവാനുള്ള ഒരു സ്ഥാപനവും നിലമ്പൂരിൽ നടത്തുന്നുണ്ടു്.

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്തിനടുത്തുള്ള ഒരു കുടിയേററകേന്ദ്രമാണു് മരിയാപുരം. ചങ്ങനാശ്ശേരി, കറുമ്പനാടം, തോട്ടക്കാട്ട്, കറുകച്ചാൽ മുതലായ സ്ഥലങ്ങളിൽനിന്നുള്ളവരാണു് അവിടെ കുടിയേറിയവർ. മണ്ണു് അത്ര ഫലപുഷ്ടിയുള്ളതല്ല. എങ്കിലും യാത്രാസൗകര്യങ്ങളുണ്ടു്. അന്നാട്ടുകാരായ

ആളുകൾ ഇടകലർന്നു താമസിക്കുന്നതിനാൽ അയൽപക്കവു മുണ്ട്. തെങ്ങും റബ്ബറും സമൃദ്ധിയായി വളരും. ഒന്നുരണ്ടു കൊല്ലം അല്പം ശ്രദ്ധിച്ചു ശുശ്രൂഷിക്കണമെന്നേയുള്ളൂ. പക്ഷേ അവ ആദായകരമാകണമെങ്കിൽ പല വർഷങ്ങൾ കാത്തിരിക്കണമല്ലോ. അതുകൊണ്ടു മരച്ചീനിയേയും പച്ചക്കറിക്കൃഷിയേയും എല്ലാവരുംതന്നെ ആശ്രയിക്കുന്നു. ആകെയുള്ള സ്ഥലത്തിൻെറ കുറെ ഭാഗമെങ്കിലും സ്ഥിരാദായമുള്ള കൃഷിക്കായി ഉപയോഗിക്കുവാനുള്ള ദീർഘദൃഷ്ടിയും ക്ഷമയും അവിടത്തുകാർ കാണിച്ചില്ല. എങ്കിലും ചില വൈദികരുടെ നിർബന്ധത്താൽ കുറച്ചുപേരെങ്കിലും സ്ഥിരാദായം നല്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. ഇപ്പോൾ അവ നല്ല ഫലം നല്കുന്നു. ഈ ചെറുതോട്ടങ്ങൾ ഒരു നല്ല മാതൃകയായി വിരാജിക്കുകയാണ്. കുടിയേററക്കാർ താമസിക്കുന്നതു് കാട്ടുപ്രദേശത്തല്ല. കാടിൻെറയും കാട്ടുമൃഗങ്ങളുടെയും ഉപദ്രവങ്ങളും മലമ്പനിയും അവക്കഭിമുഖീകരിക്കേണ്ടി വന്നിട്ടുമില്ല.

1950 മുതലാണ് മരിയാപുരത്ത് കുടിയേററം തുടങ്ങിയതു്. കോഴിക്കോട്ടരൂപതയിലെ ഫാ. ഗോൺസാൽവസ് ഒരു പള്ളിയും സ്കൂളും മംഗലാപുരം ബഥനിമഠത്തിൻെറ ഒരു ശാഖയും തുടങ്ങി. ബ. സിസ്റ്റേഴ്സായിരുന്നു സ്കൂളിൽ പഠിപ്പിച്ചിരുന്നതു്. 1954-ൽ തലശ്ശേരിരൂപത നിലവിൽവന്നപ്പോൾ സുറിയാനിക്കാരുടെ പള്ളികളുടേയും സ്കൂളുകളുടേയും ഭരണം തലശ്ശേരിബിഷപ്പ് മുൻമാനേജർക്കു വിലകൊടുത്തശേഷം ഏറെറടുത്തു. അതോടെ മരിയാപുരത്തു പഠിപ്പിച്ചിരുന്ന ബ. ബഥനിസിസ്റ്റേഴ്സ് എല്ലാവരും രാജിവച്ച് സ്ഥലംവിടുകയും പകരം തിരുഹൃദയസിസ്റ്റേഴ്സ് പാലായിൽനിന്നുവന്ന് ക്ലാസ്സുകൾ തടസ്സമൊന്നും കൂടാതെ നടത്തിക്കൊണ്ടുപോരികയും ചെയ്തു. മരിയാപുരത്തെ തിരുഹൃദയമഠമാണ് തലശ്ശേരിരൂപതയിലെ ആദ്യത്തെ സന്യാസിനീമന്ദിരം.

കുടിയേററം പല ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചു. മാലാപറമ്പ്, കരിവാരുകുണ്ട്, കാളികാവ്, പയ്യനാട്ട് മുതലായ കോളനികൾ വികസിച്ചുവന്നു. നെന്മേനി, പന്തലൂർ, മഞ്ചേരി മുതലായ കുടിയേററകേന്ദ്രങ്ങൾ നല്ല പുരോഗമനസാദ്ധ്യതയുള്ള കോളനികളത്രേ. ആനത്താനംകാക്ക് (കാഞ്ഞിരപ്പള്ളി) വലിയ എസ്റ്റേററുകളുണ്ട് ആ ഭാഗത്ത്. അവർ ഒരാശുപത്രി നടത്തി ആതുരസേവനം ചെയ്യുന്നതിനുവേണ്ട ഫണ്ടും കെട്ടിട

ങ്ങളും ധർമ്മഗിരി സിസ്റ്റേഴ്സിനു സംഭാവനചെയ്തു. ബ. സിസ്റ്റേഴ്സ് 1960 മുതൽ ആശുപത്രി തുവൂരിൽ ഭംഗിയായി നടത്തിപ്പോരുന്നു. തീർത്തും നിർദ്ധനരുടേയും അക്ഷരജ്ഞാനം പോലുമില്ലാത്തവരുടേയും ഒരു സ്ഥലമാണ് തുവൂർ. ഈ സ്ഥാപനം അവർക്കെല്ലാം ഒരനുഗ്രഹംതന്നെ.

മണ്ണാർകാട്ടിനടുത്ത് കാഞ്ഞിരപ്പുഴഭാഗത്ത് ധാരാളം വീട്ടുകാർ തിരുക്കൊച്ചിയിൽനിന്നു പല കൊല്ലങ്ങളിലായി വന്നു താമസമാക്കിയിട്ടുണ്ട്. 1924 മുതലേ കരിപ്പാപറമ്പിൽക്കാർ (കാഞ്ഞിരപ്പള്ളി) യൂറോപ്യന്മാരുടെ എസ്റ്റേററുകളും വനഭൂമിയും വാങ്ങി തോട്ടം നടത്തിപ്പോന്നു. ആ തോട്ടങ്ങൾ മലകളിലായിരുന്നെങ്കിലും ജീവിതസൗകര്യങ്ങൾക്കായി അവർ മണ്ണാർകാട്ടടൗണിലാണ് താമസമാക്കിയിരുന്നത്. അവരുടെ പ്രേരണയാൽ പാലായിൽനിന്ന് കിഴക്കേക്കര മാത്യുവും സഹോദരങ്ങളും അവരുടെ മരുമക്കളായ മണ്ണൂരാംപറമ്പിൽക്കാരും കാഞ്ഞിരപ്പുഴവന്ന് സ്ഥലം വാങ്ങി കൃഷികൾ നടത്തിപ്പോന്നു. അവരുടെ വിജയം മനസ്സിലാക്കിയ പലരും പിറകെ പിറകെ കാഞ്ഞിരപ്പുഴയിലും പരിസരങ്ങളിലും വന്ന് കുടിതാമസം തുടങ്ങി. ഇങ്ങനെ നാലഞ്ചുസ്ഥലങ്ങൾ കുടിയേററകേന്ദ്രങ്ങളായി വികസിച്ചിട്ടുണ്ട്. പാലക്കയം മുതലായ മിക്ക സ്ഥലങ്ങളിലും വിദ്യാലയങ്ങളും മററു പൊതുസ്ഥാപനങ്ങളും ഇന്നുണ്ട്. ആദ്യകുടിയേററകേന്ദ്രമായ കാഞ്ഞിരപ്പുഴയിലെ ദേവാലയവും വൈദികമന്ദിരവും കിഴക്കേക്കരക്കാരുടെ സ്വന്തം ചെലവിൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. അതുപോലെ 1976-ൽ തുടങ്ങിയ ഇഞ്ചിക്കുന്നുപള്ളിയും അവരുടെ ചെലവിൽത്തന്നെയാണ് പണിതീരിക്കുന്നതെന്നു പറയാം. കാഞ്ഞിരപ്പുഴയിൽ ധർമ്മഗിരി സിസ്റ്റേഴ്സ് നടത്തുന്ന ആശുപത്രി കിഴക്കേക്കരക്കാരുടെ പ്രേരണയാലാണ് ആരംഭിച്ചത്. അതിനുവേണ്ടുന്ന സ്ഥലവും ഫണ്ടും കിഴക്കേക്കരക്കാരുടെ സംഭാവനയത്രേ. പ്രാരംഭകെട്ടിടങ്ങളും അവർ പണിയിപ്പിച്ചുകൊടുത്തിട്ടുള്ളതാണ്.

1974-ൽ പാലക്കാട്ടരൂപത തുടങ്ങിയപ്പോൾ പാലക്കാട്ടജില്ലയിൽപ്പെട്ടിരുന്ന ഈ പ്രദേശങ്ങളുടെയും സ്ഥാപനങ്ങളുടെയും മേലുള്ള തലശ്ശേരിയുടെ അധികാരവും ഭരണവും പുതിയ രൂപതയിലേയ്ക്കു വിട്ടുകൊടുത്തു. അവിടെനിന്ന് അവ ഏറെറടുത്തു കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നു.

അടുത്തുകൂടെ ഒഴുകുന്ന കാഞ്ഞിരപ്പുഴയ്ക്ക് ഒരു ഡാം കെട്ടി വെള്ളം തിരിച്ചുവിട്ട് കൃഷിക്കുപയോഗപ്രദമാക്കുവാൻ ഗവൺമെൻറ്പണികൾ നടത്തിക്കൊണ്ടിരിക്കുന്നതും ഈ കുടിയേററ പ്രദേശത്തിൻെറ വികസനത്തിനു സഹായകമാണ്. അനേകസഹസ്രം ഏക്കർ സ്ഥലത്ത് കൃഷികൾ നടത്തുവാൻ പാലക്കാട്ടജില്ലയിലെ ഈ ജലം പ്രയോജനപ്പെടും.

# മലകളിൽ മലർവാടികൾ

ആലക്കോട്ട് കുടിയേററത്തിൻെറ വിജയവാർത്ത ആലക്കോടിൻെറ പേരു പ്രിയംകരമാക്കി. കർഷകഹൃദയങ്ങളെ അതു കോൾമയിർക്കൊള്ളിച്ചു. അങ്ങോട്ടുള്ള കുടിയേററപ്രവാഹം അതിശീഘ്രമായി. സ്ഥലത്തിൻെറ വില പ്രതിമാസം ഉയന്നു. സ്ഥലമുടമകളായ ഹുസൈനാർ ഹാജിയും പി. ആർ. രാജായും ഈ അവസരം വേണ്ടപോലെ ഉപയോഗിച്ചു. എങ്കിലും കുടിയേററപ്രവാഹത്തെ ഈ വിലക്കൂടുതൽ മന്ദീഭവിപ്പിച്ചില്ല. പണമുള്ളവരുടെ ആഗമനം വർദ്ധിക്കുകയും പണം കുറഞ്ഞവരുടേതു ചുരുങ്ങുകയും ചെയ്തു എന്നു മാത്രം. അതു പ്രദേശത്തിൻെറ ഭാഗ്യമായി പരിഗണിക്കപ്പെടുന്നു. നാലഞ്ചുകൊല്ലംകൊണ്ട് നാലായിരത്തോളം കുടുംബങ്ങൾ ആലക്കോട്ടും അതിൻെറ പരിസരങ്ങളിലുമായി വന്നു താമസമാക്കി. എല്ലാത്തരത്തിലുള്ള കൃഷിയും അവർ അവസരോചിതം നടത്തി. നല്ല അഭിവൃദ്ധിയും അവക്കു കൈവന്നു.

തളിപ്പറമ്പിലേയ്ക്കുണ്ടായിരുന്ന ക്രൂപ്പ് റോഡ് കാടുതെളിച്ചും വീതികൂട്ടിയും കണ്ടും കുഴിയും നികത്തിയും മോട്ടോർവാൻ ഓടിക്കുന്നതിനു പററിയ വിധത്തിലാക്കി. കൃഷിവിഭവങ്ങൾ തളിപ്പറമ്പിലേയ്ക്കു കൊണ്ടുപോകുവാനും അവിടെനിന്നു് സിമൻറും കുമ്മായവും വീട്ടുസാമാനങ്ങളും കൊണ്ടുവരുവാനും ആളുകളെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോയി ഇറക്കുവാനും സൗകര്യപ്പെടുത്തി. ഇരുകൂട്ടക്കും ഇതൊരു ആദായമുള്ള ബിസ്സിനസ്സ് ആയിരുന്നു. പ്രതിദിനം പത്തും പതിനഞ്ചും വാൻ ഓടിക്കൊണ്ടിരുന്നു.

കോഴിക്കോട്ട് രൂപതയിൽപ്പെട്ട വായാട്ടുപറമ്പുപള്ളിയെ 1951-ൽ ഒരിടവകയായി ഉയർത്തി. കുടിയേററക്കാരെ കൂടാതെ ക്രിസ്തുമതം സ്വീകരിച്ച കുറെ ആദിവാസികളും അവിടെ ഉണ്ടായിരുന്നു. ഫാ. ജെയിംസ് നസ്രത്തു് അവിടെ സ്ഥിരം താമ

സമാക്കി. തലശ്ശേരിരൂപത ആരംഭിച്ചശേഷവും കുടിയേററക്കാരുടെ ആത്മകാര്യങ്ങരം നോക്കുവാൻ അദ്ദേഹത്തെയാണ് തലശ്ശേരിയിൽനിന്നും ചുമതലപ്പെടുത്തിയതു്. കുടിയേററക്കാർക്കായി ആലക്കോട്ടു് ഒരു പള്ളി ആരംഭിക്കണമെന്നു് അവിടത്തെ പ്രതിനിധികളായി, ശ്രീ കളപ്പുരയ്ക്കൽ മത്തനും ചെറുനിലം ജോസഫും തേവറോലിക്കൽ സെബാസ്ററ്യനും (കുഞ്ഞൂഞ്ഞു്) കൂടി തലശ്ശേരിയിൽ വന്നു് വന്ദ്യപിതാവിനോടാവശ്യപ്പെടുകയും പൊതുജനങ്ങളുടെ അപേക്ഷ തിരുമേനിക്കു സമർപ്പിക്കുകയും ചെയ്തു. വന്ദ്യപിതാവു് അടുത്തദിവസം സ്ഥലം സന്ദർശിച്ചു് ഒരു ഷെഡ്ഡുണ്ടാക്കുവാൻ ആവശ്യപ്പെട്ടു. 1955–ൽ ആലക്കോട്ടു് ഒരിടവക അനുവദിക്കുകയും ബ. ജേക്കബ്ബു് നെടുമ്പിള്ളിയെ വികാരിയായി നിയമിക്കുകയും ചെയ്തു.

കുടിയേററക്കാർ ദൈനംദിനം അഭിവൃദ്ധിപ്പെട്ടു. ആലക്കോട്ടേയ്ക്കുള്ള കുടിയേററവും വദ്ധിച്ചു. 1960 ആയപ്പോഴേയ്ക്കു് അഞ്ചാറായിരം കുടുംബങ്ങളായി. പള്ളികളും ഇടവകകളും പലതു് ആരംഭിച്ചു. എല്ലാം പടിപടിയായി പുരോഗമിച്ചുവന്നു. അങ്ങനെ ആലക്കോടു് ഒരു വടവൃക്ഷംപോലെ ശാഖോപശാഖകളായി വികസിച്ചു. 1968–ൽ ആലക്കോടു് ഒരു ഫൊറോനാ ഇടവകയായി ഉയർത്തപ്പെട്ടു.

ആലക്കോടിൻെറ ശാഖകളായി ആദ്യം പൊട്ടിവികസിച്ചുതുടങ്ങിയതു് ഉദയഗിരിയും (പാട്ടപ്പാറ 1957) മേരിഗിരി (തിമിരി) യും വെള്ളാടുമത്രേ (1958). മററു സ്ഥലങ്ങളിലും കുടിയേററക്കാർ സംഘടിച്ചു് വന്ദ്യമെത്രാനച്ചനിൽനിന്നു് അനുവാദം വാങ്ങി ഷെഡ്ഡുകരം ഉണ്ടാക്കി. ആലക്കോടുമേഖലയിൽ 1962 വരെ ഒരു വൈദികൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ആലക്കോടു് സെൻറ് മേരീസ് പള്ളിയിൽ താമസിച്ചിരുന്നു. അവിടെനിന്നു് ഉദയഗിരിയിലും വെള്ളാടും തിമിരിയിലും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽപോയി ദിവ്യകമ്മങ്ങരം നടത്തിക്കൊടുത്തുപോന്നു. 1962–നു ശേഷം തിമിരിയിൽ ഫാ. അബ്രാഹം കവളക്കാട്ടു് താമസമാക്കി. അദ്ദേഹം 1968 വരെ ഉദയഗിരിയിലെ കാര്യങ്ങളും നടത്തിപ്പോന്നു. ഇപ്പോരം ആലക്കോടുമേഖലയിൽ ഇരുപതുകേന്ദ്രങ്ങളിൽ വൈദികർ സ്ഥിരം താമസിച്ചു് ജോലിചെയ്യുന്നുണ്ടു്. അവർ സ്കൂളുകളും വായനശാലകളും സ്ഥാപിച്ചു് വിദ്യാഭ്യാസപ്രവത്തന

ങ്ങരം നടത്തുന്നു. റോഡുകളും പാലങ്ങളും ഉണ്ടാക്കിച്ച് പൊതു മരാമത്തു ജോലികളിൽ ഇടപെടുന്നു. ഓരോ പ്രോജക്റ്ററുകാംക്കു് സക്കാരിൽനിന്നും മററു സ്ഥാപനങ്ങളിൽനിന്നും കിട്ടാവുന്ന എല്ലാ സഹായങ്ങളും വാങ്ങിച്ചെടുക്കുവാനും അവരാണു് മുൻകൈയെടുക്കുന്നതു്. കാത്തികപുരത്തു് പുഴകടക്കുവാൻ ഒരു തൂക്കുപാലം ഉണ്ടാക്കി ഉപയോഗിച്ചുവരുന്നു. വാഹനഗതാഗതത്തിനുള്ള പാലമുണ്ടാക്കുവാൻ ശ്രമം നടത്തിക്കൊണ്ടുമാണിരിക്കുന്നതു്.

ആലക്കോട്ട പ്രദേശത്തു് പ്രൈമറിവിദ്യാഭ്യാസത്തിനും ഹൈസ്കൂരംവിദ്യാഭ്യാസത്തിനും വേണ്ടിടത്തോളം സൗകര്യങ്ങരം ഇതുവരെ ലഭിച്ചിട്ടില്ല. വിസ്തൃതമായ ഈ മേഖലയിൽ മൂന്നു ഹൈസ്കൂരം മാത്രമേയുള്ളൂ. ആലക്കോട്ടും മണക്കടവിലും തിമിരിയിലും. യു. പി. സ്കൂളും കുറവാണു്. ആലക്കോട്ട് ഒരു കോളേജ് നടത്തുവാൻ ജനങ്ങരം സക്കാരിനെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണിപ്പോരം.

തലശ്ശേരി രൂപതയിൽനിന്നു് ചെമ്പേരിയിൽ ആദ്യം വികാരിയായി വന്നതു് ഫാ. ജേക്കബ് വാരികാട്ടു് ആയിരുന്നു. അദ്ദേഹം സ്കൂളിനു കെട്ടിടങ്ങരം ഉണ്ടാക്കി, ഇടവകജനങ്ങളെ ക്രമപ്പെടുത്തി. ആളുകളെ സംഘടിപ്പിച്ചു് കൂട്ടുമുഖം റോഡ് വീതികൂട്ടി വെട്ടിക്കയും നടുവിൽറോഡ് വെട്ടിത്തുറക്കുകയും ചെയ്തു. മുന്തിരിങ്ങാട്ടുകുന്നേൽ ചാക്കോ മുതലായ വളരെപ്പേർ തിടനാട്ടിൽനിന്നു് ചെമ്പേരിയിൽ കുടിയേറി താമസിക്കുന്നുണ്ടു്. ഈശ്വരഭക്തനും കുബേരനും ഉദാരശീലനുമായ പൊട്ടൻകുളം ജോസഫ് (കൊച്ചു് കൊച്ചു്) ചെമ്പേരിയിലേയ്ക്കു കുടിയേറിയവരോടു പറഞ്ഞു, "മലബാറിൽ നിങ്ങരംക്കു് പള്ളിയില്ലല്ലോ; ഒരു ചെറിയ പള്ളി പണിയിപ്പിച്ചുകൊള്ളുക. ഞാൻ പതിനായിരം രൂപാ തരാം." അദ്ദേഹം അക്കാലത്തു് തിടനാട്ടിൽ താമസിച്ചു് ഒരു തേയിലഫാക്ടറി നടത്തുകയായിരുന്നു. വികാരിയായ ബ. വാരികാട്ടച്ചനെ ഈ വിവരം തിടനാട്ട് കുടിയേററക്കാർ അറിയിച്ചു. പണമില്ലാത്ത കാലം. അദ്ദേഹം തിടനാട്ടിലെത്തി ശ്രീ. പൊട്ടൻകുളത്തിനെ കണ്ടു. അദ്ദേഹം 10000 രൂപ കൊടുത്തു ചെമ്പേരിയിൽ പള്ളിക്കു വേണ്ടി ഒരു ഭംഗിയായ സ്ഥലം തിരഞ്ഞെടുത്തു. അവിടെ ബ്രഹ്മാണ്ഡമായ ഒരു ദേവാലയം ഒരു കൊല്ലംകൊണ്ടു് പണി പൂർത്തിയാക്കി. അന്നു് മുക്കാൽ ലക്ഷം രൂപാ ചിലവായി. 10000 രൂപാ കഴിച്ചു് ബാക്കി ഇടവകക്കാർ സംഭാവനചെയ്തു.

പുലിക്കുരുമ്പ, നെല്ലിക്കുററി, ചുണ്ടപ്പറമ്പ് എന്നീ കുടിയേററ കേന്ദ്രങ്ങളെ സ്വതന്ത്രകേന്ദ്രങ്ങളാക്കി മാററി. 1957–ൽ ഹൈസ്കൂളും ആശുപത്രിയും ആരംഭിച്ചു. പല പള്ളികളെയും ഇടവകകളാക്കി ഉയർത്തി. വാരികാട്ടച്ചനുശേഷം ബ. വഴതലക്കാട്ട് പൗലോസച്ചനാണ് വികാരിയായി നിയമിക്കപ്പെട്ടതു്. അദ്ദേഹം ആശുപത്രിയിൽ ഡോക്ടറെ നിയമിച്ചു് പ്രവർത്തനങ്ങൾ നടത്തി. ചെമ്പേരിപ്പുഴയ്ക്കു് കമ്പിപ്പാലം ഉണ്ടാക്കി. പൗലോസച്ചനെ പിൻതുടന്നതു് ഫാ. അഗസ്റ്റിൻ തുരുത്തിമററം അത്രേ. അദ്ദേഹത്തിന്റെ സേവനങ്ങളും നിസ്തുലങ്ങളും സ്മരണീയങ്ങളുമാണ്. റോഡുകൾ മെററലിങ്ങും, ടാറിങ്ങും നടത്തിച്ചു് ബസ് സർവീസ് തുടങ്ങി.

ബ. തുരുത്തിമററത്തിലച്ചനും, അദ്ദേഹത്തിന്റെ പിൻഗാമികളായിവന്ന കരിങ്ങാട്ടിൽ തോമാച്ചനും മൂലക്കുന്നേൽ തോമ്മാച്ചനും ഏററം നല്ല വിളവു തരുന്ന പ്രത്യേക ഇനം വിത്തുകൾ, തേങ്ങാ, അടയ്ക്കാ, കുരുമുളകുവള്ളി മുതലായവ വരുത്തി കൃഷിക്കാൎക്കു വിതരണം ചെയ്തു. പബ്ളിക്കുമാൎക്കററും പഞ്ചായത്താഫീസും ആരംഭിക്കുന്നതിനുവേണ്ട നേതൃത്വം നൽകി. സ്കൂളിനു പുതിയ കെട്ടിടങ്ങൾ നിൎമ്മിച്ചു. ആശുപത്രിക്കു പുതിയ വാർഡുകൾ പണിതീൎത്തു. പുതിയ ഉപകരണങ്ങൾ സജ്ജീകരിക്കുകയും വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. വന്ദ്യപിതാവിന്റെ പൗരോഹിത്യജൂബിലിസ്മാരകമായി നിസ്സഹായരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുവാനും ശുശ്രൂഷിക്കുവാനുംവേണ്ടിയുള്ള ഒരു വൃദ്ധമന്ദിരവും ചെമ്പേരിയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്.

1955 മുതൽ കുടിയാൻമല, പൈസക്കരി, ചെമ്പൻതൊട്ടി, എന്നീ കുടിയേററകേന്ദ്രങ്ങളിൽ മാത്രമേ വൈദികൎക്കു താമസിക്കുവാൻ സാദ്ധ്യമായുള്ളൂ. കുടിയേററക്കാർ വൎദ്ധിച്ചതോടെ പുതിയ കേന്ദ്രങ്ങൾ ഉയർന്നുവന്നു. ചന്ദനക്കാംപാറ, ചുണ്ടപ്പറമ്പ്, കോട്ടൂർ, നെല്ലിക്കുററി, നെടുവാളൂർ, പൊട്ടൻപ്ലാവ്, പുലിക്കുരുമ്പ, വെമ്പുവാ, അരീക്കമല, മിഡിലാക്കയം, ആടാംപാറ, ദീപഗിരി, കലയത്തുംചാൽ, പൊൻമല, മുതലായവയാണ് ഇവയിൽ പ്രധാനപ്പെട്ടവ.

മിക്കസ്ഥലങ്ങളിലും സ്കൂളും കോൺവെൻറും സ്ഥാപിച്ചുകഴിഞ്ഞു. കുടിയാൻമലയിലും പൈസക്കരിയിലും ഹൈസ്കൂളിനു് ഗവണ്മെൻറിൽനിന്നും അനുവാദം വാങ്ങിച്ചെടുത്തതു് അവിടത്തെ വൈദികരായ ഫാ. തോമസ് തൈത്തോട്ടവും

ഫാ. അബ്രാഹം പൊരുന്നോലിയുമാണ്. ചെമ്പന്തൊട്ടി, പുലിക്കുരുമ്പ, നെല്ലിക്കുററി, ചന്ദനക്കാംപാറ എന്നിവിടങ്ങളിൽ യു.പി. സ്കൂളുകൾ ഉണ്ട്. ചെമ്പേരിപ്രദേശത്തെ പ്രധാന റോഡുകൾ പലതും ഇതിനകം പി. ഡബ്ളിയു. ഡി. ഏറെറടുത്തു കഴിഞ്ഞു. അവയിൽ പലതും മെററൽചെയ്തു; ചിലതു ടാർചെയ്തു; മിക്കസ്ഥലങ്ങളിലും പാലങ്ങൾ പണിതീർത്തു. ചെമ്പേരി, കുടിയാൻമല, ചെമ്പന്തൊട്ടി, പൈസക്കരി, പുലിക്കുരുമ്പ, ചന്ദനക്കാംപാറ, കോട്ടൂർ മുതലായ കേന്ദ്രങ്ങളിൽ കൂടെ ലൈൻബസ്സ് ഓടിക്കൊണ്ടിരിക്കുന്നു. മിക്കകേന്ദ്രങ്ങളിലും വൈദ്യുതി ലഭിച്ചു. കുടിയേററക്കാരിൽ പലരും നല്ല വീടുകൾ പണിതു് എല്ലാ സജ്ജീകരണങ്ങളോടുംകൂടി ജീവിക്കുന്നുണ്ട്.

സ്വന്തം റീത്തും സ്വന്തം സ്റ്റെയിററും വന്നതോടെ തോമ്മാപുരംമേഖലയിലേയ്ക്കുള്ള കുടിയേററക്കാരുടെ പ്രവാഹം കൂടുതൽ ശക്തിമത്തായി. 1960 മുതൽ എട്ടുപത്തുവർഷങ്ങൾകൊണ്ട് തോമ്മാപുരത്തിനു ചുററുമുള്ള സ്ഥലങ്ങൾ തിരുവിതാംകൂർ കുടിയേററക്കാരേക്കൊണ്ടു നിറഞ്ഞു. ആ മലമ്പ്രദേശങ്ങളുടെ ഉടമസ്ഥരായിരുന്ന കരിമ്പിൽ കുഞ്ഞിക്കോമൻ, സി. കുഞ്ഞിക്കണ്ണൻനായർ മുതൽപേർ അവരുടെ ഭൂമി കുടിയേററക്കാർക്കു് വിററു പണം വാങ്ങുവാൻ വിമുഖരായിരുന്നില്ല. അങ്ങനെ വളരെ വിസ്തൃതമായ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന രൂപതാഭാഗമായിത്തീർന്നു തോമ്മാപുരംമേഖല. പയ്യന്നൂർ, തളിപ്പറമ്പ്, ഹോസ്ദുർഗ്, മുതലായ താലൂക്കുകൾ ഈ മേഖലയിൽ ഉൾപ്പെടുന്നു. ബ. ഡിസ്സൂസാ അച്ചനും റോബർട്ട്പിൻേറാ അച്ചനും അവരുടെ രൂപതയായ മംഗലാപുരത്തേയ്ക്കു പോയി. 1956-ൽ ബ. മുളവരിക്കൽ ജോസഫച്ചനെ തലശ്ശേരിയിൽ നിന്നും തോമ്മാപുരത്ത് വികാരിയായി നിയമിച്ചു. അദ്ദേഹം വളരെ ചെറുപ്പക്കാരനായിരുന്നു. 1958-ൽ അദ്ദേഹത്തെ മാററി ബ. കൊല്ലംപറമ്പിൽ ജോസഫച്ചനെ തോമ്മാപുരം മേഖലയുടെ വികാരിയായി നിയമിച്ചു. സുദീർഘകാലത്തെ ഇടവകഭരണപരിചയമുള്ള അദ്ദേഹം തൻെറ ഇടവകയേയും ആ പ്രദേശത്തേയും മുഴുവനായി അവലോകനം ചെയ്യുകയും പല പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. രണ്ടു കൊച്ചച്ചന്മാരെയെങ്കിലും സഹായത്തിനു കൊടുക്കണമെന്ന് ഒരു കൊല്ലത്തിനുശേഷം അദ്ദേഹം തലശ്ശേരി ബിഷപ്പിനോടാവശ്യപ്പെട്ടു. പാലാവയൽ, പുളിങ്ങോം, കോഴിച്ചാൽ കേന്ദ്ര

ങ്ങൾ ബ. മണ്ണൂരാംപറമ്പിൽ മത്തായിയച്ചനെ ഏൽപ്പിക്കുകയും ബ. കൊല്ലംപറമ്പിലച്ചനു സഹായത്തിനായി ഫാ. മാത്യു ചാലിയെ തോമാപുരം അസിസ്റ്റൻറ് സ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. ജോലിയിൽനിന്നും വിരമിച്ച് സ്വന്തം ഇടവകയായ ഭരണങ്ങാനത്തു വിശ്രമിച്ചിരുന്ന വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ ബ. കൊല്ലംപറമ്പിലച്ചൻ മലബാറിലെ കുടിയേററക്കാരെ എല്ലാ വിധത്തിലും സഹായിക്കുവാൻ വന്നിരിക്കുന്നവനാണ്. ഇരുപത്തിയഞ്ചുവയസ്സുമാത്രം പ്രായമേയുള്ളവെങ്കിലും അപ്പസ്റ്റോലതീക്ഷ്ണതയോടെ അന്യർക്കു നന്മ ചെയ്യു ജീവിതലക്ഷ്യം നേടുവാൻ പ്രതിജ്ഞാബദ്ധനായ ഒരു യുവവൈദികനാണ് ചാലിൽ ബ. മാത്യു അച്ചൻ. ഇവർ രണ്ടുപേരും കൂടിച്ചേർന്നു നടത്തിയ പ്രയത്നങ്ങളുടെ ഫലങ്ങളത്രേ ബളാൽ, വെള്ളരിക്കുണ്ടു്, കടുമേനി മുതലായ തോമ്മാപുരത്തിൻെറ വടക്കുകിഴക്കുള്ള കുടിയേററപ്രദേശങ്ങളുടെ അഭിവൃദ്ധിയും പുരോഗതിയുമെല്ലാം. ബ. കൊല്ലംപറമ്പിലച്ചൻ തോമ്മാപുരവും ഫാ. ചാലിൽ വെള്ളരിക്കുണ്ടും കേന്ദ്രമാക്കി വികസനപ്രവത്തനങ്ങൾ നടത്തി.

ബ. ചാലിലച്ചൻ ഓരോ കേന്ദ്രവും സന്ദർശിച്ച് അവിടത്തെ ആളുകളെ സംഘടിപ്പിച്ചു ദേശവികസനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. 1964 മുതൽ അദ്ദേഹം ആ പ്രദേശത്തെ കുടിയേററകേന്ദ്രങ്ങളുടെ വികാരിയായി നിയമിക്കപ്പെട്ടു. വി. ചെറുപുഷ്പദേവാലയം വെള്ളരിക്കുണ്ടിൽ സ്ഥാപിച്ചു. അവിടെ അദ്ദേഹം താമസമാക്കി. അവിടെനിന്നും ബളാൽ, മാലോം, ഭീമനടി, എണ്ണപ്പാറ, കാഞ്ഞിരടക്കം, കൊട്ടോടി, മേരിപുരം, മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് അവയ്ക്കു ജീവനും ചൈതന്യവും ഉണ്ടാക്കിക്കൊടുത്തു. അവർ പ്രവത്തനങ്ങൾ സമാരംഭിച്ചു. പത്തും പതിനഞ്ചും ഇരുപതും മൈൽ ബ. ചാലിലച്ചൻ ആ കാട്ടുപ്രദേശങ്ങളിൽകൂടെ മിക്ക ദിവസങ്ങളിലും കാൽനടയായി യാത്രചെയ്യുക സാധാരണമായിരുന്നു.

കുടിയേററകേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുവാൻ റോഡുകൾ ഉണ്ടാക്കണം. ഓരോ പ്രദേശത്തിനും വിദ്യാലയവും ദേവാലയവും വേണം. പോസ്റ്റോഫീസ് വേണം. പോലീസ് സ്റ്റേഷൻ വേണം. ചെറിയ പുഴകൾക്കും തോടുകൾക്കും താൽക്കാലിക പാലങ്ങൾ ഉണ്ടാക്കണം. ആശുപത്രിയും ചികിത്സാസൗകര്യങ്ങളും വേണം. അദ്ദേഹവും അദ്ദേഹത്തെ പിന്തുടർന്ന

വൈദികരും, ജനപ്രതിനിധികളേയും ഓരോ ഡിപ്പാർട്ടുമെൻറു ദ്യോഗസ്ഥന്മാരേയും കണ്ടു് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും ഗവ. സഹായങ്ങളും വാങ്ങി ഉപയോഗിച്ചു് ഓരോ പ്രസ്ഥാനവും പടിപടിയായി മുമ്പോട്ടു കൊണ്ടുപോയി. ഇങ്ങനെ സംഘടിച്ച ശ്രമദാനം ചെയ്തുണ്ടാക്കിയ റോഡിൽക്കൂടെ വാഹനങ്ങളും ലൈൻബസ്സുകളും ഓടുന്നതു കണ്ടപ്പോഠം ജനങ്ങളുടെ ഉത്സാഹം ശതഗുണീഭവിച്ചു. സംഘടിച്ച പ്രവത്തിക്കുവാൻ കൂടുതൽ ആളുകഠം സന്നദ്ധരായി. ദേശവികസനത്തിനായി പല പ്രവത്തനങ്ങളും വൈദികരുടെ നേതൃത്വത്തിൽ ജനങ്ങഠം ഏറെറടുത്തു. കാട്ടുമൃഗങ്ങളുടെ വിഹാരരംഗങ്ങളായിരുന്ന പ്രദേശങ്ങഠം സംസ്കാരത്തിൻേറയും ജീവിതസൗകര്യങ്ങളുടേയും ആസ്ഥാനങ്ങളായി മാറിവരുന്നു.

കുടിയേററക്കാരും കുടിയേററകേന്ദ്രങ്ങളും വളരെയായി. കടുമേനി, തിരുമേനി, താബോർ, ഭീമനടി, മാലോം, ചുള്ളി, എണ്ണപ്പാറ, കാഞ്ഞിരടക്കം, കൊട്ടോടി, കണ്ണിവയൽ, കൊന്നക്കാട്, കാവുംതല, മാനടക്കം, മണ്ടപം, മേരിപുരം, പരപ്പ, പടിമരുതു്, പനത്തടി, പാണത്തൂർ, ശാന്തിനഗർ, തയ്യേനി, ഉദയപുരം, വിജയഗിരി മുതലായ കുടിയേററകേന്ദ്രങ്ങഠം ഇത്തരത്തിൽ വികസിച്ചുവരുന്നവയാണു്.

മേഖലാകേന്ദ്രമായ തോമ്മാപുരത്തിനു് വിവിധ തരത്തിലുള്ള പുരോഗതി ഉണ്ടായി. 1958–ൽ ആരാധനമഠത്തിൻെറ ഒരു ശാഖ ബ. മുളവരിക്കലച്ചൻെറ കാലത്തുതന്നെ സമാരംഭിക്കപ്പെട്ടു. എങ്കിലും ഒരു സ്കൂളിനു് അനുവാദം ലഭിക്കുവാൻ പല ശ്രമങ്ങളും നടത്തിയിട്ടും നിരാശയായിരുന്നു ഫലം. 1960–ൽ വികാരി ബ. കൊല്ലംപറമ്പിലച്ചൻ തിരുവനന്തപുരത്തുചെന്നു് അധികൃതരെക്കണ്ടു് ചുററുപാടുകഠം ഗ്രഹിപ്പിച്ചു് ഹൈസ്കൂഠം അനുവാദം നേടിയെടുത്തു. ഇപ്പോഠം 2000 ത്തോളം കുട്ടികഠം പഠിക്കുന്നു. റോഡുകഠം പലതും വെട്ടിത്തുറന്നു. കാഞ്ഞങ്ങാടു് മുതലായ തീരദേശപ്പട്ടണങ്ങളിൽനിന്നും 1970 മുതൽ ബസ്സുകഠം തോമ്മാപുരത്തു് എത്തിക്കൊണ്ടിരുന്നു. പുളിങ്ങോം പുഴയ്ക്കു് പാലം ഇതുവരേയും ഉണ്ടാക്കിയിട്ടില്ലാത്തതിനാൽ ചെറുപുഴ ടൗണിൽനിന്നും എളുപ്പത്തിൽ തോമ്മാപുരത്തെത്തുവാൻ സാധിക്കുന്നില്ല. വടക്കുള്ള നീലേശ്വരം ചുററിവേണം വാഹനങ്ങഠംക്കെത്തുവാൻ എന്നുള്ള വിഷമമേയുള്ളു. ചെറുപുഴ ടൗണിൽനിന്നും പാദചാരികഠംക്കുള്ള ഗതാഗതത്തിനു്

നാട്ടുകാരുടെ സഹായത്തോടെ കട്ടമേനിപ്പള്ളി വികാരി ഫാ. ജെയിംസ് മിററത്തിനാനിയുടെ നേതൃത്വത്തിൽ ഒരു കമ്പി പ്പാലം ഉണ്ടാക്കിയിട്ടുണ്ട്. പയ്യന്നൂരിൽനിന്നും ചെറുപുഴക്കുടി പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി, തിരുമേനി, മുതലായ കുടിയേററകേന്ദ്രങ്ങളിലേയ്ക്കു് റോഡുകൾ ഉണ്ടാക്കി. ഇവ യെല്ലാം പി. ഡബ്ല്യൂ. ഡി. ഏറെറടുത്തു. അങ്ങോട്ടെല്ലാം ബസ്സും ഓടുന്നുണ്ട്. പക്ഷേ ഇതൊന്നും തോമ്മാപുരത്തേയ്ക്കല്ല. 1956–ൽ പണി ആരംഭിച്ച കോട്ടമല–ചിററാരിക്കാൽ റോഡ് മൺപണി പൂർത്തിയാക്കി. അതു് പി. ഡബ്ല്യൂ. ഡി. യിലേ ക്കേടുപ്പിച്ചു. അതിനെ ചെറുപുഴ–ഭീമനടി ട്രങ്കുറോഡായി ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് അംഗീകരിപ്പിച്ചു. ഇങ്ങനെ അംഗീകരിപ്പിക്കുവാനും അതിൻെറ പണികളെല്ലാം വേഗം പൂർത്തിയാക്കുവാനും മുന്നിൽനിന്നു് പ്രവർത്തിച്ചതു് ശ്രീ. ചന്ദ്രൻ കുന്നേൽ കുഞ്ഞാണു്. ഈ റോഡിൽക്കൂടെയാണു് 1970 മുതൽ ധാരാളം ബസ്സുകൾ നീലേശ്വരത്തുനിന്നും കാഞ്ഞങ്ങാട്ടുനിന്നും തോമ്മാപുരത്തെത്തിക്കൊണ്ടിരിക്കുന്നതു്.

തോമ്മാപുരം മേഖലയിൽ എല്ലാ കൃഷികളും വിജയകര മായി അഭിവൃദ്ധിപ്രാപിച്ചുവരികയാണു്. കുരുമുളകും അട യ്ക്കയും റബ്ബറും ഇഞ്ചിയും പുൽതൈലവും നാളികേരവും അവിടെ സമൃദ്ധമായി കൃഷിചെയ്തുണ്ടാക്കുന്നു. അവിടത്തെ കച്ചവടം 90 ശതമാനവും നടത്തുന്നതു കുടിയേററക്കാർതന്നെ. തോമ്മാപുരംടൗൺ ഈ നാണ്യവിഭവങ്ങളുടെ ഒരു മാർക്കററുകൂടെ യാണെന്നു പറയാം. ശ്രീ സി. ജെ. കുര്യാക്കോസ് ചെട്ടിപ്പറ മ്പിലിൻെറ നേതൃത്വത്തിൽ ആരംഭിച്ച ഹോസ്ദുർഗ് റബ്ബർ പ്ലാൻേറഷൻസ് കോ – ഓപ്പറേററീവ് സൊസൈറററിയുടെ ആസ്ഥാനം തോമ്മാപുരമത്രേ. ഈസ്ററ് എളേരി വില്ലേജ് ഓഫീസും അവിടെത്തന്നെ. 1968–ൽ പോലീസ് സ്റ്റേഷനും അവിടെ സ്ഥാപിച്ചു. ഒരു ബാങ്ക്ശാഖയും അവിടെ സ്ഥാ പിച്ചു പ്രവർത്തനം നടത്തിവരുന്നുണ്ട്.

1952–ൽ ആരംഭിച്ച സഹകരണസംഘം കമ്മററിയുടെ ഉത്സാഹത്താലും സഹകരണത്താലും 1960–ൽ ഒരു സർവ്വീസ് സഹകരണബാങ്കായി ഉയർത്തപ്പെട്ടു. ആരംഭകാലത്തു് പഞ്ചായ ത്തുകമ്മററിയിലേയ്ക്കു കുടിയേററക്കാരിൽനിന്നും ഒരാളെ മാത്രമേ തിരഞ്ഞെടുക്കുവാൻ സാധിച്ചുള്ളൂ. ക്രമേണ ഭൂരിഭാഗം സ്ഥാന

ങ്ങളും അവർ പിടിച്ചെടുത്തു. അതുകൊണ്ടു പഞ്ചായത്തുപണം കുടിയേററപ്രദേശവികസനത്തിനായി ഉപയോഗിക്കുവാൻ സാധിക്കുന്നു.

തോമ്മാപുരത്തിൻെറ എല്ലാവിധത്തിലുമുള്ള ഐശ്വര്യത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച ഒരു മഹാമനസ്സനാണ് ചന്ദ്രൻകുന്നേൽ കുഞ്ഞ്. റോഡുകൾ എല്ലാം ഉണ്ടാക്കുവാൻ പ്രേരണ നൽകുകയും പരിശ്രമിക്കുകയും ചെയ്തതു് അദ്ദേഹമാണ്. പ്രത്യേകിച്ച കോട്ടമല – ചിററാരിക്കാൽ റോഡ്, ഇപ്പോഴത്തെ നിലയിൽ ആക്കിത്തീർക്കുവാനും ചെറുപുഴ – ഭീമനടി ട്രങ്കുറോഡായി ഉയർത്തുവാനും കുഞ്ഞിൻെറ പരിശ്രമം മൂലമാണു സാധിച്ചതു്. അദ്ദേഹംതന്നെ കോൺട്രാക്ട് എടുത്തു് മെററലിംഗും ടാറിങ്ങും നടത്തി. 1963-ൽ പണിതീർത്തു് വാഹനഗതാഗതയോഗ്യമാക്കി. പോലീസ് സ്റേറഷൻെറ സ്ഥാപനത്തിൽ മുന്നിൽനിന്നു പ്രവർത്തിച്ചതു് ചെട്ടിപ്പറമ്പിൽ കുര്യാക്കോസാണ്.

ശ്രീ കരിമ്പിൽ കുഞ്ഞിക്കോമൻ ഹോസ്ദുർഗ്ഗിലെ ഏററം വലിയ പ്ലാൻററാണ്. കുരുമുളകും അടയ്ക്കായുമാണ് പ്രധാന കൃഷികൾ. കുടിയേററക്കാർക്കു പലവിധത്തിലുള്ള സഹായങ്ങൾ ചെയ്യുവാൻ സന്നദ്ധനാണദ്ദേഹം. കോട്ടമല – ചിററാരിക്കാൽ റോഡിൻെറ മൺപണിക്കായി അദ്ദേഹം വയൽ നിരത്തുവാൻ കൊണ്ടുവന്ന ബുൾഡോസർ കൊടുക്കുകയും റോഡുകളും മററും തുറക്കുവാൻ കുടിയേററക്കാർക്കുവേണ്ട ഒത്താശകൾ ചെയ്യുകയും ചെയ്തു. കുടിയേററക്കാർ തമ്മിലുള്ള തർക്കങ്ങളും വഴക്കുകളും പറഞ്ഞുതീർക്കുന്നതിനും അദ്ദേഹം ഉദാസീനത കാണിച്ചില്ല. അത്യാവശ്യക്കാർക്ക് പണംകൊടുത്തു സഹായിക്കയും ചെയ്തിരുന്നു. അദ്ദേഹം തൻെറ ഭൂമി വിററു കിട്ടിയ പണം ഉപയോഗിച്ച വിപുലമായ തോതിൽ കൃഷികളും വ്യവസായങ്ങളും നടത്തി.

മാലോംപട്ടേലർ എന്നറിയപ്പെടുന്ന ശ്രീ സി. കുഞ്ഞിക്കണ്ണൻ നായരും കുടിയേററക്കാർക്കു മറക്കുവാൻവയ്യാത്ത ഒരു വ്യക്തിയാണ്. അദ്ദേഹം വലിയ ഒരു ഭൂജന്മിയും മാലോം പഞ്ചായത്തുപ്രസിഡൻറുമത്രേ. അദ്ദേഹം കുടിയേററക്കാരുടെ ഒരു ഗുണകാംക്ഷിയും കഴിയുന്ന എല്ലാവിധത്തിലും അവരെ സഹായിക്കുന്ന ആളുമാണ്.

1955-ൽ തലശ്ശേരിരൂപതയുടെ അതിർത്തി വികസിപ്പിച്ച തോടെ പാലാവയൽകോളനിയും തലശ്ശേരിരൂപതയിലായി. തോമ്മാപുരം പള്ളിവികാരിയായി നിയമിക്കപ്പെട്ട ബ. മുളവരിക്കൽ ജോസഫച്ചൻ എല്ലാ ഞായറാഴ്ചകളിലും പാലാവയലിൽ നടന്നുവന്ന് ദിവ്യബലിയും കൂദാശകളും നടത്തിയിരുന്നു. 1956-ൽ ബ. അച്ചൻെറ താമസസ്ഥലത്തോടനുബന്ധിച്ചുള്ള മുറിയിൽ ഒരു പോസ്റ്റോഫീസ് തുടങ്ങി. 1957-ൽ മണ്ണൂരാംപറമ്പിൽ ബ. മത്തായിയച്ചൻ പാലാവയലിലെ വികാരിയായി നിയമിക്കപ്പെട്ടു. സ്കൂൾ യു. പി. ആയി ഉയർത്തപ്പെട്ടതു് അദ്ദേഹത്തിൻെറ പരിശ്രമഫലമായാണ്. ആരാധനമഠത്തിൻെറ ഒരു ശാഖ സമാരംഭിച്ചു. പള്ളിക്കുവേണ്ടി കുറേ സ്ഥലംകൂടെ അദ്ദേഹം വാങ്ങി. പിന്നീടുവന്ന ബ. ചീരാംകുഴി തോമസച്ചൻ നല്ലോംപുഴ-ഓടക്കൊല്ലിറോഡ് വെട്ടിത്തുറക്കുകയും ഒരു സ്കൂൾ കെട്ടിടത്തിൻെറ പ്രാരംഭപണികൾ നടത്തുകയും ചെയ്തു. ബ. മുറിഞ്ഞകല്ലേൽ കൊച്ചുഫിലിപ്പച്ചനാണ് പാലാവയലിൻെറ വികാരിയായി പിന്നീടു വന്നതു്. അദ്ദേഹം യഥാർത്ഥത്തിൽ ആ പ്രദേശത്തിൻെറ നേതാവും ഉദ്ധാരകനുമായി പ്രവർത്തിച്ചു. ഒരു കോളനിയുടെ വികാസത്തിനും അഭിവൃദ്ധിക്കും വാഹനഗതാഗതസൗകര്യവും വിദ്യാഭ്യാസസൗകര്യവും അത്യന്താപേക്ഷിതമാണെന്നദ്ദേഹത്തിനറിയാം. ജനങ്ങളെ സംഘടിപ്പിച്ചു പല റോഡുകൾ വെട്ടിത്തുറന്നു. ചെറുപുഴ ടൗൺവരെ ബസ്സ് പയ്യന്നൂരിൽനിന്നും വരുന്നുണ്ടു്. പുളിങ്ങോംവരെ ബസ്സ് എത്തണമെങ്കിൽ റോഡ് വീതികൂട്ടി വെട്ടണം. ചെറുപുഴയ്ക്കുള്ള പാലവും മററു തോടുകൾക്കുള്ള കലുങ്കുകളും തീരണം. അദ്ദേഹം മുമ്പോട്ടിറങ്ങി ജനങ്ങളെ സംഘടിപ്പിച്ചു. ധീരതയോടെ പ്രവർത്തിച്ചു. താമസംവിനാ പാലങ്ങളും കലുങ്കുകളും പണിതു. റോഡ് മെററൽ ചെയ്തു. ടാറിട്ടു. രണ്ടുമൂന്നു കൊല്ലത്തിനകം സ്റ്റേററു ബസ്സ് ഉൾപ്പെടെ പല ബസ്സുകൾ പുളിങ്ങോത്തിനു ഓടുവാൻ തുടങ്ങി. ഇപ്പോൾ രാജഗിരി വരെ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു.

അതുപോലെ 1966-ൽ അദ്ദേഹം യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തി. പുളിങ്ങോം, കോഴിച്ചാൽ, ചെറുപുഴ മുതലായ സ്ഥലങ്ങളിലെ കുട്ടികൾക്കും ഇതു് അനുഗ്രഹമായി. പിന്നീട് വികാരിയായി വന്ന ബ. ചാലിൽ മാത്യു അച്ചൻ സ്കൂൾകെട്ടിടങ്ങൾ പൂർത്തിയാക്കുകയും കളിസ്ഥലം ഉണ്ടാക്കുകയും ചെയ്തു. അദ്ധ്യാപകരും മാനേജരും തമ്മിൽ ഏകമനസ്സോടെ

വത്തിച്ച് കാര്യക്ഷമത വദ്ധിപ്പിച്ചു. പുളിങ്ങോം പുഴയുടെ ഇരുകരകളും തമ്മിൽ ബന്ധിക്കേണ്ടതു് അത്യാവശ്യം. കോൺക്രീററുപാലങ്ങരം അനുവദിച്ചുകിട്ടാൻ കൊല്ലങ്ങരം പലതു കഴിഞ്ഞേക്കും. അതുവരേയും കാൽനടപ്പുകാക്കുവേണ്ടി നാട്ടുകാരുടെ സഹായത്തോടെ ഒരു കമ്പിപ്പാലം ഉണ്ടാക്കി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇതുണ്ടാക്കിയില്ലായിരുന്നെങ്കിൽ സ്കൂരംകുട്ടികളെ വർഷകാലത്തു് സ്കൂളിൽ അയയ്ക്കുവാൻ സാധിക്കുമായിരുന്നില്ല. ബ. ചാലിലച്ചൻതന്നെ നേതൃത്വമെടുത്തു് ഒരു മിൽക്കു സൊസൈററി സ്ഥാപിക്കുകയും അതുവഴി വളരെപ്പേക്കു ജീവിതമാഗ്ഗം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ഒരു ഗ്രാമീണ ബാങ്കും ഇപ്പോരം അവിടെ പ്രവത്തിക്കുന്നുണ്ടു്.

1954–ൽ തലശ്ശേരി രൂപതയുടെ ആവിർഭാവത്തിനുശേഷം പാലാ വയലിൽനിന്നോ, ചെറുപുഴയിൽനിന്നോ, വൈദികർ എല്ലാ ഞായറാഴ്ചകളിലും പുളിങ്ങോത്തു് വന്നു ദിവ്യകമ്മങ്ങരം നടത്തിയിരുന്നു. 1964 മുതൽ സ്ഥിരം താമസിച്ചു് പ്രവത്തിക്കുവാൻ വൈദികരെ ലഭിച്ചു. ഫാ. സെബാസ്റ്റ്യൻ പാലക്കിൽ ആയിരുന്നു ആദ്യത്തെ വികാരി. ബ. മുതിരചിന്തി, കുറിച്ചിയാപറമ്പിൽ, സ്രാമ്പിക്കൽ മുതലായവരാണു് പിന്നീടു് വന്ന വികാരിമാർ. ഇവരുടെ നേതൃത്വത്തിൽ നടത്തിയ പ്രവത്തനഫലമാണു് യുവജനസമാജം, വിവിധ റോഡുകരം, കപ്പേള, പുണ്യതീത്ഥമായ ഹോളിക്രോസ് മൗണ്ടു് മുതലായവ. ഒരു ഗവണ്മെൻറു് ഡിസ്പൻസറിയും ഇവിടെ തുറന്നു പ്രവർത്തിക്കുന്നു.

ചെറുപുഴയിലെ ബലിഷ്ഠമായ ദേവാലയം നിമ്മിച്ചതു് 1964–ൽ വികാരിയായി വന്ന ഫാ. ജോസഫ് മണിമലത്തറപ്പേലാണു്. ധമ്മഗരി സിസ്റ്റേഴ്സിൻെറ ഒരു ശാഖാമഠവും അവരുടെ മേൽനോട്ടത്തിൽ ഒരാശുപത്രിയും അദ്ദേഹം സ്ഥാപിച്ചു. നൂറിൽപ്പരം കിടക്കകളോടും എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടിയ ഒരു ഒന്നാംതരം ആശുപത്രിയായി അതു് ഇപ്പോരം ഉയന്നുകഴിഞ്ഞിരിക്കുന്നു. ഡോ. മാത്യു വഗ്ഗീസിൻെറ വകയായ മറെറാരു ആശുപത്രിയും നല്ലനിലയിൽ നടത്തുന്നുണ്ടു്. അടുത്തകാലത്തു് ജെമോ ക്ലിനിക്ക് എന്ന പേരിൽ ഒരാശുപത്രികൂടി അവിടെ സ്ഥാപിച്ചു നടത്തുന്നു. പാദചാരികരംക്കായി ഒരു കമ്പിപ്പാലം കടുമേനിപ്പള്ളിവികാരിയുടെ മേൽനോട്ടത്തിൽ ഉണ്ടാക്കി ആ പ്രദേശത്തെ അനുഗ്രഹിച്ചു.

നല്ലനിലയിൽ നടത്തുന്ന ഒരു യുവജനകലാസമിതിയും വായനശാലയും അവിടെ ഉണ്ട്. നേരത്തേതന്നെ അവിടെ ഒരു യു. പി. സ്കൂം ഉണ്ടായിരുന്നു. വികാരിയായിരുന്ന ഫാ. ആൻറണി പുരയിടം പള്ളിയോടനുബന്ധിച്ച് സൺഡേസ്കൂം കെട്ടിടം ഭംഗിയായി പണുതു. കൂടാതെ സൗകര്യപ്രദമായ ഒരു വൈദികമന്ദിരവും അദ്ദേഹം പണികഴിപ്പിക്കുകയുണ്ടായി. ടൗൺമദ്ധ്യത്തിൽ പുതിയ മോഡലിലുള്ള മനോഹരമായ ഒരു കുരിശുപള്ളിയും പണുതുയർത്തിയിട്ടുണ്ട്. ആ കപ്പേളയിലെ തിരുനാരം ടൗൺനിവാസികളെല്ലാവരും കൂടിച്ചേർന്ന് സാഡംബരം നടത്തുന്നു. അയൽപ്രദേശങ്ങളെയെല്ലാം ആകർഷിക്കുന്ന ഒരു പൊതു ഉത്സവമായിത്തീർന്നിട്ടുണ്ട് ചെറുപുഴത്തിരുന്നാരം.

അവിടത്തെ പോസ്റ്റാഫീസിനെ സബ് ഓഫീസായി ഉയർത്തി. വില്ലേജ് ഓഫീസും സോയിൽ കോൺസർവേഷൻ ഓഫീസും രണ്ടു സിനിമാതിയേററുകളും അവിടെ പ്രവർത്തിച്ചു വരുന്നുണ്ട്.

ബ. മുളവരിക്കൽ ജോസഫച്ചൻ 1956–ൽ കട്ടമേനിയിൽ ഒരു താല്ക്കാലിക ഷെഡ്ഡിൽ ആദ്യത്തെ ദിവ്യബലിയർപ്പിച്ചു. തോമ്മാപുരത്തുനിന്നും ഒരു വൈദികൻ വന്ന് മാസത്തിലൊരിക്കൽ ഒരു കുർബാന സമർപ്പിച്ചുപോന്നു. മാളിയേയ്ക്കൽ തോമസ്, തലച്ചിറ ജോസഫ്, തിമ്പലങ്ങാട്ട് തോമസ്, കുത്തുകല്ലുങ്കൽ ജോസഫ് തുടങ്ങിയവരാണ് ദേവാലയസ്ഥാപനത്തിനുവേണ്ടി ശ്രമിച്ചവരിൽ പ്രമുഖർ. മാളിയേക്കൽ തോമസ് പള്ളിക്കായി കുറച്ചു സ്ഥലം സംഭാവനചെയ്തു. ആ സ്ഥലം അപര്യാപ്തമെന്നു കണ്ടതിനാൽ വേറെ സ്ഥലം വാങ്ങേണ്ടിവന്നു, ഇടവകയായി ഉയർത്തപ്പെടുകയും വൈദികൻ സ്ഥിരതാമസം തുടങ്ങുകയും ചെയ്തശേഷം. എസ്. എൻ. ഡി. പി. യുടെ മാനേജുമെൻറിൽ പാറക്കടവിലും കമ്പല്ലൂരും ഓരോ എൽ. പി. സ്കൂം ആരംഭിച്ചു നടത്തിവരുന്നുണ്ട്.

കുടിയേററക്കാരോട് പ്രാരംഭകാലങ്ങളിൽ സ്ഥലവാസികളും രാഷ്ട്രീയക്കാരും ഗവണ്മെൻറുജീവനക്കാരും അനുഭാവമല്ല കാണിച്ചിരുന്നത്. എങ്കിലും കാലക്രമേണ അവരുടെ പരിശ്രമശീലവും ശക്തിയും ആവശ്യങ്ങളും മനസ്സിലാക്കിയ ചില മഹാമനസ്കരും ജനപ്രതിനിധികളും അനുഭാവം പ്രകടിപ്പിക്കുകയും അവരുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ അവരെ സഹായിക്കുകയും ചെയ്തു. തോമ്മാപുരം മേഖലയിലെ

കുടിയേററസ്ഥലങ്ങളിൽ ചികിത്സാസൗകര്യങ്ങൾക്കായി ഒരു ഹെൽത്തുസെൻററും ആശുപത്രിയും മന്ത്രി ശ്രീ എൻ. കെ. ബാലകൃഷ്ണൻ സ്ഥാപിച്ചുകൊടുത്തു. തളിപ്പറമ്പ്, ഇരിക്കൂർ എം. എൽ. എ., ശ്രീ സി. പി. ഗോവിന്ദൻനമ്പ്യാർ കുടിയേററപ്രദേശങ്ങളിൽ ഒട്ടേറെ സ്കൂളുകൾ സർക്കാരിനെക്കൊണ്ടനുവദിപ്പിച്ചു. കുടിയേററക്കാർ വെട്ടിത്തുറന്ന പല റോഡുകളും പി. ഡബ്ല്യു. ഡി. യിലേയ്ക്കെടുപ്പിച്ച് അവ ടാർ ചെയ്യുവാനും അദ്ദേഹം പ്രേരണ നല്കി.

# അകലങ്ങളിലേയ്ക്ക്

•

മലബാറും കഴിഞ്ഞ് അടുത്ത സ്റ്റേററിലേയ്ക്കും കുടിയേററം നടന്നു.

കണ്ണാടകാസ്റ്റേററിലെ തെക്കൻകണ്ണാടകഡിസ്ട്രിക്ടിലും ഷിമോഗാഡിസ്ട്രിക്ടിലുമായി കേരളത്തിൽനിന്നു രണ്ടായിരത്തോളം കുടുംബങ്ങൾ കുടിയേറിപ്പാക്കുന്നുണ്ട്. സൗത്തുകാനറയിൽ ഷീരാടി, തോട്ടത്താടി മുതലായ എട്ടുപത്തുകേന്ദ്രങ്ങളിലും ഷിമോഗായിൽ നാലഞ്ചുകേന്ദ്രങ്ങളിലുമാണു് അവർ കൃഷിചെയ്തു താമസിക്കുന്നതു്. പത്തുംപതിനഞ്ചും മൈൽ അകലെയുള്ള മംഗലാപുരംരൂപതയിലെ പള്ളികളിൽനിന്നു വൈദികരെ കൊണ്ടുവന്നു് മതകർമ്മങ്ങൾ മാസത്തിലൊരിക്കൽ നടത്തിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഇവിടങ്ങളിൽ എല്ലായിടത്തുംതന്നെ വൈദികർ താമസിച്ചുകൊണ്ടു ജനങ്ങളുടേയും ദേശത്തിൻേറയും വിവിധങ്ങളായ പുരോഗതിക്കായി പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രണ്ടു് സി. എം. ഐ. ആശ്രമങ്ങളും രണ്ടു കന്യാകാലയങ്ങളും (തോട്ടത്താടിയിലും നരസിംഹരാജപുരത്തും) സ്ഥാപിച്ചിട്ടുണ്ടു്. ആശുപത്രിയും നേഴ്സറിക്ലാസ്സുകളും വയോജനവിദ്യാലയങ്ങളും അവർ നടത്തുന്നു. സ്റ്റെയിററിലെ മാതൃഭാഷ കന്നടയാകയാൽ മലയാളികളായ വൈദികർക്കും നേതാക്കന്മാർക്കും പ്രവർത്തിക്കുവാൻ കുറെ അസൗകര്യങ്ങളുണ്ടു്. കണ്ണാടകസ്റ്റേററിൽ നെൽവയൽ ധാരാളമുള്ളതിനാലും അവ പാട്ടത്തിനു കൃഷിചെയ്യുവാൻ കൊടുക്കുന്നതിനു സ്ഥലമുടമകൾ സന്നദ്ധരായിരുന്നതിനാലും കുടിയേററക്കാർക്കു ഭക്ഷണദാരിദ്ര്യം അനുഭവിക്കേണ്ടിവന്നിട്ടില്ല. തെങ്ങ്, റബ്ബർ മുതലായ സ്ഥിരം കൃഷികൾ നടത്തുന്നതിനു് അവർ കരസ്ഥലങ്ങൾ പ്രയോജനപ്പെടുത്തി. അവയെല്ലാം ഫലംതന്നു് തുടങ്ങിയിട്ടേയുള്ളവെന്നു മാത്രം. കുടിയേററക്കാരുടെ മക്കൾ സ്കൂളിലും കോളേജിലും പഠിച്ചു് അദ്ധ്യാപകവൃത്തിയിലും മററു രംഗങ്ങളിലും ഉദ്യോഗ

ങ്ങൾ വഹിച്ചുപോരുന്നുണ്ടു്. കന്നടഭാഷയിലാണെങ്കിലും കുടിയേററക്കാരുടെ മക്കൾ കർണ്ണാടകക്കാരേക്കാൾ മെച്ചമായ രീതിയിൽ പരീക്ഷകൾ പാസ്സായിക്കൊണ്ടാണിരിക്കുന്നതു്. പലപ്പോഴും പഠനത്തിനും കളികൾക്കുമുള്ള ഒന്നാംസമ്മാനങ്ങൾ അവക്കാണു് ലഭിക്കുക.

ഇതിൽ പ്രമുഖവും യാത്രാസൗകര്യങ്ങൾ കൂടുതൽ ഉള്ളതുമായ കുടിയേററകേന്ദ്രം ഷീരാടിയാണു്. മംഗലാപുരത്തുനിന്നും നിരവധി ബസ്സുകൾ ഷീരാടിയിൽക്കൂടെ ഓടിക്കൊണ്ടിരിക്കുന്നു. ഈ ഭാഗത്തേയ്ക്കു് 1950, 51–ൽ ആദ്യം കുടിയേറിയവർ കുളത്തിനാൽ ജോസഫു്, തയ്യിൽ മത്തായി, തേനാടികുളക്കാർ, വടയാററു് ആഗസ്തി, നെടിയപാലക്കൽ, ചെമ്പുതൊട്ടി, കുന്നത്തു്, കൂട്ടുങ്കൽ, കിഴക്കയിൽ, കാവാട്ടുചിറ, മുണ്ടയ്ക്കൽ മുതലായ വീട്ടുകാരാണു്. ഇതുപോലെ കുറെ യാക്കോബായക്കാരും കോട്ടയം ഭാഗത്തുനിന്നു് 1952 മുതൽ കുടിയേറി. ഫാ. ഫിലിപ്പു് പള്ളിച്ചിറയുടെ നേതൃത്വത്തിൽ ഒരു ദേവാലയവും സ്ഥാപിച്ചു നടത്തുന്നു. ഈ സ്ഥലം മംഗലാപുരംരൂപതാതിർത്തിയിൽപ്പെട്ടിരുന്നു. കൊക്കടെയായിരുന്നു അടുത്തുള്ള കത്തോലിക്കാദേവാലയം. അവിടെ പള്ളിമാനേജ്മെൻറിൽ എൽ. പി., യു. പി. സ്കൂളുകളും നടത്തിയിരുന്നു.

ഷീരാടിയിൽനിന്നു് പത്തുമൈൽ അകലമുണ്ടു് കൊക്കടയ്ക്കു്. കുറച്ചുദൂരം മാത്രമേ ബസ്സിൽ പോകാൻ പററുകയുള്ളു. കുടിയേററക്കാർ അവിടെച്ചെന്നാണു് മതകർമ്മങ്ങൾ നടത്തിയിരുന്നതു്. കുട്ടികളെ സ്കൂളിൽ വിട്ടിരുന്നതും അവിടെത്തന്നെ. അകലംനിമിത്തം എല്ലാവരും ഇതൊന്നും ചെയ്തിരുന്നില്ല. ചുരുക്കംപേർ തങ്ങളുടെ കുട്ടികളെ അവിടത്തെ അച്ചൻെറ അധീനത്തിൽ താമസിപ്പിച്ചു് സ്കൂളിൽ പഠിപ്പിച്ചുപോന്നു.

ഇരുപതു് മുപ്പതു് വീട്ടുകാരായപ്പോൾ 52–ാം മൈലിൽ റോഡുസൈഡിൽ – ഉദനയിൽ – റിസർവ്വു് ഫോറസ്റ്റിൻേറയും റോഡിൻേറയും ഇടയ്ക്കുള്ള ഒരേക്കർ സ്ഥലം വാങ്ങി അവിടെ പള്ളിക്കായി ഒരു കെട്ടിടം അവർ ഉണ്ടാക്കി. കൊക്കടെയിൽ നിന്നു് അച്ചനെ മാസത്തിലൊരിക്കൽ കൊണ്ടുവന്നു ദിവ്യബലിയും കൂദാശകളും നടത്തിയിരുന്നു. ബ. അച്ചന്മാക്കും ഇതിൽ സന്തോഷമാണുണ്ടായിരുന്നതു്.

നേത്രാവതിപുഴയുടെ സാമാന്യം വലിയ ഒരു പോഷകനദി അടുത്തുകൂടെ ഒഴുകുന്നുണ്ടു്. അതിലെ ഒഴുകുന്ന സ്വച്ഛന്ദ

മായ ജലം ആരേയും ആകർഷിക്കും. ഫോറസ്റ്റിൻെറ സാമീപ്യംമൂലം സുഖശീതളമായ ഒരന്തരീക്ഷം സ്ഥലവാസികരംക്ക് ലഭിക്കുന്നു. വേറെ സ്ഥലമില്ലാത്തതിനാൽ ദേവാലയത്തിനായി ഫോറസ്റ്റിൽനിന്നു് അഞ്ചേക്കർ സ്ഥലം നൽകണമെന്നു് ഗവണ്മെൻറിനോട്ട് അപേക്ഷിച്ചിട്ടുണ്ടു്.

1955 മുതൽ ആ ഇടവകക്കാർ തലശ്ശേരിരൂപതയിൽ ഉരംപ്പെട്ടുവെങ്കിലും വൈദികരുടെ കുറവുകൊണ്ടു് കൊക്കട വികാരിയച്ചനെ ഷീരാടി ഇടവകയുടെ കാര്യങ്ങരം തുടന്നു നോക്കുവാൻ തലശ്ശേരി ബിഷപ്പ് ചുമതലപ്പെടുത്തി.

1960–ൽ ബ. ദേവസ്യാച്ചൻ സി.എം.ഐ.യെ ഷീരാടിയുടെയും അടുത്തുള്ള പ്രദേശങ്ങളുടെയും വികാരിയായി നിയമിച്ചു. അദ്ദേഹം ഷീരാടിപ്പള്ളി സങ്കീർത്തിയിൽ താമസമാക്കി. തൊട്ടടുത്തു് ഒരു പള്ളിമുറിയും കുശിനിയും ഉണ്ടാക്കി. കൂടാതെ പുഴ കടന്നു് കുട്ടറപ്പാടിയിൽ നടന്നുചെന്നു് എല്ലാ മാസങ്ങളിലും ബലിയപ്പിച്ചുപോന്നു. ക്രമേണ അവിടെ ഒരു സ്ഥിരം പള്ളിയുടെ പണി ആരംഭിച്ചു് ഒരു കൊല്ലംകൊണ്ടു് അതു പൂത്തിയാക്കി. ഷീരാടിയിൽ പിന്നീടു വന്ന അച്ചന്മാർ പള്ളി കുറെക്കൂടി വലുതാക്കി പണിയിച്ചു. എൺപതു് അടി നീളമുള്ള ഒരു സൺഡേസ്കൂരം കെട്ടിടവും നിമ്മിച്ചു. 1978 ജൂലായ് മൂന്നാംതീയതി ഇടവകമദ്ധ്യസ്ഥനായ വി. തോമ്മാശ്ലീഹായുടെ തിരുന്നാരംദിനം ഷീരാടിയെ ഒരു ഫൊറോനാപ്പള്ളിയാക്കി ഭരണസൗകര്യാത്ഥം ഉയത്തിയിരിക്കുകയാണു്.

എട്ടുമൈൽ പടിഞ്ഞാറുള്ള നെല്ലിയാടിയിൽ മുപ്പത്തിനാലു വീട്ടുകാരുണ്ടു്. അവിടെയും ഷീരാടിയിൽനിന്നു് വൈദികർ പോയി കുർബാനയും കൂദാശകളും നൽകുന്നു. ഇപ്പോരം ഷീരാടി പ്രദേശത്തു് കുടിയേററക്കാരായി 600 വീട്ടുകാരുണ്ടു്. കത്തോലിക്കാപ്പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം ഒരു ചെറിയ ടൗണായി പുരോഗമിച്ചുവരുന്നു. നിരവധി കച്ചവടസ്ഥാപനങ്ങളും ഫോണും ലൈററും പോസ്റ്റാഫീസും പോലീസ്സ്റ്റേഷനും ഹൈസ്കൂളും അവിടെയുണ്ടു്.

കടബാടൗണിൽനിന്നു് മൂന്നുമൈൽ കിഴക്കുള്ള ഒരു കുടിയേററസ്ഥലമാണു് കുട്ടറപ്പാടി. 1950 ലാണു് ഇവിടെ കുടിയേററം തുടങ്ങിയതു്. ആദ്യകാലത്തു് കടബാപ്പള്ളിയിൽ ചെന്നാണു് ആളുകരം ആത്മകാര്യങ്ങരം നടത്തിയിരുന്നതു്. കുടിയേററക്കാരുടെ എണ്ണം വദ്ധിച്ചതോടെ കുട്ടറപ്പാടിയിലും

ഒരു ചെറിയ പള്ളി പണിയുവാൻ അവർ ആഗ്രഹിച്ചു. കുറെ സ്ഥലം വാങ്ങി. ഒരു താല്ക്കാലിക ഷെഡ്ഡുണ്ടാക്കി. കടബായിലെ അച്ചനെ കൊണ്ടുവന്ന് ആണ്ടിൽ ഒന്നുരണ്ടു ദിവ്യബലി നടത്തിച്ചുപോന്നു.

1960 മുതൽ ഷീരാടിയിൽനിന്ന് ബ. ദേവസ്യാച്ചൻ വന്ന് ഞായറാഴ്ചതോറും വൈകുന്നേരം കുർബാന അപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ ഉത്സാഹത്താൽ ഒരു കൊല്ലംകൊണ്ട് പള്ളി പണിതുതീർത്തു. 1965 മുതൽ അവിടെ ഒരു സ്ഥിരം വികാരിയെ നിയമിച്ചു. ഫാ. മാത്യു വില്ലന്താനമായിരുന്നു ആദ്യവികാരി. അദ്ദേഹമാണ് അവിടത്തെ വൈദികമന്ദിരം പണികഴിപ്പിച്ചത്.

അധികം അകലെയല്ലാതെ തിരുവല്ലാ രൂപതവകയായി ഒരു പള്ളിയും കുടിയേററക്കാർക്കായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഈ പള്ളിയോടനുബന്ധിച്ച് ദീനസേവനസഭക്കാരുടെ ഒരു മഠവും സ്ഥാപിച്ചു സേവനങ്ങൾ ചെയ്തുവരുന്നു.

കടബായിൽനിന്ന് ആറുമൈൽ പടിഞ്ഞാറു സ്ഥിതിചെയ്യുന്ന മറെറാരു പ്രദേശമാണ് പതാവ്. ആദ്യകാലത്ത് അവിടെ ഷെഡ്ഡുണ്ടാക്കി മാസത്തിൽ ഒരു കുർബാന കടബായിൽനിന്ന് അച്ചൻ വന്നു നടത്തിയിരുന്നു.

1965 ന ശേഷം കുട്ടറപ്പാടിയിൽനിന്ന് ഫാ. മാത്യു വില്ലന്താനം വന്നു മതകർമ്മങ്ങൾ പ്രതിവാരം നടത്തിക്കൊടുക്കുവാൻ തുടങ്ങി. പിന്നീട് സ്ഥലം പള്ളിക്ക് എഴുതിവാങ്ങി. ഒരു സ്ഥിരം കെട്ടിടം ഉണ്ടാക്കി. ഇപ്പോൾ പതിവായി കുർബാനയും നടത്തിക്കൊണ്ടിരിക്കുന്നു. മാഞ്ഞൂർ, കുറുപ്പൻതറ, കല്ലുപാറ മുതലായ സ്ഥലങ്ങളിൽനിന്നു വന്നു കുടിയേറിയവരാണ് ഇവിടെയുള്ളവർ.

കർണ്ണാടക സ്റ്റെയിററിലെ പ്രസിദ്ധമായ ധർമ്മസ്ഥലത്തുനിന്ന് ഏഴുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു കുടിയേററ കോളനിയാണ് കളിഞ്ചേ. 1951 മുതൽ അതിരംപുഴ, വായ്പ്പൂർ, ഇലഞ്ഞി, മുളക്കുളം മുതലായ പ്രദേശങ്ങളിൽനിന്ന് കുടിയേററക്കാർ അവിടെ വന്ന് താമസിക്കുവാൻ തുടങ്ങി. ആ കാലത്ത് ഏററം അടുത്ത കത്തോലിക്കാദേവാലയം കൊക്കടെയായിരുന്നു. കൊക്കടെയ്ക്ക് പോകണമെങ്കിൽ ഒരു വലിയ പുഴ കടക്കണം. വർഷകാലത്ത് അവിടെ ചെന്നെത്തുക വിഷമകരം. കുടിയേററക്കാർ ആരംഭകാലത്തുതന്നെ അവിടെ ഒരു മലയാളി അസ്സോസിയേഷൻ ഉണ്ടാക്കി. 1955–ൽ ഒരു ദേവാ

ലയം സ്ഥാപിക്കുവാനുള്ള സ്ഥലത്തിനായി അവർ ഗവണ്മെൻറിൽ അപേക്ഷിച്ചു. സ്ഥലം ലഭിച്ചു. അവിടെ വളരെ കഷ്ടപ്പെട്ട് സുറിയാനികത്തോലിക്കർക്കായി ഒരു പള്ളിഷെഡ്ഡ് ഉണ്ടാക്കി. കൊക്കടയിൽനിന്നു് അച്ചനെ കൊണ്ടുവന്നു് കുർബാന ചൊല്ലിക്കാമെന്നു് അവർ വിചാരിച്ചു. എങ്കിലും ചില വൈദികക്ക് സുറിയാനിപ്പള്ളി എന്ന ആശയത്തോട്ട് എതിപ്പുണ്ടായിരുന്നതിനാൽ അവർ തങ്ങളുടെ സ്വാധീനശക്തി ഉപയോഗിച്ചു് ഗവണ്മെൻറ്ഓർഡർ വാങ്ങി ആ പള്ളി പൊളിച്ചുവെന്നു് സ്ഥലവാസികൾ വേദനയോടെ പറയുന്നു.

1966–നു ശേഷം വില്ലേജ്റോഡിൽനിന്നു് അരമൈൽ ഉള്ളിലേക്കു മാറി കുറെ സ്ഥലം വിലയ്ക്കുവാങ്ങി പള്ളിഷെഡ്ഡു് വച്ചു. ഷീരാടിയിൽനിന്നു് അച്ചൻ മാസത്തിലൊരിക്കൽ വന്നു കുർബാനയും കൂദാശകളും നടത്തിയിരുന്നു. പള്ളിവരെ വാഹനങ്ങൾ വരികയില്ല. രണ്ടുമൂന്നു കൊല്ലങ്ങൾക്കുശേഷം ഫാ. സെബാസ്റ്റ്യൻ പാലക്കിയെ വികാരിയായി ലഭിച്ചു. അദ്ദേഹം വില്ലേജ്റോഡിനും കായത്തടുക്കസ്കൂളിനും സമീപമുള്ളതും, മുമ്പനുവദിച്ചു കിട്ടിയിരുന്നതുമായ പഴയസ്ഥലത്തു് ഒരു വൈദികമന്ദിരവും പള്ളിയും പണികഴിപ്പിച്ചു. ധർമ്മസ്ഥലം ഇടവകയും അദ്ദേഹംതന്നെ നടത്തിക്കൊണ്ടിരിക്കുന്നു. 1972 മുതൽ കളിഞ്ചയിൽ സ്ഥിരം വൈദികർ താമസിച്ചു പ്രവർത്തിക്കുന്നുണ്ടു്. ആ സ്ഥലം ഇന്നു വേഗത്തിൽ പുരോഗതി പ്രാപിച്ചുവരികയാണു്.

മംഗലാപുരം ചാർമാടി റോഡിൽ 47–ാംമൈലിൽ കക്കിഞ്ചയിൽനിന്നു് നേരിയായിട്ടുള്ള വില്ലേജ്റോഡിൽക്കൂടി ഒരു മൈൽ നടന്നാൽ തോട്ടത്താടിയിലെത്താം. 1956 മുതൽ ഇവിടെ കുടിയേററം തുടങ്ങി. അങ്കമാലി, മൂക്കന്നൂർ ദേശങ്ങളിൽനിന്നു വന്നവരാണു് ആദ്യം ഇവിടെ കുടിയേറിപ്പാർത്തതു്. അവരിൽ സാമ്പത്തിക കഴിവുള്ളവർ ചുരുക്കമായിരുന്നു. എങ്കിലും ധർമ്മസ്ഥലം ധനികർ ദാനംചെയ്ത പതിനേഴ് ഏക്കർ സ്ഥലത്തു് ഒരു പള്ളിക്കെട്ടിടം അവർ നിർമ്മിച്ചു. ആദ്യകാലം മുതൽതന്നെ ഫാ. ആൽബർട്ടു് പിൻേറാ ബൽത്തങ്ങാടിയിൽനിന്നു് മാസത്തിലൊരിക്കൽ വന്നു് കൂദാശകൾ കൊടുത്തിരുന്നു. മണ്ണു് വളക്കൂറുള്ളതല്ലെങ്കിലും കശുമാവു്, പുൽത്തൈലം, കപ്പ, വാഴ, നെല്ലു് തുടങ്ങിയവ ഇവിടെ സാമാന്യം നന്നായി വിളയുന്നുണ്ടു്. വളരെയകലെയല്ലാതെ ഒരു ഗവണ്മെൻറ് എൽ. പി. സ്കൂളും ഏഴുമൈൽ അകലെ ഒരു ഗവണ്മെൻറ് ആശു

പത്രിയും ഉണ്ടായിരുന്നതുകൊണ്ടു കുടിയേററക്കാക്ക ചികിത്സാ സൗകര്യവും അവരുടെ കുട്ടികറക്ക് പ്രാഥമികവിദ്യാഭ്യാസ സൗകര്യവും ആദ്യകാലം മുതൽതന്നെ ലഭിച്ചിരുന്നു.

1962–ൽ ഫാ. ദേവസ്യാ സി. എം. ഐ. തോട്ടത്താടി വികാരിയായി നിയമിക്കപ്പെട്ടു. ബ. ദേവസ്യാച്ചനാണു് പള്ളിമുറിയും കുശിനിയും പണികഴിപ്പിച്ചതു്. 1963 മുതൽ സി. എം. ഐ. ക്കാരുടെ ഒരു ആശ്രമവും ആരംഭിച്ചിട്ടുണ്ടു്.

1976 മുതൽ ക്ലാരസഭയുടെ ഒരു ശാഖയും അവിടെ തുടങ്ങി. സി. എം. ഐ. സഭക്കാരുടെ മേൽനോട്ടത്തിൽ ഒരു ആശുപത്രിയും അവർ നടത്തുന്നു. 1975 മുതൽ വൈദ്യുതിയും ലഭ്യമായതോടെ തോട്ടത്താടിയിൽ പുരോഗതിയുടെ കൊച്ചലകറ പതുക്കെപ്പതുക്കെ എത്തിനോക്കിത്തുടങ്ങിയിട്ടുണ്ടു്. ബ. ദേവസ്യാച്ചനെ തുടൎന്നു വികാരിമാരായി വന്ന ഫാ. തോമസ് കാവുംപുറം, ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ടു് തുടങ്ങിയവരെല്ലാം തോട്ടത്താടിയെ പുരോഗതിയുടെ പാതയിലേക്കു് നയിക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ടു്.

1950 മുതൽ ധർമ്മസ്ഥലത്തും കുടിയേററക്കാർ താമസം തുടങ്ങി. അവിടത്തെ പുരാതനപ്രസിദ്ധമായ ക്ഷേത്രപരിസരത്തുനിന്നു് അരമൈൽമാത്രം അകലെ അവർ ഒരു പള്ളിഷെഡ്ഡുണ്ടാക്കി. ധർമ്മസ്ഥലം ധനികറ ദാനംചെയ്തതായിരുന്നു ഈ സ്ഥലം. കുത്രപ്പള്ളി, കറുകച്ചാൽ, തോട്ടക്കാടു്, തൃക്കൊടിത്താനം എന്നിവിടങ്ങളിൽനിന്നു വന്നവരാണു് ധർമ്മസ്ഥലത്തെ കുടിയേററക്കാരിലധികവും. ബൽത്തങ്ങാടി വികാരി ഫാ. ആൽബർട്ട് പിൻേറാ തന്നെയായിരുന്നു ആദ്യകാലത്തു ധർമ്മസ്ഥലം പള്ളിയിലും മതകർമ്മങ്ങറ നടത്തിയിരുന്നതു്. ജനങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടേയും ഇടയിൽ വലിയ സ്വാധീനമുണ്ടായിരുന്നു, അദ്ദേഹത്തിനു്. ധർമ്മസ്ഥലത്തെ മണ്ണു് വളക്കൂറുള്ളതാണു്. നെല്ലും കപ്പയും പുൽത്തൈലവുമാണു് അവിടത്തെ പ്രധാന കൃഷികറ. ചുററും കാടായിരുന്നതുകൊണ്ടു് കാട്ടുമൃഗങ്ങളുടെ ശല്യം ധർമ്മസ്ഥലത്തു് വളരെയുണ്ടായിരുന്നു. ധർമ്മസ്ഥലത്തെ ധനികറ നല്ലവരും ഉദാരശീലരുമാണു്. ക്രിസ്ത്യാനികളുടെ ദേവസ്ഥാനം അടുത്തുവരുന്നതിൽ അവക്കു് ഒരതൃപ്തിയുമില്ല. ക്രിസ്ത്യൻ വൈദികർ വന്നു് ജനങ്ങളെ നല്ലവരാക്കിത്തീക്കട്ടെ എന്നാണവരുടെ ആഗ്രഹം. ജാതിമതഭേദമില്ലാതെ ക്ഷേത്രത്തിലെത്തുന്ന സാധുക്കറക്കും തിങ്ങിക്കൂടുന്ന തീർത്ഥാടകക്കും എന്നും സൗജന്യമായി ഭക്ഷണം നല്കുന്നതിനുള്ള

ഏപ്പാടുകളും അവർ ചെയ്തിട്ടുണ്ട്. കുടിയേററക്കാക്കും വേണ്ട സഹായങ്ങളും ഇവർ ചെയ്യാറുണ്ട്.

1964-ൽ ബ. ഹ്യൂഗോ സി. എം. ഐ. (തോട്ടത്താടി വികാരി) അച്ചനെ ധമ്മസ്ഥലം പള്ളിയുടെ കാര്യങ്ങളുംകൂടി നടത്തുന്നതിനുള്ള ചുമതല തലശ്ശേരി രൂപതാദ്ധ്യക്ഷൻ ഭരമേല്പിച്ചു. തുടന്ന് അവിടെ ഒരു പള്ളിക്കെട്ടിടം നിമ്മിക്കപ്പെട്ടു. രൂപതാദ്ധ്യക്ഷൻ ഇതിനായി കുറെ പണം കൊടുത്തിരുന്നു. 1972-ൽ തോട്ടത്താടി വികാരിയായി വന്ന ബ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ടിൻെറ കാലത്ത് അഞ്ചര ഏക്കർ സ്ഥലം പള്ളിക്കു പതിച്ചുകിട്ടി.

ഇപ്പോഠം ക്ഷേത്രത്തോടനുബന്ധിച്ച് തീത്ഥാടകരുടെയും യാത്രക്കാരുടെയും സൗകര്യാത്ഥം പുതിയ ഹോസ്റ്റൽകെട്ടിടങ്ങൾ ധമ്മസ്ഥലം ധനികരു പണികഴിപ്പിച്ചിട്ടുണ്ട്. സൗജന്യമായി താമസസൗകര്യവും ഭക്ഷണവും അവിടെ തീത്ഥകക്ക് നൽകപ്പെടുന്നു. സമീപത്തുള്ള കുന്നിൻമുകളിൽ ഗോമുണ്ഡേശ്വര സ്വാമിയുടെ ഒററക്കല്ലിൽ കൊത്തിയെടുത്ത നാല്പത്തിയെട്ടടി പൊക്കമുള്ള ഒരു പ്രതിമ സ്ഥാപിച്ചിരിക്കുന്നു, കാർക്കളയിൽ ഉണ്ടാക്കിയതു്. പൂണ്ണ നഗ്നമാണ് ആ പ്രതിമ. രണ്ടുലക്ഷത്തിൽപ്പരം രൂപാ ചിലവാക്കിയത്രേ, പ്രതിമ അവിടെ എത്തിക്കുവാൻ. പ്രത്യേക റോഡും ട്രാക്ടറും ഉണ്ടാക്കിയാണ് കൊണ്ടുവന്നതു്. ധമ്മസ്ഥലത്തിൻെറ വികസനത്തിൽ ഇവയെല്ലാം വളരെ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. എങ്കിലും കുടിയേററക്കാരുടെ സ്ഥിതി ഇപ്പോഴും വളരെ മെച്ചമെന്നു പറഞ്ഞുകൂടാ.

തോട്ടത്താടിയിൽനിന്നു് അഞ്ചുമൈൽ തെക്കുള്ള ഒരു സ്ഥലമാണു് ഗാണ്ഡിബാഗ്. 1951-ൽ തന്നെ ഇവിടെയും കുടിയേററം തുടങ്ങി. പാലാ, തൊടുപുഴ, അങ്കമാലി പ്രദേശങ്ങളിൽനിന്നു വന്നവരാണു് ഗാണ്ഡിബാഗിലെ കുടിയേററക്കാർ. നല്ല മണ്ണാണു് ഇവിടത്തേതു്. തെങ്ങ്, കൊടി, പുൽത്തൈലം, മുതലായവ ഇവിടെയും കൃഷിചെയ്യപ്പെടുന്നു. നീലിയറ, മാതോത്തു്, നാഗനൂലി, മുണ്ടാട്ടുചുണ്ട എന്നീ കുടുംബക്കാരാണു് ഇവിടെ ആദ്യം കുടിയേറിയതു്. പാലാ മാട്ടേൽ തോമസിൻെറ സ്ഥലമാണു് അവർ വാങ്ങിയതു്. എന്നാൽ രേഖ കൊടുത്തിട്ടില്ല. തോമസ് പത്തു് ഏക്കർ പള്ളിക്കു കൊടുത്തു. അതിനും രേഖയില്ല. ബൽത്തങ്ങാടിയിലെ ഫാ. ആൽബർട്ട്പിൻേറാ ആണു് ആദ്യകാലത്തു് ഇവിടത്തെ കുടിയേററക്കാരുടെ ആദ്ധ്യാത്മികകാര്യങ്ങൾ നടത്തിപ്പോന്നതു്.

1963–ൽ ബ. ദേവസ്യാച്ചൻ വികാരിയായി വന്നതോടെ ഒരു സ്ഥിരം പള്ളിക്കെട്ടിടം ഉണ്ടായി. തുടൎന്നു് പള്ളിമുറിയും കുശിനിയും നിൎമ്മിക്കപ്പെട്ടു.

വിരാജ്പേട്ടയിൽനിന്നു് ഇരുപതുമൈൽ കിഴക്കുള്ള ഒരു കുടിയേററസ്ഥലമാണു് ഗോണിഗോപാൽ. വയനാടൻ പ്രകൃതിയാണു് ഇവിടെയുള്ളതു്. 1943 മുതൽ ഇവിടെ കുടിയേററം തുടങ്ങി. കാപ്പിയും ഓറഞ്ചും നെല്ലുമാണു് ഇവിടത്തെ പ്രധാന കൃഷികൾ. കുടകുകാരുമായി ഇടപഴകി അവരോടു തോട്ടങ്ങൾ വാങ്ങിയും തോട്ടപ്പണികൾ ചെയ്തും കുടിയേററക്കാർ ജീവിക്കുന്നു. ചിലൎക്കു് ചെറിയ കച്ചവടവുമുണ്ടു്. വിരാജ്പേട്ടയിലും സിദ്ധാപുരത്തും കുടിയേററക്കാർ ധാരാളമുണ്ടു്. ചിലർ അഡ്വോക്കററ്മാരായി കേസ്സുകൾ വാദിക്കുന്നു. മററു ചിലർ ഡോക്ടർമാരായി ആതുരസേവനം നടത്തുന്നു. മെക്കാനിക്കൽ വൎക്കു്ഷോപ്പു നടത്തുന്നവരും മലഞ്ചരക്കുകച്ചവടം നടത്തുന്നവരും കാപ്പി, തേയില തോട്ടമുടമകളും തോട്ടങ്ങളിലെ ജോലിക്കാരുമെല്ലാം കുടിയേററക്കാരുടെ ഇടയിൽ ഇപ്പോൾ ധാരാളമുണ്ടു്.

കോണികുപ്പയിൽ 1969 മുതൽ സി. എം. ഐ. സഭയുടെ ഒരു ആശ്രമവും പള്ളിയുമുണ്ടു്. ആ പള്ളിയാണു് ഇടവകപ്പള്ളിയായി ഉപയോഗിക്കുന്നതു്. ആരാധനാമഠത്തിന്റെ ഒരു ശാഖയും 1971–ൽ സ്ഥാപിച്ചു നടത്തുന്നു. അവർ നേഴ്സറി ക്ലാസ്സുകളും ഇംഗ്ലീഷ്മീഡിയം സ്കൂളും പ്രശസ്തനിലയിൽ നടത്തിപ്പോരുന്നുണ്ടു്. തെങ്ങു്, മുളകുകൊടി മുതലായ കൃഷികൾ ചെയ്തു് ജനങ്ങൾക്കു് മാതൃക കാണിച്ചുകൊടുക്കുവാനും ഇവിടത്തെ സി. എം. ഐ. വൈദികർ ശ്രമിക്കുന്നു.

മംഗലാപുരത്തുനിന്നു് ചാർമാടി ചുരം കേറി എത്തുന്ന ഒരു സമതലപ്രദേശമാണു് നരസിംഹരാജപുരം. 2500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തു വയനാട്ടിലെ കാലാവസ്ഥതന്നെയാണുള്ളതു്. കാപ്പിത്തോട്ടങ്ങൾ ധാരാളം. മൂക്കന്നൂർ, അങ്കമാലി, വാഴക്കുളം ഭാഗങ്ങളിൽനിന്നു് വന്നവർ 1948 മുതൽ ഇവിടെ കുടിയേറി താമസിക്കുവാൻ തുടങ്ങി. ഇവിടത്തെ കുടിയേററക്കാരിൽ ഭൂരിപക്ഷത്തിനും സ്വന്തമായി സ്ഥലമില്ല. അവർ പാട്ടത്തിനു് വയൽ വാങ്ങി വിതയ്ക്കുന്നു. പരേതനായ ബൎക്കുമാൻസച്ചൻ ആയിരുന്നു നരസിംഹരാജപുരത്തു് ആദ്യത്തെ വികാരി. അദ്ദേഹം ആദ്യം അവിടത്തെ

ററി. ബി. യിലാണു് ബലിയപ്പിച്ചിരുന്നതു്. തുടന്നു് ടൗണി നട്ടത്തു് റോഡുസൈഡിൽ പന്ത്രണ്ടു് ഏക്കർ കരയും പത്തു് ഏക്കർ വയലും അദ്ദേഹം വാങ്ങി. മുള ഉരുപ്പടികാംകൊണ്ടു് പള്ളിക്കെട്ടിടമുണ്ടാക്കി. മുള വാരിവച്ചുകെട്ടി കളിമണ്ണു് ഇരു വശവും എറിഞ്ഞു പിടിപ്പിച്ച ഭിത്തിയുണ്ടാക്കി. വെള്ളപൂശി. ഭംഗിയായ പള്ളിക്കെട്ടിടം. 100-ൽ പരം യാക്കോബായ കുടുംബങ്ങളും അവരുടെ ഒരു പള്ളിയും അടുത്തുതന്നെയുണ്ടു്. നരസിംഹരാജപുരം ഇന്നു വളരെവേഗം പുരോഗതി പ്രാപിച്ചു വരുന്നു. കമ്മലീത്താസിസ്റ്റേഴ്സിൻെറ വകയായി ഒരു ആശുപത്രി ഇപ്പോഠം ഇവിടെ പ്രവത്തിക്കുന്നുണ്ടു്. സി.എം.ഐ. വൈദികരും ഈ പ്രദേശത്തു് ഒരാശ്രമം സ്ഥാപിച്ചു് പലവിധത്തിലുള്ള സേവനങ്ങളനുഷ്ഠിക്കുന്നു.

പള്ളിക്കു സ്ഥിരമായ കെട്ടിടവും പള്ളിമുറിയും മററു സൗകര്യങ്ങളും ഇന്നുണ്ടു്. കുടിയേററക്കാരുടെ പൊതുവായ നിലവാരവും വളരെ മെച്ചപ്പെട്ടുവരുകയാണു്.

# വഴിവിളക്കുകൾ

മലബാറിലെ കുടിയേററക്കാക്ക് പലേ പ്രതികൂലസാഹചര്യങ്ങളേയും അഭിമുഖീകരിക്കേണ്ടിവന്നു. മലയോടും മത്തഗജങ്ങളോടും അവർ പൊരുതി. അവകാശത്തർക്കങ്ങളെ നേരിട്ടു. പട്ടിണിയേയും രോഗത്തേയും അതിജീവിച്ചു. ഈ ശത്രുക്കളെ എതിരിടുന്നതിനിടയിൽ ചില നിയമങ്ങളുടെ അതിർത്തികൾ കടന്നുപോയി എന്നുവരാം. വെട്ടാൻവരുന്ന പോത്തിനോടു വേദമോതിയാൽ ഫലിക്കയില്ലെന്ന് അവർ മനസ്സിലാക്കിക്കാണും. കുടിയേററത്തിന്റെ ആരംഭകാലങ്ങളിൽ അവക്കെതിരായി സക്കാർകോടതികളിലെ കേസുകൾ ബഹുഭൂരിപക്ഷവും മരം മുറിച്ചതിനെപ്പററിയുള്ളതായിരുന്നു. എം. പി. എഫ്. ആക്ട് അവർ ലംഘിച്ചിരിക്കാം. എന്നാൽ വൈദികരും ദേവാലയവും വിദ്യാലയവും വിദ്യാഭ്യാസവും സാമൂഹികപ്രവർത്തനങ്ങളും ലഭ്യമായപ്പോൾ, കാട്ടുമൃഗങ്ങളും അവകാശത്തക്കങ്ങളും കുറഞ്ഞപ്പോൾ, തങ്ങൾ വിലകൊടുത്തു വാങ്ങിയ കൃഷിസ്ഥലത്തുനിന്നും തങ്ങളെ കുടിയിറക്കുകയില്ലെന്നു വന്നപ്പോൾ, കാടത്തവും പരുക്കൻ പെരുമാററങ്ങളും മാറി. ക്രിസ്തീയസ്നേഹവും സാഹോദര്യവും അവരിൽ പരിലസിക്കുവാൻ തുടങ്ങി.

ഈ മാററം ത്വരിതപ്പെടുത്തുവാൻ എല്ലാ കുടിയേററകേന്ദ്രങ്ങളിലും മതപഠനക്ലാസ്സുകളും വായനശാലകളും ആരംഭിച്ചു. തലശ്ശേരി ബിഷപ്പ്സ് ഹൗസിൽ ഒരു ഡിപ്പാർട്ടുമെൻറുതന്നെ അതിനായി ഉണ്ടാക്കി. പഴേപറമ്പിൽ തോമ്മാച്ചനെ മററു ജോലികൾക്കിടയിൽ അതിന്റെ ഡയറക്ടറായി നിയമിച്ചു. കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ ആരംഭകാലം മുതൽതന്നെ (1954) പരീക്ഷകളിൽ പ്രശസ്തവിജയികൾക്കും കൂടുതൽ ഹാജരുള്ളവക്കും സമ്മാനങ്ങളും സ്കോളർഷിപ്പും നൽകിപ്പോന്നു. പിന്നീടു ബ. നരിക്കുഴി ചാക്കോച്ചനെ ഡീറക്ടറാക്കി. അദ്ദേഹം വളരെക്കാര്യങ്ങൾ മതാദ്ധ്യയനവിഷയത്തിൽ ചെയ്തു. അദ്ധ്യാ

പകക്കായി വാർഷികസെമിനാറുകളും വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു. 1968 മുതൽ ഡോ. ജോർജ്ജ് വലിയമററത്തിനെ മതാദ്ധ്യയനത്തിൻേറയും മിഷൻലീഗിൻേറയും കാര്യങ്ങഠംക്കുടെ അന്വേഷിക്കുവാൻ നിയമിച്ചു. മതബോധനപരിശീലനത്തിനായുള്ള ബാംഗ്ളൂരിലെ നാഷണൽ സെൻററിൽ അദ്ദേഹത്തെ വിട്ടു പരിശീലിപ്പിച്ചു. 1970–ൽ പരിശീലനം കഴിഞ്ഞുവന്നപ്പോഠം അദ്ദേഹത്തെ ഫുഠംടൈം ഡിറക്ടറായി നിയമിച്ചു. ജോർജ്ജച്ചൻ ഓഡിയോ വിഷ്വൽ സജ്ജീകരണങ്ങഠംക്കുടെ സംഘടിപ്പിച്ചുകൊണ്ടു് മതബോധനകേന്ദ്രത്തിൻെറ പ്രവൎത്തനങ്ങഠം കൂടുതൽ സജീവവും കാര്യക്ഷമവുമാക്കി. ചെറുപ്പക്കാരായ ഏതാനും വൈദികരേയും അൽമായരേയും മതബോധനവിഷയങ്ങളിൽ പ്രാവീണ്യം നേടുവാൻ വേണ്ടി ബാംഗ്ളൂരിലെ എൻ. ബി. സി. എൽ. സി. യിലും എറണാകുളത്തെ പി.ഒ.സി.യിലും വിട്ടു. അങ്ങനെ പാസ്സായി വന്ന ജോസഫ് മമ്പിള്ളിക്കുന്നേൽ, ആൻറണി കൊഴുവനാൽ, ജോർജ്ജ് പുളിസ്സേരിൽ എന്നീ വൈദികരേയും, മാത്യു ജെ. കൊച്ചുപറമ്പിൽ, ജോസ് കുട്ടിയാനി എന്നിവരേയും മതബോധനകേന്ദ്രത്തിൽ നിയമിച്ചു. രൂപതയിലെ മതബോധനവും സാന്മാൎഗ്ഗിക പുനൎജ്ജീവനപ്രവൎത്തനങ്ങളും നടത്തുവാൻ ബിഷപ്പ് ഈ കേന്ദ്രത്തെ ചുമതലപ്പെടുത്തി. മതബോധനകേന്ദ്രം സെമിനാറുകഠം, സ്റ്റഡിക്ലാസ്സുകഠം, ധ്യാനങ്ങഠം മുതലായവ നടത്തി ആളുകളെ കൂടുതൽ സാഹോദര്യത്തിലേയ്ക്കും ക്രൈസ്തവചൈതന്യത്തിലേയ്ക്കും കൊണ്ടുവരുവാനും നിലനിൎത്തുവാനും പരിശ്രമിക്കുന്നു. യുവജനങ്ങഠംക്കും സൺഡേസ്കൂഠം ഡിപ്ലോമ ലഭിച്ചവൎക്കും പ്രത്യേകം ക്ലാസ്സുകഠം കൊടുക്കുന്നു. ഇരുന്നൂറുപേരുവീതമുള്ള ഗ്രൂപ്പുകളായി തിരിച്ചു് കുടുംബനാഥന്മാൎക്കും കുടുംബനായികമാൎക്കുംവേണ്ടി ഓരോ ഇടവകയിലും ക്രിസ്തീയജീവിതനവീകരണസെമിനാറുകഠം ഇപ്പോഠം മതബോധനകേന്ദ്രത്തിൽനിന്നു നടത്തിവരുന്നുണ്ടു്. രണ്ടു മൂന്നുദിവസം അവർ ഒന്നിച്ചുകൂടി പഠിക്കുന്നു, പ്രാൎത്ഥിക്കുന്നു, ഭക്ഷിക്കുന്നു, ചർച്ചകഠം നടത്തുന്നു. ക്രൈസ്തവർ ആരാണെന്നും ക്രൈസ്തവസമൂഹം എന്താണെന്നും മനസ്സിലാക്കുന്നു. ദൈവവചനമായ ബൈബിളിലെ വാക്യങ്ങളുടെയും പ്രസ്താവനകളുടെയും ആശയം ശരിയാംവണ്ണം ഗ്രഹിക്കയും തദനുസരണം ജീവിക്കുവാൻ തീരുമാനിക്കുകയും ചെയ്യുന്നു. തത്ഫലമായി തങ്ങളുടെ പ്രവൎത്തനവും ജീവിതവും അന്യൎക്കു മാതൃകയാകണമെന്ന ബോദ്ധ്യം അവൎക്കുണ്ടാകുന്നു.

ആദിമനൂററാണ്ടിലെ ക്രിസ്തീയജീവിതത്തിൻെറ ഒരു പ്രതീതി ഈ ഇടവകസെമിനാറുകളിൽ അനുഭവപ്പെടുന്നു. ആദ്യം കുടും ബനാഥന്മാക്ക് മാത്രമേ സെമിനാറുകഠം സംഘടിപ്പിക്കപ്പെട്ടിരുന്നുള്ളൂ. എന്നാൽ ഈ സെമിനാറുകളുടെ വിജയം കുടുംബനായികമാർക്കുവേണ്ടിക്കൂടി സെമിനാറുകഠം നടത്തണമെന്ന് ആവശ്യപ്പെടുവാൻ കുടുംബനാഥന്മാരെ പ്രേരിപ്പിച്ചു. തത്ഫലമായാണ് കുടുംബനായികമാരുടെ സെമിനാറുകഠം ആരംഭിച്ചതു്. കുടുംബനായികമാക്ക് സെമിനാർ നടത്തുവാൻ സമത്ഥരായ എട്ടുപത്തു കന്യാസ്ത്രീകഠംക്കു മതബോധനകേന്ദ്രത്തിൽ വച്ച് പരിശീലനം കൊടുത്തു. അതുപോലെ ഏതാനും വൈദികക്കും പരിശീലനം കൊടുത്തു. ഇവരും സെമിനാറിനു് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നു.

മതാദ്ധ്യാപകരുടെ പരിശീലനാത്ഥം പല സെമിനാറുകളും നടത്തിക്കൊണ്ടിരിക്കുന്നു. ഓരോ മേഖലയിലുംവച്ച് അതാതുമേഖലയിലെ എല്ലാ അദ്ധ്യാപകരേയും ഉഠംപ്പെടുത്തിക്കൊണ്ടു നാലുദിവസത്തേയ്ക്കുള്ള സെമിനാർ നടത്തുന്നു. ബൈബിഠം, ലിററർജി, ബോധനരീതികഠം, മനഃശാസ്ത്രം, മുതലായ വിഷയങ്ങഠം ഈ സെമിനാറുകളിൽ കൈകാര്യം ചെയ്യുന്നു. ഇതുകൂടാതെ തിരഞ്ഞെടുക്കപ്പെട്ട അൻപതു മതാദ്ധ്യാപകക്ക് ഓരോ വർഷവും മതബോധനകേന്ദ്രത്തിൽവച്ച് പതിനഞ്ചുദിവസം ദീർഘിക്കുന്ന തീവ്രപരിശീലനകോഴ്സും നടത്തുന്നുണ്ടു്. ഓരോ വിഷയത്തിലും വിദഗ്ദ്ധരായ പണ്ഡിതന്മാർ ഇവക്ക് ക്ലാസ്സെടുക്കുന്നു.

കൂടാതെ ഇടവകക്കാരുടേയും മതാദ്ധ്യാപകരുടേയും വിവിധ കോഴ്സുകഠംക്കും സെമിനാറുകഠംക്കുമായി ഒരു സെൻറർ പണുതു സ്ഥലസൗകര്യങ്ങളുണ്ടാക്കുവാൻ തീരുമാനിക്കയും ചെയ്തിട്ടുണ്ടു്. പണികഠം നടന്നുവരുന്നു.

കുടിയേററക്കാരുടെ ക്രിസ്തീയവിശ്വാസവും ചൈതന്യവും നിലനിർത്തുവാനും ഊജ്ജസ്വലമാക്കുവാനും മിഷൻലീഗിൻെറ ശാഖകഠം മലബാറിലെ എല്ലാ ഇടവകകളിലുംതന്നെ സ്ഥാപിച്ചിട്ടുണ്ടു്. അതിലെ അംഗങ്ങഠം ഭൂരിപക്ഷവും സൺഡേസ്കൂഠം വിദ്യാത്ഥികളും അദ്ധ്യാപകരുമാണ്. ഭക്തകാര്യങ്ങളിൽ മാത്രമല്ല, സാഹിത്യം, സംഗീതം, പ്രസംഗം, അഭിനയം മുതലായ കലകളിലും സാമൂഹ്യസേവന പ്രവത്തനങ്ങളിലും ഈ സംഘടന അംഗങ്ങഠംക്കു പരിശീലനം നല്കിവരുന്നു.

ഈ സംഘടനയുടെ ഡിറക്ടറായിട്ട ഡോ. ജോർജ്ജ് വലിയ മററത്തെതന്നെയാണ നിയമിച്ചിരിക്കുന്നതു്. അംഗസംഖ്യ കൊണ്ടും പ്രവർത്തനകാര്യക്ഷമതകൊണ്ടും സംഘടനാബലം കൊണ്ടും മലബാറിലെ ഏററവും വലിയ സംഘടനയാണു് മിഷൻലീഗു്. ചില ശാഖകൾ സാധുക്കളുടെ വീട മേഞ്ഞു കൊടുക്കുകയും പുതിയ വീടുകൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ടു്. ഇതിനുള്ള പണം അംഗങ്ങൾ വീടുകൾ കേറിയിറങ്ങി സംഭാവന സ്വീകരിച്ചും കൃഷികൾ ചെയ്തും മററുമാണു് ഉണ്ടാക്കുന്നതു്. മലബാറിലെ ചില പ്രദേശങ്ങളിൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മൂലം വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടായപ്പോൾ ദുരിതബാധിതക്കുവേണ്ടി മിഷൻലീഗ് ചെയ്ത സേവനങ്ങൾ അവിസ്മരണീയങ്ങളാണു്.

കുടിയേററത്തിൻെറ പ്രാരംഭകാലങ്ങളിൽ നിരവധി രോഗികളും അവശരും പരസഹായം ലഭിക്കാതെ ചരമമടഞ്ഞിട്ടുണ്ടു്. ആദ്യകാലങ്ങളിൽ അയൽവാസികൾ ഉണ്ടായിരുന്നില്ല. വഴിയുണ്ടായിരുന്നില്ല. സഹായിക്കുവാൻ കഴിവുള്ളവരും കുറവായിരുന്നു. അക്കാലങ്ങളിൽ സേവനംമാത്രം ലക്ഷ്യമാക്കിയിരുന്ന സംഘടനയായ സെൻറ് വിൻസൻറ് ഡിപോൾ സഖ്യം പല സ്ഥലങ്ങളിലും സ്ഥാപിക്കുവാൻ വൈദികർ പരിശ്രമിച്ചു. എങ്കിലും ഈ ആഗ്രഹം ഫലമണിഞ്ഞതു് വളരെ താമസിച്ചാണു്. ഇപ്പോൾ എഴുപത്തഞ്ചുസ്ഥലങ്ങളിൽ ഈ സംഘടന സജീവമായി പ്രവത്തിക്കുന്നുണ്ടു്. പാലാ സെൻററൽ കൗൺസിലിൻെറ ആഭിമുഖ്യത്തിലാണു് മലബാറിലെ പ്രവർത്തനങ്ങൾ സംഘടിതമായി ആരംഭിച്ചതു്. പാലാ സെൻററൽകൗൺസിൽ പ്രസിഡൻറു് ബ്രദർ കെ. ജെ. അബ്രാഹം കള്ളുവേലിയും സെക്രട്ടറി ബ്രദർ കെ. ജെ. മാത്യു കാരക്കാട്ടുമാണു് ഇതിനുവേണ്ടി പരിശ്രമിച്ചതു്. ഇപ്പോൾ തലശ്ശേരിയിൽ കേന്ദ്രകമ്മററിയുണ്ടാക്കി ബോംബെയിലെ നാഷണൽ സെൻററുമായി, തലശ്ശേരിസെൻററിനെ ബന്ധിപ്പിച്ചിട്ടുണ്ടു്.

ഇവ കൂടാതെ, മാതൃസംഘം, സോഷ്യൽസർവീസ് സൊസൈററി, തുടങ്ങിയ സംഘടനകളും കുടിയേററക്കാരുടെ അഭ്യുന്നതിക്കായി വളരെയേറെ പ്രവത്തിച്ചുവരുന്നു.

# പുതിയ ആകാശം, പുതിയ ഭൂമി

എട്ടുകാലി പല പ്രാവശ്യം പരാജയപ്പെട്ടിട്ടും തൻെറ ഉദ്യമത്തിൽനിന്നു പിന്മാററാതെ വീണ്ടും വീണ്ടും ശ്രമിച്ച് വിജയം വരിച്ച കാഴ്ച റോബർട്ടുബ്രൂസിനു് ഉത്തേജനം നല്കി. അദ്ദേഹം തൻെറ തോൽവിയിൽ നിരാശപ്പെടാതെ വീണ്ടും യുദ്ധംചെയ്ത് പൂർണ്ണവിജയം നേടിയെന്നു നാം കേട്ടിട്ടുണ്ട്. അതുപോലെ കുടിയേററക്കാർക്ക് പലവിധത്തിലുള്ള പരാജയങ്ങളും സംഭവിച്ചു. എങ്കിലും അവർ നിരാശപ്പെട്ടില്ല. അവർ തുടർന്നു പൊരുതി. പലരും മരിച്ചുവീണു. നിരവധിപേർക്ക് പരുക്കേററു. അവർ കൂടുതൽ ഊർജ്ജിതമായി ഒന്നിച്ചു സമരം നടത്തി വിജയം കൈവരിച്ചു.

കുടിയേററക്കാർ തേനീച്ചകളെപ്പോലെ പണിയെടുത്തു. അർഹിച്ച പ്രോത്സാഹനവും സഹായവും സഹപൗരന്മാരിൽനിന്നോ സർക്കാരിൽനിന്നോ അവർക്ക് ലഭിച്ചില്ല. മറിച്ച് ചിററമ്മനയമായിരുന്നു അവരോടു പ്രയോഗിച്ചതു്. മുൻകേന്ദ്രമന്ത്രി ഏ. സി. ജോർജ്ജ് ഷീരാടിയിൽ (കർണ്ണാടക) വച്ചു പ്രസംഗിച്ചതുപോലെ, സ്റ്റേററുഗവണ്മെൻറുകളുടെ സഹായം ലഭിക്കാതിരുന്നിട്ടുപോലും ഇത്രമാത്രം ദേശവികസനപ്രവർത്തനങ്ങൾ നടത്തിയ കുടിയേററക്കാരെ എത്ര പ്രശംസിച്ചാലും അതു് അധികമായിപ്പോകയില്ല. പ്രതിബന്ധങ്ങളുടെ മദ്ധ്യേയും പ്രവർത്തനങ്ങൾ അവർ തുടർന്നു. എല്ലാ അറകളും—കോളനികളും—മധുകൊണ്ടു നിറച്ചു. അവ മധുരമയമാക്കി. ദുർഗമങ്ങളായി കരുതിയിരുന്ന മലമുകളിലും വാഹനങ്ങൾ എത്തി. ഗതാഗതം സുഗമമായി. എവിടെയും വിദ്യാലയങ്ങളും വിജ്ഞാനസമ്പാദന സൗകര്യങ്ങളുമുണ്ടായി. അജ്ഞാനാന്ധകാരം പോയിമറഞ്ഞു. ഭക്ഷ്യസാധനങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കപ്പെട്ടു. പട്ടിണി നീങ്ങി. നാണ്യവിളകൾ ഇൻഡ്യയുടെ ഡോളർ സമ്പത്തിനെ വർദ്ധിപ്പിച്ചു. ആശുപത്രികളും ആതുരാലയങ്ങളും

സ്ഥാപിക്കപ്പെട്ടു. വൈദ്യുതിയും തപാൽ, ഫോൺ, ടെല ഗ്രാം സൗകര്യങ്ങളും എല്ലാ കുടിയേററകേന്ദ്രങ്ങളിലുംതന്നെ എത്തിച്ചു. അങ്ങനെ അവർ കാടിനെ നാടാക്കി.

വിസ്മയാവഹമായ ഒരു മാററമാണ് അവർ മലബാറിനു കൈവരുത്തിയതു്. സാമൂഹികവും സാംസ്കാരികവും സാമ്പ ത്തികവുമായ രംഗങ്ങളിൽ ഒരു വിപ്ലവംതന്നെ അവർ സൃഷ്ടി ച്ചിരിക്കുന്നു. രണ്ടുമൂന്നു ദശകങ്ങൾകൊണ്ടു് ഇതെല്ലാം നേടി യെടുത്തു. നാലു ജില്ലകൾ ഉൾക്കൊള്ളുന്ന മലംപ്രദേശങ്ങൾക്കു വന്ന പരിവർത്തനം! ഒററയ്ക്കൊററയ്ക്കായി വന്നു താമസമാക്കിയ ഈ നിസ്സഹായമനുഷ്യർ യഥാർത്ഥത്തിൽ അത്ഭുതങ്ങളാണു് പ്രവർത്തിച്ചിരിക്കുന്നതു്. കാട്ടുമൃഗങ്ങളുടെയും മലമ്പനിയുടെയും വിഹാരരംഗങ്ങളായിരുന്ന ആ പ്രദേശങ്ങളെ കുടിയേററക്കാർ ശാസ്ത്രവിജ്ഞാനങ്ങളുടെയും സംസ്കാരത്തിൻെറയും കൃഷിത്തോട്ട ങ്ങളുടെയും ശ്രീകോവിലാക്കി മാററിയിരിക്കുന്നു. അങ്ങനെ മലബാറിൻെറ മുഖച്ഛായ മാററിക്കൊണ്ടു് അവിടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും വിരചിച്ചിരിക്കുന്നു.

## സ്വപ്നഭൂമിയിൽ

"......ഇതു് നോവലല്ല, കഥയല്ല, ചരിത്രസംഭവങ്ങളുടെ ഒരു സമാഹാരമാണ്. കുടിയേററത്തിന്റെ ആദ്യകാലങ്ങളിലെ തിക്താനുഭവങ്ങൾ. കഴിഞ്ഞ നാലഞ്ചു കൊല്ലക്കാലം മലബാറിന്റെ മലയോരങ്ങളിൽ പലപ്രാവശ്യം കയറിയിറങ്ങി ആദ്യകാല കുടിയേററക്കാരിൽനിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങൾ. നോവലിന്റെ ആസ്വാദ്യതയും യക്ഷിക്കഥകളുടെ അസംഭാവ്യതയും ആഖ്യായികയുടെ ഗാഭീര്യവും നിറഞ്ഞുനില്ക്കുന്ന സംഭവകഥകൾ. സപ്തതികഴിഞ്ഞിട്ടും യുവത്വം തുളുമ്പുന്ന ഗ്രന്ഥകാരന്റെ അദ്ധ്വാനശീലവും സൂക്ഷ്മബുദ്ധിയും വെളിവാക്കുന്ന ഒരു ശാശ്വതോപഹാരം......"

ഡോക്ടർ സെബാസ്റ്റ്യൻ
വള്ളോപ്പിള്ളി.

---

വില 12 രൂപ